# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 മാർച്ച് 18, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 187 - നമ്പർ 11

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 മാർച്ച് 18, വെള്ളി

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. പ്രത്യേക പരാമർശം**

**III. മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 166(1), 47(2) എന്നിവ പ്രകാരമുള്ള കടലാസുകൾ

**IV. റിപ്പോർട്ട് സമർപ്പണം**

**V. ധനകാര്യം**

വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

**VI. നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(2) 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

## VII. അവകാശലംഘന പ്രശ്നങ്ങളും പെരുമാറ്റ ചട്ടലംഘന പ്രശ്നങ്ങളും

(1) പരിഗണനയിലിരിക്കുന്നവ

(2) അനുമതി നിഷേധിച്ചവ

(3) അനുമതി നിഷേധിച്ച പെരുമാറ്റ ചട്ടലംഘന പ്രശ്നം

## VIII. പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

## IX. അവലോകനം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 മാർച്ച് 18, വെള്ളി

---

വാല്യം 187}  ഔദ്യോഗിക റിപ്പോർട്ട്  {നമ്പർ 11

---

നിയമസഭ 2022 മാർച്ച് മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ....ഓർഡർ.........ചോദ്യം നമ്പർ *211

(ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ സിൽവർ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ പോലീസ് അതിക്രമത്തിനെതിരെ പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽനിന്ന് ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം വിളിക്കാനാരംഭിച്ചു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ......, (ബഹളം)........ അംഗങ്ങൾ സീറ്റിലിരിക്കണം. ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. ദയവായി സീറ്റിലിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. നമ്മുടെ സഭയിലെ കീഴ്വഴക്കം അതല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചരിത്രത്തിൽ ഒരു കാലത്തുമില്ലാത്ത തരത്തിൽ ഒരു ജനകീയ സമരത്തെ പോലീസിനെക്കൊണ്ട് അടിച്ചമർത്താൻ ശ്രമിക്കുന്ന സർക്കാരിന്റെ നടപടിയിൽ പങ്കാളികളായിക്കൊണ്ട് സഭാനടപടികളുടെ ഭാഗമാകാൻ ഞങ്ങൾക്ക് കഴിയില്ല. ഇക്കാര്യത്തിൽ ഞങ്ങളുടെ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കുകയാണ്. പ്രതിപക്ഷം നിയമസഭയിൽ അതിശക്തമായി

പ്രതിഷേധം പ്രകടിപ്പിക്കണമെന്നാണ് കേരളത്തിലെ ജനങ്ങളാഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഞങ്ങൾ ഈ പ്രതിഷേധവുമായി മുന്നോട്ടുവരുന്നത്. ഞങ്ങൾ ഈ പ്രതിഷേധം തുടരുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനു മുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളുമുയർത്തി മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## പൈപ്പ് പൊട്ടൽമൂലമുള്ള ജലനഷ്ടം

1 (*211) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകിപ്പോകുന്ന സംഭവങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നതും വെട്ടിപ്പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി തീർക്കാത്തതുംമൂലം പൊതുജനങ്ങൾക്ക് ഗതാഗത പ്രശ്നമുണ്ടാകുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) സംസ്ഥാനത്ത് കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകിപ്പോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കേണ്ടിവന്നാൽ പൊതുജനങ്ങൾക്ക് ഗതാഗതപ്രശ്നം ഉണ്ടാകാതെ കരുതൽ നടപടികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദത്തോടുകൂടി റോഡ് മുറിച്ച് ലീക്ക് തീർക്കുകയും വെട്ടിപ്പൊളിച്ച ഭാഗം താൽക്കാലികമായി കോൺക്രീറ്റ്/ജി.എസ്.ബി. എന്നിവ ചെയ്ത് സഞ്ചാരയോഗ്യമാക്കുകയും ചെയ്യാറുണ്ട്. റോഡുകൾ അശാസ്ത്രീയമായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കി ആസ്ഫാൾട്ട് കട്ടർ പോലെയുള്ള യന്ത്രങ്ങൾ ഉപയോഗിച്ച് ടാർ കട്ട് ചെയ്യുകയും യഥാസമയം കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കുകയും ചെയ്യാൻ നിർദ്ദേശങ്ങൾ നല്കി നടപ്പിലാക്കിവരുന്നു. പി.ഡബ്ല്യു.ഡി, NHAI തുടങ്ങി മറ്റ് ഏജൻസികളുടെ അധീനതയിലുള്ള റോഡുകളിൽ അത്തരം ഏജൻസികളുടെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസംമൂലം അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കാൻ സാധിക്കാതെ

വരാറുണ്ട്. ഈ നടപടിക്രമത്തിൽ സ്വാഭാവികമായി വന്നിരുന്ന കാലതാമസം ഒഴിവാക്കാൻ വേണ്ടി 24/02/2022-ലെ GO(MS) No. 8/2022/PWD പ്രകാരം പൈപ്പുകൾ പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലനിധി നടപ്പിലാക്കുന്ന പദ്ധതികളുടെയും അവയുടെ സ്രോതസ്സുകളുടെയും തുടർസംരക്ഷണവും പരിപാലനവും ഗുണഭോക്തൃസമിതികളിൽ നിക്ഷിപ്തമായതിനാൽ ടി പദ്ധതിയിലുണ്ടാകുന്ന പൈപ്പ് പൊട്ടലും മറ്റ് അറ്റകുറ്റപ്പണികളും ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ അതാത് ഗുണഭോക്തൃസമിതികൾ തന്നെ ചെയ്തുതീർക്കുന്നുണ്ട്.

<u>മി. സ്പീക്കർ:</u> സഭയിൽ ബാനറുകളും പ്ലക്കാർഡുകളും പ്രദർശിപ്പിക്കുന്നത് ചട്ടവിരുദ്ധമാണ്. പ്രതിപക്ഷാംഗങ്ങൾ സ്വന്തം സീറ്റുകളിലേയ്ക്ക് മടങ്ങണം. ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന കീഴ്വഴക്കം സഭയ്ക്കില്ല. ദയവായി ആ കീഴ്വഴക്കം ലംഘിക്കരുത്. സ്വന്തം സീറ്റുകളിലേയ്ക്ക് മടങ്ങണം.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടില്ല)

## മത്സ്യ മേഖലയിലെ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

2 (*212) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന, വിപണന രംഗത്തെ ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് മത്സ്യ മേഖലയിലെ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ പരിപാടിയുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും മികച്ച പിന്തുണയോടെയുള്ള പ്രവർത്തന മികവുകൊണ്ട് മത്സ്യഫെഡിന് രാജ്യത്തെ ഏറ്റവും മികച്ച മത്സ്യ സഹകരണ ഫെഡറേഷൻ ആയി മാറാൻ കഴിഞ്ഞിട്ടുണ്ടോ; മത്സ്യ വിപണനത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും മത്സ്യഫെഡ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ആധുനിക രീതിയിലുള്ള മത്സ്യ സ്റ്റാളുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) മത്സ്യ മാർക്കറ്റുകളുടെ ആധുനികീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കഴിഞ്ഞ സഭയുടെ അവസാനഘട്ടത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെപ്പറ്റിയുള്ള ചോദ്യങ്ങൾ ചോദിച്ചപ്പോഴും ഇപ്പോഴും പ്രതിപക്ഷം ബോധപൂർവ്വമായി പ്രതിഷേധം സംഘടിപ്പിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹവും അപലപനീയവുമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചങ്ങനാശ്ശേരിയിൽ നടന്നതൊന്നും മനസ്സിലാക്കാതെ വെറുതെ ബോധപൂർവ്വം പ്രശ്നം സൃഷ്ടിക്കുകയാണ്.

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും മത്സ്യഫെഡ് മുഖാന്തരം തീരദേശ ലേല സമ്പ്രദായം നടപ്പിലാക്കി വരുന്നു. തീരദേശ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ച് അവ ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്തുവരുന്നു.

ഇടനിലക്കാരുടെ ചൂഷണം ഒരു പരിധിവരെ അവസാനിപ്പിക്കുന്നതിനും മത്സ്യമേഖലയിലെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ സംഘങ്ങളെ ലേലത്തിൽ പങ്കെടുപ്പിച്ച് സംഘങ്ങൾക്ക് മത്സ്യം സംഭരിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും മികച്ച പിന്തുണയോടെയുള്ള പ്രവർത്തന മികവുകൊണ്ട് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻ.എഫ്.ഡി.ബി.) നൽകുന്ന രാജ്യത്തെ ഏറ്റവും മികച്ച കടലോര അർദ്ധ സർക്കാർ സ്ഥാപനത്തിനുള്ള (Best Marine Quasi Government Organisation/Federation) ദേശീയ പുരസ്കാരം മത്സ്യഫെഡിന് ലഭിച്ചു. മത്സ്യ വിപണനത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനുമായി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ സംവിധാനത്തോടുകൂടിയ 50 ഫിഷ്മാർട്ടുകളും സഹകരണ സംഘങ്ങൾ/ബാങ്കുകളുമായി സഹകരിച്ച് 59 ഫ്രാഞ്ചൈസി മാർട്ടുകളും 10 അന്തിപ്പച്ച മൊബൈൽ മാർട്ടുകളും മത്സ്യഫെഡ് മുഖേന പ്രവർത്തിക്കുന്നുണ്ട്. ഫിഷ്മാർട്ടുകളിലേയ്ക്ക് മത്സ്യം ബേസ് സ്റ്റേഷനുകളിൽനിന്നാണ് വിതരണം ചെയ്യുന്നത്. കൂടുതൽ മാർട്ടുകൾ

ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മത്സ്യസംഭരണം ശക്തിപ്പെടുത്തുന്നതിന് മത്സ്യഫെഡിന്റെ കീഴിൽ 9 സംഭരണ കേന്ദ്രങ്ങൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൊച്ചിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ മത്സ്യം സംഭരിക്കുകയും അവ ശീതീകരിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്തുവരുന്നു. വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ), കട്‌ലറ്റ്, പീര എന്നീ വിവിധ ഉൽപന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ റെഡി ടു ഈറ്റ് & റെഡി ടു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ഫിഷ്‌മാർട്ടുകൾ വഴി വിപണനം ചെയ്തുവരുന്നു.

(സി) കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ്ബൂത്ത് ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ 52 നിയോജകമണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ്‌മാർട്ടും സഹകരണ വകുപ്പുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ്‌മാർട്ടും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഫിഷ്‌മാർട്ടുകളില്ലാത്ത 88 നിയോജക മണ്ഡലങ്ങളിൽ ഈ ഗവൺമെന്റിന്റെ കാലത്ത് ഫിഷ്‌മാർട്ടുകൾ ആരംഭിക്കും.

(ഡി) സംസ്ഥാനത്തൊട്ടാകെ ആധുനികവും ശുചിത്വപൂർണ്ണവുമായ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടുകൂടിയ വിപണന സ്റ്റാളുകൾ, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവയും ഓരോ മാർക്കറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാന മാർക്കറ്റുകളിൽ കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സൗകര്യം സ്ഥലലഭ്യത അനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലെറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ തെരെഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 120.57 കോടി രൂപ ഈ ഗവൺമെന്റിന്റെ കാലത്ത് ചെലവാക്കിക്കൊണ്ടിരിക്കുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നാഷണൽ ഫിഷറീസ് ഡെവലപ്‌മെന്റ്

ബോർഡിന്റെ ധനസഹായത്തോടെയും കേന്ദ്രസർക്കാർ പദ്ധതികളിലൂടെയും സംസ്ഥാനത്ത് 39 ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുകയും 38 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ കൊല്ലം ജില്ലയിൽ മയ്യനാട്, കരിക്കോട് എന്നീ മത്സ്യമാർക്കറ്റുകൾ ബ്ലൂ റെവല്യൂഷൻ 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു. മത്സ്യഫെഡ് വഴി ആലപ്പുഴ ജില്ലയിലെ അരൂർ, കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ എന്നീ മത്സ്യമാർക്കറ്റുകൾ സർക്കാർ ധനസഹായത്തോടുകൂടി നവീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. രണ്ടാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ മത്സ്യമേഖലയിൽ എല്ലാ അടിസ്ഥാനപരമായ സൗകര്യങ്ങളും നമ്മളൊരുക്കും എന്ന് ഞാൻ സഭയ്ക്ക് ഉറപ്പുതരികയാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, മത്സ്യബന്ധന മേഖലയിൽ നിരവധി പ്രതിസന്ധികളാണുള്ളത്. പ്രത്യേകിച്ചും അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും അന്തരീക്ഷ മലിനീകരണത്തിന്റെയും ആഗോളതാപനത്തിന്റെയും ഫലമായി മത്സ്യലഭ്യതയിൽ വലിയ കുറവുണ്ടായിട്ടുണ്ട്. 2017-ലുണ്ടായ ഓഖി, പ്രളയം, കോവിഡ്-19 തുടങ്ങിയ നിരവധി പ്രതിസന്ധികളാണ് മത്സ്യമേഖലയിലുള്ളത്. ഈ

സാഹചര്യത്തിൽ സർക്കാർ നിരവധി സേവന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയെയും വകുപ്പിനെയും മുക്തകണ്ഠമായി അഭിനന്ദിക്കുകയാണ്. ഈ സാഹചര്യത്തിൽ മത്സ്യഫെഡ് നൽകിയിട്ടുള്ള വായ്പയുടെ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് പലിശയിലും പിഴപ്പലിശയിലും കുറവ് വരുത്തിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും സഹായങ്ങളുണ്ടാകുമോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മത്സ്യത്തൊഴിലാളികളുടെ വായ്പാ കുടിശ്ശികത്തുകയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയും ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നിലവിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എത്രയും വേഗം ഭരണാനുമതി ലഭ്യമാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മത്സ്യമേഖലയിൽ നടപ്പാക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, മത്സ്യഫെഡ്, സാഫ്, തീരദേശവികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾവഴി നിരവധി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സർക്കാർ വിപണിയിലിറക്കുന്നുണ്ട്. എന്നാൽ ഇതിന്റെ വിപണി സാദ്ധ്യത ഉയർത്താനും സ്വീകാര്യത ലഭിക്കാനുമായി എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യഫെഡ്, സാഫ്, തീരദേശവികസന കോർപ്പറേഷൻ എന്നിവ മുഖേന മത്സ്യ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും മത്സ്യേതര ഉൽപ്പന്നങ്ങളും തയ്യാറാക്കി വിപണനം നടത്തിവരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഉന്നതനിലവാരം പുലർത്തുന്ന ഈ ഉൽപ്പന്നങ്ങൾക്കാവശ്യമായ പരസ്യം ലഭിക്കാത്തതിനാൽ ഉപഭോക്താക്കളുടെ സ്വീകാര്യത വേണ്ടത്ര ഉണ്ടായിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് എല്ലാ ഉൽപ്പന്നങ്ങളും ഒരു ബ്രാൻഡിൽ മാർക്കറ്റ് ചെയ്യാൻ കഴിയുംവിധം മേൽ സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ഓൺലൈൻ മാർക്കറ്റിംഗ് രീതിയും അവലംബിക്കുന്നതാണ്. ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒരു ലക്ഷം യൂണിറ്റുകളിൽ നല്ലൊരു ശതമാനം യൂണിറ്റുകൾ മത്സ്യമേഖലയിൽ ആരംഭിച്ച് മാർക്കറ്റ് ചെയ്യാനുള്ള വിപുലമായ സംവിധാനവും

ഒരുക്കിക്കഴിഞ്ഞുവെന്ന കാര്യവും സഭയെ അറിയിക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, സമൂഹത്തിലെ അടിസ്ഥാന വർഗ്ഗത്തിന്റെ വിഷയം എന്നെല്ലാം സഭാതലത്തിൽ വന്നിട്ടുണ്ടോ അന്നെല്ലാം വലിയ രീതിയിൽ യു.ഡി.എഫ്. ബഹളമുണ്ടാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ സമൂഹത്തിലെ അടിസ്ഥാനവർഗ്ഗത്തെ യു.ഡി.എഫ്.-ന് ഇഷ്ടമില്ലെന്നാണ് ഇതിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. (...ബഹളം...) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നാളിതുവരെ എത്ര രൂപ കടാശ്വാസമായി അനുവദിച്ചിട്ടുണ്ട്?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയുടെ പ്രധാനകാരണം അവരുടെ കടബാദ്ധ്യതയായിരുന്നു. ഇത് തിരിച്ചറിഞ്ഞാണ് 2006-11 കാലത്തെ ഇടതുസർക്കാർ മത്സ്യത്തൊഴിലാളികളുടെ കടബാധ്യതകൾ പരിഹരിക്കുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുമായി 2008-ൽ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം നടപ്പിലാക്കിയത്. പ്രസ്തുത നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ

22-01-2009 മുതൽ പ്രവർത്തനമാരംഭിച്ചു. കടബാദ്ധ്യതയാൽ കഷ്ടതയനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ ആക്ട് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ, അർഹതയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാൻ സിറ്റിംഗുകളും തെളിവെടുപ്പുകളും നടത്തി ആവശ്യമായ ശിപാർശ ചെയ്യുക എന്നതായിരുന്നു കമ്മിഷന്റെ ലക്ഷ്യം. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്തതും കുടിശ്ശികയായതുമായ വായ്പകൾ സംബന്ധിച്ച 131372 അപേക്ഷകളാണ് നാളിതുവരെ കമ്മിഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. കമ്മിഷൻ നിലവിൽവന്ന ആദ്യവർഷം ഹഡ്കോയിൽനിന്നും ഭവനനിർമ്മാണത്തിനുവേണ്ടി എടുത്ത വായ്പയിൽ കുടിശ്ശിക വരുത്തിയ 9891 മത്സ്യത്തൊഴിലാളികളുടെ 11,82,60,000/- രൂപയുടെ വായ്പകളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽനിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി 46804 മത്സ്യത്തൊഴിലാളികൾക്ക് വായ്പാ കുടിശ്ശികയായ 109,47,89,291 രൂപയുടെ വായ്പകളും സർക്കാർ ഏറ്റെടുത്ത്, പ്രസ്തുത മത്സ്യത്തൊഴിലാളികളെയും സഹകരണസംഘങ്ങളെയും കടബാദ്ധ്യതയിൽനിന്നും മോചിപ്പിച്ചു. 2007 ഡിസംബർ 31 വരെ മത്സ്യത്തൊഴിലാളികളെടുത്ത വായ്പകളിൽ കടാശ്വാസം

അനുവദിക്കുന്നതിനാണ് നിയമത്തിലും ചട്ടത്തിലും വ്യവസ്ഥയുണ്ടായിരുന്നത്. 2019-ൽ ഈ കാലാവധി 2008 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്. കടാശ്വാസമായി വായ്പയിന്മേൽ മുതലിനത്തിൽ പരമാവധി 75,000/- രൂപയും പലിശയുടെ 25 ശതമാനം തുകയുമാണ് അനുവദിച്ചുപോന്നിരുന്നത്. എന്നാൽ 2019-20 വർഷം മുതൽ വായ്പത്തുകയുടെ ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക ഒരുലക്ഷം രൂപയായി ഉയർത്തി. ലഭ്യമായ അപേക്ഷകളിൽ അർഹരായവർക്കെല്ലാം ഇതിനകം കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. നാളിതുവരെ 200.42 കോടി രൂപ കടാശ്വാസമായി മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തു. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ആവശ്യമായ തെളിവെടുപ്പ് നടത്തി ദുരിതബാധിത പ്രദേശങ്ങൾ പ്രഖ്യാപിക്കുക, ദുരിതബാധിത പ്രദേശത്തോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നഷ്ടമോ കേടുപാടുകളോ തീർക്കാനാവാത്തവിധം നാശമുണ്ടാവുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മിഷന് റിപ്പോർട്ട് ചെയ്യുന്നപക്ഷം വായ്പാ തിരിച്ചടവ്

സംബന്ധിച്ച് കടാശ്വാസത്തിന്റെ പരിധി കാലകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കുറയാതെ ഏറ്റെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക എന്നിവയാണ് ഭാവിവർഷങ്ങളിൽ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും നിർവ്വഹിക്കേണ്ടത്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയുള്ള ഭരണമായിരിക്കും ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കാൻ പോകുന്നത്.

ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഇന്നലെ 19 രൂപയാണ് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് കേന്ദ്രസർക്കാർ കൂട്ടിയിരിക്കുന്നത്. അതേക്കുറിച്ച് ഒരുവരിപോലും പറയാനോ പ്രതിഷേധിക്കാനോ പ്രതിപക്ഷം തയ്യാറാകുന്നില്ല. സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ ജീവിതം ഏറ്റവും ദുഷ്കരമാക്കുന്ന നയവുമായി മുന്നോട്ടുപോകുന്ന കേന്ദ്രഗവൺമെന്റിനെതിരെ ഒരക്ഷരം പറയാതെ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താനാണ് അവരിപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്തിക്കൊണ്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫിഷ് മാർട്ടുകളെ കൂടുതൽ സജീവമാക്കുന്നതിന്

എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും അതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണെന്നുമുള്ളത് ഈ സഭയെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യഫെഡ് നേരിട്ട് നടത്തുന്ന മാർട്ടുകൾ സംബന്ധിച്ച് വിശദമായി ആദ്യം പറഞ്ഞു. എല്ലാ മാർട്ടുകളും ലാഭകരമായാണ് പ്രവർത്തിക്കുന്നത്. സഹകരണ സംഘങ്ങൾ വഴി പ്രവർത്തിക്കുന്ന ഫിഷ് മാർട്ടുകൾ വിജയകരമായി നടത്തുന്നതിനുള്ള പ്രൊഫഷണൽ സമീപനം നിലവിൽ സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പ്രകാരം മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ ആരംഭിക്കുക എന്നതാണ് ലക്ഷ്യം. ആവശ്യത്തിന് പച്ചമത്സ്യം യഥാസമയം മാർട്ടിൽ എത്തിക്കുന്നതിന് നിലവിലുണ്ടായിരുന്ന ഒരു ഷിഫ്റ്റിനുപകരമായി രണ്ട് ഷിഫ്റ്റുകൾ ഏർപ്പാടാക്കി രാവിലെ 4 മണിമുതൽ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ മാർട്ട് മുഖേന മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് അനുമതി നൽകി നടപ്പാക്കിവരുന്നു. നല്ല രീതിയിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. എല്ലാ മണ്ഡലങ്ങളിലും ആരംഭിക്കുമെന്ന്

ഉറപ്പുതരുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, അംഗങ്ങളുടെ അവകാശത്തെക്കുറിച്ച് എപ്പോഴും പറയുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ദുഃഖകരമായിട്ടുള്ളൊരു കാര്യമാണ്. അതിൽ ഞങ്ങൾ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

മത്സ്യഫെഡ്ഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന എത്ര സംഘങ്ങൾ നിലവിൽ മത്സ്യലേലത്തിൽ പങ്കാളികളാകുന്നുണ്ട്; അതോടൊപ്പം യുവജനസംഘങ്ങളെ ഇത്തരം കാര്യങ്ങളിൽ ഇടപെടുത്താൻ സർക്കാരിന് പദ്ധതിയുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്താനുള്ള പരിശ്രമത്തിൽ ഗവൺമെന്റ് ഏർപ്പെട്ടിട്ടുണ്ട്. ഏതാണ്ട് എണ്ണൂറോളം സഹകരണ സംഘങ്ങളിൽ, പകുതിയിൽ കൂടുതൽ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന വസ്തുതയുണ്ട്. പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളാണ് മത്സ്യഫെഡ്ഡിൽ അഫിലിയേറ്റ് ചെയ്തുപ്രവർത്തിക്കുന്നത്. ഇതിൽ 230 സംഘങ്ങൾ മാത്രമാണ് മത്സ്യത്തൊഴിലാളികളിൽനിന്നും ലേലത്തിലൂടെ മത്സ്യം സ്വീകരിക്കുന്നത്. ഇവയെല്ലാം ഒരുവിധം

നല്ലരീതിയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ്. ഇതിൽ ഞാറയ്ക്കൽ-നായരമ്പലം, വാടി എന്നിവ പ്രവർത്തന മികവ് കാണിക്കുന്നവയാണ്. കൂടുതൽ സംഘങ്ങളെ മത്സ്യലേലത്തിൽ പങ്കാളികളാക്കുന്നതിനും മത്സ്യം ശേഖരിച്ച് വിപണനം നടത്തുന്നതിനുമാവശ്യമായ ചിൽഡ് റൂം, ഇൻസുലേറ്റഡ് ബോക്സ് എന്നിവ ഏർപ്പാടാക്കുന്നതിനും ആവശ്യമായ മൂലധനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ക്ലാസിഫിക്കേഷൻ നടത്തി എല്ലാ സംഘങ്ങളിലും പെയ്ഡ് സെക്രട്ടറിമാരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഞാറയ്ക്കൽ-നായരമ്പലം സംഘത്തിന്റെ പ്രവർത്തനം മാതൃകയാക്കി കേരളത്തിലെ മുഴുവൻ മത്സ്യസംഘങ്ങളെയും ഈ ഗവണ്മെന്റിന്റെ കാലത്ത് ശാക്തീകരിക്കും. അതുവഴി കേരളത്തിന്റെ മത്സ്യ വിപണന മേഖലയിൽ നല്ല രീതിയിലുള്ള ഇടപെടലുകൾ നടത്തുമെന്നുകൂടി പറയുകയാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, മത്സ്യത്തിൽ മായം ചേർത്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സ്ട്രിപ്പുകൾ വിപണിയിൽ ലഭ്യമാണോ; ഇത് വ്യാപകമായി ലഭ്യമായാൽ പഴകിയ മത്സ്യം വിറ്റഴിക്കുന്നത് തടയാനാകില്ലേ?

ശ്രീ. സജി ചെറിയാൻ: സർ, ഇക്കാര്യത്തിൽ മത്സ്യബന്ധന വകുപ്പ് മാത്രം സജ്ജമായാൽ പോരാ. സർക്കാരിന്റെ മറ്റുചില സംവിധാനങ്ങളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, ഭക്ഷ്യ-ഫിഷറീസ് വകുപ്പുകൾ തുടങ്ങിയവയും യോജിച്ചുകൊണ്ട് മത്സ്യത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽനിന്നും വിഷലിപ്തമായ മത്സ്യം വരുമ്പോൾ അത് പിടിച്ചെടുക്കാനുള്ള നടപടി കൂടുതൽ ശക്തിപ്പെടുത്താനുള്ള സമീപനമാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ക്രിയാത്മക പ്രതിപക്ഷമാകുമെന്ന് പറഞ്ഞ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന ചോദ്യോത്തരവേളപോലും തടസ്സപ്പെടുത്തുന്നത് ദൗർഭാഗ്യകരമാണ്. അണക്കെട്ടുകളിൽ ആരംഭിച്ചിട്ടുള്ള കൂട് മത്സ്യകൃഷി ശ്രദ്ധേയമാണ്. എന്റെ മണ്ഡലത്തിലെ ഗവി, കക്കി അണക്കെട്ടുകളിൽ ആരംഭിച്ചിട്ടുള്ള കൂട് മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന് ഗവണ്മെന്റ് ഇടപെടുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുക എന്നതാണ് ഗവണ്മെന്റിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം. അതിന്റെ

ഭാഗമായി പാടശേഖരങ്ങളിൽ വ്യാപകമായി 'ഒരു നെല്ലും ഒരു മീനും പദ്ധതി' വ്യാപിപ്പിച്ചിട്ടുണ്ട്. അതുപോലെ ബയോഫ്ലോക് യൂണിറ്റുകൾ പല രൂപത്തിൽ എല്ലായിടത്തും നടപ്പാക്കിവരുന്നു. ഇപ്പോൾ ധാരാളം റിസർവോയറുകളിൽ ഫലപ്രദമായി കൂട് കൃഷി ആരംഭിച്ചു. വനം, ഊർജ്ജ വകുപ്പുകളുമായി ചർച്ച ചെയ്ത് കൂടുതൽ റിസർവോയറുകളിൽ കൂട് മത്സ്യകൃഷി വ്യാപിപ്പിക്കാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിച്ചുവരുന്നുണ്ട്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സാധാരണ വാക്കൗട്ട് പ്രസംഗങ്ങൾ നടത്താറുണ്ട്. പക്ഷേ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു പ്രതിപക്ഷനേതാവ് സഭയിൽ ചോദ്യോത്തരവേള ബഹിഷ്കരിക്കുന്നതിന് ആഹ്വാനം ചെയ്യുന്ന പ്രസംഗം നടത്തിയിട്ടുള്ളത്. അത് സഭാരേഖകളിൽനിന്നും നീക്കംചെയ്യണം (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സ്വന്തം സീറ്റുകളിൽ ഇരിക്കു. അതാണ് സഭയിലെ കീഴ്‌വഴക്കം. ഇക്കാര്യം നേരത്തെയും വ്യക്തമാക്കിയിട്ടുള്ളതാണ്. അംഗങ്ങൾ ദയവായി സീറ്റുകളിൽ ഇരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ സഭയിലെ ചരിത്രം ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എന്ത് ചരിത്രം പരിശോധിച്ചിട്ടാണ് ഇങ്ങനെയൊരു പരാമർശം

നടത്തിയത്? വളരെ പ്രധാനപ്പെട്ട സംഭവങ്ങൾ ഉണ്ടാകുമ്പോൾ ഏതെല്ലാം പ്രതിപക്ഷ നേതാക്കന്മാരാണ് ചോദ്യോത്തര വേളയിൽ പങ്കെടുക്കാതെ പ്രതിഷേധം പ്രകടിപ്പിച്ചിരിക്കുന്നതെന്ന് ഈ നിയമസഭയിലെ രേഖകൾ പരിശോധിച്ചാൽ അദ്ദേഹത്തിന് കൃത്യമായി മനസ്സിലാകും. ഞാനിരിക്കുന്ന ഈ സീറ്റിലിരുന്ന എല്ലാ പ്രതിപക്ഷ നേതാക്കന്മാരും ഇത്തരത്തിൽ അവരുടെ പ്രതിഷേധം പ്രകടിപ്പിച്ചിട്ടുണ്ട്. അങ്ങ് ദയവുചെയ്ത് കേരളത്തിലെ നിയമസഭാ രേഖകൾ പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. (...ബഹളം...)

ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്നത് ഗുരുതരമായൊരു വിഷയമാണ്. കേരളത്തിൽ എല്ലായിടത്തും ഒരു ജനകീയ സമരം നടക്കുകയാണ്. ഗവൺമെന്റ് ആ സമരത്തെ അടിച്ചമർത്താൻ ശ്രമിക്കുന്നു. ഇതൊരു സ്ത്രീ വിരുദ്ധ സർക്കാരാണ്. സ്ത്രീകളോടും കുട്ടികളോടും നീതി കാണിക്കാതിരിക്കുന്നത് തുടർച്ചയാകുന്നു. ഇതിന് മുമ്പുള്ളൊരു ദിവസം ഒരു പെൺകുട്ടിയെ ക്രൂരമായി മർദ്ദിച്ച് അവശയാക്കിയ ആളുകൾ ഇപ്പോൾ സുഖവാസത്തിലാണ്. (...ബഹളം...)

മി. സ്പീക്കർ: അങ്ങ് ദയവായി ഇരിക്കൂ. ചോദ്യോത്തരവേളയ്ക്കുശേഷം ഇക്കാര്യം സംബന്ധിച്ച് സംസാരിക്കാവുന്നതാണ്. (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, ഇങ്ങനെയൊക്കെ ബഹളമുണ്ടാക്കി ഭീഷണിപ്പെടുത്തിയാലോ ഈ ആൾക്കൂട്ടത്തിന്റെ ഭീഷണിക്ക് മുമ്പിലോ ഞങ്ങളാരും വഴങ്ങില്ല.

മി. സ്പീക്കർ: ചോദ്യോത്തരവേള മുന്നോട്ട് കൊണ്ടുപോകാൻ സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, അവരോട് ഇരിക്കാൻ പറയൂ. (...ബഹളം...)

മി. സ്പീക്കർ: ഇരുകൂട്ടരും ഇരിക്കണം. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും അവരവരുടെ സീറ്റിൽ ഇരിക്കൂ. (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കാനുള്ള സ്ഥലമാണ് നിയമസഭ. അതിനുള്ള അവകാശം ഞങ്ങൾക്കുണ്ട്.

മി. സ്പീക്കർ: പ്രതിപക്ഷത്തുനിന്ന് പ്രകോപനം ഉണ്ടാക്കുന്നു. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങ് ദയവായി സീറ്റിൽ ഇരിക്കൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ അനുവദിച്ചിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ

സംസാരിച്ചുകൊണ്ടിരിക്കുകയല്ലേ? (...മൈക്ക് ഓഫ്...)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചോദ്യോത്തരവേള ഗവണ്മെന്റിനെ ആക്ഷേപിക്കാനുള്ള അവസരമാക്കി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മാറ്റുകയാണ്. സാധാരണഗതിയിൽ ചോദ്യോത്തരവേള എന്നത് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരമാണ്. ഗവണ്മെന്റിന് മറുപടി പറയാനും കഴിയും. ഇവിടെ ആ സന്ദർഭം അദ്ദേഹം ബോധപൂർവ്വം ഒഴിവാക്കുകയാണ്. പ്രതിപക്ഷത്തിന് വസ്തുതകൾ ഉന്നയിക്കലല്ല, അപവാദങ്ങൾ പ്രചരിപ്പിക്കുകയാണ് വേണ്ടത്. കെട്ടിച്ചമച്ച കാര്യങ്ങൾ ഉന്നയിക്കാനാണ് അദ്ദേഹത്തിന് താൽപ്പര്യം. അതിനാൽ ചോദ്യോത്തരവേള ഭംഗിയായി നടത്താൻ കഴിയുന്നില്ലെങ്കിൽ അങ്ങ് അങ്ങയുടേതായ അധികാരം ഉപയോഗിക്കാൻ തയ്യാറാകണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ അനുവാദമില്ലാതെ അങ്ങ് മൈക്ക് ഓഫ് ചെയ്തത് അനൗചിത്യമാണെന്ന് ഞാൻ പറയുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭാ നേതാവാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സർക്കാരിന്റെ സ്ത്രീ വിരുദ്ധ നടപടിയിൽ അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ ഈ സഭാനടപടികൾ

ബഹിഷ്കരിക്കുകയാണ്.

(...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ എല്ലാവരും സീറ്റുകളിൽ ഇരിക്കണം. വാക്കൗട്ടാണെങ്കിൽ വാക്കൗട്ട്. വാക്കൗട്ട് പ്രഖ്യാപിച്ചിട്ട് ഇങ്ങനെ പെരുമാറുന്നത് ശരിയല്ല. (...ബഹളം...) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രഖ്യാപിച്ചതാണ്. ഇത് ന്യായമായ രീതിയല്ല. സഭയിൽ ബോധപൂർവ്വം പ്രകോപനം സൃഷ്ടിക്കരുത്. വാക്കൗട്ട് പ്രഖ്യാപിച്ചതിനുശേഷം ബോധപൂർവ്വം പ്രകോപനം സൃഷ്ടിക്കാൻ തിരിച്ചുവരരുത്. ....(ബഹളം)... സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ചു. സഭ രാവിലെ 9.26-ന് നിർത്തിവച്ചു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മത്സ്യത്തൊഴിലാളി ക്ഷേമം

**3(*213)** ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ ഉല്പന്നത്തിന് വില നിശ്ചയിക്കുന്നതിനുള്ള അവകാശം നൽകുന്ന നിയമം ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും ഒരു പരിധി വരെ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ പ്രയോജനപ്രദമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) മത്സ്യബന്ധനത്തിലേർപ്പെടുന്നവരിൽ ഇരുപത് ശതമാനത്തോളം ആളുകൾക്ക് മാത്രമേ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥതയുള്ളൂ എന്ന പ്രശ്നം അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നതിനാൽ അത് പരിഹരിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

മത്സ്യബന്ധനത്തിലേർപ്പെടുന്നവരെ മത്സ്യബന്ധനയാനങ്ങളുടെ ഉടമസ്ഥരാക്കുക എന്നതാണ് സർക്കാരിന്റെ ആത്യന്തിക ലക്ഷ്യം. ഇതിനായി തീരദേശത്തെ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് യാനങ്ങൾ സ്വന്തമാക്കുന്നതിന് ആവശ്യമായ തുക പലിശരഹിത വായ്പയായി അനുവദിച്ചുവരുന്നു. എൻ.സി.ഡി.സി.-യിൽനിന്നും അനുവദിക്കുന്ന വായ്പാ ധനസഹായമാണ്

മത്സ്യഫെഡ് മുഖേന പ്രാഥമിക മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നത്. ഈ തുകയുടെ പലിശ മുഴുവൻ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2021-22 വർഷം ഇതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓഖിയിൽ യാനങ്ങൾ നഷ്ടപ്പെട്ടതുമൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പുനരധിവാസം ഉറപ്പാക്കുന്ന പദ്ധതി പ്രകാരം 120 ഗ്രൂപ്പുകൾക്ക് സൗജന്യമായും കൂടാതെ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ 300 ഗ്രൂപ്പുകൾക്കും മത്സ്യബന്ധനയാനവും എഞ്ചിനുമടങ്ങുന്ന യൂണിറ്റുകൾ അനുവദിച്ചുവരുന്നു. ഇതിനു പുറമേ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിപ്രകാരം 10 പേരടങ്ങുന്ന 10 ഗ്രൂപ്പുകൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കുന്നതാണ്. കൂടാതെ മത്സ്യത്തൊഴിലാളികൾ സ്വായത്തമാക്കുന്ന 10 HP വരെയുള്ള എഞ്ചിനുകൾക്ക് പരമാവധി 30,000/-രൂപയും വലയ്ക്ക് പരമാവധി 10,000/- രൂപയും സബ്സിഡിയായി മത്സ്യഫെഡ് മുഖേനയും

വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും അനുവദിച്ചുവരുന്നു.

(സി) തൊഴിൽ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്നവർക്ക് അവ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

2018 മുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. 2018-ൽ യാനങ്ങൾക്ക് മാത്രമായിരുന്നു ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നത്. എന്നാൽ 2019 മുതൽ യാനവും എൻജിനും ഇൻഷ്വറൻസ് പരിരക്ഷയുടെ കീഴിൽ കൊണ്ടുവന്നു. പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. 2018-19-ൽ 647, 2019-20-ൽ 856, 2020-21-ൽ 924, 2021-22 നാളിതുവരെ 2018 പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്നവർക്ക് അവ പുനരുജ്ജീവിപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി(CMDRF)-ൽനിന്നും സംസ്ഥാന

ദുരന്തനിവാരണ ഫണ്ടിൽ (SDRF) നിന്നും നഷ്ടപരിഹാരം ലഭ്യമാക്കിവരുന്നു.

(ഡി) ഓഖി പുനരധിവാസത്തിനായി നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

1. ഓഖി ദുരന്തത്തിൽ മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖേന 20 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2. ഓഖിയിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു.

3. ഓഖിയിൽ മരിച്ചവരുടേയും കാണാതായവരുടേയും കുടുംബങ്ങളിൽ ഭവനരഹിതരായവർക്ക് പ്രത്യേക പുനരധിവാസം നടപ്പാക്കി.

4. ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരമായി 7.13 കോടി രൂപ അനുവദിച്ചു.

5. ഓഖിയിൽ കാണാതായവരുടേയും മരണമടഞ്ഞവരുടേയും മക്കളുടെ 2037 വരെയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് 13.92 കോടി രൂപ നീക്കിവെച്ചു.

6. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ യാഥാർത്ഥ്യമാക്കി.

7. 40000 പേർക്ക് സൗജന്യമായി ലൈഫ് ജാക്കറ്റ് വിതരണം ചെയ്തു.

8. 120 എഫ്.ആർ.പി. ബോട്ടുകൾ മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പുകൾക്ക് സൗജന്യമായി വിതരണം ചെയ്തു.

9. ഓഖി ദുരന്തത്തിൽ മരണപ്പെട്ടതും കാണാതായവരുമായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ കണ്ടെത്തുന്നതിന് സഹായകരമാവുംവിധം വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റിനും സീഫുഡ് റസ്റ്റോറന്റിനും അനുമതി നൽകി.

10. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷയ്ക്കായി യുവ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചു.

11. കടലിൽ ആശയ വിനിമയത്തിനും മുന്നറിയിപ്പുകൾ നൽകുന്നതിനും കഴിയുമാറ് നാവിക് ഉപകരണങ്ങൾ, സാറ്റലൈറ്റ് ഫോൺ എന്നിവയും വിതരണം ചെയ്തു. കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഇ) മത്സ്യത്തൊഴിലാളികൾക്കായുള്ള കടാശ്വാസ നടപടികൾ കാര്യക്ഷമമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കടബാധ്യതയാൽ കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും 2008-ൽ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം കൊണ്ടുവരികയും കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ 22-01-2009 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 31-12-2008 വരെ എടുത്ത വായ്പകളിന്മേൽ കടാശ്വാസത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കമ്മീഷൻ പരിഗണിച്ച് അർഹത കണ്ടെത്തി കടാശ്വാസം ശിപാർശ ചെയ്തുവരുന്നു. 31-12-2007 വരെ എടുത്ത വായ്പകൾക്ക് മുതലിനത്തിൽ 75,000/- രൂപയും പലിശയും 01-01-2008 മുതൽ 31-12-2008 വരെ എടുത്ത വായ്പകളിൽ മുതലിനത്തിൽ 1,00,000/- രൂപയും പലിശയും കമ്മീഷൻ ശിപാർശ ചെയ്തുവരുന്നു. നാളിതുവരെ കടാശ്വാസമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

200.42 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.+

## കേന്ദ്ര വന സംരക്ഷണ നിയമത്തിലെ ഭേദഗതി

**4(*214)** ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിലെ ചില വ്യവസ്ഥകൾ വികസന പ്രവർത്തനങ്ങൾക്ക് അനാവശ്യ തടസ്സം സൃഷ്ടിക്കുന്നതും കാടിന് പുറത്തുള്ള വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾക്ക് ഗുണകരമല്ലാത്തതും കർഷകർക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നതുമാകയാൽ ഉചിതമായ ഭേദഗതിക്ക് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുടെ അഭിപ്രായം അന്വേഷിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ പ്രതികരണം അറിയിച്ചിരുന്നോ; വിശദാംശം അറിയിക്കാമോ?

1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ പര്യാലോചിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെയും അഭിപ്രായങ്ങൾ കേന്ദ്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം പരിസ്ഥിതി മന്ത്രാലയം തേടിയിട്ടുണ്ട്. ഈ വിഷയത്തിൽ വനം വകുപ്പിന്റെ നിർദ്ദേശങ്ങളും പൊതുജനങ്ങളിൽനിന്നും ലഭ്യമായ അഭിപ്രായങ്ങളും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് വനത്തിന് പുറത്തുള്ള വൃക്ഷവത്ക്കരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ അത് പ്രോത്സാഹിപ്പിക്കാനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; കാർബൺ ന്യൂട്രൽ വയനാട് പദ്ധതിയിൽ കൈവരിക്കാനായ പുരോഗതി വിലയിരുത്തിയിരുന്നോ?

ഇതിനായി വൃക്ഷസമൃദ്ധി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വൃക്ഷ വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ്, നഴ്സറികളിൽ തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന സൗജന്യമായി പൊതുജനങ്ങൾക്ക് വിതരണം നടത്തിയിട്ടുള്ളതും MGNREG പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമായ പൊതുസ്ഥലങ്ങളിൽ വൃക്ഷ തൈകൾ വച്ചുപിടിപ്പിച്ച് പരിപാലനം നടത്തുന്നതുമാണ് പദ്ധതി.

(സി) പ്രകൃതി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളും വന്യജീവി വഴിത്താരകളും സ്വാഭാവിക വനമായി മാറ്റാൻ തയ്യാറാക്കിയിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; പ്രദേശവാസികളുടെ താല്പര്യ സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് എന്നറിയിക്കുമോ?

സ്വാഭാവിക വനങ്ങളുടെ ആവാസവ്യവസ്ഥകളുടെ പുന:സ്ഥാപനം സംബന്ധിച്ച ഒരു നയരേഖ 17-12-2021-ൽ സ.ഉ.(കൈ) നമ്പർ 21/2021/വനം നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രദേശവാസികളുടെ താല്പര്യ സംരക്ഷണത്തിന് പ്രാധാന്യം നൽകിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

ക്ഷേത്രങ്ങളിലെ വരുമാനചോർച്ചയും ക്രമക്കേടും തടയാൻ നടപടി

**5(*215)** ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വരുമാന ചോർച്ചയും ക്രമക്കേടും ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനച്ചോർച്ചയും ക്രമക്കേടും തടയുന്നതിനായി ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. ഫൈനാൻസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സുശക്തമായ ഇന്റേണൽ ഓഡിറ്റ് സംവിധാനവും കൂടാതെ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വിഭാഗത്തിന്റെ കീഴിൽ കൃത്യമായി സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ ഓഡിറ്റും നടന്നുവരുന്നുണ്ട്. ഇന്റേണൽ ഓഡിറ്റിൽ കണ്ടെത്തുന്ന പരാമർശങ്ങൾക്ക് നടപടികൾ സ്വീകരിച്ച് സമയബന്ധിതമായി ഓഡിറ്റ് നോട്ട് ക്ലോസ് ചെയ്യുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഓഡിറ്റിൽ ചുമതല കാണപ്പെടുന്ന ഉദ്യോഗസ്ഥരിൽനിന്നും കൃത്യമായി ചുമതല തുകകൾ ഈടാക്കി ഒടുക്ക് വരുത്തിക്കുന്നതിനും ദേവസ്വം മുതൽ കൈമോശം വരാതെ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നതിനും ശ്രദ്ധ ചെലുത്തുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ചില ക്ഷേത്രങ്ങളിൽ, ബോർഡിന്റെ അറിവോ അംഗീകാരമോ ഇല്ലാതെ പ്രവർത്തിക്കുന്ന അനധികൃത കമ്മറ്റികൾ, നിയമവിരുദ്ധമായി ഭക്തജനങ്ങളിൽനിന്ന് പണപ്പിരിവ് നടത്തുകയും സാമ്പത്തിക ക്രമക്കേട് നടത്തുകയും ചെയ്യുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ

ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ, അത്തരം കമ്മിറ്റികൾക്കും കമ്മിറ്റി ഭാരവാഹികൾക്കും എതിരായി ക്രിമിനൽ നിയമനടപടി സ്വീകരിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ദൈനംദിന പണമിടപാടുകൾ സംബന്ധിച്ചും ക്ഷേത്ര ഭണ്ഡാരങ്ങൾ തുറന്നെണ്ണുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും ക്ഷേത്രങ്ങളിൽ പ്രവർത്തിക്കുന്ന കമ്മിറ്റികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് സംബന്ധിച്ചും ക്ഷേത്രങ്ങളിലെ ശ്രീകോവിലിലും സോപാനപ്പടിയിലും ഭക്തജനങ്ങൾ നിക്ഷേപിക്കുന്ന കാണിക്ക കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും ബോർഡ് പ്രത്യേകം പ്രത്യേകം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗുരുവായൂർ, കൂടൽ മാണിക്യം ദേവസ്വത്തിൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വരുമാനക്കുറവ് ഉണ്ടായിട്ടുണ്ട്. വരുമാന ച്ചോർച്ചയും ക്രമക്കേടും ഉണ്ടായിട്ടില്ല. കൂടൽമാണിക്യം ദേവസ്വത്തിൽ വരുമാനക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വരുമാന ച്ചോർച്ചയും ക്രമക്കേടും തടയുന്നതിനായി വിജിലൻസ് വിഭാഗം സർപ്രൈസ് ചെക്കിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ ഓരോ ഗ്രൂപ്പിന്റെയും ചുമതല ഓരോ ഉന്നത ഉദ്യോഗസ്ഥന് നൽകി പരിശോധന നടത്തിവരുന്നു.

(ബി) ക്ഷേത്രങ്ങളിലെ സ്വർണ്ണവും ഭൂമിയും ഉൾപ്പെടെയുള്ള സ്ഥാവര ജംഗമ വസ്തുക്കളുടെ വിവരം കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടോ;

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വർണ്ണം ഭക്തജനങ്ങൾ കാലാകാലങ്ങളായി ഭഗവാന് നേർച്ചയായി സമർപ്പിച്ചുവരുന്നതാണ്. ആയത് കൃത്യമായ ഇടവേളകളിൽ കണക്കെടുപ്പ് നടത്തി സ്ട്രോംഗ് റൂമിൽവച്ച് ബന്ധവസ്സാക്കി സൂക്ഷിച്ചുപോരുന്നു. ദേവസ്വം ഉടമസ്ഥതയിലുള്ള ഭൂമി ഉൾപ്പെടെയുള്ള സ്ഥാവരജംഗമ വസ്തുക്കളുടെ വിവരം ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കൃത്യമായി പരിപാലിച്ചുപോരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള സ്വർണ്ണം, ഭൂമി ഉൾപ്പെടെയുള്ള മുഴുവൻ ഇളകുന്നതും ഇളകാത്തതുമായ സ്ഥാവരജംഗമ വസ്തുക്കളുടെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം കൃത്യതയോടെ സൂക്ഷിക്കുന്നുണ്ട്. ഗുരുവായൂർ, കൊച്ചിൻ, കൂടൽമാണിക്യം ദേവസ്വങ്ങളിലെ സ്വർണ്ണവും ഭൂമിയും ഉൾപ്പെടെയുള്ള സ്ഥാവര ജംഗമ വസ്തുക്കളുടെ വിവരം കൃത്യതയോടെ സൂക്ഷിക്കുന്നുണ്ട്.

(സി) ക്ഷേത്രങ്ങളുടെ എത്ര അളവ് ഭൂമി അന്യാധീനപ്പെട്ടതായിട്ടാണ് കണക്കാക്കുന്നത്; ഇവ തിരിച്ചുപിടിക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ;

&

(ഡി) ദേവസ്വം ബോർഡിന് കീഴിലുണ്ടായിരുന്ന സ്ഥലം തിരിച്ച് പിടിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ 494 ഏക്കറോളം ഭൂമി അനധികൃത കൈയ്യേറ്റത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട വസ്തുക്കൾ തിരികെ പിടിക്കുന്നതിനുമായി ബോർഡിന്റെ കീഴിൽ സ്പെഷ്യൽ തഹസിൽദാറുടെ നേതൃത്വത്തിൽ ലാന്റ് കൺസർവൻസി യൂണിറ്റ് (ഭൂസംരക്ഷണ വിഭാഗം) പ്രവർത്തിച്ചുവരുന്നുണ്ട്. ദേവസ്വം ഭൂമിയിലെ കൈയ്യേറ്റങ്ങൾ Travancore Cochin Hindu Religious Institutions Act (TCHRI) 1950, 1957-ലെ കേരള ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരം ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 1123 ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി, 2007-ൽ സർക്കാർ നിയോഗിച്ച സ്പെഷ്യൽ ടീം സർവ്വേ നടത്തി

കണക്കാക്കിയത് പ്രകാരം, 24693.4 ഏക്കർ ഭൂമിയിൽ കയ്യേറ്റം നടന്ന് അന്യാധീനപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ബോർഡിന് കീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളുടേയും ഭൂമിയിൽ സർവ്വേ നടത്തി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ബോർഡിന് ഇല്ല. ഗുരുവായൂർ ദേവസ്വത്തിന്റെ അധീനതയിലുള്ള മണത്തല വില്ലേജിലെ ദ്വാരക ബീച്ചിനടുത്തുള്ള ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനായി പ്രത്യേക ലാന്റ് കൺസർവൻസി യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ഘട്ടംഘട്ടമായി കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടൽമാണിക്യം ദേവസ്വത്തിന്റെ 5568 ഏക്കർ 99 073/1000 സെന്റ് ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. 5 ഏക്കർ 49 920/1000 സെന്റ് ഭൂമിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ കേസുകൾ നിലനിൽക്കുന്നുണ്ട്. കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ റിപ്പോർട്ട്</u>

**6(*216)** ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പുകളെ സംബന്ധിച്ച് പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

&

(ബി) പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസുകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പിന് അവസരമൊരുക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇവിടങ്ങളിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധന നടത്തണമെന്ന് കാണിച്ച് കമ്മീഷൻ സർക്കാരിനോട് ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി വികസന ഓഫീസിലെ ഫണ്ട് തട്ടിപ്പുമായി

ബന്ധപ്പെട്ട് പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ കമ്മീഷൻ നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ, കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകളിലും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലും ഗുണഭോക്താക്കളുടെ ധനസഹായം അപഹരിച്ചിട്ടുണ്ടോ, ധനസഹായ വിതരണത്തിൽ ഇരട്ടിപ്പ് നടന്നിട്ടുണ്ടോയെന്നും കണ്ടെത്തുന്നതിനായി ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് മുഖാന്തിരം വിശദമായ പരിശോധന സംസ്ഥാനതലത്തിൽ നടത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. കമ്മീഷന്റെ ടി റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്നതിന് മുമ്പുതന്നെ ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ വിശദമായ അന്വേഷണം നടത്തുന്നതിന് ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

(സി) പ്രസ്തുത കമ്മീഷന്റെ നിർദ്ദേശാനുസരണം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ റിപ്പോർട്ടിൽ കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകളിന്മേൽ പരിഹരിക്കാനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

## വേനൽക്കാലത്തെ കുടിവെള്ള വിതരണം

**7(*217)** <u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽക്കാലത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ജലസംരക്ഷണത്തിനും ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിനും താഴെപ്പറയുന്ന നടപടികൾ അടിയന്തരമായി ചെയ്തുവരുന്നു.

(1) ജലലഭ്യതക്കുറവ് വരാൻ സാദ്ധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ.

(2) ജലസേചന വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവയുമായി സഹകരിച്ച് അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിക്കുക.

(3) ജലലഭ്യതയ്ക്കനുസരിച്ച് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

(4) വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.

(5) ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുക.

(6) ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക.

(7) അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം ഏർപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുക.

(ബി) വേനൽ കടുക്കുന്നതോടെ ജലജന്യരോഗങ്ങൾ വർദ്ധിക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ സുരക്ഷിതമായ ശുദ്ധജലം എത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സ്രോതസ്സിൽനിന്നും എടുക്കുന്ന ജലം ശുദ്ധി ചെയ്ത് വിതരണം ചെയ്യുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ

ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേയ്ക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയുന്നുണ്ട്. വിതരണം ചെയ്യുന്ന കുടിവെള്ളം വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോയെന്ന് ഉറപ്പാക്കി, പരിശോധനാ ഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നല്കി പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിലുള്ള കിണർ, ബോർവെൽ തുടങ്ങിയ മറ്റ് കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഇത്തരം കുടിവെള്ള സ്രോതസ്സുകളിൽനിന്നുമുള്ള ജലം ജല അതോറിറ്റി ക്വാളിറ്റി കൺട്രോൾ സബ് ജില്ലാ ലാബുകളിലും പരിശോധിക്കുന്നുണ്ട്.

(സി) വരൾച്ച സമയത്ത് ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

&

(ഡി) സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ശക്തമാക്കുമോ; വിശദീകരിക്കുമോ?

വരൾച്ച സമയത്ത് ടാങ്കറുകളിൽ വിതരണം ചെയ്യുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതും സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതും ജലഅതോറിറ്റിയുടെ ചുമതലയല്ല. ജല അതോറിറ്റിയുടെ ചുമതലയുള്ള വിതരണ കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കുന്ന ജലത്തിന്റെ ഗുണനിലവാരം വാട്ടർ അതോറിറ്റി ഉറപ്പുവരുത്തുന്നുണ്ട്. എറണാകുളം ജില്ലയിൽ ടാങ്കർ ലോറി വഴി വിതരണംചെയ്യുന്ന കുടിവെള്ളത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഓപ്പറേഷൻ 'പ്യുവർ വാട്ടർ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽനിന്നും ജലം നല്കുകയും പുതിയവ നിർമ്മിച്ചും വിപുലീകരിച്ചും വിതരണത്തിനുള്ള ജലം നല്കുന്നു. ഇത് മറ്റു ജില്ലകളിലും നടപ്പിലാക്കാൻ

ആലോചനയുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ടാങ്കർ ലോറി വഴിയുള്ള ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം കോർപ്പറേഷനും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി 'സുജലം സുലഭം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ജല സംരക്ഷണ പദ്ധതികൾ

8(*218) ശ്രീമതി ദെലീമ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) രണ്ടായിരത്തി നാനൂറ് കോടി രൂപയുടെ കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ പുരോഗതിയും അറിയിക്കാമോ?

2019 ഒക്ടോബർ മാസത്തിൽ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ A special package for post flood Kuttanad എന്ന നിർദ്ദേശത്തിൽ 2,447.66 കോടി രൂപയാണ് Financial implications; A tentative outline എന്ന ശീർഷകത്തിൽ കുട്ടനാടിനായി കാണിച്ചിരിക്കുന്നത്. ആയതിൽ 1,589.16 കോടി രൂപയാണ് ജലവിഭവ

വകുപ്പിനായി നിർദ്ദേശിച്ചിരിക്കുന്നത്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുൻപ് വിശദമായ പഠനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത പഠനത്തിനും വിശദമായ ഡി.പി.ആർ തയ്യാറാക്കുന്നതിനുമായി 450.00 ലക്ഷം രൂപ റീബിൽഡ് കേരള ഇനിഷിയേറ്റീവിലുൾപ്പെടുത്തി 07-12-2019-ലെ G.O(Rt)No.918/2019/ WRD പ്രകാരം സർക്കാർ അനുവദിക്കുകയും ഹൈഡ്രോഡൈനാമിക് പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ഐ.ഐ.റ്റി.-യിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിക്കുള്ള പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. Cleaning of drainage channels and bund protection works ആണ് കുട്ടനാട് പാക്കേജ് രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന മറ്റൊരു പദ്ധതി. 2019-20-ലെ ബഡ്ജറ്റിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനായി 32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 17 പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണവും തോട്ടപ്പള്ളി സ്പിൽവേയുടെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 46.45 കി.മീ നീളത്തിൽ പുറംബണ്ട് നിർമ്മാണത്തിലൂടെ 1020 ഹെക്ടർ ഏരിയ സംരക്ഷണം നടത്താനും

പാടശേഖരങ്ങളെ വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കാനും സാധിക്കുന്നതാണ്. 10 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികളെല്ലാം പുരോഗമിച്ചുവരുന്നു. 2020-21 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 17.40 കോടി രൂപയും (ഷെയർ ഡെബിറ്റ് ഉൾപ്പെടെ), NABARD RIDF-ലുൾപ്പെടുത്തി 29.10 കോടി രൂപയുമാണ് പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി വകയിരുത്തിയിരിക്കുന്നത്. പ്ലാൻ സ്കീമിൽ 42 പാടശേഖരങ്ങളുടെ 26.625 കി.മീ നീളത്തിൽ ബണ്ട് സംരക്ഷിക്കുന്നതുവഴി 600 ഹെക്ടർ ഏരിയ സംരക്ഷിക്കാനും സംരക്ഷണം നടത്തുന്ന പാടശേഖരങ്ങളിൽ രണ്ടാം കൃഷി നടപ്പിലാക്കാനും സാധിക്കും. കൂടാതെ NABARD RIDF സ്കീമിൽ കുട്ടനാട്ടിലെ 7 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്. 30 കി.മീ. നീളത്തിൽ ബണ്ട് സംരക്ഷണം നടത്തുന്നതുവഴി 650 ഹെക്ടർ ഏരിയ സംരക്ഷിക്കുവാൻ സാധിക്കുന്നതാണ്. പ്ലാൻ സ്കീമിലുൾപ്പെട്ട 42 പ്രവൃത്തികളിൽ 35 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സാധ്യമാക്കാനായി നടപ്പിലാക്കേണ്ട അത്യാവശ്യ പ്രവൃത്തികളായ തോട്ടപ്പള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ നവീകരണം, എ.സി കനാലിന്റെ

രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നീ പദ്ധതികൾ 'റൂം ഫോർ റിവർ പദ്ധതി'-യുടെ ഭാഗമായി ആർ.കെ.ഐ. സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്. ഇതിനായി ആകെ ആവശ്യമായി വരുന്ന തുക 500 കോടി രൂപയാണ്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ പഠനത്തിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമായി 4.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഹൈഡ്രോഡൈനാമിക് പഠനം നടത്താനായി ചെന്നൈ, ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധമായി അന്തിമ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 30 കോടി രൂപയാണ് പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്. ഏകദേശം 48 കി.മീ. നീളത്തിൽ ബണ്ട് നിർമ്മിക്കുന്നതുവഴി ഏകദേശം 1040 ഹെക്ടർ പാടശേഖരങ്ങളുടെ സംരക്ഷണം സാദ്ധ്യമാകുന്നതാണ്. 40 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നതിൽ 13 പ്രവൃത്തികൾ പൂർത്തീകരിച്ചു. പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനായി NABARD RIDF-ൽ 29.10 കോടി രൂപയാണ് അനുവദിക്കേണ്ടത്. 32 കി.മീ നീളത്തിൽ പുറംബണ്ട് നിർമ്മിക്കുന്നതിലൂടെ ഏകദേശം 700 ഹെക്ടർ ഏരിയ സംരക്ഷണം

നടത്താൻ സാധിക്കുന്നതാണ്. നാല് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വേമ്പനാട്ടുകായലിന്റെയും കുട്ടനാടിന്റെയും സ്വഭാവിക നിലനിൽപ്പിന് അനിവാര്യമായ പമ്പയാർ, അച്ചൻകോവിലാർ, മണിമലയാർ എന്നിവയുടെ സംരക്ഷണത്തിനായി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിലെ കൈവഴികളിൽ 2018-19 വെള്ളപ്പൊക്കത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്തും ആവശ്യമായ സ്ഥലങ്ങളിൽ കല്ലും മറ്റു മാർഗ്ഗങ്ങളും ഉപയോഗിച്ച് സംരക്ഷിക്കുന്നതിനും മറ്റുമായി ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമായി 56.25 കോടി രൂപയുടെ 14 പദ്ധതികൾ ഉൾപ്പെടുന്ന DPR, 2021-22-ലെ ബഡ്ജറ്റ് പ്രകാരം ജലാശയങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് പ്രഖ്യാപിച്ച സമഗ്ര പാക്കേജിൽ, 4711-01-800-99-Comprehensive Package for Restoration of Ecosystem എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

തോട്ടപ്പള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ നവീകരണം, എ.സി. കനാലിന്റെ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നീ പദ്ധതികൾ 'റൂം ഫോർ റിവർ' പദ്ധതിയുടെ ഭാഗമായി ആർ.കെ.ഐ. സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഹൈഡ്രോഡൈനാമിക് പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പ്രവൃത്തി പൂർത്തിയായിട്ടില്ല. തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം സുഗമമാക്കാൻ 12 ഷട്ടറുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളും 40 ഷട്ടറുകളിൽ 75 cm നീളത്തിൽ corner angle സ്ഥാപിക്കുന്നതിനും 8 ഷട്ടറുകൾക്കുള്ള wire rope മാറ്റുന്നതിന് 8 മോട്ടോറുകൾ റീവൈൻഡ് ചെയ്യുന്ന പ്രവൃത്തികളുൾപ്പെടെയുള്ള മെക്കാനിക്കൽ പ്രവൃത്തികളാണ് അനുവദിച്ചത്. ഇതിനായി 25 ലക്ഷം

രൂപയുടെ ഭരണാനുമതി 2021-22 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 9,60,000/- രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തിക്ക് 15,28,000/- രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി അവാർഡ് ചെയ്തുവെങ്കിലും എഗ്രിമെന്റ് വച്ച് പ്രവൃത്തി തുടങ്ങാൻ ബിഡ്ഡർ തയ്യാറാകാതിരുന്നതിനെത്തുടർന്ന് പ്രവൃത്തികൾ ക്വട്ടേഷൻ വ്യവസ്ഥയിൽ നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ Improvement of Thottappally spillway എന്ന പ്രവൃത്തി, 2016 DSR പ്രകാരം കരാറുകാരൻ ചെയ്യാതിരുന്നതിനെ തുടർന്ന് ഷട്ടറിന്റെ ഉയരം 1/2 മീറ്ററും Hoisting bridge ന്റെ ഉയരം 1.5 മീറ്ററും ഉയർത്താനും വേലിയേറ്റ/വേലിയിറക്ക സമയത്ത് ഷട്ടറിന്റെ pier groove-ൽ ഷട്ടർ stable ആക്കുന്നതിന് ഷട്ടറിന്റെ മൊത്തം നീളത്തിൽ End box ഘടിപ്പിക്കാനും Hoisting Mechanism centralize position-ൽ മാറ്റി സ്ഥാപിക്കാനുള്ള പ്രവൃത്തികൾകൂടി ഉൾപ്പെടുത്തി DSR 2018 പ്രകാരം തയ്യാറാക്കിയ 22.4 കോടിരൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തി 2022-23 സാമ്പത്തിക വർഷം പൂർത്തീകരിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## നദികളുടെ പുനരുജ്ജീവനം

9(*219) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽക്കാലത്ത് മിക്കവാറും നദികൾ ഒഴുക്ക് കുറഞ്ഞ് പാരിസ്ഥിതിക നീരൊഴുക്കുപോലും ഇല്ലാത്ത അവസ്ഥയിലേയ്ക്ക് പോകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ 44 നദികളുടെയും നീരൊഴുക്കിനെ നിയന്ത്രിക്കുന്ന പ്രധാന ഘടകം മഴയുടെ ലഭ്യതയാണ്. കേന്ദ്രകാലാവസ്ഥാ വകുപ്പ് നൽകുന്ന കണക്കുകൾ പ്രകാരം, കേരളത്തിൽ മഴയുടെ ലഭ്യതയിലുള്ള സ്ഥല-കാല വ്യതിയാനം വർദ്ധിച്ചുവരുന്നു എന്നാണ് സൂചിപ്പിക്കുന്നത്. കൂടാതെ, ഭൂവിനിയോഗത്തിൽ വന്ന മാറ്റവും തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ വന്നിട്ടുള്ള കുറവും നദികളുടെ നീരൊഴുക്കിനെ ബാധിക്കുന്നു. ഇതോടൊപ്പം വേനൽക്കാലം ആകുന്നതോടുകൂടി നദികളുടെ നീരൊഴുക്കിൽ കുറവ് സംഭവിക്കുന്നുണ്ട്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവനുസരിച്ച് ലീൻഫ്ളോയുടെ 15-20 ശതമാനം നീരൊഴുക്ക് നിലനിർത്തണമെന്നാണ്. ഇതിനെ പാരിസ്ഥിതിക നീരൊഴുക്കായി കണക്കാക്കി, എല്ലാ നദികളിലും

ഇത് നിലനിർത്താനാവശ്യമായ നടപടി കൈക്കൊള്ളണമെന്നുള്ള ബഹു. ഹരിത ട്രിബ്യൂണൽ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ നദിയുടെയും e-flow കണക്കാക്കുന്നതിനുള്ള പഠന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ആറ് പുഴകളുടെ പാരിസ്ഥിതിക നീരൊഴുക്ക് പഠനം (അഞ്ചരക്കണ്ടി, കടലുണ്ടി, പെരിയാർ, മീനച്ചിൽ, മണിമല etc.) പൂർത്തിയാക്കുകയും ചെയ്തു. 17 നദികളുടെ വിവരശേഖരണം (അതായത് 30 വർഷ കാലയളവിലെ നീരൊഴുക്കിന്റെ കണക്കുകൾ റിവർഗേജ് സ്റ്റേഷൻ അടിസ്ഥാനത്തിൽ ശേഖരിക്കുന്നത്) പുരോഗമിച്ചുവരുന്നു.

(ബി) വേനൽക്കാലത്ത് വറ്റിപ്പോകുന്ന നദികളുടെ പുനരുജ്ജീവനത്തിനായി സമഗ്ര നദീസംരക്ഷണ വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

കേരളത്തിലെ 44 നദികളിൽ ഭൂരിപക്ഷം നദികളിലും വേനൽകാലമാകുന്നതോടുകൂടി ജലലഭ്യത കുറയുന്നത് ഒരു പ്രധാന പ്രശ്നമാണ്. മഴയുടെ ലഭ്യതയിലുള്ള സ്ഥലകാല വ്യതിയാനത്തിനു പുറമേ ഭൂവിനിയോഗത്തിൽ വന്ന മാറ്റവും തണ്ണീർത്തടങ്ങളുടേയും തോടുകളുടെയും ശോഷണവും ഇതിന് കാരണമായിട്ടുണ്ട്. മണ്ണ്-ജല സംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ

ജലസംരക്ഷണവും ഭൂജലപോഷണവും നിർവ്വഹിക്കുക എന്നതാണ് നീരൊഴുക്ക് വർദ്ധിപ്പിക്കാനുള്ള ഒരു പ്രധാന മാർഗ്ഗം. ഇത് നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനം ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. ഓരോ നദീതടത്തേയും (വലിയ നീർത്തടം) ചെറു നീർത്തടങ്ങളായി തിരിച്ച് തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാനുകളിൽ റിഡ്ജ്-ടു-വാലി സമീപനത്തിൽ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുവഴി തോടുകളിലേയും കുളങ്ങളിലേയും ജലലഭ്യത വർദ്ധിപ്പിക്കാനും നദികളിലെ നീരൊഴുക്കിനെ ഗുണപരമായി സ്വാധീനിക്കാനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ സമീപകാലത്തായി ആവർത്തിച്ചുണ്ടാകുന്ന പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലം നദികളിൽ എത്തിച്ചേർന്ന ചെളി/എക്കൽ/മണ്ണ് മറ്റു ജൈവ അവശിഷ്ടങ്ങൾ എന്നിവ നദികളുടെ സ്വാഭാവിക സംഭരണശേഷി കുറച്ചതും ജലലഭ്യതയെ സ്വാധീനിച്ചിട്ടുണ്ട്. ഇതുമൂലം വേനൽക്കാലത്ത് നദികളുടെ വാഹകശേഷിയിൽ വലിയ കുറവാണ് വരുന്നത്. ഇത് കണക്കിലെടുത്ത് നദികളിലേയ്ക്ക് എത്തിച്ചേരുന്ന പോഷക നദികളിൽനിന്നും നദിയിൽനിന്നും

ചെളി/എക്കൽ/മണ്ണ് തുടങ്ങിയവ നീക്കംചെയ്ത് നദിയുടെ സ്വാഭാവിക നീരൊഴുക്കും സംഭരണശേഷിയും വീണ്ടെടുക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി 44 നദികളുടെ ചുമതല ജലസേചന വകുപ്പിലെ 44 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, റവന്യൂ വകുപ്പ്, ജലസേചന വകുപ്പ് എന്നിവയുടെ ഏകോപനത്തോടുകൂടിയാണ് മണ്ണ്/ ചെളി/എക്കൽ മറ്റ് പാഴ് വസ്തുക്കൾ എന്നിവ നീക്കംചെയ്യുന്നത്. ഇതിന് പുറമേ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപ്പട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പദ്ധതി രേഖ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കിവരുന്നു.

(സി) അണക്കെട്ടുകളിൽ വെള്ളം സംഭരിക്കാൻ കഴിയാത്ത അവസ്ഥയുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ആയതിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി എന്നീ ജലസേചന പദ്ധതികളുടെ

ഡാമുകളിൽ വിവിധ വർഷങ്ങളിലായി KERI പീച്ചി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുമുണ്ട്. കൂടാതെ ഡാമുകളുടെ സംഭരണ ശേഷിയിൽ കുറവ് വന്നിട്ടുണ്ട്. വാഴാനി ഡാമിൽ 2019-ലെ sedimentation study പ്രകാരം സംഭരണശേഷിയിൽ കുറവുള്ളതായി കണ്ടെത്തിയിട്ടില്ല. ഭൂതത്താൻകെട്ട് ബാരേജിൽ എല്ലാവർഷവും ജൂൺ മാസം ബാരേജിന്റെ എല്ലാ ഷട്ടറുകളും തുറന്ന് വെള്ളം പുഴയിലേയ്ക്ക് ഒഴുക്കികളയുമെന്നതിനാൽ ബാരേജിൽ മണലും എക്കലും അടിഞ്ഞുകൂടാറില്ല. പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള മണിയാർ ബാരേജിന്റെ മണലിന്റെയും ചെളിയുടെയും അളവ് പരിശോധിക്കുന്നതിനുള്ള Bathymetric Study നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.ഇ.ആർ.ഐ., പീച്ചി വിവിധ ഡാമുകളുടെ സംഭരണശേഷിയിലുണ്ടായ Integrated Bathymetric System (IBS) and Sub Bottom - Profiler ഉപയോഗിച്ച് പഠന വിധേയമാക്കി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഡാമുകളിലെ ചെളി നീക്കംചെയ്യുക വഴി ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിച്ച് കൂടുതൽ ജലം സംഭരിക്കാൻ സാധിക്കും. മംഗലം, ചുള്ളിയാർ എന്നീ ഡാമുകളെ പൈലറ്റ് പ്രോജക്ടുകളാക്കി Desiltation നടത്തുന്നതിന് ഒരു Standard Operation Procedure (SOP)

14-05-2019-ലെ G.O.(MS)No. 14/2019/WRD പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായി. ഇതുപ്രകാരം മംഗലം ഡാമിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി DHARTHI DREDGING INFRASTRUCTURE LIMITED എന്ന ഏജൻസിയെ ചുമതലപ്പെടുത്തി പ്രവൃത്തി നടന്നുവരുന്നു. മലമ്പുഴ, മീങ്കര, വാളയാർ, കാരാപ്പുഴ, പഴശ്ശി എന്നീ ഡാമുകളിൽ മംഗലം ഡാമിൽ ചെയ്യുന്ന ഡീസിൽസ്റ്റേഷൻ മാനദണ്ഡപ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നതിന് 07-12-2019-ലെ GO (Rt) No. 919/2019/WRD, പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. മീങ്കര, വാളയാർ എന്നീ ഡാമുകളിൽ TURN KEY മാതൃകയിൽ ഡീസിൽസ്റ്റേഷൻ നടത്താൻ KEMDEL എന്ന സ്ഥാപനത്തിന് 07-01-2021-ലെ GO (Rt) No. 22/2021/WRD, പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 07-01-2021 -ലെ GO (Rt) No.21/2021/WRD പ്രകാരം ഇതേ മാതൃകയിൽ ചുള്ളിയാർ ഡാമിൽ ഡീസിൽസ്റ്റേഷൻ നടത്തുന്നതിന് KIIDC-ന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സമഗ്ര നദീസംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച വാട്ടർ റിസോഴ്സസ് ഇൻഫർമേറ്റീവ് സിസ്റ്റത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

റീബിൽഡ് കേരള പദ്ധതി പ്രകാരം 'കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനായി 07-12-2019-ലെ GO(Rt) No.918/2019/WRD പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജലവിഭവ വിനിയോഗത്തിനായി വേണ്ട വിവരങ്ങൾ സംഗ്രഹിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു സോഫ്റ്റ്വെയർ രൂപപ്പെടുത്താനാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഈ പദ്ധതിയുടെ വികസനം അവസാന ഘട്ടത്തിലാണ്. ആസൂത്രണവും സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റീബിൽഡ് കേരള സെക്രട്ടേറിയറ്റും ധനകാര്യ വകുപ്പും ജലവിഭവ വകുപ്പും അതത് സമയങ്ങളിൽ ഈ പ്രവർത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്.

<u>നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം</u>

10(*220) <u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>:
<u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി

(ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം വ്യാപിക്കുന്നതിനാൽ ഇത്തരം സംഘങ്ങൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുമായി സംഘർഷത്തിലാകുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

&

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നുമുള്ള ഇത്തരം സംഘങ്ങളിൽ നിന്നും യൂസേഴ്സ് ഫീ ചുമത്താറുണ്ടോ?

തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തദ്ദേശീയ യന്ത്രവൽകൃത യാനങ്ങളിലെ തൊഴിലാളികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷമുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഇത്തരം സംഘങ്ങളുമായി സംഘർഷമുണ്ടായതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്ക് തീരക്കടലിലൂടെ

ഹാർബറുകളിലേയ്ക്ക് പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇവരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മത്സ്യബന്ധന വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും മത്സ്യത്തൊഴിലാളി പ്രതിനിധികൾ, യാനമുടമകൾ, ലേലക്കാർ, കരയോഗ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തിയും

ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. KMFR Act, KMFR Rule എന്നിവയുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന യാനങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനുതകുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS)/വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (VMS) ഘടിപ്പിക്കുന്നത് നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഇത്തരം നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മൂന്ന് റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ 4 ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും മറൈൻ എൻഫോഴ്സ്മെന്റ് പോലീസുകാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ ഈ നാല് ജില്ലകളിലും കടൽ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കും പ്രധാന ഹാർബറുകളിൽ നിരീക്ഷണം ശക്തമാക്കുന്നതിനായി CCTV സംവിധാനം

സ്ഥാപിക്കുന്ന പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. ഇതിനകം ഏഴ് ഹാർബറുകളിൽ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു.

## ജൽജീവൻ മിഷന്റെ പ്രവർത്തന പുരോഗതി

11(*221) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷനിലൂടെ ലക്ഷ്യമിട്ട കണക്ഷനുകളിൽ എത്ര ശതമാനം പൂർത്തിയാക്കാൻ സാധിച്ചുവെന്ന് അറിയിക്കാമോ; ലക്ഷ്യമിട്ട എണ്ണം കണക്ഷനുകൾ നൽകാനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജൽജീവൻ മിഷനിലൂടെ 2020-21 വർഷം 21.42 ലക്ഷം കണക്ഷനുകളും 2021-22 വർഷം 29.38 ലക്ഷം കണക്ഷനുകളുമാണ് നൽകാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 2020-21-ൽ 4.04 ലക്ഷം (18.86%) കണക്ഷനുകളും 2021-22 ൽ മാർച്ച് മാസം പതിനൊന്നാം തീയതി വരെ 6.43 ലക്ഷം (21.89%) കണക്ഷനുകളും നൽകിയിട്ടുണ്ട്. 2019-20 വർഷം ദേശീയ തലത്തിൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. ജൽജീവൻ മിഷൻ

പദ്ധതി പ്രകാരം മൊത്തം 5 വർഷംകൊണ്ട് ഏകദേശം 53 ലക്ഷത്തിലധികം കണക്ഷനുകളാണ് സംസ്ഥാനത്ത് നൽകേണ്ടിയിരുന്നത്. എന്നാൽ ഒരു വർഷം വൈകി ആരംഭിച്ചതിനാൽ ഇത്രയും കണക്ഷനുകൾ 4 വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതായിവരുന്നു. ഇതുവരെ ഏകദേശം 11 ലക്ഷത്തോളം കണക്ഷനുകൾ നൽകിക്കഴിഞ്ഞു. കോവിഡുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും തൊഴിലാളികളുടെ അഭാവവുംമൂലം പ്രവർത്തനങ്ങൾ പലപ്പോഴും തടസ്സപ്പെട്ടു. കൂടാതെ അതിശക്തമായ മഴയും വെള്ളപ്പൊക്കവും പദ്ധതി നിർവ്വഹണത്തിന് തടസ്സങ്ങൾ ഉണ്ടാക്കിയിരുന്നു. ഇതിനു പുറമെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ നിർമ്മാണ വസ്തുക്കളുടെ ലഭ്യതയിലുണ്ടായ കുറവ്, വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം തുടങ്ങിയവയും പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. SCHEDULE OF RATES പുതുക്കിയതിനെത്തുടർന്ന് എസ്റ്റിമേറ്റ് അംഗീകാരത്തിനും ടെൻഡർ നടപടികൾക്കും കാലതാമസം നേരിടുകയുണ്ടായി. പദ്ധതികൾക്കാവശ്യമായ സ്ഥലം വേഗത്തിൽ ലഭ്യമാകാത്തതും റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിൽ നേരിടുന്ന തടസ്സങ്ങളും പദ്ധതി നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്.

(ബി) പദ്ധതിയുടെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ടോ; ജില്ലാതല അവലോകന യോഗങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

പദ്ധതിയുടെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ജില്ലാടിസ്ഥാനത്തിലുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.+ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ജില്ലാ കളക്ടർമാർ അധ്യക്ഷരായുള്ള ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള SW & SM എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതി നിർവഹണത്തിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതി നിർവ്വഹണത്തിന്റെ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളും പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്. ബഹു.മുഖ്യമന്ത്രി മുൻഗണനാ പദ്ധതിയിലുൾപ്പെടുത്തി ഈ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ജൽജീവൻ മിഷന്റെ മാനദണ്ഡപ്രകാരം ആവശ്യമായ ഭൂമി എങ്ങനെ ലഭ്യമാക്കണമെന്നാണ് വിവക്ഷിക്കുന്നത്; പ്രസ്തുത സ്ഥലം തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കണമെന്ന് നിബന്ധനയുണ്ടോ;

&

(ഡി) തദ്ദേശസ്ഥാപനങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് വലിയ തുക കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ പ്രതിസന്ധി എങ്ങനെ മറികടക്കാനാണ് ഉദ്ദേശിക്കുന്നത്?

ജൽജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതിക്കാവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്. സ്ഥലം ലഭ്യമാക്കുന്നതിന് കേന്ദ്ര വിഹിതം അനുവദനീയമല്ല. ഇപ്രകാരം കേന്ദ്രവിഹിതം അനുവദനീയമല്ലാത്ത ഘടകങ്ങൾക്ക് ഫണ്ട് ആവശ്യമായി വരികയാണെങ്കിൽ അത് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. നിലവിൽ സർക്കാർ ഉടമസ്ഥതയിലും ഗ്രാമപഞ്ചായത്തുകളുടെയും കേരള ജല അതോറിറ്റിയുടെയും ഉടമസ്ഥതയിലുമുള്ള സ്ഥലങ്ങൾ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ഇ) റോഡ് കട്ടിംഗുമായി ബന്ധപ്പെട്ട് കണക്ഷൻ നൽകാനാകാത്ത സാഹചര്യം മറികടക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും നൽകിയ കണക്ഷനുകളിൽ വെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിക്കായി പൊതു നിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയവയുടെ അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നിശ്ചിത വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതി ലഭ്യമാകാൻ കാലതാമസം നേരിടുന്ന സാഹചര്യങ്ങളിൽ ഉദ്യോഗസ്ഥതലത്തിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ തലത്തിലും ഇടപെടൽ നടത്തി പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയിട്ടുള്ള ജലജീവൻ മിഷൻ പദ്ധതിക്കായി റോഡ് കട്ടിംഗ് അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ തലത്തിൽ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്. PWD അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി പൈപ്പ് സ്ഥാപിക്കുന്ന PWD റോഡുകൾ നിർവ്വഹണ

ഏജൻസിതന്നെ പൂർവസ്ഥിതിയിൽ ആക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കണക്ഷനുകൾ നൽകുമ്പോൾ മാർഗ്ഗരേഖപ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്നുണ്ട്. ഇതിനായി ആവശ്യമായ സാഹചര്യങ്ങളിൽ സ്രോതസ്സുകളുടെ മെച്ചപ്പെടുത്തൽ ഉൾപ്പെടെയുള്ള അനിവാര്യ ഘടകങ്ങൾകൂടി ഉൾപ്പെടുത്തിയുള്ള പദ്ധതികളാണ് വിഭാവനം ചെയ്തു നടപ്പിലാക്കിവരുന്നത്. 100% ഗ്രാമീണ ഭവനങ്ങളിലും ടാപ്പ് വഴി കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും പദ്ധതികളെല്ലാംതന്നെ SLSSC അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് 100% കണക്ഷനുകളിലും വെള്ളം ലഭ്യമാകുന്നതാണ്.

## കുടിവെള്ള വിതരണ പദ്ധതികൾ

12(*222) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ജലത്തിന്റെ കവറേജ് നഗരപ്രദേശങ്ങളിൽ നൂറ് ശതമാനം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടോ;

വ്യക്തമാക്കുമോ?

ഉണ്ട്. നഗരസഭകളിലും കോർപ്പറേഷനുകളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 2.0 പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി കേരളത്തിലെ 93 നഗരങ്ങളിൽ (6 കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ) നടപ്പിലാക്കുന്നുണ്ട്. നഗര പ്രദേശങ്ങളിലെ എല്ലാ ജനങ്ങൾക്കും കുടിവെള്ളലഭ്യത ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ലക്ഷത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള നഗരങ്ങളിലെ പദ്ധതികൾക്ക് കേന്ദ്ര വിഹിതം 50 ശതമാനവും ഒരു ലക്ഷം മുതൽ പത്ത് ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ കേന്ദ്രവിഹിതം 33 ശതമാനവും പത്തുലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള നഗരങ്ങളിൽ കേന്ദ്രവിഹിതം 25 ശതമാനവുമായിരിക്കും. ബാക്കി തുക സംസ്ഥാന സർക്കാരും, നഗരസഭകൾ/മുനിസിപ്പാലിറ്റികൾ വഹിക്കണം. ജല അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് കോർപറേഷൻ/മുനിസിപ്പാലിറ്റി മുഖേനയാണ് അംഗീകാരം ലഭിക്കുന്നത്. നിലവിൽ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമാണ്; ഇവയിൽ ഏതെല്ലാം പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 4,458.893 കോടി രൂപയുടെ 71 കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 4,051.273 കോടി രൂപയുടെ 60 കുടിവെള്ള പദ്ധതികളും 407.62 കോടി രൂപയുടെ (11 സർക്കിളുകളുടെ കീഴിലായി) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ വൻകിട പദ്ധതികളിൽ പ്രധാന നഗരങ്ങളിലെ ബദൽ കുടിവെള്ള സംവിധാനം, കുടിവെള്ള പദ്ധതികളുടെ വിപുലീകരണം, വിതരണ ശൃംഖലകളുടെ ശാക്തീകരണം എന്നിവ ഉൾപ്പെടുന്നു. കൂടാതെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതുവഴി ജലച്ചോർച്ച ഒഴിവാക്കാനും കഴിയുന്നതാണ്. 311.88 കോടി രൂപയുടെ 13 കുടിവെള്ള പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. 47 പദ്ധതികളുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഇവയുടെ നിലവിലെ സ്ഥിതിയും വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അമൃത് പദ്ധതിക്ക് കീഴിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ പ്രവൃത്തികൾ ഏതെല്ലാം നഗരങ്ങളിലാണ് നടന്നുവരുന്നത്; അവയുടെ പുരോഗതി അറിയിക്കാമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ജല അതോറിറ്റിക്ക് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിലായി കുടിവെള്ള വിതരണ പ്രവൃത്തികൾക്കായി 1,141 കോടി രൂപയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ഇതിൽ 621.79 കോടി രൂപയുള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ജലച്ചോർച്ച ഒഴിവാക്കുന്നതിനും ഇടതടവില്ലാതെ ജലവിതരണം സാദ്ധ്യമാക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ പഴക്കമേറിയ ജല വിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ എന്നീ ഫണ്ടുകളിലുൾപ്പെടുത്തി പഴക്കമേറിയ ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾ നടന്നുവരുന്നു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റിസ്ഥാപിക്കുന്ന പദ്ധതിയിൽ

ഉൾപ്പെടുത്തി പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 11 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവൃത്തികൾക്ക് 407.62 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 57.3 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 61 പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ജലവിതരണ പദ്ധതികളിൽ പൈപ്പുകളുടെ ചോർച്ച ഒഴിവാക്കാനും പഴയവ മാറ്റിസ്ഥാപിക്കുന്നതിനും 220.829 കോടി രൂപയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ഇതിൽ 135.679 കോടി രൂപയുള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ജലവിതരണ പദ്ധതികളിലെ പൈപ്പുകളുടെ ചോർച്ച ഒഴിവാക്കുന്നതിനായി കാലപ്പഴക്കംചെന്ന പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുന്നതിന് സംസ്ഥാന പദ്ധതിയിൽ ഉത്പാദനവും വിതരണവും പരമാവധിയിൽ എത്തിക്കൽ എന്ന ഇനത്തിൽ ഉൾപ്പെടുത്തി 2016-2017 മുതൽ 2021-22 വരെ 335.46 കോടി രൂപയുടെ പ്രവൃത്തികൾക്ക്

ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 165.86 കോടി രൂപയുടെ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

പാമ്പുകളെ പിടികൂടുന്നതിന് ശാസ്ത്രീയ പരിശീലനം

13(*223) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) പാമ്പുകളെ പിടികൂടുന്നതിന് ശാസ്ത്രീയ പരിശീലനം ലഭിക്കാത്തവർ അവയെ പിടികൂടുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാമ്പുപിടിത്തത്തിൽ താൽപ്പര്യമുള്ളവർക്ക് പരിശീലനം നൽകി വരുന്നുണ്ടോ; എങ്കിൽ ഇതിനായി വനം വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണ്?

പരിശീലനം നൽകിവരുന്നുണ്ട്. പാമ്പുകളെ ജനവാസ മേഖലകളിൽ അപകടകരമായി കാണുന്ന സാഹചര്യങ്ങളിൽ അവയെ പിടികൂടി

അനുയോജ്യമായ ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ വിടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ച പ്രകാരം വനം വകുപ്പ് ജീവനക്കാർക്കും തൽപരരായ വോളന്റീയർമാർക്കും പരിശീലനം നൽകുന്നുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കി പരിശീലനത്തിന്റെ ഒടുവിലുള്ള പ്രായോഗിക പരീക്ഷയിൽ സുരക്ഷിതമായി പാമ്പുകളെ കൈകാര്യം ചെയ്ത് കാണിക്കുന്നവർക്കാണ് സർട്ടിഫിക്കേഷൻ നൽകുക. അപേക്ഷകർ 65 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം. ഓരോ ജില്ലയിലേയും സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്കാണ് പരിശീലനത്തിനായി അപേക്ഷ നൽകേണ്ടത്. SARPA എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി നേരിട്ടും അപേക്ഷിക്കാം. സംസ്ഥാനത്താകെ വനം വകുപ്പ് ജീവനക്കാരും സന്നദ്ധ പ്രവർത്തകരുമടക്കം 1657 പേർക്ക് പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകി, അതിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 928 പേർക്ക് അംഗീകൃത പാമ്പുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

(സി) പാമ്പുപിടിത്തക്കാർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരളത്തിൽ ജനവാസ മേഖലകളിൽ പാമ്പുകളെ അപകടകരമായി കാണുന്ന സാഹചര്യങ്ങളിൽ അവയെ സുരക്ഷിതമായി പിടികൂടുന്നതിന് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 2020 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഗൈഡ്‌ലൈനിൽ നിഷ്കർഷിച്ച പ്രകാരം സുരക്ഷിതമായി പാമ്പുകളെ കൈകാര്യം ചെയ്യുന്നതിന് തൽപരരായവർക്ക് പരിശീലനം നൽകുകയും പരിശീലനത്തിൽ വിജയിച്ചവർക്ക് അംഗീകൃത സ്നേക്ക് റസ്ക്യൂവർമാരായി സർട്ടിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. സുരക്ഷിതമായി പാമ്പുകളെ കൈകാര്യം ചെയ്യുന്നതിനുള്ള റസ്ക്യൂ ടൂൾ കിറ്റ് അംഗീകൃത റസ്ക്യൂവർമാർക്ക് വനം വകുപ്പ് വാങ്ങി നൽകിയിട്ടുണ്ട്. SARPA മൊബൈൽ ആപ്ലിക്കേഷൻ മുഖേനയാണ് കേരളത്തിലെ സ്നേക്ക് റസ്ക്യൂ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരുന്നത്. കൂടാതെ എല്ലാ ജില്ലകളിലും അംഗീകൃത റസ്ക്യൂവർമാരും വനംവകുപ്പ് ഉദ്യോഗസ്ഥന്മാരുമടങ്ങുന്ന വാട്ട്സാപ്പ് ഗ്രൂപ്പുകളും പ്രവർത്തിച്ചുവരുന്നു. സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയും അംഗീകൃത ഗൈഡ്‌ലൈനിന് വിരുദ്ധമായും ആരെങ്കിലും പാമ്പുകളെ പിടികൂടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉദ്യോഗസ്ഥർ ഉടനടി താക്കീത് ചെയ്യുകയും ഇത്തരം പ്രവൃത്തികൾ ആവർത്തിച്ചാൽ അയാളുടെ സർട്ടിഫിക്കേഷൻ റദ്ദാക്കുകയും ചെയ്യുന്നുണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം

14(*224) ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ പദ്ധതികളിലൂടെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമാക്കേണ്ട ധനസഹായം ഗുണഭോക്താക്കളല്ലാത്തവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വക മാറ്റി തിരിമറി നടത്തുന്ന സംഭവങ്ങൾ ആവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) തിരുവനന്തപുരം കോർപ്പറേഷനിൽ ഗുണഭോക്താക്കളല്ലാത്ത നാൽപ്പത്തിയാറ് പേരുടെ അക്കൗണ്ടിലേയ്ക്ക് 1.04 കോടിരൂപ വക മാറ്റിയതായി വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ?

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട വകുപ്പുതല ഓഡിറ്റ് പരിശോധനയിൽ ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിരവധി തവണ തുക മാറി

നൽകിയതായും ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ പരിഗണിക്കാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേയ്ക്ക് ആനുകൂല്യ തുക മാറി നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിൽ 51 അക്കൗണ്ടുകളിലേയ്ക്കായി ആകെ 1,16,87,500/- രൂപ (ഒരു കോടി പതിനാറ് ലക്ഷത്തി എൺപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ) ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത വിഷയത്തിന്മേലുള്ള അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; അന്വേഷണ പുരോഗതി അറിയിക്കുമോ?

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നൽകി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെത്തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി ആരോപണത്തിൽ വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിൽ ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകർ ഉൾപ്പെട്ടിട്ടുള്ളതായി വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

## തീരക്കടലിലെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കാൻ പദ്ധതി

15(*225) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾമൂലം തീരക്കടലിലേയ്ക്ക് രാസമാലിന്യങ്ങൾ ഒഴുകി ഇറങ്ങുന്നത് ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ മത്സ്യ ലഭ്യത വൻതോതിൽ കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾമൂലം തീരക്കടലിലേയ്ക്ക് രാസ മാലിന്യങ്ങൾ ഒഴുകി ഇറങ്ങി ആവാസ വ്യവസ്ഥയെ പ്രതികൂലമായി

ബാധിക്കുന്നു എന്നൊരു വിഷയം ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) തീരക്കടലിലെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ ഇനങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സൃഷ്ടിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(a) കൃത്രിമ ആവാസ വ്യവസ്ഥകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയുടെ തീരക്കടലിൽ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി, പൂന്തുറ, ബീമാപ്പള്ളി, വലിയതുറ, പുതിയതുറ, പൂവാർ, കൊല്ലംകോട്, പരുത്തിയൂർ, പള്ളം അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിലാണ് കൃത്രിമ പാരുകൾ നിക്ഷേപിച്ചിട്ടുള്ളത്.

(b) തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിന് 20 മീറ്റർ വരെ നീളമുള്ളതും 250 Hp വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി തീരക്കടലിൽ മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി.

(c) നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവയും സ്ഫോടക വസ്തുക്കൾ, ഡൈനാമിക്, കൃത്രിമപ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചു.

(d) മത്സ്യത്തൊഴിലാളികളുടെകൂടി പങ്കാളിത്തം ഉറപ്പാക്കിയുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

(e) ചെറുമത്സ്യബന്ധനം തടയുന്നതിന് കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പാക്കിവരുന്നു.

(f) മത്സ്യപ്രജനന കാലത്ത് ട്രോളിംഗിന് ഏർപ്പെടുത്തിയിരുന്ന നിരോധനം 47 ദിവസത്തിൽ നിന്നും 52 ആയി വർദ്ധിപ്പിച്ച് നടപ്പാക്കി.

ജല സ്രോതസ്സുകളുടെ സംരക്ഷണം

16(*226) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ജല

സ്രോതസ്സ് പുനരുജ്ജീവന പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതിക നേട്ടങ്ങൾ വിശദമാക്കുമോ?

ഹരിത കേരളം മിഷൻ മുഖാന്തരവും ജലവിഭവ വകുപ്പ് മുഖാന്തരവും നടപ്പിലാക്കുന്ന ജല സ്രോതസ്സ് പുനരുജ്ജീവന പ്രവർത്തികളിലൂടെ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്ക്കരണം എന്നീ പ്രവർത്തനങ്ങളിൽ കൈവരിച്ച മികവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ജില്ലയായി ദേശീയ ജല പുരസ്കാരം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ജല ശക്തി മന്ത്രാലയത്തിന്റെ മൂന്നാമത് ദേശീയ ജല പുരസ്കാരത്തിൽ 2020-21-ലെ പ്രവർത്തനങ്ങൾക്ക് ദക്ഷിണ മേഖലയിലെ മികച്ച ജില്ലയായി തിരുവനന്തപുരത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) കനത്ത മഴയും വരൾച്ചയും ആവർത്തിക്കുന്നതിനാൽ നദികളിലും വേമ്പനാട്ട് കായൽ ഉൾപ്പെടെയുള്ള ജലാശയങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളും മണ്ണും നീക്കി ജല സ്രോതസ്സുകളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലാവസ്ഥയിൽ ഉണ്ടായിട്ടുള്ള വ്യതിയാനം കാരണം നദികളിലെയും ജലസ്രോതസ്സുകളിലെയും ജലലഭ്യതയിൽ കുറവ് അനുഭവപ്പെടുന്നതായി കാണുന്നു. ഇത് കണക്കിലെടുത്ത് നദികളുടെ സംഭരണശേഷി വർദ്ധിപ്പിച്ച്, നീരൊഴുക്ക് സുഗമമാക്കുന്നതിനായി, കേരളത്തിലെ 44 നദികളുടെയും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചുമതല ജലസേചന വകുപ്പിലെ 44 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ, നദികളുടെ പോഷക നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മറ്റ് മാലിന്യങ്ങളും നീക്കംചെയ്യുന്ന പ്രവൃത്തി തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായും ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും നിർവ്വഹിച്ചുവരുന്നു. അരുവിക്കര അണക്കെട്ടിലെ അടിഞ്ഞുകൂടിയിരിക്കുന്ന മണലും എക്കലും പൂർണ്ണമായും നീക്കം ചെയ്യുന്നതിന് ഒരു DPR തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കരമന നദി മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ കരമന നദിക്കായുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി സ്വിവറേജ് ഡിവിഷനിലൂടെ പദ്ധതികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു.

ജലവിഭവ വകുപ്പ് മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിലുള്ള ലഭ്യമായ മെഷീനറികൾ ഉപയോഗിച്ച് നദികളിലും വേമ്പനാട്ട് കായൽ ഉൾപ്പടെയുള്ള ജലാശയങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളും മണ്ണും നീക്കം ചെയ്യുന്നതിനായി DPR തയ്യാറായിവരുന്നു. കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കിവരുന്നു.

## യുവജന സംരംഭകത്വ വികസന പരിപാടി

17(*227) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ യുവ സംരംഭകരെ സൃഷ്ടിക്കുന്നതിന് വേണ്ടി യുവജനകാര്യ വകുപ്പ് വഴി സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നവീന ആശയങ്ങളുള്ള യുവാക്കൾക്ക് അവരുടെ സംരംഭകത്വ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള പശ്ചാത്തലം ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2018 ജനുവരി 17, 18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംരംഭകത്വ വികസന ശില്പശാല – 'കീ സമ്മിറ്റ് 2018' – സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) യുവ സംരംഭകർക്ക് പുത്തൻ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവജനകാര്യ വകുപ്പ് വഴി നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

യുവസംരംഭകർക്കായി സംഘടിപ്പിച്ച 'കീ സമ്മിറ്റ്-2018' -ൽ പങ്കെടുത്ത പ്രതിനിധികളിൽനിന്നും മികച്ച ആശയങ്ങൾ അവതരിപ്പിച്ച 5 പേർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണമാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രസ്തുത ധനസഹായം നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണം ലഭിച്ചിട്ടില്ല.

(ഡി) യുവജനങ്ങൾ സംരംഭകരാകുന്നതിനുവേണ്ടി യുവജനകാര്യ വകുപ്പ് നടപ്പിലാക്കിവരുന്ന പരിശീലന പദ്ധതികൾ വിശദീകരിക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവതികൾക്കായി തൊഴിൽ പരിശീലനം സംഘടിപ്പിക്കുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷ

18(*228) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം തുടരെയുണ്ടാകുന്ന കടൽക്ഷോഭം, കൃത്യമായ കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിൽ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ സംവിധാനത്തിന്റെ അപര്യാപ്തത എന്നിവ നിമിത്തം കടൽ മത്സ്യബന്ധനം കൂടുതൽ അപായകരമായി തീർന്നിട്ടുള്ളതിനാൽ കടൽ സുരക്ഷയ്ക്കായി സർക്കാർ എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

കടലിൽ പ്രതികൂല കാലാവസ്ഥയിൽ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് തടയാനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി

നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ കൂടുതൽ ബലവത്തായ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 120 FRP ബോട്ടുകൾ സൗജന്യമായി നൽകുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. നടപ്പുവർഷം PMMSY പദ്ധതിയിലുൾപ്പെടുത്തി 40% സബ്സിഡിയോടെ 100 FRP മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ്.-കളും 132 ലൈഫ് ബോയ്കളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ

പദ്ധതിയിലുൾപ്പെടുത്തി 500 ജി.പി.എസ്.-കൾ, 1132 ലൈഫ് ബോയ്കൾ എന്നിവ 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. നാവിക് ഉപകരണം, ഗ്ലോബൽ സാറ്റലൈറ്റ് ഫോൺ, പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് GPS, DAT എന്നിവ സബ്സിഡിയോടെ വിതരണം ചെയ്തുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ കടൽ സുരക്ഷാ പദ്ധതി പ്രകാരം 1250 ഹാൻഡ് ഹെൽഡ് ജി.പി.എസ്.-ഉം 360 മൗണ്ടഡ് ജി.പി.എസ്.-ഉം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേന്ദ്ര കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് INCOIS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്ക് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS-ന് കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാനായി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകളും മറ്റു ജില്ലകളിൽ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്ന 10 രക്ഷാ ബോട്ടുകളും ഫിഷറീസ് ഡയറക്ടറേറ്റിൽ ഒരു മാസ്റ്റർ കൺട്രോൾ റൂം ഉൾപ്പെടെ 4 കൺട്രോൾ റൂമുകളും സജ്ജമാക്കിയിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന

മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 60 മത്സ്യഗ്രാമങ്ങളിലും കൂടി 300 യാനങ്ങളും ഒരു യാനത്തിൽ 3 തൊഴിലാളികൾ എന്ന കണക്കിന് 900 മത്സ്യത്തൊഴിലാളികളും കടൽ രക്ഷാ സ്ക്വാഡിൽ ഉൾപ്പെടുന്നു. കടൽ സുരക്ഷാ സ്ക്വാഡിലെ അംഗങ്ങൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ രക്ഷാ പ്രവർത്തനം സംബന്ധിച്ച് പരിശീലനം നൽകിവരുന്നു. ഇതിനകം 612 പേർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു.

(ബി) എല്ലാ മത്സ്യത്തൊഴിലാളികൾക്കും സൗജന്യമായി ലൈഫ് ജാക്കറ്റ് നൽകാനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ?

കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) മത്സ്യബന്ധനത്തിന് കടലിൽ പോകുന്നതും വരുന്നതും കൃത്യമായി രേഖപ്പെടുത്താനും അപായ മുന്നറിയിപ്പ് നൽകുന്നതിനും സംവിധാനമുണ്ടോ?

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം

രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക്സ് സെൻററുമായി ചേർന്ന് 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷന് രൂപം കൊടുത്ത് മത്സ്യമേഖലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെയും മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും 'സാഗര' യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അടിയന്തിര സന്ദർഭങ്ങളിൽ തീരക്കടലിൽ മുന്നറിയിപ്പുകൾ നൽകാനും സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നുണ്ട്. കേന്ദ്ര കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് INCOIS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്ക് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS ന് കൈമാറിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകളും SDMA-യിൽനിന്നും വരുന്ന മുന്നറിയിപ്പുകളും INCOIS വഴി മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നു. ഇതുകൂടാതെ തീരദേശ ജില്ലകളിൽ മൈക്ക് അനൗൺസ്മെന്റ് വഴിയും തീരദേശ ആരാധനാലയങ്ങൾ, മത്സ്യത്തൊഴിലാളികളുടെ വാട്സ്ആപ് ഗ്രൂപ്പുകൾ, എഫ്. എം. റേഡിയോകൾ, തീരദേശ ജാഗ്രതാ സമിതികൾ എന്നിവ വഴിയും

അപായ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലേയ്ക്ക് എത്തിച്ച് നൽകുന്നുണ്ട്.

## ദേവസ്വം ക്ഷേത്രങ്ങളുടെ പ്രവർത്തനം

19(*229) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ക്ഷേത്രങ്ങളുടെ പ്രവർത്തനം സുഗമവും നവീനവുമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തി വരുന്നതെന്ന് അറിയിക്കാമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-07-2021-ൽ ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത

യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്ര ആവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമാനമെടുക്കുകയും ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണംചെയ്ത് വരികയുംചെയ്യുന്നുണ്ട്. ഇതുകൂടാതെ വിവിധ ദേവസ്വം ബോർഡുകൾ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ഇനി പറയുന്നവയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി എപ്രകാരം ഉപയോഗപ്പെടുത്താമെന്ന റിപ്പോർട്ട് തയ്യാറാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മരാമത്ത് വിഭാഗത്തിലെ എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ക്ഷേത്രങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ഉയർന്ന വരുമാനമുള്ള ക്ഷേത്രങ്ങളിൽ

വഴിപാട് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഓൺലൈൻ വഴിപാട് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പല ക്ഷേത്രങ്ങളിലും പൂജകൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും ക്ഷേത്രസംബന്ധമായ വിവരങ്ങൾ അറിയുന്നതിനും മൊബൈൽ ആപ്പുകൾ വികസിപ്പിച്ച് നടപ്പിലാക്കുകയും കടലാസ് രഹിത പണമിടപാടുകൾ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന് ഓൺലൈൻ പേമെന്റ് ഗേറ്റ് വേ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം വഴിപാട് ബുക്കിംഗ് ഓൺലൈനാക്കി. കൂടാതെ വഴിപാട് ബുക്കിംഗ് കൗണ്ടറുകൾ ക്ഷേത്രത്തിന് പുറത്ത് സ്ഥാപിച്ചു. കൊച്ചിൻ ദേവസ്വം ബോർഡിൽ വഴിപാടുകൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യവും UPI ID, Swiping Machine, QR Code എന്നിവയിലൂടെ പണമടയ്ക്കാനുള്ള സൗകര്യവും ആരംഭിച്ചു. കൂടൽമാണിക്യം ദേവസ്വത്തിന്റെ അധീനതയിലുള്ള തരിശ് ഭൂമികളിൽ വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും പ്രാരംഭമായി ഇരിങ്ങാലക്കുട ടൗണിലുള്ള ഭൂമിയിൽ കെട്ടിടം പണിത് വാടകയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രയോജനപ്പെടുത്താവുന്ന ഭൂമികളിൽ

ദീർഘവീക്ഷണത്തോടെ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേവസ്വത്തിന്റെ കീഴിലുള്ള ഉപയോഗശൂന്യമായ കുളങ്ങളിൽ കൂടൽമാണിക്യം ക്ഷേത്രത്തിലെ പ്രധാന വഴിപാടായ താമരമാല ചാർത്തലിനുള്ള താമരപ്പൂവ് കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേവസ്വം സ്വയം പര്യാപ്തമാകുന്നതിന്റെ ഭാഗമായി തെങ്ങിൻ തൈകളും അതോടൊപ്പം തുളസി, തെച്ചി, കുറുന്തോട്ടി, ശതാവരി മുതലായ ചെടികളും നട്ടുവളർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്രത്തിലെ താളിയോല ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുവേണ്ടി മ്യൂസിയം & ആർക്കൈവ്സ് സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ക്ഷേത്രത്തിൽ ഒരു ആയുർവ്വേദ ക്ലിനിക് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ നടത്തിയ അന്വേഷണത്തിൽ ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ പലയിടത്തും ചില സംഘടനകൾ ശാഖയും മാസ്ഡ്രില്ലും നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധനാ വേളകളിലും തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ നടത്തിയ അന്വേഷണത്തിലും ബോർഡിന്റെ അധീനതയിലുള്ള ചില ക്ഷേത്രങ്ങളിൽ ആർ.എസ്.എസ്. എന്ന സംഘടനാ ശാഖകൾ പ്രവർത്തിക്കുന്നതായും അവർ മാസ്ഡ്രിൽ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേലിൽ ഇത്തരത്തിലുള്ള ശാഖകൾ പ്രവർത്തിക്കുകയോ മാസ്ഡ്രിൽ നടത്തുകയോ ക്ഷേത്രാചാരങ്ങൾക്ക് ഹിതകരമല്ലാത്ത പ്രവർത്തികളിൽ ഏർപ്പെടുകയോ ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കഷീഷണർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ് ഗ്രൂപ്പ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് 30-03-2021-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ക്ഷേത്രങ്ങളിൽ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമല്ലാതെ ആയുധപരിശീലനം നടത്തുന്നതും മറ്റും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കാവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഏതെങ്കിലും വ്യക്തികളോ സംഘടനകളോ ആയുധ പരിശീലനം നടത്തുന്നതായി

റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം, ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായി ബോർഡിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിച്ചുവരുന്നു. ഗുരുവായൂർ, കൊച്ചിൻ, കൂടൽമാണിക്യം ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഇതുവരെ ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

## ജലസേചന പദ്ധതികളിൽ പുതിയ സാങ്കേതികവിദ്യകൾ

20(*230) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇറിഗേഷൻ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ സമയബന്ധിതമായി

നിർവ്വഹിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ജലസേചന പദ്ധതികൾ നടപ്പാക്കുമ്പോൾ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ജലസേചന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. മൈക്രോ ഇറിഗേഷൻ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പുതിയ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, ടോട്ടൽ സ്റ്റേഷൻ സർവ്വേ തുടങ്ങിയ കമ്പ്യൂട്ടറൈസ്ഡ് നൂതന സൗകര്യങ്ങൾ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉൾപ്പെടുത്താറുണ്ട്. VCB, Check dam എന്നിവയിൽ FRP SHUTTE-കൾ സ്ഥാപിക്കൽ, പുഴകൾ, തോടുകളുടെ അരിക് ഭിത്തി സംരക്ഷണത്തിനായി Geo Textile, Gabion wall നിർമ്മാണം എന്നിവയും കടൽതീര സംരക്ഷണ പ്രവൃത്തികൾക്കായി പരമ്പരാഗത നിർമ്മിതികൾക്ക് പുറമെ കോൺക്രീറ്റ് ടെട്രാ പോഡ്/ടെട്രാ പോട്ട്, ജിയോ ബാഗ്, ഗ്രോയൻസ് തുടങ്ങിയ പുതിയ സാങ്കേതിക വിദ്യകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിവരുന്നു. രൂപകൽപ്പന വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി വിവിധ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് രൂപകൽപ്പന ചെയ്യാൻ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ ലോക ബാങ്ക് സഹായത്തോടെ നടത്തിവരുന്ന ഡാം പുനരുദ്ധാരണ പദ്ധതിയായ ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് Central Project Management Unit (CPMU) ആയ Central Water Commission (CWC)-യുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകിവരുന്നു. ജലസേചന വകുപ്പിന്റെ 16 ഡാമുകളിൽ പ്രവർത്തനക്ഷമത നിരീക്ഷിക്കുന്നതിന് ഉപകരണങ്ങൾ സ്ഥാപിക്കുന്ന "Instrumentation" പ്രവൃത്തി നടന്നുവരുന്നു.

## ചലച്ചിത്ര മേഖലയിലെ ആവിഷ്കാര സ്വാതന്ത്ര്യം

21(*231) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്രമായ ചലച്ചിത്രാവിഷ്കാരത്തെ തടസ്സപ്പെടുത്തുന്നതിന്

കേന്ദ്രസർക്കാർ കൊണ്ടുവരുന്ന നിയന്ത്രണങ്ങളും നിയമങ്ങളും പ്രസ്തുത മേഖലയെ ദോഷകരമായി ബാധിക്കുമെന്ന സാംസ്കാരിക പ്രവർത്തകരുടെ അഭിപ്രായത്തോടുള്ള നിലപാട് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് ഔദ്യോഗിക വിവരങ്ങൾ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഇടപെടലുകളും നടപടികളും കൈക്കൊള്ളുന്നതാണ്.

(ബി) ഈ സാഹചര്യത്തിൽ കലാസ്വാദനത്തോടൊപ്പം രാജ്യത്തിന്റെ ബഹുസ്വരതയെയും മതേതരത്വത്തെയും സാംസ്കാരിക മൂല്യങ്ങളെയും പരിപോഷിപ്പിക്കുന്നതിനും ചലച്ചിത്ര മേഖലയെ സംരക്ഷിക്കുന്നതിനും ആവിഷ്കാര സ്വാതന്ത്ര്യം നിലനിർത്തുന്നതിനും ആവശ്യമായ എന്തെല്ലാം പിന്തുണയാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഏറ്റവും വലിയ മതേതര ജനാധിപത്യ ചലച്ചിത്രോത്സവമായ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിൽ (IFFK) രാജ്യത്തിന്റെ ബഹുസ്വരതയേയും മതേതരത്വത്തേയും സാംസ്കാരിക മൂല്യങ്ങളേയും പരിപോഷിപ്പിക്കുന്ന സിനിമകളും ഉൾപ്പെടുത്തിവരുന്നു. ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ്

കേരളയിൽ (IDSFK) സങ്കുചിത ദേശീയവാദത്തിനും വർഗീയതയ്ക്കും എതിരായ ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും പ്രദർശിപ്പിക്കാറുണ്ട്. അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പദ്ധതി പ്രകാരം നാട്ടിൻപുറങ്ങളിൽ ഉന്നതമായ മാനവിക മൂല്യങ്ങളിലൂന്നിയ സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു.

(സി) ഉയർന്ന കലാമൂല്യങ്ങളും നൂതന ആശയങ്ങളുമടങ്ങുന്ന ചലച്ചിത്ര സൃഷ്ടികൾ മലയാളത്തിൽ ഇറങ്ങുന്നുണ്ടെങ്കിലും അത്തരം സിനിമകൾക്ക് പ്രദർശന സൗകര്യം ലഭ്യമല്ലാത്തതിനാൽ ആയത് പരിഹരിക്കാൻ ചലച്ചിത്ര അക്കാദമിയുടെ തിയേറ്ററുകളിൽ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ വാണിജ്യ സിനിമകളോടൊപ്പംതന്നെ കലാമൂല്യമുള്ളതും നൂതന ആശയങ്ങളുമടങ്ങുന്ന ചലച്ചിത്ര സൃഷ്ടികളും പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ മലയാള സിനിമയ്ക്ക് ഊന്നൽ നൽകികൊണ്ട് സിനിമാ നിർമ്മാതാക്കൾക്ക് വരുമാനം ഉറപ്പാക്കുന്നതിനും ചലച്ചിത്രങ്ങളുടെ പ്രദർശനത്തിനുമായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ O.T.T. Platform (Over The Top) സജ്ജീകരിക്കുന്നുണ്ട്. കലാമൂല്യങ്ങളുള്ള ചിത്രങ്ങളും ഒ.ടി.ടി. വഴി പ്രദർശിപ്പിക്കുന്നതുവഴി ലോകമെമ്പാടുമുള്ള സിനിമാ പ്രേക്ഷകർക്ക് ഈ

ചിത്രങ്ങൾ ആസ്വദിക്കാൻ കഴിയുന്നതോടൊപ്പം നിർമ്മാതാക്കൾക്കും മറ്റ് സിനിമാ മേഖലയിലുള്ളവർക്കും വരുമാന വർദ്ധനവുണ്ടാവുകയും ചെയ്യും.

## പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ

22(*232) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച രീതിയിലുള്ള വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യുണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ ഭൗതിക

സാഹചര്യങ്ങൾ വർധിപ്പിക്കുക, ശുചിത്വ സംവിധാനം ഏർപ്പെടുത്തുക, മഴവെള്ള സംഭരണി, കിണർ എന്നിവയുടെ നിർമ്മാണവും കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സിസിടിവി, മിനിമാസ്റ്റ് ലൈറ്റ് എന്നിവയും ഇതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്കിടയിൽ പകർച്ച വ്യാധി തടയുന്നതിന് 114 ഹോസ്റ്റലുകളിൽ ബയോ ഹസാർഡ് സ്പിൽ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഹോസ്റ്റലുകളിലെ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാകംചെയ്യുന്നതിനുള്ള സമയം കുറയ്ക്കുന്നതിനുമായി ഹോസ്റ്റലുകളിൽ സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ച് പഠിക്കുന്ന കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും നൈപുണ്യ വികസനത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് കരിയർ ഗൈഡൻസ് & കൗൺസലിംഗ് നൽകിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും ട്യൂട്ടർമാരുടെ സേവനം, കുട്ടികളുടെ ആരോഗ്യ സുരക്ഷയ്ക്കായി ജെ.പി.എച്ച്.എൻ., സ്കൂൾ നഴ്സ് മുതലായവരുടെ സേവനവും നൽകിവരുന്നു. കുട്ടികളുടെ പാഠ്യേതര ഉന്നമനത്തിനായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ്സ് കോർപ്സ്, സർഗോത്സവം, കളിക്കളം, ASAP തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദേശീയ, അന്തർദേശീയ തലത്തിലെ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം നേടാനും വിദേശത്ത് തൊഴിൽ നേടാനും സഹായം നൽകുന്നുണ്ടോ; പ്രസ്തുത വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത പരിശീലനത്തിന് പ്രത്യേകം പദ്ധതിയുണ്ടോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ

അംഗീകൃത കോഴ്സുകളിൽ പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. കൂടാതെ, നാഷണൽ എൻട്രൻസ്/മറ്റ് പൊതു പ്രവേശന പരീക്ഷ വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി ഒരു വിദ്യാർത്ഥിക്ക് പരമാവധി 25 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുന്നു. ദേശീയ, അന്തർദേശീയ തലത്തിലെ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം നേടി കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിലധിഷ്ഠിത പരിശീലനത്തിന് പ്രത്യേകം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ലെങ്കിലും എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി, പി.ജി., പ്രൊഫഷണൽ കോഴ്സ്

എന്നീ യോഗ്യത നേടിയവർക്ക് നൈപുണ്യ പരിശീലനം വഴി സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനായി വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേകം സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ യോഗ്യതയും അഭിരുചിയുമനുസരിച്ച് അതിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി തൊഴിൽ നേടുന്നതിനുള്ള പരിശീലനവും സാഹചര്യവും ഒരുക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് 'സമന്വയ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ കരിയർ വികസനവുമായി ബന്ധപ്പെട്ട് അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിൽ പരിശീലനങ്ങളിലൂടെ അവരെ തൊഴിൽ യോഗ്യതയുള്ളവരാക്കുന്നതിനും മത്സര പരീക്ഷാ പരിശീലന ക്ലാസ്സുകൾ, തൊഴിൽ മാർഗ്ഗനിർദ്ദേശം, സ്വയംതൊഴിൽ പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം, തൊഴിൽ സംബന്ധമായ അറിവ് നൽകൽ, മത്സരപരീക്ഷയ്ക്കുള്ള പരീശീലന പരിപാടികൾ തുടങ്ങിയ ഔട്ട് റീച്ച്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നു.

## റൂറൽ ആർട്ട് ഹബ്ബുകളുടെ രൂപീകരണം

23(*233) ശ്രീ. പി. പി. സുമോദ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതനിരപേക്ഷതയുടെ അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനായി സാംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മതനിരപേക്ഷതയുടെ അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടാണ് സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ/പരിപാടികൾ സംഘടിപ്പിക്കുന്നത്. ഭരണഘടനയുടെ അന്ത:സത്ത ഉൾക്കൊണ്ട് മതനിരപേക്ഷ സമൂഹം കെട്ടിപ്പടുക്കുന്നതിന് മത നിരപേക്ഷത മുൻ നിർത്തിയുള്ള സെമിനാറുകൾ, സംവാദങ്ങൾ, സാംസ്കാരിക അവതരണങ്ങൾ എന്നിവ വിവിധ അക്കാദമികളും സാംസ്കാരിക സ്ഥാപനങ്ങളും വിപുലമായ രീതിയിൽ നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് മതനിരപേക്ഷത ശക്തിപ്പെടുത്തുകയെന്ന ഉദ്ദേശത്തോടെ വിവിധ സാംസ്കാരിക

സ്ഥാപനങ്ങളിലൂടെ ശക്തമായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്.

(ബി) കൊല്ലത്ത് ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതിയാണ് സാംസ്കാരിക വകുപ്പിനുകീഴിൽ കിഫ്ബി മുഖേന നടന്നുവരുന്നത്. കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റേയും പാലക്കാട് ജില്ലയിൽ വി. ടി. ഭട്ടതിരിപ്പാടിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റേയും കാസർഗോഡ് ജില്ലയിൽ സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റേയും നിർമ്മാണം പുരോഗമിക്കുന്നു. ഇവയുടെ സ്ട്രക്ചറൽ ജോലികളും ഫിനിഷിംഗ് ജോലികളും പുരോഗമിക്കുന്നു. എറണാകുളം, ഇടുക്കി, പത്തനംതിട്ട, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി റവന്യൂ ഭൂമി കണ്ടെത്താൻ സാധിച്ചിട്ടില്ല. ഭൂമി ലഭ്യമായിട്ടില്ലാത്ത മേൽപ്പറഞ്ഞ

ജില്ലകളിൽ, ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ അനുയോജ്യമായ റവന്യൂ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

(സി) കലാകാരന്മാരുടെ നൈപുണ്യം പ്രോത്സാഹിപ്പിക്കുന്നതിനും അന്തർദേശീയ കലാ കമ്പോളവുമായി ബന്ധിപ്പിക്കുന്ന റൂറൽ ആർട്ട് ഹബ്ബുകൾ രൂപീകരിക്കുന്നതിനും നാടൻ കലകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കുമോ?

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പൈതൃക കരകൗശല ഗ്രാമങ്ങളിലെ കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പുവരുത്തുന്ന നൂതനമായ ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം അഥവാ റൂറൽ ആർട്ട് ഹബ് പദ്ധതി. സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട 20 പൈതൃക കരകൗശല ഗ്രാമങ്ങളെ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 15 ഓളം ഗ്രാമങ്ങളിലെ കലാകാരന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഉത്പന്ന പ്രദർശനം, വിപണനം എന്നീ കാര്യങ്ങളിൽ പിന്തുണ നൽകി അവർക്ക് ഇടനിലക്കാരില്ലാതെ ഈടുറ്റ വിപണി ബന്ധങ്ങൾ ഉറപ്പാക്കുകയാണ് ഈ പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്. ഓരോ ഗ്രാമത്തിലും

സ്വാശ്രയ സംഘങ്ങളും കോമൺ ഫെസിലിറ്റി കേന്ദ്രങ്ങളും സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച കരകൗശല വിദഗ്ദ്ധർക്ക് തുടർന്നും തൊഴിൽ സാദ്ധ്യതകൾ നിലനിർത്തിപോരുന്ന ഒരു പദ്ധതിയാണിത്. നാടൻ കലകളുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും യുവാക്കളിലും ആഭിമുഖ്യമുണർത്തുക തുടങ്ങിയ ലക്ഷ്യത്തോടെ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകവഴി സാംസ്കാരിക ഉന്നമനം സാദ്ധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ തെയ്യം, തിറ, പൂരക്കളി, മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരിശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകിവരുന്നു. ഗോത്രകലകൾ, നാടൻകലകൾ,

അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, അന്ധഗായക സംഘം, കാരുണ്യാലയങ്ങളിലെ കലാസംഘങ്ങൾ, ജയിൽ അന്തേവാസികളിൽനിന്നുള്ള കലാസംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയും അതാത് കലാസംഘങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് തനിമയോടെ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ചു വയ്ക്കുകയും ചെയ്യുന്ന ' മഴമിഴി' - മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും ഇതിന്റെ തുടർച്ചയായി ' തളിർമിഴി' എന്ന മെഗാ സ്ട്രീമിംഗും പുരോഗമിക്കുന്നു. ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ തനത് കലാരൂപങ്ങളുടെ അവതരണം, സാംസ്കാരിക സമ്മേളനം, കലാകാരന്മാരെ ആദരിക്കൽ എന്നിവ നടന്നുവരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ

റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകിവരുന്നു.

പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ കുടുംബങ്ങൾക്ക് വീട്

24(*234)ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ മാനദണ്ഡപ്രകാരം തയ്യാറാക്കിയ ലിസ്റ്റനുസരിച്ച് എത്ര പട്ടികജാതി, പട്ടികഗോത്രവർഗ്ഗ കുടുംബങ്ങൾക്കാണ് വീട് അനുവദിക്കേണ്ടതായിട്ടുള്ളതെന്ന് അറിയിക്കാമോ?

ലൈഫ് മിഷൻ തയ്യാറാക്കിയ ലിസ്റ്റ് അനുസരിച്ച് 75137 പട്ടികജാതി കുടുംബങ്ങൾക്കും 35553 പട്ടികവർഗ്ഗ കുടുംബങ്ങൾക്കുമാണ് വീട് അനുവദിക്കേണ്ടിയിരുന്നത്.

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി വീട് അനുവദിച്ചതിൽ എത്ര വീടുകളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന കണക്ക് ലഭ്യമാണോ?

ലൈഫ് മിഷന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ അഡീഷണൽ ലിസ്റ്റിൽനിന്നും വീട് അനുവദിച്ചതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ 42249 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ 14854 വീടുകളുമാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്.

(സി) ഭൂരഹിത, ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങാൻ നൽകുന്ന ധനസഹായ പദ്ധതി ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിത, ഭവനരഹിതർക്ക് ഭൂമി വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന ധനസഹായം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7368 ഗുണഭോക്താക്കളും പട്ടികവർഗ്ഗത്തിൽപ്പെട്ട 316 ഗുണഭോക്താക്കളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ 2021-22 ഫെബ്രുവരി മാസം വരെ പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 19316 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി

വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ലാന്റ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെ 176 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്.

ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം

25(*235) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാന്തരങ്ങളിൽ താമസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിലും അവരെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിലും കഴിഞ്ഞ സർക്കാരിന്റെ ഇടപെടലുകളുടെ ഫലമായിട്ടുണ്ടായ പുരോഗതി ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. പ്രാക്തനഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

ഗോത്രസാരഥി പദ്ധതി, ഗോത്രബന്ധു പദ്ധതി സാമൂഹ്യ പഠനമുറി, എം.ആർ.എസ്.-കൾ, ഹോസ്റ്റലുകൾ, പ്രീ-മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി, അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം, മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം, ലാപ്ടോപ്പ് വിതരണം കൂടാതെ, പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാലയ പ്രവേശനവും തുടർ പഠനവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 'സമഗ്ര ശിക്ഷ കേരള'യുടെ നേതൃത്വത്തിലും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കോവിഡ് വ്യാപനത്തെത്തുടർന്ന് വിദ്യാലയങ്ങളും ഹോസ്റ്റലുകളും താൽക്കാലികമായി അടച്ചിടാനിടയായതും പഠനം ഓൺലൈൻ ക്ലാസ്സുകളിലേയ്ക്ക് മാറുകയുംചെയ്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥികളുടെ പഠനവും കൊഴിഞ്ഞുപോക്കും പ്രത്യേകമായി നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

കോവിഡ് രണ്ടാംതരംഗം അതിരൂക്ഷമായിരുന്നതിനാൽ 2021-22 അധ്യയനവർഷം "ഫസ്റ്റ്ബെൽ 2.0" എന്ന പേരിൽ സ്കൂൾ

വിദ്യാർത്ഥികൾക്കായുള്ള ഡിജിറ്റൽ ക്ലാസ്സുകൾ വിക്ടേഴ്സ് ചാനൽ വഴി സംപ്രേക്ഷണം ചെയ്തിരുന്നു. കൂടാതെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി ഓൺലൈൻ ക്ലാസുകൾ ഏർപ്പെടുത്തിയിരുന്നു. നടപ്പ് അദ്ധ്യയന വർഷം ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ക്ലാസുകൾ ലഭ്യമാക്കുന്നതിനായി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/സീനിയർ സൂപ്രണ്ടുമാർ മുഖേന എസ്. ടി. പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, റിട്ട. അദ്ധ്യാപകർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ അദ്ധ്യാപകർ എന്നിവരുടെ സേവനം ഉപയോഗിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനാന്തരങ്ങളിൽ താമസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരടക്കമുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ ലാപ്ടോപ്പുകൾ/ ടാബുകൾ ലഭ്യമാക്കി ടി വിദ്യാർത്ഥികളെ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കാളികളാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട മുഴുവൻ വിദ്യാർത്ഥികളെയും തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉന്നത വിദ്യാഭ്യാസത്തിന് അവരെ

പ്രാപ്തരാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നം പരിഹരിച്ചുകൊണ്ട് അതുവഴിയുള്ള കൊഴിഞ്ഞുപോക്ക് തടയുക എന്ന ലക്ഷ്യം വച്ച് സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ "ഗോത്രബന്ധു' പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിദൂരവും ദുർഘടവുമായ സങ്കേതങ്ങളിൽനിന്നും വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിച്ച് തിരികെ വീട്ടിൽ എത്തിക്കുന്ന പദ്ധതിയായ 'ഗോത്രസാരഥി' ഫലപ്രദമായി നടപ്പിലാക്കിയതുവഴി കൊഴിഞ്ഞുപോക്ക് നിയന്ത്രിച്ചുകൊണ്ട് അവരുടെ പഠന നിലവാരം ഉയർത്താൻ സാദ്ധ്യമായിട്ടുണ്ട്. മെന്റർ ടീച്ചർമാർ, എസ്. ടി. പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ ഉൾപ്പെടെയുള്ള വകുപ്പിന്റെ ഫീൽഡ് തലത്തിലെ എല്ലാ സംവിധാനങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ആദ്യം തന്നെ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എം.ആർ.എസ്.-കളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠന പ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ് റൂമുകൾ

സജ്ജീകരിച്ചു. പ്ലസ്ടു തലം വരെയുള്ള എം.ആർ.എസ്.-കളിൽ 2 വീതവും എസ്.എസ്.എൽ.സി.വരെയുള്ള എം.ആർ.എസ്.-കളിൽ ഒന്നു വീതവും സ്മാർട്ട് ക്ലാസ്സുകൾ സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ എം.ആർ.എസ്.-കളിലും ഒരേ സമയം 40 കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, അന്യ സംസ്ഥാന പഠനത്തിന് ധനസഹായം, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന ധനസഹായം, ലാപ്ടോപ്പ് വിതരണം, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പൊതു പ്രവേശന പരീക്ഷാ പരിശീലനം, വിദേശത്ത് പോയി പഠിക്കുന്നതിന് സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികളിലൂടെ ടി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താനും അവരെ ഉന്നത വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുവാനും സാധിച്ചിട്ടുണ്ട്.

<u>തീരശോഷണവും കടലാക്രമണവും തടയാൻ പദ്ധതി</u>

26(*236) <u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരപ്രദേശങ്ങളിലെ തീരശോഷണവും

കടലാക്രമണവും തടയാൻ സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ പഠനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് തീരപ്രദേശങ്ങളിലെ തീരശോഷണവും കടലാക്രമണവും തടയുക എന്ന മുഖ്യലക്ഷ്യത്തോടെ ശാസ്ത്രീയവും സമഗ്രവുമായ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി വിപുലമായ വിവരശേഖരണവും വിശകലനവും നടത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ രൂപകൽപ്പനയുൾപ്പെടെ നടത്തുന്നതിനായി ചെന്നൈ ആസ്ഥാനമായിട്ടുള്ള "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കാലാവസ്ഥയിലുണ്ടായിട്ടുള്ള വ്യതിയാനത്തിന്റെയും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുടെയും ഫലമായി വലിയതോതിലുള്ള തീരശോഷണം സംഭവിക്കുന്ന താഴെപ്പറയുന്ന പത്ത് സ്ഥലങ്ങളെ ഹോട്ട്സ്പോട്ടുകളായി (Hotspot) കണക്കാക്കിയിട്ടുണ്ട്. ശംഖുമുഖം, കൊല്ലങ്കോട്, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കയ്പമംഗലം, പൊന്നാനി, കാപ്പാട്, തലശ്ശേരി, വയ്യപറമ്പ എന്നിവയാണ് പ്രസ്തുത ഹോട്ട്സ്പോട്ടുകൾ. ഇതോടൊപ്പം രൂക്ഷമായ കടലാക്രണം നേരിടുന്ന എല്ലാ പ്രദേശങ്ങളും പഠനത്തിന്റെ ഭാഗമാണ്.

(ബി) കടലാക്രമണ ഭീഷണി നേരിടുന്ന തീരങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; പരമ്പരാഗത മാർഗ്ഗങ്ങളിൽനിന്നും വ്യത്യസ്തമായി തീരസംരക്ഷണത്തിനായി ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കടലാക്രമണം വലിയതോതിൽ നേരിടുന്ന തീരങ്ങൾ സംരക്ഷിക്കുന്നതിന് 2021-2022 സംസ്ഥാന ബജറ്റിലെ പ്ലാൻ ഫണ്ടിൽ 2.40 കോടി രൂപയും നോൺപ്ലാൻ ഫണ്ടിൽ 6.825 കോടി രൂപയും കൂടാതെ പ്രത്യേക വിഹിതമായി എറണാകുളം ജില്ലയ്ക്ക് രണ്ട് കോടി രൂപയും മറ്റ് തീരദേശ ജില്ലകൾക്ക് ഒരു കോടി രൂപ വീതവും 25-05-2021-ലെ സർക്കാർ ഉത്തരവ് നമ്പർ 296/2021/ജവിവ പ്രകാരം അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക വിനിയോഗിച്ച് ജിയോബാഗിൽ മണ്ണ് നിറച്ചും ആവശ്യമായ സ്ഥലങ്ങളിൽ കല്ല് ഉപയോഗിച്ചുമുള്ള താൽകാലിക കടൽഭിത്തി നിർമ്മാണവും മുഖേന കടൽത്തീരം അടിയന്തരമായി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, 2021-22 ബജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5,300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി

ധനസഹായത്തോടെ 1,500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും സംസ്ഥാനത്തുതന്നെ രൂക്ഷമായ കടലാക്രമണം നേരിടുന്ന ചെല്ലാനത്ത് നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച്, ചെന്നൈയുടെ സഹായത്തോടെ പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും സംയോജിത നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും വിശദമായ രൂപരേഖയ്ക്ക് 29-07-2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.395/2021/ജവിവ പ്രകാരം അംഗീകരിച്ച് 344.20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തി ജലസേചന വകുപ്പിന്റെ Special Purpose Vehicle(SPV) ആയ KIIDC മുഖേന ടെണ്ടർ ചെയ്യുകയും പുരോഗതി വിലയിരുത്തലിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കുമായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) രൂപീകരിച്ച് പ്രവർത്തിച്ച് വരികയുംചെയ്യുന്നു. തീരസംരക്ഷണത്തിനായി ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി കോവളം തീരത്ത് (2009-ൽ) നടപ്പിലാക്കിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖേനയാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചത്. നിലവിൽ തിരുവനന്തപുരം

പൂന്തുറ ഭാഗത്ത് ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കുന്ന പ്രവർത്തനം കേരള കോസ്റ്റൽ ഏര്യാ ഡെവലപ്പമെൻറ് കോർപ്പറേഷന്റെ ചുമതലയിൽ ഏറ്റെടുത്ത് നടത്തിവരുന്നു. മുംബൈ ആസ്ഥാനമായ M/s DVP GCC Joint venture എന്ന കമ്പനിയെയാണ് നിർമ്മാണ ചുമതല ഏൽപിച്ചിട്ടുള്ളത്. അതുപ്രകാരം 1000 ടൺ ശേഷിയുള്ള ബാർജ്ജുകൾ, ഉയർന്ന ശേഷിയുള്ള സാന്റ് പമ്പ് ഡ്രഡ്ജറുകൾ, 800 മുതൽ 1000 ടൺ ശേഷിയുള്ള ഡ്രഡ്ജറുകൾ, സ്കൂബ ഡൈവിംഗ്, ഓക്സിജൻ ജനറേറ്റർ എന്നിവ ഘടിപ്പിച്ചിട്ടുള്ള പ്രത്യേകതരം ബാർജ്ജുകൾ, ടഗ്ഗുകൾ എന്നിവ ഉൾപ്പെടെയുള്ള മറൈൻ യന്ത്രങ്ങൾ ഉപയോഗിച്ചാണ് നിർമ്മാണം നടന്നുവരുന്നത്. നിർമ്മാണത്തിനാവശ്യമായ ഉന്നതനിലവാരമുള്ള ജിയോട്യൂബുകൾ വിദഗ്ധ ഏജൻസികളുടെ സൂക്ഷ്മ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി ചൈനയിൽനിന്ന് ഇറക്കുമതി ചെയ്തിട്ടുള്ളതാണ്. 20 മീറ്റർ, 16 മീറ്റർ, 12 മീറ്റർ എന്നീ നീളത്തിലുള്ളതും 15 മീറ്റർ വ്യാസത്തിലുള്ളതുമായ ട്യൂബുകളാണ് ഇതിന് ഉപയോഗിക്കുന്നത്. ഈ പദ്ധതി വളരെയേറെ പ്രതിബന്ധങ്ങളും കടലിലെ ചില സമയങ്ങളിൽ ഉണ്ടാകുന്ന കടൽ ക്ഷോഭവും അതിജീവിച്ചുകൊണ്ട് ലഭിക്കുന്ന ചുരുങ്ങിയ സമയത്തിലാണ്, കേരളത്തിലെ തന്നെ ഏറ്റവും പ്രക്ഷുബ്ധമെന്നറിയപ്പെടുന്ന പൂന്തുറ പ്രദേശത്ത് കേരള

സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്നത്. പൈലറ്റ് വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ വിജയ സാദ്ധ്യത പരിശോധിച്ച് മറ്റു വിവിധ പ്രദേശങ്ങളിലും നടപ്പിലാക്കാൻ കഴിയുന്നതാണ്. പ്രവൃത്തിയുടെ മേൽനോട്ടം ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായ NIOT നിർവ്വഹിച്ചുവരുന്നു. നിലവിൽ പദ്ധതിയുടെ ഭാഗികമായ പൂർത്തീകരണത്തിൽതന്നെ ആശാവഹമായ മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## സാഹസിക വിനോദ സഞ്ചാരത്തിനുള്ള മുൻകരുതലുകൾ

27(*237) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന മേഖലകളിൽ ട്രക്കിംഗും മലകയറ്റവും നടത്തുന്നവർ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനാവശ്യമായ തയ്യാറെടുപ്പുകളെയും മുൻകരുതലുകളെയും സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം വനം വകുപ്പ് നൽകിയിട്ടുണ്ടോ?

വനംവകുപ്പിന്റെ ഇക്കോ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ട്രക്കിംഗ് കർശന നിരീക്ഷണത്തിലാണ് നടത്തിവരുന്നത്. വനത്തിനോ, വന്യജീവികൾക്കോ നാശം സംഭവിക്കാതെയും അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെയും അപകട സാദ്ധ്യത കുറവായ വനപാതകളിലൂടെ ഇക്കോ ടൂറിസത്തിന്റെ ഭാഗമായി, കേന്ദ്ര ഗവണ്മെന്റ് നിഷ്കർഷിച്ചിട്ടുള്ള ടൈഗർ കൺസർവേഷൻ പ്ലാൻ/വർക്കിംഗ് പ്ലാൻ/ മാനേജ്മെന്റ് പ്ലാൻ എന്നിവയുടെ അംഗീകാരത്തിന് വിധേയമായി അനുവദിക്കുന്ന ട്രക്കിംഗുകളിൽ പങ്കെടുക്കുന്നവർക്കൊപ്പം വനം വകുപ്പിന്റെ പരിചയസമ്പന്നരായ ഗൈഡുകൾ അനുഗമിക്കുന്നു. ഇവരുടെ മാർഗ്ഗനിർദ്ദേശങ്ങളും സുരക്ഷാ മുന്നറിയിപ്പുകളും അനുസരിച്ച് മാത്രമേ ട്രക്കിംഗ് നടത്താൻ അനുവദിക്കുകയുള്ളൂ. ഫീൽഡ് തലത്തിലും സുരക്ഷിതമായ ട്രക്കിംഗിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ-ടൂറിസം ക്രേന്ദ്രങ്ങളിൽ എത്തുന്ന ഇന്ത്യക്കാരായ സന്ദർശകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ആയത് അപകടരഹിതമാക്കുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം തയ്യാറാക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിൽ അപകടരഹിതമായ ട്രക്കിംഗിനുള്ള വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ ഫീൽഡ് തലത്തിൽ നൽകിവരുന്നുണ്ട്. അപകടരഹിതമായ ട്രക്കിംഗ് വനം വകുപ്പിന്റെ ഫീൽഡ് ഉദ്യോഗസ്ഥരുടെയും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളായ അംഗീകൃത ഗൈഡുമാരുടെയും മേൽനോട്ടത്തിൽ നടത്തിവരുന്നു.

ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട്

28(*238) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി ഈ കാര്യത്തിൽ ശക്തമായ നിയമനിർമ്മാണം വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള സിനി എക്സിബിറ്റേഴ്സ് ആന്റ് എംപ്ലോയീസ് (റെഗുലേഷൻ)ആക്റ്റ് -2020 എന്ന ചട്ടം നടപ്പിലാക്കുന്നതിനും നിയമപ്രകാരം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും ജസ്റ്റിസ് കെ.ഹേമ സമിതി ശിപാർശ ചെയ്തിരുന്നു.

(ബി) ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13-07-2021-ന് സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമ വകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ജസ്റ്റിസ് കെ.ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിക്കാവുന്ന തുടർനടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയുംചെയ്തു. ജസ്റ്റിസ് കെ. ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന

ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ, തങ്ങളുടെ സ്വകാര്യ അനുഭവങ്ങൾ/വിവരങ്ങൾ ജസ്റ്റിസ് കെ. ഹേമ സമിതിയോട് വെളിപ്പെടുത്തിയത് സമിതിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ റിപ്പോർട്ട് കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് കെ. ഹേമ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ ഉൾക്കൊള്ളുന്നതിനാൽ റിപ്പോർട്ട് അതേപടി പൊതുരേഖയായി പ്രസിദ്ധീകരിക്കാൻ കഴിയില്ലെന്ന് 22-10-2020-ലെ 236(1)2020/SIC നടപടിക്രമം വഴി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. മാത്രവുമല്ല, കമ്മീഷൻ ഓഫ് എൻക്വയറീസിന്റെ പരിധിയിൽ ടി സമിതി വരുന്നില്ല.

(ഡി) കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ?

സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കെ. ഹേമ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് വരികയാണ്. സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനുള്ള ഫലപ്രദമായ കർമ്മ പരിപാടികൾ തയ്യാറാക്കിവരുന്നു.

(ഇ) സിനിമാ മേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കെ. ഹേമ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനുള്ള ഫലപ്രദമായ കർമ്മപരിപാടികൾ തയ്യാറാക്കിവരുന്നു.

## ദേവസ്വം ബോർഡിലെ മരാമത്ത് പണികളുടെ നടപടിക്രമങ്ങൾ

29(*239) ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിലെ മരാമത്ത് പണികളുടെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ മരാമത്ത് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി, ഡിപ്പാർട്ട്മെന്റ് മാനദണ്ഡപ്രകാരം ടെൻഡർ വിളിച്ച് അംഗീകൃത കരാറുകാരന് അനുമതി നൽകി എഗ്രിമെന്റ് വെച്ച് ആയത് പ്രകാരം വർക്ക് പൂർത്തീകരിക്കുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ മരാമത്ത് പ്രവർത്തികൾ നടത്തുമ്പോൾ നടപടിക്രമങ്ങൾ സുഗമവും കാര്യക്ഷമവും ആക്കുന്നതിനായി പ്രസ്തുത കാലയളവിൽ നിലനിൽക്കുന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കുലർ പുറപ്പെടുവിക്കാറുണ്ട്. കൊച്ചിൻ, കൂടൽമാണിക്യം ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന മരാമത്ത് പണികൾ ടെണ്ടർ ക്ഷണിച്ചാണ് വർക്ക് അവാർഡ് ചെയ്യുന്നത്. ഗുരുവായൂർ ദേവസ്വത്തിലെ മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട അസി.എഞ്ചിനീയർ തയ്യാറാക്കി മരാമത്ത് വിദഗ്ധ സമിതിയുടെ

ശിപാർശയോടെ ഭരണസമിതിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. അനുമതി ലഭ്യമാകുന്ന പക്ഷം 50,000/- രൂപവരെയുള്ള പ്രവൃത്തിക്ക് ക്വട്ടേഷനും അതിന് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ളവയ്ക്ക് ടെണ്ടറും ഒരു ലക്ഷത്തിന് മുകളിൽ ഉള്ളവയ്ക്ക് ഇ-ടെണ്ടറും ക്ഷണിക്കുന്നു. 5 ലക്ഷം രൂപയിൽ കൂടുതലുള്ള പുതിയ പ്രവൃത്തികൾക്ക് ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ ധനവിനിയോഗാനുമതി ലഭ്യമായതിനുശേഷം ഇ-ടെണ്ടർ ക്ഷണിക്കുന്നു. വർക്ക് ഓർഡർ നൽകി 14 ദിവസത്തിനകം നിയമാനുസൃത തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടവാക്കിയതിനുശേഷം കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടും. പ്രവൃത്തി പൂർത്തിയായതിനുശേഷം ബന്ധപ്പെട്ട അസി. എഞ്ചിനീയർ സമർപ്പിക്കുന്ന ബിൽ, വിദഗ്ധ സമിതി ശിപാർശയോടെ കരാറുകാരന് പാസ്സാക്കി നൽകുന്നു.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രവൃത്തികൾക്ക് കണക്കും രേഖയുമില്ലാത്ത അവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും ആവശ്യമായ രേഖകളും മറ്റ് അനുബന്ധ വിശദാംശങ്ങളും

കൃത്യമായി പരിപാലിച്ച് വരുന്നുവെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ദേവസ്വം ബോർഡിൽ മരാമത്ത് പണികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന എം. ബുക്ക് നിലവിലുണ്ടോ; ആയത് ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് എം.ബുക്ക് നിർബന്ധമായും സൂക്ഷിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അതാത് ക്ഷേത്രങ്ങളുടെ ഓഡിറ്റിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. തിരുവിതാംകൂർ, കൊച്ചിൻ, കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വങ്ങളിൽ എം. ബുക്ക് നിലവിലുണ്ട്. ഓഡിറ്റ് വിഭാഗം ആവശ്യപ്പെടുന്ന മുറയ്ക്ക് എം-ബുക്കുകൾ കൃത്യമായി ഓഡിറ്റിന് നൽകിവരുന്നു.

(ഡി) എം. ബുക്കിന് പകരം വ്യാജ ബുക്കുകൾ ഉപയോഗിക്കുന്നതായുള്ള പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

എം. ബുക്കിന് പകരം വ്യാജ ബുക്കുകൾ ഉപയോഗിക്കുന്നതായുള്ള പരാതികൾ ലഭിച്ചിട്ടില്ല.

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

30(*240) ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്ഥിര വരുമാനം, സാമൂഹ്യ സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554/- രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494/- രൂപയുമാണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച് ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന്

കഴിഞ്ഞ വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ആഴക്കടലിളക്കാതെയുള്ള മത്സ്യബന്ധനത്തിനും മത്സ്യം കേട്ടുകൂടാതെ കരയ്ക്കെത്തിക്കുന്നതിനും ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന പദ്ധതിക്ക് 2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ pilot പ്രോജക്ടായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പത്ത് മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികൾ, ജീവൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, എഞ്ചിനുകളുടെ പരിപാലനം, എന്നിവയിൽ CIFNET വഴി പരിശീലനം നൽകുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി നടപ്പാക്കിവരുന്നു.

(സി) ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള യാനങ്ങൾ, വല, ജി.പി.എസ്. തുടങ്ങിയ ഉപകരണങ്ങൾ സബ്സിഡിയിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; സബ്സിഡിയിൽ കേന്ദ്ര, സംസ്ഥാന വിഹിതം എത്രയാണെന്ന് വിശദമാക്കാമോ?

ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. 1,200 ലക്ഷം രൂപയാണ് ആകെ പദ്ധതി തുക. ഇതിൽ 288 ലക്ഷം രൂപ കേന്ദ്ര വിഹിതവും 192 ലക്ഷം രൂപ സംസ്ഥാന വിഹിതവും ബാക്കി 720 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും/ബാങ്ക് വായ്പയുമാണ്. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 120 FRP ബോട്ടുകൾ സൗജന്യമായി നൽകുന്ന

പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയിൽ കടൽസുരക്ഷാ ഉപകരണങ്ങളായ GPS, Echosounder, Life jacket, Life buoy എന്നിവയും സൗജന്യമായി നൽകിവരുന്നു. 988.80 ലക്ഷം രൂപയുടെ പദ്ധതിയിൽ 794.4 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും (CMDRF) 194.40 ലക്ഷം രൂപ കേന്ദ്ര വിഹിതവുമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ജി.പി.എസ്.-കളും ലൈഫ് ബോയ്കളും 75% സബ്സിഡി നിരക്കിൽ സംസ്ഥാന പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി 2017-18 വർഷം മുതൽ അനുവദിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

**1 (2767)** ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണ ആനുകൂല്യം ലഭിക്കുന്നതിനായി നിലവിൽ രണ്ടുലക്ഷത്തോളം പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങൾക്കെല്ലാം ലൈഫ് മിഷൻ മുഖേന വീട് നിർമ്മിച്ച്

നൽകാൻ സാധിക്കുമെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരുടെ 107523 അപേക്ഷകളും ഭൂരഹിത ഭവനരഹിതരുടെ 67304 അപേക്ഷകളും ചേർത്ത് ആകെ 174827 അപേക്ഷകൾ ലൈഫ് മിഷന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനാ നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടന്നുവരുന്നു. ആയതിൽ അർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷൻ സ്വീകരിച്ചുവരുന്നുണ്ട്. ലൈഫ് മിഷൻ മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തിയ 35553 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 20699 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഈ സാമ്പത്തിക വർഷം എത്ര തുക കൈമാറിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 246.17 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 35 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ചുനൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ്

31.83 കോടി രൂപ കൂടി ഈ സാമ്പത്തിക വർഷം ലൈഫ് മിഷന് കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ലൈഫ് ഭവന പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ വകുപ്പ് മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക ഭവന പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

ലൈഫ് മിഷൻ ഭവന പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ വിലയിരുത്തുന്നുണ്ട്.

## പട്ടാമ്പിയിലെ കാട്ടുനായ്ക്കർ വിഭാഗത്തിന് വീട്

**2(2768)** ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ കൊപ്പം മുതുതല പഞ്ചായത്തുകളിലായി താമസിക്കുന്ന കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

തൊഴിൽരഹിതരായ പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിൽ എന്ന നിലയ്ക്ക് കാട് വെട്ടിയന്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഭൂരഹിതരായ 5 പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമിയിൽ ഉൾപ്പെടുത്തി ആകെ 107.5 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്.

(ബി) ഇവരിൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുണ്ടോ; വീടും സ്ഥലവുമില്ലാത്ത കുടുംബങ്ങളുണ്ടോ?

ഉണ്ട്. ഭൂരഹിത ഭവനരഹിതരായ 2 കുടുംബങ്ങളുണ്ട്.

(സി) ഉണ്ടെങ്കിൽ അവർക്ക് വീടും സ്ഥലവും ജീവിത സാഹചര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ലാൻഡ് ബാങ്ക് പദ്ധതിയിലോ മറ്റ് പദ്ധതികളിലോ ഉൾപ്പെടുത്തി ടി പഞ്ചായത്തിൽ സ്ഥലവും വീടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾ

3(2769) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരായ ആദിവാസികളുടെ

എണ്ണം എത്രയാണെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ നിലവിൽ ജനകീയ കമ്മിറ്റി അംഗീകരിച്ച 13 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

മാറനല്ലൂർ - 2

ബാലരാമപുരം - 1

ആര്യങ്കോട് - 1

കള്ളിക്കാട് - 1

വിതുര – 2

തൊളിക്കോട് - 4

ആര്യനാട് - 1

പെരിങ്ങമല – 1

(ബി) ഇവർക്ക് ഭൂമി പതിച്ച് നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നടപടിക്രമങ്ങളുടെ പുരോഗതി ഏതുവരെയായിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 100.91 ആർ (249.25 സെന്റ്) സ്ഥലം വാങ്ങുന്നതിന് 1,99,90,000/- രൂപ (ഒരു കോടി തൊണ്ണൂറ്റി ഒൻപത്

ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## പുനലൂർ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ

**4(2770)** ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം ലഭ്യമാക്കാമോ?

ഭൂരഹിതർ - 85, ഭവനരഹിതർ - 209.

(ബി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായാണ് ഭൂമി വിതരണം ചെയ്യുന്നത്. ഇതുകൂടാതെ ലൈഫ് മിഷൻ മുഖേനയും ഭൂരഹിതരായവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള പദ്ധതി

നടപ്പിലാക്കുന്നുണ്ട്. ടി.ആർ.ഡി.എം. മുഖേന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നവർക്ക് ടി.ആർ.ഡി.എം. മുഖേന തന്നെ ഭവന നിർമ്മാണ ധനസഹായവും അനുവദിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പുനലൂർ മണ്ഡലത്തിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

പുനലൂർ മണ്ഡലത്തിലെ ഉൾപ്പെടെ ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>വർക്കല മണ്ഡലത്തിലെ മുനിക്കുന്ന് കോളനി നവീകരണം</u>

5(2771) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21-05-2020-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 449/2020 പ.വ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 20-10-2020-ലെ ഡെവ.സി1-5025/2020 നമ്പർ ഉത്തരവ് പ്രകാരം വർക്കല മണ്ഡലത്തിലെ മുനിക്കുന്ന് കോളനി നവീകരണത്തിനുള്ള

എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

&

(ബി) 21-05-2020-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പട്ടികജാതി ക്ഷേമ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടിയന്തിരമായി ലഭ്യമാക്കാൻ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം

6(2772) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽനിന്നും പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികൾ ഏതെല്ലാമാണെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കുമോ;

&

(ബി) ഇപ്രകാരം ഓരോ പദ്ധതിക്കുമായി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് പുല്ലച്ചകോണം കല്ലുവിളമുകൾ, കുട്ടത്തിവിള വേങ്കവിള എന്നീ പട്ടികജാതി കോളനികളെ 2016-17 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്തിരുന്നു. പുല്ലച്ചകോണം കല്ലുവിളമുകൾ കോളനിയിൽ റോഡ് സൈഡ് വാൾ, കുഴൽക്കിണർ, വാട്ടർടാങ്ക്, ഭവന നവീകരണം, കലുങ്ക് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നീ നവീകരണ പ്രവൃത്തികൾ ഒരു കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടത്തിവിള വേങ്കവിള പട്ടികജാതി കോളനിയിൽ ശ്മശാനം, റോഡ് സൈഡ് വാൾ, ഭവന നവീകരണം, വാട്ടർടാങ്ക്, റോഡ് എന്നീ നവീകരണ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും 94.19 ലക്ഷം രൂപ ചെലവഴിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് പാറശ്ശാല മണ്ഡലത്തിൽനിന്നും പുതുതായി ഏതൊക്കെ കോളനികൾ ഉൾപ്പെടുത്താൻ

ഉദ്ദേശിക്കുന്നുണ്ടെന്നുള്ള വിവരം അറിയിക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് പുതുതായി ഉൾപ്പെടുത്താൻ കഴിയുന്ന കോളനികളുടെ സാദ്ധ്യത പരിശോധിച്ച് പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൽപ്പറ്റ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം

**7(2773)** ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പട്ടികവർഗ്ഗ കോളനികളെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആരംഭിച്ച അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിൽനിന്നും മൈലാടി, കൈരളി, കുഴിമുക്ക്, ഇടിയംവയൽ, പഴശ്ശി, ചുപ്പരിമൂല, കുറ്റ്യാംവയൽ, കൊട്ടുംകായം, ശാന്തിനഗർ എന്നീ 9 പട്ടികവർഗ്ഗ കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത കോളനികളിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദീകരിക്കുമോ?

കൽപ്പറ്റ നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

## പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്കർ വികസന പദ്ധതി

8(2774) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ മാങ്ങാപ്പേട്ട പട്ടികവർഗ്ഗ കോളനി, പാറത്തോട് ഗ്രാമപഞ്ചായത്തിലെ ഇടക്കുന്നം പട്ടികവർഗ്ഗ കോളനി എന്നിവ അംബേദ്കർ വികസന പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ മാങ്ങാപ്പേട്ട, ഇടക്കുന്നം പട്ടികവർഗ്ഗ കോളനികളെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

9(2775) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽനിന്നും പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കാമോ;

&

(ബി) ഇപ്രകാരം ഓരോ പദ്ധതിക്കുമായി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് പുല്ലുച്ചൽകോണം കല്ലുവിളമുകൾ, കുട്ടത്തിവിള വേങ്കവിള

എന്നീ പട്ടികജാതി കോളനികളെ 2016-17 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്തിരുന്നു. പുല്ലച്ചൽകോണം കല്ലുവിളമുകൾ കോളനിയിൽ റോഡ് സൈഡ് വാൾ, കുഴൽക്കിണർ, വാട്ടർടാങ്ക്, ഭവന നവീകരണം, കലുങ്ക് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നീ നവീകരണ പ്രവൃത്തികൾ ഒരു കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടത്തിവിള വേങ്കവിള പട്ടികജാതി കോളനിയിൽ ശ്മശാനം, റോഡ് സൈഡ് വാൾ, ഭവന നവീകരണം, വാട്ടർടാങ്ക്, റോഡ് എന്നീ നവീകരണ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും 94.19 ലക്ഷം രൂപ ചെലവഴിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് പാറശ്ശാല മണ്ഡലത്തിൽനിന്നും പുതുതായി ഏതൊക്കെ കോളനികൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നുള്ള വിവരം അറിയിക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് പുതുതായി ഉൾപ്പെടുത്താൻ കഴിയുന്ന കോളനികളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കടുത്തുരുത്തി- അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി - വടകുന്നപ്പുഴ കോളനി നവീകരണം

10(2776) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ മുളക്കുളം പഞ്ചായത്തിലെ വടകുന്നപ്പുഴ കോളനി നവീകരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത കോളനി നവീകരണവുമായി ബന്ധപ്പെട്ട ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഉത്തരവ് ഇറക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും 2016-17 സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിരുന്ന ചാമക്കാല കോളനിക്ക് പകരമായി തെരഞ്ഞെടുത്ത കോളനിയാണ് വടുകുന്നപ്പുഴ പട്ടികജാതി കോളനി. ടി കോളനിയുടെ എസ്റ്റിമേറ്റ് 2021 സാമ്പത്തിക വർഷാവസാനമാണ് ലഭ്യമായിട്ടുള്ളത് എന്നതിനാൽ പ്രസ്തുത കോളനിയെ 2021-22 വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് കോളനി നവീകരണത്തിനായി ഏതെല്ലാം അക്രെഡിറ്റഡ് ഏജൻസികളെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഏല്പിക്കുന്ന പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിച്ച് പോകുന്നതായ പരാതികൾക്ക് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത ഏജൻസികൾ പാതി വഴിയിൽ ഉപേക്ഷിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

&

(ഇ) ഇപ്രകാരം പാതി വഴിയിൽ ഉപേക്ഷിച്ച എത്ര പ്രവൃത്തികൾ നിലവിലുണ്ട് എന്നറിയിക്കാമോ; വിശദീകരണം നൽകാമോ?

കോളനി നവീകരണത്തിനായി പ്രവർത്തി ഏൽപിച്ചിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികൾ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, ജില്ലാ നിർമ്മിതി കേന്ദ്രം, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, കേരള സ്റ്റേറ്റ് ഹൗസിംഗ്

ബോർഡ്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് ലിമിറ്റഡ്, കിറ്റ്കോ ലിമിറ്റഡ് എന്നിവയാണ്.

നിർവ്വഹണ ഏജൻസികൾ പാതിവഴിയിൽ ഉപേക്ഷിച്ചിട്ട് പോയ പ്രവൃത്തികളില്ല. എന്നാൽ സാങ്കേതിക കാരണങ്ങളാൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ തടസ്സപ്പെട്ടിരിക്കുന്ന സ്ഥിതി നിലവിലുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി നിർവ്വഹണം പുനരാരംഭിക്കുന്നതിനും സാദ്ധ്യമല്ലാത്തവ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

<u>മല്ലമ്പതി പട്ടികവർഗ്ഗ കോളനി നിവാസികൾക്കുള്ള ഭൂമി</u>

11(2777) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ മല്ലമ്പതി പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് 1998-99 വർഷങ്ങളിൽ പട്ടയമായി അനുവദിച്ചുകിട്ടിയ ഭൂമി മറ്റ് വിഭാഗക്കാർ അനധികൃതമായി കൈവശപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി അന്യാധീനപ്പെട്ട പട്ടികവർഗ്ഗക്കാരുടെ പേര് വിവരങ്ങൾ, ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ തുടങ്ങിയ വിവരങ്ങളും ഭൂമി കൈവശപ്പെടുത്തിയത് ആരെല്ലാമാണെന്നും വിശദമാക്കാമോ?

ഇപ്രകാരമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റനിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമ പ്രകാരം അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യായമായി കൈവശപ്പെടുത്തിയവരുടെ ആധാരം റദ്ദ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ദേവികുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതി

12(2778) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം ഏതെല്ലാം കോളനികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പൂർത്തീകരിക്കാൻ ബാക്കിയുള്ളത് ഏതൊക്കെ കോളനികളെന്ന് വിശദമാക്കാമോ;

&

(സി) ദേവികുളം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് - പ്രസ്തുത മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം കടുക്കാസിറ്റി, കൊട്ടകമ്പൂർ എന്നീ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളതിൽ, കൊട്ടകമ്പൂർ കോളനി ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കടുക്കാസിറ്റി കോളനിയുടെ പ്രവർത്തികൾ നടന്നുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് - പ്രസ്തുത മണ്ഡലത്തിൽനിന്നും 2017-18 സാമ്പത്തിക വർഷം കട്ടമുടിക്കുടി, കുടല്ലാർക്കുടി, ചമ്പക്കാട് കുടി, സിങ്ക്കുടി-ചിക്കണാംകുടി ക്ലസ്റ്റർ എന്നീ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുറത്തിക്കുടി, നെല്ലിപ്പെട്ടികുടി, കോഴിയാളകുടി എന്നീ കോളനികളുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. 2017-18, 2020-21

സാമ്പത്തിക വർഷങ്ങളിൽ 7 കോളനികൾ വീതം ആകെ 14 പട്ടികവർഗ്ഗ കോളനികളെ പ്രസ്തുത മണ്ഡലത്തിൽനിന്നും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

## പേരാമ്പ്ര മണ്ഡലത്തിലെ കോളനികളുടെ വികസനം

13(2779) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ എന്തൊക്കെ വികസന പദ്ധതികളാണ് നടന്നുവരുന്നത്; കോളനികളുടെ പേരും ഫണ്ടിന്റെ വിശദാംശങ്ങളും പ്രവൃത്തികളുടെ പുരോഗതിയും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

14(2780) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം അട്ടപ്പാടിയിൽ 9 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

കഴിഞ്ഞ വർഷം അട്ടപ്പാടിയിൽ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽനിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

2. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

3. അർഹമായവർക്കെല്ലാം ജനനീ ജന്മരക്ഷാ പദ്ധതിയിൽ കുടിശ്ശികയില്ലാതെ തുക അനുവദിച്ചു.

4. പോഷകാഹാര ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

5. ഐ.റ്റി.ഡി.പി.-യുടെ ആംബുലൻസ് സർവ്വീസ് 24 മണിക്കൂർ ലഭ്യമാക്കി.

6. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിംഗ് ആരംഭിച്ചു.

7. ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകിവരുന്നു.

8. ODK APP മുഖേന ഗർഭിണികളുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് നിരീക്ഷിച്ചുവരുന്നു.

9. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലെ ആരോഗ്യ, പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ Consultant (Tribal Health & Nutrition) നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപ്പ് വർഷം അട്ടപ്പാടിയിൽ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഉണ്ട്.

(സി) ശിശുമരണങ്ങൾ തുടർന്നും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സർക്കാർ നടപടികൾ ഫലപ്രദമായിരുന്നില്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ?

സർക്കാർ നടപടികൾ ഫലപ്രദമായി നടപ്പാക്കുന്നതിനാൽ മുൻ വർഷങ്ങളേക്കാൾ ശിശുമരണ നിരക്ക് വളരെയേറെ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(ഡി) ആദിവാസി മേഖലകളിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ആദിവാസി മേഖലകളിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ആരോഗ്യ കുടുംബ ക്ഷേമം, തദ്ദേശ സ്വയംഭരണം, ഭക്ഷ്യ - സിവിൽ സപ്ലൈസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് അനുയോജ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠന മുറി

15(2781) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഒരു പഠനമുറി എന്ന പദ്ധതി പ്രകാരം എത്ര പഠനമുറികളാണ് അനുവദിച്ചതെന്നും ഇതിനായി എത്ര കോടി രൂപ സർക്കാർ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പഠനമുറി എന്ന പദ്ധതി സംബന്ധിച്ച വിശദാംശം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.+ പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായി പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. കുറഞ്ഞത് 20 വിദ്യാർത്ഥികളെങ്കിലുമുള്ള കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി സാമൂഹ്യപഠനമുറി എന്ന പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നത്.

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാനുള്ളവ എത്രയെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ അനുവദിച്ച പഠനമുറി സംബന്ധിച്ച വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+

## വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി സങ്കേതങ്ങളുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി

16(2782) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കായലിനോടും പുഴകളോടും ചേർന്നുകിടക്കുന്ന പട്ടികജാതി സങ്കേതങ്ങളുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും കാനകൾ പുനരുദ്ധരിക്കുന്നതിനും കോളനിയുമായി ബന്ധപ്പെട്ട് കിടക്കുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പ്രസ്തുത നിയോജക മണ്ഡലത്തിലെ കായലിനോടും പുഴകളോടും ചേർന്ന് കിടക്കുന്ന പട്ടികജാതി സങ്കേതങ്ങളുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും കാനകൾ പുനരുദ്ധരിക്കുന്നതിനും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ എസ്.സിപി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് 2021-22 സാമ്പത്തികവർഷം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ വൈപ്പിൻ ബ്ലോക്കിലെ അറയ്ക്കൽ തോട് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 2021-22 സാമ്പത്തികവർഷം 1/3 കോർപ്പസ് ഫണ്ട് ജില്ലാതല പദ്ധതിയിലുൾപ്പെടുത്തി പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള അംഗീകാരവും നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് 15-09-2021-ലെ 651/2021/വി.ഐ.പി./എം (എസ്. സി./എസ്. ടി., ബി.സി. & ഡി) കത്ത് പ്രകാരം നൽകിയ ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

## കുറ്റ്യാടി മണ്ഡലത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾ

**17(2783)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് കോളനി തിരിച്ച് വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തുരുത്തി കോളനി, പാലയാട് കോളനി, മൂഴിക്കൽ ഐ.എച്ച്.ഡി.പി. കോളനി എന്നിവ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമോ എന്നറിയിക്കാമോ?

2022 ഏപ്രിൽ മാസത്തോടെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസിക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

18(2784) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികൾ നോഡൽ ഏജൻസികൾ മുഖേന നിർവ്വഹിക്കണമെന്ന് നിബന്ധന കൊണ്ടുവരാനിടയായ സാഹചര്യം വിശദമാക്കാമോ?

പട്ടികജാതി കോളനികളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വിവിധ സർക്കാർ അക്രെഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും ടി ഏജൻസികൾ വഴിയുള്ള പദ്ധതി നിർവ്വഹണം നിശ്ചിത നിലവാരത്തിലേയ്ക്ക്

ഉയർത്തുന്നതിനോ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനോ സാധിച്ചിരുന്നില്ല. പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് പദ്ധതി നിർവ്വഹണം അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയോ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച സർക്കാർ ഏജൻസികളെ എം.എൽ.എ. നിർദ്ദേശിക്കുന്നുവെങ്കിൽ അത്തരം ഏജൻസികൾ മുഖേനയോ നിർവ്വഹിക്കണമെന്ന നിബന്ധന കൊണ്ടുവന്നിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നതും പൂർത്തീകരിക്കാതിരിക്കുന്നതും വലിയ ആക്ഷേപങ്ങൾക്കിടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഏറ്റെടുത്ത പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നില്ല. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ചില പ്രവൃത്തികളുടെ നടത്തിപ്പിൽ തടസ്സം നേരിട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ അനുവദിക്കുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി ഇ-ടെണ്ടർ വഴി കരാറുകാർക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം നിലവിൽ പരിഗണനയില്ല.

## പട്ടികജാതിക്കാർക്ക് നേരെയുള്ള അതിക്രമ കണക്കുകൾ

19(2785) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് പട്ടികജാതിക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ ഏറ്റവും അധികമുള്ള സംസ്ഥാനമാണ് കേരളമെന്ന രീതിയിലുള്ള നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തിയുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2020-ലെ National Crime Records Bureau-യുടെ ക്രൈം ഇൻ ഇന്ത്യ കണക്കുകൾ പ്രകാരം പട്ടികജാതി വിഭാഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ കേരളം പതിമൂന്നാം സ്ഥാനത്താണ്. ക്രൈം ഇൻ ഇന്ത്യ പ്രസിദ്ധീകരിച്ച പട്ടിക ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉൾപ്പെടെ പട്ടികവിഭാഗത്തിൽപ്പെട്ടവർ കടുത്ത വിവേചനം നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര പരാതികളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ International and Inter University Centre for Nano Technology-യിലെ ഗവേഷണ വിദ്യാർത്ഥിനിക്ക് വിവേചനം നേരിട്ടതായി പരാതി ഉണ്ടാവുകയും വിദ്യാർത്ഥിനി യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ സമരം ചെയ്യുകയും ചെയ്ത സംഭവമുണ്ടായിട്ടുണ്ട്. മേൽ വിഷയത്തിൽ അന്വേഷണം നടത്തുകയും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. നിലവിൽ ടി പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമപ്രകാരം അതിക്രമങ്ങൾ ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമ പ്രകാരം അതിക്രമങ്ങൾ ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്. അതിക്രമ നിരോധന നിയമം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും കേസുകൾ വർദ്ധിക്കാതിരിക്കുന്നതിനും ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. 1989-ലെ അതിക്രമ നിരോധന നിയമപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നീതി ലഭിക്കുന്നതിനും അതിക്രമങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അതിക്രമങ്ങൾ ഉണ്ടായാൽ ആയത് POA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നിർദ്ദേശം നൽകിവരുന്നു. കൂടാതെ അതിക്രമ നിരോധന നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ DySP റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും എന്തെങ്കിലും വീഴ്ചകൾ വരികയാണെങ്കിൽ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി, ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി എന്നിവ കൂടി തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. പട്ടികജാതി പ്രൊമോട്ടർമാർക്കും ജനപ്രതിനിധികൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും എല്ലാ വർഷവും പ്രഗദ്ഭരായ നിയമജ്ഞരെക്കൊണ്ട്

ബോധവത്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ സംസ്ഥാന പോലീസ് മേധാവി കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തുകയും തുടരന്വേഷണത്തിന് നിയമാനുസൃത നിർദ്ദേശങ്ങൾ നൽകി പ്രസ്തുത കേസുകളിന്മേൽ സമയബന്ധിതമായി അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിവരുന്നുണ്ട്.

## ദേവസ്വം ബോർഡിൽ പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം

20(2786) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിൽ പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതി ക്ഷേമ സമിതി (പി.കെ.എസ്.) എപ്രകാരമാണ് അപേക്ഷ നൽകിയത്; നാളിതുവരെ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിൽ കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് വഴി നിയമനം നടത്തുമ്പോൾ പട്ടികജാതി -

പട്ടികവർഗ്ഗ വിഭാഗത്തിന് 10% സംവരണമാണ് നൽകിവന്നിരുന്നത്. പട്ടികജാതി ക്ഷേമസമിതി (പി.കെ.എസ്.) 18-10-2016-ൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെടുകയും ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണ ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മന്ത്രിസഭ, ദേവസ്വം ബോർഡ് നിയമനങ്ങളിൽ നിലവിലുള്ള സംവരണ തോതിൽ വ്യത്യാസം വരുത്തുന്നതിന് നയപരമായ തീരുമാനമെടുക്കുകയും ഇതനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് നൽകിവന്നിരുന്ന 10% സംവരണം 12% ആയി ഉയർത്തുകയും ചെയ്തു. തുടർന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി 19-11-2019-ലെ ജി.ഒ.(പി) 79/2019/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതോടെ വർദ്ധിപ്പിച്ച സംവരണം നിലവിൽവന്നു. ഇതിൻപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ സർവ്വീസിൽ ലഭിക്കുന്നതിനേക്കാൾ 2% അധികസംവരണം ദേവസ്വം നിയമനങ്ങളിൽ ലഭ്യമായി. പട്ടികജാതി ക്ഷേമ സമിതിയുടെ അപേക്ഷ ഉൾപ്പെടെ പരിഗണിച്ചാണ് സർക്കാർ ഇക്കാര്യത്തിൽ അനുകൂല

തീരുമാനമെടുത്ത് അധിക സംവരണം നടപ്പിലാക്കിയിട്ടുള്ളത്.

## മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ

21(2787) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ?

സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

(ബി) എങ്കിൽ നടപ്പുസാമ്പത്തികവർഷം ഇപ്രകാരമുള്ള എത്ര ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ദിവസങ്ങളിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് സംഘടിപ്പിച്ചതെന്നും വിശദമാക്കാമോ?

നടപ്പുസാമ്പത്തിക വർഷം ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച ദിവസം, സ്ഥലം എന്നിവയുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+

(സി) പ്രസ്തുത ബോധവൽക്കരണ പരിപാടികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 4,48,451/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.+

ആദിവാസി മേഖലകളിലെ മദ്യ-മയക്കമരുന്ന് ഉപയോഗം

22(2788) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിങ്ങമ്മല പഞ്ചായത്തിലെ ആദിവാസി പെൺകുട്ടികളുടെ ആത്മഹത്യയെക്കുറിച്ചും അതിന് കാരണമായി കരുതപ്പെടുന്ന മേഖലയിലെ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗത്തെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തൊക്കെയായിരുന്നു; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പെരിങ്ങമ്മല പഞ്ചായത്തിലെ ആദിവാസി പെൺകുട്ടികളുടെ ആത്മഹത്യയെക്കുറിച്ച് ആഭ്യന്തര വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+ ബാലനീതി നിയമത്തിലെ സെക്ഷൻ 74 പ്രകാരം POCSO-യിലുൾപ്പെട്ടവരുടെ പേരുവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ നിയമപരമായ തടസ്സമുള്ളതിനാൽ ടി അന്വേഷണ റിപ്പോർട്ടിൽനിന്ന് ബാലനീതി നിയമത്തിന്റെ പരിധിയിൽ വരുന്നവരുടെ പേരുവിവരങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

<u>വനാവകാശ സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ വഴി</u>

23(2789) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമമനുസരിച്ച് എത്ര ഊരുകൂട്ടങ്ങൾക്ക്/ കോളനികൾക്ക് സമുദായ അവകാശം നൽകിയിട്ടുണ്ട്?

വനാവകാശ നിയമ പ്രകാരം 183 ഊരുകൂട്ടങ്ങൾക്ക് സാമൂഹിക അവകാശം നൽകിയിട്ടുണ്ട്.

(ബി) രേഖകളും വിവരങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും സമയബന്ധിതമായി റെക്കോർഡ് റൈറ്റ് നൽകുന്നതിനും വിവരസാങ്കേതികവിദ്യയുടെ സഹായം പ്രയോജനപ്പെടുത്തുന്നുണ്ടോ?

രേഖകളും വിവരങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സഹായം പ്രയോജനപ്പെടുത്തുന്നുണ്ട്. കൈവശാവകാശരേഖ കേന്ദ്ര സർക്കാരിന്റെ www.forestright.nic.in എന്ന വെബ്സൈറ്റ് മുഖേനയാണ് നൽകിയിരുന്നത്.

(സി) വനാവകാശ സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ പരിഗണനയിലില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആനുകൂല്യങ്ങളുടെ പരിഷ്കരണം

24(2790) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലാണ്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽതന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽതന്നെ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## <u>കോവിഡ് അടച്ചിടലിനുശേഷം ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്</u>

25(2791) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾക്ക് കോവിഡ് അടച്ചിടലിനുശേഷം സ്കൂളുകളിൽ എത്താനാകുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള

മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ച് പഠിക്കുന്ന ഏകദേശം എല്ലാ വിദ്യാർത്ഥികളെയും സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. വീടുകളിൽനിന്നും സ്കൂളുകളിൽ പോയി വരുന്ന ചില വിദ്യാർത്ഥികൾ മാത്രം സ്കൂളിൽ പോകുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവരുടെ സഹകരണത്തോടെ ഇവരെ സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കോവിഡാനന്തര സാഹചര്യത്തിൽ മതിയായ യാത്രാ, താമസ സൗകര്യങ്ങൾ ഉറപ്പാക്കാനാകാത്തത് സ്കൂളിൽനിന്നും കുട്ടികളുടെ ഈ കൊഴിഞ്ഞുപോകലിന് കാരണമായിട്ടുണ്ടോ; അറിയിക്കാമോ;

&

(സി) ഇക്കാര്യങ്ങളിൽ പരിഹാരമുണ്ടാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

2021 നവംബർ മാസം ക്ലാസ്സുകൾ ആരംഭിച്ചത് മുതൽ യാത്രാസൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് വാഹനസൗകര്യം 'ഗോത്രസാരഥി' പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും കുട്ടികളുടെ താമസത്തിനുള്ള എല്ലാ സൗകര്യങ്ങളും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്സിൽ ഹാജരാകാത്ത മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും സ്കൂളുകളിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ, മെന്റർ ടീച്ചർമാർ, എസ്.റ്റി പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ, ജനമൈത്രി പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹായത്തോടെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ മതിയായ യാത്രാ, താമസസൗകര്യ കുറവ് നിമിത്തം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടില്ല.

## കുന്നംകുളം താലൂക്കിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

26(2792) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

അടുത്ത അദ്ധ്യയന വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കാസർഗോഡ്, അട്ടപ്പാടി എന്നിവിടങ്ങളിൽ ഓരോ ഏകലവ്യ എം.ആർ.എസ്.-കൾ ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ കുന്നംകുളം താലൂക്കിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

## ഓവർസീസ് സ്കോളർഷിപ്പ്

**27(2793)** ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് ലഭ്യമാകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

24-01-2014-ലെ സ.ഉ.(സാധാ)നം.11/2014/പി.സ.വി.വ. പ്രകാരമുള്ള മാനദണ്ഡങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര കുട്ടികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പ് ലഭിച്ചത്; കൂടുതൽ കുട്ടികളും പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കാതെ ബുദ്ധിമുട്ടുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2020-21 സാമ്പത്തിക വർഷം ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിക്കായി 21 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. ആയതിൽ 10 പേർക്ക് രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഒരു വർഷം 20 പേരെയാണ് സ്കോളർഷിപ്പ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടുതൽ അപേക്ഷകൾ ഉണ്ടെങ്കിൽ കുടുംബ വാർഷിക വരുമാനം, പ്രവേശനം ലഭിച്ച യൂണിവേഴ്സിറ്റിയുടെ ലോക റാങ്കിംഗ് എന്നിവ പരിഗണിച്ച് 20 പേരെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

(സി) സ്കോളർഷിപ്പ് ലഭിക്കാത്ത കുട്ടികളെ സഹായിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പ്രത്യേകം പദ്ധതികൾ പരിഗണനയിലില്ല.

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കബളിപ്പിക്കുന്ന വ്യാജ വിദ്യാഭ്യാസ ഏജൻസികൾ</u>

28(2794)ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം വാഗ്ദാനം ചെയ്ത് ചില വ്യാജ വിദ്യാഭ്യാസ ഏജൻസികൾ പട്ടികവർഗ്ഗ ഊരുകളിൽ തട്ടിപ്പുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇത്തരം വ്യാജ ഏജൻസികൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന്

പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് പോലുള്ള പ്രവേശന പരീക്ഷകൾ വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു.

(സി) പ്ലസ് ടു വിജയകരമായി പൂർത്തിയാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനം, തൊഴിൽ സാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് കൗൺസിലിംഗ് നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പ്ലസ് ടു വിജയകരമായി പൂർത്തിയാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനം, തൊഴിൽ സാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് വകുപ്പിന്റെ കീഴിലുള്ള കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ മുഖേന ബോധവത്കരണം നടക്കുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ

വകുപ്പിന്റെ കരിയർ ഗൈഡൻസ് സെൽ വഴിയും ഉപരിപഠനത്തിനുള്ള അവബോധം നൽകിവരുന്നു.

(ഡി) വ്യാജ വിദ്യാഭ്യാസ ഏജൻസികളുടെ പ്രലോഭനങ്ങളിൽപ്പെട്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വഞ്ചിതരാകാതിരിക്കാനാവശ്യമായ പ്രചരണങ്ങൾ മാദ്ധ്യമങ്ങളിലൂടെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വ്യാജ വിദ്യാഭ്യാസ ഏജൻസികളെ സംബന്ധിച്ച വിവരങ്ങൾ ഇടുക്കി ജില്ലയിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വഞ്ചിതരാകാതിരിക്കുന്നതിന് മാധ്യമങ്ങൾ വഴി പ്രചരണങ്ങൾ നടത്തുവാൻ ജില്ലാ ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി</u>

29(2795) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതിപ്രകാരം ആലത്തൂർ മണ്ഡലത്തിൽ എത്ര അപേക്ഷകൾ

ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പഠനമുറി നിർമ്മിച്ചു നൽകിയെന്നും അറിയിക്കാമോ?

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം ആലത്തൂർ മണ്ഡലത്തിൽ ആകെ 74 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 41 അപേക്ഷകർക്ക് പഠനമുറി ധനസഹായം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായി പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതിപ്രകാരം നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും പഞ്ചായത്തടിസ്ഥാനത്തിൽ തരം തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

## പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണ ധനസഹായം

30(2796) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി ഒരുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാന സിലബസിൽ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് പഠനമുറി അനുവദിക്കുന്നത്. ഗ്രാമസഭാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(ബി) പഠനമുറി ഒരുക്കുന്നതിന് സ്ഥലസൗകര്യം ഇല്ലാത്തവർക്ക് വീടിന്റെ മുകളിൽ പഠനമുറി ഒരുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്.

(സി) എങ്കിൽ നിലവിലെ വീടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ ഇല്ലാത്തവർക്ക് ഫിറ്റ്നസ് ബന്ധപ്പെട്ടവർ നിരസിക്കുന്നത് കാരണം തുക നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്ഥലം ഇല്ലാത്തവർക്ക് നിലവിലെ വീടിന്റെ ഫൗണ്ടേഷൻകൂടി ബലപ്പെടുത്തി മുകളിൽ പഠനമുറി ഒരുക്കുന്നതിന് ആവശ്യമായ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തൽക്കാലം പരിഗണനയിലില്ല.

(ഇ) പഠനമുറി നിർമ്മാണത്തിന് പട്ടികജാതി വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും പണം അനുവദിക്കുന്നുണ്ടെങ്കിലും രണ്ട് വകുപ്പുകളും പുറത്തിറക്കിയ മാർഗരേഖകളിൽ ഗഡുക്കൾ അനുവദിക്കുന്നത്, വാല്യൂവേഷൻ എന്നിവയിൽ സമാനതകളില്ലാത്തതിനാൽ രണ്ട് ഡിപ്പാർട്ട്മെന്റുകളുടെയും ഉത്തരവുകൾ സമാനരീതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടികജാതി വകുപ്പ് മുഖേന 2 ലക്ഷം രൂപ 4 ഗഡുക്കളായി 15, 30, 40, 15 എന്നീ ശതമാന ക്രമത്തിലാണ് ധനസഹായം അനുവദിക്കുന്നത്. ആദ്യഗഡു മുൻകൂറായും അവസാനഗഡു പൂർത്തീകരിക്കുന്ന ഘട്ടത്തിലും പട്ടികജാതി വികസന ഓഫീസറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ആദ്യ ഗഡു 50,000/- രൂപയും രണ്ടാം ഗഡു വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 75,000/- രൂപയും തുടർന്ന് പൂർത്തീകരണത്തിന്റെയും വാല്യുവേഷന്റേയും അടിസ്ഥാനത്തിൽ ബാക്കി 75,000/- രൂപയും അനുവദിക്കുന്നു. ഈ രണ്ട് വകുപ്പുകളും മേൽ പരാമർശിച്ച രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. ആയത് സമാനരീതിയിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(എഫ്) കൊണ്ടോട്ടി മണ്ഡലത്തിൽ 2019 മുതൽ പഠനമുറിക്കുവേണ്ടി അപേക്ഷ നൽകിയിട്ടും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാത്തതും പണം അനുവദിക്കാത്തതുമായ അപേക്ഷകരുടെ വിശദാംശങ്ങൾ കാരണം സഹിതം ലഭ്യമാക്കുമോ?

2019-20 മുതൽ ഇതുവരെ ലഭ്യമായ അപേക്ഷകളിൽ 7 എണ്ണം പരിഗണിച്ചിട്ടില്ല. ഈ അപേക്ഷകർക്ക് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നിശ്ചിത സ്ക്വയർ ഫീറ്റിൽ അധികമുള്ള വീട് ഉള്ളതിനാലാണ് പരിഗണിക്കാതിരുന്നത്. അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിച്ചവരിൽ നിശ്ചിത ഘട്ടം പൂർത്തീകരിച്ച എല്ലാവർക്കും അർഹമായ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ധനസഹായം അനുവദിച്ച 47 പേരിൽ 7 എണ്ണവും 2020-21 ൽ ധനസഹായം അനുവദിച്ച 82 പേരിൽ 33 എണ്ണവും 2021-22 ൽ ധനസഹായം അനുവദിച്ച 49 പേരിൽ 48 എണ്ണവും പൂർത്തീകരിക്കാനുണ്ട്. അവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## സ്കോളർഷിപ്പ് പദ്ധതികൾ

31(2797) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ നൽകുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ നൽകുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നഴ്സറി സ്കൂളുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പഠനധനസഹായം

2) പ്രീമെട്രിക് തലത്തിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി പഠന ധനസഹായം

3) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീ-മെട്രിക് തലത്തിൽ 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബുക്ക്സ് ഗ്രാന്റും

4) പത്താം ക്ലാസ്സിനുശേഷമുള്ള വിദ്യാർത്ഥികൾക്കായി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

5) സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിലെ അംഗീകൃത കോഴ്സുകൾക്ക് കേന്ദ്രസർക്കാർ

അനുസരിച്ചുള്ള വിദ്യാഭ്യാസാനുകൂല്യം

6) വിദേശപഠനധനസഹായം

7) ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം

8) പട്ടികജാതി/പട്ടികവർഗ്ഗ എം.ബി.ബി.എസ്., ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വിതരണം

9) 4, 7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സുവരെ ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

10) വിവിധ വാർഷിക പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

11) മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്കുള്ള പരിശീലനത്തിനുള്ള ധനസഹായം.

(ബി) 2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ പ്രസ്തുത പദ്ധതികൾ വഴി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.+

മെഡിക്കൽ/എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷാ പരിശീലനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

32(2798) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് പരിശീലനം നടത്തുന്നതിനായി ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷാ പരിശീലനത്തിന് ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളും മാനദണ്ഡവും ചുവടെ ചേർക്കുന്നു.

1) വിഷൻ 2013:- ഈ പദ്ധതിപ്രകാരം 4.5 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിയുള്ളവരും എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്ക് ബി+ൽ കുറയാത്ത ഗ്രേഡ് ലഭിച്ചവരുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലസ്ടു പഠനത്തോടൊപ്പം മെഡിക്കൽ/എഞ്ചിനീയറിംഗ് കോച്ചിംഗ് പ്രവേശന പരീക്ഷയ്ക്ക് കോച്ചിംഗ് നൽകുന്നു.

2) +2 പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ് :- പ്ലസ്ടു-വിന് സയൻസ്, ഇംഗ്ലീഷ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ബി+ൽ

കുറയാത്ത മാർക്കുള്ളവരും 6 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാന പരിധിയിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിന് ധനസഹായം നൽകുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ ഹയർസെക്കണ്ടറി/ തത്തുല്യ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പ് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ മുഖേന ദീർഘകാല, ഹ്രസ്വകാല പ്രവേശന പരീക്ഷാ പരിശീലനം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) സ്റ്റേറ്റ് സിലബസ്സിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് പുറമെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. വിദ്യാർത്ഥികൾക്കുകൂടി ധനസഹായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എം.ബി.ബി.എസ്. പഠനം

33(2799) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2022 കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ എത്ര വിദ്യാർത്ഥികൾ വിദേശത്തുനിന്നും എം.ബി.ബി.എസ്. പഠനം പൂർത്തീകരിച്ചിട്ടുണ്ട്; ഓരോ വിദ്യാർത്ഥിക്കും എം.ബി.ബി.എസ്. പഠനത്തിനായി എത്ര രൂപയാണ് ധനസഹായം നൽകുന്നത് എന്നറിയിക്കാമോ?

പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. എം.ബി.ബി.എസ്. കോഴ്സിന് ആനുകൂല്യം അനുവദിക്കുന്നില്ല.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ നിലവിൽ എത്ര കുട്ടികൾ വിദേശത്ത് പഠിക്കുന്നുണ്ട്; പ്രസ്തുത ആനുകൂല്യം ലഭിക്കാനുള്ള വരുമാനപരിധി ഉയർത്തുമോ എന്നറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പ്/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ധനസഹായത്തോടെ 111 വിദ്യാർത്ഥികൾ നിലവിൽ വിദേശത്ത് പഠിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ പ്രസ്തുത സ്കോളർഷിപ്പിന്റെ വരുമാനപരിധി ഉയർത്തുന്നത് നിലവിൽ പരിഗണനയിലില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനം നടത്തുന്നതിന് വരുമാനപരിധിയില്ല.

## പൈലറ്റ് കോഴ്സ്

34(2800) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്കായി പട്ടികജാതി ഡയറക്ടറേറ്റ് നടത്തുന്ന പൈലറ്റ് കോഴ്സിന് 2016-2022 കാലയളവിൽ എത്ര കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്; നിലവിൽ എത്ര കുട്ടികൾക്ക് പഠനത്തിന് അനുമതി നൽകിയിട്ടുണ്ട്?

2016-2022 കാലയളവിൽ 12 കുട്ടികൾക്ക് പഠനാനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ കോഴ്സിനുവേണ്ടി ഓരോ വിദ്യാർത്ഥിക്കും എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ആനുകൂല്യം ലഭിക്കാനുള്ള വരുമാന പരിധി ഉയർത്തുമോ; വ്യക്തമാക്കാമോ?

പ്രസ്തുത കോഴ്സിന് രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമി നിശ്ചയിച്ചിട്ടുള്ള ഫീസ് സ്ട്രക്ചർ പ്രകാരമാണ് ആനുകൂല്യം അനുവദിക്കുന്നത്. കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് ആനുകൂല്യം അനുവദിക്കുന്നതിനുള്ള വരുമാനപരിധി സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

35(2801) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്ന് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതിയിലുൾപ്പെടുത്തി പഠനമുറി നിർമ്മിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

42 അപേക്ഷകർ. അതിൽ നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 37 അപേക്ഷകരെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര പഠനമുറി നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

30 അപേക്ഷകരുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 7 പേർ മൂന്നാം ഗഡു തുക കൈപ്പറ്റി നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നു.

## ലാപ്ടോപ്പ് പദ്ധതി

36(2802) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകളും ടാബുകളും ഫോണുകളും വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ലാപ്ടോപ്പ്, ടാബ്‌ലെറ്റ് തുടങ്ങിയ ഗാഡ്ജറ്റുകൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം/തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ 23-06-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1197/2021/തസ്വഭവ പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 25-06-2021 -ലെ സർക്കാർ ഉത്തരവ് (സാധാ) നം.3134/21/പൊ.വി.വ പ്രകാരം KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി KITE-നേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം എത്ര വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്തതെന്നും ഇനി എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്നുമുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിക്കാനും ഇവിടങ്ങളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് 11.5844 കോടി രൂപ KSEBL-ന് അനുവദിക്കുകയും ആയത് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും വൈദ്യുതീകരിക്കാത്ത കോളനികളുടെ വൈദ്യുതീകരണത്തിന് KSEBL-മായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുടനീളമുള്ള പട്ടികവർഗ്ഗ കോളനികളിൽ നെറ്റ് കണക്ടിവിറ്റിയില്ലാത്ത 956 കോളനികളെ കണ്ടെത്തുകയും അതിൽ 458 കോളനികളിൽ നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നെറ്റ് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് BSNL മുഖേന ലഭ്യമായ എസ്റ്റിമേറ്റുകൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം

37(2803) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021-22 കാലയളവിൽ എത്ര പട്ടികജാതി വിദ്യാർത്ഥികൾക്കും എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ധനസഹായം നൽകിയിട്ടുണ്ട്; സ്കൂൾ തലത്തിലും കോളേജ് തലത്തിലുമുള്ള കണക്ക് വ്യക്തമാക്കാമോ?

2021-22 കാലയളവിൽ 529282 പട്ടികജാതി വിദ്യാർത്ഥികൾക്കും 87878 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ധനസഹായം നൽകിയിട്ടുണ്ട്. സ്കൂൾ തലത്തിൽ 359885 പട്ടികജാതി വിദ്യാർത്ഥികൾക്കും 69800 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കോളേജ് തലത്തിൽ 169397 പട്ടികജാതി വിദ്യാർത്ഥികൾക്കും 18078 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പരിശീലനത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക്; വിശദമാക്കാമോ?

1596 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പരിശീലനത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

## ആധുനിക തൊഴിൽ മേഖലകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വരുടെ പങ്കാളിത്തം

38(2804) ശ്രീ. എം. എം. മണി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസമൂഹത്തിന്റെ വികസന നിലവാരത്തോടൊപ്പം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ നിലവാരം ഉയർത്തി ആധുനിക തൊഴിൽ മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ നിലവാരം ഉയർ<u>ത്തു</u>ന്നതിനും ആധുനിക തൊഴിൽ മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) വിവിധ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ വകുപ്പിന് കീഴിലുള്ള 44 തൊഴിൽ പരിശീലന സ്ഥാപനങ്ങൾ വഴിയും പാലക്കാട് ജില്ലയിലെ കമ്മ്യൂണിറ്റി കോളേജ് വഴിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2) വിദേശത്തും സ്വദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിവിധ സർക്കാർ/ സർക്കാരിതര ഏജൻസികൾ മുഖേന നൈപുണ്യവികസന പരിശീലന പരിപാടികൾ നടപ്പാക്കുന്നു.

3) വിദ്യാർത്ഥികളെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് തുടങ്ങിയ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ വഴി പരിശീലനം നൽകുന്നു.

4) വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ദേശീയതലത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും സിവിൽ സർവ്വീസ് പരീക്ഷയിൽ പരിശീലനം നൽകുന്നതിനും ICSETS എന്ന സ്ഥാപനം പരിശീലനം നൽകുന്നു.

5) സംരംഭകത്വ വികസനത്തിനായി Start up dreams പദ്ധതി Kerala Start up മിഷൻ മുഖേന നടപ്പിലാക്കുന്നു.

(ബി) പ്രസ്തുത വിഭാഗങ്ങൾക്കായി സംരംഭകത്വ സഹായം നൽകി വരുന്നുണ്ടോ?

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപയും (1/3 സബ്സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സ്വയംതൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയും സഹായിക്കുന്നു. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതിയും ലഭ്യമാണ്. നിലവിൽ 4 സംരംഭകർക്കായി 20.00 ലക്ഷം രൂപ ആദ്യഗഡുവായി പ്രത്യേക സീഡ് ഫണ്ടായി ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംരംഭകത്വ വികസന പരിപാടി തുടങ്ങുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(സി) പ്രത്യേക നൈപുണ്യ വികസന പരിശീലനം നൽകി വിദേശത്തുൾപ്പെടെ 2500 പേർക്കെങ്കിലും മികച്ച തൊഴിൽ ഉറപ്പാക്കുന്നതിന്

പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എൻജിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ആയുർവ്വേദ നഴ്സിംഗ്, പഞ്ചകർമ്മ, ഫാർമസി, യോഗ ഇൻസ്ട്രക്ടർ, സ്പാ തെറാപ്പി പരിശീലനം, കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വിവിധ പരിശീലന പരിപാടികളിലായി 8508 പേർ പരിശീലനം പൂർത്തിയാക്കുകയും 5695 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. നൈപുണ്യ വികസന പരിശീലനം വഴി നാളിതുവരെ വിദേശത്തുൾപ്പെടെ 2990 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനത്തിനും സോഫ്റ്റ് സ്കിൽ വികസനത്തിനും പ്രത്യേകം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് നൈപുണ്യ പരിശീലന പരിപാടിയിൽ തൊഴിൽ പരിശീലനത്തോടൊപ്പം സോഫ്റ്റ് സ്കിൽ വികസനത്തിനുള്ള മൊഡ്യൂൾകൂടി സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## എസ്.സി., എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം

39(2805) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. വി. അൻവർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകമായി ആവിഷ്കരിച്ച പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; നഴ്സറി, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി

വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ 99 നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ പ്രീപ്രൈമറി വിദ്യാർത്ഥികൾക്ക് ധനസഹായവും നൽകിവരുന്നു.

2) പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 10-ാം ക്ലാസ്സ് വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപന്റും അനുവദിച്ചുവരുന്നു.

3) 4, 7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ്സുവരെ അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചുവരുന്നു.

4) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നതും 2.5 ലക്ഷം വാർഷിക വരുമാന പരിധിയുള്ളതുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് പുറമെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും ലഭിക്കുന്നു.

5) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിപ്രകാരം പത്താം ക്ലാസ്സിന് മുകളിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, ഹോസ്റ്റൽ ഫീസ്, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പെന്റ് എന്നിവ ലഭിക്കുന്നു.

6) അക്കാഡമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സമർത്ഥരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7) മെഡിക്കൽ/എഞ്ചിനീയറിംഗ് പൊതു പ്രവേശന പരീക്ഷയ്ക്കുള്ള പരീക്ഷാ പരിശീലനത്തിന് ധനസഹായം

8) മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

9) ലാപ്ടോപ് വിതരണം

10) MBBS, BDS വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

11) വിദ്യാർത്ഥികളുടെ ശാക്തീകരണത്തിനായി സാമൂഹ്യപഠന മുറി, ഗോത്രബന്ധു പദ്ധതി, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ.

(ബി) സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി., എസ്.ടി. വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നു.

(സി) സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും പഠിക്കുന്ന വിദ്യർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾ പഠിച്ചുവരുന്നതും 2.5 ലക്ഷം കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസാനുകൂല്യവും നാഷണൽ എൻട്രൻസ് പോലുള്ള പൊതുപ്രവേശന പരീക്ഷ വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക്

സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പോസ്റ്റ്ഗ്രാജ്വേറ്റ് കോഴ്സുകൾ പഠിക്കുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു.

## പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

40(2806)ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനികവൽകരിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ;

&

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും കാലഘട്ടത്തിന് അനുയോജ്യമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ പഴയ കെട്ടിടങ്ങൾക്ക് പകരം ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം ആവശ്യമായ അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും നടത്തിവരുന്നു. വിവിധ ഐ.റ്റി.ഐ.-കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.-കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. അതോടൊപ്പം വകുപ്പിന്റെ കീഴിലുള്ള എല്ലാ ഐ.റ്റി.ഐ.-കളിലും കെ.ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. നിലവിൽ നടത്തുന്ന കോഴ്സുകളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം സാങ്കേതിക പരിശീലന വകുപ്പിന്റെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക സാമ്പത്തിക ബാദ്ധ്യത വരാത്ത

രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാദ്ധ്യത ഒരുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.-കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാദ്ധ്യത ഒരുക്കുന്നതിനായി സംസ്ഥാനതലത്തിൽ തൊഴിൽമേളകൾ സംഘടിപ്പിക്കുകയും വിവിധ തൊഴിൽ സ്ഥാപനങ്ങളും ഉദ്യോഗാർത്ഥികളും പ്രസ്തുത തൊഴിൽമേളകളിൽ പങ്കെടുക്കുകയും സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി വിവിധ സ്ഥാപനങ്ങളിൽ ജോലിക്കായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ് 19 അതിവ്യാപനത്തിന്റെ സാഹചര്യത്തിൽ പരിമിതിയുണ്ടായിരുന്നതിനാൽ തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനതലത്തിൽ തൊഴിൽമേളകൾ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ തൊഴിൽ സാദ്ധ്യത ഒരുക്കുന്നതിന് നടപടി

സ്വീകരിക്കാൻ വേണ്ട നിർദേശം ബന്ധപ്പെട്ട ഐ.റ്റി.ഐ. ട്രെയിനിംഗ് സൂപ്രണ്ടിനും പ്രിൻസിപ്പൽമാർക്കും നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ പഠനം പൂർത്തീകരിച്ച പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യപരിശീലനം നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

വകുപ്പിന്റെ ഐ.റ്റി.ഐ.-കളിൽനിന്ന് വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി Tool Kit നൽകുന്ന പദ്ധതി നിലവിലുണ്ട്. അതോടൊപ്പം വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 5,700/-രൂപ സ്റ്റൈപ്പെന്റ് നിരക്കിൽ ഒരു വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന ട്രെയിനിംഗ് കം എംപ്ലോയ്മെന്റ്/ അഡീഷണൽ അപ്രന്റീസ്ഷിപ്പ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

<u>ഉമ്പർനാട് പട്ടികജാതി ഐ. ടി ഐ.-യിൽ പുതിയ കോഴ്സുകൾ</u>

41(2807) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ

കോർപ്പസ് ഫണ്ടിൽനിന്നും അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽനിന്നും അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മാവേലിക്കര മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഉമ്പർനാട് പട്ടികജാതി ഐ.ടിഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിലവിൽ നടത്തുന്ന കോഴ്സുകളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം സാങ്കേതിക പരിശീലന വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക സാമ്പത്തിക ബാദ്ധ്യത വരാത്ത രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

## മണിമല - പ്രീമെട്രിക് ഹോസ്റ്റൽ

42(2808) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പ്രീമെട്രിക് ഹോസ്റ്റൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; എത്ര സ്ഥലം ഇതിനായി ആവശ്യമാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള ഏറ്റവും പ്രധാന ഘടകം ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള സർക്കാർ സ്കൂളുകളുടെ സാമീപ്യമാണ്. അതോടൊപ്പം റോഡ്, വൈദ്യുതി, വെള്ളം എന്നിവയുടെ ലഭ്യതയും ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനുള്ള അനിവാര്യ ഘടകങ്ങളാണ്. ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 0.20 ഹെക്ടർ ഭൂമി ഉണ്ടായിരിക്കേണ്ടതാണ്.

(ബി) പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; സമീപത്തെ എത്ര കിലോമീറ്റർ വരെയുള്ള സ്കൂളുകളിലെ കുട്ടികളെ പ്രവേശനത്തിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു.

ഒരു പ്രീമെട്രിക് ഹോസ്റ്റലിൽ സാധാരണഗതിയിൽ അനുവദനീയമായ 30 അന്തേവാസികൾക്ക് പ്രവേശനം നൽകുന്നതാണ്. പ്രത്യേക

സാഹചര്യങ്ങളിൽ കെട്ടിട സൗകര്യം, ഫണ്ടിന്റെ ലഭ്യത എന്നിവ കണക്കിലെടുത്ത് സർക്കാർ അനുമതിക്ക് വിധേയമായി അന്തേവാസികളുടെ എണ്ണം കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഒരു ഹോസ്റ്റലിൽ അനുവദനീയമായ അന്തേവാസികളുടെ എണ്ണത്തിന്റെ 10 ശതമാനം പട്ടികജാതി ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്നതാണ്. ഇതര വിഭാഗങ്ങളെ പട്ടികവർഗ്ഗക്കാർ, മറ്റർഹ സമുദായങ്ങൾ, പട്ടികജാതിയിൽ നിന്നും മതപരിവർത്തനം നടത്തിയവർ, മറ്റു പിന്നാക്ക വിഭാഗങ്ങൾ, മുന്നാക്ക വിഭാഗങ്ങൾ എന്നീ ക്രമത്തിലാണ് നിശ്ചയിക്കുന്നത്. വീടിന്റെ 8 കിലോമീറ്റർ ചുറ്റളവിൽ സ്കൂളുകളില്ലാത്തവർക്ക് മുൻഗണന നൽകുന്നു.

(സി) മണിമല പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പൊതുഭൂമിയായി ഉപയോഗിക്കാതെ കിടക്കുന്ന 1.35 ഏക്കർ സ്ഥലത്ത് പുതിയ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

<u>ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം</u>

43(2809) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മാതിരപ്പിള്ളി ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) സ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 26 സെന്റ് സ്ഥലത്ത് ട്രൈബൽ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് ഡി.ജി.ഇ.-യിൽനിന്നും അനുകൂല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) 16-ൽ അധികം ആദിവാസി കോളനികൾ ഉൾപ്പെടുന്നതും ഇടുക്കി ജില്ലയുമായി അതിർത്തി പങ്കിടുന്നതുമായ കോതമംഗലം മണ്ഡലത്തിലെ പ്രസ്തുത സ്കൂളിൽ ട്രൈബൽ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോതമംഗലം നഗരസഭയുടെ 07-09-2018-ലെ കൗൺസിൽ തീരുമാനപ്രകാരം മാതിരപ്പള്ളി ഗവ.ഹൈസ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 26 സെന്റ് സ്ഥലം പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുനൽകാൻ

തീരുമാനിക്കുകയും ടി വിവരം മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽനിന്നും 30-07-2019-ലെ സി-2622/18 നമ്പർ കത്ത് മുഖേന എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിനുള്ള അനുമതിക്കായി നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ വിശദാംശങ്ങൾ സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർ 11-12-2019-ലെ സി3-17443/19 നമ്പർ കത്ത് മുഖേന പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>സെന്റർ ഫോർ സ്കിൽ എക്സലൻസ് പ്രവർത്തനം</u>

44(2810) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ മണ്ണന്തലയിലുള്ള സെന്റർ ഫോർ സ്കിൽ എക്സലൻസ് (അംബേദ്കർ ഭവൻ) എന്ന സ്ഥാപനത്തിന്റെ നിർമ്മാണത്തിനും സജ്ജീകരണങ്ങൾക്കുമായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ എന്നുവരെ പ്രവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സെന്റർ ഫോർ സ്കിൽ എക്സലൻസ് (അംബേദ്കർ ഭവൻ) എന്ന സ്ഥാപനത്തിന്റെ നിർമ്മാണത്തിനും സജ്ജീകരണങ്ങൾക്കുമായി 71,65,965/-രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് സ്ഥാപനം പ്രവർത്തനരഹിതമായി കിടന്നിരുന്നു.

(ബി) പ്രസ്തുത സ്ഥാപനം മുഖേന എത്ര പേർക്ക് പരിശീലനം നൽകി; അവരിൽ എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്; വിവരങ്ങൾ നൽകുമോ?

സെന്റർ ഫോർ സ്കിൽ എക്സലൻസ് (അംബേദ്കർ ഭവൻ) എന്ന സ്ഥാപനം മുഖേന 2019-20-ൽ 65 പേർക്കും 2020-21-ൽ 63 പേർക്കും പരിശീലനം നൽകി. 65 പേർക്ക് പരിശീലനാന്തരം തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കാത്തതിന്റെ കാരണമെന്താണ്; സ്ഥാപനത്തിന്റെ നടത്തിപ്പിനായി പുതിയ ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ പരിശീലന പരിപാടികൾ നടത്താൻ കഴിയാത്തതിനാലാണ് സ്ഥാപനം പ്രവർത്തിക്കാതിരുന്നത്. സ്ഥാപനത്തിന്റെ നടത്തിപ്പിനായി നിലവിൽ പുതിയ ഏജൻസികളെ

നിയോഗിച്ചിട്ടില്ല. പുതിയ ഏജൻസിയെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഒ.ബി.സി. ആനുകൂല്യം പുന:സ്ഥാപിക്കാൻ നടപടി

45(2811) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുക്കൾ, ഗുരുക്കൾ, ചെട്ടി, ചെട്ടിയാർ, സാധു ചെട്ടി സമുദായങ്ങൾക്ക് 1996 മുതൽ നഷ്ടമായ ഒ.ബി.സി. ആനുകൂല്യം പുന:സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച 242/A3/2021/BCDD ഫയലിൽ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(ബി) പ്രസ്തുത സമുദായങ്ങൾക്ക് ഒ.ബി.സി. ആനുകൂല്യം പുന:സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## പട്ടികജാതി വികസന ഓഫീസർ തസ്തിക

46(2812) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലില്ലാത്ത ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

കൊല്ലം-3, ആലപ്പുഴ-6, കോട്ടയം-6, പത്തനംതിട്ട-3, എറണാകുളം-10, തൃശ്ശൂർ-3, പാലക്കാട്-6, മലപ്പുറം-10, കോഴിക്കോട്-8, വയനാട്-3, കണ്ണൂർ-13, കാസർഗോഡ്-3.

(ബി) പട്ടികജാതി വിഭാഗക്കാർക്കുള്ള ഫണ്ട് വിനിയോഗവും പദ്ധതി നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന് ഇവിടങ്ങളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

## പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തികയിലെ നിയമനം

47(2813) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തികയിലെ 50 ശതമാനം ഒഴിവുകളിൽ ബൈ-ട്രാൻസ്ഫർ മുഖേന വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽനിന്ന് നിയമിക്കണമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ നിലവിലുള്ളപ്പോൾ പ്രസ്തുത തസ്തികയിലേയ്ക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ളവരെ പരിഗണിക്കാതെ ഹെഡ് ക്ലാർക്ക്/യു.ഡി. ക്ലാർക്ക് തസ്തികയിലുള്ളവരെ ചട്ടവിരുദ്ധമായി നിയമിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെ; വിശദമാക്കുമോ?

ഉണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ളവരുടെ അഭാവത്തിൽ മാത്രമേ ഹെഡ് ക്ലാർക്ക്/യു.ഡി. ക്ലാർക്ക് തസ്തികയിലുള്ളവരെ ബൈ-ട്രാൻസ്ഫർ മുഖേന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമിക്കേണ്ടതായിട്ടുള്ളുവെന്ന സ്പെഷ്യൽ റൂളിലെ വ്യവസ്ഥയിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ?

നിലവിലെ വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടില്ല.

(സി) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2, ജൂനിയർ സൂപ്രണ്ട് തസ്തികകൾ പരസ്പരം മാറ്റാവുന്നത് അല്ലെന്ന സ്പെഷ്യൽ റൂളിലെ വ്യവസ്ഥയ്ക്ക്

വിരുദ്ധമായി പ്രസ്തുത തസ്തികകളിലെ ഓഫീസർമാരെ പരസ്പരം മാറ്റി നിയമിച്ചുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2, ജൂനിയർ സൂപ്രണ്ട് തസ്തികകൾ പരസ്പരം മാറ്റാവുന്നത് അല്ലെന്ന സ്പെഷ്യൽ റൂളിലെ വ്യവസ്ഥ മറികടന്നുകൊണ്ടും ഇവ പരസ്പരം മാറ്റാവുന്ന തസ്തികകൾ ആണെന്ന് തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടും വകുപ്പിൽ ചട്ട വിരുദ്ധമായി 3:1 നിരക്കിൽ റേഷ്യോ പ്രമോഷൻ 2010 മുതൽ അനുവദിച്ചുവരുന്നുവെന്ന ആക്ഷേപം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുമൂലമുണ്ടായ ധനനഷ്ടം പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കാമോ;

&

(ഇ) പ്രസ്തുത തസ്തികകൾ പരസ്പരം മാറ്റാവുന്നത് അല്ലെന്ന് 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിനെ അറിയിച്ചതിനുശേഷവും ടി ഇനത്തിൽ സ്ഥാനകയറ്റങ്ങളും നിയമനങ്ങളും നടത്തുന്നുവെന്ന ആരോപണം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) പട്ടികജാതി വികസന വകുപ്പിൽ എത്ര ജൂനിയർ സൂപ്രണ്ട് തസ്തികകളാണുള്ളത്; ഇതിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ മാത്രം എത്ര തസ്തികകൾ നിലവിലുണ്ട് ?

ആകെ 29 ജൂനിയർ സൂപ്രണ്ട് തസ്തികകളാണുള്ളത്. അതിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ മാത്രം 10 തസ്തികകൾ നിലവിലുണ്ട്.

## ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെ ചുമതലകൾ

48(2814) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെ ചുമതലകൾ എന്തൊക്കെയാണെന്നും ആകെയുള്ള ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയുടെ എണ്ണം എത്രയെന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ?

ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെ ചുമതലകൾ Annexure – I ആയി ചേർക്കുന്നു.+ പട്ടികവർഗ്ഗ വികസന വകുപ്പിൽ ആകെ 54 ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയാണുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ Annexure – II ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളിലെ സർക്കാർ ജീവനക്കാരുടെ തസ്തികകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിലെ വിവിധ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളിൽ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, ക്ലർക്ക്, കാഷ്വൽ സ്വീപ്പർ എന്നീ തസ്തികകളാണുള്ളത്.

(സി) സംസ്ഥാനത്തെ ആകെയുള്ള ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളിൽ ക്ലർക്ക് തസ്തികയുള്ള ഓഫീസുകളുടെയും ക്ലർക്ക് തസ്തിക ഇല്ലാത്ത ഓഫീസുകളുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

പ്രസ്തുത വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു (Annexure-III & IV)+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ക്ലർക്ക് തസ്തിക ഇല്ലാത്തത് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തെ ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

&

(ഇ) ക്ലർക്ക് തസ്തികയില്ലാത്ത ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിച്ച് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പി.&എ.ആർ.ഡി. വർക്ക് സ്റ്റഡി റിപ്പോർട്ടിൽ ഇതുസംബന്ധിച്ച ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ ക്ലർക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## വർക്ക് സ്റ്റഡി റിപ്പോർട്ടിലെ പുതിയ തസ്തികകൾ

49(2815) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ

പറയുന്ന പുതിയ തസ്തികകൾ എത്ര; വിശദമാക്കാമോ?

ജൂനിയർ സൂപ്രണ്ട് - 2, സീനിയർ സൂപ്രണ്ട് - 4, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ - 8, ക്ലാർക്ക് - 34, FTS - 114.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ എത്ര തസ്തികകൾ ഏതൊക്കെ കേഡറുകളിൽ സൃഷ്ടിച്ചു; വിശദമാക്കാമോ?

പുതിയ തസ്തികകൾ ഒന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല.

(സി) തസ്തികകൾ സൃഷ്ടിച്ചിട്ടില്ല എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചുവരുന്നു.

(ഡി) എല്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിലും അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തസ്തിക നിലവിലുണ്ടോ?

നിലവിലില്ല.

(ഇ) അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തസ്തിക നിലവിലില്ലാത്ത ഓഫീസുകൾ ഏതൊക്കെ?

ചാലക്കുടി, മൂവാറ്റുപുഴ, പാലക്കാട്, കോഴിക്കോട്.

(എഫ്) അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസർ തസ്തിക സർക്കാരിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ടോ?

നിർദ്ദേശിച്ചിട്ടില്ല.

(ജി) എല്ലാ ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസുകളിലും ക്ലാർക്ക് തസ്തിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എല്ലാ ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസുകളിലും ക്ലാർക്ക് തസ്തിക നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1-ൽ കാണാവുന്നതാണ്.+

<u>ആലത്തൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ</u>

50(2816) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വിവിധ കോളനികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത നിയോജകമണ്ഡലത്തിലെ മലക്കാട്ട്കുന്ന്, കുട്ടാല, കവറപ്പുര, പറക്കുന്നം എന്നീ പട്ടികജാതി കോളനികളെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ കോരഞ്ചിറ, കുന്നുപറമ്പ്, പൂക്കുണ്ട് എന്നീ 3 പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. അതിൽ കുന്നുപറമ്പ് പട്ടികജാതി കോളനിയിലെയും പൂക്കുന്ന് കോളനിയിലെയും കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ച് യീൽഡ് ടെസ്റ്റ് നടത്തിയിട്ടുണ്ട്.

## വയനാട്ടിലെ അംബേദ്കർ വില്ലേജ് പദ്ധതി

51(2817) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ അംബേദ്കർ വില്ലേജ് പദ്ധതിപ്രകാരം വയനാട്ടിലെ ആദിവാസി ഊരുകൾക്ക് ആകെ എത്ര രൂപ അനുവദിച്ചുവെന്നും ഏതെല്ലാം ഊരുകൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും ഓരോ ഊരിലും ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ;

&

(ബി) ഇതുസംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി പൂർത്തീകരിച്ച ഊരുകളും പദ്ധതികൾ പൂർണ്ണമാകാത്ത ഊരുകളും ഏതെല്ലാമെന്ന് അറിയിക്കുമോ?

2017-18-ലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം വയനാട്ടിലെ ആദിവാസി ഊരുകൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക, നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് എന്നിവ അനുബന്ധം - I ആയി ചേർക്കുന്നു.+

(സി) ബത്തേരി ഐ.ടി.ഡി.പി. ഓഫീസിൽ എ.ജി. ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണത്തിൽ പദ്ധതി നടത്തിപ്പിലെ എന്തെല്ലാം വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തി എന്നതാണ് സുൽത്താൻബത്തേരി പട്ടികവർഗ്ഗ വികസന ഓഫീസിൽ എ.ജി. ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വീഴ്ച.

(ഡി) കഴിഞ്ഞ അഞ്ച് വർഷം എസ്.സി./എസ്.ടി. കോർപ്പസ് ഫണ്ട് ഇനത്തിൽ ആകെ എത്ര രൂപ അനുവദിച്ചുവെന്നും ഇതുവരെ എത്ര രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ചുവെന്നും ഓരോ വർഷവും അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർണ്ണമായും നടപ്പാക്കിയ പദ്ധതികളും ആരംഭിക്കാത്ത പദ്ധതികളും പൂർണ്ണമാകാത്ത പദ്ധതികളും ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഇതുസംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

&

(എഫ്) ബത്തേരി ഐ.ടി.ഡി.പി.-ക്ക് കീഴിൽ ഇതേ കാലത്ത് അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും അതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കിയെന്നും വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു -നൽകുന്നതാണ്.

<u>കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കോർപ്പസ് ഫണ്ട്</u>

52(2818) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ പഞ്ചായത്ത് തിരിച്ച്

വിശദമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം-1 ആയും+ പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം-2 ആയും ചേർക്കുന്നു.+

## വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട്

53(2819) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

&

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.+ വർക്കല മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

## മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച എസ്.സി./എസ്.റ്റി. കോർപ്പസ് ഫണ്ട്

54(2820) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ അനുവദിച്ച എസ്.സി./എസ്.റ്റി. കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

&

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.+ 2018-19 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

55(2821) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ൽ പ്രധാനമന്ത്രി ആവാസ് യോജന(പി.എം.എ.വൈ. റൂറൽ) എസ്.സി.എസ്.പി., നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ എസ്.സി./എസ്.പി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് എത്ര കോടി രൂപ വീതം കേന്ദ്രത്തിൽനിന്നും പട്ടികജാതിക്കാർക്കുവേണ്ടി ലഭ്യമാക്കാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ; അതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവനപദ്ധതിയായ പ്രധാനമന്ത്രി ആവാസ് (ഗ്രാമീൺ) യോജനയ്ക്ക് 2021-22 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമായിട്ടില്ല. 2021-22 സാമ്പത്തിക വർഷം നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ എസ്.സി./എസ്.പി ഹെഡ്ഡിൽ കേന്ദ്ര വിഹിതമായി 32.84 കോടി രൂപയും സംസ്ഥാന വിഹിതമായി 21.90 കോടി രൂപയും ചേർത്ത് ആകെ 54.74 കോടി രൂപ ലഭ്യമായിട്ടുണ്ട്. അതിൽ 26.72 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പട്ടികജാതിക്കാർക്ക് 2020-21-ൽ നേടാനായ സാമ്പത്തിക നേട്ടവും ഭൗതിക നേട്ടവും വ്യക്തമാക്കാമോ?

2020-21 വർഷം പട്ടികജാതി വിഭാഗക്കാർക്ക് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം 281.28 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി വർഷം 260 വീടുകൾ അനുവദിക്കുകയും മുൻ വർഷത്തേതുൾപ്പെടെ ടി വർഷം 227 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷനിൽ 2020-21 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 23.05 കോടി രൂപയും സംസ്ഥാന വിഹിതമായി 25.71 കോടി രൂപയും ചേർത്ത് ആകെ 48.76 കോടി രൂപ

ലഭ്യമായിട്ടുണ്ട്. അതിൽ 42.18 കോടി രൂപ ചെലവായിട്ടുണ്ട്. ടി സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുള്ള 455 പട്ടികജാതി വിഭാഗത്തിലെ അയൽക്കൂട്ടങ്ങൾക്കായി മേൽ തുക വിനിയോഗിച്ചിട്ടുണ്ട്.

<u>ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ</u>

56(2822) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷക്കാല പരിധിക്കുള്ളിൽ ഉദ്യോഗസ്ഥർക്കെതിരെ എത്ര വിജിലൻസ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് അന്വേഷണം നടന്നിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം നല്കാമോ?

വിശദാംശം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.+

(ബി) ഇതിൽ എത്ര പേർക്ക് കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്; അതിൻപ്രകാരം എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം അനുബന്ധം-2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.+

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം ത്വരിതപ്പെടുത്തി ശിക്ഷാ നടപടികൾ വേഗത്തിലാക്കാൻ നടപടി ഉണ്ടാകുമോ; അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ സർവ്വീസിൽനിന്നും വിരമിക്കുന്നതിന് മുമ്പായി അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതിക്കാർക്കായുള്ള സെൻട്രൽ സെക്ടർ സെൻട്രലി സ്പോൺസേർഡ് സ്കീമുകൾ

57(2823) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രൽ സെക്ടർ സ്കീം, സെൻട്രലി സ്പോൺസേർഡ് സ്കീം ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗക്കാർക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രൽ സെക്ടർ സ്കീം, സെൻട്രലി സ്പോൺസേർഡ് സ്കീം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സെൻട്രൽ സെക്ടർ സ്കീമുകൾ</u>:-

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതം 60:40).

2. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബുജഗജ്ജീവൻ റാം ഛത്രവാസ് യോജന (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)

3. ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100 ശതമാനം കേന്ദ്രവിഹിതം).

4. ശുചീകരണത്തിലും ആരോഗ്യശോഷണത്തിന് സാദ്ധ്യതയുള്ളതുമായുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്.

5. പ്രധാനമന്ത്രി ആദർശ് ഗ്രാമം യോജന (പി.എം.എ.ജി.വൈ.)

6. പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ.ടു.എസ്.സി.എസ്.പി.-(Outside State Plan)

<u>സെൻട്രലി സ്പോൺസേർഡ് സ്കീമുകൾ</u>:-

1. പ്രധാൻമന്ത്രി ആവാസ് യോജന - ഗ്രാമീൺ (പി.എം.എ.വൈ.)

പട്ടികജാതിക്കാർക്കുള്ള ഉപപദ്ധതി (60% കേന്ദ്രവിഹിതം. ടി പദ്ധതി ഗ്രാമവികസന വകുപ്പ് മുഖേനയാണ് നിർവ്വഹണം നടത്തുന്നത്.)

2. ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡിഎ.വൈ-എൻ.ആർ.എൽ.എം) (60% കേന്ദ്ര വിഹിതം. ടി പദ്ധതി കുടുംബശ്രീ മിഷൻ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്)

3. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം കേന്ദ്രവിഹിതം)

4. പൗരാവകാശ സംരക്ഷണ നിയമവും 1989-ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50 ശതമാനം കേന്ദ്രവിഹിതം)

5. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് (എസ്.സി.എസ്.പി) (49 ശതമാനം കേന്ദ്രവിഹിതം)

(ബി) ഈ പദ്ധതികളിലോരോന്നിലും 2021-22-ൽ എത്ര തുക ലഭ്യമായെന്നും ഏതെല്ലാം വകുപ്പുകൾ വഴിയാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന 2 കേന്ദ്ര പദ്ധതികൾക്ക് 2021-22 സാമ്പത്തിക വർഷം ലഭ്യമായ കേന്ദ്ര വിഹിതം

(കേന്ദ്ര സർക്കാരിൽനിന്നുള്ള Release Order ലഭിച്ചിട്ടുള്ളത്) ചുവടെ ചേർക്കുന്നു.

1. ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 10.74 കോടി രൂപ 2021-22 സാമ്പത്തിക വർഷം ലഭ്യമായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേനയാണ് ഫണ്ട് ചെലവഴിക്കുന്നത്.

2. Machinery for implementation of Protection of Civil Rights Act & Prevention of Atrocities Act (50% CSS) ഇനത്തിൽ 17.6352 കോടി രൂപ 2021-22 സാമ്പത്തിക വർഷം ലഭ്യമായിട്ടുണ്ട്. ടി തുക പട്ടികജാതി വികസന വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നീ വകുപ്പുകൾ മുഖേനയാണ് ചെലവഴിക്കുന്നത്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സ്കിൽ ട്രെയിനിങ്

58(2824) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നോളജ് എക്കണോമി ആക്കുന്നതിന്റെ ഭാഗമായി 20 ലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ

എന്തെല്ലാം സ്കിൽ ട്രെയിനിങ് പരിപാടികളാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടന്നുവരുന്നത് എന്ന് വ്യക്തമാക്കുമോ?

വകുപ്പ് മുഖേന 2019-20 വരെ അനുവദിച്ച നൈപുണ്യ വികസന പരിശീലന പരിപാടികളിൽ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പരിശീലന പരിപാടികൾ നിലവിൽ നടന്നുവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ മുഖേന നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക സ്കിൽ ട്രെയിനിങ് പരിപാടികൾ ആരംഭിക്കുന്നതാണ്.

(ബി) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം വിഷയങ്ങളിലുള്ള സ്കിൽ വികസന പരിപാടികളാണ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന നടന്നിട്ടുള്ളത്; ഇവയിൽ ഓരോന്നിലും എത്ര പേർ വീതം പങ്കെടുത്തു; എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞു?

പട്ടികജാതി വികസന വകുപ്പ് മുഖേന 2020-21, 2021-22 വർഷങ്ങളിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് 2020-21 സാമ്പത്തിക വർഷം 50 കുട്ടികൾക്കായി എയർലൈൻ കസ്റ്റമർ സർവ്വീസ് എന്ന കോഴ്സും 100 കുട്ടികൾക്കായി എയർലൈൻ & എയർപോർട്ട് മാനേജ്മെന്റ് എന്നീ കോഴ്സുകൾ ആരംഭിച്ചു. കോഴ്സുകൾ പൂർത്തീകരിച്ചശേഷം പ്ലേയ്സ്മെന്റ് നൽകുന്നതാണ്.

(സി) 2016 മുതൽ 2021 വരെ ഓരോ സാമ്പത്തിക വർഷവും ഇപ്രകാരം പരിശീലനം പൂർത്തിയാക്കിയവർ എത്ര; അവരിൽ തൊഴിൽ ലഭിച്ചവർ എത്ര; പുതിയ സർക്കാർ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി എത്ര സ്കിൽ പരിശീലനങ്ങൾക്ക് കരാർ നൽകിയിട്ടുണ്ട്; ഏതെല്ലാം വിഷയങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് കരാർ നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരം പരിശീലനം നടത്തിയ സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് കരാർ പ്രകാരമുള്ള പണം നൽകാൻ ബാക്കിയുണ്ടോ; ഏതെല്ലാം ഏജൻസികൾക്ക്

എത്ര രൂപ വീതം നൽകാനുണ്ട്; കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് 2020-21 സാമ്പത്തിക വർഷം എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ & എയർപോർട്ട് മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തുന്നതിലേയ്ക്കായി ഡ്രീംസ്കൈ ഏവിയേഷൻ അക്കാഡമി എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയത്. എയർലൈൻ കസ്റ്റമർ സർവ്വീസ് കോഴ്സിനായി വകയിരുത്തിയ 1,31,00,000/- രൂപയിൽ 98,25,000/- രൂപയും, എയർലൈൻ & എയർപോർട്ട് മാനേജ്മെന്റ് കോഴ്സിനായി വകയിരുത്തിയ 99,00,000/- രൂപയിൽ 74,25,000/- രൂപയും സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കുട്ടികളെ തെരെഞ്ഞെടുക്കുന്നതിൽ വന്ന കാലതാമസവും പരിശീലനം ആരംഭിക്കുന്നതിന് വന്ന കാലതാമസവുമാണ് കുടിശ്ശിക വരുന്നതിന് കാരണം. പരിശീലന പരിപാടിയുടെ ഓരോ ഘട്ടത്തിലേയും പുരോഗതിക്കനുസരിച്ചാണ് ഫണ്ട് അനുവദിച്ചുവരുന്നത്.

## കുംഭാര സമുദായത്തിലെ ജാതി ഏകീകരണം

59(2825) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംഭാര സമുദായത്തിലെ ജാതി ഏകീകരണം സംബന്ധിച്ച കിർത്താഡ്സിന്റെ പഠനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

&

(ബി) ഇതുസംബന്ധിച്ച ഏതെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കുംഭാര സമുദായവുമായി ബന്ധപ്പെട്ട് കിർത്താഡ്സ് രണ്ട് പഠനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനങ്ങൾ പരിശോധിച്ച് കുംഭാര സമുദായത്തിന്റെ സമുദായ സർട്ടിഫിക്കറ്റ് സംബന്ധിച്ച പ്രശ്നത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരികയാണ്. അപ്രകാരം തയ്യാറാക്കുന്ന പഠന റിപ്പോർട്ട് പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിന് ശിപാർശ നൽകുകയും ടി ശിപാർശയിന്മേൽ സർക്കാർ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

(സി) ഈ വിഭാഗത്തിന് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

കുംഭാര സമുദായത്തെ മറ്റർഹ വിഭാഗത്തിലുൾപ്പെടുത്തി പട്ടികജാതിക്കാർക്ക് സാധാരണഗതിയിൽ ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിക്കുന്നുണ്ട്. പ്രീമെട്രിക് തലത്തിൽ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ലംപ്സം ഗ്രാന്റ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ ലംപ്സം ഗ്രാന്റ്, ട്യൂഷൻ ഫീസ് റീ ഇമ്പേഴ്സ്മെന്റ് എന്നിവയാണ് അനുവദിക്കുന്നത്. പോസ്റ്റ് മെട്രിക് കോഴ്സുകളിൽ സർക്കാർ/സർക്കാർ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ലംപ്സം ഗ്രാന്റിന് പുറമെ പ്രതിമാസ സ്റ്റൈപ്പെന്റ്, നിയമാനുസൃതമായ ഫീസുകൾ എന്നിവ അനുവദിക്കുന്നു. സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ മെറിറ്റിലും സംവരണത്തിലും സർക്കാർ ഏജൻസികൾ വഴി പ്രവേശനം നേടുന്നവർക്കും ഇതേ ആനുകൂല്യങ്ങൾ ലഭിക്കും. കൂടാതെ 23-05-2014-ലെ സ.ഉ. (എം.എസ്)നം.10/2014/പിസവിവ, പ്രകാരം വിവിധ കോഴ്സുകൾക്ക് സംവരണവും അനുവദിക്കുന്നുണ്ട്.

(ഡി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച്

60(2826) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിടം പണിയുന്നതിനായി ആദിവാസി പുനരധിവാസ പദ്ധതിക്കായി അനുവദിച്ചിരുന്ന അവകാശികൾ ഇല്ലാത്ത ഒരേക്കർ വീതമുള്ള രണ്ട് പ്ലോട്ടുകൾ വിട്ടുനൽകണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഈ പ്രദേശത്ത് കോളേജിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

ടി ഭൂമി അവകാശികൾ ഇല്ലാത്തവയല്ല. പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചതും എന്നാൽ ഇതുവരെ താമസിക്കാത്തതുമായ ഭൂമിയാണ്. അന്വേഷണം നടത്തിയതിൽ ടി പ്ലോട്ടുടമകൾക്ക് തങ്ങളുടെ ഭൂമി കോളേജ്

പണിയുന്നതിനായി വിട്ടുനൽകാൻ സമ്മതമല്ലായെന്ന് അറിയിച്ചതനുസരിച്ച്, ടി വിവരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആദിവാസി പുനരധിവാസ വികസന മിഷൻ

61(2827) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷന് കഴിഞ്ഞ അഞ്ച് വർഷം എത്ര രൂപ അനുവദിച്ചു; ഇതുവരെ എത്ര രൂപ ചെലവഴിച്ചു; ഓരോ വർഷവും അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പദ്ധതി തിരിച്ചുള്ള കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പാക്കിയ സെറ്റിൽമെന്റുകൾ ഏതെല്ലാമാണ്; ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതി നടപ്പാക്കാനുള്ള സെറ്റിൽമെന്റുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെറ്റിൽമെന്റ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇക്കാലത്ത് വയനാട്ടിൽ പുനരധിവാസ കേന്ദ്രങ്ങളിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചു; അതിൽ ഏതെല്ലാം പൂർത്തിയാക്കി; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 12.93 ഏക്കർ ഭൂമി വാങ്ങി 110 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. വെള്ളപ്പൊക്കഭീഷണി നേരിടുന്ന 171 കുടുംബങ്ങൾക്ക് 20.47 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ സുൽത്താൻബത്തേരി താലൂക്കിൽ 172 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 55 വീടുകൾ പൂർത്തീകരിച്ചു. ബാക്കി വീടുകൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണം പുരോഗമിച്ചുവരുന്നു. (മരകാവ്-ചേപ്പില 54 വീടുകൾ പൂർത്തീകരിച്ചു, കാക്കത്തോട് - ചാടകപുര - 55 വീടുകൾ, സി.സി. - ആവയൽ - 55 വീടുകൾ (1 പൂർത്തീകരിച്ചു.) കാപ്പിസെറ്റ് - 25 വീടുകൾ, കോളറാട്ടുകുന്ന് - 29 വീടുകൾ, പെരിക്കല്ലൂർ - 9 വീടുകൾ) മരകാവ്-ചേപ്പില കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, കാക്കത്തോട്-ചാടകപ്പുര കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചു. കാക്കത്തോട് - ചാടകപ്പുര വൈദ്യുതീകരണം പൂർത്തിയായിവരുന്നു. വൈത്തിരി താലൂക്കിലെ പുനരധിവാസ മേഖലകളായ

സുഗന്ധഗിരി, പൂക്കോട്, പഞ്ചാർകുന്ന്, പുതുക്കുടിക്കുന്ന്, നായ്ക്കൊല്ലിക്കുന്ന്, വെള്ളപ്പൻകണ്ടി എന്നീ മേഖലകളിലായി അനുവദിച്ച 236 വീടുകളിൽ 42 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കി വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. സുഗന്ധഗിരി, പൂക്കോട് മേഖലകളിലായി 80 വീടുകൾക്ക് പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ തുടർന്നുവരുന്നുണ്ട്. സുഗന്ധഗിരി, പൂക്കോട് മേഖലകളിൽ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു. ടി മേഖലകളിൽ അനുവദിച്ച 20 റോഡുകളിൽ 14 എണ്ണം പൂർത്തിയായിട്ടുണ്ട്. ടി മേഖലകളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കിവരുന്നു. മാനന്തവാടി താലൂക്കിൽ 47 വീടുകൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## വനാവകാശ നിയമ പ്രകാരം സർട്ടിഫിക്കറ്റ്

62(2828) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരം സർട്ടിഫിക്കറ്റ് ലഭ്യമാകാൻ പട്ടികവർഗ്ഗ വികസന വകുപ്പിൽ എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; അപേക്ഷകരിൽ എത്ര പേർക്ക് റെക്കോർഡ് ഓൺ റൈറ്റ്സ് നൽകാനുണ്ടെന്ന് അറിയിക്കാമോ?

വനാവകാശ നിയമപ്രകാരം വ്യക്തിഗത കൈവശാവകാശരേഖ ലഭിക്കുന്നതിനായി നാളിതുവരെയായി 43466 അപേക്ഷകൾ ലഭ്യമായതിൽ 26745 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. ആകെ ലഭിച്ച അപേക്ഷകളിൽ 5206 എണ്ണം വിവിധ കമ്മിറ്റികളുടെ പരിഗണനയിലാണ്. 11515 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. വ്യക്തിഗത അവകാശത്തിന് അർഹതയുള്ളതും എന്നാൽ നാളിതുവരെയായിട്ടും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരിൽനിന്നും അപേക്ഷ ലഭ്യമാക്കി കൈവശാവകാശരേഖ നൽകുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) അപേക്ഷകർക്ക് എപ്പോൾ വനവകാശ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ; പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കും രേഖകൾ സൂക്ഷിക്കുന്നതിനുമായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖയ്ക്ക് അപേക്ഷ നൽകുന്നതിന് സമയ പരിധിയില്ല. കൈവശാവകാശ രേഖയ്ക്ക് അർഹരായവർ വനാവകാശ സമിതിക്ക് മുമ്പാകെ എപ്പോൾ വേണമെങ്കിലും അപേക്ഷ നൽകാവുന്നതാണ്. വനാവകാശ കമ്മിറ്റി അംഗീകരിക്കുന്ന അപേക്ഷകൾ ഗ്രാമസഭ, SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെയാണ് കൈവശാവകാശരേഖ നൽകുന്നത്. ഈ കമ്മിറ്റികളെയാണ് ടി കാര്യങ്ങൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ മേല്പറഞ്ഞ രേഖകൾ പരിശോധിക്കുന്നതിനും ആർക്കെങ്കിലും സർട്ടിഫിക്കറ്റ് നഷ്ടമായാൽ പകരം പകർപ്പ് അനുവദിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നഷ്ടപ്പെട്ട കൈവശാവകാശ രേഖയുടെ പകർപ്പ് SDLC, DLC എന്നീ കമ്മിറ്റികൾ മുഖേന എടുക്കാവുന്നതാണ്.

<u>കണ്ണൂർ ജില്ലയിലെ ക്ഷേത്രകലാ അക്കാദമി</u>

63(2829) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനും ബൈലോ അംഗീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള സ്ഥാപനമായി രൂപീകരിക്കപ്പെട്ട് പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് കണ്ണൂർ ജില്ലയിലെ ശ്രീ മാടായിക്കാവ് ഭഗവതി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പാട്ടത്തിന് അനുവദിക്കുന്ന വിഷയം, മലബാർ ദേവസ്വം ബോർഡിന്റെ പരിഗണനയ്ക്ക് വന്നതിൽ, ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി ക്ഷേത്രേതര ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിന് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 29 പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. ക്ഷേത്രകലാ അക്കാദമിയുടെ നിയമാവലി അംഗീകരിക്കുന്നത് സംബന്ധിച്ച്,

അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആന്റ് റെഗുലേഷനുകളും 1860-ലെ സൊസൈറ്റീസ് ഓഫ് രജിസ്ട്രേഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേകം പ്രത്യേകം തയ്യാറാക്കി സമർപ്പിക്കാൻ മലബാർ ദേവസ്വം കമ്മീഷണറോട് ആവശ്യപ്പെട്ടതിൻപ്രകാരം ആയത് 15-03-2022-ൽ ബോർഡ് സർക്കാരിൽ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരികയാണ്.

## ഐ.റ്റി.ഡി.പി., റ്റി.ഡി.ഒ. ഓഫീസുകളിലെ എ.പി.ഒ., എ.റ്റി.ഡി.ഒ. തസ്തികകൾ

64(2830) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഡി.പി., റ്റി.ഡി.ഒ. ഓഫീസുകളുടെ എണ്ണം എത്രയാണെന്നും ഇവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഐ.റ്റി.ഡി.പി. ഓഫീസ് - 07, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് - 11 (ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം അനുബന്ധമായി ചേർക്കുന്നു).+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഓഫീസുകളിലെ എ.പി.ഒ., എ.റ്റി.ഡി.ഒ.-മാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

1. വകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി മേഖലയായ വിദ്യാഭ്യാസം സംബന്ധിച്ച പ്രവർത്തനങ്ങളുടെയും സ്ഥാപനങ്ങളുടെയും ജില്ലയിലെ ഏകോപനമാണ് അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ/അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ പ്രധാന ചുമതല.

2. ജില്ലാതല ഓഫീസുകളുടെ നിയന്ത്രണ ഉദ്യോഗസ്ഥനായ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരെ പ്രവർത്തനങ്ങളിൽ സഹായിക്കുകയും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ അഭാവത്തിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നു.

3. ചില ഓഫീസുകളിൽ ഡി.ഡി.ഒ.-മാരുടെ ചുമതല വഹിക്കുന്നത് അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ/അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരാണ്.

(സി) പ്രസ്തുത ഓഫീസുകളിൽ എ.പി.ഒ., എ.റ്റി.ഡി.ഒ. തസ്തികകൾ ഇല്ലാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പാലക്കാട്, ചാലക്കുടി, മൂവാറ്റുപുഴ, കോഴിക്കോട്.

(ഡി) പ്രസ്തുത തസ്തികകൾ ഇല്ലാത്ത ഓഫീസുകളിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ/അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തസ്തികകൾ ഇല്ലാത്ത ഓഫീസുകളിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് പാലക്കാട്, മൂവാറ്റുപുഴ ഓഫീസുകളിൽ ജൂനിയർ സൂപ്രണ്ടുമാരും ചാലക്കുടി, കോഴിക്കോട് ഓഫീസുകളിൽ സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർമാരുമുണ്ട്.

(ഇ) പ്രസ്തുത തസ്തികകളുടെ അഭാവം ഈ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പ്രസ്തുത തസ്തികകൾ ഇല്ലാത്ത ഓഫീസുകളിൽ ഈ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## അട്ടപ്പാടി ശിശുമരണം

65(2831) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ഈ വർഷം നാളിതുവരെ രണ്ട് നവജാത ശിശുക്കൾ മരിച്ചത് ഗൗരവമായി കാണുന്നുണ്ടോ?

അട്ടപ്പാടിയിൽ നാളിതുവരെ നടന്ന ശിശുമരണങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഗൗരവമായി കാണുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2022 മാർച്ച് മാസത്തിൽ ഷോളയൂർ വട്ടലക്കി ലക്ഷം വീട്ടിലെ അയ്യപ്പൻ-നഞ്ചമ്മാൾ ദമ്പതികളുടെ നവജാത ശിശു മരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

&

(സി) രക്തക്കുറവും ഭാരക്കുറവുംമൂലമാണ് കുട്ടിയെ ആശുപത്രിയിൽ എത്തിച്ചത് എന്നത് വസ്തുതയാണോ?

നഞ്ചമ്മാൾ W/o. അയ്യപ്പൻ, ഷോളയൂർ എന്നവരെ ഉയർന്ന രക്തസമ്മർദ്ദം കാരണം കോട്ടത്തറ GTSH-ൽനിന്നും പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയായിരുന്നു. അവിടെനിന്നും ഗർഭസ്ഥ

ശിശുവിനെ സിസേറിയൻ വഴി പുറത്തെടുക്കുകയായിരുന്നു എന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ശിശുവിന്റെ മരണം ആശുപത്രിയിൽ വച്ചാണ് സംഭവിച്ചിട്ടുള്ളത്.

(ഡി) അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്ക് രക്തക്കുറവും ഭാരക്കുറവും ഉണ്ടാകുന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്ന് അറിയിക്കാമോ; ഈ പദ്ധതികളുടെ കാര്യക്ഷമത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഇത്തരത്തിൽ ഒരു പരിശോധന നടത്തിയിട്ടില്ല. ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ അട്ടപ്പാടിയിൽ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി, സിവിൽ സപ്ലൈസ്, വനിതാ ശിശു വികസനം, തദ്ദേശസ്വയംഭരണം, കുടുംബശ്രീ തുടങ്ങിയ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കിവരുന്നത്. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജനനി ജന്മരക്ഷാ പദ്ധതി

2. കമ്മ്യൂണിറ്റി കിച്ചൻ (കുടുംബശ്രീ മുഖേന)

3. മില്ലറ്റ് വില്ലേജ്

4. സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായ പദ്ധതി

5. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

6. ഭക്ഷ്യസഹായ പദ്ധതി

7. വാത്സല്യ സ്പർശം

കൂടാതെ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ കാലാകാലങ്ങളിൽ പരിശോധനയ്ക്കും നിരീക്ഷണത്തിനും വിധേയമാക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടിക വിഭാഗങ്ങൾക്കുള്ള ചികിത്സാ സഹായം</u>

66(2832) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്ന് പട്ടികജാതി വകുപ്പ് മുഖേന ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇവയിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാധനസഹായ പദ്ധതി ഇനത്തിൽ 18 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 15 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | അനുവദിച്ച തുക |
|---|---|---|
| 1 | അപ്പുക്കുട്ടൻ. സി. കെ., ബ്ലോക്ക് നമ്പർ 10/15, കൊച്ചുകയത്തിൽ, മാടപ്പള്ളി | 20,000/- |
| 2 | ദാമോദരൻ. കെ, പൊയ്യതാനം വീട്, പൻപുഴ, മാടപ്പള്ളി | 25,000/- |
| 3 | കെ. റ്റി. പ്രകാശ്, കഞ്ഞിക്കം, ചീരഞ്ചിറ, ചങ്ങനാശ്ശേരി | 25,000/- |
| 4 | ശാന്തമ്മ കരുണാകരൻ, വെങ്കോട്ട പുതുപ്പറമ്പിൽ, മാടപ്പള്ളി.പി.ഒ. | 50,000/- |
| 5 | രാജമ്മ, കോട്ടയ്ക്കൽ പുതുപ്പറമ്പ്, പെരുംപനച്ചി.പി.ഒ, മാടപ്പള്ളി | 50,000/- |
| 6 | രാജമ്മ ബാബു, മുപ്പത്തെട്ടിൽചിറ,പെരുന്ന | 50,000/- |

| | | |
|---|---|---|
| | വെസ്റ്റ്, ചങ്ങനാശ്ശേരി | |
| 7 | തങ്കപ്പൻ.വി.വി., പുത്തൻപറമ്പിൽ, കുറുമ്പനാട് പി.ഒ, ചങ്ങനാശ്ശേരി | 25,000/- |
| 8 | രമേശൻ. പി., പാലക്കുന്നിൽ, മാടപ്പള്ളി. പി.ഒ, മാടപ്പള്ളി. | 12,000/- |
| 9 | രമണി. വി. എം., പുളിമൂട്ടിൽ, കുറുമ്പനാടം പി.ഒ., ചങ്ങനാശ്ശേരി. | 25,000/- |
| 10 | ബിജു. പി, എ.സി.കോളനി നം.85, പനച്ചിക്കാവ്.പി.ഒ., പെരുന്ന | 40,000/- |
| 11 | വിജയചന്ദ്രൻ. എം. കെ., മഴവൻചേരിയിൽ, പെരുന്ന വെസ്റ്റ്, പനച്ചിക്കാവ്.പി.ഒ., ചങ്ങനാശ്ശേരി. | 24,000/- |
| 12 | ഗണേശൻ. റ്റി. ആർ., റാം നിവാസ്, തോപ്പുപറമ്പിൽ, നാലുകോടി.പി.ഒ., പായിപ്പാട്. | 50,000/- |
| 13 | ചിന്നമ്മ അപ്പുക്കുട്ടൻ, പുതുനിലം വീട്, കുറുമ്പനാടം.പി.ഒ., മാടപ്പള്ളി | 25,000/- |
| 14 | രശ്മിമോൾ, കളത്തിൽ പറമ്പിൽ, മാടപ്പള്ളി.പി.ഒ., ചങ്ങനാശ്ശേരി | 40,000/- |
| 15 | സനൽ. വി. കെ, വെട്ടികാട്ടുചിറ, ഇത്തിത്താനം.പി.ഒ., കുറിച്ചി | 25,000/- |
| ആകെ | 4,86,000/- (നാല് ലക്ഷത്തി എൺപത്തിയാറായിരം രൂപ മാത്രം) | |

## ഇ.എം.എസ്. സഹകരണ ആശുപത്രി

67 (2833) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടത്തുന്ന ഏതെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിക്ക് പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതു പദ്ധതിയുടെ ഭാഗമായാണ് തുക അനുവദിച്ചതെന്നും വിശദമാക്കാമോ?

അട്ടപ്പാടി മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിക്ക് യാതൊരു ധനസഹായവും നൽകിയിട്ടില്ല.

## കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ

68 (2834) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനം, തൊഴിൽ സംരംഭം

തുടങ്ങിയ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ടു ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ ഫണ്ട് ഇനത്തിൽ 31-03-2022-ൽ അവസാനിക്കുന്ന കഴിഞ്ഞ അഞ്ച് വർഷം ഈ ഫണ്ട് ഇനത്തിൽ ചെലവഴിച്ച തുകയും നടപ്പാക്കിയ പദ്ധതികളും നേട്ടങ്ങളും വർഷം തിരിച്ച് അറിയിക്കാമോ?

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് അനുബന്ധം-I ആയി ചേർക്കുന്നു.+ നടപ്പാക്കിയ പദ്ധതികളും നേട്ടങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഓരോ വർഷവും സംസ്ഥാന സർക്കാർ ചെലവഴിച്ച തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷവും ലഭിച്ച തുക എത്രയാണ്; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കേന്ദ്രം തുക അനുവദിക്കാത്തത്; വ്യക്തമാക്കാമോ?

കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായ തുക സംബന്ധിച്ച വിവരം അനുബന്ധം-II ആയി ചേർക്കുന്നു.+ കേന്ദ്രസർക്കാരിൽനിന്നും 2019-20 വർഷംവരെ ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. നിലവിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ഷീ സ്മാർട്ട് കഫെ

69 (2835) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷീ സ്മാർട്ട് കഫെ പദ്ധതിക്കുവേണ്ടി പരിശീലനം പൂർത്തീകരിച്ച പട്ടികജാതി വനിതകൾക്ക് സംസ്ഥാനത്ത് പലയിടത്തും ധനസഹായം അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

20 പട്ടികജാതി വനിതകൾക്ക് Women Entrepreneurship Development Programme in Restaurant Management പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതി സ്റ്റേറ്റ് റിസോഴ്സ് സെന്റർ മുഖാന്തരം നടപ്പിലാക്കുന്നതിന് 48,00,000/-രൂപ (നാല്പത്തിയെട്ട് ലക്ഷം രൂപ) യുടെ ഭരണാനുമതി 2016-17-ൽ നൽകിയിരുന്നു. 20 പട്ടികജാതി വനിതകൾക്ക് റസ്റ്റോറന്റ് മാനേജ്മെന്റിൽ പരിശീലനം നൽകി 2 യൂണിറ്റ് ഷീ സ്മാർട്ട് കഫേ (ഒരു യൂണിറ്റിൽ 10 വനിതകൾ എന്ന ക്രമത്തിൽ) സ്ഥാപിച്ച് തൊഴിൽ ഉറപ്പാക്കണമെന്ന വ്യവസ്ഥയോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരുന്നത്. അതിലേയ്ക്ക് ധാരണാപത്രത്തിലെ

വ്യവസ്ഥകൾക്ക് വിധേയമായി ഒന്നാം ഗഡുവായി 28,00,000/- രൂപ (ഇരുപത്തിയെട്ട് ലക്ഷം രൂപ) സ്ഥാപനത്തിന് അനുവദിച്ചുനൽകിയിരുന്നു. എന്നാൽ പരിശീലനം നൽകിയെങ്കിലും ഷീ സ്മാർട്ട് കഫേകൾ സ്ഥാപിച്ച് തൊഴിൽ നൽകുന്ന കാര്യത്തിൽ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് സാധിച്ചില്ല. അതിനാൽ ബാക്കി തുക സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം പരിശീലനം പൂർത്തീകരിച്ച ഇരുപത് യുവതികൾക്കായി അനുവദിച്ച നാല്പത്തിയെട്ട് ലക്ഷം രൂപ അടിയന്തരമായി വിതരണം ചെയ്യുമോ; വ്യക്തമാക്കാമോ?

20 പട്ടികജാതി വനിതകൾക്ക് Women Entrepreneurship Development Programme in Restaurant Management പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതി നിർവ്വഹണത്തിന് സ്റ്റേറ്റ് റിസോഴ്സ് സെന്റർ മുഖേന നടപ്പിലാക്കുന്നതിനാണ് 48,00,000/-രൂപ (നാല്പത്തിയെട്ട് ലക്ഷം രൂപ) യുടെ ഭരണാനുമതി 2016-17-ൽ നൽകിയത്.

<u>സാമ്പത്തിക വികസന പരിപാടികൾ</u>

70 (2836) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വികസന പരിപാടികൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായം നൽകിവരുന്നു; വിശദമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ നിലവിലുണ്ട്?

പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് 2015-16 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന ഓഹരി മൂലധന സഹായം ഉപയോഗിച്ചുകൊണ്ട് സംഘങ്ങൾ നേരിട്ട് ഏറ്റെടുക്കുന്ന വികസന പദ്ധതികൾ അഥവാ അംഗങ്ങളുടെ സ്വാശ്രയ ഗ്രൂപ്പുകൾ എന്നിവയ്ക്ക് വായ്പാ ധനസഹായം നൽകി വരുന്നു. ഈ ഇനത്തിൽ 2015-16 മുതൽ 2020-21 വരെ 435 ലക്ഷം രൂപ ലഭിച്ചിട്ടുള്ളത് പ്രയോജനപ്പെടുത്തി 103 സംഘങ്ങൾക്ക് വായ്പ സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷം പ്രത്യേക പദ്ധതി ധനസഹായമായി ലഭിച്ച 96.92 ലക്ഷം രൂപ വിനിയോഗിച്ച് 5

സംഘങ്ങൾക്ക് കോൺക്രീറ്റ് ബ്ലോക്ക് ടൈൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ള 2 കോടി രൂപയിൽ 185 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് 37 അംഗസംഘങ്ങൾക്ക് വനിതാ സ്വാശ്രയ ഗ്രൂപ്പുകൾ വഴി ഉല്പാദന-സേവന പദ്ധതികൾ ഏറ്റെടുക്കുന്നതിന് 5 ലക്ഷം രൂപവരെയുള്ള വായ്പാസഹായം നൽകുന്നുണ്ട്. മേൽപ്രകാരമുള്ള ധനസഹായ ഇനത്തിൽ ഫെഡറേഷന്റെ ആകെയുള്ള 581 പട്ടികജാതി സംഘങ്ങളിൽ 128 സംഘങ്ങൾക്ക് വികസന പരിപാടികൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചടങ്ങുകൾക്കായി അവരുടെ മാതാപിതാക്കൾക്ക് 1,25,000/- രൂപ വീതം സാമ്പത്തിക സഹായം നൽകിവരുന്ന പദ്ധതിപ്രകാരം 2021-22 കാലയളവിൽ സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് പ്രസ്തുത സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദമായ കണക്ക് നൽകാമോ?

2021-22 കാലയളവിൽ സംസ്ഥാനത്ത് വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ

വിവാഹ ചടങ്ങുകൾക്കായി വകുപ്പിൽനിന്നും 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകിയിട്ടില്ല. എന്നാൽ ടി കാലയളവിൽ 75,000/- (എഴുപത്തി അയ്യായിരം) രൂപ നിരക്കിൽ ആകെ 9,205 കുടുംബങ്ങൾക്ക് വകുപ്പുമുഖേന വിവാഹധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കോട്ടക്കൽ - പുറമണ്ണൂർ-വട്ടപ്പറമ്പ് റോഡ് നിർമ്മാണം

71 (2837) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ എസ്.സി. കുടുംബങ്ങൾ ആശ്രയിക്കുന്ന പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമല്ലാത്തതിനാൽ അടിയന്തരമായി പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോർപ്പസ് ഫണ്ട് പദ്ധതിയുടെ മാനദണ്ഡപ്രകാരം കോളനിക്കുള്ളിലെ റോഡ് നവീകരിക്കുന്നതിനും ഗതാഗത സൗകര്യം ഒരുക്കുന്നതിനുമാണ് അനുമതിയുള്ളത്. പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് കോളനിക്ക് പുറത്തുനിന്നുമാണ് ആരംഭിക്കുന്നത്. പട്ടികജാതി കോളനി/ സങ്കേതങ്ങളിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്നപക്ഷം നിർമ്മാണത്തിനായി കോർപ്പസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

## കുന്നത്തുനാട് പട്ടികജാതി കോളനിയിലെ കുടുംബങ്ങളുടെ പട്ടയം

72 (2838) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം വില്ലേജിൽ ഉൾപ്പെട്ട താമരച്ചാൽ പുറംകര പട്ടികജാതി കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്; ആയതിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്; വ്യക്തമാക്കാമോ?

പ്രസ്തുത പട്ടികജാതി കോളനിയിൽ താമസിച്ചുവരുന്ന 6 പട്ടികജാതി

കുടുംബങ്ങൾക്കും പട്ടയം ലഭിക്കാനുണ്ട്.

(ബി) പട്ടയം ലഭിക്കാത്തതിനാൽ ടി കോളനിയിലെ പട്ടികജാതി കുടുംബങ്ങൾക്ക് സർക്കാരിൽനിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) പട്ടയം ലഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ടി 6 കുടുംബങ്ങളും താമസിക്കുന്നത് പെരിയാർവാലി കനാൽ പുറമ്പോക്ക് ഭൂമിയിൽ ആണ് എന്നതാണ് പട്ടയം നൽകുന്നതിന് നിലവിലുള്ള തടസ്സം. പ്രസ്തുത കുടുംബങ്ങളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സ്വീകരിച്ചിട്ടുണ്ടെങ്കിലും പുറമ്പോക്ക് ഭൂമിയായതിനാൽ ഭവനനിർമ്മാണത്തിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ട്. കൈവശരേഖ, റേഷൻ കാർഡ് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ ഉള്ളതിനാൽ ഈ കുടുംബങ്ങൾക്ക് സാമൂഹ്യപെൻഷൻ ഉൾപ്പെടെയുള്ള മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമൊന്നുമില്ല.

<u>തെങ്ങുംകോട് വാർഡിലെ സാംസ്കാരിക കേന്ദ്രം</u>

73 (2839) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കല്ലറ ഗ്രാമപഞ്ചായത്തിലെ തെങ്ങുംകോട് വാർഡിലെ സാംസ്കാരിക കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

&

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കല്ലറ ഗ്രാമപഞ്ചായത്തിലെ തെങ്ങുംകോട് വാർഡിലെ സാംസ്കാരിക കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി 2016-17 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1,34,789/-രൂപ ചെലവാക്കി ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ടി കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ല - പട്ടികവർഗ്ഗ വിദ്യാർത്ഥിനിയുടെ ചികിത്സയ്ക്കും പഠനത്തിനും സംവിധാനം

74 (2840) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മാഞ്ചീരി വന മേഖലയിലെ പൂച്ചപ്പാറ പട്ടികവർഗ്ഗ കോളനിയിൽ താമസിക്കുന്ന മണി എന്നയാളുടെ മകളും ഹൈഡ്രോ സെഫാലസ്, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ച ഭിന്നശേഷിക്കാരിയുമായ മീനാക്ഷി (14 വയസ്സ്) എന്ന പെൺകുട്ടിയുടെ ചികിത്സയ്ക്കും പഠനത്തിനുമായി സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ മാഞ്ചീരി വനമേഖലയിലെ പൂച്ചപ്പാറ കോളനിയിലെ മണിയുടെ മകളായ മീനാക്ഷിയെ നിലമ്പൂർ ഐ.റ്റി.ഡി.പി. ഓഫീസ് മുഖേന കോളനിയിൽനിന്നും കോഴിക്കോട് ഐ.എം.സി.എച്ച്.-ൽ പ്രവേശിപ്പിച്ച് ചികിത്സ നൽകിവരുന്നു.

(ബി) തുടർന്നും ഈ പെൺകുട്ടിയുടെ ചികിത്സയ്ക്കും പഠനത്തിനും സർക്കാർ സംവിധാനമൊരുക്കുമോ; വ്യക്തമാക്കുമോ?

കുമാരി മീനാക്ഷിയുടെ ചികിത്സയ്ക്കും പഠനത്തിനും ആവശ്യമായ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കാട്ടാക്കടയിൽ പട്ടികജാതിവികസന വകുപ്പിന് കീഴിൽ നടക്കുന്ന പ്രവൃത്തികൾ

75 (2841) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടന്നുവരുന്നതും അനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## വയനാട്ടിലെ എം.ആർ.എസ്.-കളിലെ ആയമാർ

76(2842) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എത്ര എം.ആർ.എസ്.-കളാണ് പ്രവർത്തിക്കുന്നത്; ഇതിൽ ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ഏതെല്ലാം?

വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ അഞ്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.ആർ.എസ്.-കളാണ് പ്രവർത്തിക്കുന്നത്. ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്ന രണ്ട് എം.ആർ.എസ്.-കൾ ഉണ്ട്. 1) രാജീവ് ഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നൂൽപ്പുഴ. 2) ഗവ. ആശ്രമം സ്കൂൾ, തിരുനെല്ലി.

(ബി) ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അനുവദിച്ചിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്ര; ടി വിദ്യാലയങ്ങളിലെ ആയ തസ്തികയുടെ എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഒരു ക്ലാസിലെ കുട്ടികളുടെ അനുവദനീയമായ എണ്ണം 35 ആണ്. ടി വിദ്യാലയങ്ങളിലെ "ആയ" തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു. രാജീവ് ഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നൂൽപ്പുഴ- 3. ഗവ. ആശ്രമം സ്ക്കൂൾ തിരുനെല്ലി - 3.

(സി) ഇത്തരം സ്കൂളുകളിലെ ആയമാരുടെ ഡ്യൂട്ടി സമയം എങ്ങനെയാണ് നിജപ്പെടുത്തിയിരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട ഉത്തരവ്/ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ആയമാരുടെ ജോലി സമയം സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ആയമാരുടെ ഡ്യൂട്ടി സമയം കൃത്യമായി നിർവ്വചിക്കാത്തതിനാൽ ആഴ്ചയിലൊരിക്കലുള്ള വീക്ക്‌ലി ഓഫ് ഒഴിച്ച് ബാക്കി എല്ലാ ദിവസവും ഇവർക്ക് എം.ആർ.എസ്.-കളിൽ തന്നെ തുടരേണ്ടി വരുന്നു എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ ഡ്യൂട്ടി സമയം കൃത്യമായി നിജപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ആയമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചിറ്റൂർ താലൂക്കിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് നൽകിയ ഭൂമി

77 (2843) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി മണ്ണാർക്കാട്-1 വില്ലേജിൽ പതിച്ചുനൽകിയ ഭൂമി ഇപ്പോഴും തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണ്ണാർക്കാട്-1 വില്ലേജിൽ തത്തേങ്ങലത്ത് 253 പേർക്ക് നിക്ഷിപ്തവനഭൂമി പതിച്ച് നൽകിയിട്ടുണ്ട്. നിലവിൽ ആരുംതന്നെ ടി സ്ഥലത്ത് താമസിക്കുന്നില്ല.

(ബി) ഇവിടെ ആർക്കെല്ലാം എത്ര വീതം ഭൂമിയാണ് പതിച്ചു നൽകിയതെന്ന് വിശദമാക്കാമോ?

ഭൂമി അനുവദിച്ച 253 പേരിൽ 177 പേർക്ക് ഒരേക്കർ വീതവും 76 പേർക്ക് അവരുടെ കൈവശഭൂമി കഴിച്ച് ബാക്കി ഒരേക്കർ തികയ്ക്കുന്നതിനായി 72 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് പട്ടികവർഗ്ഗക്കാർക്ക് വീട്, കുടിവെള്ളം, വൈദ്യുതി, ജലസേചനം എന്നിവ ഏർപ്പെടുത്തുന്നതിനും ദീർഘകാല വിളകൾ കൃഷി ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഭൂമി ലഭിച്ചവരിൽ ഭൂരിഭാഗം പേരും ചിറ്റൂർ താലൂക്കിൽ നാമമാത്രമായി ഭൂമിയും വീടുമുള്ളവരാണ്. ഇവിടെനിന്നും വളരെ വിദൂരസ്ഥലത്ത് ലഭിച്ച ഭൂമിയിൽ വീട് വച്ച് താമസിക്കാൻ ഇവർ തയ്യാറാകുന്നില്ല. ഭൂമി ലഭിച്ച ഗുണഭോക്താക്കളുടെ സഹകരണത്തോടെ വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

മണ്ണാർക്കാട് ബ്ലോക്ക് പ്രോഗ്രാം ഓഫീസ് മുഖേന MNREGS-യിൽ ഉൾപ്പെടുത്തി വിവിധ അടിസ്ഥാന വികസന പ്രവർത്തികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തത്തേങ്ങലത്ത് പതിച്ചു നൽകിയ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിദഗ്ദ്ധ ഏജൻസികളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>അട്ടപ്പാടിയിൽ സാറ്റലൈറ്റ് ഫോൺ സംവിധാനം</u>

78 (2844) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ കോട്ടത്തറ ആശുപത്രിയെ ട്രൈബൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

അട്ടപ്പാടി ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് കോട്ടത്തറയിൽ ആരംഭിച്ച

ട്രൈബൽ ആശുപത്രി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ആശുപത്രി നിലവിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. കോട്ടത്തറ ആശുപത്രിയെ ട്രൈബൽ താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) അട്ടപ്പാടി മേഖലയിലെ എല്ലാ ഊരുകളെയും കോട്ടത്തറ ആശുപത്രിയുമായും അഗളി മിനി സിവിൽ സ്റ്റേഷനുമായും ബന്ധിപ്പിക്കുന്നതിന് സാറ്റലൈറ്റ് ഫോൺ സംവിധാനം ഏർപ്പെടുത്താൻ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇക്കാര്യം പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## മഞ്ഞനക്കാട് കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ

79 (2845) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ പ്രളയാനന്തര കോളനികളുടെ

പുനർനിർമ്മാണത്തിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ച വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ മഞ്ഞനക്കാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത കോളനിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രവൃത്തികൾക്ക് കൺവേയൻസ് ചാർജ്ജ് ടെണ്ടർ എക്സസ് അനുവദിച്ച് കിട്ടുന്നതിനായുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മഞ്ഞനക്കാട് കോളനി സ്ഥിതിചെയ്യുന്നത് ദുർഘട പ്രദേശത്തായതിനാൽ Additional Conveyance Charge അനുവദിച്ചാൽ മാത്രമേ പുനർനിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കുള്ളൂ എന്ന് നിർവ്വഹണ ഏജൻസി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം പരിശോധിക്കുകയും Tender Excess അനുവദിച്ച് നൽകുന്ന പക്ഷം പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമോ എന്ന് നിർവ്വഹണ ഏജൻസിയോട് ആരായുകയുമുണ്ടായി. എന്നാൽ ടി കോളനിയിൽ നിലനിൽക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നിലവിലെ ഡി.

എസ്.ആർ. പ്രകാരമുള്ള Additional Conveyance Charge അനുവദിച്ചാലും പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കരാറുകാർ തയ്യാറാകുന്നില്ല എന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള മറ്റു സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

കൂത്തുപറമ്പ്- പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

80 (2846) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം കൂത്തുപറമ്പ് മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്നും വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം ലഭിച്ച 27 അപേക്ഷകളിൽ 27 പേർക്കും പഠനമുറി അനുവദിച്ച് നൽകി. അതിൽ 22 എണ്ണം പൂർത്തീകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായി പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കൂത്തുപറമ്പ് മണ്ഡലത്തിൽ ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും പഞ്ചായത്ത്/ നഗരസഭ അടിസ്ഥാനത്തിൽ തരം തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

## വ്യാജ ജാതി സർട്ടിഫിക്കറ്റ് തടയുന്നതിനുള്ള നടപടികൾ

81 (2847) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതി സർട്ടിഫിക്കറ്റ് തടയുന്നതിനായി സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിക്കണമെന്ന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന പ്രതിമാസ അവലോകനയോഗത്തിന്റെ തീരുമാനപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത കാര്യത്തിൽ കിർത്താഡ്സ് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

ജാതി സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ തടയുകയും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ പരമാവധി വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ റവന്യൂ വകുപ്പിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖാന്തരം ഓൺലൈനായി നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളിലും സെക്യൂരിറ്റി കോഡും QR (Quick Response) കോഡും പ്രിന്റ് ചെയ്തിട്ടുണ്ട്. ഓൺലൈനായി വിതരണംചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ ഹോളോഗ്രാം പ്രിന്റ് ചെയ്യുന്നത് പ്രായോഗികമല്ല. ഹോളോഗ്രാം പ്രിന്റിംഗ് ഒരു സുരക്ഷാ മാനദണ്ഡമായി കരുതാനും സാധിക്കില്ല. സെക്യൂരിറ്റി കോഡ് ഉപയോഗിച്ചും QR കോഡ് സ്കാൻ ചെയ്തും ഇ-ഡിസ്ട്രിക്ട് വെബ് പോർട്ടൽ മുഖാന്തരം വിതരണം ചെയ്ത സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നതാണ്.

## കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

82 (2848) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ

ഗ്രാമം പദ്ധതിയിൽ 2006 മുതൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

&

(ബി) അതിൽ പൂർത്തിയായതും പൂർത്തിയാകാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ പള്ളത്തുപ്പാറ കോളനി (വെള്ളാവൂർ), മുറിക്കല്ലുംപുറം (മുണ്ടക്കയം) എന്നീ കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. 18-11-2021-ൽ ചേർന്ന ഉന്നതതല അവലോകനയോഗത്തിൽ പള്ളത്തുപ്പാറ പട്ടികജാതി കോളനിയിൽ ഇനിയും പൂർത്തീകരിക്കാത്ത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുറിക്കല്ലുംപുറം കോളനിയിലെ നവീകരണ പ്രവൃത്തികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

(സി) പ്രവൃത്തികൾ പൂർത്തിയാക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ഏജൻസികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ വികസനവകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകൾ

83 (2849) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് 2020, 2021 വർഷങ്ങളിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് 2020, 2021 വർഷങ്ങളിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ eoffice.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്.

(ബി) 2020-2021 വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ , പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവർ പുറപ്പെടുവിച്ച നടപടി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സെൽഫ് എംപ്ലോയ്മെന്റ് സ്കീം

84(2850) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സെൽഫ് എംപ്ലോയ്മെന്റ് സ്കീം വഴി കഴിഞ്ഞ അഞ്ച് വർഷം ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ അനുവദിച്ചുവെന്നും ഓരോ പദ്ധതിക്ക് ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ; ഓരോ വർഷവും അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സെൽഫ് എംപ്ലോയ്മെന്റ് സ്കീം പ്രകാരം ചെറുകിട സംരംഭങ്ങൾക്കാണ് ബാങ്കുകൾ അനുവദിക്കുന്ന സ്വയം തൊഴിൽ വായ്പകൾക്ക് സബ്സിഡി നൽകുന്നത്. ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇതുസംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; എ.ജി.-യുടെ അന്വേഷണത്തിൽ ഏതെല്ലാം പദ്ധതികളിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വിലയിരുത്തൽ റിപ്പോർട്ടിൽ സ്വയംതൊഴിൽ സബ്സിഡി പദ്ധതിയെപ്പറ്റി പരാമർശമില്ല. ടി പദ്ധതിയിൽ അഴിമതി നടന്നതായി എ.ജി.-യുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ആറളം ഫാമിംഗ് കോർപ്പറേഷൻ കഴിഞ്ഞ അഞ്ച് വർഷം എന്തെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; അവിടെ ആന സംരക്ഷണ കേന്ദ്രം തുടങ്ങാൻ പദ്ധതി തയാറാക്കിയിട്ടുണ്ടോ; റിപ്പോർട്ട് ലഭ്യമാക്കാമോ?

ആറളം ഫാമിംഗ് കോർപ്പറേഷൻ കഴിഞ്ഞ അഞ്ച് വർഷം നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. ആറളം ഫാമിംഗ് കോർപ്പറേഷൻ ആന സംരക്ഷണകേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ച് പദ്ധതികളൊന്നും പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കിയിട്ടില്ല.

(ഡി) കഴിഞ്ഞ അഞ്ച് വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് പ്രസ്തുത കോർപ്പറേഷന് എത്ര രൂപ നൽകി എന്നറിയിക്കാമോ; പ്രസ്തുത തുക എന്തിനെല്ലാമാണ് ചെലവഴിച്ചതെന്നും അഞ്ചുവർഷത്തിൽ ഓരോ വർഷത്തെയും വരുമാനം എത്രയാണെന്നും ചെലവ് എത്രയാണെന്നും ലാഭവും

നഷ്ടവും ഓരോ വർഷവും എത്രയാണെന്നും അറിയിക്കാമോ?

കഴിഞ്ഞ 5 വർഷം (2017-2021) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ആറളം ഫാമിംഗ് കോർപ്പറേഷന് 19.72 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ആറളം ഫാമിംഗ് കോർപ്പറേഷനിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും ശമ്പളം, വേതനം, ബോണസ്, ഗ്രാറ്റുവിറ്റി, ആർജ്ജിതാവധി സറണ്ടർ, മറ്റ് അലവൻസുകൾ എന്നിവയ്ക്കും ആറളം ഫാം നവീകരണത്തിനുമാണ് ചെലവഴിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷത്തിൽ ആറളം ഫാമിംഗ് കോർപ്പറേഷന്റെ വരുമാനം എത്രയാണെന്നും ചെലവ് എത്രയാണെന്നും ലാഭവും നഷ്ടവും എത്രയാണെന്നും വർഷം തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

## ആദിവാസി കോളനികളിലെ ശിശു മരണങ്ങൾ

85 (2851) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര ആദിവാസി ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന്

വെളിപ്പെടുത്താമോ;

&

(ബി) ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ ഏത് ആദിവാസി കോളനിയിലാണ് ഉണ്ടായതെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വൈദ്യസഹായം ലഭിക്കാത്തതുമൂലവും അമ്മമാരിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവും മൂലമാണ് ശിശുമരണങ്ങൾ സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

നിലവിലുള്ള ശിശുമരണങ്ങളെല്ലാം തന്നെ പോഷകാഹാരക്കുറവ് മൂലമോ, വൈദ്യസഹായം ലഭിക്കാത്തതുമൂലമോ മാത്രം അല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം മുതലായ കാരണങ്ങൾമൂലവും ആണ് സംഭവിച്ചിരിക്കുന്നതെന്ന് ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമായേക്കാവുന്നതാണ്.

(ഡി) ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും

വൈദ്യ സഹായം നൽകുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും നാളിതുവരെ എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും വൈദ്യ സഹായം നൽകുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നീക്കിവെച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

1) പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം: പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപ്പര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ 'നമത് വെള്ളാമെ' എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകർക്ക് പ്രയോജനം ലഭിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 204.19 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് 78.21 ലക്ഷം രൂപയും ഈ പദ്ധതിക്കായി അനുവദിച്ചു.

2. അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2,596 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് 333.85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ വയനാട് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിക്ക് 567.47 ലക്ഷം രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്.

<u>പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികളുടെ നടത്തിപ്പ്</u>

86 (2852) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഉണ്ടെങ്കിലും അവയൊന്നും ശരിയായ രീതിയിൽ നടപ്പിലാക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കൃത്യമായ വിലയിരുത്തൽ നടത്താറുണ്ടോ; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിനും കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിനിയോഗവിവരങ്ങൾ അവലോകനം ചെയ്യുന്നതിന് പ്ലാൻ സ്പേയ്സ് എന്ന സംവിധാനം ലഭ്യമാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർമാർ എന്നിവരും മാസതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ജില്ലാ കളക്ടറുടെ

അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതിയോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകൾ തിരിച്ച് യഥാസമയം പുരോഗതി വിലയിരുത്തുന്നുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ അതാത് വർഷം ചെലവഴിക്കാതെ വരുന്ന സാഹചര്യത്തിൽ തുടർന്നുള്ള വർഷങ്ങളിൽ ടി പ്രവർത്തികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവ്വഹണം പൂർത്തീകരിക്കുന്നുണ്ട്.

(സി) സംസ്ഥാന തലത്തിൽ പ്രവർത്തിച്ച് വരുന്ന എസ്.സി./എസ്.ടി. ഉന്നതതല കമ്മിറ്റി അവസാനമായി മീറ്റിംഗ് കൂടിയത് എന്നാണെന്നും മീറ്റിങ്ങിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കാമോ?

സംസ്ഥാനതല എസ്.സി./എസ്.ടി. ഉന്നതതല സമിതി എന്ന പേരിൽ പട്ടികജാതി വികസന വകുപ്പിലോ പട്ടികവർഗ്ഗ വികസന വകുപ്പിലോ ഒരു സമിതിയും നിലവിലില്ല.

## കോവിഡ് കാരണം കഷ്ടത അനുഭവിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം

87 (2853) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമേൽ കോവിഡ് പ്രതിസന്ധി കടുത്ത ആഘാതം സൃഷ്ടിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക, സാമൂഹിക സ്ഥിതിയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ഇല്ല.

(സി) കോവിഡ് കാരണം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; അവരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് കോവിഡുമൂലം കഷ്ടത അനുഭവിച്ച

പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫുഡ് സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ചികിത്സാ ധനസഹായം, മരുന്ന്, മാസ്ക് എന്നിവ യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. കോവിഡുമൂലം മരണപ്പെട്ടുപോയ വ്യക്തി ഉൾപ്പെടുന്ന കുടുംബത്തിന് അടിയന്തര ധനസഹായമായി 5,000/-രൂപ നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നീക്കിവച്ച പദ്ധതി വിഹിതം സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ അതത് വർഷം ചെലവഴിക്കാതെ വരുമ്പോൾ തുടർന്നുള്ള വർഷങ്ങളിൽ ടി പ്രവൃത്തികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്.

## കേന്ദ്ര സർക്കാർ പദ്ധതികൾ

88(2854) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2021-22-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രധാൻ മന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (പി.എം.എ.ജെ. എ.വൈ.) പ്രകാരം ധനസഹായം ലഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കേന്ദ്ര സർക്കാർ 2021-22-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രധാൻ മന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (പി.എം. എ. ജെ. എ. വൈ.) പ്രകാരം ധനസഹായം അനുവദിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ SCA to SCSP പദ്ധതി പ്രകാരം ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ജില്ലാതല കമ്മിറ്റി അംഗീകരിച്ച ആക്ഷൻ പ്ലാൻ SCA to SCSP പദ്ധതി മാർഗ്ഗരേഖയിലെ നിശ്ചിത പെർഫോർമയിൽ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുസംബന്ധിച്ച വെബ് പോർട്ടൽ ലോഗിൻ ഐ.ഡി. പാസ് വേഡ് എന്നിവയും നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന് പദ്ധതികൾ തയ്യാറാക്കി

സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ?

ബാധകമല്ല.

(സി) ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ 1,500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നടപ്പിലാവാത്ത പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

89 (2855) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ നിലവിൽ വന്നതിനുശേഷവും പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അവ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ നിലവിൽ

വന്നതിനുശേഷവും പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2017-18 & 2019-20 വർഷങ്ങളിൽ WORKING WOMENS HOSTEL FOR SCHEDULED CASTE- XXV-4225-01-283-85 2017-18 സാമ്പത്തിക വർഷം കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വർക്കിംഗ് വിമൺസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി അനുവദിച്ച 5,45,58,846/- രൂപയിൽ നിന്നും 50,00,000/-രൂപ മുൻകൂറായി മാറി Kerala Electrical and Allied Engineering Company Ltd.-ന് നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ച ശീർഷകത്തിന്റെ നിയന്ത്രണാധികാരം മാത്രമാണ് പൊതുമരാമത്ത് വകുപ്പിനുള്ളതെന്നും ആകയാൽ ടി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാധിക്കുകയില്ലായെന്നും നിർമ്മാണം ആരംഭിച്ച് അതിന്റെ പാർട്ട് ബിൽ ഹാജരാക്കിയാൽ ബിൽ സമർപ്പിച്ച് തുക ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു. ഇക്കാരണത്താൽ ടി വർഷം തുക ചെലവഴിക്കാൻ സാധിച്ചില്ല. 2019-20 സാമ്പത്തിക വർഷം working

womens hostel-ന് ഒന്നാം പാർട്ട് ബിൽ തുകയായി 1,19,97,147/-രൂപയും 27-03-2021-ലെ ഉത്തരവ് പ്രകാരം 88,18,142/-രൂപയുമുൾപ്പെടെ ആകെ 2,08,15,289/-രൂപ അനുവദിച്ചിരുന്നു. എന്നാൽ ways and means clearance ലഭിക്കാത്തതിനാൽ ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ സാധിച്ചില്ല.

2. 2018-19 & 2019-20 വർഷങ്ങളിലെ pooled fund for special Projects proposed by other Departments under SCP-XXV-2225-01-800-26 പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റുവകുപ്പുകൾ ശിപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട് ഇനത്തിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ, വിവിധ വകുപ്പുകളിൽനിന്നും പ്രൊപ്പോസൽ ക്ഷണിച്ചിരുന്നുവെങ്കിലും അനുയോജ്യമായ പ്രൊപ്പോസലുകൾ ലഭ്യമാകാതെ വന്നതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൻ സാധിച്ചില്ല.

3. 2018-19, 2019-20 വർഷങ്ങളിൽ ADDITIONAL STATE ASSISTANCE TO POST-MATRIC STUDENTS-XXV-2225-01-277-53 പ്രസ്തുത വർഷങ്ങളിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിലാണ് നടപ്പിലാക്കിയിരുന്നത്. മുഴുവൻ തുകയും സംസ്ഥാന സർക്കാർ മുൻകൂറായി ചെലവഴിക്കുകയും തുടർന്ന് കേന്ദ്ര

സർക്കാർ മാനദണ്ഡപ്രകാരം അർഹമായ തുകയുള്ള പ്രൊപ്പോസൽ സമർപ്പിച്ച് കേന്ദ്ര വിഹിതം റിലീസ് ചെയ്ത് വാങ്ങുകയുമാണ് ചെയ്തിരുന്നത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കായി മതിയായ തുക വകയിരുത്തിയിരുന്നതിനാലാണ് മേൽ വർഷങ്ങളിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ തുക ചെലവഴിക്കാതിരുന്നത്. എന്നാൽ 2021-22 വർഷം മുതൽ കേന്ദ്ര വിഹിതം നേരിട്ട് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുന്നതിനാൽ കേന്ദ്ര നിരക്കിലുള്ള തുക കഴിച്ച് അധിക സംസ്ഥാന വിഹിതമായിവരുന്ന തുക ADDITIONAL STATE ASSISTANCE TO POST MATRIC STUDENTS എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നു.

4. 2018-19, 2020-21 & 2021-22 Purchase of Land for the Construction of Building for New MRS and Hostels-XXV-4225-01-277-88 എം.ആർ.എസ്.-കൾക്കും പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകാത്തതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൻ സാധിച്ചില്ല.

5. 2019-20 വർഷത്തെ പദ്ധതിയായ SHARE CAPITAL

CONTRIBUTION KERALA STATE FEDERATION OF SCs/STs DEVELOPMENT CO-OPERATIVE LIMITED-XXV-4225-80-195-99 കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് 2019-20 സാമ്പത്തിക വർഷം 185 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് ആയിരുന്നുവെങ്കിലും Ways & Means നിയന്ത്രണങ്ങളാൽ പ്രസ്തുത തുക മാറിനൽകുന്നതിന് സാധിച്ചിരുന്നില്ല.

6. 2019-20-ലെ പദ്ധതിയായ Housing Scheme Homeless SCs under Life Mission-XXV-2225-01-283-84 2019-20 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി 400 കോടി രൂപ വകയിരുത്തിയിരുന്നതിൽ ലൈഫ് മിഷൻ ആവശ്യപ്പെട്ട 100 കോടി രൂപ അനുവദിക്കുന്നതിന് വകുപ്പ് ഉത്തരവ് നൽകിയെങ്കിലും Ways & Means clearance ലഭിക്കാത്തതിനാൽ ടി തുക പ്രസ്തുത വർഷം മാറിനൽകാൻ കഴിഞ്ഞില്ല. തുടർന്ന് 2020-21 വർഷം ടി തുക മാറി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ എല്ലാ പദ്ധതികളും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ച പദ്ധതികൾക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുമെന്ന് പ്രഖ്യാപിച്ച തുകയും യഥാർത്ഥത്തിൽ നീക്കിവച്ച തുകയും ചെലവഴിക്കാതെ

ബാക്കിയായ തുകയും എത്രയാണെന്നുള്ള കണക്കുകൾ ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പദ്ധതികൾക്ക് അതത് വർഷങ്ങളിൽ ചെലവ് രേഖപ്പെടുത്താത്തതിനാൽ പുതുക്കിയ ബഡ്ജറ്റ് തുക ടി ശീർഷകങ്ങളിൽ ബാക്കിയായി വന്നിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്

90 (2856) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ഫണ്ടുമായി ബന്ധപ്പെട്ട് വ്യാപക ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി ഫണ്ടുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും പ്രസ്തുത ഫണ്ട് തട്ടിപ്പിൽ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ചുമുള്ള വിവരം ആഭ്യന്തര വകുപ്പിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്നും ലഭ്യമായിട്ടുണ്ടോ?

പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണത്തിന്റെ പുരോഗതി റിപ്പോർട്ട് തിരുവനന്തപുരം, സിറ്റി ഇൻസ്പെക്ടർ ജനറൽ & കമ്മീഷണർ ഓഫ് പോലീസിൽനിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഫണ്ട് തട്ടിപ്പിൽ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്?

പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വകുപ്പ് ഓഡിറ്റ്, വിജിലൻസ് വിഭാഗങ്ങൾ മുഖേന വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ യഥാസമയം പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ വിഷയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്തിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ശരിയായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ വകുപ്പിന്റെ ഡാറ്റാ ബേസിൽ നിന്നും വരുന്നതിനാൽ ബാങ്ക് അക്കൗണ്ട് നമ്പർ വ്യത്യാസം വരുത്താൻ കഴിയുകയില്ല. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ്-ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പിലെ പ്രൊമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികളും അതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം

നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം സഹായകരമാകുന്നുണ്ട്. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് മുൻഗണനാക്രമം നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഊരുകൂട്ടങ്ങളെയാണ്. ഫണ്ടുകളുടെ വിനിയോഗം വിലയിരുത്താൻ പ്ലാൻസ്പെയ്സ് എന്ന സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്. പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ആഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണ്. വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ (DBT) മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുകയാണ് ചെയ്യുന്നത്.

## ആദിവാസി മേഖലയുടെ വികസനം

91 (2857) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിലെ കൃഷിഭൂമികളെ രൂക്ഷമായ വന്യജീവിശല്യത്തിൽനിന്നും സംരക്ഷിക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

ആദിവാസി മേഖലകളിലെ കൃഷിഭൂമികളെ രൂക്ഷമായ വന്യജീവിശല്യത്തിൽനിന്നും സംരക്ഷിക്കാൻ വനം-വന്യജീവി വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. വന്യമൃഗശല്യം രൂക്ഷമായ കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയിൽ ആന പ്രതിരോധമതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പുമന്ത്രി, എം.എൽ.എ.-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ആറളം ഫാമിൽ വച്ച് യോഗം ചേരുകയുണ്ടായി. കൂടാതെ വന്യജീവികളിൽനിന്നും ആറളം ഫാമിന് സംരക്ഷണമൊരുക്കുന്നതിനായി മതിൽ

നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ആദിവാസി മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനും വികസനത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ?

<u>അടിസ്ഥാന സൗകര്യവികസനം</u>

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി - 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്നിവയും പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാരന് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാന സൗകര്യ വികസനവും തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. 2020-21

സാമ്പത്തികവർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 64 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്.

കാർഷികമേഖലയുടെ പുനരുജ്ജീവനം

കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി മില്ലറ്റ് വില്ലേജ് പദ്ധതി, നമത് വെള്ളാമെ, ഹരിതരശ്മി, ആറളം ഫാമിന്റെ നവീകരണ പദ്ധതി എന്നീ കാർഷിക പദ്ധതികൾ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ കൂടുതലുള്ള മേഖലകളിൽ നടപ്പാക്കിവരുന്നു.

## പട്ടികജാതി ഫണ്ട് തട്ടിപ്പ്

92 (2858) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ഫണ്ട് തട്ടിപ്പിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ?

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽ നിന്നും നീക്കംചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ഉദ്യോഗസ്ഥർക്കെതിരെ

കുറ്റാരോപണ പത്രിക നൽകി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെ തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി ടി ആരോപണങ്ങളിൽ വകുപ്പ് ദക്ഷിണ മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി ഫണ്ട് തട്ടിപ്പ് അന്വേഷണം വിജിലൻസിനെ ഏൽപ്പിച്ചിട്ടുണ്ടോ; ഈ കേസ് പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദീകരിക്കാമോ?

&

(സി) ഈ കേസിന്റെ ഗൂഢാലോചന അന്വേഷണ പരിധിയിൽ വരുന്നുണ്ടോ; എത്ര പേരെയാണ് കേസിൽ പ്രതി ചേർത്തിരിക്കുന്നത് എന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഡി) ഈ ഫണ്ട് ആരുടെയൊക്കെ അക്കൗണ്ടുകളിലേയ്ക്കാണ് പോയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട വകുപ്പുതല ഓഡിറ്റ്

പരിശോധനയിൽ, ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിരവധി തവണ തുക മാറി നൽകിയതായും ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ പരിഗണിക്കാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേയ്ക്ക് ആനുകൂല്യ തുക മാറി നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിൽ 51 അക്കൗണ്ടുകളിലേയ്ക്കായി 1,16,87,500/-(ഒരു കോടി പതിനാറ് ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) രൂപ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വകുപ്പ് നടത്തിയ പദ്ധതികൾ

93(2859) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പ് സാമൂഹ്യ പഠനമുറി (കമ്മ്യൂണിറ്റി സ്റ്റഡി സെന്റേഴ്സ്) പദ്ധതിക്ക് ആകെ എത്ര തുക അനുവദിച്ചു; ഇതുവരെ എത്ര തുക ചെലവഴിച്ചു; തുക അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതി പൂർണ്ണമായും നടപ്പാക്കിയ ഊരുകൾ, ആരംഭിക്കാത്ത ഊരുകൾ, പൂർത്തിയാക്കാത്ത ഊരുകൾ എന്നിവ ഏതെല്ലാമാണെന്നുള്ള വിവരം ലഭ്യമാക്കാമോ; ഇതുസംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പദ്ധതി 2 ഘട്ടങ്ങളായി 250 ഊരുകളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടമായി 114 ഊരുകളിൽ കൂടി സാമൂഹ്യപഠനമുറികൾ അനുവദിച്ചതിൽ 86 ഊരുകളിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ശേഷിക്കുന്ന 28 ഊരുകളിൽ സാമൂഹ്യ പഠനമുറി സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം വിലയിരുത്തി വരുന്നു.

(സി) ബത്തേരി ഐ.ടി.ഡി.പി.-ക്ക് കീഴിൽ ഏതെല്ലാം ഊരുകളിൽ എത്ര സാമൂഹ്യ പഠനമുറി അനുവദിച്ചു; അതിൽ ഏതെല്ലാം ഊരുകളിൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കി എന്ന് വിശദമാക്കാമോ?

സുൽത്താൻ ബത്തേരി ഐ.റ്റി.ഡി.പി.-യ്ക്ക് കീഴിൽ നാളിതുവരെയായി അനുവദിച്ച 20 സാമൂഹ്യപഠനമുറികളും പൂർത്തീകരിച്ചിട്ടുണ്ട്. ആയവയുടെ വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

(ഡി) ആദിവാസി ഊരുകൾക്കുള്ള കുടിവെള്ള പദ്ധതികൾക്ക് കഴിഞ്ഞ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഞ്ച് വർഷം ആകെ എത്ര തുക അനുവദിച്ചു; ഇതുവരെ എത്ര തുക ചെലവഴിച്ചു; ഓരോ വർഷവും തുക അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

&

(ഇ) പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പാക്കിയ ഊരുകൾ, ആരംഭിക്കാത്ത ഊരുകൾ, പൂർത്തിയാക്കാത്ത ഊരുകൾ എന്നിവ ഏതെല്ലാമാണെന്നുള്ള വിവരം ലഭ്യമാക്കാമോ; ഇതുസംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ബത്തേരി ഐ.ടി.ഡി.പി.-ക്ക് കീഴിൽ പ്രസ്തുത കാലയളവിൽ അനുവദിച്ച കുടിവെള്ള പദ്ധതികൾ ഏതെല്ലാം; അതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സുൽത്താൻ ബത്തേരി പട്ടികവർഗ്ഗ വികസന ഓഫീസിന്റെ പ്രവർത്തന പരിധിയിൽ 2016-17 മുതൽ 2020-21 വരെ നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+

വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. +

<u>പെരിന്തൽമണ്ണ - അംബേദ്കർ ഗ്രാമം പദ്ധതി</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

94 (2860) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതികളുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ നെല്ലിയാംകുന്ന് പട്ടികജാതി കോളനി (ഏലംകുളം പഞ്ചായത്ത്), പൂളക്കുഴി പട്ടികജാതി കോളനി (മേലാറ്റൂർ പഞ്ചായത്ത്), മരുതാംപാറ പട്ടികജാതി കോളനി (താഴെക്കോട് പഞ്ചായത്ത്) എന്നീ മൂന്ന് കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെല്ലിയാംകുന്ന് പട്ടികജാതി കോളനി (2016-17) അംഗൻവാടിക്ക് മുകളിലായി കമ്മ്യൂണിറ്റി സെന്റർ, സോളാർ തെരുവ് വിളക്ക്, സാനിട്ടേഷൻ, വീട് റിപ്പയർ, സംരക്ഷണ ഭിത്തി എന്നിവ പൂർത്തീകരിച്ചു. ഉൾറോഡ്, നടപ്പാത നിർമ്മാണം എന്നിവ ഭാഗികമായി പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി, രണ്ട് ഭവന പുനരുദ്ധാരണ പ്രവർത്തികൾ, ഒരു നടപ്പാത നിർമ്മാണം, ഒരു റോഡ് റിപ്പയർ വർക്ക്

എന്നിവയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൂളക്കുഴി പട്ടികജാതി കോളനി (2016-17) എസ്റ്റിമേറ്റ് പ്രകാരമുള്ള ഉൾറോഡ്, നടപ്പാത നിർമ്മാണം കുടിവെള്ള പദ്ധതി സാനിട്ടേഷൻ എന്നിങ്ങനെ 98% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ള റെയിൽവേ ലൈനിനടുത്തുള്ള നടപ്പാത നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. മരുതാംപാറ പട്ടികജാതി കോളനി (2019-20) ഉൾറോഡ്, നടപ്പാത നിർമ്മാണം, സംരക്ഷണ ഭിത്തി എന്നീ പണികൾ പൂർത്തീകരിച്ചു. വീട് പുനരുദ്ധാരണം ഒഴിവാക്കിയതിന് (ലൈഫ് പദ്ധതി മുഖേന പുതിയവീട് മതിയെന്ന ആവശ്യപ്രകാരം) പകരമായുള്ള ഇൻഫർമേഷൻ സെന്റർ നിർമ്മാണം, കുടിവെള്ള പദ്ധതി എന്നിവയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗക്കാർക്കായി കേന്ദ്ര സർക്കാർ സ്കീമുകൾ

95 (2861) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രൽ സെക്ടർ സ്കീം, സെൻട്രലി സ്പോൺസേർഡ് സ്കീം ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(ബി) 2021-22 കാലയളവിൽ പ്രസ്തുത പദ്ധതികളിലോരോന്നിനായി കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക ലഭ്യമായെന്നും ഏതെല്ലാം വകുപ്പുകൾ വഴിയാണ് പ്രസ്തുത തുക ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ?

2021-22 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശവും തനത് പദ്ധതികളിൽ നടപ്പുസാമ്പത്തിക വർഷം കേന്ദ്ര സഹായമായി ലഭിച്ച തുകയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

<u>വായ്പാ തിരിച്ചടവിൽ ഇളവ്</u>

96 (2862) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്നും വായ്പയെടുത്ത വ്യക്തികൾ മരണമടയുന്ന സാഹചര്യത്തിൽ തിരിച്ചടയ്ക്കാനുള്ള വായ്പ തുകയിൽ ഇരുപത്തയ്യായിരം രൂപ വരെ എഴുതിത്തള്ളുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ?

സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത തുക 25,000 രൂപയിൽനിന്നും ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

തൽക്കാലം പരിഗണനയിലില്ല.

## വാമനപുരം - ഗോത്രസാരഥി പദ്ധതി

97 (2863) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമല പഞ്ചായത്തിൽ ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 24-02-2022-ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ "ഗോത്രസാരഥി" പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അവലോകന യോഗം

ചേർന്നിരുന്നു. ജില്ലാ കളക്ടർ, പ്ലാനിംഗ് ഓഫീസർ, "ഗോത്രസാരഥി" പദ്ധതി നടപ്പിലാക്കേണ്ട പഞ്ചായത്ത് അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ പങ്കെടുത്തുകൊണ്ട് പദ്ധതി നടത്തിപ്പിന് നടപ്പുവർഷം ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തണമെന്നും ആവശ്യത്തിന് തുക ലഭ്യമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന തുക അനുവദിക്കുന്നതിനും തുടർ നടപടി സ്വീകരിക്കണമെന്നും യോഗം തീരുമാനിക്കുകയും ആയത് പ്രകാരം "ഗോത്ര സാരഥി" പദ്ധതി മുടങ്ങാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഗോത്രസാരഥി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിലും ടി സ്കൂളുകളുടെ നടത്തിപ്പിലും മുഖ്യ പങ്ക് വഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതിനാലും 2020-21 വർഷം മുതൽ "ഗോത്രസാരഥി" പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി

നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾ നടപ്പുവർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ ഗോത്രസാരഥി പദ്ധതി പ്രോജക്ട് ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പദ്ധതി നടത്തിപ്പിന് പ്രോജക്ട് തയ്യാറാക്കുന്നതിൽ ഉണ്ടായ കാലതാമസം ചില സ്ഥലങ്ങളിലെങ്കിലും പദ്ധതി നടത്തിപ്പിനെ ബാധിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്തുകൊണ്ട് പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ സ്കൂൾ പഠനം മുടങ്ങാതിരിക്കുന്നതിനായി സ്കൂൾ ആരംഭിച്ച 2021 നവംബർ, ഡിസംബർ മാസങ്ങളിൽ പദ്ധതി നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പാക്കിയതിനുശേഷം ഏതെങ്കിലും സ്ഥലങ്ങളിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പിഴവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

2020-21 അദ്ധ്യയന വർഷം നവംബർ മാസം 1-ാം തീയതി സ്കൂളുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് മുന്നിൽ കണ്ടുകൊണ്ട് "ഗോത്രസാരഥി" പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകൾക്കും

നഗരസഭകൾക്കും അനുവദിച്ചുനൽകിയ ടി.എസ്.പി. ഫണ്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണസമിതി, ജില്ലാ വികസന സമിതി യോഗങ്ങളിൽ പദ്ധതി ആവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, നഗരകാര്യ വകുപ്പ് ഡയറക്ടർ എന്നിവർക്ക് കത്തുകൾ നൽകുകയും ആയത് സംബന്ധിച്ച അറിയിപ്പ് വകുപ്പിലെ ജില്ലാതല ഓഫീസർമാർക്ക് നൽകികൊണ്ട് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എങ്കിലും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല എന്ന് മനസ്സിലാക്കിയതിന്റെയടിസ്ഥാനത്തിൽ 2021 നവംബർ/ഡിസംബർ മാസങ്ങളിൽ "ഗോത്രസാരഥി" പദ്ധതി നടത്തിപ്പിനാവശ്യമായ തുക പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിച്ചുനൽകിയിട്ടുണ്ട്.

## കല്ല്യാശ്ശേരി- അംബേദ്കർ ഗ്രാമം പദ്ധതി

98(2864) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടുവം മുതുകട കോളനിയുടെയും കുന്നിമംഗലത്തെ വള്ളുവ കോളനിയുടെയും തുടർനടപടികളുടെ വിശദാംശം അറിയിക്കാമോ?

പ്രസ്തുത കോളനികളുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ഭൂരഹിത പുനരധിവാസം-പ്രായപരിധി നീക്കംചെയ്യൽ</u>

99(2865) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പ്രായപരിധി 60 വയസ്സായി നിശ്ചയിച്ചിരിക്കുന്നതുമൂലം മക്കളില്ലാത്തവരും നിരാശ്രയരും നിരാലംബരുമായ പല അർഹർക്കും ആനുകൂല്യം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പുമുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന

പ്രായപരിധി 55 വയസ്സായിരുന്നു. എന്നാൽ അർഹരായ പലർക്കും ആനുകൂല്യം ലഭിക്കുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രായപരിധി 60 വയസ്സായി ഉയർത്തുകയാണുണ്ടായത്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ യോഗ്യതാമാനദണ്ഡങ്ങളിൽ നിന്നും പ്രായപരിധി എടുത്തുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.

## അംബേദ്കർ ഗ്രാമം പദ്ധതി

99(2866) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരമുള്ള എത്ര കോളനികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ;?

ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ അംഗീകാരമുള്ള 16 കോളനികളുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി ഏതൊക്കെ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഫണ്ട് അനുവദിച്ചതെന്ന് ഉത്തരവുകളുടെ കോപ്പികൾ സഹിതം വ്യക്തമാക്കാമോ;

&

(സി) ഓരോ കോളനിയുടെയും നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും ഓരോ കോളനിയുടെയും നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായെന്നും വ്യക്തമാക്കുമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും വരകാടി കോളനിയെ 2016-17 വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രം ആണ് ടി കോളനിയുടെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. വീട് പുനരുദ്ധാരണം (25 എണ്ണം), കോൺക്രീറ്റ് റോഡ് നിർമ്മാണം (1), സോളാർ സ്ട്രീറ്റ് ലൈറ്റ് (37 എണ്ണം) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിയ്ക്കാനുള്ള പ്രവൃത്തികൾക്കായി പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, 2021-22 വർഷം ഉളവെയ്പ്പ് അംബേദ്കർ കോളനി, ഇളയപാടം ലക്ഷം വീട് കോളനി എന്നിവയെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-2 ആയി

ചേർക്കുന്നു.*

<u>പട്ടികജാതി പ്രൊമോട്ടർമാരുടെ മാനദണ്ഡങ്ങൾ</u>

100 (2867) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പ്രൊമോട്ടർമാരുടെ പൊതുമാനദണ്ഡങ്ങൾ സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പട്ടികജാതി പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 22-01-2022-ലെ സ.ഉ.(കൈ) നം.06/2022/പജപവവിവ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) മാനദണ്ഡങ്ങൾ പുതുക്കിയതുമൂലം പത്തിലധികം വർഷങ്ങളായി പ്രൊമോട്ടർമാരായി ജോലിചെയ്യുന്ന പട്ടികജാതി വിഭാഗക്കാരുൾപ്പെടെയുള്ളവർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പുതുക്കിയ മാനദണ്ഡപ്രകാരം അപേക്ഷകരുടെ പ്രായപരിധി 18-നും 30-നും ഇടയിൽ നിശ്ചയിച്ചിട്ടുള്ളതിനാൽ നിലവിലെ പ്രൊമോട്ടർമാർ ഭൂരിഭാഗത്തിനും അപേക്ഷ നൽകാൻ കഴിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി പ്രൊമോട്ടർ ഒരു സ്ഥിരം തസ്തികയല്ല. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ വികസന പദ്ധതികൾ സംബന്ധിച്ച അറിവും അവബോധവും പ്രാദേശിക തലത്തിൽ നൽകി അവയുടെ പ്രയോജനം അർഹരായവരിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ഒരു വർഷക്കാലയളവിലേയ്ക്ക് താൽക്കാലികമായി നിയമിക്കപ്പെടുന്നവരാണ് പട്ടികജാതി പ്രൊമോട്ടർമാർ. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ/യുവാക്കളിൽ സാമൂഹ്യ പ്രതിബദ്ധത രൂപപ്പെടുത്തുന്നതിനായും അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലികൾ കണ്ടെത്തുന്നതിന് മുന്നോടിയായുള്ള സാമൂഹ്യ സേവന പരിശീലനവുമാണ് പ്രസ്തുത നിയമനം വഴി ഉദ്ദേശിക്കുന്നത്.

### ആലപ്പുഴ - പി.കെ. കാളൻ പദ്ധതി

101 (2868) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ പി. കെ. കാളൻ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിക്കായി നാളിതുവരെ എത്ര തുകയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

നടപ്പിലാക്കുന്നുണ്ട്. പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 5.06 കോടി രൂപയാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ?

പി. കെ. കാളൻ പദ്ധതി പ്രകാരം ഊരുകളിൽ അല്ലാതെ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരായ ഉള്ളാട കുടുംബങ്ങളുടെ മൈക്രോ പ്ലാൻ തയ്യാറാക്കി, അർഹരായ കുടുംബങ്ങൾക്ക് ഭൂമി, വീട്, വീട് പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, കക്കൂസ് നവീകരണം, ജലലഭ്യത ഉറപ്പാക്കൽ, പുരയിടം മെച്ചപ്പെടുത്തൽ, ജീവനോപാധി പ്രവർത്തനത്തിലുള്ള ഭൗതിക-സാമ്പത്തിക പിന്തുണ നൽകൽ, ആരോഗ്യ ആവശ്യങ്ങളിലെ ഇടപെടൽ, വിദ്യാഭ്യാസ ആവശ്യത്തിലെ ഇടപെടൽ, സാമൂഹ്യ വിഷയങ്ങളിൽ വേണ്ട പിന്തുണ നൽകൽ, ശുചിത്വ ബോധന പരിപാടികൾ

സംഘടിപ്പിക്കൽ, കൂട്ടായ്മകൾ സൃഷ്ടിക്കൽ, കുടുംബശ്രീ പങ്കാളിത്തം ഉറപ്പാക്കൽ, മറ്റുവികസന വകുപ്പുകളുടെ പദ്ധതി പഠിപ്പിക്കൽ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങളാണ് സംഘടിപ്പിക്കുന്നത്.

(സി) എല്ലാ ആദിവാസി കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതി പ്രകാരം സഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദമാക്കുമോ?

ആലപ്പുഴയിലെ നാല് പഞ്ചായത്തുകളിലും ഒരു നഗരസഭയിലുള്ള ഉള്ളാട വിഭാഗത്തിൽപ്പെട്ടവരെ മാത്രമാണ് പി.കെ. കാളൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തൃശ്ശൂർ മണ്ഡലം - അംബേദ്കർ ഗ്രാമം പദ്ധതി

102 (2869) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിൽവട്ടം സോണൽ മരുളൂർ കല്ലടിമൂല കോളനി വികസനത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) വികസന പ്രവർത്തികൾക്കായി ഏൽപ്പിച്ച ജില്ലാ നിർമ്മിതി കേന്ദ്രം പദ്ധതി ഏറ്റെടുക്കാൻ കഴിയുകയില്ല എന്ന് അറിയിച്ചിട്ടുണ്ടോ?

ഉണ്ട്. അക്രെഡിറ്റേഷൻ പരിധി പുതുക്കിക്കൊണ്ടുള്ള 04-07-2019-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നം.77/19/ഫിൻ പ്രകാരം ഒരേ സമയം 15 കോടി രൂപ വരെയുള്ള പ്രവൃത്തികൾ മാത്രമേ ഒരു ഏജൻസിക്ക് നടത്താനാകൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പിന്റേത് മാത്രമായി, അംബേദ്കർ ഗ്രാമവികസനം, പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണം, തുടങ്ങിയ പ്രവർത്തികൾക്കായി ഏകദേശം 42 കോടിയോളം രൂപയുടെ പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കിവരുന്നു. ഓഡിറ്റിൽ അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചതിനെ തുടർന്ന് 2020-21 സാമ്പത്തിക വർഷത്തിലെ തൃശ്ശൂർ ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള പുതിയ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. നിർവ്വഹണം തൃശ്ശൂർ കോർപ്പറേഷൻ മുഖേന നടത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രത്തെയോ സംസ്ഥാന നിർമ്മിതി കേന്ദ്രത്തേയോ മാത്രമേ ഏൽപ്പിക്കാൻ കഴിയുകയുള്ളു എന്ന് ഉത്തരവുണ്ടോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ്. പദ്ധതി ഏറ്റെടുക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് എന്തെങ്കിലും പരിമിതി ഉള്ളപക്ഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസികളിൽനിന്നും അതത് മണ്ഡലത്തിലെ നിയമസഭാംഗം നിർദ്ദേശിക്കുന്ന ഏജൻസിയെ നിർവ്വഹണ ഏജൻസിയായി നിയോഗിക്കാവുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ മറ്റു വകുപ്പുകളേയോ ഏൽപ്പിക്കുന്നതിന് സാധിക്കുമോ; വിശദമാക്കാമോ;

&

(ഇ) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

04-07-2019-ലെ സ.ഉ.(അച്ചടി) 77/2019/ഫിൻ പ്രകാരം

നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസികളിൽനിന്നും നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്ത് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ദുരിതാശ്വാസ നിധിയുടെ പ്രവർത്തന സംവിധാനം

103(2870) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തന സംവിധാനം അപേക്ഷകർക്ക് കൂടുതൽ സൗകര്യപ്രദമാകുംവിധം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തന സംവിധാനം നിലവിൽ ഓൺലൈനായാണ് പ്രവർത്തിച്ചുവരുന്നത്. ആയത് പട്ടികജാതിക്കാരായ അപേക്ഷകർക്ക് സൗകര്യപ്രദമാണ്. പട്ടികവർഗ്ഗക്കാരായ അപേക്ഷകർക്കും അപേക്ഷ നൽകുന്നതിനുള്ള സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഓൺലൈനായി നൽകുന്ന അപേക്ഷകൾ ഓൺലൈനായി

തന്നെ പരിശോധിച്ച് അർഹമായ ധനസഹായം അനുവദിക്കാവുന്ന രീതിയിൽ സി.എം.ഡി.ആർ.എഫ്. മാതൃകയിൽ പരിഷ്ക്കരിച്ച സോഫ്റ്റ്വെയർ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് സി.എം.ഡി.ആർ.എഫ്. മാതൃകയിൽ പരിഷ്ക്കരിച്ച സോഫ്റ്റ് വെയർ ഉപയോഗിച്ച് ഉചിതമായ മാറ്റങ്ങൾ വരുത്തുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി തന്നെ പരിശോധിച്ച് അർഹമായ ധനസഹായം അനുവദിക്കുന്നതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ അപേക്ഷകർ നേരിട്ടോ ജനപ്രതിനിധികൾ മുഖേനയോ എത്തിക്കുന്ന അപേക്ഷകൾ പ്രസ്തുത ഓഫീസുകളിൽ നേരിട്ട് തന്നെ സ്വീകരിച്ച് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് അപ്‌ലോഡ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അപേക്ഷകർ നൽകുന്ന ഫോൺ നമ്പർ മുഖേന അപേക്ഷയുടെ സ്റ്റാറ്റസ് അറിയിക്കുന്നതിനുള്ള സംവിധാനമൊരുക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് നിലവിൽ ഡി.ആർ.എഫ്. മുഖേനയാണ് അപേക്ഷകളുടെ സ്റ്റാറ്റസ് അറിയുന്നത്. ഫോൺ നമ്പർ മുഖേന അപേക്ഷയുടെ സ്റ്റാറ്റസ് അറിയിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

ഹോട്ടൽ മാനേജ്മെന്റ് ട്രെയിനിംഗ് തൊഴിൽ പരിശീലനം

104 (2871) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട യുവതീ/യുവാക്കൾക്ക് ഹോട്ടൽ മാനേജ്മെന്റ് ട്രെയിനിംഗ് ഉൾപ്പെടെ തൊഴിൽ പരിശീലനം നൽകുന്നതിനായി പി.ആർ.ടി.സി.-ക്ക് രണ്ട് കോടി എൺപത് ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നോ;

&

(ബി) എങ്കിൽ പ്രസ്തുത പരിശീലന പരിപാടികൾ നടത്താതിരുന്നതിന്റെ

കാരണം വ്യക്തമാക്കുമോ; ഈ തുക തിരികെ പിടിക്കുവാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതിയിൽപ്പെട്ട യുവതീ/യുവാക്കൾക്ക് ഹോട്ടൽ മാനേജ്മെന്റ് ട്രെയിനിംഗ് ഉൾപ്പെടെ തൊഴിൽ പരിശീലനം നൽകുന്നതിനായി പി.ആർ.ടി.സി.-ക്ക് രണ്ട് കോടി എൺപത് ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടില്ല. എന്നാൽ 2017-18 വർഷം 300 പട്ടികജാതി വിഭാഗക്കാർക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം നൽകുന്നതിനായി 16-11-2017-ലെ സ.ഉ. (സാധാ) നം.2894/2017/പജപവവിവ ഉത്തരവ് പ്രകാരം 75,00,000/-രൂപയും 2019-20 വർഷം 100 പട്ടികജാതി വിഭാഗക്കാർക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം നൽകുന്നതിനായി 05-07-2019-ലെ സ.ഉ. (സാധാ) നം.669/2019/പജപവവിവ ഉത്തരവ് പ്രകാരം 25,00,000/-രൂപ പി.ആർ.ടി.സി.-ക്ക് അനുവദിക്കുകയും പ്രസ്തുത പരിശീലന പരിപാടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായുള്ള നൂറുദിന കർമ്മപദ്ധതി</u>

105 (2872) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായി (ഒ.ബി.സി.) വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഓട്ടോമൊബൈൽ മേഖലയിൽ പരിശീലനവും തൊഴിലും നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. 1000 പേർക്ക് വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയാണിത്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ ഉപയോഗിച്ചുകൊണ്ട് മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വിവിധ മേഖലകളിലായി 4600 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ വിവിധ പദ്ധതികളിലൂടെ (പ്രവാസികൾക്കുള്ള റി-ടേൺ വായ്പ, വനിതകൾക്കുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി, പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട് അപ് വായ്പാ പദ്ധതി, മറ്റ് സ്വയംതൊഴിൽ വായ്പാ പദ്ധതികൾ) 5399 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ

വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കായി താഴെ പറയുന്ന വായ്പാ പദ്ധതികൾക്ക് രൂപം നൽകിയിരുന്നു.

1. കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി

2. കളിമൺ ഉൽപ്പന്ന വിപണന വായ്പാ പദ്ധതി.

(ബി) ഓരോ പദ്ധതിയും എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നതിന്റെ വിശദാംശങ്ങൾ പദ്ധതി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

എറണാകുളം, പാലക്കാട് മേഖലാ കാര്യാലയങ്ങളുടെ പരിധിയിൽ വരുന്ന 4 ജില്ലകളിലെ 5 പരിശീലന കേന്ദ്രങ്ങളിലായി 2021 നവംബർ മാസത്തിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ പൂർണ്ണമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കായി നടപ്പിലാക്കിയ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല .

(സി) ഇതിൻപ്രകാരം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ എത്രത്തോളം ലക്ഷ്യം കണ്ടുവെന്നു വ്യക്തമാക്കാമോ?

1000 പേർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ടതിൽ 398 പേർക്ക് നിലവിൽ പരിശീലനം നൽകിവരുന്നു. 2022 മേയ് മാസത്തോടെ ഇവർക്ക് വിവിധ സ്ഥാപനങ്ങളിൽ സ്ഥിരം തൊഴിൽ ലഭ്യമാകുന്നതാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ പൂർണ്ണമായി ലക്ഷ്യം കണ്ടിട്ടുണ്ട്. തുടർന്ന് വരുന്ന ദിവസങ്ങളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കായി നടപ്പിലാക്കിയ വായ്പാ പദ്ധതികൾ പത്ത് ശതമാനത്തിന് താഴെ മാത്രമേ നിർവ്വഹണം നടത്താൻ സാധിച്ചിട്ടുള്ളൂ.

## ശബരിമലയിലെ പുണ്യദർശനം കോംപ്ലക്സ്

106 (2873) <u>ശ്രീ പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-10-2017-ൽ മുഖ്യമന്ത്രി തറക്കല്ലിട്ടതും 4.99 കോടി രൂപയുടെ ഭരണാനുമതിയുള്ളതുമായ ശബരിമല പുണ്യദർശനം കോംപ്ലക്സ് പ്രവൃത്തി

ആരംഭിക്കുന്നതിന് ദേവസ്വം വകുപ്പിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വം വകുപ്പിൽ നിലനിർത്തി കൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ (ബിൽഡ് ഓപ്പറേറ്റ് മോഡൽ) വിനോദ സഞ്ചാര വകുപ്പിന് ആവശ്യമായ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

വിഷയം തിരുവിതാംകൂർ ദേവസ്വം ബോർഡ് പരിശോധിച്ചുവരുന്നു.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് അന്നദാനം

107(2874) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അന്നദാനത്തിന്റെ മറവിൽ ഏതെങ്കിലും വിധത്തിലുള്ള തട്ടിപ്പ് 2018-19 വർഷം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2018-2019 കാലയളവിൽ നിലക്കൽ അന്നദാനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ

VC02/2021/PTA നമ്പറായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് ഏതെങ്കിലും ഉദ്യോഗസ്ഥനെ പ്രതിയാക്കി കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് കേസ് എടുത്തതെന്നും ബോർഡിനെ എന്നാണ് അറിയിച്ചതെന്നും വ്യക്തമാക്കുമോ?

ഉണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട യൂണിറ്റിൽ VC02/2021/PTA നമ്പരായി 06-01-2021-ന് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, വികാസ് ഭവൻ തിരുവനന്തപുരം ഓഫീസിൽ നിന്നും 06-12-2021-ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

<u>മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

108 (2875) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏത്

ഘട്ടത്തിലാണെന്നറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01-01-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് 12-02-2021-ലെ G.O(Ms) No. 57/2021/RD പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ശമ്പള പരിഷ്കരണ ഉത്തരവിൽ നിലനിന്നിരുന്ന അപാകതകൾ പരിഹരിച്ച്, മലബാർ ദേവസ്വം ബോർഡ് യോഗതീരുമാന പ്രകാരം, 19-01-2022-ന് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ബോർഡിന് കീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലെയും ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് മുഖേന നടന്നുവരുന്നു.

## ദേവസ്വം ബോർഡിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം

109 (2876) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഹിന്ദു ജനസംഖ്യാനുപാതികമായി സംവരണം നൽകണമെന്ന് പട്ടികജാതി-പട്ടികഗോത്രവർഗ്ഗ കമ്മീഷൻ റവന്യൂ (ദേവസ്വം) വകുപ്പിന് റിപ്പോർട്ട്

നൽയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട ദേവസ്വം വകുപ്പിലെ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ദേവസ്വം ബോർഡിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഹിന്ദു ജനസംഖ്യാനുപാതികമായി സംവരണം നൽകണമെന്ന് ആവശ്യപ്പെട്ട് ഏതെല്ലാം സംഘടനകളാണ് റവന്യൂ (ദേവസ്വം) വകുപ്പിൽ അപേക്ഷ നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത അപേക്ഷകളുടെ തുടർ നടപടികളുമായി ബന്ധപ്പെട്ട ഫയലുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

&

(ഡി) ദേവസ്വം ബോർഡിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഹിന്ദു ജനസംഖ്യാനുപാതികമായി സംവരണം നൽകുന്ന കാര്യം പരിഗണിക്കുമോ?

ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിൽ കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് വഴിനിയമനം നടത്തുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 10% സംവരണമാണ് നൽകിവന്നിരുന്നത്. പട്ടികജാതി ക്ഷേമസമിതി (പി. കെ. എസ്.) 18-10-2016-ൽ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെടുകയും ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണ ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മന്ത്രിസഭ, ദേവസ്വം ബോർഡ് നിയമനങ്ങളിൽ നിലവിലുള്ള സംവരണ തോതിൽ വ്യത്യാസം വരുത്തുന്നതിന് നയപരമായ തീരുമാനമെടുക്കുകയും ഇതനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് നൽകിവന്നിരുന്ന 10% സംവരണം 12% ആയി ഉയർത്തുകയും ചെയ്തു. തുടർന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി 19-11-2019-ലെ ജി.ഒ.(പി) 79/2019/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതോടെ വർദ്ധിപ്പിച്ച സംവരണം നിലവിൽ വന്നു. ഇതിൻപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ സർവ്വീസിൽ ലഭിക്കുന്നതിനെക്കാൾ 2% അധികസംവരണം ദേവസ്വം നിയമനങ്ങളിൽ ലഭ്യമായി. പട്ടികജാതി ക്ഷേമ സമിതിയുടെ അപേക്ഷ ഉൾപ്പെടെ പരിഗണിച്ചാണ് സർക്കാർ ഇക്കാര്യത്തിൽ അനുകൂല തീരുമാനമെടുത്ത് അധിക സംവരണം നടപ്പിലാക്കിയിട്ടുള്ളത്.

<u>കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിന് ആൽത്തറ</u>

110 (2877) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദേവസ്വം ബോർഡിന് കീഴിലുള്ള കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിൽ ആചാരാനുഷ്ഠാനങ്ങൾ നടത്തുന്നതിന് ആൽത്തറ അനുവദിക്കുന്നതിന് ഈടാക്കുന്ന തുക ദേവസ്വം ബോർഡിന് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

&

(ബി) ആൽത്തറ അനുവദിക്കുന്നതിനുള്ള അധികാരം ദേവസ്വം ബോർഡിൽ തന്നെ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ ആൽത്തറകളുടെ നികുതി പിരിക്കുന്നതിനുള്ള അവകാശം ആചാരത്തിന്റെ ഭാഗമായി കാലാകാലങ്ങളായി കൊടുങ്ങല്ലൂർ കോവിലകത്താണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് കൊച്ചിൻ ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ക്ഷേത്ര കുളങ്ങളുടെ നവീകരണവും ചുറ്റുമതിൽ നിർമ്മാണവും</u>

111 (2878) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേത്ര കുളങ്ങളുടെ നവീകരണം, ക്ഷേത്രങ്ങളുടെ ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി ദേവസ്വം വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ?

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്കായി 2021-2022 സാമ്പത്തിക വർഷം ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർക്കാരിലേയ്ക്കോ ബന്ധപ്പെട്ട ദേവസ്വം ബോർഡിലേയ്ക്കോ അപേക്ഷ നൽകാവുന്നതാണ്. സർക്കാരിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശം ഏത് ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലാണോ വരുന്നത്, പ്രസ്തുത ദേവസ്വം ബോർഡിന് കൈമാറുകയും ദേവസ്വം ബോർഡുകൾ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നവ ക്രോഡീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭ്യമാക്കുകയുമാണ്

ചെയ്തുവരുന്നത്. നിലവിൽ മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച ₹9,67,85,000/-രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി രണ്ട് ഗഡുക്കളായി ₹98,51,985/-രൂപ അനുവദിച്ചിട്ടുണ്ട്.

## കാരന്തൂർ ശ്രീ ഹര ഹര ക്ഷേത്ര ഭൂമി സംരക്ഷണഭിത്തി കെട്ടി പ്രസ്തുത പ്രവൃത്തികൾ സംരക്ഷിക്കാൻ പദ്ധതി

112 (2879) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയുടെ കര ഇടിഞ്ഞ് അപകടാവസ്ഥയിലുള്ള ക്ഷേത്ര ഭൂമികളെ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

(ബി) പൂനൂർ പുഴയുടെ തീരത്തുള്ള കോഴിക്കോട് കാരന്തൂർ ശ്രീ ഹര ഹര ക്ഷേത്ര ഭൂമി സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് തുക അനുവദിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിവേദനം ലഭിച്ചിട്ടില്ലെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ

അറിയിച്ചിട്ടുണ്ട്.

## ഗുരുവായൂർ ഫയർസ്റ്റേഷന് പുതിയ കെട്ടിടം

113 (2880) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗുരുവായൂർ ദേവസ്വം സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഗുരുവായൂർ ദേവസ്വം തെക്കേനടയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷൻ കെട്ടിടത്തിന് 3,43,20,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് ഭരണാനുമതി, സാങ്കേതികാനുമതി, ധനവിനിയോഗാനുമതി എന്നിവ ലഭ്യമായിട്ടുള്ളതുമാണ്.

(ബി) ഗുരുവായൂർ ദേവസ്വം നിർമ്മിച്ച് നൽകുന്ന പ്രസ്തുത ഫയർസ്റ്റേഷൻ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കാമോ?

ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നഗരസഭയിൽ സമർപ്പിച്ചപ്പോൾ പ്രസ്തുത ഭൂമിയുടെ തരം "നഞ്ച" എന്നായതിനാൽ ആയത് മാറ്റി സമർപ്പിക്കണം എന്ന് അറിയിച്ചിരുന്നു. ഭൂമിയുടെ തരംമാറ്റുന്നതിനുള്ള

അപേക്ഷ റവന്യൂ വകുപ്പിലേയ്ക്ക് നൽകിയിട്ടുണ്ട്. നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ഭൂമി ഏറ്റെടുക്കുമ്പോഴുള്ള നഷ്ടപരിഹാരം

114 (2881) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ഭൂമി നാഷണൽ ഹൈവേയുടെയും മറ്റ് പ്രധാന റോഡുകളുടെയും വികസനത്തിനായി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ദേവസ്വങ്ങളുടെ ഭൂമി ഹൈവേയുടെയും മറ്റും വികസനത്തിനായി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് ദേവസ്വം ഭൂമികളുടെ ലാൻഡ് രജിസ്റ്റർ, സെറ്റിൽമെന്റ് രജിസ്റ്റർ മുതലായവ ഹാജരാക്കിയാൽ തന്നെയും റീസർവ്വേ നിലവിൽ വന്നപ്പോൾ സർക്കാർ എന്ന വാക്കിന് പ്രാധാന്യം നൽകി റിക്കാർഡുകൾ തയ്യാറാക്കപ്പെട്ടതിനാൽ ടി ഭൂമികൾ

ദേവസ്വത്തിന്റേതല്ലായെന്ന നിഗമനത്തിൽ നഷ്ടപരിഹാരം നിഷേധിക്കുന്ന സമീപനമാണ് നാഷണൽ ഹൈവേ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി സംരക്ഷണ രേഖകളുടെ സൂക്ഷിപ്പുകാർ, ക്ഷേത്ര ഭരണാധികാരികളായതിനാൽ, ഇക്കാര്യത്തിൽ ബോർഡിന്റെ അനുമതിയോടെ ക്ഷേത്രഭരണാധികാരികളാണ് തീരുമാനമെടുക്കുന്നത്. നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ രേഖകൾ ഗുരുവായൂർ ദേവസ്വം ബന്ധപ്പെട്ട land acquisition officer മുമ്പാകെ ഹാജരാക്കുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന് നഷ്ടപ്പെടുന്ന ഭൂമിക്ക് BTR മുതലായ ഔദ്യോഗിക രേഖകൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) മുമ്പാകെ സമർപ്പിച്ച് കോമ്പൻസേഷൻ ആവശ്യപ്പെടുകയാണ് ചെയ്യുന്നത്.

(ബി) നിലവിൽ പ്രസ്തുത നഷ്ടപരിഹാര തുക അതത് ദേവസ്വങ്ങൾക്കാണോ ക്ഷേത്രങ്ങൾക്കാണോ ലഭിക്കുന്നത്;

&

(സി) പ്രസ്തുത തുക അതാത് ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി നൽകുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ?

നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നഷ്ടപരിഹാര തുക ലഭിക്കുന്നില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുക ബന്ധപ്പെട്ട ക്ഷേത്രത്തിന്റെ അക്കൗണ്ടിലേയ്ക്കാണ് വരവ് വയ്ക്കുന്നത്. ക്ഷേത്രത്തിലേയ്ക്ക് മുതൽക്കൂട്ടുന്ന വരവുകൾ അതാത് ക്ഷേത്രത്തിന്റെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചുവരുന്നത്. ഗുരുവായൂർ ദേവസ്വം ഭൂമിയുടെ നഷ്ടപരിഹാരം ഗുരുവായൂർ ദേവസ്വത്തിനാണ് ലഭിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന നഷ്ടപരിഹാര സംഖ്യ ഗുരുവായൂർ ദേവസ്വത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രഭൂമിയുടെ നഷ്ടപരിഹാര തുക, ഓരോ ക്ഷേത്രങ്ങൾക്കും പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ നിലവിലില്ലാത്തതിനാൽ, കൊച്ചിൻ ദേവസ്വം ബോർഡിനാണ് ലഭിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന തുക ലാൻഡ് അക്വിസിഷൻ ഫണ്ട് ഇനത്തിൽ സ്ഥിര നിക്ഷേപമാക്കി സൂക്ഷിക്കുകയാണ് പതിവ്. ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായി അസറ്റ് ക്രിയേഷൻ ആവശ്യങ്ങൾക്കായി ടി തുക ഉപയോഗിക്കുന്നു.

## ഗുരുവായൂർ ദേവസ്വം ആശുപത്രിയുടെ നവീകരണം

115(2882) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ആശുപത്രിയിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഗുരുവായൂർ ദേവസ്വം ആശുപത്രിയിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് ചില മേഖലകളിൽ അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗുരുവായൂർ ദേവസ്വം ആശുപത്രിയുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(സി) പ്രസ്തുത ആശുപത്രിയെ ഹൈടെക് ആശുപത്രിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഗുരുവായൂർ ദേവസ്വം പുതിയ ഹോസ്പിറ്റൽ ബിൽഡിംഗിനായി 25,00,00,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ധനവിനിയോഗാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രിയെ

ഹൈടെക് ആക്കുന്നതിനുള്ള നടപടികളും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്ററിൽ ആധുനിക X-ray Machine buy back scheme വഴി വാങ്ങുന്നതിന് മുപ്പത് ലക്ഷം രൂപയുടെ ധനവിനിയോഗാനുമതി നൽകിയിട്ടുമുണ്ട്.

<u>നിയമസഭാ സാമാജികരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതന വർദ്ധനവ്</u>

116 (2883) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതനം, സംസ്ഥാനത്തെ മറ്റ് ദിവസ വേതനക്കാരായ ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായി വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സാമാജികർ നൽകിയ നിവേദനം സംബന്ധിച്ച് വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) അഡീഷണൽ സ്റ്റാഫിന്റെ വേതന വർദ്ധനവ് സംബന്ധിച്ച ഫയലിന്റെ നടപ്പ്, കുറിപ്പ് ഫയലുകളുടെ പകർപ്പുകൾ ഫയൽ നമ്പർ സഹിതം ലഭ്യമാക്കാമോ;

(സി) 2021-ൽ നൽകിയ നിവേദനത്തിൽ തീരുമാനം കൈക്കൊള്ളാൻ

കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

&

(ഡി) അഡീഷണൽ സ്റ്റാഫുകൾക്ക് സംസ്ഥാനത്തെ വർദ്ധിച്ച ജീവിതച്ചെലവുകൾ കണക്കിലെടുത്ത് അനുഭാവപൂർണ്ണമായ പരിഗണന നൽകി കാലോചിതമായ ശമ്പളവർദ്ധനവ് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് നല്കിവരുന്ന വേതനം വർദ്ധിപ്പിക്കണമെന്ന് ശ്രീ. പി. ടി. എ. റഹീം എം.എൽ.എ. ബഹുമാനപ്പെട്ട കേരള നിയമസഭാ സ്പീക്കർക്ക് നല്കിയ അപേക്ഷ പരിശോധിച്ചുവരുന്നു.

<u>പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം</u>

117(2884) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളിൽ കിടങ്ങ്, സോളാർവേലി, ജൈവവേലി തുടങ്ങിയ മൾട്ടി ഫെൻസിംഗ് സമ്പ്രദായം ഉപയോഗിച്ച് വനഭൂമിയും കൃഷി ഭൂമിയും പൂർണ്ണമായും വേർതിരിച്ച് വന്യമൃഗങ്ങൾ കൃഷി ഭൂമിയിലേയ്ക്ക് കടന്ന് കൃഷിനാശവും ജീവനും സ്വത്തിനും

നാശവും വരുത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

കോട്ടയം ഡിവിഷന്റെ പരിധിയിൽ വരുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വനമേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളുടെ ഭാഗങ്ങളായ കൊപ്പം-മാങ്ങാപേട്ട, പാണപിലാവ്-എരുത്വപ്പുഴ, എരുത്വപ്പുഴ-എലിവാലിക്കര, എലിവാലിക്കര-കൊപ്പം, കാളകെട്ടി-കീരിത്തോട്, കീരിത്തോട്-എലിവാലിക്കര, മാങ്ങാപേട്ട - 504 കോളനി, 504-കോളനി - കാരശ്ശേരി, 2016 തേക്ക് തോട്ടം, 2015 തേക്ക് തോട്ടം, കണ്ടങ്കയം- പത്തേക്കർ - മൈനാക്കുളം, കൊമ്പുകുത്തി സെറ്റിൽമെന്റ് എന്നീ പ്രദേശങ്ങളിലായി ആകെ 63.8 കി.മീ ദൂരത്തിൽ നിലവിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ പത്തേക്കർ കണ്ണാട്ടു കവല ഭാഗത്ത് 450 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കിയിട്ടുള്ളതും താമസംവിനാ ജോലി ടെണ്ടർ ചെയ്ത് പൂർത്തിയാക്കാവുന്നതുമാണ്. പെരിയാർ വെസ്റ്റ് ഡിവിഷന്റെ കീഴിൽ എരുമേലി പഞ്ചായത്തിൽപ്പെടുന്ന പമ്പാവേലി മേഖലകളിൽ വന്യജീവി സംഘർഷം മൂലം കൃഷിനാശവും ജീവനും സ്വത്തിനും നാശം വരുത്തുന്നത് തടയുന്നതിന് 14 കി.മീ. ദൂരത്തിൽ സോളാർ വേലി സ്ഥാപിച്ച് സംരക്ഷണം

ഉറപ്പുവരുത്തിയിട്ടുള്ളതാണ്.

(ബി) വന്യമൃഗശല്യംമൂലം കൃഷി നശിച്ചതിന് കൃഷിക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്നും നഷ്ടപരിഹാരം കാലവിളംബം കൂടാതെ കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ.(കൈ)നം.2/2015/വനം ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 05-04-2018-ലെ സ.ഉ.(കൈ)നം.17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) യാണ് ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള മരങ്ങൾ മുറിക്കാൻ അനുമതി

118 (2885) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന

ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻവേണ്ടി മരങ്ങൾ മുറിക്കാൻ അനുമതി നൽകിയത് എന്നത് വസ്തുതയാണോ; വിശദാംശങ്ങൾ നൽകാമോ?

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളിൽ മുല്ലപ്പെരിയാർ ബേബി ഡാം പരിസരത്ത് identify ചെയ്തിട്ടുള്ള 15 മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിന് ധാരണയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 05-11-2021-ൽ KFDHQ/3859/2021-CWW-WL4 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 11-11-2021-ലെ G.O (Ms) No.23/2021/F&WLD പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് സർക്കാർ റദ്ദാക്കിയിരുന്നു.

## മുട്ടിൽ മരംമുറി അനുമതി

119 (2886) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി സംഭവത്തിൽ ആരോപണങ്ങൾ നേരിട്ട ഫോറസ്റ്റ് കൺസർവേറ്ററെ സസ്പെൻഡ് ചെയ്യാൻ അന്വേഷണ സംഘം ശിപാർശ ചെയ്തിട്ടുണ്ടോ?

മരം മുറി സംബന്ധിച്ച എല്ലാ വിഷയത്തിലും സമഗ്രമായ അന്വേഷണം നടത്താനായി സർക്കാർ നിയോഗിച്ച ADGP ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഈ വിഷയത്തിൽ ശിപാർശകളൊന്നും വനം വകുപ്പിന് നൽകിയിട്ടില്ല.

(ബി) വയനാട്ടിൽനിന്നും മുറിച്ച് പെരുമ്പാവൂരിലേയ്ക്ക് കടത്തിയ മരങ്ങൾ പിടിച്ചെടുത്ത മേപ്പാടി റേഞ്ച് ഓഫീസറെ കുടുക്കാനും അന്വേഷണം വഴിതെറ്റിക്കാനും പ്രസ്തുത ഫോറസ്റ്റ് കൺസർവേറ്റർ ശ്രമിച്ചെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

കേസിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

(സി) മുട്ടിൽ മരംമുറി സംഭവത്തിൽ ഫോറസ്റ്റ് കൺസർവേറ്ററെ സസ്പെൻഡ് ചെയ്യാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ?

മുട്ടിൽ മരം മുറി സംഭവത്തിൽ ഫോറസ്റ്റ് കൺസർവേറ്റർക്കെതിരെയുള്ള അച്ചടക്ക നടപടികൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

## സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം

120 (2887) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. രാജ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായുള്ള പ്രത്യേക നയരേഖയിൽ വന പുനഃസ്ഥാപനം അടിസ്ഥാനമാക്കിയുള്ള സുസ്ഥിര വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് ഈ നയം വിഭാവനം ചെയ്യുന്നത്. ആരോഗ്യകരമായ പരിസ്ഥിതി പുനഃസ്ഥാപിക്കുന്നതുവഴി സുസ്ഥിരമായ സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ടി നയത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത നയരേഖ പ്രാവർത്തികമാക്കാൻ

താഴെപ്പറയുന്ന കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തിനിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക; വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക. നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ തുടങ്ങിയവയും മണ്ണ്-ജലസംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക. വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽനിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുക. വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്യുക. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം നടപ്പിലാക്കുക. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക. ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക. പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ

ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക. കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആക്കുന്നതിനായി ആവശ്യമായ വൃക്ഷവൽക്കരണം നടപ്പാക്കുക. കടൽക്ഷോഭത്തിൽനിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക. നദികളുടെയും വനങ്ങളുടെയും റിസർവ്വോയറുകളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷത്തൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്. വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക. കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക. പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക. ഇത്തരത്തിൽ വന പുനഃസ്ഥാപന പ്രവർത്തനങ്ങൾ വൻതോതിൽ ഏറ്റെടുക്കുന്ന ആദ്യ സംസ്ഥാനമാവുകയാണ് കേരളം. ഇത് വർദ്ധിച്ച തോതിലുള്ള പാരിസ്ഥിതിക

സേവനങ്ങളും തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്നതാണ്. ഇത്തരത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന വന പുനഃസ്ഥാപന നയം കേരളത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാവും.

## വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിര വികസനവും

121 (2888)ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിര വികസനവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വനവിഭവങ്ങളുടെ സുസ്ഥിര വികസനവും പരിപാലനവും ലക്ഷ്യമിട്ട് ഓരോ വനം ഡിവിഷനുകളിലും (ടെറിട്ടോറിയൽ & വൈൽഡ് ലൈഫ്) അംഗീകൃത വർക്കിംഗ് പ്ലാൻ/മാനേജ്മെന്റ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ (ടി.സി.പി.)-നും നിലവിലെ വനനിയമങ്ങൾക്കും വിധേയമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. ഇത്തരത്തിൽ ക്രമാനുഗത പ്രവർത്തനങ്ങളിലൂടെ നമ്മുടെ വനസമ്പത്ത് സുസ്ഥിരമായി പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള

പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 427 വനസംരക്ഷണ സമിതികളും (വി.എസ്.എസ്.), 213 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വനാശ്രിതരായ ആദിവാസികൾ ഉൾപ്പെടെയുള്ളവർ മേൽ സമിതികളിൽ അംഗങ്ങളാണ്. പങ്കാളിത്ത വനപരിപാലന തത്വത്തിൻ കീഴിൽ നടപ്പാക്കുന്ന വിവിധ വനസംരക്ഷണ/വനവൽക്കരണ പദ്ധതികൾ വി.എസ്.എസ്., ഇ.ഡി.സി.-കൾ വഴി നടപ്പാക്കുന്നു. തടിയേതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം എന്നിവ വഴി തടിയേതര വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നു. ചെറുകിട വനവിഭവങ്ങളുടെ സുസ്ഥിര പരിപാലനം ലക്ഷ്യമിട്ട് ഈ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനങ്ങൾ വഴി വിവിധ പരിശീലന പരിപാടികൾ ആദിവാസി സമൂഹത്തിന് നൽകിവരുന്നുണ്ട്. കൂടാതെ, വനവിഭവങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങളും വനം വകുപ്പ് ഏർപ്പെടുത്തി വരുന്നുണ്ട്. ആദിവാസികൾ വനത്തിനുള്ളിൽനിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തി 'വനശ്രീ' എന്ന ബ്രാൻഡിൽ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചുവരുന്ന വിപണന

കേന്ദ്രങ്ങൾ വഴി വിറ്റഴിക്കുന്നു. ഇത്തരത്തിൽ വിറ്റഴിക്കുന്ന വനശ്രീ വനവിഭവങ്ങളുടെ വിപണന വിലയിൽനിന്നും ഒരു ഭാഗം, വനവിഭവങ്ങൾ ശേഖരിക്കുന്ന ആദിവാസികൾക്ക് ലഭിക്കുന്നു.

(ബി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനമേഖലയിലെ വൃക്ഷസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

വനവിസ്തൃതി വർദ്ധിപ്പിക്കുക, വനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക, എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിവിധ പ്ലാൻ, നോൺ പ്ലാൻ ബഡ്ജറ്റ് ശീർഷകങ്ങളായ ഫോറസ്റ്റ് പ്രൊട്ടക്ഷൻ, റീ ജനറേഷൻ ഓഫ് ഡെന്യൂഡഡ് ഫോറസ്റ്റ്സ് (RDF), ഫോറസ്റ്റ് ഫയർ പ്രിവൻഷൻ & മാനേജ്മെന്റ് സ്കീം (FPMS), നോൺ-വുഡ് ഫോറസ്റ്റ് പ്രോഡക്റ്റ്സ് ഇൻക്ലൂഡിംഗ് പ്രൊമോഷൻ ഓഫ് മെഡിസിനൽ പ്ലാന്റ്സ് കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി, ഇക്കോഡെവലപ്മെന്റ് പ്രോഗ്രാം, പ്രോജക്ട് എലിഫന്റ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ്, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ്-മാനേജ്മെന്റ് ഓഫ് വൈൽഡ് ലൈഫ് സാങ്ച്വറീസ്, വെറ്റ്ലാന്റ് കൺസർവേഷൻ എന്നിങ്ങനെ കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ വിവിധ പ്രവർത്തികൾ

വനം വകുപ്പ് ആസൂത്രണംചെയ്ത് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ, റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP), കിഫ്ബി പദ്ധതി എന്നിവകളിൽ ഉൾപ്പെടുത്തി സ്വകാര്യ സെറ്റിൽമെന്റുകൾ, എസ്റ്റേറ്റുകൾ, കണ്ടൽക്കാടുകൾ എന്നിവ ഏറ്റെടുക്കുന്നതിനുള്ള കർമ്മ പരിപാടികളും വനം വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെയുള്ള വിവിധ പങ്കാളിത്ത വനപരിപാലന പദ്ധതികളിലൂടെയും വനസംരക്ഷണ, വനപരിപാലന പ്രവർത്തനങ്ങൾ വി.എസ്.എസ്./ഇ.ഡി.സി.-കൾ വഴിയും നടപ്പാക്കിവരുന്നു. നഗരപ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂളുകൾ, കോളേജുകൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ നക്ഷത്രവനം, വിദ്യാവനം, നഗരവനം എന്നിങ്ങനെയുള്ള ചെറുവനങ്ങൾ വളർത്തിയെടുക്കുന്നതിനായുള്ള പരിപാടികളും വനം വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. തൻവർഷം CAMPA (Compensatory Afforestation Fund Management and Planning Authority) പദ്ധതി വഴി വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി 15.08 കോടി രൂപ അനുവദിച്ചു. സംസ്ഥാന സർക്കാരിന്റെ മറ്റൊരു സുപ്രധാന കാൽവയ്പ്പാണ് സ്വാഭാവിക വനങ്ങളുടെ പുനരുദ്ധാരണ നയരേഖയുടെ അംഗീകാരം നൽകൽ. വനത്തിന്റെ

വ്യാപനത്തിനും നിലനിൽപ്പിനും ഭീഷണിയായി വർത്തിക്കുന്ന വിദേശയിനം സസ്യജാലങ്ങളെ പൂർണ്ണമായും നീക്കം ചെയ്ത് നമ്മുടെ വന പരിസ്ഥിതിയ്ക്ക് ഇണങ്ങുന്ന പ്രാദേശിക വൃക്ഷ ഇനങ്ങളെ വച്ചുപിടിപ്പിക്കലും പരിപാലനവുമാണ് പുതുതായി പുറപ്പെടുവിച്ച ഈ നയരേഖയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ വനത്തിനും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ ഇത്തരം സ്വാഭാവിക വൃക്ഷ ഇനങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെ വനങ്ങളുടെ സ്വാഭാവിക അവസ്ഥ പുനഃസ്ഥാപിച്ച് വനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ടി നയരേഖയിൽ ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്ത് നടത്തിവരുന്ന ദേശീയ വനവൽക്കരണ പരിപാടിയിലൂടെ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2002-03 മുതൽ 2015-16 വരെ 7,756.68 ലക്ഷം രൂപ ചെലവഴിച്ച് ദേശീയ വനവൽക്കരണ പരിപാടിയിലൂടെ 39,619.31 ഹെക്ടർ വനപ്രദേശത്ത് വനവൽക്കരണ വനസംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശീയരായ വനാശ്രിതരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയുണ്ടായി. ഇതോടൊപ്പം വനാശ്രിത സമൂഹത്തിന്റെ പൊതു ആവശ്യങ്ങളായ സ്കൂൾ, അങ്കണവാടി, കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ള പദ്ധതികൾ, വനാശ്രിത

സമൂഹത്തിലെ അംഗങ്ങളായ യുവതീ/യുവാക്കൾക്ക് വിവിധ മേഖലയിൽ തൊഴിൽ പരിശീലനങ്ങൾ എന്നിവയും കൂടാതെ, ജലസ്രോതസ്സുകളുടെയും ചെറുകുളങ്ങളുടെയും സംരക്ഷണം, മണ്ണൊലിപ്പുതടയൽ, എന്നീ പ്രവർത്തനങ്ങളും ദേശീയ വനവൽക്കരണ പരിപാടിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക വഴി വനാശ്രിത സമൂഹത്തിലെ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പദ്ധതി നടത്തിപ്പ് സഹായകരമായിട്ടുണ്ട്.

(ഡി) ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കുക വഴി അവരുടെ വരുമാനവർദ്ധനവിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പങ്കാളിത്ത വനപരിപാലനത്തിനുകീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുകവഴി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതുവഴി ജീവിതനിലവാര വർദ്ധനവിനും സാധിച്ചിട്ടുണ്ട്. ദേശീയ വനവൽക്കരണ പരിപാടി, ഗ്രീൻ

ഇന്ത്യ മിഷൻ പദ്ധതി, ദേശീയ ഔഷധ സസ്യബോർഡിന്റെ പദ്ധതികൾ, ട്രൈഫെഡ് പദ്ധതികളായ എം.എസ്.പി ഫോർ എം.എസ്.പി., വൻധൻ വികാസ് യോജനയ്ക്കുകീഴിലുള്ള പദ്ധതി എന്നിവ വഴിയും ഇക്കോടൂറിസം പദ്ധതിയിൽ ഗൈഡുകളായി നിയോഗിക്കുന്നതുവഴിയും വനശ്രീ പദ്ധതിയിൽ വനവിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന വഴിയും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ അടക്കമുള്ള വനസംരക്ഷണ പ്രവർത്തനങ്ങളിൽ വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളെ പങ്കാളികളാക്കുക വഴിയും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമായിവരുന്നു.

<u>വനങ്ങളുടെ സ്വാഭാവികത വീണ്ടെടുക്കുന്നതിനായി പദ്ധതി</u>

122 (2889) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനായി പുതുതായി എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ)നം 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖയാണ് അംഗീകരിച്ചിട്ടുള്ളത്. ടി നയരേഖയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജല സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ആരോഗ്യകരമായ സ്വാഭാവിക പരിസ്ഥിതി പുനഃസ്ഥാപിക്കുന്നതുവഴി സുസ്ഥിര സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ലക്ഷ്യംവയ്ക്കുന്നത്. റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോജക്ട് (RKDP) പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി ഇതര വിഭാഗത്തിൽപ്പെട്ടതും വനത്തിനോട് ചേർന്നതും വനത്താൽ ചുറ്റപ്പെട്ടതുമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ അവരുടെ സ്വയം സന്നദ്ധതയോടെ മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന ഭൂമിയിലും eco-restoration പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കാട്ടുതീ നിയന്ത്രിക്കുന്നതിനും കണ്ടൽക്കാടുകളുടെ പുനരുജ്ജീവനം ഉറപ്പുവരുത്തുന്നതിനും ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകൾ സംരക്ഷിക്കുന്നതിനും പുതിയതായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കാട്ടുതീ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മുൻവർഷങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകളെ ലോ, മീഡിയം, ഹൈ ഫയർ പ്രോൺ ഏരിയകളായി തരംതിരിച്ച് ഓരോയിടത്തും മുൻകൂറായി നടപ്പാക്കേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കാട്ടുതീ പ്രതിരോധത്തിന്റെ ഭാഗമായി ബയോമാസ് റിമൂവൽ, കൺട്രോൾ ബേണിംഗ്, ഫയർ ബ്രേക്കറുകളുടെ നിർമ്മാണം, ഫയർ ലൈനുകളുടെ നിർമ്മാണം, വാച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി ഫയർ ഗാംഗുകൾ രൂപീകരിക്കൽ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫയർകൺട്രോൾ റൂം, പൊതുജനങ്ങൾക്കുള്ള അവബോധറാലികൾ, ബോധവത്ക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യയിൽനിന്നും കാട്ടുതീ സംബന്ധിച്ച അറിയിപ്പ് യഥാസമയം സംരക്ഷണ ജീവനക്കാർക്ക് ലഭിക്കുന്നതിന് ജീവനക്കാരുടെ

മൊബൈൽ ഫോൺ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 24-12-2016-ലെ ജി.ഒ(ആർ.റ്റി)485/16/വനം പ്രകാരം കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ് കാവുകൾക്കും കണ്ടലുകൾക്കും ധനസഹായം നൽകിവരുന്നത്. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് നാലായിരം രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. കൂടാതെ റീബിൽഡ് കേരള പ്രോഗ്രാമിന് കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രാഥമികഘട്ടത്തിൽ തൃശ്ശൂർ, കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ നാല് ജില്ലകളിലെ 51.41 ഹെക്ടർ കണ്ടൽക്കാടുകൾ സെക്ഷൻ 4 (1) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്സ്) ആക്ട്, 2003 പ്രകാരം അർഹമായ നഷ്ടപരിഹാര തുക പകരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

## വനവിസ്തൃതിയും വനാതിർത്തിയും

123 (2890) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷം കഴിയുംതോറും സംസ്ഥാനത്തിന്റെ വനവിസ്തൃതി ഗണ്യമായ തോതിൽ കുറഞ്ഞ് വരുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനം വകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം 2018-19-ൽ വനവിസ്തൃതി 11520.058 ച.കി.മീറ്ററായിരുന്നത് 2019-20-ൽ 11521.99 ച.കി.മീറ്ററായി വർദ്ധിച്ചതായാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) വനം-റവന്യൂ അതിർത്തികൾ സംയുക്ത വെരിഫിക്കേഷൻ നടത്തി ജണ്ട കെട്ടി കൃത്യമായി തിരിക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും വസ്തു നികുതി സ്വീകരിക്കുന്നില്ല എന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് കോടതി വ്യവഹാരങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായുള്ള ശതവത്സര പരിപാടി

124 (2891) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ തുടർച്ചയായി പ്രത്യുത്പാദനപരമായ വനവൽക്കരണത്തിനായി ഫലവൃക്ഷങ്ങൾ നടുന്നതിനുള്ള ശതവത്സര പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതുവഴി സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഇല്ല.

(ബി) പദ്ധതിക്കാവശ്യമായ ഫലവൃക്ഷത്തൈകൾ സമാഹരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഏജൻസികളെ ഒന്നംതന്നെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഫലവൃക്ഷത്തൈകളുടെ വിതരണം, പരിപാലനം, അവയുടെ മോണിറ്ററിംഗ് എന്നിവ നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വിതരണവും പരിപാലനവും ചെയ്യുന്ന ഫലവൃക്ഷത്തൈകളുടെ മോണിറ്ററിംഗ് നടത്തുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്.

(ഡി) ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2406-01-800-55(01)-എക്സ്റ്റൻഷൻ ഫോറസ്റ്റി ശീർഷകത്തിൽ വിത്തുകൾ വാങ്ങുന്നതിനായി 43 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് പദ്ധതി ചെലവുകൾ തൊഴിലുറപ്പ് മിഷനാണ് വഹിക്കുന്നത്.

(ഇ) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ ആവശ്യമായ ഇടപെടലും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ടി പദ്ധതിക്കുവേണ്ട സാങ്കേതിക സഹായം വനം വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നുണ്ട്.

## മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ്

125 (2892) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ശക്തിപ്പെടുത്തുന്നതിനായി തമിഴ്നാടിന്റെ നിർദ്ദേശപ്രകാരം 15 മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി പുറപ്പെടുവിച്ച ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായതിനെക്കുറിച്ച് ചീഫ് സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

&

(സി) പ്രസ്തുത റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ചീഫ് സെക്രട്ടറി അദ്ധ്യക്ഷത വഹിച്ച സസ്പെൻഷൻ റിവ്യൂ കമ്മിറ്റി പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ സസ്പെൻഷൻ നീട്ടണമോ എന്ന കാര്യം പരിശോധിക്കുകയും ടിയാന്റെ

സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ ശിപാർശ ചെയ്യുകയും ഉണ്ടായി.

<u>ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലെ വനവൽക്കരണം</u>

126 (2893) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളും വന്യജീവി വഴിത്താരകളും സ്വാഭാവിക വനം ആക്കി മാറ്റാൻ ഏറ്റെടുക്കുന്നതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ)നം 29/2021/ വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. കേരളത്തിലുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖയാണ് അംഗീകരിച്ചിട്ടുള്ളത്. ആരോഗ്യകരമായ സ്വാഭാവിക പരിസ്ഥിതി പുനഃസ്ഥാപിക്കുന്നതുവഴി സുസ്ഥിര സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ലക്ഷ്യം

വയ്ക്കുന്നത്. വനത്തിന്റെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി വനത്താൽ ചുറ്റപ്പെട്ടതോ വനത്തോട് ചേർന്നു കിടക്കുന്നതോ ആയ പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങൾ/എസ്റ്റേറ്റുകൾ എന്നിവ ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുനഃസ്ഥാപനം നടത്തുന്നതിനുള്ള നടപടികളും നയം മുന്നോട്ടുവയ്ക്കുന്നു. വനതുരുത്തുകളെ ബന്ധിപ്പിക്കുന്നതിനും വന്യജീവികളുടെ സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുന്നതിനും തദ്വാര മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ഇത് സഹായകരമാകും.

(ബി) ഏതൊക്കെ മേഖലകളാണ് ഇപ്രകാരം സ്വാഭാവിക വനവൽക്കരണത്തിനായി ഏറ്റെടുക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങൾ, അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ, നിലവിലുള്ള തേക്ക് തോട്ടങ്ങളിൽ പരാജയപ്പെട്ടവ, വളർച്ച മുരടിച്ചവ, വന്യജീവി വഴിത്താരകളിലുള്ളവ, പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലുള്ളവ, നദീതീരങ്ങളിലുള്ളവ എന്നിവ വർക്കിംഗ് പ്ലാൻ

ശിപാർശകൾക്ക് വിധേയമായി മണ്ണ്-ജലസംരക്ഷണം ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റാനാണ് ടി നയം വിഭാവനം ചെയ്യുന്നത്.

(സി) ഇത്തരം മേഖലകളിൽ കാലാകാലങ്ങളായി താമസിക്കുന്ന ജനങ്ങളെ ഒഴിപ്പിച്ചുകൊണ്ടാകുമോ ഈ ഏറ്റെടുക്കൽ; വ്യക്തമാക്കാമോ ?

ഇത്തരം മേഖലകളിൽ ആവശ്യമുള്ളിടങ്ങളിൽ, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനും പ്രകൃതിദുരന്ത സാദ്ധ്യത കുറയ്ക്കുന്നതിന്റെ ഭാഗമായും ആ ഇടങ്ങളിൽ താമസിക്കുന്നവർക്ക് താല്പര്യമുള്ള പക്ഷം അർഹമായ നഷ്ടപരിഹാരം നൽകി മറ്റിടങ്ങളിലേയ്ക്ക് അവരുടെ സമ്മതത്തോടെ മാറ്റി പ്പാർപ്പിക്കുന്നതിന് നിയമാനുസരണം നടപടി സ്വീകരിക്കാനും നയം വിഭാവനം ചെയ്യുന്നു. സ്വയം സന്നദ്ധ പുനരധിവാസ പദ്ധതികൾ മാത്രമേ സർക്കാരിന്റെ പരിഗണനയിലുള്ളൂ. സർക്കാർ, റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14-11-2019-ലെ ജി.ഒ. (ആർ.റ്റി.) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase-II (23/01/202-ലെ ജി.ഒ. (എം.എസ്.) 2/2020/ വനംവന്യജീവി, 02-08-2021-ലെ ജി.ഒ. (എം.എസ്) 12/2021/വനംവന്യജീവി നമ്പർ ഉത്തരവുകൾ പ്രകാരം) എന്നീ പദ്ധതികൾ പ്രകാരം ആയത് നടപ്പിലാക്കി വരുന്നു.

## വനാതിർത്തിപങ്കിടുന്ന സ്വകാര്യ ഭൂമിക്കുള്ള എൻ.ഒ.സി.

127 (2894) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തി പങ്കിടുന്ന സ്വകാര്യ ഭൂമിയിലെ കൈവശക്കാർക്ക് പട്ടയത്തിനും രജിസ്ട്രേഷനും മറ്റ് വിവിധ ആവശ്യങ്ങൾക്കും വനം വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിൽ ഒരു അപേക്ഷയിൽ വനം വകുപ്പിന്റെ എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കേണ്ടതുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ പറയുന്ന ഭൂമി റവന്യൂ രേഖകളിൽ തരത്തിൽ ഉണ്ടായിട്ടുള്ള വ്യത്യാസമാണ് എൻ.ഒ.സി. നൽകാൻ കാലതാമസം നേരിടുന്നത്. ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇത്തരം ഭൂമികൾക്ക് വനം വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ?

എൻ.ഒ.സി. ആവശ്യമായ സ്ഥലത്തിന്റെ കരം അടച്ച രസീതി,

ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, ആധാരത്തിന്റെ/ പട്ടയത്തിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും ടി രേഖകളുടെ അടിസ്ഥാനത്തിൽ വില്ലേജ്, വനം സർവ്വേ സ്കെച്ച് പ്രകാരം ഫീൽഡ് പരിശോധിച്ച് അതിർത്തി രേഖപ്പെടുത്തി കയ്യേറ്റമില്ലെന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് അപേക്ഷകന് എൻ.ഒ.സി. അനുവദിക്കുന്നത്.

(സി) കണ്ണൂർ ജില്ലയിലെ കണ്ണവം, കൊട്ടിയൂർ റെയിഞ്ചുകളിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളിൽ നടപടിയെടുക്കാൻ ബാക്കിയുണ്ടെന്നും ആയത് എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്നും വ്യക്തമാക്കുമോ?

ആയത് സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.* പ്രസ്തുത അപേക്ഷകൾ ഒരു മാസത്തിനകം തീർപ്പാക്കാവുന്നതാണ്.

## അനധികൃത മരം മുറി

128 (2895) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 24-10-2020-ന് റവന്യൂ വകുപ്പ് പുറത്തിറക്കിയ ഉത്തരവിനെ തുടർന്ന് നടന്ന മരം മുറി സംബന്ധിച്ച് വനം വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

സമർപ്പിച്ചിരുന്നു. വനം വിജിലൻസ് വിഭാഗത്തിനുകീഴിൽ രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് 25-06-2021-ൽ വി.ഇ 10-990/2021 നമ്പറായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മരം മുറിക്ക് കൂട്ടുനിന്നതായി പറയപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണമെന്ന് റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ടോ?

വനം വിജിലൻസ് വിഭാഗത്തിനുകീഴിൽ രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിയ അന്വേഷണത്തിൽ മരം മുറിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ജീവനക്കാരുടെയും വനം വകുപ്പ് ജീവനക്കാരുടെയും വീഴ്ചകൾ കണ്ടെത്തിയിട്ടുള്ളതാണ്. എന്നാൽ ഭാവിയിൽ മരം മുറിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പ്രസ്തുത റിപ്പോർട്ട് സർക്കാർ രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിന് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ഐ.എഫ്.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(ഇ) ഈ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

## നിലമ്പൂർ നോർത്ത്, സൗത്ത് ഫോറസ്റ്റ് ഡിവിഷനുകൾ സ്ഥിതിചെയ്യുന്ന സ്ഥലം

129 (2896) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത്, സൗത്ത് ഫോറസ്റ്റ് ഡിവിഷനുകൾ സ്ഥിതിചെയ്യുന്ന സ്ഥലം വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണെന്നും

ആയതിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉണ്ട്. 18-12-2021-ലെ സർക്കാർ ഉത്തരവ് (പി) നം. 38/2021/വനം, പ്രകാരമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ആയത് 27-12-2021-ലെ കേരള സർക്കാർ ഗസറ്റ് നമ്പർ 3809 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു.+

(ബി) മേൽ സ്ഥലം വനഭൂമിയായി വിജ്ഞാപനം ചെയ്യുന്നതിനായി സമർപ്പിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത സ്ഥലം വനഭൂമിയായി വിജ്ഞാപനം ചെയ്യുന്നതിനായി സമർപ്പിച്ചപ്പോൾ പൊതുമരാമത്ത് റോഡിനോട് ചേർന്ന ഭാഗത്ത് 2 മീറ്റർ വീതിയിൽ സ്ഥലം ഒഴിവാക്കിയാണോ നൽകിയിരുന്നതെന്നും അറിയിക്കാമോ?

രേഖകളുടെ പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു.+ സി.എൻ.ജി റോഡിനോട് ചേർന്ന് 2 മീറ്റർ വീതിയിൽ സ്ഥലം ഒഴിവാക്കിയിട്ടില്ല.

(സി) പ്രസ്തുത സ്ഥലം എന്ന് മുതലാണ് വനം വകുപ്പിന്റെ കൈവശമെത്തിയതെന്നും കൈവശം ലഭിച്ച സമയത്തെ ഭൂമിയുടെ തരവും ഇതുവരെ വനഭൂമിയായി വിജ്ഞാപനം ചെയ്യാതിരുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത സ്ഥലം 16-06-1868 മുതൽ സർക്കാർ അധീനതയിലുള്ളതാണ്. നിലമ്പൂർ വില്ലേജ് ഓഫീസിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പ്രകാരം പ്രസ്തുത ഭൂമിയുടെ തരം ഗവണ്മെന്റ് ഫോറസ്റ്റ് ഓഫീസ് ഉടമസ്ഥതയിലുള്ള പുറമ്പോക്ക് എന്നാണ്. പ്രസ്തുത ഭൂമി വനം വകുപ്പിന്റെ തന്നെ അധീനതയിലും കൂടാതെ ടി ഭൂമി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷൻ ഓഫീസുകൾ, നിലമ്പൂർ, എടവണ്ണ, റിസർച്ച് എന്നീ റെയിഞ്ച് ഓഫീസുകളും ക്വാർട്ടേഴ്സുകളും സ്ഥിതിചെയ്യുന്ന പ്രദേശങ്ങളാണ്. ആയതിനാലാണ് ഇതുവരെ പ്രത്യേകം വിജ്ഞാപനം ചെയ്യാതിരുന്നത്.

(ഡി) പ്രസ്തുത സ്ഥലത്തിന്റെ വനം വകുപ്പിനുള്ള അവകാശം സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

&

(ഇ) നിലമ്പൂർ കോവിലകം വകയായിരുന്ന മേൽ സ്ഥലം വനം വകുപ്പിന് പാട്ടക്കരാർ പ്രകാരമായിരുന്നോ ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നിലമ്പൂർ നോർത്ത് ഡിവിഷനിലെ ലാൻഡ് രജിസ്റ്റർ പ്രകാരം പ്രസ്തുത ഭൂമി നിലമ്പൂർ കോവിലകം തിരുമുൽപ്പാടിൽനിന്നും 16-06-1868-ലെ കരാർ പത്ര പ്രകാരം വനം വകുപ്പിന് കൈമാറിയിട്ടുള്ളതാണെന്ന് കാണുന്നു.

പ്രസക്ത ഭാഗങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.*

## വനം-റവന്യൂ ഭൂമി സംബന്ധിച്ച് തർക്കം പരിഹരിക്കാൻ നടപടി

130 (2897) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അതിർത്തി നിശ്ചയിക്കാത്തത് കാരണം കർഷകരും വനം വകുപ്പ് ഉദ്യോഗസ്ഥരും തമ്മിൽ നിരന്തരമായി സംഘർഷമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് വനം-റവന്യൂ ഭൂമി സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി, തിരുവമ്പാടി, കൂരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപാറ വില്ലേജുകളിൽ 01-01-1977-ന് ശേഷമുള്ള വനഭൂമി കയ്യേറ്റമുണ്ട്. അത് സംയുക്ത സർവ്വേ നടത്താനോ, റെഗുലറൈസ് ചെയ്യാനോ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം സാദ്ധ്യമല്ല. ഇത്തരം കയ്യേറ്റങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിപ്പിക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുള്ളതാണ്. മേൽ സ്ഥലങ്ങളിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വനം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 02-07-2021-ന് യോഗം ചേർന്നിരുന്നു. മേൽയോഗത്തിൽ നിലവിലുള്ള ഗവണ്മെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-01-1977-ന് മുമ്പുള്ള കയ്യേറ്റ ഭൂമിയുടെ റെഗുലറൈസേഷൻ നടപടി റവന്യൂ വകുപ്പ് ത്വരിതപ്പെടുത്താനും 01-01-1977-നുശേഷമുള്ള കയ്യേറ്റങ്ങളിൽ എതിർപ്പില്ലാത്തയിടത്ത് സർവ്വേ ചെയ്ത് ജണ്ട കെട്ടാനും അല്ലാത്തിടത്ത് കയ്യേറ്റത്തിന്റെ വിസ്തൃതി റിപ്പോർട്ട് ചെയ്യാനുമാണ് തീരുമാനിച്ചത്.

<u>ബൈപാസ് വികസനം- വെട്ടിമാറ്റിയ മരങ്ങൾക്ക് പകരമായുള്ള തൈനടീൽ</u>

131 (2898) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് രാമനാട്ടുകര– വെങ്ങളം ബൈപാസ് ആറുവരിയാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത മരങ്ങളുടെ 3 വർഷത്തെ പരിപാലനത്തിനായി 1.60 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നോ; വിശദമാക്കാമോ?

കോഴിക്കോട് രാമനാട്ടുകര - വെങ്ങളം ബൈപാസ് ആറുവരിയാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെട്ടിമാറ്റിയ 2354 മരങ്ങൾക്ക് പകരം പത്തിരട്ടി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ച 1.60 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കാഷ്വാലിറ്റി റീപ്ലെയിസ്മെൻറ് ഉൾപ്പെടെ 26,000 തൈകൾ ഉത്പാദിപ്പിച്ച് നട്ടുപിടിപ്പിച്ച് മൂന്ന് വർഷത്തെ പരിചരണം നടത്തുന്നതിനാണ് മേൽ തുക അനുവദിച്ചിട്ടുള്ളത്. ആകെ 23,834 തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കായി ആദ്യ ഗഡുവായ 80 ലക്ഷം രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറിയിട്ടുണ്ട്. ആയതിൽ 63.70 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ക്രമക്കേടുകൾ നടന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വളമായി ഇടുന്ന ചാണകത്തിനുപോലും മാർക്കറ്റ് വിലയുടെ

നാലിരട്ടി വരെ രേഖപ്പെടുത്തി എസ്റ്റിമേറ്റുകൾ പാസ്സാക്കിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രാഥമിക പരിശോധനയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്നതിനുവേണ്ടി നടത്തിയ പ്രവൃത്തികളിൽ ചാണകപ്പൊടിക്ക് അനുവദിച്ച തുക അധികമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത ക്രമക്കേടുകൾ വനം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വിജിലൻസ്) അന്വേഷിക്കാൻ ഉത്തരവിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോഴിക്കോട് രാമനാട്ടുകര വെങ്ങളം ബൈപാസ് ആറുവരിയാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർ പരിശോധന നടന്നുവരുന്നു.

## ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ

132(2899) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുസ്ഥിര മാനവവികസനത്തിന് ആധാരമായ ഭൂപ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വനമേഖലയിൽ

ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് 2021-22 കാലയളവിൽ വനം വകുപ്പ് രൂപം നൽകിയ പ്രോജക്ടുകളും വകയിരുത്തിയ തുകയും ഇവയുടെ നിർവ്വഹണ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

ഭൂപ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് 2021-22 കാലയളവിൽ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. എന്നാൽ അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി സ്വാഭാവിക വന പുനരുദ്ധാരണ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തീരവനം പദ്ധതി

133 (2900) ശ്രീ. എം. നൗഷാദ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭത്തിൽനിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തീരത്ത് ജൈവ കവചം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തീരവനം പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; തീര സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത

പദ്ധതി എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

വിലയിരുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽനിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തീരത്ത് ജൈവ കവചം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തീരവനം പദ്ധതിപ്രകാരം കടൽത്തീരങ്ങളിൽ കണ്ടൽചെടികളും കാറ്റാടി മരങ്ങളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. തീരപ്രദേശത്തെ ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് തീരവനസംരക്ഷണ സമിതി രൂപീകരിക്കുകയും ഈ സമിതിയുടെ സഹായത്തോടെ നട്ടുപിടിപ്പിച്ച തൈകളുടെ സംരക്ഷണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. തീരവനം പദ്ധതി കടൽ ക്ഷോഭത്തിൽനിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച് വരുന്നുണ്ട്. തീരസംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി തീരപ്രദേശങ്ങളിൽ കൂടുതൽ കാറ്റാടി തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) നദീതീരങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നഗര പ്രദേശങ്ങൾ, ദുരന്ത സാദ്ധ്യതാ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ചെറുവനങ്ങളും വൃക്ഷത്തൈകളും വച്ചുപിടിപ്പിക്കുന്ന പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; പ്രസ്തുത പദ്ധതി എത്രത്തോളം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ടി പദ്ധതിയിലൂടെ പ്രദേശത്തെ വനവത്ക്കരണത്തിനും ഹരിതാഭ വർദ്ധിപ്പിക്കലിനും പുറമേ പാരിസ്ഥിതികമായ സന്തുലിതാവസ്ഥ, ഭൂഗർഭ ജലനിരപ്പ് ഉയർത്തൽ, മണ്ണൊലിപ്പ് തടയുക എന്നിവയും പ്രധാനമായി ലക്ഷ്യമിടുന്നു. തുടർച്ചയായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടാകുന്ന പുഴയോരങ്ങളിൽ മുള വച്ചുപിടിപ്പിക്കുന്നതിലൂടെ മണ്ണിടിച്ചിൽ തടയാൻ സാധിക്കും. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ചെറുവനങ്ങൾ വച്ചു പിടിപ്പിക്കുന്നത് വഴി വിദ്യർത്ഥികളുടെ ഇടയിൽ വന സംബന്ധമായ അവബോധം വളർത്തുന്നതിന് സഹായിക്കും. ഇതുവരെ 47 വിദ്യാവനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്.

## ഇരിക്കൂർ - കാവും കുളവും പദ്ധതി

134 (2901) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവും കുളവും പദ്ധതിയിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് ഫണ്ട് നൽകിയതെന്ന് വിശദമാക്കാമോ?

കാവുകളുടെ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കൊട്ടോളിപ്രം വരവിൽ കാവിന് നടപ്പുസാമ്പത്തിക വർഷം 25,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) 2016 മുതൽ 2021 മാർച്ച് വരെ ഓരോ സ്ഥലത്തും അനുവദിച്ച തുകയും പേരു വിവരവും വ്യക്തമാക്കാമോ?

2016 മുതൽ 2021 മാർച്ച് വരെ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാവുകൾക്ക് ധനസഹായം നൽകിയിട്ടില്ല.

## സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകൾ

135 (2902) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾ ഇല്ലാത്ത ജില്ലകൾ ഏതെല്ലാമാണെന്ന് പറയാമോ?

സംസ്ഥാനത്ത് വനം വകുപ്പിൽ തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് എന്നീ മൂന്ന് ജില്ലകളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ഇല്ല.

## കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ- വനഭൂമി കൈയ്യേറ്റം

136 (2903) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-നുശേഷം നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷന് കീഴിൽ കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് വനഭൂമി കയ്യേറ്റമുണ്ടായതായി കണ്ടെത്തിയതെന്ന് പ്രദേശം തിരിച്ച്

വ്യക്തമാക്കാമോ; എത്ര സ്ഥലം വീതമാണ് കയ്യേറിയതെന്നുമുള്ള വിശദമായ പട്ടിക ലഭ്യമാക്കാമോ?

1977- ന് ശേഷം നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിൽ കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള വനഭൂമി കയ്യേറ്റങ്ങൾ എല്ലാം തന്നെ കുറുമ്പലങ്ങോട് വില്ലേജിൽ ഉൾപ്പെട്ട പ്രദേശങ്ങളാണ്. ആയതിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനുകീഴിൽ ഏതെല്ലാം ഫോറസ്റ്റ് റെയിഞ്ചുകളിലാണ് ഫോറസ്റ്റ് അതിർത്തി നിർണ്ണയിക്കുന്ന സർവ്വേ നടത്തി ജണ്ടകൾ സ്ഥാപിക്കുന്നതെന്ന് ഫോറസ്റ്റ് സ്റ്റേഷൻ അടിസ്ഥാനത്തിൽ അറിയിക്കാമോ; ഇതിനായുള്ള നിർദ്ദേശത്തിന്റെ പകർപ്പ് നൽകാമോ; കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ നടക്കുന്ന ഫോറസ്റ്റ് സർവ്വേ ആരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നതെന്നും മേൽ നിർദ്ദേശം എന്നാണ് നൽകിയതെന്നും അറിയിക്കാമോ?

നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനുകീഴിൽ ഫോറസ്റ്റ് അതിർത്തി നിർണ്ണയിക്കുന്ന സർവ്വേ നടത്തി ജണ്ടകൾ സ്ഥാപിക്കുന്ന ഫോറസ്റ്റ് റെയിഞ്ചുകളുടെയും അവയുടെ പരിധിയിൽ വരുന്ന ഫോറസ്റ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റേഷനുകളുടെയും വിവരം ചുവടെ ചേർക്കുന്നു. നിലമ്പൂർ (റെയിഞ്ച്)- കാഞ്ഞിരപ്പുഴ എടവണ്ണ (റെയിഞ്ച് )-കൊടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ വഴിക്കടവ് (റെയിഞ്ച്)- നെല്ലിക്കുത്ത് ഫോറസ്റ്റ് സ്റ്റേഷൻ കേരള ഫോറസ്റ്റ് ആക്ട് 1961 സെക്ഷൻ 72 പ്രകാരം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റാങ്കിൽ കുറയാത്ത വനം വകുപ്പ് ഉദ്യോഗസ്ഥന് വനഭൂമി സർവ്വേ നടത്തുന്നതിനും വനഭൂമിയുടെ അതിർത്തി നിർണ്ണയിക്കുന്നതിനും അധികാരമുണ്ട്. കൂടാതെ കേരള ഗവൺമെന്റിന്റെ SRO No. 19/66 ഉത്തരവ് പ്രകാരം എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർക്കും അവരവരുടെ അധികാര പരിധിയിൽ സെക്ഷൻ 72-ൽ പ്രതിപാദിക്കുന്ന അധികാരങ്ങൾ പ്രയോഗിക്കാമെന്ന് അധികാരപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) 1992-93 കാലഘട്ടത്തിൽ കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന് കീഴിൽ നടന്ന സംയുക്ത സർവ്വേയിൽ ഉൾപ്പെടാതെ പോയതും എന്നാൽ 1977-ന് മുമ്പുതൊട്ടേ അവിടെ താമസിക്കുന്നവരുമായ സർവ്വേയിൽ കണ്ടെത്തിയ 610 കുടുംബങ്ങളുടെയും ഭൂമിയിലെ കൃഷി വിളകൾ എടുക്കുന്നതും വീട്, തൊഴുത്ത്, കിണർ തുടങ്ങിയവ നിർമ്മിക്കുന്നതും തടസ്സപ്പെടുത്തുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം വകുപ്പിന്റെ ഉത്തരവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

റിസർവ് വനഭൂമിയിൽ വനേതര പ്രവൃത്തികൾ ചെയ്യുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ട്. 1980-ലെ Forest Conservation Act Section (2) പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്.

(ഡി) കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന് കീഴിൽ നടന്ന സംയുക്ത സർവ്വേയിൽ ഉൾപ്പെടാതെ പോയവരും 1977-ന് മുമ്പായി താമസിച്ചുവരുന്നവരുമായ പ്രദേശവാസികളെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുക; വിശദമാക്കാമോ?

ടി പ്രദേശത്തെ സംയുക്ത സർവ്വേ പൂർത്തിയായതിനാൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പുതിയ അപേക്ഷകൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

## മുട്ടിൽ മരംമുറിയിൽ ഉദ്യോഗസ്ഥരുടെ പങ്ക്

137 (2904) ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറിയിൽ നിരവധി വനം ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ?

വയനാട് ജില്ലയിലെ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ മൂന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടതും ലക്കിടി ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്നതുമായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. വി. എസ്. വിനേഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ഇ. പി. ശ്രീജിത്ത് എന്നിവരെ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കൃത്യംനടന്ന കാലയളവിൽ മുട്ടിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. ബി. പി. രാജുവിനെയും ഇതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ബി) വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്റെ അടുത്ത ബന്ധുവാണ് പ്രസ്തുത സംഭവത്തിൽ ഇടനിലക്കാരനായി പ്രവർത്തിച്ചതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

അന്വേഷണം സംബന്ധിച്ച റിപ്പോർട്ടുകൾ വനം വകുപ്പിന് ലഭ്യമായിട്ടില്ല.

(സി) മരംമുറിക്ക് ആധാരമായ ഉത്തരവിൽ റവന്യൂ വകുപ്പിന് വീഴ്ച

പറ്റിയിട്ടുണ്ടെന്ന് വനം വകുപ്പ് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിന് വീഴ്ചപറ്റിയതായി വനം വകുപ്പ് കരുതുന്നില്ല.

വനം വകുപ്പിന്റെ അനുമതി ഇല്ലാതെ പർവ്വതാരോഹണം

138 (2905) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ അനുമതി ഇല്ലാതെ പർവ്വതാരോഹണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പർവ്വതാരോഹണം നടത്തുന്ന സംഘങ്ങൾ അപകടത്തിൽപ്പെടുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ചില പ്രദേശങ്ങളിൽ ചില സംഘങ്ങൾ അനധികൃതമായി പ്രവേശിച്ച് അപകടത്തിൽപ്പെടുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

മുട്ടിൽ മരംമുറി അന്വേഷണം

139 (2906) ശ്രീ. അൻവർ സാദത്ത്:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നാളിതുവരെ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് സമഗ്രമായ അന്വേഷണം നടത്തുന്നതിനായി എ.ഡി.ജി.പി. ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(ബി) അന്വേഷണം പ്രഖ്യാപിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും അന്വേഷണം എങ്ങുമെത്തിയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മരം മുറിയിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വയനാട് ജില്ലയിലെ മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ മൂന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

വയനാട് ജില്ലയിലെ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ മൂന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടതും ലക്കിടി ചെക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്നതുമായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. വി. എസ്. വിനേഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ഇ. പി. ശ്രീജിത്ത് എന്നിവരെ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കൃത്യം നടന്ന കാലയളവിൽ മുട്ടിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. ബി. പി. രാജുവിനെയും ഇതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തി സസ്പെൻഡ് ചെയ്ത ഉദ്യോഗസ്ഥരെ അന്വേഷണം പൂർത്തിയാകും മുൻപ് ജോലിയിൽ തിരികെ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇവർക്കെതിരെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി മറുപടി വാങ്ങിയശേഷമാണ് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളത്.

## വനാതിർത്തികളിലുള്ള വീടുകളിലേയ്ക്കും കോളനികളിലേയ്ക്കുമുള്ള നടപ്പാതകൾ നവീകരിക്കാൻ നടപടി

140 (2907) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിലുള്ള വീടുകളിലേയ്ക്കും കോളനികളിലേയ്ക്കും എത്തിച്ചേരുന്നതിനുവേണ്ടിയുള്ള നടപ്പാതകൾ മെച്ചപ്പെട്ട റോഡാക്കിമാറ്റുന്നതിന് അനുമതി നൽകാറുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

വനാശ്രിത വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിലേയ്ക്കും കോളനികളിലേയ്ക്കും എത്തിച്ചേരുന്നതിനുവേണ്ടിയുള്ള നടപ്പാതകൾ വനാവകാശ നിയമം, വനസംരക്ഷണ നിയമം എന്നിവയിലെ നിബന്ധനകൾക്ക് അനുസൃതമായി മെച്ചപ്പെട്ടവയാക്കുന്നതിനുള്ള അനുമതി നൽകാറുണ്ട്. ആയതിനുവേണ്ടി വന സംരക്ഷണനിയമം, വനാവകാശ നിയമം എന്നിവ അനുശാസിക്കുന്ന തരത്തിലുള്ള അപേക്ഷകൾ യൂസർ ഏജൻസി സമർപ്പിക്കേണ്ടതുണ്ട്.

(ബി) ഇത്തരം റോഡുകൾ ടാർ ചെയ്യുന്നതിന് അനുമതി നല്കാറുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ എന്താണെന്ന് വിശദമാക്കാമോ?

വനഭൂമിയിലുള്ള റോഡുകൾ ടാർ ചെയ്യുന്നതിന് വനാവകാശ നിയമം,

വനസംരക്ഷണ നിയമം എന്നിവ അനുശാസിക്കുന്ന തരത്തിൽ അപേക്ഷ നൽകേണ്ടതുണ്ട്.

<u>കൊടികുത്തിമല ഇക്കോ ടൂറിസം</u>

141 (2908) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടികുത്തിമല ഇക്കോ ടൂറിസം സെന്റർ വികസനത്തിനായി പദ്ധതികൾ വനം വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ?

കൊടികുത്തിമല ഇക്കോ ടൂറിസം സെന്ററിൽ നിലവിലെ റോഡിന്റെ അറ്റകുറ്റപ്പണി, കെട്ടിടങ്ങളുടെ നവീകരണം, കുടിവെള്ള വിതരണത്തിനുള്ള കുഴൽക്കിണറുകളുടെ നിർമ്മാണം, നടപ്പാത നിർമ്മാണം എന്നിവ നടന്നു വരുന്നുണ്ട്.

(ബി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

നിലവിൽ ഉദ്ദേശിക്കുന്നില്ല.

<u>ഇക്കോ ടൂറിസം കേന്ദ്രത്തിൽ ഇൻഷ്വറൻസ് പരിരക്ഷ</u>

142 (2909) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വനം വകുപ്പ് ഏർപ്പെടുത്തിയ ഇൻഷ്വറൻസ് കമ്പനി ഏതാണെന്നും ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്ത രീതിയും മാനദണ്ഡവും അംഗീകരിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

വനം വകുപ്പിനുകീഴിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സന്ദർശകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ ഫണ്ടിൽനിന്നും ഇൻഷ്വറൻസ് ഏർപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. ആയതുപ്രകാരം ഓറിയന്റൽ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി, യൂണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി എന്നീ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി 28-09-2021-ന് ഓൺലൈൻ മീറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ നിശ്ചിത സമയത്തിനുള്ളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ കമ്പനികളോട് ആവശ്യപ്പെട്ടു. എന്നാൽ യൂണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മാത്രം നിശ്ചിത സമയത്തിനുള്ളിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത്

അനുയോജ്യമാണെന്ന് കണ്ടതിനാൽ പ്രസ്തുത കമ്പനിയെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിലേയ്ക്കായി ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിന് സർക്കാർ ഉത്തരവ് ആവശ്യമില്ല.

(ബി) ഈ ഇനത്തിൽ പ്രീമിയം തുക ഏതെങ്കിലും കമ്പനികൾക്ക് വകുപ്പ് നേരിട്ട് അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്നും തുക ഒടുക്കാൻ ഇറക്കിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

ഈ ഇനത്തിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിക്ക് ഇൻഷ്വറൻസ് തുകയായ 2,06,500/- രൂപ ((1,75,000 പ്രിമിയം) +31,500 (ജി.എസ്.ടി.) ) സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി ( SFDA) നേരിട്ട് അടച്ചിട്ടുണ്ട്. തുക ഒടുക്കാൻ ഇറക്കിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇക്കോ ടൂറിസം കേന്ദ്രത്തിൽ ടിക്കറ്റെടുത്ത് എത്തുന്ന എല്ലാവർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ; ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

വനം വകുപ്പിന്റെ കീഴിലുള്ള അംഗീകൃത ഇക്കോ-ടൂറിസം കേന്ദ്രങ്ങളിൽ പ്രവേശന ഫീസ് ഒടുക്കി സന്ദർശനം നടത്തുന്ന ഇന്ത്യക്കാരായ എല്ലാ സന്ദർശകർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഒരു വർഷം എത്ര പേർക്കാണ് ഇക്കോടൂറിസം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഒരു വർഷം പരമാവധി 50 പേർക്കാണ് ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കുന്നത്.

<u>ഇക്കോ ടൂറിസം സെന്ററുകളിൽ ഇൻഷ്വറൻസ് പരിരക്ഷ</u>

143 (2910) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ ഇക്കോ ടൂറിസം സെന്ററുകളിൽ എത്തുന്ന സഞ്ചാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ?

വനം വകുപ്പിന്റെ കീഴിലുള്ള അംഗീകൃത ഇക്കോ-ടൂറിസം കേന്ദ്രങ്ങളിൽ പ്രവേശനഫീസ് ഒടുക്കി സന്ദർശനം നടത്തുന്ന ഇന്ത്യക്കാരായ എല്ലാ സന്ദർശകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വനം വകുപ്പിന്റെ കീഴിലുള്ള 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളെയാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ

പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല .

## വനം-വന്യജീവി വകുപ്പിലെ ഐ.എഫ്.എസ്. തസ്തികകൾ

144 (2911) ശ്രീ. എം നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം-വന്യജീവി വകുപ്പിൽ നിലവിൽ എത്ര ഐ.എഫ്.എസ്. തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്, വിശദാംശം ലഭ്യമാക്കാമോ?

കേരള കേഡർ ഐ.എഫ്.എസ്.-ന്റെ അംഗീകരിച്ച തസ്തികകളുടെ എണ്ണം 107 ആണ്. 30-06-2015-ലെ വിജ്ഞാപനം നം. 16016/2/2014-എ.ഐ.എസ്. (II)- എ പ്രകാരം വനം-വന്യജീവി വകുപ്പിൽ 66 സീനിയർ ഐ.എഫ്.എസ്. തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതുകൂടാതെ 13 എണ്ണം സെൻട്രൽ ഡെപ്യൂട്ടേഷൻ റിസർവ്വും 16 എണ്ണം സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ റിസർവ്വും 2 എണ്ണം ട്രെയിനിംഗ് റിസർവ്വും 10 എണ്ണം ലീവ് റിസർവ്/ജൂനിയർ പോസ്റ്റ് റിസർവ്വുകളും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിൽ 75 എണ്ണം നേരിട്ടുള്ള നിയമന പ്രകാരമുള്ളതും 32 എണ്ണം സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസിൽനിന്നുള്ള പ്രൊമോഷൻ വഴിയുള്ള നിയമന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരമുള്ളതുമാണ്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര ഉദ്യോഗസ്ഥർക്കാണ് ഐ.എഫ്.എസ്. കൺഫർ ചെയ്ത് നല്കിയതെന്ന് വ്യക്തമാക്കാമോ?

2012 മുതൽ നാളിതുവരെ 45 സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസ് ഉദ്യോഗസ്ഥർക്കാണ് ഐ.എഫ്.എസ്. കൺഫർ ചെയ്ത് നൽകിയിട്ടുള്ളത്.

<u>ആശ്രിത നിയമന അപേക്ഷയിന്മേലുള്ള നടപടി</u>

145 (2912) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ചിന്നാർ വന്യജീവി സങ്കേതത്തിലെ കരിമുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിൽ ചുങ്കം പട്രോളിംഗ് & ക്യാമ്പിംഗ് സ്റ്റേഷനിൽ ജോലി ചെയ്തുവരവെ 2018 നവംബർ മാസം കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ നാഗരാജിന്റെ ഭാര്യയായ ചിത്രാദേവിക്ക് ആശ്രിത നിയമനം ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അപേക്ഷ പരിശോധിച്ചുവരികയാണ്.

## വനം വകുപ്പിലെ-താല്ക്കാലിക വാച്ചർമാരുടെ പ്രശ്നങ്ങൾ

146 (2913) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ വിവിധ മേഖലകളിലെ താല്ക്കാലിക വാച്ചർമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

&

(സി) ഈ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വനം വകുപ്പിന്റെ വിവിധ മേഖലകളിലെ താൽക്കാലിക വാച്ചർമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കാൻ സമിതിയെ നിയോഗിച്ചിട്ടില്ല.

## തടി ഉത്പന്നങ്ങളുടെ ഇ-ഓക്ഷൻ നടപടിക്രമങ്ങൾ

147 (2914) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തടി ഉത്പ്പന്നങ്ങളുടെ ഇ-ഓക്ഷൻ

നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വനം വകുപ്പ് മുഖേന മരം ലേലത്തിലെടുക്കുന്നതിനുള്ള നടപടി ക്രമങ്ങളെ സംബന്ധിച്ച നോട്ടിഫിക്കേഷൻ 16-09-2014-ലെ കേരള ഗസറ്റ് വാല്യം 3 നമ്പർ 36-ലും 04-11-2014-ലെ കേരള ഗസറ്റ് വാല്യം 3 നമ്പർ 43-ലും 25-08-2015-ലെ കേരള ഗസറ്റ് വാല്യം 4 നമ്പർ 34-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി നോട്ടിഫിക്കേഷനുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ലേല നടപടികൾ നടന്നുവരുന്നത്.

(ബി) സ്വകാര്യ ആവശ്യങ്ങൾക്ക് തടി വാങ്ങാനുദ്ദേശിക്കുന്നവർക്ക് വനം വകുപ്പിന്റെ ഇ-ഓക്ഷനിൽ പങ്കെടുക്കാതെ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

വനം വകുപ്പിന്റെ ഓക്ഷനിൽ പങ്കെടുക്കാതെ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുന്നതിന് 04-04-2003-ലെ G.O.(Ms.) 21/2003/F&WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന്റെ അധീനതയിലുള്ള 5 തടി ഡിപ്പോകളിൽ

റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നു. തുടർന്ന് 15-03-2004-ലെ G.O.(Ms.) 16/2004/F&WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 18 തടി ഡിപ്പോകളിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുകയും 16-06-2008-ലെ G.O.(Ms.)36/2008/F&WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ തടി ഡിപ്പോകളിലും ഇ-ഓക്ഷനിൽ പങ്കെടുക്കാതെ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ സർക്കാർ തടി ഡിപ്പോകളിലും ലഭ്യമായ തടിയുടെ 25% ചില്ലറ വിൽപ്പനയ്ക്കായി മാറ്റി വയ്ക്കുകയും ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷകന് പരമാവധി 5 ക്യൂബിക് മീറ്റർ വരെ അനുവദിച്ച് നൽകുന്നതുമാണ്.

(സി) തടി/വിറക് ഉൽപ്പന്നങ്ങൾക്ക് ഈടാക്കുന്ന നികുതികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

വനം വകുപ്പിൽനിന്ന് വിൽപ്പന നടത്തുന്ന തടിക്ക് 18% ജി.എസ്.റ്റി. ബാധകമാണ്. എന്നാൽ വിറകിന് ജി.എസ്.റ്റി. ബാധകമല്ല. കൂടാതെ തടിക്കും വിറകിനും 5% വന വികസന നികുതിയും 2.5% ആദായ

നികുതിയും ഈടാക്കുന്നതാണ്.

## വൃക്ഷങ്ങളും തോട്ടങ്ങളും വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി

148 (2915) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ക് ഹാനികരമല്ലാത്തതും പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതുമായ വൃക്ഷങ്ങളും കട്ടികുറഞ്ഞ മരങ്ങളുടെ തോട്ടങ്ങളും വച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം 2021-22 കാലയളവിൽ നടപ്പിലാക്കിയ പ്രവർത്തികൾ വിശദമാക്കാമോ; ഇത് ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിവരുന്നു; വിശദമായ കണക്ക് ലഭ്യമാക്കാമോ?

2021-22 കാലയളവിൽ ഇത്തരത്തിലുള്ള പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

(ബി) സംസ്ഥാനത്ത് 2021-22 കാലയളവിൽ ഫോറസ്റ്റ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, ഫോറസ്റ്റ് റോഡുകളുടെ സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായി എന്തെല്ലാം പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിൻപ്രകാരം പാലക്കാട് ജില്ലയിൽ നടത്തിയ പദ്ധതി വിശദമാക്കാമോ?

സംസ്ഥാനത്ത് 2021-22 കാലയളവിൽ ഫോറസ്റ്റ് സ്റ്റേഷനുകളുടെ

കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി, ഫോറസ്റ്റ് റോഡുകളുടെ സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായി NABARD Tranche XXVI പദ്ധതിയിൽ പ്രവർത്തികൾ നടത്തിവരുന്നു. പ്രസ്തുത പദ്ധതിയിൽ 16 ഫോറസ്റ്റ് സ്റ്റേഷനുകളുടെ പുനരുദ്ധാരണവും 14 സംയോജിത ചെക്ക് പോസ്റ്റുകളുടെ നിർമ്മാണ പ്രവർത്തികളുമാണ് നടത്തുന്നത്. കൂടാതെ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, പേപ്പാറ വന്യജീവി സങ്കേതം, നെയ്യാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിലെ റോഡുകൾ അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. വള്ളിയാറിൽ ആന്റി പോച്ചിംഗ് ക്യാമ്പ് നിർമ്മിക്കുകയും; മുക്കോത്തി വയൽ, തീർത്തക്കര, കാരിക്കുഴി എന്നിവിടങ്ങളിലെ ആന്റി പോച്ചിംഗ് ക്യാമ്പുകളുടെ മെയിന്റനൻസ് നടത്തുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ വിവിധ ഡിവഷനുകളുടെ കീഴിൽ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, വാച്ച് ടവർ, ഡോർമെറ്ററി, വനിതകൾക്കായുള്ള വിശ്രമകേന്ദ്രം തുടങ്ങിയവയുടെ നിർമ്മാണം, സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ, ഫോറസ്റ്റ് റോഡുകളുടെ നിർമ്മാണം, നവീകരണം തുടങ്ങിയ പ്രവർത്തികൾ പൂർത്തീകരിക്കുകയും ചിലത് പുരോഗമിച്ചുവരികയും ചെയ്യുന്നുണ്ട്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>വൃക്ഷത്തൈകൾ പരിപാലിക്കുന്നതിൽ ക്രമക്കേട്</u>

149 (2916) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര വെങ്ങളം ബൈപ്പാസ് ആറുവരി ആക്കുന്ന പ്രവൃത്തിയുടെ ഭാഗമായി വെട്ടിമാറ്റിയ മരങ്ങൾക്കുപകരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതിയുടെ പേരിൽ വനംവകുപ്പിൽ വൻ ക്രമക്കേട് നടന്നതായി വകുപ്പിന്റെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) വകുപ്പ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു;വിശദാംശങ്ങൾ നൽകുമോ?

രാമനാട്ടുകര - വെങ്ങളം ബൈപ്പാസ് ആറുവരി ആക്കുന്ന പ്രവൃത്തിയുടെ ഭാഗമായി വെട്ടിമാറ്റിയ മരങ്ങൾക്ക് പകരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതിക്ക് മുഴുവനായി 193.07 ക്യൂബിക് മീറ്റർ ഉണക്കചാണകം ആവശ്യമാണെന്നും ആയതിന് ക്യൂബിക് മീറ്റർ 1-ന് 2,000 രൂപ നിരക്കിൽ തുക വകയിരുത്തിയിട്ടുള്ളതുമാണ്. എന്നാൽ 46.59 ക്യൂബിക് മീറ്റർ മാത്രമാണ് പദ്ധതിയ്ക്ക് ആവശ്യമായത്. 1 ക്യൂബിക് മീറ്റർ

ഉണക്കചാണകം 50 കിലോ ആയിരിക്കുമെന്ന അനുമാനത്തിലാണ് അടങ്കൽ തയ്യാറാക്കിയിരുന്നത്. ആയതിനെത്തുടർന്ന് 1 m3-ന് 2,000 രൂപ നിരക്കിൽ അധികമായി ഈടാക്കിയ 146.48 ക്യൂബിക് മീറ്റർ ഉണക്കചാണകത്തിന്റെ തുകയായ 2,92,960/-രൂപ ബന്ധപ്പട്ട കരാറുകാരനിൽനിന്നും ഈടാക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് സാമൂഹിക വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽനിന്നും സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഉത്തരവാകുകയുണ്ടായോ; എങ്കിൽ ഏതൊക്കെ വിഷയങ്ങളിന്മേൽ അന്വേഷണം നടത്തുന്നതിനാണ് വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

രാമനാട്ടുകര - വെങ്ങളം ബൈപ്പാസ് ആറുവരിയാക്കുന്ന പ്രവൃത്തിയുടെ ഭാഗമായി വെട്ടിമാറ്റിയ മരങ്ങൾക്ക് പകരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതിയിൽ വൻ ക്രമക്കേട് നടക്കുന്നു എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) പ്രാഥമികാന്വേഷണം നടത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

## ആദിവാസികൾക്കുള്ള വനം വകുപ്പിന്റെ പദ്ധതികൾ

150 (2917) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തൊൻപതിനായിരം ഏക്കർ നിക്ഷിപ്ത വന ഭൂമി കേന്ദ്ര സർക്കാർ ആദിവാസി പുനരധിവാസത്തിന് അനുവദിച്ചത് എന്നാണെന്നും ഇതുവരെ അതിൽ എത്ര ഏക്കർ ഭൂമി ആദിവാസികൾക്ക് നൽകിയെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; കേന്ദ്ര സർക്കാർ അനുവദിച്ച ബാക്കി നിക്ഷിപ്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; അനുമതി ലഭിച്ച ഈ വന ഭൂമി വിതരണം ചെയ്യുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

ആദിവാസികളുടെ പുനരധിവാസ പദ്ധതിയുടെ പ്രൊപ്പോസലിന് 06-02-2004-ലെ F.No. 8/16/2002/FC നമ്പർ ഉത്തരവുപ്രകാരം കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതുവരെ 3603.4763 ഹെക്ടർ ഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് പതിച്ച് നൽകിയിട്ടുണ്ട്. അവശേഷിക്കുന്നതിൽ വാസയോഗ്യമല്ലാത്തതും കയ്യേറ്റം വഴി നഷ്ടപ്പെട്ടതുമായ 3268.8802 ഹെക്ടർ ഭൂമി ഒഴിവാക്കിക്കൊണ്ട് 477.2942 ഹെക്ടർ ഭൂമി വിതരണ യോഗ്യമാണ്. ഈ ഭൂമിയുടെ സംയുക്ത

പരിശോധനയും സർവ്വേ നടപടികളും പ്ലോട്ടുകളായി തിരിക്കുന്ന ജോലികളും വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. അർഹരായ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ കണ്ടെത്തി അവർക്ക് വിതരണം ചെയ്യുന്നതാണ്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) നിക്ഷിപ്ത ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനും സർവ്വേ നടത്താനും മറ്റും വനം വകുപ്പിന് ആകെ എത്ര രൂപ ലഭിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കുമോ; ഭൂമി വിതരണത്തിനായി വനം വകുപ്പ് ആസ്ഥാനത്ത് പ്രത്യേക ഓഫീസ് പ്രവർത്തിച്ചതിന് എത്ര രൂപ ചെലവായിയെന്നും എ.ജി. ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകിയിരുന്നോയെന്നും അതിൽ എന്തെല്ലാം വീഴ്ചകളാണ് ചൂണ്ടിക്കാണിച്ചതെന്നും വ്യക്തമാക്കുമോ?

ട്രൈബൽ റീഹാബിലിറ്റേഷൻ കമ്മീഷൻ ഓഫീസ് വനം വകുപ്പ് ആസ്ഥാനത്തെ ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫയർ ഓഫീസിൽ പ്രവർത്തിക്കുന്നതിന് പ്രത്യേക ഫണ്ടുകളൊന്നും ലഭിച്ചിട്ടില്ല.

(സി) കഴിഞ്ഞ അഞ്ച് വർഷം വനം വകുപ്പിന് ആദിവാസി മേഖലകളിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര രൂപ വീതം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചുവെന്നും ഏതെല്ലാം പദ്ധതികൾ പൂർണ്ണമായി നടപ്പാക്കിയെന്നും ആയതിന്റെ വിശദവിവരം ഊരുകൾ തിരിച്ച് ലഭ്യമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വനം വകുപ്പ് ആദിവാസി മേഖലകളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, കാർഷിക സഹായം, നൈപുണ്യ വികസനം, കുടിവെള്ള പദ്ധതികൾ, വൈദ്യുതി, ചെറുകിട വന ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയും വിപണനവും കരകൗശല നിർമ്മാണം, വിദ്യാർത്ഥികളുടെ പഠനസഹായം, സൗരോർജ്ജവേലി നിർമ്മാണം, ആരോഗ്യ സംരക്ഷണം, മറ്റ് ജീവനോപാധി പ്രവർത്തനങ്ങൾ, വൈവിദ്ധ്യമാർന്ന ക്ഷേമ പ്രവർത്തനങ്ങൾ മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഡി) വയനാട്ടിലെ വനത്തിൽനിന്ന് ആദിവാസികളെ കുടിയിറക്കി പുനരധിവസിപ്പിച്ച പദ്ധതി പരാജയപ്പെട്ടുവെന്ന് എ.ജി. റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിൽ പദ്ധതി നടപ്പാക്കിയതിൻെറ വീഴ്ചകൾ എന്തെല്ലാമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പുനരധിവാസ പദ്ധതി പരാജയപ്പെട്ടുവെന്ന് എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. എന്നാൽ ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് സംബന്ധിച്ച് എ.ജി. പരാമർശിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ടിന്റെ ലഭ്യത കുറവ് കാരണം ടി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

(ഇ) നിലമ്പൂരിൽ വനാവകാശ നിയമ പ്രകാരം പത്ത് ഏക്കർ ഭൂമി അവകാശപ്പെടാൻ അർഹതയുള്ള കുടുംബങ്ങൾക്ക് പത്ത് സെന്റ് മാത്രമാണ് വനം വകുപ്പ് അനുവദിച്ചതെന്ന് എ.ജി. അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; സംസ്ഥാനത്താകെ ഇത്തരത്തിൽ ആദിവാസികളെ കബളിപ്പിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർ പീഡിപ്പിക്കുന്നുവെന്നാണ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ വനം വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകൾ ഈസ്റ്റേൺ സർക്കിൾ പാലക്കാടിന്റെ കീഴിലാണ്. ഇത്തരത്തിലുള്ള എ.ജി. റിപ്പോർട്ട് ഇല്ലായെന്നാണ് സർക്കിൾ കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(എഫ്) കഴിഞ്ഞ അഞ്ച് വർഷം വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിയപ്പോൾ ഓരോ പദ്ധതിയിലും വയനാട്ടിലെ ആദിവാസികൾക്കായി എത്ര രൂപ വീതം നീക്കിവെച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ;

&

(ജി) വയനാട് ജില്ലയിലെ ആദിവാസികളുടെ ഏതെല്ലാം പദ്ധതികൾക്ക്

എത്ര രൂപ അനുവദിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷം വയനാട് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം-3 ആയി ചേർക്കുന്നു.+

## ആദിവാസികൾക്കായി വനം വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ

151 (2918) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം വനം വകുപ്പ് വയനാട്ടിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ആദിവാസികൾക്കായി ഓരോ പദ്ധതിയിലും എത്ര രൂപ വീതം നീക്കിവെച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും അതിന്റെ വിശദമായ കണക്കും ലഭ്യമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷം വനം വകുപ്പ് വയനാട്ടിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധം-1 ആയി ചേർക്കുന്നു.+

(ബി) കോട്ടയം, ഇടുക്കി ജില്ലകളിലെ ആദിവാസികൾക്കായി ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ അനുവദിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദമായ കണക്കും ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോട്ടയം, ഇടുക്കി ജില്ലകളിലെ ആദിവാസികൾക്കായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

## വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയിട്ടുള്ള പദ്ധതികൾ

152 (2919) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെയും മൂന്നാർ വൈൽഡ് ലൈഫ് ഓഫീസിന്റെയും പരിധിയിൽ വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

2016-17 മുതൽ മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെയും മൂന്നാർ വൈൽഡ് ലൈഫ് ഓഫീസിന്റെയും പരിധിയിൽ വകുപ്പ് ഫണ്ടുകളുപയോഗിച്ച് നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## വനത്തിനകത്തെ റവന്യൂ പട്ടയ ഭൂമികൾ ഏറ്റെടുക്കൽ

153 (2920) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനകത്തുള്ള റവന്യൂ പട്ടയ ഭൂമികൾ അർഹമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോമ്പൻസേഷൻ നൽകി ഏറ്റെടുക്കുന്ന പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ അളവും അതിന്റെ ഉടമസ്ഥരുടെയും വിശദ വിവരങ്ങളും നൽകാമോ;

&

(ബി) പ്രസ്തുത ഭൂമിയുടെ വില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

വനത്തിനകത്തുള്ള റവന്യൂ പട്ടയഭൂമികൾ അർഹമായ കോമ്പൻസേഷൻ നൽകി ഏറ്റെടുക്കുന്ന പദ്ധതിപ്രകാരം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽനിന്നും ഭൂമി ഒന്നും വനം വകുപ്പ് ഏറ്റെടുത്തിട്ടില്ല.

മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ ഉണക്കി സംസ്കരിക്കുന്നതിന് നേരിടുന്ന തടസ്സം

154 (2921) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഫോറസ്റ്റ് ഡിവിഷന് കീഴിൽ വരുന്ന തലക്കോട് ഇഞ്ചിപ്പാറയിലും മൂന്നാർ ഫോറസ്റ്റ് ഡിവിഷന് കീഴിൽ വരുന്ന തലക്കോട് ചെക്പോസ്റ്റിന് പുറകുവശത്തായ കുളിപ്പാറ പ്രദേശത്തും കാലാകാലങ്ങളായി പ്രദേശവാസികൾ ഇഞ്ചി, മഞ്ഞൾ, കുവ തുടങ്ങിയ മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ

ഉണക്കി സംസ്കരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോതമംഗലം ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽവരുന്ന ഇഞ്ചിപ്പാറ പ്രദേശത്ത് സമീപകാലത്തായി പ്രദേശവാസികൾ ടി പ്രവൃത്തികൾ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ ഇത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ അറുപത് വർഷമായി നടന്നുവരുന്ന പ്രസ്തുത പ്രവൃത്തിക്ക് സമീപകാലത്ത് ഫോറസ്റ്റ് ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിക്കുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇഞ്ചി, മഞ്ഞൾ, കൂവ തുടങ്ങിയ മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ പ്രസ്തുത പ്രദേശത്തുതന്നെ ഉണക്കുന്നതിന് വനം വകുപ്പ് തടസ്സം സൃഷ്ടിച്ചിട്ടില്ല. എന്നാൽ മറ്റിടങ്ങളിൽനിന്നും വാങ്ങി സംസ്കരിക്കുന്നതിനുള്ള താവളമാക്കി വനഭൂമി മാറ്റുന്നത് അനുവദിക്കാനാകില്ല. കൂടാതെ റിസർവ് വനഭൂമിയിൽ നിയമവിരുദ്ധമായി ഷെഡ്ഡ് കെട്ടുന്നതും താമസിക്കുന്നതും ഫയർ സീസണിൽ തീ കത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടാൽ വനസംരക്ഷണത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ആയത് തടസ്സപ്പെടുത്താറുണ്ട്.

(സി) വർഷങ്ങളായി പ്രദേശത്തെ ആയിരത്തോളം കുടുംബങ്ങൾ

അവരുടെ ഉപജീവനമായി ചെയ്തുവരുന്ന പ്രസ്തുത പ്രവൃത്തി മുൻകാലങ്ങളിലെ പോലെ തുടർന്നും ചെയ്യുന്നതിന് വേണ്ട സൗകര്യം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. ആകയാൽ റിസർവ് വനഭൂമിയിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുന്നതിന് നിയമാനുസൃതം കഴിയില്ല.

## മുട്ടിൽ മരം മുറി കേസിലെ പ്രധാന പ്രതിക്ക് ടിംബർ ലൈസൻസ് നൽകിയ നടപടി

155 (2922) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി കേസിലെ പ്രധാന പ്രതിയായ വ്യക്തി ടിംബർ ലൈസൻസിനായി നൽകിയ അപേക്ഷ കൃത്യമായി പരിശോധിക്കാതെയാണ് ലൈസൻസ് നൽകിയത് എന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ?

മുട്ടിൽ മരം മുറി കേസിലെ പ്രധാന പ്രതിയായ വ്യക്തിക്ക് ടിംബർ ലൈസൻസ് നൽകിയിട്ടില്ല.

(ബി) പ്രസ്തുത വ്യക്തിയുടെ സ്ഥാപനത്തിന് പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ അനുവദിച്ചതിലും ക്രമക്കേട് നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷയിന്മേൽ മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി ക്രമങ്ങൾ പാലിച്ച് പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

(സി) വിരമിച്ച ശേഷവും ഒരു റെയിഞ്ച് ഓഫീസർ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട ഔദ്യോഗിക കാര്യങ്ങളിൽ ഇടപെട്ടിരുന്നുവെന്നും പ്രധാന പ്രതിയുമായി ഇദ്ദേഹവും ഡി.എഫ്.ഒ.-യും കൽപ്പറ്റയിലെ ഹോട്ടലിൽ കൂടിക്കാഴ്ച നടത്തിയിരുന്നുവെന്നും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇത്തരത്തിൽ ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

<u>മുട്ടിൽ അനധികൃത മരം മുറി</u>

156 (2923)ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ നൂറുവർഷത്തിലേറെ പഴക്കമുള്ള ഈട്ടി മരങ്ങളടക്കം മുറിച്ച സംഭവത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഈ വിഷയം സംബന്ധിച്ച സമഗ്രമായ അന്വേഷണം എ.ഡി.ജി.പി. ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിവരികയാണ്.

(ബി) 24-10-2020-ന് റവന്യൂ വകുപ്പ് പുറത്തിറക്കിയ ഉത്തരവിനെ തുടർന്ന് നടന്ന വ്യാപകമായ അനധികൃത മരം മുറിയിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് 583 കേസുകൾ ബുക്ക് ചെയ്ത് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം കർശന നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉന്നതതല അന്വേഷണം നടന്നുവരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ യഥാവിധി സ്വീകരിക്കുന്നതാണ്. നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ നടപടിക്രമങ്ങളിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കണ്ടാൽ അത്തരം മാറ്റങ്ങൾ വരുത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## വെള്ളിക്കുളങ്ങര വില്ലേജിലെ കുടുംബങ്ങൾക്ക് പട്ടയം

157 (2924) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള വെള്ളിക്കുളങ്ങര വില്ലേജിലെ നായാട്ടുകുണ്ട് ദേശത്തെ ഇരുന്നൂറിലധികം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷയിൽ 1991-ൽ സംയുക്ത പരിശോധന നടത്തുകയും ജെ.വി.ആർ., സ്കെച്ച്, മഹസ്സർ എന്നിവ ഉൾപ്പെടെ റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും പട്ടയം അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടയം അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംയുക്ത പരിശോധന പൂർത്തിയാക്കി അനുകൂല റിപ്പോർട്ട് സമർപ്പിച്ച് ഏറെ വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനും ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന് വനംവകുപ്പിന്റെ എൻ.ഒ.സി. അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

സംയുക്ത പരിശോധന പൂർത്തിയാക്കിയ എല്ലാ അപേക്ഷകരുടെയും ലിസ്റ്റും സംയുക്ത പരിശോധനാ റിപ്പോർട്ടും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. ടി അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിന് ജി.പി.എസ്. സർവ്വേ നടത്തി പട്ടയ സ്കെച്ച് തയ്യാറാക്കി കേന്ദ്രാനുമതിക്കായി നടപടി സ്വീകരിക്കേണ്ടതും പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും റവന്യൂ വകുപ്പാണ്. ലൈഫ് പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ എൻ.ഒ.സി.-ക്കായി അപേക്ഷിക്കുന്നവരിൽ പട്ടയം ലഭ്യമായിട്ടുള്ള അപേക്ഷകർക്ക് അവരുടെ ഭൂമി സർവ്വെ നടത്തി എൻ. ഒ. സി. അനുവദിച്ച് നൽകാറുണ്ട്.

## മുള്ളൻപന്നിയുടെ ആക്രമണം

158 (2925) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) നാട്ടിൻപുറങ്ങളിലുൾപ്പെടെ മുള്ളൻപന്നി കൃഷി വ്യാപകമായി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുള്ളൻപന്നി ശല്യം മൂലമുണ്ടാകുന്ന കൃഷിനാശം, പരിക്ക് എന്നീ സംഭവങ്ങൾ കാട്ടുപന്നി ശല്യംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളെക്കാൾ വളരെ കുറവാണ്.

(ബി) മുള്ളൻപന്നിയുടെ ആക്രമണം തടയുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

മുള്ളൻപന്നി ശല്യം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിലില്ല. മുള്ളൻപന്നിമൂലമുള്ള നാശം കുറവുള്ള കൃഷികൾ ചെയ്യുക എന്നത് മാത്രമാണ് ഫലപ്രദം. മുള്ളൻപന്നി മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്കും മറ്റ് നഷ്ടങ്ങൾക്കും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ഓഫീസുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന്

അറിയിക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ, താമരശ്ശേരി ആസ്ഥാനമായുള്ള ആർ.ആർ.ടി., പെരുവണ്ണാമൂഴി, കുറ്റ്യാടി, താമരശ്ശേരി റെയിഞ്ച് ഓഫീസുകൾ, അവയുടെ കീഴിലുള്ള സെക്ഷൻ, സ്റ്റേഷൻ ഓഫീസുകൾ എന്നിവയ്ക്ക് ചുമതലയുണ്ട്.

## വനസംരക്ഷണത്തിനുള്ള കർമ്മ പദ്ധതികൾ

159 (2926) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസംരക്ഷണത്തിനും വനപരിപാലനത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനപരിപാലനം കാര്യക്ഷമമാക്കുന്നതിനും നിലവിൽ ചെയ്തുവരുന്നതും പരിഗണനയിലുള്ളതുമായ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കാൻ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ വനാതിർത്തി നിർണ്ണയിച്ച്

ജണ്ടകെട്ടി സംരക്ഷിച്ചുവരുന്നു. സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തിനോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള, കിഫ്ബി തുടങ്ങിയ പദ്ധതികൾ മുഖേന ഉൾവനങ്ങളിലെ സ്വകാര്യ ഭൂമികളിൽ താമസിക്കുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകി അർഹരായ കുടുംബങ്ങളെ സ്വയം സന്നദ്ധത പ്രകാരമുള്ള പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി മാറ്റിപ്പാർപ്പിക്കുകയും പ്രസ്തുത ഭൂമി വനഭൂമിയായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്തവനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോറെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനപരിപാലനം

കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനപരിപാലനത്തിനും വനസമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുൽമേടുകൾ സംരക്ഷിച്ചും ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും വന്യ ജീവികൾക്ക് ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ചും ജലസ്രോതസ്സുകളിൽ മാലിന്യവും ചെളിയുംനീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തിവരുന്നുണ്ട്. വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തിയും വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും

രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വന്യമൃഗവേട്ട തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം കുറ്റകൃത്യങ്ങളിൽ കുറ്റക്കാർക്കെതിരെ നിയമാനുസൃതം ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സഹായത്തോടെയുള്ള ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിനായി കേന്ദ്രസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെ ധനസഹായം ലഭിക്കുന്നത് സംസ്ഥാനത്ത് 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾക്കും 5 ദേശീയ ഉദ്യാനങ്ങൾക്കും 1 കമ്മ്യൂണിറ്റി റിസർവ്വിനുമാണ്. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് സ്കീമിൽ വർഷാവർഷം 60:40 അനുപാതത്തിൽ ധനസഹായം ലഭിച്ചുവരുന്നു. കാട്ടുതീയിൽനിന്നുള്ള സംരക്ഷണം, കാനന പാതകളുടെ നിർമ്മാണവും പരിപാലനവും വൈദ്യുതവേലികളുടെ നിർമ്മാണം ആനകളുടെ

ആക്രമണത്തിൽനിന്നും കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗ ആക്രമണത്തിന് വിധേയമായവർക്കുള്ള നഷ്ടപരിഹാരം, ജൈവവൈവിദ്ധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും വനത്തിനുള്ളിലെ ചതുപ്പുവയലുകളുടെ പരിപാലനവും കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതിപഠന ക്യാമ്പുകൾ, വന്യമൃഗങ്ങളെ സംബന്ധിച്ച അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം തൊഴിൽ പരിശീലനങ്ങൾ, സൗരോർജ്ജ വിളക്കുകൾ, വാർത്താവിനിമയ സൗകര്യങ്ങൾ, വയർലെസ് സെറ്റുകൾ തുടങ്ങിയ വിവിധങ്ങളായ പ്രവർത്തികളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷകാലയളവിനുള്ളിൽ വനസംരക്ഷണത്തിന് തുടർന്നുവന്ന ഏതെല്ലാം പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ആയത് നിർത്തലാക്കാൻ ഇടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്?

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനുള്ളിൽ പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല. ഗ്രീൻ ഇന്ത്യ മിഷൻ മുഖേന പുതുതായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ മുറിച്ചുമാറ്റിയ യൂക്കാലി തോട്ടത്തിനുള്ളിൽ പ്രകൃതിക്ക് ഇണങ്ങുന്നതും വന്യജീവികൾക്ക് പ്രയോജനകരവുമായ മുള, മറ്റ് തദ്ദേശീയ ഇനം വൃക്ഷങ്ങൾ എന്നിവ നട്ടുവളർത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വനത്തിനുള്ളിൽ വന്യജീവികൾക്ക് സുലഭമായി ഭക്ഷണം ലഭിക്കുന്നതിലൂടെ അവ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാൻ സാധിക്കുന്നു. സ്വാഭാവിക വനത്തിന്റെ പുനഃസ്ഥാപനത്തിലൂടെയും അരുവികൾ, കുളങ്ങൾ തുടങ്ങിയ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിലൂടെയും ജൈവവൈവിദ്ധ്യം നിലനിർത്തി അനുയോജ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മനുഷ്യ വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി പദ്ധതിയിലുൾപ്പെടുത്തി സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആനപ്രതിരോധ കിടങ്ങ്, ആനപ്രതിരോധ മതിൽ എന്നിവ

നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 9.24 ഹെക്ടർ കണ്ടൽവനങ്ങൾ RKDP പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ട്രൈഫെഡ് മുഖേന നടപ്പിലാക്കിവരുന്ന മിനിമം സപ്പോർട്ട് പ്രൈസ് ഫോർ ഫോറസ്റ്റ് പ്രൊഡ്യൂസ്, (MSP For MFP) വൻധൻ വികാസ് യോജന, കിഫ്ബി, റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP)എന്നീ പുതിയ പദ്ധതികളും പ്രസ്തുത കാലഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്.

## കടലാമ സംരക്ഷണം

160 (2927) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാമകൾ മുട്ടയിടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തൈകടപ്പുറം, കണ്ണൂർ ജില്ലയിലെ ചാല ബീച്ച്, കോഴിക്കോട് ജില്ലയിലെ കൊളാവിപ്പാലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, പത്ത്മുറി, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് കടപ്പുറം,

എറണാകുളം ജില്ലയിലെ ചേറായി-പള്ളിപ്പുറം, കുഴപ്പിള്ളി, മാലിപ്പുറം എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ കടലാമകൾ മുട്ടയിട്ട് കണ്ടുവരുന്നത്.

(ബി) സംസ്ഥാനത്ത് കടലാമ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കടലാമ സംരക്ഷണത്തിനായി വിവിധ എൻ.ജി.ഒ.-കളുടെ സഹായത്തോടെ കടൽത്തീരത്ത് നിരീക്ഷണം നടത്തുകയും കടലാമ മുട്ടയിടുന്ന സ്ഥലങ്ങൾ കണ്ടെത്തി ഹാച്ചറികൾ ഒരുക്കുകയും അവയുടെ സംരക്ഷണത്തിനായി ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുകയും ചെയ്തുവരുന്നു. ഇത്തരത്തിൽ സംരക്ഷിക്കുന്ന മുട്ടകൾ വിരിയുമ്പോൾ കുഞ്ഞുങ്ങളെ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കടലിൽ തന്നെ വിടുന്നു. കൂടാതെ തീരദേശവാസികളെ ഉൾക്കൊള്ളിച്ച് കടലാമ സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.

(സി) ചാവക്കാട് താലൂക്കിലെ തീരപ്രദേശങ്ങളിൽ കടലാമ സംരക്ഷണത്തിനായി ഹാച്ചറികൾ നിർമ്മിക്കണമെന്നുള്ള കടലാമ സംരക്ഷണ പ്രവർത്തകരുടെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കടലാമ സംരക്ഷണ പ്രവർത്തനങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനായി 2 ഹാച്ചറികൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. കൂടാതെ ഹാച്ചറികൾ ഇല്ലാത്ത സ്ഥലത്ത് ഇരുമ്പുകൂട് സ്ഥാപിച്ച് കടലാമ മുട്ടകൾ സംരക്ഷിച്ചുവരുന്നു. കടലാമ സംരക്ഷണത്തിന്റെ പ്രാധാന്യം കാണിക്കുന്നതിനായി സൂചനാ ബോർഡുകൾ ചാവക്കാട് താലൂക്കിലെ തീരപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

## ഉടുമ്പൻചോല, ദേവികുളം മണ്ഡലങ്ങളിലെ കാട്ടാന ആക്രമണം

161 (2928) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല, ദേവികുളം മണ്ഡലങ്ങളിൽ 2016 മുതൽ 2021 വരെ കാട്ടാനയുടെ ആക്രമണത്തിൽ എത്ര പേരാണ് കൊല്ലപ്പെട്ടിട്ടുള്ളത്; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ?

ഉടുമ്പൻചോല, ദേവികുളം മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന കോട്ടയം സർക്കിളിലെ മൂന്നാർ, മറയൂർ ഡിവിഷനുകളിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ 21 പേർ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. | പഞ്ചായത്തിന്റെ | മരിച്ചവരുടെ |
|---|---|---|

| നം. | പേര് | എണ്ണം |
|---|---|---|
| 1 | ചിന്നക്കനാൽ | 8 |
| 2 | ഇടമലക്കുടി | 1 |
| 3 | ശാന്തൻപാറ | 5 |
| 4 | ദേവികുളം | 4 |
| 5 | മറയൂർ | 2 |
| 6 | കാന്തല്ലൂർ | 1 |
| ആകെ | | 21 |

കൂടാതെ, മൂന്നാർ വന്യജീവി ഡിവിഷനിൽ കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ചിന്നാർ വന്യജീവി സങ്കേതത്തിൽവച്ച് ഒരാൾ കാട്ടാനയുടെ ആക്രമണംമൂലം 2018-ൽ മരണപ്പെട്ടിട്ടുണ്ട്.

(ബി) തോട്ടം തൊഴിലാളികൾക്ക് ജീവഭയം നിമിത്തം കൂലിവേലയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇപ്രകാരമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആക്രമണ സ്വഭാവം സ്ഥിരമായി കാണിക്കുന്ന കാട്ടാനകളെ പിടികൂടി സർക്കാരിന്റെ ആനക്കൊട്ടിലിലേയ്ക്കോ മറ്റോ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ദേവികുളം മണ്ഡലത്തിലുൾപ്പെടുന്ന മൂന്നാർ ഡിവിഷനിൽ ആക്രമണ സ്വഭാവം കാണിച്ച അരിക്കൊമ്പൻ എന്ന കാട്ടാനയെ കുങ്കിയാനകളുടെ

സഹായത്തോടെ പിടികൂടുന്നതിന് 2016-ൽ ശ്രമിച്ചിരുന്നുവെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ആക്രമണസ്വഭാവം കാട്ടുന്ന കാട്ടാനകളെ റേഡിയോ കോളറിംഗ് നടത്തി നിരീക്ഷിക്കുന്നത് പരിഗണിക്കുന്നതാണ്;

(ഡി) പ്രസ്തുത മണ്ഡലങ്ങളിൽ കാട്ടാന ശല്യം തടയുന്നതിന് നാളിതുവരെ നടത്തിയിട്ടുള്ള നടപടികൾ, ചെലവഴിച്ച തുക ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

കാട്ടാനയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിനായി സോളാർ ഫെൻസിംഗ്, ട്രഞ്ച്, എലിഫന്റ് പ്രൂഫ് മതിൽ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ജനവാസ മേഖലയിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിനായി വാച്ചർമാരുടെയും ഇ.ഡി.സി. അംഗങ്ങളുടെയും സഹകരണത്തോടെ വനാതിർത്തികളിൽ പട്രോളിംഗ് നടത്തിവരുന്നുണ്ട്. പ്രശ്നകാരികളായ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിന് ആർ.ആർ.റ്റി.-യും പ്രവർത്തിക്കുന്നുണ്ട്. ജനവാസ മേഖലകളിൽ വന്യജീവികൾ പ്രവേശിച്ചാൽ പ്രദേശവാസികൾക്ക് "എസ്.എം.എസ്." മുഖേന മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ രൂപവൽക്കരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികൾ യോഗം ചേർന്ന്

ആക്രമണങ്ങളെ ചെറുക്കുന്നതിനുള്ള പദ്ധതികൾ ചർച്ചചെയ്ത് ആവശ്യഘട്ടങ്ങളിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കാട്ടാനയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിനായി ദേവികുളം മണ്ഡലത്തിൽ സോളാർ ഫെൻസിംഗ്, ട്രഞ്ച്, എലിഫന്റ് പ്രൂഫ് മതിൽ, ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനായി 2.17 കോടി രൂപ ഹൈറേഞ്ച് സർക്കിളിലും 2011-2021 കാലയളവിൽ ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ കോട്ടയത്തിന് കീഴിൽ എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നീ പ്രവർത്തനങ്ങൾക്കായി 30.89 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

162 (2929) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ദേവികുളം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവരുടെ വിശദാംശങ്ങൾ നൽകാമോ?

2016 മുതൽ ദേവികുളം മണ്ഡലത്തിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചതിന് ഹൈറേഞ്ച് സർക്കിളിലെ മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷനുകളിൽ 1318 അപേക്ഷകളും മൂന്നാർ വൈൽഡ്ലൈഫ്

ഡിവിഷനിൽ 40 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരമായി അനുവദിച്ച തുകയുടെയും അത് ലഭിച്ചവരുടെയും വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത കാലയളവിൽ കൃഷിനാശം സംഭവിച്ചതിന് ദേവികുളം മണ്ഡലത്തിൽ ഹൈറേഞ്ച് സർക്കിളിൽ 1106 പേർക്ക് 73,81,659/- രൂപയും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ 40 പേർക്ക് 2,58,475/- രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) കൃഷിനാശംമൂലമുള്ള നഷ്ടം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

08-01-2015-ലെ സ.ഉ.(കൈ) നം.02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും 05-04-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ നാല് പ്രാവശ്യം മാത്രമേ അനുവദിക്കാവൂ. കൃഷിനാശമുണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ

നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

## വന്യജീവി ആക്രമണത്തിന് ഇരയാവർക്കുള്ള നഷ്ടപരിഹാരം

163 (2930) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന മേഖലകളിൽ 2016 മുതൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ?

വ്യക്തമാക്കാം. മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളുടെ പരിധിയിൽ വരുന്ന മേഖലകളിൽ 2016 മുതൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും എണ്ണം അനുബന്ധം -1 ആയി ചേർക്കുന്നു.+

(ബി) മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ടോ; നൽകാൻ ബാക്കിയുള്ള കുടുംബങ്ങളുടെ എണ്ണം വിശദമാക്കാമോ?

വിശദമാക്കാം. 21 പേരുടെ അനന്തരാവകാശികൾക്ക് നഷ്ടപരിഹാരത്തുക മുഴുവനായും നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 11 കേസുകളിൽ മൂന്നാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിവിഷനിൽ മരണപ്പെട്ട 8 പേരിൽ 4 പേരുടെ കാര്യത്തിൽ 5 ലക്ഷം രൂപവീതം ആദ്യഗഡുവായി നൽകിയിട്ടുണ്ട്. അപേക്ഷകളിന്മേൽ അനുബന്ധ രേഖകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ബാക്കി 4 പേർക്ക് നഷ്ടപരിഹാര തുക ഒന്നും നൽകിയിട്ടില്ല. മറയൂർ ഡിവിഷനിൽ 3 പേരുടെ കാര്യത്തിലുള്ള വിശദാംശം അനുബന്ധം - 2 ആയി ചേർക്കുന്നു.+

(സി) നഷ്ടപരിഹാരത്തുക ലഭിക്കാൻ ബാക്കിയുള്ള കുടുംബങ്ങൾക്ക് പ്രസ്തുത തുക നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

മരണപ്പെട്ടവരുടെ ആശ്രിതർ യഥാസമയം അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ നഷ്ടപരിഹാരത്തുക നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണത്താലുള്ള നാശനഷ്ടം

164 (2931) ശ്രീ.പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു.എ.ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ വളർത്തുമൃഗങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലപ്പെടുകയും ഗുരുതരമായി മുറിവേൽപ്പിക്കപ്പെടുകയും ചെയ്യുന്നതായ സംഭവങ്ങളിൽ കർഷകർക്കുള്ള ആശങ്ക പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ കന്നുകാലികൾ കൊല്ലപ്പെടുകയോ, മുറിവേൽക്കപ്പെടുകയോ ചെയ്യപ്പെടുന്ന സംഭവങ്ങളിൽ കണക്കാക്കപ്പെടുന്ന നാശനഷ്ട തുകയുടെ 100% പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും പരിഹാരമായി വനം വകുപ്പിൽനിന്നും നൽകിവരുന്നു. ഇപ്രകാരം വർഷത്തിൽ നാല് പ്രാവശ്യം നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. സർക്കാർ മൃഗഡോക്ടർ തിട്ടപ്പെടുത്തുന്ന നഷ്ടം/ചികിത്സാ ചെലവാണ് ഇപ്രകാരം നൽകുന്നത്.

(ബി) വനപ്രദേശത്തോട് ചേർന്ന പ്രദേശങ്ങളിൽ മേയുന്നതിനായി വിടുന്ന കന്നുകാലികളും മറ്റ് വളർത്തു മൃഗങ്ങളും വിഷപ്പാമ്പുകളുടെ കടിയേറ്റ് ചാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത കാര്യങ്ങളിൽ കർഷകരെ ബോധവൽക്കരിക്കുന്നതിനും വളർത്തുമൃഗങ്ങൾ നഷ്ടപ്പെടുന്നത് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വനാതിർത്തികൾ പങ്കിടുന്ന പഞ്ചായത്തുകളിൽ നിലവിൽ 261 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു. വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വളർത്തുമൃഗങ്ങളെ സുരക്ഷിതമായ തൊഴുത്ത്, കൂട് എന്നിവയിൽ പാർപ്പിക്കുന്നത് ഇപ്രകാരമുള്ള നാശനഷ്ടങ്ങൾ ഒരു പരിധിവരെ കുറയ്ക്കുന്നതാണ്. ജനജാഗ്രതാ സമിതികളുടെയും വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെയും ആഭിമുഖ്യത്തിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

## വന്യമൃഗങ്ങളാലുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

165 (2932) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗാക്രമണംമൂലം കൃഷിനാശം സംഭവിച്ച പ്രധാന കാർഷിക വിളകൾക്ക് ഹെക്ടറിന് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നല്കുന്നതെന്ന് വിശദമാക്കാമോ?

വിശദമാക്കാം. വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന

കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ (കൈ) നം.2/2015/വനം ഉത്തരവിൽ പറയും പ്രകാരം 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 05-04-2018-ലെ സ.ഉ (കൈ)നം.17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ)യാണ് ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നത്. ഒരു വർഷം നാല് തവണ വരെ ഇപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് ഒരു വ്യക്തിക്ക് അർഹതയുണ്ട്. 08-01-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.02/2015/വനം പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.+ കൃഷിവകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണം

166 (2933) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേറ്റവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ?

05-04-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനും ലഭ്യമാകും. ചികിത്സാചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. പരിക്ക് സംഭവിക്കുന്ന കേസുകളിൽ അപകടം നടന്ന് ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക്ട് മുഖേന ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡ്, കരമടച്ച രസീത്, ബാങ്ക്

പാസ്ബുക്കിന്റെ (ദേശസാൽകൃത) പകർപ്പ്, ചികിത്സാചെലവ് സംബന്ധിച്ച സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം, ചികിത്സാസംബന്ധമായ ബിൽ എന്നിവയും സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റെയ്ഞ്ച് തലത്തിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശിപാർശ സഹിതം പ്രസ്തുത അപേക്ഷ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ്‌ലൈഫ് വാർഡന് ഓൺലൈനായി സമർപ്പിക്കുകയും ടി അപേക്ഷയിയേൽ 1980-ലെ "കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടത്തിന്റെ അടിസ്ഥാനത്തിൽ അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ചികിത്സാസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിലുൾപ്പെട്ട നെയ്യാർ വന്യജീവി സങ്കേതത്തിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ രണ്ടുപേർക്ക് നഷ്ടപരിഹാരത്തുകയായ 30,000/- രൂപ അനുവദിച്ചിരുന്നു.

തിരുവനന്തപുരം ഡിവിഷനിൽ രണ്ട് അപേക്ഷകൾ ലഭിച്ചതിൽ അനുബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാൽ നഷ്ടപരിഹാരം അനുവദിച്ചിട്ടില്ല.

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള ചികിത്സാ സഹായത്തിനായി അമ്പൂരി, കള്ളിക്കാട്, വെള്ളറട പഞ്ചായത്തുകളിൽനിന്ന് 2018 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷ സമർപ്പിച്ചവരിൽ ഇനി എത്ര പേർക്ക് എത്ര രൂപ ധനസഹായം നൽകുവാനുണ്ടെന്ന് വിശദമാക്കുമോ?

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള ചികിത്സാ സഹായത്തിനായി അമ്പൂരി പഞ്ചായത്തിൽനിന്നും 2018 മുതൽ നാളിതുവരെ മൂന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിൽ ശ്രീ. അയ്യപ്പൻകാണി എം., വെല്ലിയിൽ വീട്, തെന്മല എന്നയാൾ സമർപ്പിച്ച അപേക്ഷയോടൊപ്പം ചികിത്സാർത്ഥം ചെലവായ തുകയുടെ ബില്ലുകളും മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രവും ഉള്ളടക്കം ചെയ്യാത്തതിനാൽ ആയത് ലഭ്യമാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് രണ്ട് അപേക്ഷകളിന്മേൽ നഷ്ടപരിഹാരമായി 20,000/- രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷൻ പരിധിയിൽ അമ്പൂരി, കള്ളിക്കാട്, വെള്ളറട പഞ്ചായത്തുകളിൽനിന്ന് നാളിതുവരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ

പരിക്കേറ്റവർക്കുള്ള ചികിത്സാസഹായത്തിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

## കാട്ടുപന്നികളുടെ ആക്രമണം

167 (2934) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നികളുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നികളുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി 08-02-2022-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പ്രസ്തുത ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

## വന്യജീവി ആക്രമണം

168 (2935) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ എത്ര വന്യജീവി ആക്രമണ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്?

കേരളത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ റിപ്പോർട്ട് ചെയ്ത വന്യജീവി കേസുകളുടെ എണ്ണം സർക്കിൾ തിരിച്ച് അനുബന്ധം - 1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത കേസുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണസംഖ്യ എത്ര; പരിക്കുപറ്റിയവർ എത്ര?

പ്രസ്തുത കേസുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണസംഖ്യയും പരിക്കുപറ്റിയവരുടെ എണ്ണവും അനുബന്ധം - 2 ആയി ചേർക്കുന്നു.+

(സി) വന്യജീവി ആക്രമണംമൂലം കാർഷിക മേഖലയിലുണ്ടായ നാശനഷ്ട കണക്ക് എത്ര?

വന്യജീവി ആക്രമണംമൂലം കാർഷിക മേഖലയിലുണ്ടായ നാശനഷ്ട കണക്ക് അനുബന്ധം -3 ആയി ചേർക്കുന്നു.+

(ഡി) മരണം, പരിക്ക്, കൃഷിനാശം എന്നിവയ്ക്ക് നൽകിയ നഷ്ടപരിഹാരത്തുക എത്ര?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മരണം, പരിക്ക്, കൃഷിനാശം എന്നിവയ്ക്ക് നൽകിയ നഷ്ടപരിഹാരത്തുക അനുബന്ധം - 4 ആയി ചേർക്കുന്നു.+

## വന്യജീവി ആക്രമണം പ്രതിരോധിക്കാൻ നടപടി

169 (2936) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണങ്ങൾ നടക്കുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; പ്രസ്തുത മേഖലകളിൽ സ്വീകരിച്ച പ്രതിരോധ നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കണ്ടെത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ വന്യമൃഗ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനുവേണ്ടി സൗരോർജ്ജവേലി, ആനപ്രതിരോധ കിടങ്ങുകൾ, എലിഫന്റ് പ്രൂഫ് വാൾ, റെയിൽ ഫെൻസിംഗ്, ഹാങ്ങിംഗ് സോളാർ ഫെൻസിംഗ്, കരിങ്കൽ ഭിത്തികൾ, ട്രഞ്ചുകൾ, ക്രാഷ്ഗാർഡ് റോപ് ഫെൻസിംഗ്, കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആർ.ആർ.ടി., ഫീൽഡ് സ്റ്റാഫ് എന്നിവരുടെ ശ്രമകരമായ പട്രോളിംഗിലൂടെ ജനവാസ മേഖലകളിലിറങ്ങുന്ന വന്യമൃഗങ്ങളെ വനത്തിനകത്തേയ്ക്ക് തിരികെ അയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മൂന്നാർ, മറയൂർ തുടങ്ങിയ മേഖലകളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്.എം.എസ്. അലെർട്ട് സംവിധാനം ഉപയോഗിച്ചുള്ള മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. വനാതിർത്തികൾ ഉൾപ്പെട്ടുവരുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിൽ 261 ജനജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) ട്രഞ്ചുകൾ, കരിങ്കൽ മതിലുകൾ, വൈദ്യുതവേലി, സൗരോർജ്ജവേലി, ജൈവവേലി എന്നീ പ്രതിരോധ നടപടികൾ എത്രത്തോളം ഏതൊക്കെ മേഖലകളിൽ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇവ സംബന്ധിച്ച് വനംവകുപ്പ് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ?

സതേൺ സർക്കിളിൽപ്പെടുന്ന റാന്നി ഡിവിഷനിലെ പുതുമേൽ, കുടമുരുട്ടി, കുറുമ്പൻമൂഴി, അരയാഞ്ഞലിമണ്ണ്, തണ്ണിത്തോട്, ചിറ്റാർ, കട്ടച്ചിറ, ഗുരുനാഥൻമണ്ണ്, തേക്ക്തോട്, മൂർത്തിമൺ, കൊച്ചാണ്ടി, ആങ്ങമൂഴി എന്നിവിടങ്ങളിലായി 114.40 കി.മീ. സൗരോർജ്ജവേലിയും വാലേപ്പടി-ആനക്കുന്ന്, പന്നിക്കുന്ന്, പ്ലാംതോട്, പുളിമുട്ട്കര എന്നിവിടങ്ങളിലായി 2.354 കി.മീ. ആനക്കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. കോന്നി ഡിവിഷനുകീഴിൽ കരിപ്പാൻതോട്, കൊക്കാത്തോട്, പാടം, മണ്ണാറപ്പാറ, ചേമ്പാല, പാടം എന്നിവിടങ്ങളിലായി 139.635 കി.മീ. സൗരോർജ്ജവേലിയും ആദിച്ചൻപാറ, കാട്ടാത്തി കോളനി, കോട്ടാംപാറ, തലമാനം, പറയൻതോട്, ഉളിയനാട്, പാടം, മുള്ളുമല, മണ്ണാറപ്പാറ, കരടിപ്പാറ, കടമ്പുപാറ,

ആവണിപ്പാറ എന്നിവിടങ്ങളിലായി 4.66 കി.മീ. ആനക്കിടങ്ങും നിർമ്മിച്ചിട്ടുണ്ട്. പുനലൂർ ഡിവിഷനിലെ അഞ്ചൽ, പത്തനാപുരം എന്നിവിടങ്ങളിലായി 61.50 കി.മീ. സൗരോർജ്ജവേലിയും തെന്മല ഡിവിഷനിലെ നാഗമല, പൂത്തോട്ടം, ആനപ്പെട്ടകോങ്കൽ, വില്ലുമല, കട്ടിളപ്പാറ, ഇടപ്പാളയം, സ്വർണ്ണംപിള്ളക്കാട്, ചേനഗിരി, സ്വർണ്ണഗിരി, ഐഷാപ്പാലം, കരയാളർമെർത്ത്, കുളത്തുപ്പുഴ സെൻട്രൽ നഴ്സറി, തെന്മല റെയിഞ്ചിന്റെ വിവിധ ഭാഗങ്ങളിലായി 28.10 കി.മീ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതും ഇടമൺ, കല്ലുവരമ്പ്, സ്വർണ്ണഗിരി എന്നീ മേഖലകളിൽ 1.273 കി.മീ ആനക്കിടങ്ങും നിർമ്മിച്ചിട്ടുണ്ട്. അച്ചൻകോവിൽ ഡിവിഷന്റെ പരിധിയിൽ 4.67 കി.മീ. സൗരോർജ്ജവേലിയും 1.20 കി.മീ ആനക്കിടങ്ങും നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷന്റെ 14 സെക്ഷനുകളുടെ പരിധിയിലുള്ള സ്ഥലങ്ങളിൽ 111.68 കി.മീ സൗരോർജ്ജവേലിയും 9.55 കി.മീ. ആനക്കിടങ്ങും നിർമ്മിച്ചിട്ടുണ്ട്. ഈസ്റ്റേൺ സർക്കിളിൽപ്പെടുന്ന നിലമ്പൂർ നോർത്ത്- 126.87 കി.മീ., നിലമ്പൂർ സൗത്ത് - 41.83 കി.മീ., മണ്ണാർക്കാട് - 72.90 കി.മീ., പാലക്കാട് - 106.167 കി.മീ., നെന്മാറ - 96.25 കി.മീ. സൗരോർജ്ജ വേലിയും, പാലക്കാട് ഡിവിഷനിൽ - 7.50 കി.മീ. സൗരോർജ്ജ തൂക്കുവേലിയും നിലമ്പൂർ നോർത്ത്- 7.203 കി.മീ.,

നിലമ്പൂർ സൗത്ത് - 3.30 കി.മീ., മണ്ണാർക്കാട് - 7.44 കി.മീ., പാലക്കാട് - 4.66 കി.മീ. ആനപ്രതിരോധ കിടങ്ങും നിലമ്പൂർ നോർത്ത്- 2.567 കി.മീ., നിലമ്പൂർ സൗത്ത് - 4.79 കി.മീ., പാലക്കാട് - 0.270 കി.മീ. ആന പ്രതിരോധ മതിലും സ്ഥാപിച്ചിട്ടുണ്ട്. പീച്ചി ഡിവിഷനിൽ വനാതിർത്തികളിൽ സൗരോർജ്ജ വേലിയും ആന പ്രതിരോധ കിടങ്ങും ആറളം മേഖലയിലെ രൂക്ഷമായ കാട്ടാന ശല്യം തടയുന്നതിന് ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, സ്റ്റീൽ ഫെൻസിംഗ് എന്നിവ വന്യജീവി സങ്കേതത്തിനും ആറളം ഫാം പുനരധിവാസ മേഖലയ്ക്കുമിടയിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കൊട്ടിയൂർ വന്യജീവി സങ്കേതത്തിന്റെ തെക്കേ അതിർത്തിയിൽ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. സൈലന്റ്‌വാലി ഡിവിഷന്റെ പരിധിയിലെ അമ്പലപ്പാറ, മുപ്പതേക്കർ ഇരട്ടവാരി, ഉപ്പുകുളം, പുതുവപ്പാളം, ആനവാൽ എന്നീ പ്രദേശങ്ങളിൽ സൗരോർജ്ജവേലിയും വയനാട് ഡിവിഷന്റെ വിവിധ ഭാഗങ്ങളിൽ ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, സ്റ്റീൽ ഫെൻസിംഗ്, സൗരോർജ്ജവേലിയും നിർമ്മിച്ചിട്ടുണ്ട്. കോട്ടയം ഡിവിഷനിൽ 100.08 കി.മീ., കോതമംഗലം ഡിവിഷനിൽ 16.8 കി.മീ., മൂന്നാർ ഡിവിഷനിൽ 39.17 കി.മീ., മാങ്കുളം ഡിവിഷനിൽ 22.25 കി.മീ. സോളാർവേലി നിർമ്മിച്ചിട്ടുണ്ട്. മറയൂർ

ഡിവിഷനിലെ അഞ്ചുവീട്, പുതുവെട്ട്, ഊവാനം, പുറവയൽ, കരിമട്ടട്ടി, ഇന്ദിരനഗർ, പാളപ്പെട്ടി, മാമ്പളം ബൗണ്ടറി, കട്ടിയനാട്, കർശനാട് എന്നിവിടങ്ങളിലും സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കോട്ടയം ഡിവിഷനിൽ 140 മീറ്ററും മൂന്നാർ ഡിവിഷനിൽ 9.25 കി.മീ., മാങ്കുളം ഡിവിഷനിൽ 1.4 കി.മീ. ദൈർഘ്യത്തിൽ ട്രഞ്ച് നിർമ്മിച്ചിട്ടുണ്ട്. മറയൂർ ഡിവിഷനിലെ കരിമുട്ടി ഭാഗത്തും ട്രഞ്ച് നിർമ്മിച്ചിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിലെ കാസർഗോഡ് റെയ്ഞ്ചിലെ വിവിധ സ്ഥലങ്ങളിൽ - 16.02 കി.മീ. സോളാർ ഫെൻസിംഗും കാഞ്ഞങ്ങാട് - 29.05 കി.മീ. സോളാർ ഫെൻസിംഗും 6.02 കി.മീ. ആനപ്രതിരോധ കിടങ്ങ്, 3.5 കി.മീ. ആനപ്രതിരോധ മതിൽ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ഡിവിഷനിൽ പെരുവണ്ണാമൂഴി റെയ്ഞ്ചിലെ വിവിധ സ്ഥലങ്ങളിൽ 34 കി.മീ. സോളാർ ഫെൻസിംഗും 2 കി.മീ. ആനപ്രതിരോധ കിടങ്ങും കുറ്റ്യാടി റെയിഞ്ചിലെ വിവിധ സ്ഥലങ്ങളിൽ 23 കി.മീ. സോളാർ ഫെൻസിംഗും താമരശ്ശേരി റെയ്ഞ്ചിൽ 21 കി.മീ. സോളാർ ഫെൻസിംഗും സ്ഥാപിച്ചിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷന് കീഴിലുള്ള പ്രദേശങ്ങളിൽ 122 കി.മീ. ആനപ്രതിരോധ കിടങ്ങ്, 13.2 കി.മീ. ആനപ്രതിരോധ മതിൽ, 236 കി.മീ. സോളാർ ഫെൻസിംഗ്, 0.65 കി.മീ. സ്റ്റോൺ പിച്ച്ഡ് ട്രഞ്ച് എന്നിവയും

25.7 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിൽ 236.729 കി.മീ. സോളാർ ഫെൻസിംഗും 2.87 കി.മീ. കരിങ്കൽ മതിലുകൾ, 64.366 കി.മീ. ട്രഞ്ചുകൾ കൂടാതെ കൂടൽക്കടവ് മേഖലയിൽ 4.68 കി.മീ. ക്രാഷ്ഗാർഡ് ഫെൻസിംഗിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ഡിവിഷനിലെ തളിപ്പറമ്പ് റെയ്ഞ്ചിൽ 38.36 കി.മീ., കൊട്ടിയൂർ റെയിഞ്ചിൽ 62.6 കി.മീ, കണ്ണവം റെയിഞ്ചിൽ 3 കി.മീ. സോളാർ ഫെൻസിംഗ്, കൊട്ടിയൂർ റെയ്ഞ്ചിലെ വളയംചാൽ മുതൽ കരിയംകാപ്പ് വരെ 10.13 കി.മീ. ദൂരം ആനപ്രതിരോധ മതിലും വിയറ്റ്നാം കോളനി മുതൽ നീലായ് വരെ 4 കി.മീ. ആന പ്രതിരോധ കിടങ്ങും സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ ഡിവിഷന് കീഴിലുള്ള മന്തമംഗലം വനമേഖലയിൽ സോളാർ ഫെൻസിംഗ് ട്രഞ്ച്, ചെക്ക് ഡാം എന്നിവയും മലയാറ്റൂർ ഡിവിഷന് കീഴിൽ കോടനാട് റെയ്ഞ്ചിൽ 44 കിലോമീറ്ററും തുണ്ടത്തിൽ റെയ്ഞ്ചിൽ 33 കിലോമീറ്ററും കുട്ടമ്പുഴ റെയ്ഞ്ചിൽ 45 കിലോമീറ്ററും കാലടി റെയ്ഞ്ചിൽ 15 കിലോമീറ്ററും ഇടമലയാർ റെയ്ഞ്ചിൽ 7 കിലോമീറ്ററും ചാലക്കുടി ഡിവിഷനിൽ പരിയാരം റെയ്ഞ്ചിന്റെ പരിധിയിൽ 59.55 കിലോമീറ്ററും വാഴച്ചാൽ ഡിവിഷന്റെ പരിധിയിൽ ആതിരപ്പള്ളി 7 കിലോമീറ്ററും ഷോളയാർ 6.5 കിലോമീറ്ററും

വാഴച്ചാൽ റെയ്ഞ്ചിൽ 9.60 കിലോമീറ്ററും കോലത്തിരുമേട് 2.238 കിലോമീറ്ററും ചാർപ്പ റെയ്ഞ്ചിൽ 2 കിലോമീറ്ററും സൗരോർജ്ജവേലിയും നിർമ്മിച്ചിട്ടുണ്ട്. പെരിയാർ ഈസ്റ്റ് ഡിവിഷനിൽ 9.4 കിലോമീറ്റർ ട്രെഞ്ചുകൾ, 0.68 കിലോമീറ്റർ കയ്യാലകൾ, 4.5 കിലോമീറ്റർ സൗരോർജ്ജവേലി, 2.80 കിലോമീറ്റർ സ്റ്റോൺവാൾ എന്നിവയും പെരിയാർ വെസ്റ്റ് ഡിവിഷനിൽ 27.21 കിലോമീറ്റർ സൗരോർജ്ജവേലിയും 4.13 കിലോ മീറ്റർ ട്രഞ്ച്, 0.037 കിലോമീറ്റർ എലിഫന്റ് പ്രൂഫ് വാൾ എന്നിവയും ഇടുക്കി വൈൽഡ് ഡിവിഷനിൽ 42.24 കിലോമീറ്റർ സൗരോർജ്ജവേലിയും 1423.15 കിലോ മീറ്റർ കയ്യാല എന്നിവയും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ 1.86 കിലോമീറ്റർ ട്രെഞ്ചുകൾ, 25.55 കിലോമീറ്റർ സൗരോർജ്ജവേലി, 0.07 കിലോമീറ്റർ സ്റ്റോൺവാൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന്റെ കീഴിൽ ജനവാസമേഖലയുമായി അതിർത്തി പങ്കിടുന്ന വനപ്രദേശങ്ങളിൽ 25.7 കിലോമീറ്റർ സോളാർ ഫെൻസിംഗും എലിഫെൻറ് പ്രൂഫ് ട്രഞ്ചും സ്ഥാപിച്ച് പ്രതിരോധം തീർത്തിട്ടുണ്ട്. ഇവ സംബന്ധിച്ച് വനം വകുപ്പ് ശാസ്ത്രീയമായ പഠനം നടത്തിവരുന്നു. ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ

കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയുംകുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ചത് സർക്കാർ പരിശോധിക്കുകയും 10-01-2022-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്യുകയും ചർച്ചയിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) മലയോര മേഖലയിൽ വന്യജീവി ആക്രമണങ്ങൾ ഫലപ്രദമായി പ്രതിരോധിക്കാൻവേണ്ടി വനം-വന്യജീവി സംരംക്ഷണ നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വന്യജീവി (സംരക്ഷണ) നിയമം കേന്ദ്ര നിയമമാണ്. മലയോര മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേകമായി ഈ നിയമത്തിൽ മാറ്റം സാദ്ധ്യമാകുമെന്ന് കാണുന്നില്ല.

**വന്യജീവി ആക്രമണം -മണ്ണാർക്കാട് മണ്ഡലത്തിലെ കർഷകർക്കുള്ള നഷ്ടപരിഹാരം**

170 (2937) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ കൃഷിനശിപ്പിച്ച കർഷകർക്ക് വനം വകുപ്പിൽനിന്നും നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണ്ണാർക്കാട് മണ്ഡലത്തിൽ ഏത് വർഷം മുതലുള്ള നഷ്ടപരിഹാരമാണ് കർഷകർക്ക് നല്കാനുള്ളത്; ഇത് നൽകാൻ അടിയന്തര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; വിശദവിവരം നൽകുമോ?

വന്യജീവി ആക്രമണത്തിൽ കൃഷി നശിച്ചവർക്ക് മണ്ണാർക്കാട് മണ്ഡലത്തിൽ മണ്ണാർക്കാട് ഡിവിഷനുകീഴിലുള്ള 2021 ഫെബ്രുവരി വരെയുള്ള എല്ലാ അപേക്ഷകർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ടി ഡിവിഷനിൽ അതിനുശേഷം ലഭിച്ച അപേക്ഷകളിന്മേലാണ് നഷ്ടപരിഹാരം നൽകാൻ ബാക്കിയുള്ളത്. സൈലന്റ്‌വാലി ഡിവിഷൻ പരിധിയിൽ 2021-22 വർഷത്തിലെ മൂന്ന് അപേക്ഷകളിൽ മാത്രമാണ് നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നത്.

## വന്യ ജീവി ആക്രമണം

171 (2938) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; എത്ര പേർക്ക് ഇനിയും നഷ്ടപരിഹാരം ലഭിക്കാനുണ്ട്?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ 5496 പേർക്ക് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റിട്ടുണ്ട്. ഇതിൽ 4416 പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. 1080 പേർക്ക് ഇനിയും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

(ബി) നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് അടിയന്തരമായി നഷ്ടപരിഹാരം വിതരണം ചെയ്യുമോ; വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബത്തിനുമുള്ള നഷ്ടപരിഹാരം എത്രയാണെന്ന് വ്യക്തമാക്കുമോ?

നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്. വന്യജീവി ആക്രമണത്തിൽ

പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബത്തിനും 05-04-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിച്ചുവരുന്നു. വന്യജീവി ആക്രമണത്താൽ ജീവഹാനി സംഭവിക്കുന്നവരുടെ നിയമപരമായ അവകാശികൾക്ക് പത്ത് ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് ചികിത്സയ്ക്ക് പരമാവധി ഒരു ലക്ഷം രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് ലക്ഷം രൂപയും നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും അനുവദിക്കുന്നതാണ്. ചികിത്സാച്ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

## വനമേഖലയോട് ചേർന്ന് ജീവിക്കുന്ന കർഷകരുടെ സംരക്ഷണം

**172 (2939)** ശ്രീ തോമസ് കെ തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ.പി.മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് ജീവിക്കുന്ന കർഷകരെ സംരക്ഷിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വർദ്ധിച്ചുവരുന്ന വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ അഞ്ച് വർഷത്തേയ്ക്കുള്ള ഒരു വിശദ പദ്ധതി പ്രിൻസിപ്പൽ ചീഫ് കണസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-01-2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ 25 ടെറിട്ടോറിയൽ ഡിവിഷനുകളിലെയും 10 വൈൽഡ് ലൈഫ് ഡിവിഷനുകളിലെയും പ്രദേശങ്ങൾ കണ്ടെത്തിയിട്ടുള്ളതും സോളാർ പവർ ഹാങ്ങിംഗ് ഫെൻസ് (685 കി.മീ), സോളാർ പവർ ഫെൻസ് (680 കി.മീ), ആനക്കിടങ്ങ് (132 കി.മീ) മുതലായവ പുതിയതായി നിർമ്മിക്കാനും നിലവിലുള്ളവയുടെ പരിചരണവും ഇതര പരിഹാര മാർഗ്ഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

1) വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2) മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4) വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക.

5) ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6) ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7) പുൽമേടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8) സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

മനുഷ്യ-വന്യജീവി സംഘർഷം അടുത്ത പത്ത് വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1,150 കോടി രൂപയുടെ ഒരു പദ്ധതിയും ആയതിനായി രൂപീകൃതമായ എക്സ്പെർട്ട് സബ് ഗ്രൂപ്പ്

തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് കണസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ന് സമർപ്പിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ചെയ്ത പ്രവർത്തികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വന്യമൃഗങ്ങൾക്ക് ഉൾവനങ്ങളിൽത്തന്നെ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള കർമ്മ പദ്ധതിയിൽ വന്യജീവികൾക്ക് വനത്തിനുള്ളിൽത്തന്നെ ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനത്ത് വന്യജീവികളുടെ സ്വാഭാവിക ആവാസ മേഖലകളിൽ ജലവും തീറ്റയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുതിയതായി 197 കുളങ്ങളുടെ നിർമ്മാണം, 723 കുളങ്ങളുടെ വൃത്തിയാക്കൽ, 1288 ഹെക്ടർ വയലുകളുടെ പരിപാലനം, 2284 ഹെക്ടർ അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 27 കുളങ്ങളുടെ നിർമ്മാണവും 140 കുളങ്ങളുടെ പരിചരണവും പത്ത് ചെക്ക്ഡാമുകളുടെ മണ്ണ് നീക്കലും നടത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലജീവൻ മിഷൻ പദ്ധതി

173 (2940) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) കുറ്റ്യാടി മണ്ഡലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി നല്കിയ പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കാനായി വേളം, വില്ല്യാപ്പള്ളി, പുറമേരി എന്നീ പഞ്ചായത്തുകളോട് സ്ഥലം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും സ്ഥലം ഇതേവരെ ലഭ്യമായിട്ടില്ല.

(സി) പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതി 2024-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ന്യൂക്കട്ട് ജലസേചന പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

174 (2941) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നൃൂക്കട്ട് ജലസേചന പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിലവിൽ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നൃൂക്കട്ട് ജലസേചന പദ്ധതി സംബന്ധിക്കുന്ന പ്രവൃത്തി കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധിയിൽ വരുന്നതാകയാൽ ടി പ്രവൃത്തിക്കാവശ്യമായ ധനലഭ്യത, ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ, കൊച്ചി അധികാരികളുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്താനും NW3 മാനദണ്ഡങ്ങൾക്കനുസരിച്ച് വിശദമായ ഡി.പി.ആർ. തയ്യാറാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിലെ തീരുമാനവും ഐ.ഡി.ആർ.ബി.-യിൽനിന്നും പ്രവൃത്തിയുടെ ഡിസൈനും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നമ്പരും ഫയൽ ഇപ്പോൾ ഏത് ഓഫീസിൽ ഏത് ഉദ്യോഗസ്ഥന്റെ കയ്യിലാണെന്നും വിശദമാക്കാമോ?

ഫയൽ നമ്പർ ഡി 2-3077/ഡി.ഐ.ആർ.ഐ.എൻ.ഡി.റ്റി./2014, ഓഫീസിന്റെ പേര് - ഡയറക്ടറേറ്റ്, ഉൾനാടൻ ജലഗതാഗത വകുപ്പ്, കൊല്ലം ഉദ്യോഗസ്ഥൻ – ഡയറക്ടർ.

ഡെസ്റ്റിനേഷനുകളുടെ സുഗമമായ തുടർപ്രവർത്തനം

175 (2942) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

24-09-2016-ലെ ജി.ഒ.(ആർ.ടി.) നം.830/2016/ജലവിഭവ വകുപ്പ് ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെടേണ്ട ഐ.പി.റ്റി.എം.സി.-കളുടെ പ്രവർത്തനവും 19-03-2020-ലെ ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങളും തമ്മിലുള്ള വൈരുദ്ധ്യംമൂലം ഉണ്ടായ സ്തംഭനാവസ്ഥ പരിഹരിച്ച് ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്ന ഡെസ്റ്റിനേഷനുകളുടെ സുഗമമായ തുടർപ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

24-09-2016-ലെ ജി.ഒ.(ആർ.ടി.) നം.830/2016-ലെ വ്യവസ്ഥകൾക്ക്

വിധേയമായി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ

176 (2943) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; അവയുടെ പുരോഗതി വിശദീകരിക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പദ്ധതികളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കൊയിലാണ്ടി മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ

177 (2944) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷം കൊയിലാണ്ടി മണ്ഡലത്തിൽ നോൺ-പ്ലാൻ/പ്ലാൻ ഇനത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

2021-22 വർഷം കൊയിലാണ്ടി മണ്ഡലത്തിൽ നോൺ-പ്ലാൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇനത്തിൽ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016-21 കാലയളവിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ചവയിൽ പ്രവൃത്തി തുടരുന്നവ, പ്രവൃത്തി ആരംഭിക്കാത്തവ എന്നിവയുടെ വിശദാംശം പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

2016-21 കാലയളവിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി തുടരുന്നവ ഒന്നുംതന്നെ നിലവിലില്ല. ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും നടപടി

178 (2945) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പുനരുദ്ധീകരിച്ച ജലസ്രോതസ്സുകൾ വീണ്ടും മലിനമാക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നിലനിന്നിരുന്ന കാർഷിക വ്യവസ്ഥയും അനുബന്ധ തൊഴിലുകളായ കന്നുകാലി വളർത്തൽ, മത്സ്യ കൃഷി, തുടങ്ങിയവയിൽ വന്ന മാറ്റവുമാണ് ജലസ്രോതസ്സുകൾ ശുചിയാക്കി അധിക കാലം കഴിയുംമുമ്പേ അവ വീണ്ടും മലിനപ്പെടാൻ പ്രധാന കാരണം. ഇതോടൊപ്പം, നഗരവൽക്കരണം, ഭക്ഷണ സ്വഭാവത്തിൽ വന്ന മാറ്റം എന്നിവയും ജലസ്രോതസ്സുകൾ മലിനമാകുന്നതിന് ആക്കം കൂട്ടുന്നു. ഇത് കണക്കിലെടുത്ത് കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന "ജലസമൃദ്ധി" പദ്ധതിയുടെ ഭാഗമായി പുനരുദ്ധരിച്ച കുളങ്ങൾ/ ജലസ്രോതസ്സുകൾ എന്നിവ മത്സ്യകൃഷി, ബണ്ടുകളിൽ പുൽവളർത്തൽ എന്നിവയിലൂടെ വീണ്ടും മലിനമാകുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. ഈ മാതൃക സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തിവരുന്നു. 'കില' മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട് നടത്തുന്ന പരിശീലനങ്ങളുടെ ഭാഗമായും മേൽപറഞ്ഞിട്ടുള്ള ആശയങ്ങളും മാതൃകകളും പ്രചരിപ്പിക്കാറുണ്ട്. ഹരിതകേരളം മിഷനുമായി സഹകരിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ പാർശ്വസംരക്ഷണം, ജലസംഭരണം മുതലായവയ്ക്കാവശ്യമായ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഖര-ദ്രവ മാലിന്യ പരിപാലനത്തിനുള്ള സ്ഥിരം സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏർപ്പെടുത്തുക വഴി മാലിന്യ നിക്ഷേപം കുറയ്ക്കുന്നതിനുള്ള ഇടപെടലുകളും നടത്തിയിട്ടുണ്ട്. ജല അതോറിറ്റിയുടെ സ്രോതസ്സുകൾക്ക് സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും കമ്പിവേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ജലസംരക്ഷണത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും വീണ്ടും മലിനപ്പെടുന്നത് തടയാൻ ശ്രമിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2-ന്റെ കാര്യാലയവുമായി ബന്ധപ്പെട്ട് പുനരുദ്ധീകരിച്ച ജലസ്രോതസ്സുകൾ വീണ്ടും മലിനമാക്കുന്നത് തടയാൻ, മലിനമാക്കുന്നവർക്കെതിരെ ജലസ്രോതസ്സ് സംരക്ഷണ നിയമപ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ നടപടികൾ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയുന്നുണ്ട്. റിസർവോയർ, കനാലുകൾ എന്നിവിടങ്ങളിൽ

ജലസ്രോതസ്സ് സംരക്ഷണ നിയമപ്രകാരമുള്ള മുന്നറിയിപ്പ് ബോർഡുകൾ ജനങ്ങളുടെ അറിവിലേയ്ക്കായി സ്ഥാപിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് മുഖേന പ്രധാനമായും ഭൂജലവിതാനം ഉയർത്തുന്നതിനായുള്ള ഭൂജലസംപോഷണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്.

## നദികളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

179 (2946) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെ സംരക്ഷിക്കാനും നദികളിലെ നീരൊഴുക്ക് സുഗമമാക്കാനും കയ്യേറ്റങ്ങൾ ഇല്ലാതാക്കാനുമായി ജലവിഭവ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് 2018-ലും 2019-ലും ഉണ്ടായ മഹാപ്രളയങ്ങൾമൂലം നദികളിൽ വൻതോതിൽ ചെളിയും എക്കലും മറ്റ് പാഴ്വസ്തുക്കളും അടിഞ്ഞുകൂടിയിട്ടുണ്ട്. ഇതുമൂലം നദികളുടെ സ്വാഭാവിക ഒഴുക്കിന് തടസ്സം നേരിട്ടിട്ടുണ്ട്. ഭാവിയിൽ പ്രളയ സാദ്ധ്യത കുറയ്ക്കുന്നതിനും നദികളുടെ സ്വാഭാവിക ഒഴുക്കും ഘടനയും നിലനിർത്തുന്നതിനും ഈ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്യേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ നദികളുടെ സമഗ്ര സംരക്ഷണവും

പരിപാലനവും ലക്ഷ്യമാക്കി ഓരോ നദികളുടെ ചുമതല ജലസേചന വകുപ്പിലെ ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഓരോ നദികളുടെയും ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള സംഘം ഓരോ നദികളുടെയും പ്രാഥമികമായ പരിശോധന നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, MGNREGS, ജലസേചന വകുപ്പ്, റവന്യൂ വകുപ്പ് എന്നിവയുടെ ഏകോപനത്തോടുകൂടിയും ജനകീയ പങ്കാളിത്തത്തോടുകൂടിയും നദികളിലും കൈവഴികളിലും അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ്, ചെളി, എക്കൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ നീക്കംചെയ്യുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ പടിഞ്ഞാറോട്ടൊഴുകുന്ന നാൽപ്പത്തിയൊന്ന് നദികളുടെയും കിഴക്കോട്ടൊഴുകുന്ന മൂന്ന് നദികളുടെയും അതിന്റെ കൈവഴികളുടെയും നിലവിലെ അവസ്ഥയും നടത്തിവരുന്ന സുരക്ഷാ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം നദികൾ തിരിച്ച് ലഭ്യമാക്കുമോ?

MGNREGS, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടുകൂടിയും ജനപങ്കാളിത്തത്തോടെയും നദികളിലെയും കൈവഴികളിലെയും എക്കലും ചെളിയും നീക്കംചെയ്യൽ മഴക്കാലത്തിനുമുൻപ് പൂർത്തീകരിക്കുന്നതിനുവേണ്ടി പ്രവൃത്തികൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 44 നദികളിൽ നീക്കംചെയ്യേണ്ട ചെളിയും എക്കലും മറ്റ് പാഴ്വസ്തുക്കളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

## തടാകങ്ങളുടെ സംരക്ഷണം

180 (2947) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടങ്ങളും കായലുകളും അഴിമുഖങ്ങളും പൂക്കോട്, ശാസ്താംകോട്ട, വെള്ളായണി തുടങ്ങിയ സ്വാഭാവിക ശുദ്ധജല തടാകങ്ങളും ഒപ്പം നിലവിലുള്ള മുപ്പത്തിരണ്ടോളം കൃത്രിമ തടാകങ്ങളും സംരക്ഷിക്കാനും കടന്നുകയറ്റം ഒഴിവാക്കാനും പ്ലാസ്റ്റിക് വിമുക്തമാക്കാനുമായി മുൻ സർക്കാരും നിലവിലെ സർക്കാരും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും മാനേജ്മെന്റും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി (SWAK) പ്രവർത്തിക്കുന്നു. പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പാണ് ഇതിന്റെ നോഡൽ വകുപ്പ്. കേരളത്തിലെ പ്രധാന തണ്ണീർത്തടങ്ങൾ വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നടന്നുവരുന്നു. വിജ്ഞാപനത്തിനുശേഷം തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017-ന്റെ പരിധിയിൽവരുന്ന തണ്ണീർത്തടങ്ങൾക്ക് ഈ ചട്ടങ്ങൾ പ്രകാരമുള്ള സംരക്ഷണവും നിയന്ത്രണങ്ങളും വരുന്നതാണ്. റാംസർ തണ്ണീർത്തടങ്ങളായ വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട എന്നിവയിൽ തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017-ന്റെ ഭാഗമായി മാലിന്യം നിക്ഷേപിക്കാതിരിക്കാൻവേണ്ട നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും തദ്ദേശ സ്വയംഭരണ വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദേശം നൽകിയിട്ടുണ്ട്. വെള്ളായണി ശുദ്ധജല തടാകത്തിന്റെ പുനരുജ്ജീവന പ്രവൃത്തികൾക്കായി 96.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വ്യത്യസ്ത കൃഷിരീതികൾ അവലംബിക്കുന്ന കോൾ, പൊക്കാളി, കൈപ്പാട് നിലങ്ങൾ സംസ്ഥാനത്തെ അഴിമുഖങ്ങളുമായി

ബന്ധപ്പെട്ടവയായതിനാൽ അവയെ സംരക്ഷിക്കാനും കൃഷി വികസിപ്പിക്കാനുമായി ജലവിഭവ വകുപ്പ് പ്രസ്തുത മേഖലാ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

കോൾ, പൊക്കാളി, കൈപ്പാട് നിലംകൃഷിയുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളൊന്നുംതന്നെ, നിലവിൽ ജലവിഭവ വകുപ്പിന് കീഴിൽ ഏറ്റെടുത്ത് നിർവ്വഹിക്കുന്നില്ല.

## തണ്ണീർത്തടങ്ങൾ സംരക്ഷിക്കൽ

181 (2948) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളുമായി ബന്ധപ്പെട്ട തോടുകൾ, കുളങ്ങൾ ഉൾപ്പടെ വിവിധങ്ങളായ തണ്ണീർത്തടങ്ങൾ സംരക്ഷിക്കാനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റവും തണ്ണീർത്തട വിസ്തൃതിയിൽ വന്നിട്ടുള്ള കുറവും ഉൾപ്പെടെയുള്ളവ കണക്കിലെടുത്ത് തണ്ണീർത്തട ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് മുഖ്യ പരിഗണന കഴിഞ്ഞ

സർക്കാരും നിലവിലുള്ള സർക്കാരും ഏറ്റെടുത്തിട്ടുണ്ട്. ജലവിഭവ സംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ "നീർത്തടങ്ങളെ" ആധാരമാക്കി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ, "സംയോജിത നീർത്തട പ്ലാനുകൾ" തയ്യാറാക്കി, റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ഇവയുടെ സംഭരണശേഷി വീണ്ടെടുക്കുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ 'ഹരിതകേരളം' ശീർഷകത്തിൽ പ്രത്യേക തുകയും നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും തോടുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കിയാണ് ഈ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്.

(ബി) തോടുകളും കുളങ്ങളും വിവിധങ്ങളായ തണ്ണീർത്തടങ്ങളും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ഇവയുടെ കയ്യേറ്റം തടയുന്നതിനും കയ്യേറിയവ തിരിച്ചുപിടിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി

നിയമനടപടികൾക്ക് വിധേയമാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

തോടുകൾ, കുളങ്ങൾ എന്നിവയുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ് എന്നതിനാൽ കയ്യേറ്റം സംബന്ധിച്ച നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇതോടൊപ്പം, മലിനീകരണ നിയന്ത്രണ നടപടികളും നേരിട്ട് പിഴ ഈടാക്കുന്നതിനുള്ള അധികാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ കുളങ്ങൾ, തോടുകൾ എന്നിവയുടെ പുനരുദ്ധാരണം ജലസേചന വകുപ്പ് ഏറ്റെടുക്കുന്ന അവസരങ്ങളിൽ, ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റമോ, മാലിന്യ നിക്ഷേപമോ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകളായ റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുകയും കൂടാതെ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം മാലിന്യനിക്ഷേപം സംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകാറുമുണ്ട്.

## ചാലിയാർ പുഴ തീരങ്ങളുടെ സംരക്ഷണം

182 (2949) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും വെള്ളപ്പൊക്കത്തെ തുടർന്ന് ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായി നിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലിയാർ പുഴയുടെ തീരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരസംരക്ഷണത്തിന്റെ ഭാഗമായി ഭരണാനുമതി നല്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>സഹസ്ര സരോവരം പദ്ധതി</u>

183 (2950) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ ആറാം വാർഡിലുള്ള ചിറങ്ങര ചിറ സഹസ്ര സരോവരം പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും ഇനി എത്ര ശതമാനം പൂർത്തിയാകാനുണ്ടെന്നും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ?

കാഞ്ഞൂർ പഞ്ചായത്തിലെ ചിറങ്ങര കുളത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-XIX സ്കീമിൽ ഉൾപ്പെടുത്തി 97.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയും ആയതുമായി ബന്ധപ്പെട്ട അധിക പ്രവൃത്തികൾ ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും നബാർഡ് അനുവദിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവർത്തിക്കുവേണ്ടി ഇതുവരെ 70.68 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പൂർത്തിയാകുവാനുള്ള പ്രവൃത്തികൾക്കായി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്ന് അറിയിക്കാമോ;

&

(സി) ചിറങ്ങര ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കാതെ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

ചിറങ്ങര ചിറയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ടി പ്രവൃത്തിയുടെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് ചിറയുടെ ആഴം വീണ്ടും കൂട്ടണമെന്ന് പഞ്ചായത്ത്

ആവശ്യപ്പെട്ടെങ്കിലും ആഴംകൂട്ടുമ്പോൾ ലഭ്യമാകുന്ന മണ്ണ് സംഭരിക്കുന്നതിന് പഞ്ചായത്തിൽനിന്ന് സ്ഥലം ലഭിക്കാത്തതിനാൽ ടി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആർ.ഐ.ഡി.എഫ്.-XIX പദ്ധതിയുടെ കാലാവധി ഡിസംബർ 2019-ൽ അവസാനിച്ചതിനാൽ മേൽ പദ്ധതിയിൽ തുക ഇനി ലഭ്യമാക്കാനാവില്ല. ആഴംകൂട്ടൽ പ്രവൃത്തിക്ക് ഏകദേശം 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയിൽ അവശേഷിക്കുന്ന ജോലികൾ അടിയന്തരമായി പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന അവസരത്തിൽ ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## പുഴ സംരക്ഷണ ഭിത്തി നിർമ്മാണം

184 (2951) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടക്കൽ മണ്ഡലത്തിൽനിന്നും മൈനർ, മേജർ വിഭാഗങ്ങളിലായി 2022-23 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതെല്ലാം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയും ഏതെല്ലാം ഘട്ടത്തിൽ ആണെന്നും അവയുടെ എസ്റ്റിമേറ്റുകൾ നിലവിൽ ഏതെല്ലാം ഓഫീസുകളിൽ ആണുള്ളതെന്നും വിശദമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

2022-23 വർഷത്തിലേയ്ക്കായി പുഴ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ല. എന്നാൽ പുഴ സംരക്ഷണ ഭിത്തി ആവശ്യമായ സ്ഥലങ്ങളിൽ, സ്ഥല സന്ദർശനം നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. സാമ്പത്തിക വർഷം തുടങ്ങിയതിനുശേഷം ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തികളുടെ മുൻഗണനയും അനുസരിച്ച് അവ ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഹരിപ്പാട് മണ്ഡലത്തിലെ പിള്ള തോടിന്റെ നവീകരണം

185 (2952) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭാ പരിധിയിലുള്ള പിള്ള തോടിന്റെ

നവീകരണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി ഇറിഗേഷൻ വകുപ്പ് മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുമോ എന്നറിയിക്കാമോ?

നിലവിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. പിള്ള തോടിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ആവശ്യകത പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

<u>ഒറ്റപ്പാലം മണ്ഡലത്തിലെ തോടുകളുടെ നവീകരണം</u>

186 (2953) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം എന്നീ പഞ്ചായത്തുകളിലെ പ്രളയകാലത്ത് തകർന്നുപോയ കാഞ്ഞിരമ്പാറ തോട്, പുഞ്ചപ്പാടം തോട്, പുലാപ്പറ്റ തോട് എന്നിവയുടെ നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ?

ഇല്ല.

(ബി) ഇതുമായി ബന്ധപ്പെട്ട പി.എൽ.6(ബി)8514/2020 എന്ന ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കൈമാറിയത് എന്നാണെന്ന് അറിയിക്കാമോ;

&

(സി) പ്രസ്തുത ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കാഞ്ഞിരംപാറത്തോട്, പുഞ്ചപ്പാടംതോട്, പുലാപ്പറ്റതോട് എന്നിവയുടെ നവീകരണത്തിനായുള്ള ഒരു കോടി രൂപയുടെ പ്രൊപ്പോസൽ RKI ധനസഹായത്തിന് സമർപ്പിക്കുന്നതിനായി പി.എൽ.6 (ബി) 8514/2020 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും 13-08-2020-ൽ ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭ്യമായി. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ് ഫണ്ടിന്റെ അപര്യാപ്തതമൂലം ടി പ്രൊപ്പോസൽ ഏറ്റെടുക്കാൻ കഴിയില്ലെന്ന് 06-01-2021-ലെ RKI1/23/2020-PLGEA കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

<u>ചമ്രവട്ടം ബിയ്യം കായൽ ലിങ്ക് പദ്ധതി</u>

187 (2954) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി കോൾനില കർഷകരുടെ നിലങ്ങളിൽ കാലാകാലങ്ങളായി അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച ചമ്രവട്ടം-ബിയ്യം കായൽ ലിങ്ക് പദ്ധതി നടത്തിപ്പിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ കോൾ മേഖലയിലേയ്ക്ക് കുടിവെള്ളത്തിനും കൃഷി അഭിവൃദ്ധിക്കും വെള്ളം എത്തിക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള ഭാരതപ്പുഴയും ബിയ്യം കായലും തമ്മിൽ ബന്ധിപ്പിക്കുന്ന ചമ്രവട്ടം-ബിയ്യം ലിങ്ക് പ്രവൃത്തിക്കായി 2,350 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 26-02-2022-ൽ സർക്കാരിൽ ലഭിക്കുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു.

<u>വൈക്കം മണ്ഡലത്തിലെ പുഴകളുടെ തീരസംരക്ഷണം</u>

188 (2955) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കെടുതിയിൽ വൈക്കം നിയോജകമണ്ഡലത്തിലെ പുഴകളുടെയും തോടുകളുടെയും തീരങ്ങൾ ഇടിഞ്ഞുണ്ടായ നഷ്ടങ്ങളുടെ

കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മഴക്കെടുതിയിൽ വൈക്കം നിയോജക മണ്ഡലത്തിലെ പുഴകളുടെയും തോടുകളുടെയും തീരം ഇടിഞ്ഞ് ഏകദേശം 28 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ തീരങ്ങൾ ഇടിഞ്ഞ ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനും തീരസംരക്ഷണത്തിനായും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മഴക്കെടുതിമൂലം തോടുകളിലെ തീരങ്ങൾ ഇടിഞ്ഞ ഭാഗങ്ങൾ പുനർ നിർമ്മിക്കുന്നതിനും തീരസംരക്ഷണത്തിനുമായി മൈനർ ഇറിഗേഷന് 328.62 ലക്ഷം രൂപയുടെ 25 പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 22 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്ന് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മേജർ ഇറിഗേഷന്റെ അധികാര പരിധിയിൽ, മഴക്കെടുതിയുമായി ബന്ധപ്പെട്ട് എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 2.12 കോടി രൂപയുടെ 24 പ്രവൃത്തികളിൽ 1.96 കോടി രൂപയുടെ 22 തീരസംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2018-ലെ പ്രളയക്കെടുതിക്കുശേഷം എഫ്.ഡി. പദ്ധതിയിലുൾപ്പെടുത്തി ആകെ 48

ലക്ഷം രൂപയുടെ രണ്ട് പ്രവൃത്തികളും പ്ലാൻ പദ്ധതി വിഹിതത്തിൽ 23.7 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും ആർ.കെ.ഐ. പദ്ധതിയിൽ 49.8 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തീരങ്ങൾ ഇടിഞ്ഞ ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനും തീരസംരക്ഷണത്തിനുമായി 7.64 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ വേൾഡ് ബാങ്ക് ഫണ്ടിനായുള്ള ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നെയ്യാർ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

189 (2956) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിലെ മണലും മണ്ണും ചെളിയും നീക്കംചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) നെയ്യാർ ഡാമിലെ മണലും മണ്ണും ചെളിയും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പീച്ചി കെ.ഇ.ആർ.ഐ.-യുടെ മേൽനോട്ടത്തിൽ നടത്തിയ സെഡിമെന്റേഷൻ പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദാംശം നൽകാമോ;

&

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നെയ്യാർ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ/മണ്ണ്/ചെളി എന്നിവയുടെ അളവ് പരിശോധിക്കുന്നതിനായി KERI പീച്ചി മുഖാന്തിരം 2019-ൽ പഠനം നടത്തിയിരുന്നു. നെയ്യാർ ഡാമിന്റെ സംഭരണശേഷി 106.20 $MM^3$-ഉം dead storage 10.524 $MM^3$-ഉം ആണ്. 63 വർഷംകൊണ്ട് 12.76% കുറവ് വന്നിട്ടുണ്ട്. ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാം/റിസർവോയറുകളിലെ മണ്ണും ചെളിയും നീക്കംചെയ്യുന്നതിന് ആരംഭം കുറിച്ചത് 2019-ലാണ്. ആദ്യഘട്ടം ഡീസിൽറ്റേഷനായി തെരഞ്ഞെടുത്ത എട്ട് ഡാമുകളിൽ നെയ്യാർഡാമിനെ ഉൾപ്പെടുത്തിയിട്ടില്ല.

<u>നെയ്യാർ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കൽ</u>

190 (2957) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിലെ മണലും മണ്ണും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) നെയ്യാർ ഡാമിലെ മണലും, മണ്ണും, ചളിയും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പീച്ചി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽനോട്ടത്തിൽ നടത്തിയ സെഡിമെന്റേഷൻ പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ;

&

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നെയ്യാർ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ/മണ്ണ്/ചെളി എന്നിവയുടെ അളവ് പരിശോധിക്കുന്നതിനായി KERI പീച്ചി മുഖാന്തിരം 2019-ൽ പഠനം നടത്തിയിരുന്നു. നെയ്യാർ ഡാമിന്റെ സംഭരണശേഷി 106.20 $MM^3$-ഉം dead storage 10.524 $MM^3$-ഉം ആണ്. 63 വർഷംകൊണ്ട് 12.76% കുറവ് വന്നിട്ടുണ്ട്. ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാം/റിസർവോയറുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് ആരംഭം കുറിച്ചത് 2019-ലാണ്. ആദ്യഘട്ടം ഡീസിൽറ്റേഷനായി തിരഞ്ഞെടുത്ത എട്ട് ഡാമുകളിൽ നെയ്യാർ ഡാമിനെ ഉൾപ്പെടുത്തിയിട്ടില്ല.

## മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ

191 (2958) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ഐ.ഐ.ടി. ഡൽഹി നടത്തിയ പ്രോബബിൾ മാക്സിമം ഫ്ലഡ് ആന്റ് ഫ്ലഡ് റൂട്ടിംഗ് പഠന റിപ്പോർട്ട് പ്രകാരം പ്രസ്തുത അണക്കെട്ട് ജലശാസ്ത്രപരമായി സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഐ.ഐ.ടി. ഡൽഹി നടത്തിയ പ്രോബബിൾ മാക്സിമം ഫ്ലഡ് ആന്റ് ഫ്ലഡ് റൂട്ടിംഗ് പഠന റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## വാഴാനി ഡാമിലെ ലൈബ്രറി-കം-കൾച്ചറൽ സെന്റർ

192 (2959) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ഡാമിൽ നിർമ്മിച്ചിരിക്കുന്ന ലൈബ്രറി-കം-കൾച്ചറൽ സെന്റർ, ഐ.പി.റ്റി.എം.സി.-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൾ നിലവിൽ വരുന്നതിനായി തടസ്സം നിലനിൽക്കുന്ന സാഹചര്യത്തിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുമായി താൽക്കാലിക ഉടമ്പടിയുണ്ടാക്കി നടത്തിപ്പ് ചുമതല നൽകി, ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം പങ്കിട്ടെടുക്കുന്ന രീതിയിൽ പ്രസ്തുത സെന്റർ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

വാഴാനി ഡാമിൽ നിർമ്മിച്ചിരിക്കുന്ന ലൈബ്രറി-കം-കൾച്ചറൽ സെന്റർ തുറന്നുപ്രവർത്തിക്കുന്നതിന്, ഇറിഗേഷൻ പ്രോജക്ട് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി (ഐ.പി.റ്റി.എം.സി.) രൂപീകരിക്കുന്നതുവരെ സർക്കാർ ഉത്തരവ് നം.830/2016/ജ.വി.വ. തീയതി 24-09-2016 പ്രകാരം, ലഭിക്കുന്ന വരുമാനത്തിന്റെ 80% ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്കും 10% ജലസേചന വകുപ്പിനും, 10% ടൂറിസം വകുപ്പിനും ലഭിക്കുന്ന വിധത്തിൽ നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കാവുന്നതാണ്.

## 2021-ലെ ഡാം സുരക്ഷാ നിയമം

193 (2960) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ കേന്ദ്ര ഡാം സുരക്ഷാ നിയമം കേരളത്തെ ഏത്

രീതിയിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

രാജ്യത്തൊട്ടാകെയുള്ള ഡാമുകളുടെ സുരക്ഷയും അതിന് ആനുഷംഗികവുമായ മറ്റ് കാര്യങ്ങളും വ്യവസ്ഥ ചെയ്യുന്നതിനായാണ് 2021-ലെ കേന്ദ്ര ഡാം സേഫ്റ്റി ആക്ട് (2021-ലെ 41-ാം കേന്ദ്ര ആക്ട്) 2021 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നത്. ടി കേന്ദ്ര നിയമപ്രകാരമുള്ള നികായങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

(ബി) പ്രസ്തുത നിയമത്തിൽ വിവക്ഷിക്കുന്നത് പ്രകാരം ദേശീയ ഡാം സേഫ്റ്റി കമ്മിറ്റി രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങളിലൊന്നായ മുല്ലപ്പെരിയാർ ഡാം പുതുക്കിപ്പണിയുക എന്ന ആവശ്യം പൂർത്തീകരിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; ഇക്കാര്യത്തിൽ അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡാമിന്റെ സുരക്ഷയും താത്കാലിക ജലനിരപ്പ് ക്രമീകരണവും മേൽനോട്ട സമിതിയെ

ചുമതലപ്പെടുത്തിയിരിക്കുന്നതിനാലും ഇതുസംബന്ധിച്ച കേസ് ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്നതിനാലും സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം മാത്രമേ 2021-ലെ കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാം പുതുക്കിപ്പണിയണമെന്ന ആവശ്യം പരിശോധനാ വിധേയമാക്കുന്നത് വിലയിരുത്താൻ കഴിയുകയുള്ളൂ. ടി കേന്ദ്ര നിയമത്തിനോട് തമിഴ്നാട് എതിർപ്പറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയമം നടപ്പിൽ വരുന്നതിനോട് എതിർപ്പ് അറിയിച്ചിട്ടുള്ള സംസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ?

2021-ലെ കേന്ദ്ര ഡാം സുരക്ഷാ നിയമം സംസ്ഥാനങ്ങളുടെ പരമാധികാരത്തിന്മേലും സംസ്ഥാനങ്ങളുടെ നിയന്ത്രണത്തിൽ വരുന്ന ജലസ്രോതസ്സുകളുടെയും ഡാമുകളുടെയും മേലുള്ള കടന്നുകയറ്റമാകുമെന്ന സംശയത്തിനാലും തമിഴ്നാട്, കർണ്ണാടക, ഒഡീഷ എന്നീ സംസ്ഥാനങ്ങൾ ടി നിയമത്തിന്റെ കരട് പതിപ്പിനെതിരെ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. ദേശീയ ഡാം സുരക്ഷാ അതോറിറ്റി (National Dam Safety Authority) രൂപീകരിക്കപ്പെടുമ്പോൾ വിവിധ സംസ്ഥാനങ്ങളുടെ പ്രത്യേക അധികാര

പരിധിയിൽ ഉൾപ്പെടുന്ന ഡാമുകളുടെയും അന്തർ സംസ്ഥാന ഡാമുകളുടെയും ജലസ്രോതസ്സുകളുടെയും മേൽനോട്ടവും നിയന്ത്രണവും പൂർണ്ണമായും ദേശീയ ഡാം സുരക്ഷാ അതോറിറ്റിയിൽ നിക്ഷിപ്തമാകുമോ എന്നിവ സംബന്ധിച്ച വിഷയങ്ങൾ സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്.

മീനച്ചിലാറിൽ ചെക്ക് ഡാം-കം-കോസ് വേ

194 (2961) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാരയ്ക്കാട്-ചങ്ങാടക്കടവ് ഭാഗത്ത് മീനച്ചിലാറിൽ ഒരു ചെക്ക് ഡാം-കം-കോസ് വേ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭാഗത്ത് ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയെയും തലപ്പലം പഞ്ചായത്തിനെയും ബന്ധിപ്പിച്ച് ഒരു ചെക്ക് ഡാം-കം-കോസ് വേ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയെയും തലപ്പലം പഞ്ചായത്തിനെയും ബന്ധിപ്പിച്ചുള്ള ചെക്ക് ഡാം-കം-കോസ് വേ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തികൾക്കായി 7,80,000/- രൂപയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

## പുല്ലിപുഴയിൽ സാൾട്ട് എക്സ്ട്രൂഷൻ ചെക്ക് ഡാം

195 (2962) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ 2020-21 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്ന പുല്ലിപ്പുഴ സാൾട്ട് എക്സ്ട്രൂഷൻ ചെക്ക് ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയാറാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

2020-21 വർഷത്തെ ബജറ്റിൽ പുല്ലിപ്പുഴയ്ക്ക് കുറുകെ സാൾട്ട് വാട്ടർ എക്സ്ട്രൂഷൻ ചെക്ക്ഡാം-കം-റെഗുലേറ്റർ നിർമ്മാണം എന്ന പ്രവൃത്തിക്ക് തുകയൊന്നും അനുവദിച്ചിരുന്നില്ല. 2021-22 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം പ്രൊവിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെ സാൾട്ട് വാട്ടർ എക്സ്ട്രൂഷൻ ചെക്ക്ഡാം-കം-റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് വന്ന കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ;

&

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതായ തുടർനടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ടി പ്രവൃത്തിയുടെ ഡി.പി.ആർ. സർക്കാരിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. 2021-22 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം പ്രൊവിഷൻ ഉൾപ്പെടുത്തിയിരിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെ സാൾട്ട് വാട്ടർ എക്സ്ട്രൂഷൻ ചെക്ക്ഡാം-കം-റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിക്ക് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷൻ വർക്കിനായുള്ള സാമ്പത്തികാനുമതി, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി, ടെൻഡർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആയത് എത്രയുംവേഗം പൂർത്തീകരിച്ച് റിപ്പോർട്ട് രൂപകൽപ്പനയ്ക്കായി ഐ.ഡി.ആർ.ബി.-ക്ക് നൽകുകയും ഐ.ഡി.ആർ.ബി. തയ്യാറാക്കി നൽകുന്ന രൂപകൽപ്പന പ്രകാരം ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകാവുന്നതുമാണ്.

ആർ.എം.പി. തോടിന്റെ ആഴം കൂട്ടലും പാർശ്വഭിത്തി നിർമ്മാണവും

196 (2963) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളക്കെട്ടിന് പരിഹാരമായി നിർദ്ദേശിക്കപ്പെട്ടതും 15 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കപ്പെട്ടതുമായ ആർ.എം.പി. തോടിന്റെ തോന്നിപ്പാലം മുതൽ മാലിപ്പുറം ബീച്ച് റോഡ് വരെ പാർശ്വഭിത്തി കെട്ടുന്നതിനും ആഴം കൂട്ടുന്നതിനുമായുള്ള പ്രവൃത്തിക്കായി തുക അനുവദിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനംമൂലം വൈപ്പിൻ മണ്ഡലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിക്കായി 2021-22-ലെ ബഡ്ജറ്റിൽ Vol II Annexure II Sl.No. 244-ൽ 100 രൂപ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കടലുണ്ടിപ്പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം

197 (2964) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിനുശേഷം മലപ്പുറം മണ്ഡലത്തിൽ കടലുണ്ടിപ്പുഴയുടെ തീരങ്ങളിലെ സംരക്ഷണഭിത്തി നിർമ്മാണത്തിനായുള്ള വിവിധ പ്രവൃത്തികളുടെ പുരോഗതികൾ വെളിപ്പെടുത്തുമോ;

&

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇതുവരെ ഫണ്ട് അനുവദിച്ചത്; പൂർത്തിയായ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ?

2018-ലെ പ്രളയത്തിനുശേഷം മലപ്പുറം മണ്ഡലത്തിൽ കടലുണ്ടിപ്പുഴയുടെ തീരങ്ങളിലെ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികൾക്കെല്ലാം ഫണ്ട് അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ അംഗീകാരത്തിനായി എസ്റ്റിമേറ്റുകൾ ലഭിച്ചിട്ടില്ല. അവ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## സംരക്ഷണഭിത്തി കെട്ടലും വി.സി.ബി. നിർമ്മാണവും

198 (2965) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോടിന്റെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനും തോടിന്റെ ഇരുകരകളിലുമുള്ള പാടശേഖരങ്ങളിൽ കാർഷിക ആവശ്യത്തിനായി വെള്ളമെത്തിക്കുന്നതിനും വർഷകാലങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനുമായി തോടിന്റെ ഇരുകരകളിലും സംരക്ഷണഭിത്തി കെട്ടുന്നതിനും പഴയ വി.സി.ബി.-കൾ നവീകരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുംവേണ്ടിയുള്ള എസ്റ്റിമേറ്റും പ്രൊപ്പോസലും ജലവിഭവ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ;

&

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോടിന്റെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനും തോടിന്റെ ഇരുകരകളിലുമുള്ള പാടശേഖരങ്ങളിൽ കാർഷിക ആവശ്യത്തിനായി വെള്ളമെത്തിക്കുന്നതിനും വർഷകാലങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനുമായി തോടിന്റെ ഇരുകരകളിലും സംരക്ഷണഭിത്തി കെട്ടുന്നതിനും പഴയ വി.സി.ബി.-കൾ നവീകരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുംവേണ്ടി 1,026 ലക്ഷം രൂപയുടെ പ്രൊപ്പോസൽ " Renovation of Painkannur Padam thodu in Kuttippuram Panchayath in Kottakkal LAC in Malappuram District" എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ടെട്രാപോഡ് കടൽഭിത്തി സംരക്ഷണം

199 (2966) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി തീരദേശത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന ടെട്രാപോഡ് മോഡൽ കടൽഭിത്തി സംരക്ഷണത്തിന്റെ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അടിയന്തര തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ തെരഞ്ഞെടുത്ത പത്ത് ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെട്ടതാണ് പൊന്നാനി തീരദേശം. ഇവിടെ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, ചെന്നൈയുമായി കടൽത്തീര സംരക്ഷണത്തെ സംബന്ധിച്ച പഠനത്തിന് ധാരണയായിട്ടുണ്ട്. പഠനം നടത്തി ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് കടൽഭിത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്.

<u>ഗുരുവായൂർ മണ്ഡലത്തിലെ കടൽഭിത്തി, പുലിമുട്ട് നിർമ്മാണം</u>

200 (2967) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് തുടങ്ങിയവ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടുന്ന

പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് തുടങ്ങിയവ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ചാവക്കാട് താലൂക്കിൽ മേജർ ഇറിഗേഷൻ/അഡീഷണൽ ഇറിഗേഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

പരിഗണനയിലില്ല.

<u>വെറ്റക്കട മുതൽ ഓടയം വരെ കടൽഭിത്തി നിർമ്മാണം</u>

201 (2968) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ഇടവ ഗ്രാമപഞ്ചായത്തിലെ വെറ്റക്കട മുതൽ ഓടയം വരെ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വർക്കല ഇടവ ഗ്രാമപഞ്ചായത്തിലെ ഒറ്റക്കട മുതൽ ഓടയം വരെ കടൽഭിത്തി നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണം</u>

202 (2969) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് മേജർ ഇറിഗേഷൻ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറായിട്ടുണ്ടോ; വിശദീകരിക്കാമോ?

കൊയിലാണ്ടി മണ്ഡലത്തിലെ കൊളാവിപ്പാലം കടപ്പുറത്ത് പുലിമുട്ട് നിർമ്മാണത്തിന്റെ മുന്നോടിയായി, സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) നടത്തിയ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടിലെ ചില കാര്യങ്ങളിൽ വ്യക്തത വരുത്തി പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കടൽഭിത്തി, പുലിമുട്ട് നിർമ്മാണം</u>

203 (2970) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിലെ ശേഷിക്കുന്ന ഭാഗങ്ങളിലെ കടൽഭിത്തി നിർമ്മാണത്തിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

&

(ബി) ഈ ഭാഗങ്ങളിലെ കടൽഭിത്തി/പുലിമുട്ടുകളുടെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക ഫണ്ട് വകയിരുത്തുമോ?

ആറാട്ടുപുഴ പഞ്ചായത്തിൽ ആറാട്ടുപുഴ മുതൽ മംഗലം വരെയുള്ള ഭാഗവും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പാനൂർ, തോപ്പിൽമൂല, ചേലക്കാട്, കോട്ടേമുറി എന്നീ ഭാഗങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് അഞ്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലോക ബാങ്കിന്റെ ഫണ്ട് ലഭിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പ്രദേശങ്ങളിലെ ഏതെല്ലാം ഭാഗങ്ങളിലാണ് ഐ.ഐ.ടി. പഠനത്തിനായി നിശ്ചയിച്ചിട്ടുള്ളതെന്ന വിവരവും പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

നിലവിൽ ഈ പ്രദേശത്ത് ഐ.ഐ.റ്റി. പഠനത്തിനായി നിശ്ചയിച്ചിട്ടില്ല.

ആനങ്ങാടി കടൽസുരക്ഷാ ഭിത്തി നിർമ്മാണം

204 (2971) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ പ്രകൃതിക്ഷോഭത്തിൽ തകർന്ന ആനങ്ങാടി മുതൽ ബാഫഖി നഗർ വരെയുള്ള ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി കോഴിക്കോട് സർക്കിൾ ഓഫീസിൽനിന്നും 31-01-2022-ൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച ശിപാർശയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച വ്യക്തമായ ശിപാർശ സർക്കാരിലേയ്ക്ക് ബന്ധപ്പെട്ട ഭരണ വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വിശദീകരിക്കാമോ;

&

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് ഭരണാനുമതി നൽകുമോ?

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ പ്രകൃതിക്ഷോഭത്തിൽ തകർന്ന ആനങ്ങാടി മുതൽ ബാഫഖി നഗർ വരെയുള്ള ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി സർക്കിൾ ഓഫീസിൽ നിന്നും സമർപ്പിച്ച ശിപാർശയിന്മേൽ 197.6 ലക്ഷം രൂപയുടെ റിപ്പോർട്ട് ഭരണാനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിൽനിന്നും 14-03-2022-ൽ സർക്കാരിൽ ലഭിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## തീരപ്രദേശങ്ങളിലെ വേലിയേറ്റം തടയുന്നതിന് നടപടി

205 (2972) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ തീരപ്രദേശങ്ങളിൽ മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി എല്ലാ ദിവസവും തുടർച്ചയായി കായലിൽനിന്നും വേലിയേറ്റം ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായൽ തീരത്തിനടുത്ത് താമസിക്കുന്ന ജനങ്ങൾക്ക് ഈ പ്രതിഭാസം ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നതിനാൽ ഇത് തടയുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫലപ്രദമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

വേലിയേറ്റ പ്രശ്നങ്ങൾ അനുഭവിക്കുന്ന പ്രദേശങ്ങളിൽ പുതിയ സംരക്ഷണഭിത്തി കെട്ടിയും നിലവിൽ തകർന്ന അവസ്ഥയിലുള്ള സംരക്ഷണഭിത്തി ഉയരംകൂട്ടി പുനർനിർമ്മിച്ചും താഴ്ന്ന പ്രദേശങ്ങളിലെ വെള്ളക്കെട്ടിന് പരിഹാരം കാണാനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ഇതുകൂടാതെ ആലപ്പുഴ ജില്ലയിലെ വിവിധ താഴ്ന്ന പ്രദേശങ്ങളിലെ കായൽ തീരസംരക്ഷണവും ഇടത്തോടുകളുടെ പുനരുജ്ജീവനത്തിനുമായി സമഗ്ര പദ്ധതിയുടെ എസ്റ്റിമേറ്റുകൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. ഈ എസ്റ്റിമേറ്റുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കി വെള്ളക്കെട്ടിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## വി.സി.ബി.-കളുടെ ഉയരം കൂട്ടാൻ നടപടി

206 (2973) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി വലിയതോടിന് കുറുകെ ഉയരം കുറഞ്ഞ പാലങ്ങൾ/ വി.സി.ബി., എന്നിവ നിർമ്മിച്ചത് കാരണം വെള്ളത്തിന്റെ സ്വാഭാവിക

ഒഴുക്ക് തടസ്സപ്പെടുകയും കാലവർഷത്തിൽ തോട് കരകവിഞ്ഞ് ടൗണിൽ പ്രളയത്തിന് കാരണമാവുകയും ചെയ്യുന്നതിനാൽ അവ ഉയരംകൂട്ടി കോൺക്രീറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി വലിയതോട്ടിൽ വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട് പ്രളയ ഭീഷണി ഉയർത്തുന്നുവെന്ന് പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട നിർമ്മിതികൾ കണ്ടെത്തി ആയത് കൊണ്ടോട്ടി മുനിസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രദേശത്തെ ജനപ്രതിനിധികളുമായും കർഷകരുമായും കൂടിയാലോചിച്ച് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## മലമ്പുഴ ഗാർഡനിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടോയ്‌ലറ്റ് സംവിധാനം

207 (2974) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ ഗാർഡനിൽ വിനോദ സഞ്ചാര വകുപ്പിന്റെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് സംവിധാനം നിർമ്മിക്കുന്ന പദ്ധതിക്ക് ഇറിഗേഷൻ വകുപ്പ് ആവശ്യമായ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതുവരെ അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉണ്ട്. അനുമതി പത്രത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

## മാനാപ്പുഴ പാലം നിർമ്മാണത്തിന് എൻ.ഒ.സി.

208 (2975) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി മാനാപ്പുഴ പാലം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് മൈനർ ഇറിഗേഷൻ എൻ.ഒ.സി. നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

ഉണ്ട്. മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ മാനാപ്പുഴ പാലം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് എൻ.ഒ.സി. നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും ചെങ്ങന്നൂർ മൈനർ ഇറിഗേഷൻ ഡിവിഷനിൽ 03-12-2021-ലാണ് ലഭ്യമായത്. പ്രസ്തുത പദ്ധതിയുടെ പേര് പാലം നിർമ്മാണം എന്നാണെങ്കിലും എസ്റ്റിമേറ്റിൽ കലുങ്ക് നിർമ്മാണം എന്നാണ് ഉൾക്കൊള്ളിച്ചിരുന്നത്. ആയതിൽ വ്യക്തത വരുത്തി എസ്റ്റിമേറ്റ് പുനർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കാൻ 10-01-2022-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പുനർ സമർപ്പിച്ചിട്ടില്ല. ടി കാരണത്താലാണ് എൻ.ഒ.സി. നൽകാൻ വൈകുന്നത്.

(സി) പ്രസ്തുത നിർമ്മാണത്തിന് എൻ.ഒ.സി. നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

എസ്റ്റിമേറ്റിൽ വ്യക്തത വരുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള എൻ.ഒ.സി. നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി നൽകാവുന്നതാണ്.

<u>മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>

209 (2976) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുവഴി കഴിഞ്ഞ ആറ് വർഷം അനുവദിക്കപ്പെട്ട പ്രവൃത്തി, തുക, അവയുടെ പുരോഗതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ആറ് വർഷങ്ങളിലായി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിലെ ജലാശയങ്ങളുടെ സംരക്ഷണത്തിനായി ഈ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം അറിയിക്കാമോ?

ജലാശയങ്ങളുടെ സംരക്ഷണത്തിനായി ഐ.റ്റി.സി. കുളത്തിന്റെ നവീകരണം, ആര്യാട് ജുമാ മസ്ജിദ് പള്ളിക്കുളം നവീകരണം, കൈതത്തിൽ കുളത്തിന്റെ നവീകരണം, പെരുംതുരുത്ത് ക്ഷേത്രക്കുളത്തിന്റെ നവീകരണം തുടങ്ങിയവയുടെ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചു. കൈതത്തിൽ കുളത്തിന്റെ നവീകരണം, തോണ്ടൻകുളങ്ങര കുളത്തിന്റെ നവീകരണം, തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. കൂടാതെ വിവിധ തോടുകളായ മിയാത്ത് തോട്, ആര്യാട് പഞ്ചായത്തിലെ മുതലപ്പൊഴി തുടങ്ങിയവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ആലപ്പുഴ ടൗൺ കനാലിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.

## കുറ്റ്യാടി ജലസേചന പദ്ധതി

210 (2977) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള ഡാമിന്റെ

അറ്റകുറ്റപ്പണിയും മറ്റ് നിർമ്മാണ പ്രവൃത്തികളും കാരണം വെള്ളം യഥാസമയം തുറന്നുവിടാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കാരണം കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിർമ്മാണ പ്രവൃത്തികൾ ജലസേചനത്തെ ബാധിക്കാത്ത തരത്തിൽ നിർവ്വഹിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

&

(സി) വരും വർഷങ്ങളിൽ ഇത്തരം സ്ഥിതി ഒഴിവാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദവിവരം സഹിതം അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ രണ്ട് വർഷങ്ങളിലും ജലവിതരണം ആരംഭിച്ച അതേ സമയത്ത്, അതായത് ഫെബ്രുവരി 3-ാം വാരം മുതൽ ജലവിതരണം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

## പ്ലാൻ, നോൺ പ്ലാൻ പ്രവൃത്തികൾ

211 (2978) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ

മൈനർ ഇറിഗേഷൻ മുഖേന അനുവദിച്ചിട്ടുള്ള പ്ലാൻ, നോൺ-പ്ലാൻ പ്രവൃത്തികൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന പ്ലാൻ, നോൺ-പ്ലാൻ പ്രവൃത്തികൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല.

(ബി) 2016-21 കാലയളവിൽ മൈനർ ഇറിഗേഷൻ മുഖേന കൊയിലാണ്ടി മണ്ഡലത്തിലേയ്ക്കായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ആരംഭിച്ചവ ഏതെല്ലാമെന്നും ആരംഭിക്കാനുള്ളവ ഏതെല്ലാമെന്നും പട്ടിക രൂപത്തിൽ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## നട്ടിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

212 (2979) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ചതിന് സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പര്യവേക്ഷണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 10-11-2021-ൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ 16.60 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി ടെണ്ടർ ചെയ്തു. ടെണ്ടറിൽ ഒരു കരാറുകാരൻ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ആയതിനാൽ പുതിയ ടെണ്ടർ ചെയ്തിട്ടുണ്ട്.

ഞവരൂർ കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

213 (2980) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഇത്തിക്കരയാറിന് കുറുകെ ഞവരൂർ കടവിൽ മേജർ ഇറിഗേഷൻ വകുപ്പിന് കീഴിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡിസൈൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പൂർത്തിയാക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ ഇത്തിക്കരയാറിന് കുറുകെ ഞവരൂർ കടവിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഇതിലേയ്ക്കാവശ്യമായ ഡിസൈൻ തിരുവനന്തപുരം ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറിൽനിന്നും ലഭ്യമാക്കി എസ്റ്റിമേറ്റ് ഇറിഗേഷൻ ചീഫ് എഞ്ചിനീയറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക്, ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>കടക്കാട്ട് പാറ ആലുംകടവ് റെഗുലേറ്റർ പദ്ധതി</u>

214 (2981) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട റെഗുലേറ്റർ ആയ കടക്കാട്ട് പാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിയുടെ രൂപകൽപ്പന ഐ.ഡി.ആർ.ബി. പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തത്വത്തിൽ അംഗീകാരം നൽകുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കാമോ;

&

(സി) തത്വത്തിൽ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർവ്വഹണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

കടക്കാട്ടുപാറ ആലുംക്കടവ് റെഗുലേറ്റർ പദ്ധതിയുടെ രൂപകല്പന ഐ.ഡി.ആർ.ബി. പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ രൂപകൽപ്പനയ്ക്കായി ഐ.ഡി.ആർ.ബി.-യിൽ സമർപ്പിച്ച പ്രൊപ്പോസലിൽ അപാകതകൾ കണ്ടതിനെത്തുടർന്ന് അവ പരിഹരിച്ച് നൽകാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. അപ്രകാരം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ അധിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ രൂപകൽപ്പനാ നടപടികൾ ഐ.ഡി.ആർ.ബി.-യിൽ ആരംഭിച്ചിരുന്നുവെങ്കിലും പ്രസ്തുത കാലയളവിൽത്തന്നെ ഇതിന് സമാന്തരമായി നിർമ്മാണത്തിലിരിക്കുന്ന

പട്ടിശ്ശേരി ഡാമിന്റെ പുനരുപകല്പനയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കേണ്ടിവന്നതിനാലാണ് കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിയുടെ രൂപകല്പനയ്ക്ക് കാലതാമസം നേരിട്ടത്. ആയതിനാൽ ടി പ്രവൃത്തിക്ക് മുൻഗണന നൽകി രൂപകല്പന പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഐ.ഡി.ആർ.ബി.-യിൽ സ്വീകരിച്ചുവരുന്നു. രൂപകല്പന ലഭ്യമായശേഷം ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## <u>വിയ്യംചിറ റഗുലേറ്റർ-കം-ബ്രിഡ്ജ്</u>

215 (2982) <u>ശ്രീ. ടി. പി .രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗതാഗതത്തിനും ജലക്രമീകരണത്തിനുമായി ഉപയോഗിച്ചുവരുന്ന വിയ്യംചിറ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിലവിലെ അപകടകരമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗതാഗതത്തിനും ജലക്രമീകരണത്തിനുമായി ഉപയോഗിച്ചുവരുന്ന കരുവോട്ടുചിറ സ്കീമിന്റെ വിയ്യംചിറയിലുള്ള റെഗുലേറ്റർ-കം-ബ്രിഡ്ജ്

കാലപ്പഴക്കത്താൽ കേട്പാടുകൾ സംഭവിച്ച് അപകടകരമായ അവസ്ഥയിലാണുള്ളത്. ഈ റെഗുലേറ്റർ-കം-ബ്രിഡ്ജ് പുതുക്കിപ്പണിയേണ്ടത് അത്യാവശ്യമാണ്. ഇതിനായി വിശദമായ പഠനം നടത്തി പദ്ധതിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കി, ഭരണാനുമതിക്കായുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇറിഗേഷൻ വകുപ്പിലെ റേഷ്യോ പ്രൊമോഷൻ

216 (2983) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലെ എൽ.ഡി. ക്ലർക്കിൽനിന്നും യു.ഡി. ക്ലർക്കിലേക്കുള്ള റേഷ്യോ പ്രൊമോഷൻ എത്രയാണെന്ന് വ്യക്തമാക്കാമോ?

ഇറിഗേഷൻ വകുപ്പിൽ എൽ.ഡി. ക്ലർക്ക്, യു.ഡി. ക്ലർക്ക് വിഭാഗങ്ങൾ തമ്മിൽ 1:1 എന്ന അനുപാതമാണ് നിലനിർത്തി വരുന്നത്.

(ബി) 2017-ൽ അനോമലി സെൽ രൂപീകരിക്കുകയും 2016-ൽ സർവ്വീസിൽ കയറിയ ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് 01-11-2021-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തതിനാൽ 03-06-2021-ൽ നടത്തിയ സ്ഥാനക്കയറ്റ ഉത്തരവിൽ മതിയായ ഒഴിവുകളുണ്ടായിട്ടും സീനിയോറിറ്റി

ലിസ്റ്റ് ഉണ്ടായിരുന്നില്ലെന്ന കാരണത്താൽ മേൽ ജീവനക്കാരുടെ പ്രൊമോഷൻ നടത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) 13-02-2022-ലെ ജി.ഒ.(സാധാ)നം.99/2022/ഡബ്ല്യു.ആർ.ഡി. പ്രകാരം വീണ്ടും അനോമലി സെൽ രൂപീകരിക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2016-ൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചതും യാതൊരു അനോമലികളിൽ ഉൾപ്പെടാത്തതുമായവരുടെ പ്രൊമോഷൻ നടത്തുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കാമോ?

ഇറിഗേഷൻ വകുപ്പിലെ എൽ.ഡി.സി.-യു.ഡി.സി. തസ്തികളിലെ 01-04-1990 മുതൽ 31-12-2020 വരെയുള്ള ഫൈനൽ സീനിയോറ്റി ലിസ്റ്റിനെതിരെ നിരവധി ആക്ഷേപങ്ങൾ ഉയർന്നിരുന്നു. OA(Ekm)841/2021, OA(Ekm) 2077/19 ഉൾപ്പെടെ വിവിധ കേസുകളിലെ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും ടി ലിസ്റ്റിലെ അപാകതകൾ, ഒരു Anomaly Redressal Cell രൂപീകരിച്ച് പരിഹരിക്കാൻ 13-02-2022-ലെ G.O.(Rt)99/22/WRD ഉത്തരവ് പ്രകാരം ചീഫ് എഞ്ചിനീയറെ (I&A)

ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ പ്രകാരമുള്ള പുനഃപരിശോധന പൂർത്തിയാകുമ്പോൾ മാത്രമേ നിശ്ചിത തീയതിയിൽ ഉണ്ടായ ഒഴിവുകളുടെ കൃത്യമായ വിവരങ്ങൾ ലഭിക്കുകയുള്ളൂ. ആയതിനാൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷമേ പ്രൊമോഷൻ നൽകാൻ സാധിക്കുകയുള്ളൂ.

## അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനം

217 (2984) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രൊമോഷനുവേണ്ടി മാറ്റിവെച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം സർട്ടിഫിക്കറ്റ് ക്വാട്ട, ഡിപ്ലോമ ക്വാട്ട എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിപ്ലോമ, സർട്ടിഫിക്കറ്റ് ക്വാട്ട അനുവദിക്കുന്നതിലെ തർക്കം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക്

പ്രൊമോഷൻ നൽകുന്നതിനായി ഡി.പി.സി. കൂടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രൊമോഷനായി മാറ്റിവച്ച ഒഴിവുകളുടെ വിവരം താഴെപറയും പ്രകാരമാണ്.

ഡിപ്ലോമ ക്വാട്ട - 50 ഒഴിവുകൾ

സർട്ടിഫിക്കറ്റ് ക്വാട്ട - 25 ഒഴിവുകൾ

(ബി) പ്രസ്തുത ഒഴിവുകൾ എന്നുമുതലാണ് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കാമോ; 29-05-2021-ലെ എ 3/5000/2020 ഉത്തരവിൻ പ്രകാരം പ്രൊമോഷൻ നൽകിയതിനുശേഷം പിന്നീട് പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത ഒഴിവുകൾ 01-03-2021 മുതലുള്ള റിട്ടയർമെന്റിന്റെയും 31-01-2022-ലെ ജി.ഒ.(ആർ.റ്റി.) നം.71/2022/ജവിവ പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. 29-05-2021-ലെ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ എ 3/5000/2020 ഉത്തരവ് പ്രകാരമുള്ള സ്ഥാനക്കയറ്റം നൽകിയതിനുശേഷം ഡിപ്ലോമ, സർട്ടിഫിക്കറ്റ് ക്വാട്ടയിന്മേലുള്ള തർക്കംമൂലം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ സ്ഥാനക്കയറ്റം നൽകുന്നതിനായി ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ്

പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാൽ പ്രൊമോഷൻ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(സി) 29-05-2021-ൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെന്നും ആയതിൽ ഓരോ ക്വാട്ടയിലും എത്ര വീതം പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; പ്രസ്തുത തസ്തികയിലേയ്ക്ക് മേൽപ്പറഞ്ഞ പ്രകാരം ഇനി എപ്പോൾ പ്രമോഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഡിപ്ലോമ, സർട്ടിഫിക്കറ്റ് കാറ്റഗറികളിലായി ആകെ 84 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. ആയതിൽ:

(1) ഡിപ്ലോമ കാറ്റഗറിയിൽ 29-05-2021-ലെ എ 3/5000/2020 ഉത്തരവ് പ്രകാരം 41 പേർക്കും 26-10-2021-ലെ ഉത്തരവ് നം.എ 3/7800/2020 പ്രകാരം ഒരാൾക്കും

(2) സർട്ടിഫിക്കറ്റ് കാറ്റഗറിയിൽ 29-05-2021-ലെ എ 3/5000/2020 ഉത്തരവ് പ്രകാരം 28 പേർക്കും സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് കോടതി വ്യവഹാരങ്ങളിൽ പുറപ്പെടുവിക്കുന്ന അന്തിമവിധി അനുസരിച്ച് മാത്രമേ പ്രൊമോഷൻ നൽകുന്ന കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാകൂ.

## ഇറിഗേഷൻ വകുപ്പിലെ നിയമനങ്ങൾ

218 (2985) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ സിവിൽ എൻജിനീയറിംഗ് വിഭാഗത്തിൽ പ്രൊമോഷൻ വഴി നികത്തേണ്ട എത്ര അസിസ്റ്റന്റ് എൻജിനീയർ ഒഴിവുകൾ നിലവിലുണ്ട്; ഇവ നികത്തുന്നതിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; അറിയിക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പ്രൊമോഷൻ മുഖേന നികത്തപ്പെടേണ്ട 75 ഒഴിവുകൾ നിലവിലുണ്ട്. ഡിപ്ലോമ, സർട്ടിഫിക്കറ്റ് ക്വാട്ടയിന്മേലുള്ള തർക്കംമൂലം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഡി.പി.സി. കൂടാൻ കഴിയാത്ത സാഹചര്യത്തിൽ പ്രൊമോഷൻ നടപടികൾ തടസപ്പെട്ടിരിക്കുകയാണ്.

(ബി) കേസ് കാരണം പ്രസ്തുത ഒഴിവുകൾ നികത്താതിരിക്കുന്നതിന്റെ ഭാഗമായി ഫസ്റ്റ്, സെക്കൻഡ്, തേർഡ് ഗ്രേഡ് സിവിൽ ഓവർസീയർ പോസ്റ്റുകളിൽ ഇപ്പോൾ നിലവിൽ വരേണ്ടിയിരുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പ്രൊമോഷൻ നടക്കുന്നതിനനുസൃതമായാണ് ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ {ഓവർസിയർ} (സിവിൽ) രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), മൂന്നാംതരം ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിൽ ഒഴിവുകളുണ്ടാകുന്നത്. മേൽ സൂചിപ്പിച്ച പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിലുള്ള 75 ഒഴിവുകളും പ്രൊമോഷൻ മുഖേന നികത്തപ്പെട്ടുമ്പോൾ അത്രയുംതന്നെ ഒഴിവുകൾ ഡ്രാഫ്റ്റ്സ്മാൻ തസ്തികകളിലും ഉണ്ടാകുന്നു.

(സി) ഒഴിവുകളിൽ അർഹരായവരുടെ അഭാവത്തിൽ പ്രൊമോഷൻ പോസ്റ്റുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന കേഡറിലേയ്ക്ക് താത്കാലികമായി തരംതാഴ്ത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന 08-06-2021-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സ.ഉ.(കൈ) നം. 13/2021/ഉഭപവ നമ്പർ ഉത്തരവ് വകുപ്പിൽ ഓവർസീയർ സിവിൽ ഗ്രേഡ് 3, 2, 1 പോസ്റ്റുകളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; അല്ലാത്തപക്ഷം ആയതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

08-06-2021-ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ സ.ഉ. (കൈ)നം. 13/2021/ഉ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ

സ്വീകരിക്കുന്ന കാര്യത്തിൽ ചീഫ് എഞ്ചിനീയർ (ഐ&എ) ഒരു സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

219 (2986) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വ്യക്തവും കുറ്റമറ്റതുമായ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചീഫ് എഞ്ചിനീയർ (ഐ&എ)യുടെ കാര്യാലയത്തിലെ 17-08-2015-ലെ ഐ.സി.5-16895/2014 നമ്പർ ഉത്തരവ് പ്രകാരം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ റേഷ്യോ പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റിയുടെ 23-02-2021-ലെ Lr.No. 16.02.2021 നമ്പർ നിവേദനം മുഖ്യമന്ത്രിക്ക് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റിയുടെ പ്രസ്തുത നിവേദനം അഡീഷണൽ ചീഫ് സെക്രട്ടറി ജലസേചനത്തിന് തുടർ നടപടികൾക്കായി കൈമാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഇ) പ്രസ്തുത നിവേദനം ലഭിച്ചില്ലെന്ന് നിയമസഭയിൽ മറുപടി നൽകിയിരുന്നോ; എങ്കിൽ ഇപ്രകാരം മറുപടി നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

നൽകിയിരുന്നു. വകുപ്പിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽനിന്നും പ്രസ്തുത നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

## കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ അപകടാവസ്ഥയിലുള്ള നിർമ്മാണങ്ങൾ

220 (2987) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായതും നിലവിൽ അപകടാവസ്ഥയിലുള്ളതുമായ നിർമ്മാണങ്ങൾ ഏതൊക്കെയെന്ന് വിശദവിവരം സഹിതം അറിയിക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായതും നിലവിൽ അപകടാവസ്ഥയിലുള്ളതുമായ നിർമ്മാണങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) പൊതുജനങ്ങളുടെ ജീവന് ഭീഷണിയായിട്ടുള്ള സ്ട്രക്ചറുകൾ പുനർനിർമ്മിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

50 വർഷത്തോളം പഴക്കമുള്ള കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലകളും നിർമ്മിതികളും പുനർനിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനുമായി 180 കോടി രൂപ ചെലവ് കണക്കാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും 22-02-2022-ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതിൽ യോഗം ചേർന്ന് പ്രസ്തുത പ്രൊപ്പോസൽ ചർച്ച ചെയ്യുകയും അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾക്ക് മുൻഗണന നൽകിക്കൊണ്ടും പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വ്യക്തമാക്കിക്കൊണ്ടും പ്രൊപ്പോസൽ ഭേദഗതി ചെയ്ത് സർക്കാരിൽ സമർപ്പിക്കാൻ പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള സ്ഥലത്ത് അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതാണ്.

## കൊണ്ടോട്ടി മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ

221 (2988) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടോട്ടി

മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലായി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദീകരിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു പ്രവൃത്തിക്ക് (മൈനർ വിഭാഗത്തിൽ) ഭരണാനുമതി നൽകിയിട്ടുണ്ട്. PLAN - RLIS - Kondotty LAC - Repair works to canal of Lift Irrigation Scheme Ch: 2200 to 2500 in Vazhakkad Panchayath in Malappuram Dist. (ഭരണാനുമതി തുക 25 ലക്ഷം) സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേജർ വിഭാഗത്തിൽ ഭരണാനുമതി നൽകിയിട്ടില്ല.

(സി) പുതുതായി സർക്കാരിലേയ്ക്ക് സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കൊണ്ടോട്ടി മണ്ഡലത്തിൽനിന്നും പുതുതായി സർക്കാരിലേയ്ക്ക് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

## വ്യവസായ പാർക്കിന് സ്ഥലം

222 (2989) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി ഇറിഗേഷന്റെ പേരാമ്പ്ര-എരവട്ടൂർ വില്ലേജിൽ ഉപയോഗശൂന്യമായി സ്ഥിതിചെയ്യുന്ന ഭൂമിയിൽനിന്നും രണ്ട് ഏക്കർ സ്ഥലം വ്യവസായ പാർക്ക് രൂപീകരിക്കുന്നതിനായി ആവശ്യപ്പെട്ടത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കുറ്റ്യാടി പ്രോജക്ട് ഡിവിഷന്റെ അധീനതയിലുള്ള കൊയിലാണ്ടി താലൂക്കിൽ എരവത്തുർ വില്ലേജിൽ കിഴിഞ്ഞാണ്യം ദേശത്ത് റീസർവ്വേ നമ്പർ 17/2 ബി-യിൽ ഉൾപ്പെടുന്ന സ്ഥലത്ത് അഞ്ച് ഏക്കർ സ്ഥലമാണ് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിൽ 1.748 ഏക്കർ സ്ഥലം ഒഴിഞ്ഞുകിടക്കുന്നുവെന്ന കെ.വൈ.ഐ.പി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1-ൽനിന്നും പ്രസ്തുത സ്ഥലത്തിന്റെയും പ്ലോട്ടിന്റെയും ലൊക്കേഷൻ സ്കെച്ച്, സൈറ്റ് പ്ലാൻ തുടങ്ങിയവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികളുടെ പുരോഗതി

223 (2990) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലഘട്ടത്തിൽ ഇരിക്കൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും നിർമ്മാണവും പുരോഗതിയും പട്ടിക തിരിച്ച് വ്യക്തമാക്കാമോ?

2016-21 കാലഘട്ടത്തിൽ ഇരിക്കൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും നിർമ്മാണവും പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കാട്ടാക്കട മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ

224 (2991) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി മൈനർ ഇറിഗേഷൻ വഴി നബാർഡ് സ്കീമിൽ സമർപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചു; വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിവിധ ഏലകളിൽ ജലസേചന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യം മെച്ചപ്പെടുത്തുന്നതിന് (improving Irrigation facilities for various elas in Kattakada Constituency) 25 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ വിശദമായ പദ്ധതിരേഖ 15-03-2022-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ മുഖാന്തിരം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി രേഖ പരിശോധിച്ച് നബാർഡ് ട്രാഞ്ചെ 27-ന്റെ പരിഗണനയ്ക്കായി നബാർഡിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുട്ടനാട്ടിലെ പുറംബണ്ടുകളിൽ ട്രാക്ടർ റോഡ്

225 (2992) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുമ്പോൾ ട്രാക്ടർ റോഡുകൂടി ലഭിക്കത്തക്ക നിലയിൽ ബലപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) കൃഷി ആവശ്യത്തിനുള്ള ആഗ്രോ മെഷീനറികളും മറ്റ് കൃഷി അനുബന്ധ സാധനങ്ങളും എത്തിക്കുന്നതിന് ട്രാക്ടർ റോഡുകളോടുകൂടി പുറംബണ്ട് നിർമ്മാണം നടത്താൻ നടപടികൾ ഉണ്ടാകുമോ?

നിലവിലുള്ള പുറംബണ്ടുകൾ മിക്കവയും ട്രാക്ടർ റോഡിനുതകുന്ന രീതിയിലുള്ള വീതി ലഭ്യമല്ല. ഒരേ സമയം ട്രാക്ടർ റോഡായും പുറംബണ്ടായും പ്രവർത്തിക്കുന്ന രീതിയിൽ ആവശ്യമായി വന്നാൽ, നിലവിലെ വീതികുറഞ്ഞ പുറംബണ്ടുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നിലവിലുള്ള തണ്ണീർത്തട നിയമങ്ങൾക്ക് വിധേയമായും പുറംബണ്ടുകൾക്ക് വീതി കൂട്ടി ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

കോലഞ്ചേരി ഇൻസ്പെക്ഷൻ ബംഗ്ലാവ് നവീകരണം

226 (2993) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഞ്ചേരി പി.വി.ഐ.പി. കോളനിയിലെ ഇൻസ്പെക്ഷൻ ബംഗ്ലാവ് യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതെ വാസയോഗ്യമല്ലാതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഇൻസ്പെക്ഷൻ ബംഗ്ലാവ് നവീകരിക്കുന്നതിന് പതിനഞ്ച് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

&

(സി) ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നവീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നവീകരണത്തിനായി പതിനഞ്ച് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

## കാട്ടാക്കടയിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

227 (2994) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷന് കീഴിൽ നടന്നുവരുന്നതും അനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.+

(ബി) ഭൂജല വകുപ്പിന് കീഴിൽ നടന്നുവരുന്നതും അനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.+

## മാവേലിക്കര മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ

228 (2995) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്നതിനായി വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ടി പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## കാഞ്ഞിരപ്പുഴ ഡാമിന്റെ ടൂറിസം സാദ്ധ്യതകൾ

229 (2996) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിലുള്ള കാഞ്ഞിരപ്പുഴ ഡാമിന്റെ ടൂറിസം സാധ്യതകളെ പൂർണ്ണമായും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ ജലസേചന വകുപ്പിന് കീഴിലുള്ള കാഞ്ഞിരപ്പുഴ ഡാമിന്റെ ഉദ്യാനവികസനത്തിനായി ലോകബാങ്ക് സഹായത്തോടെ മൂന്ന് കോടി രൂപ അനുവദിക്കുകയും ആയതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരികയും ചെയ്യുന്നു.

(ബി) ഡാം പ്രദേശത്ത് സാഹസിക ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനും അതുവഴി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മലയോര മേഖലകൂടിയായതിനാൽ കാഞ്ഞിരപ്പുഴ ഡാം പ്രദേശത്ത് സാഹസിക ടൂറിസത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്.

<u>അങ്കമാലി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ</u>

230 (2997) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷന്റെ കീഴിൽ 2021-22 കാലയളവിൽ പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

അങ്കമാലി നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷന്റെ കീഴിൽ 2021-22 കാലയളവിൽ പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കഴിഞ്ഞ രണ്ട് പ്രളയത്തിലും പൂർണ്ണമായും തകർന്ന മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് കഴിഞ്ഞ കാലഘട്ടത്തിൽ അനുവദിച്ചതിന്റെ മൂന്നിലൊന്ന് തുകപോലും ഇക്കൊല്ലം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ പ്രവൃത്തികൾ ചെയ്തിട്ടുള്ളതിനാൽ മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ ആവശ്യകത ഈ വർഷം കുറവാകുകയും ഡി.എസ്.ആർ. 2018 റേറ്റ് റിവിഷൻമൂലം കൂടുതൽ തുക ആവശ്യമായി വരികയും ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ അനുവദിച്ച തുകയിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മോട്ടോർ ഷെഡ്ഡും പമ്പിംഗ് പ്രവർത്തനങ്ങളും പൂർണ്ണ തോതിൽ സജ്ജമാക്കുന്നതിന് 2021-22-ൽ അനുവദിച്ച തുക പര്യാപ്തമാണോ; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാമ്പ്രകടവ് പമ്പ് ഹൗസിന് -(New LI Schemes: construction of a pump house at Mambra kadavu near Chalakkudy river and laying pipe line to Mambra padasekharam in ward No 1&18 of Parakkadavu Grama panchayath) 2021-22-ൽ 105 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. റേറ്റ് റിവിഷൻമൂലം ടി പ്രവൃത്തിക്ക് കൂടുതൽ തുക ആവശ്യമായി വന്നതിനാൽ അനുവദിച്ച തുക പര്യാപ്തമല്ല. ഇതിന് ആവശ്യമായ ബാക്കി തുകയായ 72 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഫേസ് II ആയി തയ്യാറാക്കിയിട്ടുണ്ട്. ഫേസ് I പൂർത്തീകരിച്ചുവരുന്ന മുറയ്ക്ക് ഫേസ് II-ന് അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) മൈനർ ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണിക്കും പമ്പുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഫണ്ട് ആവശ്യപ്പെട്ട് നിലവിൽ വകുപ്പിൽ പെന്റിംഗിൽ ഇരിക്കുന്ന പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മൈനർ ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണിക്കും പമ്പുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>കാഞ്ഞിരപ്പുഴ ഡാമിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവ്</u>

231 (2998) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാമിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവ് വാടക ഈടാക്കി ഗസ്റ്റുകൾക്കും പൊതു ആവശ്യക്കാർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉയർന്ന ഉദ്യോഗസ്ഥർ പരിശോധനകളുമായി ബന്ധപ്പെട്ട് അടിയന്തരയാത്ര നടത്തുന്ന സന്ദർശനങ്ങളിൽ താമസസൗകര്യത്തിനായി ഉപയോഗിക്കുന്നവയാണ്. അതിനാൽ ഒരു പൊതുനയമായി സ്വീകരിച്ച് വാടക ഈടാക്കി പൊതു ആവശ്യത്തിനായി നൽകാൻ സാധിക്കുകയില്ല.

<u>ചാത്തൻതറ കടവിലെ ജനങ്ങൾക്ക് യാത്രാ സൗകര്യം</u>

232 (2999) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിപ്പാട് പഞ്ചായത്തിലെ ചാത്തൻതറ കടവിലെ ഇരുകരകളിലും താമസിക്കുന്ന ജനങ്ങൾക്ക് സുരക്ഷിതമായി യാത്രചെയ്യാനുള്ള സൗകര്യം ഒരുക്കുന്നതിന് ഇറിഗേഷൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

പള്ളിപ്പാട് പഞ്ചായത്തിലെ ചാത്തൻതറ കടവിലെ ഇരുകരകളിലും താമസിക്കുന്ന ജനങ്ങൾക്ക് സുരക്ഷിതമായി യാത്ര ചെയ്യാനുള്ള സൗകര്യം ഒരുക്കുന്നതിലേയ്ക്കായി അടിയന്തിരമായി സ്ഥല സന്ദർശനം നടത്തി, എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ മേജർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കുന്നതിന് അനുമതി

233 (3000) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന പഞ്ചായത്തിലെ അയിരൂർപാടം, ആമല, പുലിമല, അയപ്പാറ പ്രദേശങ്ങളിൽ പൊതു കളിസ്ഥലം ഇല്ലാത്തതിനാൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം പൊതു കളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് വിട്ടുനൽകണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ നിർത്തിക്കൊണ്ട് പഞ്ചായത്തിന് കളിസ്ഥലം നിർമ്മിക്കാൻ അനുമതി

നല്ലാവുന്നതാണെന്ന് കാണിച്ച് പിറവം പ്രോജക്ട് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

&

(ഡി) ഉപയോഗശൂന്യമായി കിടക്കുന്ന പ്രസ്തുത സ്ഥലം നാട്ടുകാർ പല ആവശ്യങ്ങൾക്കായി കഴിഞ്ഞ 40 വർഷത്തോളമായി ഉപയോഗിച്ച് വരുന്ന സാഹചര്യത്തിൽ, അവിടെ കളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ട് പിണ്ടിമന ഗ്രാമപഞ്ചായത്തിന് കളിസ്ഥലം, മിനി സ്റ്റേഡിയം, നീന്തൽക്കുളം മുതലായവയ്ക്കുവേണ്ടി വിട്ടുനൽകുന്നത് സംബന്ധിച്ച് പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് 16-03-2022-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## കുഴൽക്കിണർ നിർമ്മാണ അനുമതി

234 (3001) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; കുഴൽക്കിണർ നിർമ്മാണ അനുമതിക്കുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ 6-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 18-02-2022-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.7/2022/ജവിവ, പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, അവയുടെ മുനിസിപ്പാലിറ്റി, പഞ്ചായത്ത്, കോർപ്പറേഷൻ ഏരിയകളിലും പുതിയ ഭൂജല നിർമ്മിതികൾ കുഴിക്കുന്നതിനും ആഴം കൂട്ടുന്നതിനും യന്ത്രവത്ക്കരണത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. കൂടാതെ സംസ്ഥാനത്ത് പുതുതായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന

നടപടിക്രമങ്ങളും നിലവിലുണ്ട്.

1) കേരള പഞ്ചായത്ത് മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പുതുതായി കുഴൽക്കിണർ നിർമ്മാണം നടത്തുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും പെർമിറ്റ് നേടേണ്ടതുണ്ട്. പെർമിറ്റ് ലഭ്യമാകണമെങ്കിൽ ഭൂജലവകുപ്പിൽനിന്നും അനുമതി നേടേണ്ടതുണ്ട്.

2) ബഹു. സുപ്രീംകോടതിയുടെ 06-08-2010-ലെ W.P.(C)No.36/2009-ലെ ഉത്തരവ് അനുസരിച്ച് കുഴൽക്കിണർ നിർമ്മാണത്തിന് 15 ദിവസം മുമ്പ് ജില്ലാ കളക്ടർ/ഗ്രാമപഞ്ചായത്ത് തലവൻ, ഹെൽത്ത്/ മുനിസിപ്പാലിറ്റി/ജലവിഭവ വകുപ്പ് അധികാരികളെയോ രേഖാമൂലം അറിയിക്കേണ്ടതാണ്.

(ബി) ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി മഴവെള്ള സംഭരണ സംവിധാനങ്ങൾ സാർവ്വത്രികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ

വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൻ കീഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. ജലനിധി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കുടുംബങ്ങൾക്ക് 10,000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സാധിക്കുന്ന മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമിച്ച് നൽകിവരുന്നു. പ്രസ്തുത സംഭരണികളിൽനിന്നും നിറഞ്ഞ് കവിഞ്ഞൊഴുകുന്ന ജലം തൊട്ടടുത്തുള്ള കിണറുകളിലേയ്ക്കോ, പ്രത്യേകം തയാറാക്കുന്ന റീചാർജ് പിറ്റിലേക്കോ ഒഴുക്കിവിടുന്നു. ഇപ്രകാരം ചെയ്യുന്നത് ഭൂജല വിതാനം ഉയർത്തുന്നതിന് സഹായകരമാകുന്നുണ്ട്. 54 ഗ്രാമ പഞ്ചായത്തുകളിലായി 9,662 വ്യക്തിഗത കുടുംബങ്ങൾക്കും 840 സർക്കാർ വിദ്യാലയങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി 20 ഗ്രാമപഞ്ചായത്തുകളിലെ 8,464 തുറന്ന കിണറുകൾ മഴവെള്ളം കടത്തിവിട്ട് റീചാർജിംഗ് ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പുരപ്പുറത്ത് പെയ്യുന്ന മഴവെള്ളം പാത്തി, പൈപ്പ് ഉപയോഗിച്ച് ഫിൽറ്റർ

സംവിധാനത്തിലൂടെ കടത്തിവിട്ട് ശുദ്ധീകരിച്ച് കിണറുകളിലേയ്ക്ക് ഒഴുക്കിവിടുന്നു. 1,775 വീടുകളിൽ പദ്ധതി ഇതിനോടകം പൂർത്തിയാക്കി ബാക്കിയുള്ളവയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇപ്രകാരം ചെയ്യുന്നതിലൂടെ ഭൂജല വിതാനം വളരെ വേഗത്തിൽ ഉയർത്തുവാനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു. വളരെ ലളിതമായ സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യുന്ന ഈ പ്രവർത്തനം വരുംവർഷങ്ങളിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് പരിഗണനയിലാണ്.

കുഴൽക്കിണർ നിർമ്മാണത്തിനുള്ള പൈപ്പുകളുടെ വില

235 (3002) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽക്കിണറുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന പൈപ്പുകളുടെ വില മാർക്കറ്റ് വിലയേക്കാൾ വളരെ താഴ്ത്തി നിശ്ചയിച്ചിട്ടുള്ളതുമൂലം കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുഴൽക്കിണറുകളുടെ നിർമ്മാണ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന പൈപ്പുകളുടെ വില പുതുക്കി നിശ്ചയിച്ചത് സർക്കാർ പൊതു പ്രവൃത്തികൾക്ക്

ഡി.എസ്.ആർ.2018-ലെ നിരക്കുകൾ പ്രാബല്യത്തിലാക്കിയതിന് ശേഷമാണ്. ഡി.എസ്.ആർ. 2018-ലെ പൈപ്പുകളുടെ നിരക്കുകൾ മാർക്കറ്റ് റേറ്റിനെക്കാൾ കുറവായ സാഹചര്യത്തിൽ കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ മാർക്കറ്റ് റേറ്റിനനുസരിച്ച് പുതുക്കി അംഗീകാരത്തിനായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ പ്രശ്നം പരിഹരിക്കാനാകുന്നതാണ്.

(ബി) വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന ഘട്ടത്തിൽ കുഴൽക്കിണറുകളുടെ നിർമ്മാണത്തിനും മെയിന്റനൻസിനും തടസ്സം നേരിടുന്നതിനാൽ പൈപ്പുകളുടെ വില മാർക്കറ്റ് വിലയ്ക്കനുസൃതമായി പുനർനിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന ഘട്ടത്തിൽ കുഴൽ ക്കിണറുകളുടെ നിർമ്മാണത്തിനും മെയിന്റനൻസിനും തടസ്സം നേരിടാതിരിക്കുവാൻ കുഴൽക്കിണർ നിർമ്മാണത്തിനാവശ്യമായ പൈപ്പുകളുടെ നിരക്ക് മാർക്കറ്റ് റേറ്റിനനുസരിച്ച് പുതുക്കി നിശ്ചയിച്ച്

അംഗീകാരത്തിനായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഭൂജല വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളുടെയും ആവശ്യകത ശേഖരിച്ച് സെൻട്രലൈസ്ഡ് പ്രൊക്യൂവർമെന്റിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടാമ്പി മണ്ഡലത്തിലെ റോഡ് റീസ്റ്റോറേഷൻ

236 (3003) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ തകർന്ന നിലയിലാണെന്നുള്ളതും അവ പൂർവ്വസ്ഥിതിയിലാക്കുന്നതിന് കാലതാമസം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് റോഡിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന തുക (ഡിമാൻഡ് നോട്ടീസ്) പുനരുദ്ധാരണ തുകയായി അടയ്ക്കുന്നുണ്ട്. പൈപ്പ് സ്ഥാപിക്കുന്നതിലൂടെ തകരാറിലായ റോഡുകൾ കാൽനടയാത്രക്കാർക്കും വാഹനഗതാഗതത്തിനും ബുദ്ധിമുട്ടില്ലാത്ത

രീതിയിൽ താൽക്കാലികമായി പുനരുദ്ധാരണം നടത്തുമെങ്കിലും റോഡ് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള പ്രവൃത്തി നിലവിൽ പൊതുമരാമത്ത് വകുപ്പാണ് നടത്തുന്നത്.

(ബി) ജൽജീവൻ മിഷന്റെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ചിട്ടുള്ള ഗ്രാമീണ റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(സി) പട്ടാമ്പി മണ്ഡലത്തിൽ ഇത്തരം ഗ്രാമീണ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; അവ റീസ്റ്റോർ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും എപ്പോൾ ഇവ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

പട്ടാമ്പി മണ്ഡലത്തിലെ കൊപ്പം, വിളയൂർ, വല്ലപ്പുഴ, തിരുവേഗപ്പുര, മുതുതല, പഞ്ചായത്തുകളിലെ എല്ലാ ഗ്രാമീണ റോഡുകളിലും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഓങ്ങല്ലൂർ പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി ടെണ്ടറിംഗ് ഘട്ടത്തിലാണ്. നിലവിൽ കുലുക്കല്ലൂർ പഞ്ചായത്തിലെ ചില

സ്ഥലങ്ങൾ പൊളിച്ചിടത്ത് കോൺക്രീറ്റ് ചെയ്ത് പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടുണ്ട്. പൈപ്പിടൽ പ്രവർത്തിക്കുശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്ന പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഇപ്പോൾ ജെ.ജെ.എം. പ്രവർത്തികൾ പൂർത്തിയായ ഗ്രാമീണ റോഡുകൾ പൂർണമായും പൂർവ്വസ്ഥിതിയിലാക്കേണ്ടത് അതാത് പഞ്ചായത്തുകളാണ്. 23-02-2022-ലെ ജി.ഒ.(ആർ.റ്റി.) നം.134/2022/WRD പ്രകാരം അനുമതി നല്കിയിട്ടുള്ള പുതിയ പദ്ധതി തുകകളിൽ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള തുകകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പംതന്നെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾകൂടി നടത്താൻ സാധിക്കുന്നതാണ്. കൂടാതെ സർക്കാർതലത്തിൽ ROW (Portal) നിലവിൽ വന്നിട്ടുണ്ട്. ആയതിനാൽ പൈപ്പുകൾ സ്ഥാപിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുകയും അതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.

## ഫാമിലി പെൻഷൻ അനുവദിക്കാൻ നടപടി

237 (3004) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ പി.എച്ച്.ഇ.ഡി.-ൽ ഓപ്പറേറ്റർ മെക്കാനിക്കായിരുന്ന പി. ജി. പരമു 05-04-1987-ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ ഭാര്യ ലക്ഷ്മി പരമുവിന് ലഭിച്ചുകൊണ്ടിരുന്ന ഫാമിലി പെൻഷൻ 15-03-2011-ൽ അവർ മരണപ്പെട്ടതിനെ തുടർന്ന് അവരെ ആശ്രയിച്ച് കഴിഞ്ഞിരുന്ന അവിവാഹിതയായ മകൾ പി. പി. ഗിരിജയ്ക്ക് ലഭിക്കുന്നതിനായി 09-06-2011-ന് സമർപ്പിച്ച അപേക്ഷയിൽ ഫാമിലി പെൻഷൻ അനുവദിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ശ്രീമതി. പി.പി. ഗിരിജ ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി ഫോം 6 പ്രകാരം അപേക്ഷ സമർപ്പിച്ചത് 15-03-2021-ൽ ആയിരുന്നു. പ്രസ്തുത അപേക്ഷ 21-06-2021 തീയതിയിൽ വാട്ടർ അതോറിറ്റി, ഹെഡ് ഓഫീസിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കുടുംബ പെൻഷൻ, സേവന വിവരങ്ങൾ എന്നിവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകുവാൻ കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽനിന്നും 15-11-2021-ൽ WS-B3/246/2021/WRD നമ്പർ കത്ത് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 14-12-2021-ൽ സബ് ട്രഷറി ഓഫീസർ,

നായരമ്പലം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പബ്ലിക് ഹെൽത്ത് ഡിവിഷൻ കൊച്ചി, കേരള വാട്ടർ അതോറിറ്റി എന്നിവർക്ക് കത്ത് നൽകിയിരിക്കുകയാണ്.

(ബി) പ്രസ്തുത ഫാമിലി പെൻഷൻ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ആവശ്യപ്പെട്ട വിവരങ്ങൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് പെൻഷന് അർഹതയുണ്ടെങ്കിൽ അനുവദിക്കുന്നതാണ്.

വെട്ടിപ്പൊളിച്ച റോഡുകളുടെ പുനരുദ്ധാരണം

238 (3005) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ജലനിധി കുടിവെള്ള പദ്ധതിക്കായി വെട്ടിപ്പൊളിച്ച റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) റോഡുകൾ പുനഃസ്ഥാപിക്കുന്നതിനായി റീസ്റ്റോറേഷൻ ഫണ്ട് അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ മൂന്നിയൂർ, ഊരകം, വേങ്ങര, പരപ്പൂർ ഒഴൂർ, ഇരിങ്ങല്ലൂർ എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് Kerala Rural Water Supply and Sanitation Agency (KRWSA)യുടെ 21-12-2021-ൽ കൂടിയ ഗവേണിംഗ് കൗൺസിൽ അംഗീകരിക്കുകയുണ്ടായി. അതിൻപ്രകാരമുള്ള റോഡ് പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ ഇനി ബാക്കി നൽകാനുള്ള തുക പണത്തിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്യുന്നതാണ്.

## മൂന്നിയൂർ ജലനിധി പദ്ധതി

239 (3006) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നിയൂർ ജലനിധി പദ്ധതിയുടെ ഭാഗമായി ജലനിധി ഗവേണിംഗ് ബോഡി അംഗീകാരം നൽകിയ റിവൈസ്ഡ് എസ്റ്റിമേറ്റ് സംബന്ധിച്ച പൂർണ്ണമായ വിശദാംശം നൽകാമോ?

മൂന്നിയൂർ ജലനിധി പദ്ധതിയുടെ ഭാഗമായി ജലനിധി ഗവേണിംഗ് ബോഡി അംഗീകരിച്ച് നൽകിയ 29,69,96,010 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ റോഡ് നവീകരണത്തിനുള്ള ഫണ്ടിന്റെ വിശദാംശം നൽകാമോ; പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി മാത്രം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്?

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മൂന്നിയൂർ ശുദ്ധജലവിതരണ പദ്ധതിയിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിച്ച പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനർ നിർമ്മാണത്തിനുവേണ്ടി 4,38,05,662 രൂപയും, പഞ്ചായത്ത് റോഡുകൾക്കുവേണ്ടി 4,96,43,990 രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി അനുവദിച്ച തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തി നടപ്പാക്കുന്ന രീതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനർ നിർമ്മാണത്തിനാവശ്യമായ തുക പ്രസ്തുത വകുപ്പിൽ അടച്ചതിനുശേഷമാണ് റോഡ് കുഴിക്കുന്നതിനും പൈപ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള അനുമതി ലഭിച്ചിട്ടുള്ളത്. ഈ റോഡുകളുടെ പുനരുദ്ധാരണം പൊതുമരാമത്ത് വകുപ്പിന്റെ നിബന്ധനകൾക്ക്

വിധേയമായി നടപ്പിലാക്കുന്നതാണ്. പഞ്ചായത്ത് റോഡുകളുടെ പുനർ നിർമാണത്തിനുള്ള തുക പണത്തിന്റെ ലഭ്യത അനുസരിച്ച് മുന്നിയൂർ പഞ്ചായത്തിന് നൽകുന്നതാണ്.

(ഡി) റോഡ് പുനരുദ്ധാരണമടക്കം മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

മുന്നിയൂർ പഞ്ചായത്തിലെ റോഡുകളുടെ പുനർ നിർമ്മാണം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തും (LSGD), പൊതുമരാമത്ത് വകുപ്പും (PWD) ആണ് നിർവ്വഹിക്കുന്നത്. മുന്നിയൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ട്രയൽ റൺ പ്രവർത്തങ്ങൾ നടന്നുവരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പണികളും 2022 മാർച്ച് മാസം 25-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

<u>പെരിന്തൽമണ്ണ മണ്ഡലത്തിലെ ജൽജീവൻ മിഷൻ</u>

240 (3007) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

പെരിന്തൽമണ്ണ മണ്ഡലത്തിലെ ഏലംകുളം, പുലാമന്തോൾ താഴെക്കോട് ആലിപ്പറമ്പ് എന്നീ പഞ്ചായത്തുകളിൽ മുഴുവനായി എഫ്.എച്ച്.റ്റി.സി.-കൾ നൽകുന്ന പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. വെട്ടത്തൂർ, മേലാറ്റൂർ, കീഴാറ്റൂർ പഞ്ചായത്തുകൾക്കായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 19511 എഫ്.എച്ച്.റ്റി. സി.-കൾക്കായി 40,371.73 ലക്ഷം രൂപയ്ക്കാണ് 08-03-2022-ൽ ഡി.ഡബ്ല്യൂ.എസ്.എം. അംഗീകാരം നല്കിയിട്ടുള്ളത്. ഈ പദ്ധതി അടുത്ത എസ്.ഡബ്ല്യൂ.എസ്.എം.-ൽ പരിഗണിക്കുന്നതാണ്. പെരിന്തൽമണ്ണ മണ്ഡലത്തിൽ ഭരണാനുമതി നല്കിയ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.+

(ബി) ജൽജീവൻ മിഷൻ മുഖേന പ്രസ്തുത മണ്ഡലത്തിൽ നടക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

ജൽജീവൻ മിഷൻ മുഖേന പ്രസ്തുത മണ്ഡലത്തിൽ നടക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.+

## കാസർഗോഡ് ജില്ലയിലെ പദ്ധതികൾ

241 (3008) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന വിവിധ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ജലജീവൻ മിഷൻ

242 (3009) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.

1) ഗ്രാമ പഞ്ചായത്തുകളിലെ വീടുകളിൽ പ്രവർത്തനക്ഷമമമായ ടാപ്പ് കണക്ഷനുകൾ 2024-നുള്ളിൽ ലഭ്യമാക്കുക.

2) ഗ്രാമ പഞ്ചായത്തിൽ സ്ഥിരമായി വരൾച്ച ബാധിക്കുന്ന പ്രദേശങ്ങൾക്കും ജല ഗുണനിലവാര പ്രശ്നങ്ങൾ നേരിടുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലങ്ങൾക്കും പദ്ധതിയിൽ മുൻഗണന നൽകുക.

3) വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ആഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പ് കണക്ഷനുകൾ നൽകുക.

4) പദ്ധതിയിൽ നിർമ്മിക്കുന്ന ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക.

5) പ്രാദേശികമായി കുടിവെള്ള വിതരണത്തിൽ ഉടമസ്ഥതാബോധം ഉറപ്പുവരുത്തുന്നതിനായി പണമായോ, സാധനസാമഗ്രികളായോ അല്ലെങ്കിൽ തൊഴിൽരൂപത്തിലോ ഗ്രാമത്തിലെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

6) കുടിവെള്ള വിതരണ സംവിധാനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്താനും നടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായ ധനലഭ്യത ഉറപ്പാക്കാനുംവേണ്ട സഹായം നൽകുക.

7) നിർമ്മാണ പ്രവൃത്തികൾ, പ്ലംബിംഗ്-ഇലക്ട്രിക്കൽ ജോലികൾ, ജല ഗുണനിലവാര പരിപാലനം, ജല ശുദ്ധീകരണം, ജലസ്രോതസ്സുകൾക്ക് ചുറ്റുമുള്ള നീർത്തടത്തിലെ മണ്ണ്, ജല ജൈവ സംരക്ഷണം, പദ്ധതി നടത്തിപ്പ്, പരിപാലനം എന്നിവ തുടർച്ചയായി ഏറ്റെടുക്കാനുള്ള

വ്യക്തികളെ കണ്ടെത്തുകയും അവരുടെ ശേഷി കൂട്ടുകയും ചെയ്യുക വഴി ജല വിതരണ മേഖലയെ ശക്തിപ്പെടുത്തുക.

8) കുടിവെള്ളത്തിന്റെ അളവും ഗുണവും സംരക്ഷണവും ഉറപ്പാക്കുന്നതിൽ എല്ലാവർക്കും ചുമതലയും കടമയും ഉത്തരവാദിത്വവും പങ്കും ഉണ്ടെന്ന് വിവിധ ബോധവൽക്കരണ, പ്രചാരണ മനോഭാവമാറ്റ പരിപാടികളിലൂടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി ജലം എല്ലാവരുടെയും കൂടിയാണെന്ന കാഴ്ചപ്പാടും സമീപനവും വളർത്തിക്കൊണ്ടുവരിക.

(ബി) ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ ഇതുവരെ ആകെ 1,56,810 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 1,511.11 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് പുറമെ ജലനിധി, ഭൂജല വകുപ്പ് എന്നീ ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി നിലവിൽ വന്ന 2020-21-നുശേഷം ഇടുക്കി ജില്ലയിൽ 10-03-2022 വരെ 21,081 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഭരണാനുമതി നല്കിയ പ്രവൃത്തികൾ വിവിധ

ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി (കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പ് ഉൾപ്പെടെ) നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള സംക്ഷിപ്തവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഇടുക്കി ജില്ലയിൽ ചെറുതോണി, തൊടുപുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജലഗുണനിലവാര പരിശോധന സബ്ഡിവിഷണൽ ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അടിമാലിയിൽ എൻ.എ.ബി.എൽ. നിലവാരത്തിലുള്ള ഒരു പുതിയ സബ് ഡിവിഷണൽ ലാബ് തുടങ്ങുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

### പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ ജലജീവൻ മിഷൻ പദ്ധതി

243 (3010) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ അർബൻ പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ?

നഗരപ്രദേശങ്ങളിൽ എല്ലാ വീടുകളിലും പ്രവർത്തനക്ഷമമായ ടാപ്പുകളിലൂടെ ജലവിതരണത്തിന്റെ സാർവത്രിക കവറേജ് നൽകുന്നതിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപകൽപ്പന ചെയ്തിട്ടുള്ള പദ്ധതിയാണ് ജൽജീവൻ അർബൻ പദ്ധതി അഥവാ അമൃത് 2.0. ഈ പദ്ധതി കേരളത്തിലെ 93 നഗരങ്ങളിൽ (6 കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ) നടപ്പിലാക്കുന്നുണ്ട്. ഒരു ലക്ഷത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള നഗരങ്ങളിലെ പദ്ധതികൾക്ക് കേന്ദ്രവിഹിതം 50 ശതമാനവും ഒരു ലക്ഷം മുതൽ പത്ത് ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ കേന്ദ്രവിഹിതം 33 ശതമാനവും പത്ത് ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള നഗരങ്ങളിൽ കേന്ദ്ര വിഹിതം 25 ശതമാനവും ആയിരിക്കും. ബാക്കി തുക സംസ്ഥാന സർക്കാരും നഗരസഭകൾ/മുനിസിപ്പാലിറ്റികൾ വഹിക്കേണ്ടതാണ്. ജല അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി മുഖേനയാണ് അംഗീകാരം നൽകേണ്ടത്. നിലവിൽ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 45 കോടിയോളം രൂപ പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. ഭരണാനുമതി നല്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഏറനാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

244 (3011) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം കുടിവെള്ള പദ്ധതികൾക്കാണ് നിലവിൽ അനുമതി നല്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ?

ഏറനാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ കുടിവെള്ള കണക്ഷനുകളുടെ വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു.+ വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളിൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.+

വളാഞ്ചേരി മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതി

245 (3012) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ വട്ടപ്പാറയിൽ 2020-21 സാമ്പത്തിക വർഷം മൈനോറിറ്റി ഫണ്ടിൽ ഉൾപ്പെടുത്തി 2020-ൽ ടെണ്ടർ നടത്തി പ്രവൃത്തി ആരംഭിച്ച മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

തിരുനാവായ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല ദീർഘിപ്പിച്ച് വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമായ വട്ടപ്പാറയിൽ ജല വിതരണം നടത്താനായി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും വട്ടപ്പാറയിൽ മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതിക്കായി 24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തി ആരംഭിച്ചിരുന്നു. എന്നാൽ, പ്രസ്തുത പദ്ധതിക്ക് പൈപ്പ്‌ലൈൻ ഇടുന്നതിനായി ആതവനാട് പഞ്ചായത്തിലൂടെ 400 മീറ്റർ റോഡ് മുറിക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുകയെക്കാൾ കൂടിയ തുക പഞ്ചായത്ത്

ആവശ്യപ്പെട്ടതിനെത്തുടർന്ന് തിരുനാവായ കുടിവെള്ള പദ്ധതിയിൽനിന്നും മറ്റൊരു ഭാഗത്തുകൂടി പൈപ്പ്‌ലൈൻ സ്ഥാപിച്ച് മേൽ പദ്ധതിയിൽ വിഭാവനം ചെയ്ത ഭാഗങ്ങളിൽ പൂർണമായും കുടിവെള്ള വിതരണം നടത്തിവരുന്നു.

(ബി) പ്രസ്തുത പദ്ധതി നിർത്തിവച്ചിരിക്കുകയാണെന്നും ഫണ്ട് മറ്റൊരു പ്രവൃത്തിക്കായി വകമാറ്റിയിരിക്കുകയാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

&

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ വട്ടപ്പാറയിൽ മൂർക്കംപ്പാട്ട് കുടിവെള്ള പദ്ധതി 2022 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തിവരുന്നു. മറ്റ് ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല.

**ജലജീവൻ പദ്ധതി**

246 (3013) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ കേന്ദ്ര-സംസ്ഥാന

സർക്കാരുകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതം എത്രയാണ്; വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷം ജൽജീവൻ പദ്ധതികൾക്കായി (കേന്ദ്ര സംസ്ഥാന വിഹിതം 50:50 അനുപാതത്തിൽ) സംസ്ഥാന ബഡ്ജറ്റിൽ 800 കോടി രൂപ വകയിരിത്തിയിരുന്നു. അതേ സമയം ഈ വർഷം കേന്ദ്ര വിഹിതമായി 1,353.45 കോടി അനുവദിക്കുകയും സംസ്ഥാന സർക്കാർ തത്തുല്യമായ തുക സംസ്ഥാന വിഹിതമായി അനുവദിക്കുകയും ചെയ്തു (ആകെ 2,706.90 കോടി രൂപ). സംസ്ഥാനത്ത് ജൽജീവൻ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഫണ്ട് വിനിയോഗം താഴെ പറയുന്ന ക്രമത്തിലാണ്.

കേന്ദ്ര വിഹിതം - 50%

സംസ്ഥാന വിഹിതം - 25%

തദ്ദേശ സ്ഥാപനങ്ങളുടെവിഹിതം - 15%

ഗുണഭോക്താക്കളുടെ വിഹിതം - 10%

## അരൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ

247 (3014) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പ്രകാരം അരൂർ മണ്ഡലത്തിലെ വിവിധ

പഞ്ചായത്തുകളിൽ എത്ര കുടിവെള്ള കണക്ഷൻ നൽകിയെന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ?

അരൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) അരൂർ മേഖലയിൽ വേനൽക്കാലത്ത് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പമ്പിംഗ് കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

അരൂർ മേഖലയിൽ മൂവാറ്റുപുഴ നദി സ്രോതസ്സായി 2012-ൽ കമ്മീഷൻ ചെയ്ത ചേർത്തല ജിക്ക പദ്ധതിയിൽനിന്നാണ് കുടിവെള്ള വിതരണം നടത്തുന്നത്. ഈ പദ്ധതിയിൽ 70 മുതൽ 75 ദശലക്ഷം ലിറ്റർ ജലം ദിവസേന ശുദ്ധീകരിച്ച് ചേർത്തല താലൂക്കിലെ ചേർത്തല മുനിസിപ്പാലിറ്റിയിലും 18 പഞ്ചായത്തുകളിലും വിതരണം നടത്തുന്നു. അരൂർ മേഖലയിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സാഹചര്യമുണ്ടായാൽ അത് പരിഹരിക്കുന്നതിനായി നിലവിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽനിന്ന് ആവശ്യമായ അളവിൽ ജലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### പുതുപ്പള്ളി മണ്ഡലത്തിലെ ശുദ്ധജല പദ്ധതികൾ

248 (3015) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ വാകത്താനം, മീനടം, പാമ്പാടി, കൂരോപ്പട, അയർക്കുന്നം, അകലകുന്നം, മണർകാട്, പുതുപ്പള്ളി എന്നീ പഞ്ചായത്തുകളിൽ കേന്ദ്ര ഗവണ്മെന്റിന്റെ കൂടി സഹായത്തോടെ നടത്തുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയിലും ഉൾപ്പെടുന്ന പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും എപ്പോഴാണ് അംഗീകാരം കിട്ടിയതെന്നും വ്യക്തമാക്കുമോ;

&

(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഓരോ പദ്ധതിയിലൂടെയും എത്ര കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ; ഓരോ പദ്ധതിയും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ വാകത്താനം, മീനടം, പാമ്പാടി, കൂരോപ്പാട, അയർക്കുന്നം, അകലക്കുന്നം, മണർകാട്, പുതുപ്പള്ളി എന്നീ പഞ്ചായത്തുകളിൽ കേന്ദ്രഗവണ്മെന്റിന്റെകൂടി സഹായത്തോടെ നടത്തുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## പുനലൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ

249 (3016) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ വഴിയുള്ള കുടിവെള്ള വിതരണം പൂർത്തിയായിട്ടുണ്ടോ?

പുനലൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു

(ബി) പ്രസ്തുത പദ്ധതി പൂർത്തിയായ പഞ്ചായത്തുകൾ ഏതൊക്കെയെന്നും പൂർത്തിയാകാത്തവയിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

**250 (3017)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിലെയും പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

&

(സി) പ്രസ്തുത പദ്ധതി വഴി ഓരോ പഞ്ചായത്തിലും എത്ര ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി പഞ്ചായത്ത് തിരിച്ച് വിവരം അനുബന്ധമായി ചേർക്കുന്നു.+

**കണ്ണൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**251 (3018)** <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കോർപ്പറേഷൻ, മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി ഉണ്ടാകുമോ;

&

(ബി) ഇവിടെ വേനൽക്കാലത്ത് കുടിവെള്ളത്തിന് ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ ജൽജീവൻ മിഷൻ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ ജലവിതരണം മാത്രമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കണ്ണൂർ കോർപ്പറേഷനിലെ ജലവിതരണം ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനാകാത്തതിനാൽ കോർപ്പറേഷനിലെ മുഴുവൻ ഭവനങ്ങൾക്കും ഗാർഹിക കണക്ഷൻ നൽകുന്നതിനായുള്ള പ്രവൃത്തി, അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. മുണ്ടേരി ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 4,572 ലക്ഷം രൂപയുടെ പദ്ധതിക്ക്

ജൽജീവൻ മിഷനിൽ 18-09-2021-ന് ഭരണാനുമതി നല്കിയിട്ടുണ്ട്. പുതിയ ടാങ്ക് നിർമാണത്തിനാവശ്യമായ സ്ഥലം 2022 ജനുവരി മാസം പഞ്ചായത്ത് ലഭ്യമാക്കിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതി പൂർത്തിയാകുന്നതോടെ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മുണ്ടേരി പഞ്ചായത്തിൽ കൊളച്ചേരി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും നിലവിൽ ശുദ്ധജല വിതരണം നടത്തുന്നുണ്ട്. വേനൽക്കാലത്ത് ശുദ്ധജല വിതരണം സുഗമമാകാനായി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. കൂടാതെ മുണ്ടേരി പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ച് നിർമ്മാണം ത്വരിതപ്പെടുത്താൻ ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

**252 (3019)** ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തരിയോട്, മൂപ്പൈനാട്, വൈത്തിരി, പടിഞ്ഞാറത്തറ, വേങ്ങപ്പള്ളി, കണിയാമ്പറ്റ, മുട്ടിൽ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഇതുവരെ 3788 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ഇതിനായി 2021 ഡിസംബർ 31 വരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ജലനിധി ഉൾപ്പെടെ ആകെ അനുവദിച്ച കണക്ഷനുകളുടെ എണ്ണം 4470 ആണ് (ഭരണാനുമതി തുക 963.60 ലക്ഷം). ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. ഇതിനായി 2021 ഡിസംബർ 31 വരെ 741.6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ജൽജീവൻ രണ്ടാംഘട്ട പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനുപുറമെ മേപ്പാടി, മൂപ്പൈനാട്, വൈത്തിരി എന്നീ പഞ്ചായത്തുകളിലായി 5953 കുടിവെള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്ഷനുകൾ നൽകുന്നതിനുള്ള 5,684.46 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി നിർവ്വഹണം ജില്ലാതലത്തിൽ ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷൻ നടത്തുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. നിരന്തര അവലോകനത്തിന്റെ ഭാഗമായി പദ്ധതിയുടെ മിഷൻ ഡയറക്ടറായ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും അവലോകന യോഗങ്ങൾ ചേർന്ന് വിലയിരുത്തുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളും പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്. ബഹു. മുഖ്യമന്ത്രിയും മുൻഗണനാ പദ്ധതിയിലുൾപ്പെടുത്തി ഈ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സ്ഥലലഭ്യത, റോഡ് കട്ടിംഗ് തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾക്ക് യഥാസമയം പരിഹാരം കാണുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ചർച്ച ചെയ്ത് കാലതാമസംകൂടാതെ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വയനാട് ജില്ലയിലെ അർബൻ മേഖലകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. അമൃത് 2.0 വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതികൾ

253 (3020) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ കാസർഗോഡ് ജില്ലയിൽ എത്ര കുടിവെള്ള പദ്ധതികളുണ്ടെന്നും ഇതിൽ ഏതൊക്കെ പദ്ധതികളാണ് കാലപ്പഴക്കംകൊണ്ടും ജലദൗർലഭ്യംകൊണ്ടും പുനരുദ്ധരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ ചെറുതും വലുതുമായി 75 കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഇവയിൽ അജാനൂർ, പനത്തടി, പള്ളിക്കര, ചെറുവത്തൂർ, പീലിക്കോട്, തൃക്കരിപ്പൂർ, കിനാനൂർ-കരിന്തളം, മൊഗ്രാൽപുത്തൂർ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെമ്മനാട്, ചെങ്കള തുടങ്ങിയ പഞ്ചായത്തുകളിലേയും കാഞ്ഞങ്ങാട്, നീലേശ്വരം മുനിസിപ്പാലിറ്റികളിലെയും പദ്ധതികൾ കാലപ്പഴക്കം/ ജലദൗർലഭ്യം എന്നിവ കാരണം കുടിവെള്ള പ്രശ്നം നേരിടുന്നുണ്ട്. പഞ്ചായത്തുകളിലുള്ള സ്കീമുകളുടെ കുടിവെള്ള പ്രശ്നം ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതോടെ പരിഹരിക്കപ്പെടും. കാഞ്ഞങ്ങാട്, നീലേശ്വരം മുനിസിപ്പാലിറ്റികൾക്കുവേണ്ടി പുതിയ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ വിതരണ ശൃംഖല മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. ഇതിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## മഴുവന്നൂർ ഇരിങ്ങാംചിറ സംരക്ഷണം

254 (3021) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ തട്ടാമുകൾ പമ്പ് ഹൗസ് പ്രവർത്തിക്കുന്ന ഇരിങ്ങാംചിറ സംരക്ഷിക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ;

&

(ബി) മഴുവന്നൂർ, കുന്നത്തുനാട് പഞ്ചായത്തുകളിലെ അറുപതിനായിരം ആൾക്കാരുടെ കുടിവെള്ള സ്രോതസ്സായ ഇരിങ്ങാംചിറ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുന്നത്തുനാട് മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ തട്ടാമുകൾ പമ്പ് ഹൗസ് പ്രവർത്തിക്കുന്ന ഇരിങ്ങാംചിറ സംരക്ഷിക്കുന്നതിന് സമർപ്പിച്ച 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് (പ്രൈസ് ഐ.ഡി.2018/2088/ഐ.എ.) 02-03-2019-ലെ ജി.ഒ.(ആർ.റ്റി.)നം.140/2019/ജ.വി.വ., പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും 22-12-2020-ൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ടി ചിറയിലേയ്ക്ക് വെള്ളം ഒഴുകി വരുന്നതിനായി പി.വി.ഐ.പി. കനാലിൽനിന്നും ചാനൽ നിർമ്മിച്ചിട്ടുള്ളതും ഡ്രൈ റബിൾ ഉപയോഗിച്ച് ഇരിങ്ങാംചിറയുടെ വശങ്ങൾ സംരക്ഷിച്ചിട്ടുള്ളതുമാണ്.

## കുപ്പിവെള്ള വിപണനം

255 (3022) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ളം ന്യായവിലയ്ക്ക് സർക്കാർ തലത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കുപ്പിവെള്ള കച്ചവടത്തിൽ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം

തടയുന്നതിനും ഗുണമേന്മയുള്ള കുപ്പിവെള്ളം വിപണിയിൽ എത്തിക്കുന്നതിനുമായി സർക്കാർ മേഖലയിൽ തൊടുപുഴയിലും അരുവിക്കരയിലും 'ഹില്ലി അക്വാ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊടുപുഴ പ്ലാന്റിൽനിന്നും ഒരു ലിറ്റർ കുപ്പിവെള്ളവും അരുവിക്കര പ്ലാന്റിൽനിന്നും ഒരു ലിറ്റർ കുപ്പിവെള്ളം, 20 ലിറ്റർ ജാർ എന്നിവയും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. 13 രൂപയ്ക്കാണ് ഒരു ലിറ്റർ കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നത്. കൂടുതൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ച് കുപ്പിവെള്ളത്തിന്റെ വിതരണം വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വില ലിറ്ററിന് 13 രൂപയായി നിശ്ചയിച്ച് പുറപ്പെടുവിച്ച 17-03-2020-ലെ സ.ഉ.(അച്ചടി) 5/20/ഭ.പൊ.വി.വ. നമ്പർ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടികൾ സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറലിനോട് തേടിയിരിക്കുകയാണ്.

(ബി) സർക്കാർ മേഖല വിപണനം നടത്തുന്ന കുടിവെള്ളത്തിന്റെ അളവും അതിലൂടെ ലഭ്യമാകുന്ന വരുമാനവും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഹില്ലി അക്വാ കുപ്പിവെള്ള പ്ലാന്റിൽനിന്നും ഉല്പാദിപ്പിക്കുന്ന വിവിധ കുപ്പിവെള്ളത്തിന്റെ അളവുകൾ: 1 ലിറ്റർ, 2 ലിറ്റർ, 20 ലിറ്റർ.

കഴിഞ്ഞ മൂന്ന് വർഷത്തെ വിറ്റുവരവ്

1) 2018 -19 - ₹ 5.36 കോടി

2) 2019-20 - ₹ 5.73 കോടി

3) 2020 -21 - ₹ 3.11 കോടി

## കളത്തിൻകടവ് റഗുലേറ്റർ-കം-ഫുട്ട് ബ്രിഡ്ജ്

256 (3023) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയിലെ ചാലിയാർ പുഴയ്ക്ക് കുറുകെയായി കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനുദ്ദേശിച്ചിരുന്ന കളത്തിൻകടവ് റഗുലേറ്റർ-കം-ഫുട്ട് ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ അവസ്ഥയും വിശദാംശങ്ങളും ലഭ്യമാക്കാമോ;

&

(ബി) നിലമ്പൂർ നഗരസഭ, അമരമ്പലം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ ജല സ്രോതസ്സ് എന്ന നിലയ്ക്ക് വേനൽക്കാലത്ത് ജലസാന്നിദ്ധ്യം ഉറപ്പാക്കാൻ കളത്തിൻകടവിൽ

സ്ഥിരം തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൻകടവിൽ റെഗുലേറ്റർ-കം-ഫുട്ട് ബ്രിഡ്ജ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി സമർപ്പിച്ച ഡി.പി.ആർ.-ന് 30-10-2018-ലെ സ.ഉ. നമ്പർ 780/2018/WRD പ്രകാരം തത്വത്തിൽ അംഗീകാരം നൽകി. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 54 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. നിലമ്പൂർ മണ്ഡലത്തിൽ നിലവിലുള്ള ആർ.സി.ബി.-കളായ ഓടക്കയത്തിൽ ആർ.സി.ബി.-യുടെയും പൂക്കോട്ടുമന ആർ.സി.ബി.-യുടെയും ഇടയിലായിട്ടാണ് പ്രസ്തുത റെഗുലേറ്റർ-കം-ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. 2019 ഓഗസ്റ്റിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലഘട്ടത്തിൽ നിലമ്പൂർ പ്രദേശത്ത് കനത്ത മഴയാണ് ലഭിച്ചത്. ഇതുമൂലം നിലവിലുള്ള ഈ രണ്ട് ആർ.സി.ബി.-കൾക്ക് വെള്ളപ്പൊക്കംമൂലം കനത്ത നാശനഷ്ടം സംഭവിച്ചു. കൂടാതെ ജനറേറ്റർ മുറി, സമീപത്തെ റോഡ്, നദിതീരം, കാർഷിക ഭൂമി, വീടുകൾ എന്നിവയ്ക്ക് കനത്ത നാശനഷ്ടം

സംഭവിക്കുകയും നിരവധി മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ, റെഗുലേറ്റർ-കം-ഫുട്ട് ബ്രിഡ്ജ് സുരക്ഷിതമായി നിർമ്മിക്കുന്നതിന് നിലവിലെ രൂപകൽപ്പന പര്യാപ്തമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. കൂടാതെ പ്രദേശത്ത് വീണ്ടുമൊരു റെഗുലേറ്റർ-കം-ബ്രിഡ്ജ് വരുന്നതിൽ പ്രതിഷേധിച്ച് പ്രദേശവാസികൾ ഒരു പ്രക്ഷോഭം നടത്തുകയും ചെയ്തു. ഇതുമൂലം മുൻ ജലസേചന വകുപ്പുമന്ത്രി വിളിച്ചുചേർത്ത അവലോകന യോഗത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപുതന്നെ ചാലിയാർ പുഴയിൽ ഒരു വിശദമായ പഠനം വേണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതുസംബന്ധമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അട്ടപ്പാടിയിലെ കുടിവെള്ള ക്ഷാമം

257 (3024) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജലവിഭവ വകുപ്പ് നിലവിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്രകുടിവെള്ളപദ്ധതിയുടെ ഒന്നാംഘട്ടമായി NABARD RIDF XXIII-ൽ

ഉൾപ്പെടുത്തി 2017-18 വർഷത്തിൽ 2,500 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. അട്ടപ്പാടി മേഖലയിൽ 2050-ൽ പ്രതീക്ഷിക്കപ്പെടുന്ന ജനസംഖ്യയായ 84813 പേർക്ക് പ്രതിദിനം ആളോഹരി 100 ലിറ്റർ നിരക്കിൽ കുടിവെള്ളം നല്കുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സ്ഥലം ലഭ്യമായ ഘടകങ്ങൾക്കാണ് ഒന്നാംഘട്ടത്തിൽ അനുമതി നല്കിയിരിക്കുന്നത്. ഇതിൽ ഭവാനിപ്പുഴ സ്രോതസ്സായി പുളർ പഞ്ചായത്തിൽ കിണർ, അഗളി പഞ്ചായത്തിലെ കാവുണ്ടിക്കലിൽ 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, തച്ചമലയിൽ ബൂസ്റ്റർ സ്റ്റേഷൻ, 400 എം.എം ഡി.ഐ.കെ.9 റോ വാട്ടർ പമ്പിംഗ് മെയിൻ- 6520 മീറ്റർ, അഗളിയിൽ നിലവിലുള്ള കൊട്ടമേട് ഭൂതല സംഭരണിയിലേയ്ക്ക് 250 എം.എം.ഡി.ഐ. കെ-9 ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ - 4545 മീറ്റർ, 180 എച്ച്.പി. വെർട്ടിക്കൽ ടർബൈൻ റോ വാട്ടർ പമ്പ് സെറ്റ് - 3 എണ്ണം, 175 എച്ച് പി. സെൻട്രിഫ്യൂഗൽ ക്ലിയർ വാട്ടർ പമ്പ് സെറ്റ്- 3 എണ്ണം, 500 കെ.വി.എ. ട്രാൻസ്ഫോർമർ വൈദ്യുതീകരണ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതി നിലവിൽ 75 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ 902.57 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്

പ്രതിദിനം 12 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിക്കാനും ശുദ്ധീകരിച്ച ജലം അഗളി-കൊട്ടമേട് സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഭൂതലസംഭരണിയിൽ എത്തിച്ച് അവിടെനിന്ന് നിലവിൽ അഗളി പഞ്ചായത്തിലെ റെസ്റ്റ്ഹൗസിന് സമീപവും ബസ്സ് സ്റ്റാൻഡിന് സമീപവും സ്ഥിതിചെയ്യുന്ന ജലസംഭരണികളിൽ ശേഖരിച്ച് നിലവിലുള്ള വിതരണശൃംഖലയുമായി ബന്ധിപ്പിച്ച് ഭാഗികമായി ജലവിതരണം നടത്തും. രണ്ടാംഘട്ടമായി ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി പുതൂർ, ഷോളയൂർ പഞ്ചായത്തുകൾക്കുള്ള ജലസംഭരണികൾ, അവയിലേയ്ക്കുള്ള ഗ്രാവിറ്റി മെയിനുകൾ, മൂന്ന് പഞ്ചായത്തുകളിലും വിതരണ ശൃംഖല, മൂന്ന് പഞ്ചായത്തുകളിലുമായി 10000 കുടിവെള്ള കണക്ഷനുകൾ എന്നീ ഘടകങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനായി അഗളി പഞ്ചായത്തിലെ 3000 കുടിവെള്ള കണക്ഷനുകൾക്കായി 24-12-2020-ൽ 1350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല. കൂടാതെ അഗളി പഞ്ചായത്തിലെ 4000 കുടിവെള്ള കണക്ഷനുകൾക്കായി 23-02-2022-ൽ 7150.19 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ രണ്ട് ഘട്ടങ്ങളും ഒരുമിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പുതൂർ, ഷോളയൂർ പഞ്ചായത്തുകളിലെ 2000, 1000 കണക്ഷനുകൾക്കായി യഥാക്രമം

5,847.23 ലക്ഷം രൂപയുടെയും 3,619.81 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകുന്നത് പരിഗണിച്ചുവരികയാണ്.

(ബി) അട്ടപ്പാടിയിലെ വിദൂര പ്രദേശങ്ങളിലുള്ള ആദിവാസി ഊരുകളിൽ കുടിവെള്ളം എത്തിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

അട്ടപ്പാടിയിലെ ജലലഭ്യതയില്ലാത്ത എല്ലാ ആദിവാസി ഊരുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജൽജീവൻ മിഷൻ പദ്ധതി ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിന്റെ റിസ്റ്റോറേഷൻ

258 (3025) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ മുല്ലശ്ശേരി മുതൽ പഞ്ചാരമുക്ക് അങ്ങാടിതാഴം വരെയുള്ള ഭാഗത്തെ അമൃത് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട റിസ്റ്റോറേഷൻ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

പൈപ്പുകൾ സ്ഥാപിച്ചതിനുശേഷം പൈപ്പ് പ്രഷർ ടെസ്റ്റ് പാസ്സാവാത്തതിനാലാണ് പ്രസ്തുത റോഡിൽ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നത്. ഇപ്പോൾ പ്രഷർ ടെസ്റ്റ് പാസ്സായി റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും അവ എപ്പോൾ പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് GSB, Wetmix ഇട്ട് വാട്ടർ റോളിംഗ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. 18-03-2022-ന് മുമ്പായി ടാർ മിശ്രിതം ഉപയോഗിച്ച് ലോക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനുശേഷം പരിപൂർണ്ണമായി പൈപ്പിട്ട ഭാഗത്തും പൊട്ടിപൊളിഞ്ഞ ഭാഗത്തും റോഡ് നിരപ്പിലേയ്ക്ക് ടാർ ചെയ്യുന്നതായിരിക്കും. ഈ വർക്ക് ഏകദേശം ഏപ്രിൽ 15-ഓടു കൂടി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

തകഴി-അമ്പലപ്പുഴ റോഡിലെ പൈപ്പ് പൊട്ടൽ പരിഹരിക്കാൻ നടപടി

259(3026) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതിക്കായി തകഴി-അമ്പലപ്പുഴ റോഡിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ തകഴി ഭാഗത്ത് നിരന്തരം പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുടർച്ചയായി പൈപ്പ് പൊട്ടുന്നതിന്റെ കാരണവും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടിയും വിശദമാക്കാമോ?

ഉണ്ട്. ആലപ്പുഴ കുടിവെള്ള പദ്ധതിക്കായി തകഴി-അമ്പലപ്പുഴ റോഡിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് നിരന്തരമായി കേടുപാടുകൾ സംഭവിക്കുന്നതിനുള്ള കാരണങ്ങൾ നിലവിൽ വിജലൻസിന്റെ അന്വേഷണത്തിലാണ്. ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ പമ്പിംഗ് ലൈനിൽ തകഴി കേളമംഗലം ഭാഗത്താണ് നിരന്തരം പൊട്ടലുകളുണ്ടാകുന്നത്. ഈ ഭാഗത്ത് 1524 മീറ്റർ HDPE പൈപ്പ് മാറ്റി MS പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ഒറിജിനൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ആരംഭിച്ച് പുരോഗമിക്കുന്നു.

(ബി) അമ്പലപ്പുഴ-തിരുവല്ല റോഡ് വികസനവുമായി ബന്ധപ്പെട്ട് റോഡിൽനിന്നും പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത്

ഘട്ടത്തിലാണ്; എന്നത്തേയ്ക്ക് ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

അമ്പലപ്പുഴ-തിരുവല്ല റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ ജംഗ്ഷൻ മുതൽ കളത്തിൽ പാലം വരെയുള്ള കുടിവെള്ള വിതരണ ശൃംഖല റോഡ് നിർമ്മാണ പ്രവൃത്തിയിലുൾപ്പെടുത്തി വാട്ടർ കണക്ഷനുകളുൾപ്പെടെ പൊതുമരാമത്ത് വകുപ്പ് മാറ്റിസ്ഥാപിച്ചിട്ടുണ്ട്. തിരുവല്ല ക്രോസ് ജംഗ്ഷൻ മുതൽ പൊടിയാടി വരെ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും ഓഫറുകൾ ഒന്നും തന്നെ ലഭ്യമായില്ല. പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി റോഡിൽ മതിയായ Berm portion ഇല്ലാതിരുന്നതാണ് ഓഫറുകൾ ലഭ്യമാകാതിരിക്കാൻ കാരണം. അതിനാൽ എസ്റ്റിമേറ്റ് രണ്ട് ഭാഗങ്ങളാക്കി (തിരുവല്ല ക്രോസ് ജംഗ്ഷൻ മുതൽ മണിപ്പുഴ പാലം വരെയും മണിപ്പുഴ പാലം മുതൽ പൊടിയാടി വരെയും) ദർഘാസ് ക്ഷണിക്കാൻ തീരുമാനിക്കുകയും അതിൻപ്രകാരം മണിപ്പുഴ പാലം മുതൽ പൊടിയാടി വരെയുള്ള ഭാഗത്ത് പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ക്രോസ് ജംഗ്ഷൻ മുതൽ മണിപ്പുഴ പാലം വരെയുള്ള ഭാഗത്ത് പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ്

അനുസരിച്ച് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഫറുകൾ ലഭ്യമായാൽ കരാർ ഉറപ്പിച്ചു പണി പൂർത്തീകരിക്കുന്നതാണ്.

വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

260(3027) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിലെ ശുദ്ധജല കണക്ഷൻ ലഭ്യമല്ലാത്ത മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും ശുദ്ധജല കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2,561.58 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. വലിയപറമ്പ് പഞ്ചായത്തിനും സമീപ പഞ്ചായത്തുകളായ തൃക്കരിപ്പൂർ, ചെറുവത്തൂർ, പിലിക്കോട്, പടന്ന എന്നിവയുൾപ്പെടെ 5 പഞ്ചായത്തുകൾക്കായി ഒരു ബൃഹത് പദ്ധതിയാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ശുദ്ധീകരണ ശാലയുൾപ്പെടെയുള്ള ഘടകങ്ങൾ നിർമ്മിക്കുന്നതിന് 10 സ്ഥലങ്ങളിലായി 335 സെന്റ് സർക്കാർ/

ഡിപ്പാർട്ടുമെന്റ് സ്ഥലങ്ങളും ഒരു സ്വകാര്യ വ്യക്തിയുടെ 30 സെന്റ് സ്ഥലവും ആവശ്യമായിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ ഭൂമികൾ ലഭ്യമാകുന്നതോടെ പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. ജൽജീവൻ മിഷൻ പദ്ധതികൾ 2024-നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

261(3028) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നതിന് വളരെയധികം പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിച്ചും നിലവിലെ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും കേടായ പമ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിച്ചും KIFFB, AMRUT, JJM, State Plan തുടങ്ങിയ സ്കീമുകളിലുൾപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ചും സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തിയും വാൽവ് ക്രമീകരണം നടത്തിയും അത്യാവശ്യ ഘട്ടങ്ങളിൽ പഞ്ചായത്തുമായി

സഹകരിച്ച് ടാങ്കർ ലോറിയിൽ ജലവിതരണം നടത്തിയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടില്ലാത്ത എത്ര വീടുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടില്ലാത്ത വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1 ആയി ചേർക്കുന്നു.+

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് കുടിവെള്ള കണക്ഷൻ നല്കിയ വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-2 ആയി ചേർക്കുന്നു.+

## മുല്ലപ്പെരിയാർ ബേബി ഡാമിന്റെ ബലപ്പെടുത്തൽ

262(3029) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

17-09-2021-ന് നടന്ന കേരള-തമിഴ്നാട് അന്തർസംസ്ഥാന സെക്രട്ടറിതല സമിതി യോഗത്തിൽ മുല്ലപ്പെരിയാറിലെ ബേബി ഡാമിന്റെ ബലപ്പെടുത്തലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021 സെപ്തംബർ മാസം 17-ാം തീയതി കേരള-തമിഴ്നാട് സെക്രട്ടറിമാരുടെ അന്തർ സംസ്ഥാന സെക്രട്ടറിതല സമിതിയുടെ മൂന്നാമത് യോഗം ഓൺലൈൻ മുഖാന്തരം നടത്തുകയും ആയതിൽ അന്തർ സംസ്ഥാന നദീജലകരാറുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ചർച്ചകൾ നടക്കുകയും ചെയ്തിട്ടുണ്ട്. അസ്സൽ അന്യായം 3/2006-ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 07-05-2014-ലെ വിധി പ്രകാരം, ബേബി ഡാമിന്റെ ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായി ബാക്കിയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി ബേബി ഡാമിന് താഴെയായി നിലനിന്നിരുന്ന 23 മരങ്ങൾ മുറിച്ചുനീക്കുന്നതിനുള്ള അനുമതിക്കായി (Forest Clearance) കേന്ദ്ര സർക്കാരിന്റെ PARIVESH പോർട്ടൽ മുഖാന്തരം തമിഴ്നാട് 2015-ൽ സമർപ്പിച്ച അപേക്ഷയുടെ ഭാഗമായി, തമിഴ്നാട്ടിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേരള വനം വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി 2021 ജൂൺ മാസത്തിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 15 മരങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും ആയത് മുറിച്ചുനീക്കുന്നതിനുള്ള അനുമതിക്കായുള്ള തമിഴ്നാടിന്റെ അപേക്ഷ പരിശോധനയിലാണെന്നും കേരള ഫോറസ്റ്റ് ആൻഡ് വൈൽഡ് ലൈഫ് പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്തുത യോഗത്തിൽ അറിയിച്ചു. ടി യോഗത്തിന്റെ കരട് മിനിറ്റ്സ്

തയ്യാറാക്കി, അംഗീകാരത്തിനായി തമിഴ്നാട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് അംഗീകരിച്ച് തിരികെ ലഭിച്ചിട്ടില്ല.

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്

263(3030) ഡോ. മാത്യു കുഴൽനാടൻ
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് നിലവിൽ ക്രമീകരിക്കുന്നത് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് അനുസരിച്ചാണോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനം ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2021-ലെ ഉത്തരവ് പ്രകാരം മേൽനോട്ട സമിതി ചെയർമാന്റെ നിർദ്ദേശമനുസരിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് നിലവിൽ ക്രമീകരിക്കുന്നത് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് അനുസരിച്ചാണ്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്തുണ്ടായ കനത്ത മഴയെത്തുടർന്ന് മുല്ലപ്പെരിയാറിലെ ഉയരുന്ന ജലനിരപ്പും കാലാവസ്ഥാ വ്യതിയാനവും പ്രസ്തുത അണക്കെട്ട് ഭ്രചലന

തീവ്രത കൂടിയ മേഖലയിൽ ആണെന്നുള്ളതും ചുണ്ണാമ്പ്-സുർക്കി മിശ്രിതത്തിൽ നിർമ്മിച്ച 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച ആശങ്കകളും പരിഗണിച്ച് കുറഞ്ഞത് 139 അടിയിലേയ്ക്കെങ്കിലും ജലനിരപ്പ് ക്രമീകരിക്കാനുള്ള ഉത്തരവുണ്ടാകണമെന്ന്, ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പരിഗണിച്ച മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട കേസ്സിന്റെ ഭാഗമായി കേരളം കോടതി മുമ്പാകെ ആവശ്യപ്പെടുകയും തുടർന്ന്, 25-10-2021-ൽ ഈ വിഷയം പരിഗണിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതി, അടിയന്തരമായി മേൽനോട്ട സമിതി യോഗം ചേർന്ന് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാൻ മേൽനോട്ട സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിൻപ്രകാരം കേന്ദ്രജല കമ്മീഷൻ ഡാം സേഫ്റ്റി മോണിറ്ററിംഗ് ഡയറക്ടറേറ്റ് ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായ മേൽനോട്ട സമിതി 26-10-2021-ൽ യോഗം ചേരുകയുണ്ടായി. മുല്ലപ്പെരിയാറിൽ അടിക്കടിയുണ്ടാകുന്ന അതിവർഷവും അടുത്തകാലത്തായി മുല്ലപ്പെരിയാർ അണക്കെട്ടിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ജലനിരപ്പ് 5-7 അടി വരെ ഉയർന്നിട്ടുള്ള അവസരങ്ങളും ഡാമിന്റെ കാലപ്പഴക്കവും തന്മൂലം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റി കേരളത്തിലെ ജനങ്ങളുടെ

ആശങ്കയും പരിഗണിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 137 അടിയായി നിലനിർത്തണമെന്നും ടണൽ വഴി തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുന്ന വെള്ളത്തിന്റെ അളവ് നിലവിലുള്ളതിൽനിന്നും വർദ്ധിപ്പിച്ച് അണക്കെട്ടിലെ ജലനിരപ്പ് താഴ്ത്തിനിർത്തണമെന്നും മേൽനോട്ട സമിതി അംഗമായ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ട സമിതി മുമ്പാകെ ആവശ്യപ്പെട്ടു. കേന്ദ്ര ജലകമ്മീഷനുമായി കൂടിയാലോചിച്ച് തമിഴ്നാട് തയ്യാറാക്കിയ കരട് റൂൾ ലെവൽ പാലിച്ചുകൊണ്ട് ജലനിരപ്പ് ക്രമീകരിക്കാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ മേൽനോട്ട സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. തമിഴ്നാട് തയ്യാറാക്കിയതും കേരളം അംഗീകരിച്ചിട്ടില്ലാത്തതുമായ റൂൾ കർവ് പ്രകാരം മുല്ലപ്പെരിയാറിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനോടുള്ള വിയോജിപ്പ് മേൽനോട്ട സമിതി അംഗമായ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ട സമിതി മുമ്പാകെ ശക്തമായി അറിയിക്കുകയും 26-10-2021-ൽ തന്നെ വിയോജനക്കുറിപ്പ് സമർപ്പിക്കുകയും ചെയ്തു. ജലനിരപ്പ് ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത നിർദ്ദേശം മേൽനോട്ട സമിതി ചെയർമാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും സമർപ്പിച്ചു. തുടർന്ന് 28-10-2021-ൽ ഈ വിഷയം പരിഗണിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതി,

മുല്ലപ്പെരിയാറിലെ ജലനിരപ്പ് തൽക്കാലത്തേയ്ക്ക് മേൽനോട്ട സമിതിയുടെ നിർദ്ദേശപ്രകാരം നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഉത്തരവിട്ടു.

(ബി) പ്രസ്തുത റൂൾ കർവ് കേരളം അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ഷട്ടറുകൾ തുറക്കുന്നതിനുമുമ്പ് കേരളവുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

കേന്ദ്രസർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ ജലവിഭവ, ആർ.ഡി. ആൻഡ് ജി.ആർ. വകുപ്പിന്റെ 09-08-2020-ലെ Z-20011/2/2020-FM നമ്പർ ഉത്തരവിൽ ഡാമുകൾ/റിസർവ്വോയറുകളിൽനിന്നും ജലം തുറന്നുവിടുന്നതിനുമുമ്പായി അതാത് സംസ്ഥാന സർക്കാർ/UT/ അധികാരികൾ/ഡാം അതോറിറ്റി എന്നിവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 2021 നവംബർ മാസത്തിൽ കേരളത്തിൽ അനുഭവപ്പെട്ട ക്രമം തെറ്റിയതും അതിതീവ്രവുമായ മഴ (പ്രത്യേകിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത്) കാരണം മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് 140, 141, 142 അടി എന്നീ നിലയിൽ സംഭരണിയിലെ ജലനിരപ്പെത്തുമ്പോൾ യഥാക്രമം

ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും പ്രളയ മുന്നറിയിപ്പുകൾ 14-11-2021, 18-11-2021, 30-11-2021 എന്നീ തീയതികളിൽ തമിഴ്നാട് യഥാക്രമം നൽകിയിരുന്നു. 29-10-2021-ൽ സ്പിൽവേ ഷട്ടറുകൾ ആദ്യമായി തുറക്കുന്നതിനുമുമ്പായി, ഒരു ദിവസം മുമ്പുതന്നെ തമിഴ്നാട് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ തുടർന്നുള്ള സമയങ്ങളിൽ, പ്രത്യേകിച്ച് 30-11-2021 മുതൽ 06-12-2021 വരെയുള്ള കാലയളവിൽ ഷട്ടറുകളുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ച് പുറത്തുവിടുന്ന ജലത്തിന്റെ തോത് വ്യത്യാസപ്പെടുത്തുന്ന പ്രവർത്തികൾക്ക് യഥാസമയം അറിയിപ്പ് ലഭ്യമാക്കാതിരിക്കുകയോ, അല്ലെങ്കിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ ഭരണകൂടത്തിന് ആവശ്യമായ സമയം ലഭ്യമാകാത്ത വിധം അറിയിപ്പ് നൽകിയുമാണ് തമിഴ്നാട് സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചത്. ജലത്തിന്റെ തോതും അത് തുറന്നുവിടാൻ ഉദ്ദേശിക്കുന്ന സമയവുമുൾപ്പെടെയുള്ള വിവരങ്ങൾ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ആവശ്യമായ നിശ്ചിത സമയം നൽകിക്കൊണ്ട് മുന്നറിയിപ്പ് നൽകണമെന്ന വ്യവസ്ഥ പൂർണ്ണമായും പാലിക്കാൻ തമിഴ്നാട് അധികാരികൾക്ക് കഴിഞ്ഞിട്ടില്ല.

(സി) ഡാം തുറക്കുന്നതിന് പന്ത്രണ്ട് മണിക്കൂർമുമ്പ് മുന്നറിയിപ്പുകൾ

നൽകുന്നതിനും രാത്രിയിൽ ഡാം തുറക്കില്ലെന്ന് ഉറപ്പാക്കുന്നതിനും ഇരു സംസ്ഥാനങ്ങൾ തമ്മിൽ ധാരണയുണ്ടാക്കാൻ കേരളം ശ്രമം നടത്തിയിരുന്നോ; എങ്കിൽ വിശദമാക്കുമോ?

30-11-2021 മുതൽ 06-12-2021 വരെ ക്രമമല്ലാത്ത രീതിയിൽ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്ന്ന പ്രദേശങ്ങൾ, പ്രത്യേകിച്ച് വണ്ടിപ്പെരിയാർ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്ന രീതിയിലുള്ള തമിഴ്നാട് അധികൃതരുടെ പ്രവർത്തിയെ കേരളം ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും ചോദ്യം ചെയ്തിരുന്നു. സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തമിഴ്നാട് ഉദ്യോഗസ്ഥർക്ക് നൽകാനും മതിയായ മുന്നറിയിപ്പ് നൽകിയതിനുശേഷം മാത്രമേ ജലം വലിയ അളവിൽ ഒഴുക്കിവിടാൻ പാടുള്ളൂ എന്നും ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ സംഭരണിയിലെ ജലനിരപ്പ് ക്രമീകരിച്ച്, തുടർന്നുള്ള ഡാമിലേയ്ക്കുള്ള നീരൊഴുക്കിനെ സുരക്ഷിതമായി ഉൾക്കൊള്ളാനും വിധം ആവശ്യമായ Flood Cushion സംഭരണിയിൽ നിലനിർത്തണമെന്നും ആവശ്യപ്പെട്ടിരുന്നു.

(ഡി) ഡാം തുറക്കുന്ന കാര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരം ഒരു ധാരണയുണ്ടാക്കാൻ സാധിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ക്രമമല്ലാതെയും വേണ്ട രീതിയിൽ മുന്നറിയിപ്പുകൾ ലഭ്യമാക്കാതെയും അസാധാരണ വിധത്തിൽ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച തമിഴ്നാടിന്റെ രീതിയെ കേന്ദ്ര ജലകമ്മീഷനും മുല്ലപ്പെരിയാർ മേൽനോട്ട സമിതി ചെയർമാനും ചോദ്യം ചെയ്യുകയോ, കേന്ദ്ര ജലകമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ശരിയായ രീതിയിലുള്ള പ്രവർത്തന രീതി അവലംബിക്കണമെന്ന നിർദ്ദേശം തമിഴ്നാടിന് നൽകുകയോ ചെയ്തില്ല. എന്നിരുന്നാലും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് നാശനഷ്ടങ്ങളുണ്ടാകാത്ത രീതിയിൽ ഡാമിലെ ജലം തുറന്നു വിടേണ്ടതാണെന്ന് മേൽനോട്ട സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ ജലശക്തി മന്ത്രാലയം ബഹുമാനപ്പെട്ട കേരള ചീഫ് സെക്രട്ടറിയെ കത്ത് മുഖേന അറിയിച്ചിരുന്നു. മുല്ലപ്പെരിയാറിൽനിന്നും ജലം തുറന്നുവിടുന്നത് സംബന്ധിച്ച് 08-12-2021-ൽ മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ യോഗം കൂടുകയും ഷട്ടർ പ്രവർത്തനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന

ഒരു സംയുക്ത സമിതി രൂപീകരിക്കണമെന്ന കേരളത്തിന്റെ ആവശ്യം പ്രായോഗികമല്ലെന്ന് മേൽനോട്ട സമിതിയുടെ ചെയർമാൻ അറിയിക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ, തമിഴ്നാടിന് 142 അടി വരെ ജലം സംഭരിക്കാനുള്ള അനുവാദം ബഹുമാനപ്പെട്ട സുപ്രീംകോടതി നൽകിയിട്ടുണ്ടെന്ന വാദം ഉന്നയിച്ച്, വർഷകാലത്ത് മതിയായ Flood Cushion നിലനിർത്താതെ ജലസംഭരണിയുടെ പ്രവർത്തനം നടത്തിയ തമിഴ്നാടിന്റെ പ്രവർത്തി ന്യായീകരിക്കുകയാണുണ്ടായത്. എന്നാൽ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടും വളരെ സാധാരണവും ക്രമാനുഗതവുമായാണ് സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതെന്നും പെരിയാറിലെ ജലനിരപ്പുയരുന്നത് വളരെ സാധാരണമായ കാര്യമാണെന്നും ആയതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ ജലനിരപ്പുയർന്നതും പ്രളയസമാന സാഹചര്യമുണ്ടായതും മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നും ഒഴുക്കിവിട്ട വെള്ളം കാരണമല്ലായെന്നുമാണ് തമിഴ്നാട് മറുപടി നൽകിയത്. മാത്രമല്ല, അണക്കെട്ടിനുതാഴെയുള്ള പ്രദേശങ്ങൾ കയ്യേറി താമസിക്കുന്നവർക്കാണ് ജലനിരപ്പുയരുന്നത് കാരണം ബുദ്ധിമുട്ടുണ്ടാകാൻ സാദ്ധ്യതയെന്നും തമിഴ്നാട് അഭിപ്രായപ്പെട്ടു. അതിനുപുറമെ, 140, 141, 142 അടിയിൽ സംഭരണിയിലെ ജലനിരപ്പെത്തിയപ്പോൾ തന്നെ പ്രളയ മുന്നറിയിപ്പുകൾ

നൽകിയിരുന്നെന്നും അതിനാൽ ആവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിക്കേണ്ടതായിരുന്നുമെന്നാണ് തമിഴ്നാടിന്റെ നിലപാട്. ഇതിനുപുറമെ ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്ന കേരളത്തിന്റെ ആവശ്യത്തിനെ തമിഴ്നാട് എതിർക്കുകയുണ്ടായി. ഡാമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ വിഷയങ്ങൾ 08-12-2021-ൽ ചേർന്ന മേൽനോട്ട സമിതിയുടെ യോഗത്തിൽ ആവശ്യപ്പെടുകയും അതോടൊപ്പം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ 08-12-2021-ൽ കേരളം സമർപ്പിച്ച സത്യവാങ്മൂലത്തിലും ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിലവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

<u>മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ</u>

264(3031)<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് റൂർക്കി ഐ.ഐ.ടി. നടത്തിയ പഠനത്തിൽ അണക്കെട്ടിന്റെ പരിസരത്തുണ്ടാകുന്ന ഭൂകമ്പങ്ങളുടെ ആഘാതം നേരിടാൻ അണക്കെട്ടിന് ശേഷിയില്ലെന്ന്

കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

പഠന റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## മുല്ലപ്പെരിയാറിൽ ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡർ

265 (3032) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് സംബന്ധിച്ച ശരിയായ കണക്കുകൾ തമിഴ്നാട് കേരളവുമായി പങ്കുവയ്ക്കുന്നില്ലെന്ന ആശങ്ക ഉയർന്നിട്ടുള്ള സാഹചര്യത്തിൽ അണക്കെട്ടിൽ കേരളത്തിന്റേതായി ഒരു ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡർ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരളത്തിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ ഡാമിന്റെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്നത് തമിഴ്നാടാണ്. ഇതിനുപുറമെ അണക്കെട്ടിന്റെ അറ്റകുറ്റപ്പണികളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള അധികാരവും തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമാണ്. നിലവിൽ ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അണക്കെട്ടിൽ തമിഴ്നാട് സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡറിൽനിന്നും വിവരം ശേഖരിക്കുന്നതിന് തടസ്സം നേരിടുന്നതിനാൽ കേരളത്തിന്റേതായ ഒരു ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡർ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

## മുല്ലപ്പെരിയാർ സ്പിൽവേ ഷട്ടറുകളുടെ ഓപ്പറേഷൻ

266(3033)ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പെരിയാർ തീരത്തെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മുല്ലപ്പെരിയാർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുമ്പെങ്കിലും ജില്ലാ ഭരണകൂടത്തെ അറിയിക്കണമെന്ന് കേരളം തമിഴ്നാട് സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്നാണ് ആവശ്യമുന്നയിച്ചതെന്ന് അറിയിക്കാമോ?

2016-ലെ നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ 36-ാമത്

യോഗത്തിലും ഷട്ടറുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ 24 മണിക്കൂർമുമ്പ് നൽകണമെന്ന നിർദ്ദേശം കമ്മിറ്റി ചെയർമാൻ നൽകിയിട്ടുള്ളതാണ്. കേന്ദ്രസർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ ജലവിഭവ, ആർ.ഡി. & ജി.ആർ. വകുപ്പിന്റെ 09-08-2020-ലെ Z-20011/2/2020-FM നമ്പർ ഉത്തരവിൽ ഡാമുകൾ/റിസർവ്വോയറുകളിൽ നിന്നും ജലം തുറന്നുവിടുന്നതിനുമുമ്പായി അതാത് സംസ്ഥാന സർക്കാർ/UT/അധികാരികൾ/ഡാം അതോറിറ്റി എന്നിവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 30-11-2021 മുതൽ 06-12-2021 വരെ ക്രമമല്ലാത്ത രീതിയിൽ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്ന്ന പ്രദേശങ്ങൾ, പ്രത്യേകിച്ച് വണ്ടിപ്പെരിയാർ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്ന രീതിയിലുള്ള തമിഴ്നാട് അധികൃതരുടെ പ്രവൃത്തിയെ കേരളം ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും ചോദ്യം ചെയ്തുകൊണ്ട്, പ്രഥമ അവസരത്തിൽ തന്നെ 30-11-2021-ലെ D.O.No.ISWC1/76/2021-WRD പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് കത്തയയ്ക്കുകയും അതിനുശേഷം 02-12-2021-ലെ D.O.No.1345/2021/CM പ്രകാരം സംസ്ഥാന മുഖ്യമന്ത്രി

തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തമിഴ്നാട് ഉദ്യോഗസ്ഥർക്ക് നൽകാനും മതിയായ മുന്നറിയിപ്പ് നൽകിയതിനുശേഷം മാത്രമേ ജലം വലിയ അളവിൽ ഒഴുക്കിവിടാൻ പാടുള്ളൂ എന്നും ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ സംഭരണിയിലെ ജലനിരപ്പ് ക്രമീകരിച്ച്, തുടർന്നുള്ള ഡാമിലേയ്ക്കുള്ള നീരൊഴുക്കിനെ സുരക്ഷിതമായി ഉൾക്കൊള്ളാനുള്ള വിധത്തിൽ ആവശ്യമായ Flood Cushion സംഭരണിയിൽ നിലനിർത്തണമെന്നും ആവശ്യപ്പെട്ടിരുന്നു.

(ബി) പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിന് നിർദ്ദേശം നൽകണമെന്ന് കേരളം സുപ്രീംകോടതിയിൽ രേഖാമൂലം ആവശ്യം ഉന്നയിച്ചിട്ടുണ്ടോയെന്നും എങ്കിൽ എപ്പോൾ നൽകിയ സത്യവാങ്മൂലത്തിലാണ് ആവശ്യമുന്നയിച്ചതെന്നും അറിയിക്കാമോ?

30-11-2021 മുതൽ 06-12-2021 വരെയുള്ള കാലയളവിൽ ക്രമാനുഗതമല്ലാതെയും മറ്റും തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട് 08-12-2021-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേരളം സമർപ്പിച്ച സത്യവാങ്മൂലത്തിൽ വേണ്ടത്ര മുന്നറിയിപ്പ് നേരത്തെ നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കിവിടുന്നത്

ഒഴിവാക്കുന്നതിനും കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത് പകൽ സമയം ക്രമേണ അധിക ജലം ഒഴുക്കി ആവശ്യമായ Flood Cushion ജലസംഭരണിയിൽ നിലനിർത്തുന്നതിനുമുള്ള നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം ലഭ്യമാക്കുന്നതിനായി കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുമ്പെങ്കിലും ജില്ലാ ഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്പിൽവേ ഷട്ടറുകളുടെ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന സംയുക്ത സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കേരളം ഈ ആവശ്യം സുപ്രീംകോടതിയിൽ ഉന്നയിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ ഡാമിന്റെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്നത് തമിഴ്നാടാണ്. ഇതിനുപുറമെ അണക്കെട്ടിന്റെ

അറ്റകുറ്റപ്പണികളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള അധികാരവും തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമാണ്. ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്ന് 08-12-2021-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത ആവശ്യങ്ങൾ സുപ്രീംകോടതിയിൽ ഉന്നയിക്കുന്നതിനും തമിഴ്നാട് സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെടുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത ആവശ്യങ്ങൾ നേരത്തെ ഉന്നയിച്ചിരുന്നുവെങ്കിൽ 2021 നവംബർ 30 മുതൽ ഡിസംബർ 6 വരെ മുന്നറിയിപ്പില്ലാതെ ഷട്ടറുകൾ തുറന്നതിലൂടെ ജനങ്ങൾക്കുണ്ടായ ആശങ്ക ഒഴിവാക്കാൻ സാധിക്കുമായിരുന്നില്ലേ എന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച കേരളത്തിന്റെ നിലപാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. കേന്ദ്രസർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ ജലവിഭവ, ആർ.ഡി. & ജി.ആർ. വകുപ്പിന്റെ

09-08-2020-ലെ Z-20011/2/2020-FM നമ്പർ ഉത്തരവിൽ ഡാമുകൾ/റിസർവ്വോയറുകളിൽനിന്നും ജലം തുറന്നുവിടുന്നതിനുമുമ്പായി അതാത് സംസ്ഥാന സർക്കാർ/UT/അധികാരികൾ/ഡാം അതോറിറ്റി എന്നിവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 2021 ഒക്ടോബർ മുതൽതന്നെ കനത്ത മഴ സമയത്ത് ജലവിതാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് എന്നിവ ഡാമിന്റെ ചുമതലയുള്ള സംസ്ഥാന ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ചുവരികയും ഡാമിന്റെയും ഡാമിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുവാനായി അണക്കെട്ടിൽനിന്നും കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകാനും ജലവിതാനം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേയ്ക്കൊഴുക്കുന്ന സാഹചര്യമുണ്ടായാൽ ആ വിവരം 24 മണിക്കൂറിനുമുമ്പായി കേരളത്തെ അറിയിക്കണമെന്നും കേരളം തമിഴ്നാടിനോടും മേൽനോട്ട സമിതിയുടെ ചെയർമാനോടും കേന്ദ്രസർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. 30-11-2021 മുതൽ 06-12-2021 വരെ ക്രമമല്ലാത്ത രീതിയിൽ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്ന്ന പ്രദേശങ്ങൾ, പ്രത്യേകിച്ച്

വണ്ടിപ്പെരിയാർ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്ന രീതിയിലുള്ള തമിഴ്നാട് അധികൃതരുടെ പ്രവൃത്തിയെ പ്രഥമ അവസരത്തിൽ കേരളം, ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും ചോദ്യം ചെയ്തിരുന്നു. ഇത്തരം പ്രവൃത്തികൾ തുടർന്നും ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തമിഴ്നാട് ഉദ്യോഗസ്ഥർക്ക് നൽകാനും മതിയായ മുന്നറിയിപ്പ് നൽകിയതിനുശേഷം മാത്രമേ ജലം വലിയ അളവിൽ ഒഴുക്കിവിടാൻ പാടുള്ളൂ എന്നും കേരളം തമിഴ്നാട് അധികൃതരോടും മേൽനോട്ട സമിതി ചെയർമാനോടും കേന്ദ്രസർക്കാരിനോടും ആവശ്യപ്പെട്ടിരുന്നു. കൂടാതെ, ഈ വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെയും കേരളം സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. എന്നാൽ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടും വളരെ സാധാരണവും ക്രമാനുഗതവുമായാണ് സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതെന്നും പെരിയാറിലെ ജലനിരപ്പുയരുന്നത് വളരെ സാധാരണമായ കാര്യമാണെന്നും ആയതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ ജലനിരപ്പുയർന്നതും പ്രളയസമാന സാഹചര്യമുണ്ടായതും മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നും ഒഴുക്കിവിട്ട വെള്ളം കാരണമല്ലായെന്നുമാണ് തമിഴ്നാട് മറുപടി നൽകിയത്. മാത്രമല്ല, അണക്കെട്ടിന് താഴെയുള്ള

പ്രദേശങ്ങൾ കയ്യേറി താമസിക്കുന്നവർക്കാണ് ജലനിരപ്പുയരുന്നത് കാരണം ബുദ്ധിമുട്ടുണ്ടാകാൻ സാദ്ധ്യതയെന്നും തമിഴ്നാട് അഭിപ്രായപ്പെട്ടു. അതിനുപുറമെ, 140, 141, 142 അടിയിൽ സംഭരണിയിലെ ജലനിരപ്പെത്തിയപ്പോൾത്തന്നെ പ്രളയ മുന്നറിയിപ്പുകൾ നൽകിയിരുന്നെന്നും അതിനാൽ ആവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിക്കേണ്ടതായിരുന്നുമെന്നാണ് തമിഴ്നാടിന്റെ നിലപാട്.

മുല്ലപ്പെരിയാർ വിഷയത്തിലെ നിലപാട്

267(3034)ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. അൻവർ സാദത്ത്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്നും ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്നും മുഖ്യമന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രസ്താവനയ്ക്ക് ആധാരമാക്കിയത് ഏത് പഠന റിപ്പോർട്ടാണെന്ന് വ്യക്തമാക്കാമോ; തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ മുല്ലപ്പെരിയാർ കേസ് വാദത്തിൽ ഡാം സുരക്ഷിതമാണെന്ന് സ്ഥാപിക്കാൻ പ്രസ്തുത പ്രസ്താവന ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വിശദമാക്കുമോ?

മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി ഇത്തരത്തിൽ ഒരു

പ്രസ്താവന നടത്തിയിട്ടില്ല. എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ജനങ്ങൾ പരിഭ്രാന്തരാവേണ്ടതില്ല എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട് എന്ന് പ്രസ്താവിച്ചിട്ടുണ്ട്.

(ബി) ഈ വർഷത്തെ നയപ്രഖ്യാപനത്തിൽ മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; മുഖ്യമന്ത്രിയുടെ മുൻ നിലപാടിൽനിന്ന് വ്യത്യസ്തമായ നയസമീപനം സ്വീകരിക്കാൻ എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിരുന്നോ; വ്യക്തമാക്കുമോ;

&

(സി) മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാർ തുടർച്ചയായി നിലപാട് മാറ്റുന്നത് സുപ്രീംകോടതിയിൽ കേസ് ദുർബലപ്പെടുത്തുന്നതിന് കാരണമാകുമോയെന്ന് അറിയിക്കാമോ?

വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് "കേരളത്തിന് സുരക്ഷ തമിഴ്നാടിന് ജലം" എന്ന നിലപാടിൽ സംസ്ഥാന സർക്കാർ മാറ്റം വരുത്തിയിട്ടില്ല.

## നദീജല സ്രോതസ്സുകളുടെ സംരക്ഷണം

268(3035) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നദീജല സ്രോതസ്സുകളെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

നദീതടത്തിനകത്തുവരുന്ന ചെറുതും വലുതുമായ വിവിധ ജലസ്രോതസ്സുകളും വനപ്രദേശമടങ്ങുന്ന നദീതടമാണെങ്കിൽ വന പ്രദേശത്തെ സസ്യാവരണത്തിന്റെ തീവ്രതയും നദീതീരത്തെ സസ്യാവരണവും നദീതടത്തിലെ തണ്ണീർത്തട വിസ്തൃതിയും കാലാവസ്ഥയും ജലഉപയോഗ രീതികളും മറ്റും ചേർന്നാണ് നദീജലത്തെ നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെ നദീതടത്തെ മൊത്തത്തിലും നദീതടത്തിനകത്തു വരുന്ന ചെറുനീർത്തടങ്ങളെ പ്രത്യേകമായും സംരക്ഷിക്കുകയെന്ന സമീപനമാണ് കഴിഞ്ഞ വർഷങ്ങളിൽ സ്വീകരിച്ചത്. ഇത് സാദ്ധ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "നീർത്തട പ്ലാനുകൾ" തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ജലസംരക്ഷണവും ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനവും ഏറ്റെടുത്തിട്ടുണ്ട്. നദികളിലെ പാരിസ്ഥിതിക നീരൊഴുക്ക് നിലനിർത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി സംഭവിക്കാനിടയുള്ള മാറ്റങ്ങളെ പ്രതിരോധിക്കാനാവശ്യമായ,

പ്രത്യേകിച്ച് ഉപ്പുവെള്ളക്കയറ്റം പ്രതിരോധിക്കാനാവശ്യമായ റെഗുലേറ്ററുകൾ/ തടയണകൾ നിർമ്മിക്കുന്ന പ്രവർത്തനവും ഏറ്റെടുത്തിട്ടുണ്ട്. നദികളിലും മറ്റ് ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിച്ച്, സ്രോതസ്സുകളെ നശിപ്പിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിന്റെ ഭാഗമായി നിയമ നടപടികൾ ശക്തമാക്കുകയും ആവശ്യമായ പ്രചാരണം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രളയാനന്തരം സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ട പമ്പ, അച്ചൻകോവിലാർ, മണിമലയാർ എന്നിവയുടെ പുനരുജ്ജീവനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പ്രളയാനന്തരം എക്കൽ, ചെളി, മണ്ണ് മറ്റ് അവശിഷ്ടങ്ങൾ എന്നിവ അടിഞ്ഞ് നീരൊഴുക്കിൽ തടസ്സങ്ങൾ നേരിട്ട നദികളാണ് പമ്പ, അച്ചൻകോവിൽ, മണിമലയാർ എന്നിവ. ഇവയുടെ സുസ്ഥിര സംരക്ഷണം ലക്ഷ്യമിട്ട് "വിശദമായ പദ്ധതിരേഖ" തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

(സി) പ്രസ്തുത നദികളിലെ മാലിന്യം നീക്കംചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം നദികളുടെ അടിത്തട്ടിലും

കരകളിലും നീരൊഴുക്കിലും മാറ്റം സംഭവിച്ചിട്ടുണ്ട്. ഇതിനൊപ്പം എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയും നിലനിൽക്കുന്നു. ഇത് കണക്കിലെടുത്ത്, കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ 44 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നിലവിലെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ഞപ്പുഴ/രാമൻപുഴയുടെ സംരക്ഷണം

269(3036) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ മഞ്ഞപ്പുഴ/രാമൻപുഴ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

മഞ്ഞപ്പുഴയുടെ സംരക്ഷണ പ്രവൃത്തിക്കായി 13-05-2020-ലെ സർക്കാർ

ഉത്തരവ് G.O(Rt)No.302/2020/WRD പ്രകാരം 178 ലക്ഷം രൂപയുടെ (ജി.എസ്.ടി. ഉൾപ്പെടാതെ) ഭരണാനുമതി നല്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി, എഗ്രിമെന്റ് വച്ച് പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും കൃഷിക്കാർക്ക് ജലസേചനത്തിന് പ്രയോജനപ്പെടുന്ന വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിക്കുന്നതിനുമായി ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിക്കാമോ?

നിലവിൽ നടന്നുവരുന്ന മഞ്ഞപ്പുഴയുടെ സംരക്ഷണ പ്രവൃത്തിയിൽ ജല സംരക്ഷണത്തിനാവശ്യമായ ചെക്ക് ഡാമും കാട്ടാമ്പള്ളി ബണ്ടിന്റെ പുനർനിർമ്മാണവും 352.00 മീറ്റർ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ പ്രസ്തുത പുഴയുടെ വശങ്ങൾ കെട്ടിസംരക്ഷിക്കുന്നതിന് പ്രദേശവാസികളുടെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതികളിന്മേൽ ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

മൈനർ ഇറിഗേഷനുകീഴിൽ നിലവിൽ ഒരു പരാതിയും മേജർ

ഇറിഗേഷനകീഴിൽ 17 പരാതികളും ലഭിച്ചിരുന്നു. ടി പരാതികൾ പ്രകാരമുള്ള 5 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള പരാതികളിന്മേലുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും തയ്യാറാക്കിവരികയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. പൂർത്തീകരിച്ച 5 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## തോടുകളുടെ നവീകരണം

270(3037) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; ഈ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ സിൽറ്റ് പുഷർ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; കാലാവസ്ഥ അനുകൂലമായിട്ടും ടി മെഷീൻ കണ്ണമ്മൂല-ആക്കുളം പ്രദേശത്ത് വിനിയോഗിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ആമയിഴഞ്ചാൻ തോടിന്റെ നവീകരണത്തിനായി 27-02-2020-ലെ GO(Rt)187/2020/WRD പ്രകാരം 25 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെടുന്ന പ്രധാന പ്രവൃത്തികൾ ചുവടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.

1. KWA - നടപ്പിലാക്കുന്ന സ്വീവേജ് പ്രവൃത്തികൾ - 10.78 കോടി

2. Protection work - 6.57 കോടി

3. Desiltation - 2.71 കോടി

4. Screen installation - 26 ലക്ഷം

5. Boundary fixation - 10 ലക്ഷം

6. Slit pusher -3.5 കോടി

നിലവിൽ ഇറിഗേഷൻ പ്രവൃത്തിയായ തോടിന്റെ സൈഡ് വാൾ നിർമ്മാണം പുരോഗതിയിലാണ്. തോടിന്റെ ഇടതുകരയിൽ 120 മീറ്റർ നീളത്തിൽ lining work പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വലതുകര ബണ്ടിൽ 40 മീറ്റർ നീളത്തിൽ lining work നടപ്പിലാക്കിവരുന്നു. പുതിയ സൈഡ് വാൾ നിർമ്മാണത്തിനുള്ള sand piling മാർച്ച് മാസം അവസാനത്തോടുകൂടി ആരംഭിക്കുന്നതാണ്. തോടിന്റെ അതിർത്തി നിർണ്ണയത്തിനുള്ള പ്രവൃത്തി നെല്ലിക്കുഴി മുതൽ ആരംഭിച്ചുവെങ്കിലും കടകംപള്ളി വില്ലേജിൽ ഇടത്തറ പാലം മുതൽ സർവ്വേ രേഖകൾ ലഭ്യമല്ലാത്തതിനാൽ അതിർത്തി നിർണ്ണയം തടസ്സപ്പെട്ടിരിക്കുകയാണ്. Desiltation പ്രവൃത്തി ഏപ്രിൽ മാസം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണമ്മൂല-ആക്കുളം,

ആമയിഴഞ്ചാൻ തോട് നവീകരണ പ്രവൃത്തി സിവിൽ വിഭാഗത്തിന്റെ പരിധിയിലുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി മെക്കാനിക്കൽ വിഭാഗം വഴി വാങ്ങിയ സിൽറ്റ് പുഷറിന്റെ ട്രയൽ റൺ തൃപ്തികരമായി നടത്തിയിട്ടുള്ളതും ടി മെഷീനിന്റെ വാടക മെക്കാനിക്കൽ വിഭാഗം നിശ്ചയിച്ച് ബന്ധപ്പെട്ട സിവിൽ വിഭാഗത്തിനെ അറിയിച്ചിട്ടുള്ളതുമാണ്.

(ബി) പാർവ്വതീ പുത്തനാർ നവീകരണ പദ്ധതി എന്ന് പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പശ്ചിമതീര കനാലിന്റെ ഭാഗമായ പാർവ്വതീ പുത്തനാറിന്റെ വികസനത്തിന്റെ രണ്ടാം ഘട്ടമാണ് നടന്നുവരുന്നത്. രണ്ടാം ഘട്ടത്തിൽ പാർശ്വങ്ങളിലുള്ള കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നു. കനാലിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ 66.39 കോടി രൂപയ്ക്ക് അനുമതി ലഭിക്കുകയും മാർക്കറ്റ് നിരക്കുകൂടി പരിഗണിച്ച് കിഫ്ബി പ്രസ്തുത തുക 87.18 കോടിയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് വികസനത്തിനായി കിഫ്ബി ഫണ്ടിൽനിന്നും 150 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്

കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2025-ഓടുകൂടി പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(സി) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് നിർമ്മാണ പുരോഗതി വിശദമാക്കാമോ; ടി പ്രവൃത്തി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായ അരശുംമൂട്-കുഴിവിള സ്വീവറേജ് വർക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത വർക്ക് എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം നഗരസഭയുടെ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടത്തുന്ന പദ്ധതിയാണ് കഴക്കൂട്ടം മുതൽ മുട്ടത്തറ വരെയുള്ള സ്വീവറേജ് പദ്ധതി. കഴക്കൂട്ടം ടെക്നോപാർക്ക് മുതൽ തുടങ്ങുന്ന ടി പദ്ധതി പല പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. അവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. അവയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു+. അരശുംമൂട്-കുഴിവിള സ്വീവറേജ് പ്രവൃത്തി 26% പൂർത്തിയായി. എന്നാൽ പ്രതീക്ഷിത പുരോഗതി കൈവരിക്കാനാവാത്തതിനാൽ കരാർ കമ്പനിയായ വർദ്ധമാൻ എഞ്ചിനീയറിംഗ് വർക്സിനെ ഒഴിവാക്കി കരാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പനിയുടെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പ്രവൃത്തികൾ ചെയ്യാൻ ദർഘാസ്സുകൾ ക്ഷണിച്ചെങ്കിലും കരാറുകാർ പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തിയെ നാലായി വിഭജിച്ച് അതിലൊന്നായ മാൻഹോളുകളുടെ പ്രവൃത്തി ആരംഭിക്കുകയും ബാക്കി മൂന്ന് പ്രവൃത്തികൾക്കും വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് 2022 ആഗസ്റ്റ് മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല സ്രോതസുകളിൽ ഒന്നായ തെറ്റിയാർ തോട് നവീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

തെറ്റിയാർ തോടിന്റെ നവീകരണത്തിനായി പ്രീമൺസൂൺ (City flood) പ്രവൃത്തിയായി തെറ്റിയാറിലെ ചെളി നീക്കംചെയ്യുന്നതിനായി 26 ലക്ഷം രൂപ അനുവദിച്ചു. ടി പ്രവൃത്തിയുടെ പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ബഡ്ജറ്റ് പ്രവൃത്തിയായി സൈഡ് വാൾ നിർമ്മാണത്തിനായി 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഇ) ആമയിഴഞ്ചാൻ തോട് സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം നഗരത്തിലൂടെ ഒഴുകുന്ന പ്രധാന തോടുകളായ

ഉള്ളൂർതോട്, പട്ടംതോട്, പഴവങ്ങാടി തോട് എന്നിവ കണ്ണമ്മൂലയിൽ ഒന്നായി ആമയിഴഞ്ചാൻ തോടായിട്ടാണ് ആക്കുളം കായലിലേയ്ക്ക് ഒഴുകുന്നത്. നിലവിൽ ആമയിഴഞ്ചാൻ തോട് നവീകരണത്തിനായി സമഗ്രമായ സമീപനമാണ് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണത്തിനായി 25 കോടി രൂപ അനുവദിച്ചതിനോടൊപ്പം ഇതിലേയ്ക്ക് ഒഴുകി എത്തുന്ന ഉള്ളൂർ തോട്, പഴവങ്ങാടി തോട്, പട്ടം തോട് എന്നിവയുടെ പുനരുദ്ധാരണത്തിനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഉള്ളൂർ തോടിന്റെ പുനരുദ്ധാരണത്തിനായി 9 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ സ്റ്റേജിലും പഴവങ്ങാടി തോടിന്റെ പുനരുദ്ധാരണത്തിനായി 80 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. ആദ്യഘട്ടത്തിൽ ടി തോടുകളുടെ ക്ലീനിംഗ് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. നിലവിൽ മാലിന്യം തള്ളുന്ന പ്രദേശങ്ങൾ തിരുവനന്തപുരം നഗരസഭയുടെ സഹായത്തോടെ കണ്ടെത്തി ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) കഴക്കൂട്ടം മണ്ഡലത്തിൽ കുടിവെള്ള സംവിധാനങ്ങൾ ഇല്ലാത്ത ചന്തവിള വാർഡ്, ഭാഗികമായി കുടിവെള്ള വിതരണ സംവിധാനങ്ങളുള്ള കടലോര വാർഡായ പള്ളിത്തുറ, കഴക്കൂട്ടം,

കാട്ടായിക്കോണം എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കാൻ പ്രത്യേക പ്രോജക്ട് നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; കൊടിക്കുന്ന് കുടിവെള്ള പ്രോജക്ട് എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ചന്തവിള, പള്ളിത്തുറ, കഴക്കൂട്ടം, കാട്ടായിക്കോണം എന്നീ നഗരസഭാ വാർഡുകളിൽ എല്ലാ വീട്ടിലും ശുദ്ധജലം എത്തിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് അമൃത് 2.0 എന്ന പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിക്കാനായി തിരുവനന്തപുരം നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്.

കൊടിക്കുന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു. 20% പ്രവൃത്തികൾ പൂർത്തിയായി. ഈ പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് ഹൗസ്, 3.4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി, പി.വി.സി. ടാങ്ക്, 5015 മീറ്റർ ദൈർഘ്യത്തിൽ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ, 9451 മീറ്റർ ദൈർഘ്യത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ, 1500 വാട്ടർ കണക്ഷനുകൾ നൽകൽ എന്നിവയാണുൾപ്പെട്ടിട്ടുള്ളത്. ഉപരിതല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പൈപ്പ്

ലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെയും തിരുവനന്തപുരം നഗരസഭയുടെയും അനുമതി ലഭിക്കേണ്ടതുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം പൊതുമരാമത്ത് വകുപ്പിൽ റോഡ് പുന:സ്ഥാപന തുകയൊടുക്കുവാനായിട്ടില്ല. കൂടാതെ കരാറുകാരന് ബിൽ തുകയും നൽകിയിട്ടില്ല. ഈ പ്രവൃത്തിക്കായി ഫണ്ട് ലഭ്യമാക്കി കാലതാമസം കൂടാതെ പദ്ധതി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാണോ എന്ന് വിശദമാക്കാമോ; ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ജലാശയങ്ങളിലെ ഗുണനിലവാരം താഴ്ന്നതാണെന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത് കണക്കിലെടുത്ത് വിവിധ വകുപ്പുകൾ/ഏജൻസികൾ ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മാലിന്യം നേരിട്ട് ജലസ്രോതസുകളിൽ നിക്ഷേപിക്കാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഫലമായി ജലസ്രോതസുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിൽ പ്രത്യക്ഷത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും ജലഗുണനിലവാരത്തിൽ

ഗുണപരമായ മാറ്റം കൂടുതലായി കൈവരിക്കേണ്ടിയിരിക്കുന്നു. പാലങ്ങളിൽനിന്നും നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി നിർമ്മിച്ചിട്ടുള്ള വലകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ നദികൾ/തോടുകൾ എന്നിവിടങ്ങളിലെ എക്കൽ/മാലിന്യം എന്നിവ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയും ഫലപ്രദമാണ്. കേരളത്തിലെ 44 നദികളെയും മറ്റു ജലസ്രോതസ്സുകളെയും ജനപങ്കാളിത്തത്തോടെ ശുചീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നവകേരളം പദ്ധതി-2-ന്റെ ഭാഗമായി വിഭാവനം ചെയ്യുന്നു. ഇതോടൊപ്പം ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി സ്വീകരിച്ചുവരുന്ന നിയമ നടപടികളും ഫലപ്രദമാണ്. കരമന നദി മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവുപ്രകാരം കേരളം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ കരമന നദിക്കായുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി സ്വീവറേജ് ഡിവിഷനിലൂടെ ഉടൻ നടപ്പിലാക്കേണ്ട പദ്ധതികളെന്നും ദീർഘകാലത്തിൽ നിർവഹിക്കേണ്ട പദ്ധതികളെന്നും തരം തിരിച്ച് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ പ്രൊമോഷൻ

271(3038) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണത്തിൽ കൂടുതൽ പ്രൊമോഷൻ നൽകിയപ്പോൾ അധികമായി പ്രമോഷൻ ലഭിച്ചവരെ റിവർട്ട് ചെയ്തിട്ടുണ്ടോ; ആയതിന്മേൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) കൂടുതൽ ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയതുവഴി ശമ്പള ഇനത്തിൽ എത്ര രൂപ അതോറിറ്റിക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്; ഇന്റേണൽ വിജിലൻസ് പ്രസ്തുത വിഷയം അന്വേഷിച്ചിട്ടുണ്ടോ?

കേരള വാട്ടർ അതോറിറ്റിയിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണത്തിൽ കൂടുതൽ പ്രൊമോഷൻ നൽകിയിട്ടില്ല.

(സി) തീർപ്പ് കൽപ്പിക്കാത്ത ക്രിമിനൽ കേസുള്ള എത്ര ജീവനക്കാർക്ക് 2016-നുശേഷം ജൂനിയർ സൂപ്രണ്ട് തസ്തികയിൽനിന്നും ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേയ്ക്ക് ഡി.പി.സി. കൂടി പ്രൊമോഷൻ

നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൊലപാതകം, ഗുരുതരമായ പണാപഹരണം തുടങ്ങിയ ക്രിമിനൽ കേസുകളിലുൾപ്പെട്ടവരെ DPC-യിൽനിന്നും നിയമപരമായി ഒഴിവാക്കുന്നു. മേൽപ്പറഞ്ഞ തരത്തിലുള്ള കേസുകളിലുൾപ്പെട്ടവരാരും തന്നെ കേരള വാട്ടർ അതോറിറ്റിയിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽനിന്നും ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേയ്ക്ക് ഡി.പി.സി. കൂടി പ്രൊമോഷൻ ആയവരിൽ ഇല്ല.

വാട്ടർ അതോറിറ്റിയിൽ ക്യൂ.സി.ബി.എസ്. ടെണ്ടർ

272(3039) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ക്യൂ.സി.ബി.എസ്. സംവിധാനത്തിൽ ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര ടെണ്ടറുകൾ ഇതുപ്രകാരം അംഗീകരിച്ചിട്ടുണ്ടെന്നും കരാറുകാരുടെയും പ്രവൃത്തിയുടെയും പേര്, കരാർ തുക എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

&

(ബി) കരാർ നൽകിയ പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയത് എത്രയാണെന്നും ഈ തുകയും കരാർ നൽകിയതും

തമ്മിലുള്ള വ്യത്യാസം എത്രയാണെന്നും വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) ക്യൂ.സി.ബി.എസ്. നിർത്തലാക്കി നേരത്തെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ക്യൂ.സി.ബി.എസ്. പുനഃസ്ഥാപിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ക്യൂ.സി.ബി.എസ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 16-02-2022-ൽ സർക്കാർ കത്ത് നം.ഡബ്ല്യൂ.എസ്-സി.2/1/21-ജവിവ പ്രകാരം QCBS സംവിധാനം മരവിപ്പിച്ചിരിക്കുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. QCBS പുന:സ്ഥാപിക്കാൻ തീരുമാനിച്ചിട്ടില്ല.

(ഡി) മുമ്പ് ക്യൂ.സി.ബി.എസ്. ദുരുപയോഗപ്പെടുത്തി നിയമവിരുദ്ധമായി കരാറുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറുകൾ റദ്ദ് ചെയ്യുമോ?

പരിശോധിച്ചുവരുന്നു.

(ഇ) ക്യൂ.സി.ബി.എസ്. പുനഃസ്ഥാപിക്കണമെന്ന തീരുമാനം എടുത്തത് ഏത് യോഗത്തിലാണെന്നും പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ?

QCBS പുനഃസ്ഥാപിക്കാൻ തീരുമാനിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലാഭകരമാക്കാൻ നടപടി

273(3040) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി പ്രതിവർഷം അറുന്നൂറ് കോടിയോളം രൂപ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; എങ്കിൽ പൊതുജനങ്ങൾക്ക് അധിക ബാദ്ധ്യതയുണ്ടാക്കാതെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

2020-21 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം (ബോർഡ് അംഗീകരിച്ച അക്കൗണ്ട്സ് പ്രകാരം) 594.10 കോടി രൂപയാണ്. കേരള വാട്ടർ അതോറിറ്റി അതിന്റെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന പ്രസരണ ചെലവ് 22.85 രൂപ വരുന്നു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി 10.92 രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. അതായത് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടമുണ്ടാകുന്നു. പൊതുജനങ്ങൾക്ക് അധിക ബാദ്ധ്യതയുണ്ടാക്കാതെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

ലാഭകരമാക്കുന്നതിന് താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി നിർവ്വഹിച്ചുവരുന്നു.

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കം വന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റിസ്ഥാപിക്കുക.

3. വിതരണശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area)-കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജലച്ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.

4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. Supervisory Control and Data Acquisition (SCADA) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക.

കുടിവെള്ള പദ്ധതികളുടെ റിംഗ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽനിന്നുള്ള വരവ്-ചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2014-നുശേഷം ശമ്പളം, പെൻഷൻ, വൈദ്യുത ചാർജ്ജ്, അറ്റകുറ്റപ്പണികളുടെ ചെലവ് എന്നിവയിൽ ഗണ്യമായ വർദ്ധനവുണ്ടായി. ചെലവിലുണ്ടായ വർദ്ധനവ് മറികടക്കാൻ വേണ്ടി കേരള ജല അതോറിറ്റി ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് നേരിടാത്ത രീതിയിൽ വാട്ടർ ചാർജ്ജ് വർദ്ധനവിനുവേണ്ടി ഒരു പ്രൊപ്പോസൽ 18-11-2021-ലെ കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പുതുതായി 29.37 ലക്ഷം കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി വാട്ടർ അതോറിറ്റിക്ക് വരുമാന വർദ്ധനവുണ്ടാകുമെന്നും കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) വെള്ളക്കരം ഉയർത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

10-02-2021-ലെ സ.ഉ.(കൈ)നം.9/2021/ജ.വി.വ പ്രകാരം എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും വാട്ടർ ചാർജ്ജിൽ പ്രതിവർഷം 5% വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെയാണ് ചാർജ്ജ് വർദ്ധനവിനുള്ള മേൽ പ്പറഞ്ഞ ശിപാർശ വാട്ടർ അതോറിറ്റി സമർപ്പിച്ചിരിക്കുന്നത്.

<u>വാട്ടർ അതോറിറ്റിയിലെ ഡിജിറ്റൽ ബില്ലിംഗ് സിസ്റ്റം</u>

274(3041) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്കുള്ള എല്ലാ ബില്ലുകളും രസീതുകളും സർട്ടിഫിക്കറ്റുകളും പരാതികളും ഡിജിറ്റലാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. 2022 ആഗസ്റ്റ് 15-ഓടെ സംസ്ഥാനം സമ്പൂർണ്ണ ഡിജിറ്റലാകുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ സേവനങ്ങളും ഡിജിറ്റലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മീറ്റർ റീഡിംഗ് നടത്തിയാൽ ഉടൻ തന്നെ ബില്ല് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഫോൺ മെസ്സേജുകളെക്കുറിച്ചും ഡിജിറ്റൽ സേവനങ്ങളെക്കുറിച്ചും ധാരണയില്ലാത്ത സാധാരണക്കാരെ

നിലവിലെ ബില്ലിംഗ് സമ്പ്രദായം ഏത് രീതിയിലാണ് ബാധിക്കുകയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ റീഡിങ്ങെടുത്ത് പേപ്പർ ബില്ലുകൾ നൽകുന്നതിനുപകരം ബില്ലുകൾ SMS ആയി ഉപഭോക്താക്കളുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പറുകളിൽ നൽകിവരുന്നു. SMS-ലൂടെ ബില്ലുകൾ നൽകുന്നതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം നോർത്ത്/സൗത്ത് ഡിവിഷനുകളിൽ ജൂലൈ 2021 മുതൽ നടപ്പിലാക്കിയ സമ്പ്രദായം വിജയകരമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് സംസ്ഥാനം ഒട്ടാകെ ഫെബ്രുവരി 2022 മുതൽ SMS സംവിധാനം വ്യാപിപ്പിക്കാൻ തീരുമാനിച്ചത്. പേപ്പർ ബില്ലുകൾ വേണമെന്നാവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് അത് നൽകുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(സി) ഉപഭോക്താക്കളിൽ പലരും യഥാർത്ഥ ഉടമസ്ഥർ അല്ലാത്തതിനാൽ വെള്ളക്കരം അടയ്ക്കുന്നത് പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇ-ബില്ലിംഗ് സിസ്റ്റം നടപ്പിലാക്കിയ സാമ്പത്തിക വർഷത്തെ വരുമാനവും തൊട്ട് മുൻ സാമ്പത്തിക വർഷത്തെ വരുമാനവും തരംതിരിച്ച്

വിശദീകരിക്കാമോ?

SMS വഴി ബില്ലുകൾ നൽകുന്ന സമ്പ്രദായം ഫെബ്രുവരി 2022 മുതൽ മാത്രമാണ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിയത്. 2020-21, 2021-22 വർഷങ്ങളിലെ ഏപ്രിൽ മുതൽ ഫെബ്രുവരി വരെയുള്ള വരുമാനം താരതമ്യം ചെയ്തുള്ള സ്റ്റേറ്റുമെന്റ് അനുബന്ധമായി ചേർക്കുന്നു+.

(ഇ) മീറ്റർ റീഡിംഗ് യഥാസമയം നടക്കാത്തതുമൂലം സംസ്ഥാനത്ത് ആകമാനം ഉപഭോക്താക്കൾക്ക് ബില്ല് അടയ്ക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വാട്ടർ അതോറിറ്റിയിലെ ബില്ലിംഗ് സമ്പ്രദായം

275(3042) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വാട്ടർ അതോറിറ്റിയുടെ ഗാർഹിക ഉപഭോക്താക്കൾക്കുള്ള ബില്ലിംഗ് സമ്പ്രദായത്തിലോ രീതിയിലോ മാറ്റംവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ബില്ലുകൾ നൽകുന്ന രീതിയിൽ മാറ്റംവരുത്തിയിട്ടുണ്ട്. 2022 ആഗസ്റ്റ് 15-ഓടെ സംസ്ഥാനം സമ്പൂർണ്ണ ഡിജിറ്റലാകുമെന്ന് സംസ്ഥാന സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ സേവനങ്ങളും ഡിജിറ്റലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി 2022 മുതൽ ബില്ലുകൾ SMS മുഖേന ഉപഭോക്താക്കളുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പറുകളിൽ നൽകിവരുന്നു. എന്നാൽ പേപ്പർ ബില്ലുകൾ/രസീതുകൾ വേണമെന്നുള്ളവർക്ക് അവ നൽകുന്നുണ്ട്.

(ബി) ബിൽ ലഭ്യമാക്കാതെ ദ്വൈമാസ ബില്ലുകൾ അടച്ചില്ലെന്ന കാരണത്താൽ പലിശ ഈടാക്കിയും മുൻ ജല ഉപയോഗം വർദ്ധിച്ച സ്ലാബിൽപ്പെടുത്തിയും ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നിലവിലെ സാഹചര്യം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

നിലവിൽ SMS മുഖേന ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകിവരുന്നു. ലോക്ക് ഡൗൺ പോലുള്ള കാരണത്താൽ ബിൽ ലഭ്യമാക്കാതെ ദ്വൈമാസ ബില്ലുകൾ അടച്ചില്ലായെന്ന കാരണത്താൽ പലിശ ചുമത്തുകയും മുൻ ജല ഉപഭോഗം കണക്കാക്കി ബില്ലുകൾ നൽകിയെന്നത് സംബന്ധിച്ച പരാതികൾ ലഭ്യമാകുന്നമുറയ്ക്ക് അവ പരിശോധിച്ച് നിയമാനുസൃതമായ കുറവുകൾ വരുത്തി പരാതികൾ പരിഹരിക്കുന്നുണ്ട്. നിലവിൽ വാട്ടർ ചാർജ്ജ് കണക്കാക്കുന്നത് അബാക്കസ് എന്ന സോഫ്റ്റ്‌വെയറിൽ റീഡിംഗ്

എടുത്ത് പോസ്റ്റ് ചെയ്യാണ്. എന്നാൽ എന്തെങ്കിലും കാരണത്താൽ റീഡിംഗ് എടുക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ബിൽ നൽകാതെ സിസ്റ്റത്തിൽ പലിശ കണക്കാക്കിയാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പലിശ ഒഴിവാക്കി കൊടുക്കുന്നുണ്ട്.

## പൊൻകുന്നം സബ്ഡിവിഷൻ ഓഫീസ്

276(3043) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ പൊൻകുന്നം സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി സ്ഥലമുണ്ടോ; അറിയിക്കുമോ?

ഇല്ല.

(ബി) ഇപ്പോൾ പ്രസ്തുത ഓഫീസ് വാടകക്കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അതെ.

(സി) സ്വന്തമായുള്ള സ്ഥലത്ത് പുതിയ കെട്ടിടം പണിത് ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്വന്തമായുള്ള സ്ഥലത്ത് പുതിയ കെട്ടിടം പണിത് ഓഫീസ്

പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടിയുടെ ഭാഗമായി പൊൻകുന്നം സെക്ഷൻ ഓഫീസ് പുരയിടത്തിൽ ജീർണ്ണാവസ്ഥയിലായ സെക്ഷൻ ഓഫീസ് കെട്ടിടം പൊളിച്ച് സബ് ഡിവിഷൻ/സെക്ഷൻ ഓഫീസ് എന്നിവയ്ക്കായുള്ള ഓഫീസ് കോംപ്ലക്സിന്റെ പ്ലാനും ഏകദേശം 96 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ

277(3044) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ കാസർഗോഡ് ജില്ലയിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ജില്ലയിൽ വാട്ടർ അതോറിറ്റിയിൽ താല്ക്കാലികമായും കരാർ അടിസ്ഥാനത്തിലും എത്ര പേർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ കാസർഗോഡ് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പി. എച്ച്. ഡിവിഷൻ കാസർഗോഡ്

| തസ്തിക | ഒഴിവുകളുടെ |
| --- | --- |

| | എണ്ണം |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I | 3 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II | 10 |
| ഓവർസിയർ ഗ്രേഡ് III | 6 |
| മീറ്റർ റീഡർ | 2 |
| ഓപ്പറേറ്റർ | 5 |
| എൽ.ഡി. ക്ലാർക്ക്/യു.ഡി. ക്ലാർക്ക് | 5 |
| ഓഫീസ് അറ്റന്റന്റ് | 5 |
| ഷിഫ്റ്റ് അസിസ്റ്റന്റ്/ക്ലീനർ | 9 |
| വർക്കർ/ അൺസ്കിൽഡ് വർക്കർ | 7 |
| ഡ്രൈവർ | 1 |

പ്രോജക്ട് ഡിവിഷൻ കണ്ണൂരിനുകീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഉപ്പള സബ് ഡിവിഷനുകീഴിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| എൽ.ഡി. ക്ലാർക്ക് | 1 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I | 1 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II | 1 |
| ഓവർസിയർ ഗ്രേഡ് III | 2 |

| | |
|---|---|
| ഓഫീസ് അറ്റൻഡന്റ് | 1 |

കേരളാ വാട്ടർ അതോറിറ്റിയിലുണ്ടാവുന്ന ഒഴിവുകളെല്ലാം അതത് സമയങ്ങളിൽ സംസ്ഥാന അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാസർഗോഡ് പി.എച്ച്. ഡിവിഷനുകീഴിൽ താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച 5 പേരും ഉപ്പള സബ് ഡിവിഷനുകീഴിൽ രണ്ടുപേരും ജോലി ചെയ്യുന്നു. കരാർ അടിസ്ഥാനത്തിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

278(3045) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലായി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പദ്ധതിപ്രദേശത്ത് സുലഭമായി ലഭ്യമാകുന്ന ശുദ്ധജലമുപയോഗിച്ച് തൃക്കരിപ്പൂർ മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനായുള്ള പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂർ പഞ്ചായത്തിലും സമീപ

പഞ്ചായത്തുകളായ ചെറുവത്തൂർ, പീലിക്കോട്, വലിയപറമ്പ, പടന്ന പഞ്ചായത്തുകളിലുള്ള മുഴുവൻ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നല്കുന്നതിനായുള്ള 221.99 കോടി രൂപയുടെ ബൃഹത്തായ കുടിവെള്ള പദ്ധതിക്ക് 2021 സെപ്റ്റംബറിൽ ഭരണാനുമതി ജൽജീവൻ മിഷൻ പദ്ധതിയിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ശുദ്ധീകരണശാല ഉൾപ്പെടെയുള്ള ഘടകങ്ങൾ നിർമ്മിക്കുന്നതിന് 10 സ്ഥലങ്ങളിലായി 335 സെന്റ് സർക്കാർ/ഡിപ്പാർട്ടുമെന്റ് സ്ഥലങ്ങളും ഒരു സ്വകാര്യ വ്യക്തിയുടെ 30 സെന്റ് സ്ഥലവും ആവശ്യമായിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മേൽപ്പറഞ്ഞ ഭൂമി ലഭ്യമാകുന്നതോടെ പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. ജൽജീവൻ മിഷൻ പദ്ധതികൾ 2024-നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ആലുവ ചൂർണ്ണിക്കര പൈപ്പ്‌ലൈൻ റോഡിന്റെ പുനരുദ്ധാരണം

279(3046) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ചൂർണ്ണിക്കര പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പൈപ്പ് ലൈൻ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 06-09-2021-ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് 2566/വിഐപി/എം(ഡബ്ല്യൂആർ)/

2021 നമ്പർ പ്രകാരം കൈമാറിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച മാനേജിംഗ് ഡയറക്ടർ ഓഫീസിലെ ഫയൽ നമ്പർ ലഭ്യമാക്കുമോ?

പൈപ്പ്‌ലൈൻ റോഡ് ജല അതോറിറ്റിയുടെ പൈപ്പ്‌ലൈൻ പരിശോധനകൾക്ക് മാത്രമായി നിർമ്മിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ആലുവ നിയോജകമണ്ഡലത്തിൽ വരുന്ന ആലുവ മുതൽ ചൂർണ്ണിക്കര പഞ്ചായത്തിലെ കുന്നത്തേരി ഷാപ്പുംപ്പടി വരെയുള്ള റോഡിൽ (2.57 കിലോ മീറ്റർ) ഇന്റർലോക്ക് ടൈലിട്ട് പുനരുദ്ധാരണം ചെയ്യുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.ഡി.-യുടെ ഓഫീസിലെ ഫയൽ നമ്പർ KWA/JB/P3/State Plan/02/2020.

(ബി) ഈ വിഷയത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ജലവിഭവ വകുപ്പിന്റെ മദ്ധ്യമേഖല ചീഫ് എഞ്ചിനീയർക്ക് 07-10-2021-ന് നിർദ്ദേശം നൽകിയതിനെ തുടർന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഈ വിഷയത്തിലുള്ള വിശദമായ റിപ്പോർട്ട് 07-02-2022-ൽ കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് മദ്ധ്യമേഖല ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ

പകർപ്പ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിനായി എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

ഉണ്ട് (പ്രൈസ് നമ്പർ 2021/39700 പ്രകാരം). പകർപ്പ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+

(ഡി) പൈപ്പ്ലൈൻ റോഡിന്റെ പുനരുദ്ധാരണം എന്നത്തേയ്ക്ക് ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയുമെന്നും എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്നും അറിയിക്കുമോ?

പൈപ്പ്ലൈൻ റോഡിൽ ഇന്റർലോക്ക് ടൈൽ പാകുന്നതിന് NOC നൽകുന്നതിനായി ചീഫ് എഞ്ചിനീയർ മദ്ധ്യമേഖല സമർപ്പിച്ച റിപ്പോർട്ട് കേരള ജല അതോറിറ്റിയുടെ പരിഗണനയിലാണ്.

<u>അഞ്ചൽ മിനി സിവിൽ സ്റ്റേഷനിൽ വാട്ടർ അതോറിറ്റിയുടെ സബ്സെന്റർ</u>

280(3047) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ അഞ്ചൽ, ഏരൂർ, അലയമൺ, ഇടമുളക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ആളുകൾ ബഹുദൂരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഞ്ചരിച്ചാണ് മടത്തറ എന്ന പ്രദേശത്തെ കടയ്ക്കൽ വാട്ടർ അതോറിറ്റി ഓഫീസുകളിൽ എത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യാത്രാസൗകര്യം കുറവായ, വിദൂര ഉൾപ്രദേശമായ കടയ്ക്കൽ എത്തുന്നതിന് ഈ നാല് പഞ്ചായത്തുകളിലുള്ള ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അഞ്ചൽ പഞ്ചായത്തിലെ അഞ്ചൽ മിനി സിവിൽ സ്റ്റേഷനിൽ കേരള വാട്ടർ അതോറിറ്റിയുടെ ഒരു സബ്സെന്റർ ഓഫീസ് തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കടയ്ക്കൽ സബ്ഡിവിഷനുകീഴിൽ മടത്തറ, കടയ്ക്കൽ എന്നീ സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കേരള ജല അതോറിറ്റിയുടെ വെബ് സൈറ്റിൽ ഓൺ ലൈനായി കരമടയ്ക്കുന്നതിനും കണക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിനും സൗകര്യമുണ്ട്. അഞ്ചലിൽ വാട്ടർ അതോറിറ്റിയുടെ സബ്സെന്റർ രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) ഇവിടെ സബ്സെന്റർ ഓഫീസ് തുടങ്ങുന്നതിനുള്ള സൗകര്യം ഒരുക്കണമെന്ന് കാട്ടി അഞ്ചൽ ഗ്രാമപഞ്ചായത്ത് നല്കിയ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ?

പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സർക്കാരിൽ ലഭ്യമായിട്ടില്ല.

ഫിഷറീസ് വകുപ്പ് മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

281(3048) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പ് 2021-22 വർഷം മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഓരോ പദ്ധതിയുടെയും അടങ്കൽ തുക, നിർവ്വഹണ ഏജൻസി, പ്രോഗ്രസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുമോ?

ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2021-22 വർഷം മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഫിഷറീസ് വകുപ്പിന് കീഴിലെ പ്രസിദ്ധീകരണങ്ങൾ

282(3049) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമാണ്; നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ താഴെപ്പറയും പ്രകാരമാണ്.

<u>ഫിഷറീസ് വകുപ്പ്</u>

1. ജനകീയ മത്സ്യകൃഷി സ്പെഷ്യൽ സെൽ മുഖേന മത്സ്യരോഗ നിവാരണത്തിനും നിയന്ത്രണത്തിനുമായി ‘ SOP for Aquatic Animal Health Management’ , എന്ന പുസ്തകം.

2. മത്സ്യകൃഷി പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനായി ‘ Package of Aquaculture Practices’ എന്ന പുസ്തകം.

3. വിവിധ മത്സ്യകൃഷി രീതികളെക്കുറിച്ചുള്ള അറിവ് കർഷകർക്ക് പകരുന്നതിനായി 14 ബ്രോഷറുകൾ.

4. ഫിഷറീസ് വകുപ്പ് മുഖാന്തരം കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ നടത്തിയ വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബ്രോഷർ.

5. മത്സ്യവിത്ത് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട കർഷകരിലേയ്ക്കും അനുബന്ധ പ്രവർത്തകരിലേയ്ക്കും എത്തിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായുള്ള ബ്രോഷർ.

6. കൂടാതെ ഫിഷറീസ് വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്സ് സെല്ലിൽ നിന്നും Socio Economic Survey of Fisherfolk of Kerala 2013

7. Kerala Fisheries Statistics - at a glance 2017

8. Coastal line Survey Report 2018-19

9. Kerala Fisheries Statistics - at a glance 2019

10. Fisheries Hand Book 2019

11. Fisheries Hand Book 2020 എന്നിവ പ്രസിദ്ധീകരിച്ചു.

കൂടാതെ Kerala Fisheries Statistics - at a glance 2020 പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

<u>മത്സ്യഫെഡ്</u>

1. മത്സ്യഫെഡ് ഇൻഫർമേഷൻ ഗൈഡ് എല്ലാ വർഷവും മത്സ്യഫെഡ് ഇൻഫർമേഷൻ ഗൈഡ് പ്രസിദ്ധീകരിക്കുന്നുണ്ട്.

2. മത്സ്യ 'മത്സ്യ' എന്ന പേരിൽ ഒരു മാസിക 2020 ഫെബ്രുവരി മാസം മത്സ്യഫെഡ് പ്രസിദ്ധീകരിച്ചിരുന്നു. നിലവിൽ ടി മാസിക

പ്രസിദ്ധീകരിക്കുന്നില്ല.

(ബി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്കുപുറമേ നോട്ടീസുകൾ, ക്ഷണക്കത്തുകൾ, ആശംസാകാർഡുകൾ തുടങ്ങി മറ്റു തരത്തിൽ അച്ചടിച്ച പ്രസിദ്ധീകരണങ്ങൾക്കായി സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുക എത്രയെന്നും ഓരോ ഇനത്തിലും ചെലവാക്കിയ തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

നോട്ടീസുകൾ, ക്ഷണക്കത്തുകൾ, ആശംസാ കാർഡുകൾ തുടങ്ങിയവയ്ക്കായി ഫിഷറീസ് വകുപ്പ് 2016-17 മുതൽ 2020-21 വരെ 5,15,843/- രൂപ ചെലവാക്കി.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾക്കും അനൗൺസ്മെന്റുകൾക്കും മറ്റു പ്രചരണ പരിപാടികൾക്കും സർക്കാർ ഖജനാവിൽനിന്നും ഫിഷറീസ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

1) ഫിഷറീസ് വകുപ്പ് മുഖാന്തരം കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷ കാലയളവിൽ നടത്തിയ വികസന ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള 20 മിനിട്ട് ദൈർഘ്യമുള്ള ‘ തീരം കാത്ത കാലം’ എന്ന ഡോക്യുമെന്ററി

തയ്യാറാക്കിയതിന് 2020-21 പദ്ധതിപ്രകാരം 4,70,600/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2) ‘ കടലോരങ്ങളിലെ പുതുരാഗങ്ങൾ’ എന്ന പേരിൽ 2020-21 വർഷത്തിൽ ഡോക്യുമെന്ററി തയ്യാറാക്കിയതിന് 4,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് മുഖാന്തരം ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കുവേണ്ടി വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ടും വിവിധ ക്ഷേമപദ്ധതികൾക്ക് പ്രചാരം നൽകുന്നതിനായും ശ്രവ്യ മാധ്യമമായ റെഡ് എഫ്. എം., ക്ലബ് എഫ്. എം., റേഡിയോ മിർചി, ബിഗ് എഫ്.എം., റേഡിയോ മാംഗോ, ഗ്ലോബൽ, ജവാനി, റേഡിയോ ബെൻസിഗർ എന്നീ 8 എഫ്.എം. റേഡിയോകൾ വഴി സംസ്ഥാനമൊട്ടാകെ 02-02-2019 മുതൽ 07-02-2019 വരെ 6 ദിവസകാലത്തേയ്ക്ക് പി.ആർ.ഡി. നിരക്കിൽ സംപ്രേക്ഷണം നടത്തിയിരുന്നു. ഇതിന് ചെലവായ തുക ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | വർഷം | കമ്പനി | അനുവദിച്ച തുക |
|---|---|---|---|
| 1 | 2019 | റെഡ് എഫ്.എം | 169920 |

| | | | |
|---|---|---|---|
| 2 | 2019 | ക്ലബ് എഫ്.എം. | 189036 |
| 3 | 2019 | റേഡിയോ മിർചി | 55755 |
| 4 | 2019 | ബിഗ് എഫ് | 25665 |
| 5 | 2019 | റേഡിയോ മാംഗോ | 172044 |
| 6 | 2019 | ഗ്ലോബൽ | 16992 |
| 7 | 2019 | ജവാനി | 14400 |
| 8 | 2019 | റേഡിയോ ബെൻസിഗർ | 28037 |
| ആകെ | | | 671849 |

ഫിഷറീസ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ സർക്കാർ ഖജനാവിൽനിന്നും തുക ചെലവഴിച്ചിട്ടില്ല.

(ഡി) പ്രസ്തുതകാലയളവിൽ യോഗങ്ങൾ, ബോധവൽക്കരണ പരിപാടികൾ, മറ്റു പൊതുപരിപാടികൾ എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ യോഗങ്ങൾ, ബോധവത്കരണ പരിപാടികൾ, മറ്റു പൊതുപരിപാടികൾ എന്നിവയ്ക്കായി ചെലവാക്കിയ തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പൊതു പരിപാടികൾക്കായി 5,41,409/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ മത്സ്യഫെഡ്, മത്സ്യബോർഡ്, കേരള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ തനതു ഫണ്ടിൽ നിന്നാണ് തുക വിനിയോഗിച്ചത്.

<u>സമുദ്രോത്പന്ന കയറ്റുമതിയിലെ പുരോഗതി</u>

283(3050) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ ഒന്നുംരണ്ടും തരംഗം വിതച്ച ദുരിതങ്ങൾ മറികടന്ന് സംസ്ഥാനത്തെ സമുദ്രോത്പന്ന കയറ്റുമതിയിൽ ക്രമാനുഗതമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

2021-22 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള അഖിലേന്ത്യ അടിസ്ഥാനത്തിലുള്ള താത്കാലിക ഡാറ്റ പ്രകാരം സമുദ്രോത്പന്ന കയറ്റുമതി കോവിഡ്-19-മായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽനിന്ന് പുനരുജ്ജീവിക്കുന്നതായും മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 36% വർദ്ധന കാണിക്കുന്നതായും കാണുന്നു.

(ബി) കോവിഡിന്റെ മൂന്നാം വ്യാപനം ശക്തമായ രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിൽ പ്രത്യേകിച്ചുമുണ്ടായ പ്രതിസന്ധി സംസ്ഥാനത്തെ മത്സ്യോത്പന്ന കയറ്റുമതിയെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന്

വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ മൂന്നാം തരംഗത്തിന് ശേഷം സമുദ്രോത്പന്ന കയറ്റുമതി പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കൂടാതെ ജപ്പാൻ, യു.എസ്.എ, ചൈന-മിഡിൽ ഈസ്റ്റ് മറ്റ് വിപണികൾ എന്നിവയുൾപ്പെടെയുള്ള എല്ലാ വിപണികളിലും ഈ വർഷം മികച്ച മികവ് കാണിക്കുന്നു. തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേയ്ക്കുള്ള കയറ്റുമതി മാത്രം കുറഞ്ഞു.

(സി) അടുത്ത സാമ്പത്തിക വർഷം എത്രകോടിയുടെ കയറ്റുമതിയാണ് ലക്ഷ്യംവയ്ക്കുന്നതെന്ന് അറിയിക്കാമോ?

കയറ്റുമതി ടാർജറ്റ് നിശ്ചയിച്ചുവരുന്നു.

(ഡി) സമുദ്രോത്പന്ന കയറ്റുമതി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

സമുദ്രോത്പന്ന കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പരിപാടികൾ MPEDA ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ

284(3051) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ ഫിഷറീസ് വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുകയും ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു+.

<u>സി.എ. സ്റ്റീഫൻ സമർപ്പിച്ച ധനസഹായ അപേക്ഷ</u>

285(3052) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ട് തകർന്നതുമായി ബന്ധപ്പെട്ട് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുതുവൈപ്പ്, ഓച്ചന്തുരുത്ത്, ചാക്യമുറി വീട്ടിൽ, സി. എ. സ്റ്റീഫൻ 26-04-2017-ന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിലെ 172/ബി3/2017 നമ്പർ ഫയലിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. സി. എ. സ്റ്റീഫൻ, ചാക്യമുറി വീട്ടിൽ, പുതുവൈപ്പ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള IND-KL-04-MM-173 എന്ന രജിസ്ട്രേഷൻ നമ്പറിലുള്ള മേരി അമ്മ-1 എന്ന ബോട്ട് അപകടത്തിൽപ്പെട്ടത് സംബന്ധിച്ച അപേക്ഷ 02-08-2017-ലെ B3/172/2017 നം. കത്ത് പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർക്ക് നൽകിയിരുന്നു. ടി തടിവള്ളത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് യാനം, വല, എഞ്ചിൻ എന്നിവയ്ക്ക് 66,000/- രൂപയുടെ നഷ്ടം സംഭവിച്ചതായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം ഫിഷറീസ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

<u>വലിയഴീക്കൽ ഹാർബറിന്റെ വികസനം</u>

286(3053) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുകണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന വലിയഴീക്കൽ ഹാർബർ, അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഹാർബറിന്റെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ഉണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് RIDF XXVII-ൽ ഉൾപ്പെടുത്തി അഡീഷണൽ വാർഫ്, ലേലപ്പുര, കവേർഡ് ലോഡിംഗ് ഏരിയ, കോമ്പൗണ്ട് വാൾ, കാന്റീൻ & റസ്റ്റ് റൂംസ്, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, ലോക്കർ റൂംസ്, ഷോപ്പ്സ്, നെറ്റ് മെൻഡിംഗ് ഷെഡ്, ഇന്റേണൽ റോഡ് & ഡ്രെയിൻ എന്നീ പ്രവൃത്തികൾക്ക് 1668 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ അഡീഷണൽ വാർഫ്, ലേലപ്പുര, ലോഡിംഗ് ഏരിയ (കവേർഡ്) എന്നീ പ്രവൃത്തികൾക്ക് 1008 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർനടപടികൾ

സ്വീകരിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അഴീക്കോട് മണ്ഡലത്തിലെ തീരദേശ റോഡുകൾ

287(3054) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ പ്രവൃത്തി നടന്നുവരുന്ന തീരദേശ റോഡുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന തീരദേശ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) റോഡ് പ്രവൃത്തി നടക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റോഡ് പ്രവൃത്തി നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

## മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യഫെഡ് വഴി മണ്ണെണ്ണ

288(3055) ശ്രീ.എൻ. എ. നെല്ലിക്കുന്ന്
ശ്രീ. കുറുക്കോളി മൊയ്തീൻ
ഡോ. എം. കെ. മുനീർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ <u>പെർമിറ്റിനുള്ള</u> മത്സ്യബന്ധന യാനങ്ങളുടെ എണ്ണമെത്രയാണെന്ന് ഫിഷറീസ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത യാനങ്ങൾക്ക് മത്സ്യഫെഡ് വഴി മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

സംയുക്ത പരിശോധനയിൽ പെർമിറ്റിന് യോഗ്യമാണെന്ന് കണ്ടെത്തിയ 14332 എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിക്കുന്ന മുറയ്ക്ക് മത്സ്യഫെഡ് വഴി മണ്ണെണ്ണ വിതരണം ചെയ്യുന്നതാണ്.

(സി) മണ്ണെണ്ണയ്ക്കുപകരം എൽ.പി.ജി. <u>ഉപയോഗിക്കുന്നതിനുള്ള</u> സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മണ്ണെണ്ണക്ക് പകരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

<u>മത്സ്യഫെഡിൽനിന്നും എടുത്ത വായ്പയുടെ തിരിച്ചടവ്</u>

289(3056) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽനിന്നും മത്സ്യബന്ധന ആവശ്യങ്ങൾക്ക് വേണ്ടി എടുത്ത വായ്പ കുടിശ്ശിക തിരിച്ചടയ്ക്കാൻ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

&

(ബി) പദ്ധതി പ്രകാരം എത്രപേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്; ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

<u>ആയിക്കര മത്സ്യബന്ധന മേഖലയിലെ പ്രവേശന ഫീസ്</u>

290(3057) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ ആയിക്കര ഫിഷിംഗ് ഹാർബറിൽ വാഹനത്തിൽ പ്രവേശിക്കാൻ പൊതുജനങ്ങൾക്ക് അടുത്തകാലത്തായി ഫീസ് ഏർപ്പെടുത്തിയത് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാപ്പിള ബേ (ആയിക്കര) ഫിഷിംഗ് ഹാർബറിൽ അടുത്ത കാലത്തായി പുതിയ ഫീസൊന്നും ഏർപ്പെടുത്തിയിട്ടില്ല. എല്ലാ ഹാർബറുകളിലും നിയമാനുസൃതമായി ഈടാക്കുന്ന പ്രവേശന ഫീസ് മാത്രമെ മാപ്പിളബേ (ആയിക്കര) ഫിഷിംഗ് ഹാർബറിലും ഈടാക്കുന്നുള്ളൂ.

(ബി) പൊതുജനങ്ങൾക്ക് നേരിട്ടുപോയി നല്ല മത്സ്യം വാങ്ങുവാൻ ഫീസ് കൊടുത്തു പാസ് എടുക്കേണ്ടിവരുന്നതായ അവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഹാർബറിനകത്ത് മത്സ്യത്തിന്റെ ചില്ലറ വില്പന പ്രോത്സാഹിപ്പിക്കുന്നില്ല. നിയമാനുസൃതമായ പ്രവേശന ഫീസ് ഈടാക്കി മാത്രമേ ഹാർബറിനകത്തേയ്ക്ക് പ്രവേശനം അനുവദിക്കാൻ സാധിക്കുകയുള്ളൂ.

## അരൂർ മണ്ഡലത്തിലെ ഫിഷ് ലാൻഡിംഗ് സെന്ററുകൾ

291(3058) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

അരൂർ മണ്ഡലത്തിൽ 2016 മുതൽ അനുവദിച്ച ഫിഷ് ലാൻഡിംഗ് സെന്ററുകൾ ഏതെല്ലാമെന്നും അവയുടെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

അരൂർ മണ്ഡലത്തിൽ 2016 മുതൽ ഫിഷ് ലാൻഡിംഗ് സെന്ററുകൾ ഒന്നും അനുവദിച്ചിട്ടില്ല.

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ മാർക്കറ്റുകളുടെ നവീകരണം</u>

292(3059) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ, വക്കം, നിലയ്ക്കാമുക്ക് മാർക്കറ്റുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ നിരക്കുകളിൽ മാറ്റം വന്ന സാഹചര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ, (പഴയകുന്നുമ്മേൽ), വക്കം, നിലയ്ക്കാമുക്ക് എന്നീ മാർക്കറ്റുകളുടെ നവീകരണത്തിനായി കിഫ്ബിയിൽനിന്നും ഫണ്ടിംഗ് സാംഗ്ഷൻ അനുമതി ലഭിച്ചിരുന്നു. തുടർനടപടികൾ സ്വീകരിച്ചുവരുന്ന വേളയിൽ ഡി.എസ്.ആർ 2018 റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ, അപ്രകാരം നിരക്കുകൾ പുതുക്കി എസ്റ്റിമേറ്റ് അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചതനുസരിച്ച് വക്കം, നിലയ്ക്കാമുക്ക് എന്നീ മാർക്കറ്റുകൾക്ക് പുതുക്കിയ നിരക്കുകൾ പ്രകാരം പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം സാങ്കേതികാനുമതി എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. കിളിമാനൂർ മാർക്കറ്റിന് പുതുക്കിയ നിരക്ക് പ്രകാരം കിഫ്ബിയിൽനിന്ന് ഫണ്ടിംഗ് സാംഗ്ഷൻ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ

293(3060) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യം ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ സ്വകാര്യ മേഖലകളിലായി എത്ര

സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും പ്രതിവർഷം എത്ര രൂപയുടെ വിറ്റു വരവാണ് ഇത്തരം സ്ഥാപനങ്ങൾ നേടുന്നതെന്നും അറിയിക്കാമോ?

ഫിഷറീസ് വകുപ്പ് ഏജൻസികളായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ് എന്നിവ മുഖാന്തരം പ്രവർത്തിച്ചുവരുന്ന മൂല്യവർദ്ധിത സംസ്കരണ യൂണിറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ വൈവിധ്യവൽക്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിത മത്സ്യ സംസ്കരണ യൂണിറ്റിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നു. സംസ്ഥാനത്തെ ആദ്യ സംരംഭമാണിത്. ഓരോ സീസണിലും ലഭ്യതയനുസരിച്ച് വിവിധ ഇനം മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽനിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശേഷം സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത് പായ്ക്ക് ചെയ്താണ് വിപണിയിൽ എത്തിക്കുന്നത്. ഇതുകൂടാതെ ICAR-CIFT-ന്റെ സാങ്കേതിക സഹായത്തോടെ 26-ൽപരം " റെഡി ടു ഈറ്റ്" മത്സ്യവിഭവങ്ങൾ " ഫിഷ് മെയ്ഡ്" എന്ന പേരിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതോടൊപ്പം മറ്റു വിവിധ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളായ അച്ചാറുകൾ, ചമ്മന്തിപ്പൊടി മുതലായവയും പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ മത്സ്യം ഉപയോഗിച്ചുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങളുണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് ആധുനീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സർക്കാർ ധനസഹായത്തോടെ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ മുളക്കുഴ പഞ്ചായത്തിൽ മത്സ്യത്തിന്റെയും കാർഷിക വിളകളുടെയും വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഉൽപ്പാദന യൂണിറ്റും മത്സ്യസംഭരണ കേന്ദ്രവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടിയുള്ള സാങ്കേതികവിദ്യ കൈമാറുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ്

ടെക്നോളജി (CIFT) കേന്ദ്ര കിഴങ്ങ് വർഗ്ഗവിള ഗവേഷണ കേന്ദ്രം (CTCRI)-യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടുതൽ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. സാഫ് തീരമൈത്രി പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ മത്സ്യം ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്ന ചെറുകിട തൊഴിൽ സംരംഭ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 5 പേരടങ്ങുന്ന ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ വരെ (ഒരംഗത്തിന് ഒരു ലക്ഷം രൂപ വരെ) ഗ്രാന്റ് അനുവദിക്കും. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവും ആയിരിക്കും. ആലപ്പുഴ ജില്ലയിലെ 12 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി Model Peeling Unit സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് പരിശോധിച്ചുവരുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവും ആയിരിക്കും. Solar power സംവിധാനത്തോടു കൂടിയ Model Peeling Unit ആണ് സ്ഥാപിക്കുന്നത്. പീലിംഗ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉയർന്ന ഗുണനിലവാരത്തിലും ശുചിത്വപൂർണ്ണമായ സാഹചര്യത്തിലും ജോലി ചെയ്യുന്നതിന് മാതൃകയാക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. Exporting Centres, Local market

എന്നിവിടങ്ങളിൽ ശുചിത്വപൂർണ്ണമായ ചുറ്റുപാടിൽ മത്സ്യം കൈകാര്യം ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനും ഇതുവഴി സാധിക്കും. ഇതിലൂടെ സ്ഥിരവരുമാനവും സ്ഥിരം തൊഴിലും കണ്ടെത്തുന്നതിനും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾ

294(3061) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

&

(ബി) താമരക്കുളം, മാങ്കാംകുഴി, പുതിയക്കടവ് മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് 04-09-2021-ൽ കിഫ്ബിയിൽനിന്നും ഫണ്ടിംഗ് അനുമതി ലഭിച്ചിരുന്നു. എന്നാൽ 30-08-

2021-ൽ ഡി.എസ്.ആർ റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ അതിൻപ്രകാരം എസ്റ്റിമേറ്റ് പുതുക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചതുപ്രകാരം താമരക്കുളം മത്സ്യമാർക്കറ്റിന് പുതുക്കിയ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും 08-02-2022-ൽ ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം സാങ്കേതികാനുമതി പരിശോധിച്ചുവരുന്നു. മാങ്കാംകുഴി മത്സ്യമാർക്കറ്റിനു പുതുക്കിയ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ കൈക്കൊണ്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്. പുതിയക്കടവ് മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി, അംഗീകാരം ലഭ്യമായിട്ടില്ല.

## <u>ഗുരുവായൂർ മണ്ഡലത്തിലെ തീരദേശ സ്കൂളുകളുടെ നവീകരണം</u>

295(3062) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ തീരദേശത്തെ സ്കൂളുകളുടെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ തീരദേശത്തെ സ്കൂളുകളുടെ

നവീകരണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഗവൺമെന്റ് ഫിഷറീസ് അപ്പർ പ്രൈമറി സ്കൂൾ, മന്ദലംകുന്ന് - പുനരുദ്ധാരണം | 68.53 | പദ്ധതിയുടെ സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചു. വൈദ്യുതീകരണ പ്രവൃത്തികൾ നടപ്പി ലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

(ബി) പുലിമുട്ട് നിർമ്മാണത്തിന്റെ ഭാഗമായി ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ തീരദേശത്ത് തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തീരസംരക്ഷണത്തിന് KIIFB പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന തീരദേശ സംരക്ഷണത്തിനു വേണ്ടിയുള്ള പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയായതിനുശേഷം ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ തകർന്ന തീരദേശ റോഡുകളുടെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ്

296(3063) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. പരമ്പരാഗത യാനങ്ങളെയാണ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. ഇ-ടെണ്ടർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കി വരികയാണ്. ടി പദ്ധതിപ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സുമുൾപ്പെടുന്നതാണ് നിലവിലെ

പ്രീമിയം തുക. 2018-19-ൽ 647, 2019-20-ൽ 856, 2020-21-ൽ 924 എന്നിങ്ങനെ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾ ടി പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 2 കോടി രൂപ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. 15-3-2022വരെ ജില്ലകളിൽ ഗുണഭോക്തൃ വിഹിതം അടച്ച 2255 പേർക്ക് പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ എത്ര ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം ടി പദ്ധതിപ്രകാരം 15-03-2022 വരെ ഗുണഭോക്തൃ വിഹിതം അടച്ച ആകെ 2255 മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

<u>കുമ്പളയിൽ ഫിഷറീസ് വകുപ്പ് നിർമ്മിക്കുന്ന ഫ്ലാറ്റ്</u>

297(3064) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് കാസർകോഡ് ജില്ലയിലെ കുമ്പള പഞ്ചായത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊയ്പ്പാടി വില്ലേജിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കുമ്പള ഗ്രാമപഞ്ചായത്തിലെ കൊയ്പ്പാടിയിൽ ഫ്ലാറ്റ് നിർമ്മാണത്തിന് 1570 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2018 DSR പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര ഗുണഭോക്താക്കൾക്കാണ് ഫ്ലാറ്റ് അനുവദിക്കുന്നതെന്നു വ്യക്തമാക്കുമോ; ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

&

(ഡി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന് ഇതുവരെ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

144 ഗുണഭോക്താക്കൾക്കാണ് ഫ്ലാറ്റ് അനുവദിക്കുന്നത്. ഗുണഭോക്താക്കൾ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരായിരിക്കണം. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല.

(ഇ) ഫ്ലാറ്റിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പ്രവൃത്തി കാലാവധി രണ്ടുവർഷമാണ്.

വലിയതുറയിലെ 'പുനർഗേഹം' പദ്ധതി

298(3065) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പുനർഗേഹം' പദ്ധതിപ്രകാരം വലിയതുറയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; ഫ്ലാറ്റ് പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത ഫ്ലാറ്റിൽ എത്ര കുടുംബങ്ങൾക്ക് താമസസൗകര്യം ഏർപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

മുട്ടത്തറ വില്ലേജിൽ വലിയതുറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 19.20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. വലിയതുറയിൽ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ്

നടപ്പിലാക്കുന്നത്. മരാമത്ത് പ്രവൃത്തികൾക്കായി 06-01-2022 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്ന ദിവസം മുതൽ ഒരു വർഷം കൊണ്ട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഫ്ലാറ്റിൽ 192 കുടുംബങ്ങൾക്കാണ് താമസ സൗകര്യം ഒരുക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ രണ്ടു വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളേയും പ്രസ്തുത ഫ്ലാറ്റിലേയ്ക്ക് പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

&

(സി) തിരുവനന്തപുരം ജില്ലയിൽ രണ്ടു വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന 71 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ അവരുടെ താല്പര്യം കൂടി പരിഗണിച്ചുകൊണ്ട് അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക കർമപദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ?

വലിയതുറയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന

മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ പുനർഗേഹം പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരായ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത തീരദേശവാസികൾ

299(3066) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശവാസികളിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുടെ കണക്ക് ലഭ്യമാക്കുമോ?

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എൻ.ഐ.ആർ.ഡി)-ന്റെ 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്നു കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു.

(ബി) ഈ സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തിയ 'പുനർഗേഹം' പദ്ധതിയിലൂടെ എത്ര പേർക്ക് വീട്/ഫ്ലാറ്റ് നൽകിയെന്നും

എത്ര പേർക്ക് നൽകാനുണ്ടെന്നും എപ്പോൾ നൽകുവാൻ കഴിയുമെന്നും ഇതിനായിട്ടുള്ള തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

സർക്കാരിന്റെ ഒന്നാം നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 'പുനർഗേഹം' പദ്ധതിയിലൂടെ 2021-ൽ 319 വീടുകളും 276 ഫ്ലാറ്റുകളും കൈമാറി നൽകിയിട്ടുണ്ട്. രണ്ടാം നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 689 ഭവനങ്ങൾ കൈമാറുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 252 ഭവനങ്ങൾ പൂർത്തീകരിച്ച് താക്കോൽ കൈമാറിയിട്ടുണ്ട്. കൊല്ലം Q.S.S കോളനിയിലെ 114 ഫ്ലാറ്റുകളും രണ്ടാം നൂറു ദിനത്തിന്റെ ഭാഗമായി കൈമാറുവാൻ കഴിയും. DLAC/DLMC അപ്രൂവൽ നടക്കുന്ന മുറയ്ക്ക് മറ്റ് ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിമുഖത കാണിക്കുന്ന ഗുണഭോക്താക്കളെ എം.എൽ.എ.-മാരുടേയും മറ്റ് ജന പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ ബോധവൽക്കരണം നടത്തി പദ്ധതിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും കൂടാതെ പദ്ധതിയുടെ പുരോഗതിക്കായി ജില്ലകളിൽ നിയമിച്ചിട്ടുള്ള കോർഡിനേറ്ററും മോട്ടിവേറ്റർമാരും ഭൂമി കണ്ടെത്തി റസിഡൻഷ്യൽ ഗ്രൂപ്പുണ്ടാക്കുന്നതിനും

നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നാളിതുവരെ പുനർഗേഹം പദ്ധതി വഴി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്/ഫ്ലാറ്റ് നൽകി; വിശദാംശം വ്യക്തമാക്കുമോ?

പുനർഗേഹം പദ്ധതി വഴി 14-03-2022 വരെ 1144 വീടുകളും 276 ഫ്ലാറ്റുകളും നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു+.

## കോഴിക്കോട് ജില്ലയിലെ പുനർഗേഹം പദ്ധതി

300(3067) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 'പുനർഗേഹം' പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും തുടർന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 'പുനർഗേഹം' പദ്ധതിയിലേയ്ക്ക് 323 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 'പുനർഗേഹം' പദ്ധതിക്കായി നടത്തിയ സർവ്വേ പ്രകാരം പുനരധിവസിപ്പിക്കേണ്ടതായ 2609 പേരിൽ മാറിത്താമസിക്കുവാൻ തയ്യാറുള്ളവരും ആവശ്യമായ രേഖകൾ ഹാജരാക്കുന്നവരുമായ ഗുണഭോക്താക്കളുടെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലഭ്യമായ അപേക്ഷകളിൽ എത്രയെണ്ണത്തിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടെന്നും എത്രയെണ്ണം ബാക്കിയുണ്ടെന്നും അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ നിലവിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

'പുനർഗേഹം' പദ്ധതിയിലേയ്ക്ക് ലഭിച്ച അകെ അപേക്ഷകൾ-323. DLAC അംഗീകരിച്ചത്-321. രേഖകൾ പൂർണ്ണമല്ലാത്തതിനാൽ ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകൾ -2. DLAC അംഗീകരിച്ച അപേക്ഷകളിൽ DLMC അംഗീകരിച്ചത്-87.

(സി) പട്ടികയിൽ ഉൾപ്പെട്ടവരിൽ ആകെ എത്ര പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

76 ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.

(ഡി) രേഖകൾ സമർപ്പിച്ചവർക്ക് പണം കൈമാറാൻ ബാക്കിയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര പേർക്കെന്നും വിശദമാക്കാമോ?

'പുനർഗേഹം' പദ്ധതിപ്രകാരം രേഖകൾ സമർപ്പിച്ച മൂന്നുപേർക്കാണ് 16-03-2022 വരെ തുക അനുവദിക്കാനുള്ളത്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻ തുക കൈമാറുന്നതാണ്.

<u>പുനർഗേഹം പദ്ധതി നടപ്പിലാക്കുന്നതിലുള്ള തടസ്സങ്ങൾ</u>

301(3068) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് വേലിയേറ്റ രേഖയോട് ചേർന്ന് എത്ര കുടുംബങ്ങൾ താമസിക്കുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇവരിലെത്ര കുടുംബങ്ങളാണ് മാറി താമസിക്കുവാൻ തയ്യാറായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. 2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ താമസിക്കുന്നതായി കണ്ടെത്തിയിരുന്നു. 14-03-2022 വരെയുള്ള കണക്ക് പ്രകാരം 8195 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ മാറി താമസിക്കുവാൻ തയ്യാറായിട്ടുണ്ട്.

(സി) 'പുനർഗേഹം' പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭൂമിയുടെ ഉയർന്ന വില, ഭൂമിയുടെ ലഭ്യത കുറവ്, തൊഴിൽപരവും വിശ്വാസപരവുമായ കാരണങ്ങളും 50 മീറ്റർ പരിധിക്കുള്ളിൽ 3

സെന്റിലധികം ഭൂമിയും സുരക്ഷിതമായ ഭവനവും ഉള്ളതിനാലും മത്സ്യത്തൊഴിലാളികൾ മാറിത്താമസിക്കുവാനുള്ള വിമുഖത കാണിക്കുന്നു. കൂടാതെ വസ്തുവിന്റെ വില നിർണയം, കെട്ടിട പെർമിറ്റ് ലഭ്യമാക്കൽ എന്നിവയിലെ കാലതാമസവും പദ്ധതി പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

എ.എ.ബി.വൈ. ഇൻഷ്വറൻസ്

302(3069) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡിൽ അംഗമായ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന എ.എ.ബി.വൈ. ഇൻഷ്വറൻസ് ധനസഹായത്തിനായി 2018 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് ആം ആദ്മി ബീമ യോജന (AABY) ഇൻഷ്വറൻസ് ധനസഹായത്തിനായി 2018 മുതൽ നാളിതുവരെ 1168 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 281 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) അപേക്ഷകർക്ക് ആനുകൂല്യം വിതരണം ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; അർഹതപ്പെട്ട കുടുംബങ്ങൾക്ക് അടിയന്തരമായി ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

01-03-2018 മുതൽ കേന്ദ്ര പദ്ധതികളായ PMJJBY/PMSBY എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് എൽ.ഐ.സി-യുമായി ചേർന്നാണ് AABYനടപ്പാക്കുന്നത്. ലഭിച്ച അപേക്ഷകളിൽ ആനുകൂല്യം നൽകാൻ ബാക്കിയുള്ള അപേക്ഷകർക്ക് എൽ.ഐ.സി.-യിൽനിന്നും ആനുകൂല്യം അനുവദിച്ചു നൽകേണ്ടതുണ്ട്. എൽ.ഐ.സി. ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് പ്രകാരം PMJJBY പദ്ധതിയുടെ സേവനങ്ങൾ എൽ.ഐ.സി.യും PMSBY സേവനങ്ങൾ ചെയ്യുന്നത് പൊതുമേഖല സ്ഥാപനങ്ങളായ നോൺ ലൈഫ് ഇൻഷ്വറൻസ് കമ്പനികളുമാണ്. എന്നാൽ ചില അനിശ്ചിതത്വങ്ങൾ മൂലം PMSBY ക്ലെയിമുകൾ സെറ്റിൽ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും ക്ലെയിം സെറ്റിൽമെന്റ് സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കി വരുന്നതായും എൽ.ഐ.സി. അറിയിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി ക്ഷേമത്തിനായുള്ള പദ്ധതികൾ

303(3070) ശ്രീ. കെ. ആൻസലൻ
ശ്രീ. എൻ.കെ. അക്ബർ

<u>ശ്രീമതി ദെലീമ</u>

<u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക, സാമൂഹിക പിന്നാക്കാവസ്ഥയിലുള്ള ജനവിഭാഗമെന്ന നിലയിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, തൊഴിൽരഹിത യുവജനങ്ങൾക്കുള്ള പരിശീലനം, മത്സ്യ സംസ്കരണം, തൊഴിൽ ദിനങ്ങളിലെ കുറവ് പരിഹരിക്കാനുള്ള നടപടികൾ, വിദ്യാഭ്യാസം, ആരോഗ്യം, സുരക്ഷിതവാസം തുടങ്ങിയ മേഖലകളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

(സി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഓരോ മത്സ്യ ഗ്രാമങ്ങളിലും പ്രവർത്തനക്ഷമമായ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. മൂന്ന് മേഖല രജിസ്ട്രാർമാരുടെ (ദക്ഷിണ മേഖല, മധ്യമേഖല, ഉത്തരമേഖല) ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ 1969-ലെ കേരള സഹകരണ സംഘം നിയമത്തിനും സംഘം ബൈലോക്കും, സർക്കാരും രജിസ്ട്രാറും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രവർത്തിച്ചുവരുന്നു. ഇത് ഉറപ്പുവരുത്തി സംഘങ്ങളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ നിർവ്വഹിക്കുന്നതിന് മേഖല രജിസ്ട്രാർമാരുടെ കീഴിൽ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാരും അവരുടെ കീഴിൽ യൂണിറ്റ് തലത്തിൽ ഫിഷറീസ് സഹകരണ സംഘം ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. എല്ലാ മാസവും ഫിഷറീസ് സഹകരണ സംഘം ഇൻസ്പെക്ടർമാരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുനർഗേഹം പദ്ധതി

304(3071) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പുനർഗേഹം' പദ്ധതിപ്രകാരം താമസം മാറിയ തീരദേശത്തുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമയിൽ തന്നെ നിലനിൽക്കുമോ; ഇല്ലായെങ്കിൽ വകുപ്പിന്റെ ഉടമസ്ഥതയിൽ മാറുമോ; വിശദമാക്കാമോ?

'പുനർഗേഹം' പദ്ധതിപ്രകാരം താമസം മാറിയവരുടെ ഭൂമി ഉടമയുടെ പേരിൽ തന്നെ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഈ സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുവാൻ പാടില്ല.

(ബി) ഇപ്രകാരമുള്ള ഭൂമിയിലെ വീടുകൾ ഉടമ പൊളിച്ച് നീക്കേണ്ട ആവശ്യമുണ്ടോ; പ്രസ്തുത ഭൂമിയിൽ നിന്ന് ലഭിക്കുന്ന ആദായം തുടർന്നും ഉടമയ്ക്ക് എടുക്കാമോയെന്ന് വ്യക്തമാക്കാമോ?

ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ച് മാറ്റേണ്ടതാണ്. ഭൂമിയിൽനിന്നും ലഭിക്കുന്ന ആദായം ഉടമയ്ക്ക് എടുക്കാവുന്നതാണ്.

(സി) പ്രസ്തുത ഭൂമി തീരദേശ ഹൈവെ നിർമ്മാണത്തിന് വേണ്ടി

അക്വയർ ചെയ്യുമ്പോൾ സ്ഥലമുടമയ്ക്ക് നഷ്ടപരിഹാരം ലഭിക്കുമോ; വിശദമാക്കാമോ?

തീരദേശ ഹൈവേ നിർമ്മാണം മത്സ്യബന്ധന വകുപ്പ് മുഖേന അല്ല നടപ്പാക്കുന്നത്.

<u>വാടാനപ്പള്ളി പഞ്ചായത്തിലെ പുനർഗേഹം പദ്ധതി</u>

305(3072) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പുനർഗേഹം' പദ്ധതി പ്രകാരമുള്ള മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

സർവ്വെ പ്രകാരം 85 ഗുണഭോക്താക്കൾ പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. മാറി താമസിക്കുവാൻ താൽപ്പര്യം അറിയിച്ചിരിക്കുന്നത് 39 പേരാണ്.

(ബി) 'പുനർഗേഹം' പദ്ധതിയിലുൾപ്പെടുത്തി വാടാനപ്പള്ളി പഞ്ചായത്തിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നുവെന്നും എത്ര വീടുകളുടെ നിർമ്മാണം ആരംഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

നിർമ്മാണം പൂർത്തീകരിച്ചത് 12 വീടുകൾ. നിർമ്മാണം പുരോഗമിക്കുന്നത് 8 വീടുകൾ. എഗ്രിമെന്റ് വച്ചതിൽ ഇനി ഭവനനിർമ്മാണം ആരംഭിക്കുവാനുള്ളത് ഒരു ഗുണഭോക്താവാണ്.

(സി) പ്രസ്തുത പഞ്ചായത്തിൽ അർഹരായ മുഴുവൻ പേരെയും മാറ്റി പാർപ്പിക്കുന്നതിനായി എല്ലാ വീടുകളുടെയും നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അർഹരായിട്ടുള്ള 34 പേരിൽ ബാക്കിയുള്ള 13 പേരുടെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഒരു ഗുണഭോക്താവിന്റെ ഭൂമിവില ഡി.എൽ.എം.സി-യിൽ നിശ്ചയിച്ചിട്ടുണ്ട്. അഞ്ച് ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി ലാൻഡ് വാല്യൂവേഷനുവേണ്ടി ചാവക്കാട് തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. ഇനി 7 പേർ ഭൂമി കണ്ടെത്തുവാനുണ്ട്. ഈ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭവന നിർമ്മാണം വേഗത്തിൽതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം

306(3073) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് തൊഴിലിനുപോകാൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ധനസഹായം നാളിതുവരെ എത്ര പേർക്ക് വിതരണം ചെയ്തു എന്ന വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഒക്ടോബർ-നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയെത്തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ തൊഴിൽ ദിനങ്ങൾ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്കായി 47.84 കോടി രൂപ ധനസഹായം അനുവദിച്ചിരുന്നു. FIMS (ഫിഷറീസ് മാനേജ്മെന്റ് സിസ്റ്റം) -ൽ രജിസ്റ്റർ ചെയ്ത കടൽ മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 3000/- രൂപ വീതം അനുവദിച്ചതിന്റെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+. ടൗട്ടെ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ തൊഴിൽ ദിനങ്ങൾ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്കായി 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. FIMS-ൽ രജിസ്റ്റർ ചെയ്ത കടൽ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 1200 രൂപ വീതം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികളെ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്, ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കു ധനസഹായം അനുവദിച്ചു നൽകിയിട്ടില്ല.

## പുനർഗേഹം പദ്ധതി

307(3074) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിപ്രകാരം ഇതിനകം എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും പുനരധിവസിപ്പിക്കാൻ ലക്ഷ്യമിടുന്ന പുനർഗേഹം പദ്ധതിപ്രകാരം 14-03-2022 വരെ 1144 കുടുംബങ്ങളെ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 276 കുടുംബങ്ങളെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫ്ലാറ്റുകളിലേയ്ക്കും ഉൾപ്പെടെ ആകെ 1420 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ ഇത്തരത്തിൽ മാറ്റി പാർപ്പിച്ച എത്ര കുടുംബങ്ങളാണുള്ളതെന്നും പുനർഗേഹം പദ്ധതിയുടെ കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ ടി പദ്ധതിപ്രകാരം 177 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ കാലയളവ് നിലവിൽ 31-03-2022 വരെയാണ്.

(സി) പദ്ധതി കാലയളവിൽ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനാണ് ഉദ്ദേശിച്ചതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന പുനർഗേഹം പദ്ധതിപ്രകാരം 14-03-2022 വരെ 20978 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

## അരൂർ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

308(3075) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പുനർഗേഹം പദ്ധതിപ്രകാരം അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പുനർഗേഹം പദ്ധതിയിൽ അരൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വെ പ്രകാരം 656 കുടുംബങ്ങളാണുള്ളത്. ഇതിൽ 87 കുടുംബങ്ങളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി (DLAC) ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. 16 ഗുണഭോക്താക്കൾ പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിനായി ഭൂമി കണ്ടെത്തി, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി/പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. 11 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കുകയും 9 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വയ്ക്കുകയും 5 ഗുണഭോക്താക്കൾ പദ്ധതി

പ്രകാരമുള്ള പത്തു ലക്ഷം രൂപയുടെ ധനസഹായം പൂർണ്ണമായും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

## കടലിലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

309(3076) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(ബി) അപകട സാദ്ധ്യത സംബന്ധിച്ച മുന്നറിയിപ്പ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ

തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനകം 612 പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ISRO-യുടെ സാങ്കേതിക സഹായത്തോടെ KELTRON-വഴി നിർമ്മിച്ച് നൽകുന്ന 1500കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) എന്നിവ സർക്കാർ സബ്സിഡിയോടെ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര

കാലാവസ്ഥ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിയെന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ഇതിനകം 17038 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അടിയന്തര ഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക്

കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. 2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 500 ജി.പി.എസ്സുകളും 1000 ലൈഫ്ബോയെകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതിപ്രകാരം 66 ജി.പി.എസ്-കളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ‘ Sea safety equipments to traditional fishing craft’ പദ്ധതിപ്രകാരം GPS-1110 എണ്ണം, DAT-64 എണ്ണം എന്നിങ്ങനെ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. നടപ്പുവർഷത്തെ പദ്ധതിപ്രകാരം 1250 എണ്ണം Hand held type GPS-ഉം 360 Mounting type GPS-ഉം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320 FRP യാനങ്ങൾ നൽകുന്ന പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 2021-22 PMMSY പദ്ധതിയിൽ 100 FRP യാനങ്ങൾക്ക് ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ

ആരംഭിക്കുകയും ചെയ്തു. 2018-19സാമ്പത്തികവർഷം മുതൽ മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആദ്യഘട്ടമായി ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിരുന്നത്. എന്നാൽ 2019-20 വർഷം മുതൽ ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ജില്ലകളിൽ ഗുണഭോക്തൃ വിഹിതം അടച്ച 2018 പേർക്ക് പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് PMMSY പദ്ധതിയിലുൾപ്പെടുത്തി 40% സബ്സിഡിയോടു കൂടി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അപകടങ്ങളിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ

ഉറപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകട മരണം സംഭവിച്ചാൽ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യഫെഡ് മുഖേനയും അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. തീർപ്പാക്കാതെ നിൽക്കുന്ന ക്ലെയിമുകളിൽ തീരുമാനമെടുക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനികളെ ഉൾപ്പെടുത്തി തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ വച്ച് യഥാക്രമം 28-12-2021, 15-01-2022 എന്നീ തീയതികളിൽ ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദാലത്തുകൾ നടത്തുകയുണ്ടായി. തിരുവനന്തപുരത്തുവച്ച് നടത്തിയ അദാലത്തിൽ 90 കേസുകളിൽ 39 കേസുകളും കോഴിക്കോട് വച്ച് നടത്തിയ അദാലത്തിൽ 23 കേസുകളിൽ 4കേസുകളും തീർപ്പായിട്ടുണ്ട്. ബാക്കിയുള്ള 70 കേസുകൾ തീർപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ധനസഹായം അനുവദിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് ക്ലെയിമുകളുടെ അവലോകനം മത്സ്യ ബോർഡ്

കമ്മീഷണർ സമയബന്ധിതമായി നടത്തിവരുന്നുണ്ട്.

## മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതികൾ

310(3077)ശ്രീ. തോമസ് കെ. തോമസ്
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ശ്രീ. കെ. പി. മോഹനൻ
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന, വിതരണ, സംഭരണ മേഖലകളിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങൾക്ക് നൽകിവരുന്ന സഹായ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

സഹായ പദ്ധതികൾ പരിഷ്കരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതികൾ കാലതാമസം കൂടാതെ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതികൾ കാലതാമസം കൂടാതെ നൽകിവരുന്നു. എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് പെട്ടെന്ന് ലഭ്യമാക്കുന്നതിനായി DBT മുഖേനയാണ് നൽകി വരുന്നത്.

## തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ

311(3078) ശ്രീ. വി. ജോയി
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. പി. പി. ചിത്തരഞ്ജൻ
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) കേന്ദ്രസർക്കാർ മണ്ണെണ്ണ ലിറ്ററിന് എട്ട് രൂപ തോതിൽ വിലവർദ്ധിപ്പിക്കുകയും അതോടൊപ്പം തന്നെ സംസ്ഥാനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാതിരിക്കുകയും ചെയ്യുമ്പോഴും മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയ്ക്ക് സംസ്ഥാനം സബ്സിഡി നൽകി വരുന്നുണ്ടോ; ലിറ്ററിന് എത്ര രൂപ വീതമാണ് സബ്സിഡിയായി നൽകുന്നത്; മണ്ണെണ്ണ പെർമിറ്റിന് അർഹതയുള്ളവരെ കണ്ടെത്തുന്നതിനുള്ള സംയുക്ത പരിശോധന പൂർത്തിയാക്കിയോ?

മത്സ്യബന്ധനയാനങ്ങൾക്ക് Non PDS മണ്ണെണ്ണ (വെള്ള മണ്ണെണ്ണ)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2015 ജൂലൈ മുതൽ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്നുണ്ട്. മണ്ണെണ്ണ പെർമിറ്റിന് അർഹതയുള്ളവരെ കണ്ടെത്തുന്നതിന് 27-02-2022-ന് സംസ്ഥാനത്തുടനീളം ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നിവയുടെ നേതൃത്വത്തിൽ സംയുക്ത എഞ്ചിൻ/യാന പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

(സി) മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി.-യുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ?

മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

312(3079) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത കടാശ്വാസ തുക അനുവദിക്കുവാൻ വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ?

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത കടാശ്വാസ തുക അനുവദിക്കുന്നതിന് കാലതാമസം വരുന്നില്ല.

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത തുക ബന്ധപ്പെട്ട കോർപ്പറേഷന് എപ്പോൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ;

&

(സി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ കാസർഗോഡ് ഓഫീസിൽനിന്നും വായ്പയെടുത്തവരും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് ശിപാർശ ചെയ്തതുമായവരുടെ കടാശ്വാസ തുക പ്രസ്തുത ഓഫീസിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുക അനുവദിച്ച

നൽകുന്നതിനുള്ള നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

## മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ

313(3080) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മത്സ്യബന്ധനത്തിനിടെ കടലിൽവച്ചുണ്ടായ അപകടങ്ങളിൽ സംസ്ഥാനത്തെ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മത്സ്യ ബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് 437 മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്.

(ബി) ഐ.എസ്.ആർ.ഒ.-യുടെയും കെൽട്രോണിന്റെയും സാങ്കേതിക സഹായത്തോടെ നിർമ്മിച്ച ആയിരത്തി അഞ്ഞൂറ് കിലോമീറ്റർ ദൂരം വരെ വിവരങ്ങൾ കൈമാറുവാൻ കഴിയുന്ന നാവിക് എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

കടൽത്തീരത്തുനിന്ന് 1500 കിലോമീറ്റർ വരെ അകലത്തിൽ

വാർത്താവിനിമയം സാധ്യമാക്കുന്നതിന് ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണം 941 മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) കപ്പൽചാൽ വിട്ട് സഞ്ചരിക്കുന്ന കപ്പലുകൾ മത്സ്യത്തൊഴിലാളികളുടെ ജീവന് ഭീഷണിയാകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ഡി) തീരത്തുനിന്നും 12 മുതൽ 20 നോട്ടിക്കൽ മൈൽ വരെയുള്ള അംഗീകൃത കപ്പൽ ചാലുകളിലൂടെ പോകാതെ തീരക്കടലിലേയ്ക്ക് കപ്പലുകൾ കയറി അപകടങ്ങളുണ്ടാക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

തെക്ക് പടിഞ്ഞാറൻ തീരത്ത് കഴിഞ്ഞ കാലങ്ങളിലുണ്ടായ അപകടങ്ങൾ, വാണിജ്യക്കപ്പലുകളുടെ കഴിഞ്ഞ കാലങ്ങളിലുള്ള സഞ്ചാരപഥം, നിലവിലെ സമുദ്ര പാതയിലൂടെ അനുവദിക്കാവുന്ന പരമാവധി എണ്ണം കപ്പലുകൾ (പ്രത്യേകിച്ച് കേരള തീരത്തെ ഫിഷിംഗ് പ്രഷർ കൂടി പരിഗണിച്ച്) എന്നിവ പരിശോധിച്ച് കേരള തീരത്തുനിന്നും 50 നോട്ടിക്കൽ മൈൽ അകലെക്കൂടി നിർദ്ദിഷ്ട കപ്പൽപ്പാത നടപ്പിലാക്കുന്നതാണ് അഭികാമ്യമെന്ന് കാണിച്ച് 2018 നവംബർ മാസത്തിൽ കേന്ദ്ര ഗവൺമെന്റിനും ഷിപ്പിംഗ് ഡയറക്ടർ ജനറലിനും നിവേദനം നൽകിയിരുന്നു.

2018-ലെ KMFR Rule പ്രകാരം സെപ്റ്റംബർ 2019 മുതൽ എല്ലാ യന്ത്രവല്കൃത മത്സ്യ ബന്ധന യാനങ്ങളിലും വെസ്സൽ ട്രാക്കിംഗ് ഡിവൈസ് (VTD/ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS)) നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഇപ്പോൾ പുതുതായി രജിസ്റ്റർ ചെയ്യുന്ന മത്സ്യബന്ധന യാനങ്ങൾ രജിസ്ട്രേഷൻ നടത്തുന്ന സമയത്ത് AIS ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്.

<u>മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി</u>

314(3081) <u>ശ്രീ. എം. വിൻസെന്റ്</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>
<u>ശ്രീമതി കെ. കെ. രമ</u>
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സബ്സിഡി മണ്ണെണ്ണയുടെ വിഹിതം കുറച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദം മുതൽ സബ്സിഡി മണ്ണെണ്ണയുടെ പാദവിഹിതം 9264 KL ആയി വെട്ടിക്കുറച്ചാണ് നൽകിവരുന്നത്. ആയതിനാൽ സ്റ്റോക്കിന്റെ അപര്യാപ്തത മൂലം സബ്സിഡി മണ്ണെണ്ണയുടെ വിതരണത്തിൽ പ്രതിസന്ധിയുണ്ടാവുന്ന

സ്ഥിതിയാണ് നിലവിലുള്ളത്. 2021-22 സാമ്പത്തിക വർഷം ആദ്യം മുതൽ 3 മാസം വീതമുള്ള ഓരോ പാദത്തിലും നിലവിൽ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് 6480 KL ആണ്. യഥാർത്ഥത്തിൽ വേണ്ടത് 13900.344 KL ആണ്. യഥാർത്ഥ ആവശ്യകതയിൽ നിന്നും 7420.344 KL കുറവാണ് ലഭ്യമാകുന്നത്. ആയതിനാൽ കിട്ടുന്ന സബ്സിഡി മണ്ണെണ്ണ AAY, PHH എന്നീ രണ്ട് വിഭാഗക്കാർക്ക് മാത്രമായി വിതരണം ചെയ്തു വരികയാണ്. ടി സാഹചര്യം കണക്കിലെടുത്ത് മണ്ണെണ്ണയുടെ വിതരണം ത്രൈമാസം ആയി മാറ്റി നിശ്ചയിച്ചാണ് വിതരണം നടത്തിവരുന്നത്. ത്രൈമാസ വിതരണ പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് -1 ലിറ്റർ മൂന്ന് മാസത്തിലൊരിക്കൽ എൻ.പി.എസ്., എൻ.പി.എൻ.എസ് - 1/2 ലിറ്റർ മൂന്ന് മാസത്തിലൊരിക്കൽ എൻ.ഇ കാർഡ്- 8 ലിറ്റർ മൂന്ന് മാസത്തിലൊരിക്കൽ ഇങ്ങനെയാണ് നിലവിൽ സബ്സിഡി മണ്ണെണ്ണയുടെ വിതരണം നടത്തുന്നത്. എന്നാൽ പൊതുവിതരണ ശൃംഖല വഴി സബ്സിഡി രഹിത മണ്ണെണ്ണ നിശ്ചിത അളവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു.

(ബി) മത്സ്യബന്ധന ബോട്ടുകളിലുപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുവാനും ഉല്പാദനച്ചെലവിന് അനുസൃതമായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ

നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; അറിയിക്കാമോ?

മത്സ്യബന്ധന ബോട്ടുകളിലുപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി സബ്സിഡി രഹിത മണ്ണെണ്ണ വിഹിതം കൂട്ടി നൽകുവാൻ കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമുള്ള മണ്ണെണ്ണ നൽകുന്നതിനായി മത്സ്യഫെഡിനെ നേരിട്ട് ഡീലർ (KWD) ആക്കുന്ന അപേക്ഷയിൽ അനുകൂല തീരുമാനമെടുക്കുവാനും ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാനത്തു നിന്നുള്ള എം.പി.-മാരുടെ സമ്മേളനത്തിൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ തുടർന്നും സമ്മർദ്ദം ചെലുത്തുന്നതാണ്.

(സി) സംസ്ഥാന സർക്കാർ മത്സ്യബന്ധന യാനങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റിന്റെ കാലാവധി പുതുക്കുന്നതിന് അനുമതി നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

&

(ഡി) പെർമിറ്റ് ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് സ്വകാര്യ ഇടപാടുകാരിൽനിന്നും അമിതവിലയ്ക്ക് മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനത്തിന് പോകേണ്ടിവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പെർമിറ്റ് പുതുക്കുന്നതിന് അനുമതി നിഷേധിച്ചിട്ടില്ല. 27-02-22-ന് നടന്ന ഏകദിന സംയുക്ത പരിശോധനയിൽ ലഭ്യമായ9594 അപേക്ഷകളിലായി 10889 യാനങ്ങളും 14489 എഞ്ചിനുകളും പരിശോധനയിൽ പങ്കെടുത്തതിൽ 14332 എഞ്ചിനുകൾ പെർമിറ്റിന് യോഗ്യമാണെന്ന് സംയുക്ത പരിശോധനാ ടീം ശിപാർശ ചെയ്യുകയും 41എണ്ണം യോഗ്യമല്ലെന്ന് കണ്ട് നിരസിക്കുകയും 97 എഞ്ചിനുകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. സംയുക്ത പരിശോധനയിൽ പെർമിറ്റിന് യോഗ്യമാണെന്ന് കണ്ടെത്തിയ 14332 എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരുന്നു. പെർമിറ്റ് അനുവദിക്കുന്ന മുറയ്ക്ക് മത്സ്യഫെഡ് വഴി മണ്ണെണ്ണ വിതരണം ചെയ്യുന്നതാണ്.

(ഇ) മത്സ്യബന്ധന ബോട്ടുകൾക്കുപയോഗിക്കുന്ന ഡീസൽ, പെട്രോൾ

തുടങ്ങിയ ഇന്ധനങ്ങൾക്ക് സംസ്ഥാന സർക്കാരിൽനിന്നും നികുതിയിളവ് ലഭ്യമാക്കുവാൻ വകുപ്പ് മുൻകൈയെടുക്കുമോയെന്ന് അറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

<u>മത്സ്യബന്ധന മേഖലയിലെ സബ്സിഡി</u>

315(3082) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>
<u>ശ്രീ. ജി. എസ്. ജയലാൽ</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യബന്ധന മേഖലയിൽ ഇരുന്നൂറ് നോട്ടിക്കൽ മൈൽ വരെയുള്ള എക്സ്ക്ലൂസീവ് ഇക്കോണമി സോണിൽ മത്സ്യബന്ധനത്തിന് സബ്സിഡി പാടില്ലായെന്ന് അന്താരാഷ്ട്രതലത്തിൽ ഡബ്ല്യൂ.റ്റി.ഒ.-യുടെ നിർദ്ദേശം വരുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ മത്സ്യബന്ധന മേഖലയെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ;

&

(ബി) അന്താരാഷ്ട്രതലത്തിൽ ഇല്ലീഗൽ അൺ റഗുലേറ്റഡ്, അൺ റിപ്പോർട്ടഡ് എന്ന പേരിൽ വ്യാഖ്യാനിക്കപ്പെടുന്ന മീൻപിടുത്തം

നിയന്ത്രിക്കുന്നതിനെന്ന പേരിൽ കൊണ്ടുവരുന്ന ഈ നിയമം സംബന്ധിച്ച് സംസ്ഥാനത്തിനുള്ള ആശങ്കകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. കടൽ മത്സ്യബന്ധന മേഖലയിൽ ഇരുന്നൂറ് നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും നൽകുന്ന സബ്സിഡി നിരോധിക്കാനല്ല നിർദ്ദേശിച്ചിരിക്കുന്നത്. പകരം IUU ഫിഷിംഗ് (Illegal Unreported and Unregulated fishing), ഓവർ ഫിഷ്ഡ് സ്റ്റോക്സ്, ഓവർ ഫിഷിംഗ് ആൻഡ് ഓവർ കപ്പാസിറ്റി എന്നീ 3 കാറ്റഗറിയിൽ വരുന്നതും 200 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യബന്ധന യാനങ്ങളുടെ സബ്സിഡി നിർത്തലാക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ WTO-യുമായി ധാരാളം ചർച്ചകൾ നടത്തിവരുന്നു. 200 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നത് IUU fishing, Over fished stocks, Over fishing and Over Capacity ആണോയെന്ന് മനസ്സിലാക്കുന്നതിനു നിലവിൽ പ്രത്യേക സംവിധാനങ്ങളൊന്നുമില്ല. നിരീക്ഷണത്തിനുള്ള ശരിയായ സംവിധാനം ഉള്ളപ്പോൾ മാത്രമേ ഈ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയൂ. ഇത്തരം

സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു 2 മുതൽ 5 വർഷം വരെ വേണ്ടിവരുമെന്നും ആയതിനു മതിയായ സമയം അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി വെസൽ ട്രാക്കിംഗ് ഉപകരണം, സ്ക്വയർ മെഷ്, TED, മെഷ് സൈസ് റെഗുലേഷൻ, ഗിയർ സൈസ് റെഗുലേഷൻ മത്സ്യബന്ധന നിയന്ത്രണങ്ങൾ തുടങ്ങി നിരവധി വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കെ.എം.എഫ്.ആർ നിയമത്തിലും ചട്ടങ്ങളിലും 2017, 2018 വർഷങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന ടെറിട്ടോറിയൽ ലിമിറ്റിൽ ഇത് ബാധകമാക്കരുതെന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ സബ്സിഡി മോട്ടോറൈസേഷൻ സബ്സിഡി, ഗിയർ സബ്സിഡി എന്നിവ തുടർന്നും നിലനിർത്തണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ വിളിച്ചുചേർക്കുന്ന മീറ്റിംഗുകളിൽ ഇതുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ആശങ്കകൾ ബോധ്യപ്പെടുത്തിയിട്ടുണ്ട്. അവസാനമായി 20-06-2021-ൽ കേന്ദ്ര സർക്കാർ സ്ഥാപനമായ CMFRI-യുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കടൽമത്സ്യ ചൂഷണത്തിന്റെ തോത്

അധികരിക്കാതെ നിലനിർത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി KMFR നിയമം പരിഷ്കരിച്ച് ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 HP വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർദ്ധിച്ച പിഴ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും

ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ 4 ജില്ലകളിൽ അവ ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ജീവനക്കാരുടെ തസ്തികകളും അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണത്തിന്റെ കരട് തയ്യാറാക്കുന്നതിലേയ്ക്കായി കമ്മിറ്റി രൂപീകരിക്കുകയും കരട് നിയമം തയ്യാറാക്കി കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് തന്നെ നൽകുന്നതിനും അവർക്ക് ന്യായ വില ഉറപ്പാക്കുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനും ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനുമായി “ 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്” നിലവിൽ വന്നിട്ടുണ്ട്.

<u>നിരോധിത മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള മീൻപിടിത്തം</u>

316(3083) ശ്രീ. സി. എച്ച്. കുഞ്ഞമ്പു
ശ്രീ. വി. കെ. പ്രശാന്ത്
ഡോ. സുജിത് വിജയൻപിള്ള
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവാസ വ്യവസ്ഥയിലെ വ്യതിയാനവും കാലാവസ്ഥ മാറ്റവും മൂലം മത്സ്യസമ്പത്ത് ഗണ്യമായി കുറയുന്ന കടലിൽ നിരോധിത മാർഗ്ഗങ്ങളുപയോഗിച്ച് മീൻപിടിത്തം വ്യാപകമാകുന്നത് മത്സ്യ സമ്പത്തിന്റെ വംശനാശത്തിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പേഴ്സ്-സീൻ, പെലാജിക് ട്രാൾ, മിഡ് വാട്ടർ ട്രാൾ, ബുൾ ട്രാൾ (പെയർ ട്രാൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റു പുതിയതരം വലകൾ എന്നിവയാണ് KMFR Act-ന്റെയും KMFR Rule-ന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള മത്സ്യബന്ധന രീതികൾ. ഇതുകൂടാതെ റിംഗ് സീൻ, ബോട്ടം ട്രാൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിലും സമയങ്ങളിലും നിയന്ത്രിക്കാറുണ്ട്. ഇതുകൂടാതെ വിഷ പദാർത്ഥങ്ങൾ, 12 വാട്സിൽ കൂടുതലുള്ള കൃത്രിമ വെളിച്ചം, ക്ലാഞ്ഞിൽ, തൊണ്ട്, ഇലകൾ, പ്ലാസ്റ്റിക്

വസ്തുക്കൾ, ഉപയോഗശൂന്യമായ വല എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. ഇത്തരം നിരോധിത മാർഗ്ഗങ്ങളുപയോഗിച്ച് ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അനധികൃതമായി മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വലകളുപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് KMFR Act-ലേയും Rule-ലേയും വ്യവസ്ഥകൾപ്രകാരം കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ ഇംമ്പൗണ്ട് ചെയ്ത് പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിരോധിത വലകൾ ഉപയോഗിക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) നിരോധിത രീതിയിലുള്ള മത്സ്യബന്ധനം തടയുവാൻ അധികാരമുള്ള ഇംമ്പൗണ്ടിംഗ് ഓഫീസർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ഒമ്പത് തീരദേശ ജില്ലകളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ ഫിഷറീസ് സ്റ്റേഷനുകളിലും നിലവിൽ ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനക്ഷമമല്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിലും ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ റാങ്കിൽ കുറയാത്ത റാങ്കോടുകൂടിയ ഉദ്യോഗസ്ഥരെ ഇംമ്പൗണ്ടിംഗ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ മാസം തോറും റിവ്യൂ നടത്തി വിലയിരുത്തി വരുന്നുണ്ട്. KMFR Act ലംഘനം, നിരോധിത രീതിയിലുള്ള മത്സ്യബന്ധനം, മറ്റ് നിയമലംഘന പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കാൻ ഇവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) രാത്രികാലങ്ങളിൽ അകലം കുറഞ്ഞ കണ്ണികൾ ഉള്ള വലകൾ ഉപയോഗിച്ചുള്ള ലൈറ്റ് ഫിഷിംഗ് രീതിമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ദുരിതത്തിലാകുന്നത് ഒഴിവാക്കുന്നതിനായി ലൈറ്റ് ഫിഷിംഗ് രീതി നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

KMFR Act, 1980, KMFR Rule 2018 എന്നിവ പ്രകാരം 12 വാട്സിന് മുകളിൽ തീവ്രതയുള്ള കൃത്രിമ ലൈറ്റുകൾ ഉപയോഗിച്ചുള്ള രാത്രി

മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പിന് കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് കടലിൽ നടക്കുന്ന നിയമ ലംഘനങ്ങൾക്കെതിരെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പിന് കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സമുദ്ര അതിർത്തിയിൽ KMFR Act-ലെ വ്യവസ്ഥകൾ ലംഘിച്ചതിന് 928 യാനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. കടലിൽ നടക്കുന്ന മറ്റു തരത്തിലുള്ള നിയമലംഘനങ്ങൾക്ക് തീരദേശ പോലീസാണ് നടപടി സ്വീകരിക്കുന്നത്.

## ഉൾനാടൻ മത്സ്യകൃഷി

317(3084) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യ വിത്തുകൾ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി കോട്ടയം ജില്ലയിലെ ഏതൊക്കെ

ജലാശയങ്ങളിലാണ് മത്സ്യ വിത്തുകൾ നിക്ഷേപിച്ചതെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ മത്സ്യവിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ജലാശയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനായി ജലാശയങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

റാംഞ്ചിംഗ് നടത്തുന്നതിനായി ഉദ്ദേശിക്കുന്ന കടവുകൾ/കേന്ദ്രങ്ങൾ അതാതിടങ്ങളിൽ നിലവിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ (FMC) മേൽനോട്ടത്തിലും പൂർണ്ണ പങ്കാളിത്തത്തിലും യോഗം ചേർന്ന് നിർണ്ണയിക്കുകയും ഫിഷറീസ് വകുപ്പിന്റെ സാങ്കേതിക ഉദ്യോഗസ്ഥൻ ജലാശയത്തെ സംബന്ധിച്ച് മുൻകൂട്ടി നടത്തിയിട്ടുള്ള ശാസ്ത്രീയമായ പരിശോധനകൾ, ജലാശയങ്ങളുടെ പ്രത്യേകതകൾ എന്നിവ അപഗ്രഥിച്ച് നിക്ഷേപിക്കേണ്ട വിവിധ മത്സ്യ/ചെമ്മീൻ ഇനങ്ങളെയും എണ്ണത്തെയും നിശ്ചയിക്കുകയും ചെയ്യുന്നു. മത്സ്യവിത്തുകൾ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നതിനായി വിവിധ മത്സ്യയിനങ്ങളേയും എണ്ണത്തേയും സംബന്ധിച്ച വിവരങ്ങൾ, ജലാശയങ്ങളുടെ പ്രത്യേകതകൾ (രാസ-ഭൗതിക-ജൈവ സവിശേഷതകൾ) ആവശ്യമായ ശാസ്ത്രീയ പരിശോധന നടത്തി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥർ മുൻകൂട്ടി നിശ്ചയിക്കുകയും നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന കടവുകൾ/കേന്ദ്രങ്ങൾ ബന്ധപ്പെട്ട ഫിഷറീസ് മാനേജ്മെന്റ് കമ്മറ്റികളുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നിർണ്ണയിക്കുകയും ചെയ്യുന്നു. മത്സ്യവിത്ത് നിക്ഷേപിക്കുന്ന ജലാശയത്തിന് ഉണ്ടായിരിക്കേണ്ട രാസ ഭൗതിക സവിശേഷതകൾ ചുവടെ ചേർക്കുന്നു. ഓക്സിജൻ (ലയിച്ച് ചേർന്നത്) >4ppm, പി.എച്ച്. മൂല്യം 6.5-8.5, അമോണിയ <0.25 ppm, ജലത്തിന്റെ സുതാര്യത >25cm.

<u>ഫിഷറീസ് വകുപ്പിന്റെ പി.എം.എം.എസ്.വൈ.</u>
<u>(എസ്.സി/എസ്.ടി) പദ്ധതി</u>

318(3085) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പി.എം.എം.എസ്.വൈ. (എസ്.സി./എസ്.ടി.)-യിൽ വനത്തിനുള്ളിലെ ആദിവാസികൾക്ക് ഗുണഭോക്തൃ വിഹിതത്തിൽ പ്രത്യേക ഇളവ് നൽകി നടപ്പാക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പി.എം.എം.എസ്.വൈ (എസ്.സി/എസ്.ടി)-യിൽ വനത്തിനുള്ളിലെ ആദിവാസികൾക്ക്

ഗുണഭോക്തൃവിഹിതത്തിൽ പ്രത്യേക ഇളവ് നൽകുന്നതിന് നിലവിലെ പി.എം.എം.എസ്.വൈ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടില്ല. എന്നാൽ പി.എം.എം.എസ്.വൈ മാർഗ്ഗനിർദ്ദേശപ്രകാരം ജനറൽ വിഭാഗത്തിന് 40% സബ്സിഡിയും എസ്.സി/എസ്.ടി/വനിത വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് 60% സബ്സിഡി നൽകുന്നതിനാണ് അനുമതി ലഭ്യമായിട്ടുള്ളത്. ആയതിനാൽ വനത്തിനുള്ളിലെ ആദിവാസികൾക്ക് ഗുണഭോക്തൃവിഹിതത്തിൽ പ്രത്യേക ഇളവ് നൽകുന്നതിന് പി.എം.എം.എസ്.വൈ മാർഗ്ഗരേഖ പ്രകാരം കഴിയുന്നതല്ല.

(ബി) മുത്തേടം പഞ്ചായത്തിലെ ഉച്ചക്കുളം ആദിവാസി കോളനിയിലെ ബാലൻ എന്ന വ്യക്തി തടുക്ക ഫോറസ്റ്റ് സ്റ്റേഷന് കീഴിൽ മത്സ്യകൃഷി നടത്താൻ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന്റെ എം.ബി./എൻ.എൽ.ബി.ആർ./പി.എം.എം.എസ്.വൈ. (എസ്.സി./ എസ്.ടി.) 2021 നമ്പർ ഫയലിലെ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

മുത്തേടം പഞ്ചായത്തിലെ ഉച്ചക്കുളം ആദിവാസി കോളനിയിലെ ശ്രീ. ബാലൻ, കാരക്കാപ്പുറം എന്ന വ്യക്തിക്ക് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി പ്രകാരം റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS)

കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട് അനുമതി ലഭിക്കുന്നതിനായി 24-09-2021-ന് നിലമ്പൂർ മത്സ്യഭവൻ ഓഫീസറും 16-11-2021-ന് ഫിഷറീസ് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറും യഥാക്രമം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും ജില്ലാ ഫോറസ്റ്റ് ഓഫീസർക്കും കത്ത് നൽകുകയുണ്ടായി. ആയത് പ്രകാരം 17-12-2021-ന് ഡി-6402/21 നമ്പർ കത്ത് മുഖേന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ മറുപടിയിൽ ടിയാന് 10-11-2021 തീയതിയിൽ 648/01/11 നമ്പറായി 13.25 സെന്റ് സ്ഥലം വനാവകാശനിയമപ്രകാരം അനുവദിച്ചിട്ടുള്ളതാണെന്നും ആയതിൽ മത്സ്യകൃഷി നടത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം 13 ഇനം വികസന ആവശ്യങ്ങൾക്കായി മാത്രമാണ് ഭൂമി അനുവദിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അധികാരപ്പെടുത്തിയിരിക്കുന്നത്. മത്സ്യകൃഷിക്കോ മറ്റു കൃഷിക്കോ ഭൂമി വിട്ടു നൽകുന്നതിന് അധികാരമില്ലാത്തതാണ്. ശ്രീ. ബാലൻ എന്നയാൾക്ക് മാത്രമായി ടിയാന് വനാവകാശ രേഖ പ്രകാരം Record of Right അനുവദിച്ചതിൽ കൂടുതൽ ഭൂമി കൃഷി ആവശ്യത്തിനായി അനുവദിക്കാൻ സാധിക്കുകയില്ല.

## ഉൾനാടൻ മത്സ്യ കൃഷി

319 (3086) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും നടത്തുന്നതിന് 2021-22 കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും അനധികൃതവുമായ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. നിയമവിരുദ്ധ മത്സ്യബന്ധനം കണ്ടെത്തുന്നതിനും തടയുന്നതിനുമായി പട്രോളിങ്ങ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിവർഷം 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് പട്രോളിങ്ങ് പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയുംചെയ്യുന്നു. മാത്രവുമല്ല, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഊന്നി/ചീനവലകൾ നീക്കം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി

പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിങ്ങ്) പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻചെമ്മീൻ, പൂമീൻ തുടങ്ങിയ മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നു. ആയതനുസരിച്ച് 366.50 ലക്ഷം മത്സ്യ/ ചെമ്മീൻകുഞ്ഞുങ്ങളെ സംസ്ഥാനത്തെ 93 ജലാശയങ്ങളിൽ നിക്ഷേപിച്ചു. കൂടാതെ ജലസംഭരണികളിൽ മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി തദ്ദേശീയ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റിസർവോയർ പദ്ധതി നടപ്പാക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ഷോളയാർ (ലോവർ), പെരിങ്ങൽക്കുത്ത് എന്നീ 5 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നതുൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic cat fish, കുയിൽമത്സ്യം, വരാൽ തുടങ്ങിയവയുടെ 18.76 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഇതിനുപുറമെ പാലക്കാട് ജില്ലയിലെ വിവിധ റിസർവോയറുകളിൽ

മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 32.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ആയത് അനുസരിച്ച് പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗളം, മീങ്കര, ചുള്ളിയാർ, കാഞ്ഞിരംപുഴ എന്നീ 5 ജലസംഭരണികളിൽ 49.59 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

(ബി) ഉൾനാടൻ മത്സ്യകൃഷിയുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തെ കണക്ക് ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യ കൃഷിയുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. മത്സ്യ ലഭ്യത സംബന്ധിച്ച വിവരങ്ങൾ -

മത്സ്യ കൃഷിയിൽ നിന്നുള്ള ഉല്പാദനം 2018-19 സാമ്പത്തിക വർഷം - 24511 ടൺ,

മത്സ്യ കൃഷിയിൽ നിന്നുള്ള ഉല്പാദനം 2019-20 സാമ്പത്തിക വർഷം - 25087 ടൺ,

മത്സ്യ കൃഷിയിൽ നിന്നുള്ള ഉല്പാദനം 2020-21 സാമ്പത്തിക വർഷം - 34987 ടൺ.

(സി) തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നതുൾപ്പടെയുള്ള നിയമ വിരുദ്ധ ഉൾനാടൻ മത്സ്യബന്ധനം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പൊതുജലാശയങ്ങളിലും പുഴകളിലും തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നതുൾപ്പെടെയുള്ള നിയമ വിരുദ്ധ ഉൾനാടൻ മത്സ്യബന്ധനം തടയുന്നതിന് നിരന്തരമായി കായൽ പട്രോളിങ്ങ് ഫിഷറീസ് വകുപ്പുവഴി നടപ്പാക്കിവരുന്നു. നിയമ വിരുദ്ധ ഉൾനാടൻ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷം ഫിഷറീസ് വകുപ്പ് വഴി 662 എണ്ണം കായൽ പട്രോളിങ്ങ് നടത്തിയിട്ടുണ്ട്. അനധികൃത മത്സ്യബന്ധനം കണ്ടെത്തിയ 38 കേസുകളിൽ പിഴ ചുമത്തിയിട്ടുണ്ട്.

## മത്സ്യ കൃഷി പ്രോത്സാഹനം

320(3087)ശ്രീ കടകംപള്ളി സുരേന്ദ്രൻ
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
ശ്രീ. പി. പി. ചിത്തരഞ്ജൻ
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പുതിയ ബ്ലൂ ഇക്കോണമി നയം കടൽ മത്സ്യലഭ്യതയിൽ നിലവിൽ നേരിടുന്ന ക്ഷാമം കൂടുതൽ വഷളാക്കാനിടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ മത്സ്യോല്പാദനവും ഉപഭോഗവും തമ്മിൽ

നിലനിൽക്കുന്ന ഒന്നരലക്ഷം ടണ്ണിലധികം വരുന്ന അന്തരം പരിഹരിക്കുന്നതിന് തൊഴിലവസരം സൃഷ്ടിക്കുന്ന സാധ്യത കൂടി കണക്കിലെടുത്തുകൊണ്ട് ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) മത്സ്യകൃഷി ജനകീയമാക്കിക്കൊണ്ട് റിസർവോയറുകൾ ഉൾപ്പെടെയുള്ള പൊതുജലാശയങ്ങളും നെൽപ്പാടങ്ങളും സ്വകാര്യ കുളങ്ങളും പ്രയോജനപ്പെടുത്തി മത്സ്യ കൃഷി വിപുലീകരിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

നൂതന മത്സ്യ കൃഷി രീതികൾ അവലംബിച്ചും മത്സ്യയിനങ്ങളിലും കൃഷി രീതിയിലും വൈവിധ്യവൽക്കരണം സാധ്യമാക്കിയും കൂടുതൽ ശാസ്ത്രീയ പരിപാലന മുറകൾ അവലംബിച്ചും മത്സ്യകൃഷിയിലൂടെയുള്ള ഉൽപ്പാദനക്ഷമത ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഗുണനിലവാരമുള്ള മത്സ്യവിത്ത് ഉപയോഗിച്ചുകൊണ്ടും വളർച്ചയുടെ ഓരോ ഘട്ടത്തിലും പ്രോട്ടീൻ ആവശ്യകത അനുസരിച്ചുള്ള തീറ്റ നൽകികൊണ്ടും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മത്സ്യകൃഷി ജനകീയമാക്കിക്കൊണ്ട് റിസർവോയറുകൾ ഉൾപ്പെടെയുള്ള പൊതുജലാശയങ്ങളും നെൽപാടങ്ങളും

സ്വകാര്യ കുളങ്ങളും പ്രയോജനപ്പെടുത്തി മത്സ്യ കൃഷി വിപുലീകരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷകേരളം ജനകീയ മത്സ്യക്കൃഷിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ-യിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂട് മത്സ്യ കൃഷി പദ്ധതിയും നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. ഇതിനുപുറമേ പി.എം.എം.എസ്.വൈ-യിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ അഡാക്ക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(സി) ചെമ്മീൻ മത്സ്യവിത്തുകളുടെ ആവശ്യാനുസരണമുള്ള ലഭ്യതയും അവയുടെ ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് സാധ്യമായിട്ടുണ്ടോ?

ഉണ്ട്.

## ഉൾനാടൻ ജനകീയ മത്സ്യകൃഷി

321 (3088) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ ജനകീയ മത്സ്യ കൃഷിക്ക് പ്രത്യേക നയം രൂപീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഉൾനാടൻ ജനകീയ മത്സ്യ കൃഷിക്കാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. മത്സ്യകൃഷി പ്രവർത്തനങ്ങൾ വ്യാപകമായി നടപ്പിലാക്കിയതിന്റെ ഫലമായി ചില പ്രദേശങ്ങളിൽ മത്സ്യത്തിന്റെ വില ഗണ്യമായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ചിക്കൻവേസ്റ്റ് അടക്കമുള്ളവ തീറ്റയായി നൽകി ഉൽപ്പാദിപ്പിക്കുന്ന ഗുണനിലവാരം കുറഞ്ഞ മത്സ്യം അന്യസംസ്ഥാനത്തിൽ നിന്ന് വരികയും താരതമ്യേന വളരെ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നത് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് വിപണി നഷ്ടപ്പെടുന്നതിന് കാരണമാകുന്നുണ്ട്. ഇത് മത്സ്യകർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത മത്സ്യവിത്തുകൾ വ്യാപകമായി പല സ്ഥലങ്ങളിലും വിതരണം ചെയ്യുകയും ഉയർന്ന വില കൊടുത്ത് ഇവ വാങ്ങുന്ന കർഷകർ കബളിപ്പിക്കപ്പെടുന്നതും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉൾനാടൻ ജനകീയ മത്സ്യ കൃഷിയിൽ ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മത്സ്യ കൃഷിയിൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനായി മത്സ്യ കർഷക ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം ജില്ലയിൽ നടത്തുകയും ആലപ്പുഴ ജില്ലയിൽ നേരിട്ടും കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ഓൺലൈനായും ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ കീഴിൽ അക്വാകൾച്ചർ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാകുന്നതിന് 10 മത്സ്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉൾനാടൻ മത്സ്യ കർഷകരെ സഹായിക്കാൻ മത്സ്യ കർഷക സഹകരണ സംഘം ആരംഭിക്കാൻ സർക്കാർ തലത്തിൽ ആലോചനയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലകളിലും മത്സ്യ കർഷക ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലെ സംസ്ഥാന സഹകരണ ആക്ട് പ്രകാരമാണ് ഇവ രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്നത്. ഒരു മത്സ്യ കർഷക ഉൽപ്പാദക സംഘത്തിൽ കുറഞ്ഞത് 100 മത്സ്യ കർഷകർ അംഗങ്ങളായി ഉണ്ടായിരിക്കുന്നതാണ്. എൻ.സി.ഡി.സി-യുടെ സഹായത്തോടെ മത്സ്യ കർഷക ഉൽപ്പാദക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യ കൃഷി പ്രോത്സാഹനം

322(3089) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് ചെലവഴിച്ച തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കവിയൂർ പോളച്ചിറയിലെ മത്സ്യവിത്ത് ഉല്പാദന കേന്ദ്രം

323(3090) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ കവിയൂർ പോളച്ചിറയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മത്സ്യവിത്ത് ഉൽപ്പാദന കേന്ദ്രത്തിന്റെ നവീകരണത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പോളച്ചിറയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിലവിലുള്ള മത്സ്യവിത്ത് ഉൽപ്പാദന കേന്ദ്രത്തിന്റെ നവീകരണത്തിനും ഗിഫ്റ്റ് ഹാച്ചറി സ്ഥാപിക്കുന്നതിനും ചിറയുടെ വടക്കുഭാഗത്ത് 14 സിമന്റ് ടാങ്കുകൾ സ്ഥാപിക്കുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പഠനത്തിനും വിനോദത്തിനുമായി പ്രയോജനപ്പെടുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

പോളച്ചിറ മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ അധീനതയിലുള്ള മുഴവൻ സ്ഥലവും മത്സ്യ കൃഷി പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന തരത്തിലാണ് നിലവിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടാതെ പ്രസ്തുത സ്ഥലത്ത് ഫാം ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കല്ലാനോട് ഫിഷ് ഹാച്ചറി വികസനം

324(3091) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ വികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ?

കല്ലാനോട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട് ബ്രീഡിംഗ് ടാങ്കുകൾ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 2 ഹെക്ടർ സ്ഥലം ഉപയോഗിക്കുന്നതിനുള്ള താൽക്കാലിക പെർമിസീവ് സാങ്ഷൻ നൽകിയിരുന്നു. തുടർന്ന് RIDF Tranche XXVI-ൽ ഉൾപ്പെടുത്തി 1580 ലക്ഷം രൂപയുടെ ഒരു തിലാപ്പിയ ഹാച്ചറി ഹാർബർ

എഞ്ചിനീയറിംഗ് വകുപ്പ് മുഖേന സ്ഥാപിക്കുന്നതിനായുള്ള പദ്ധതി പ്രൊപ്പോസൽ പരിഗണനയ്ക്കായി NABARD-ന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഹാച്ചറിയോടു ചേർന്ന് ജലസേചന വകുപ്പ് വിട്ടുതന്ന രണ്ടേക്കർ ഭൂമിയിൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഹാച്ചറി കെട്ടിടം, കനാലിനും ബണ്ടിനുമുള്ള പാർശ്വ സംരക്ഷണം, സെമി നാച്ചുറൽ പോണ്ട്, വെർട്ടിക്കൽ പോണ്ട് എന്നിവയുടെ നിർമ്മാണം, ബണ്ട്, ഇന്റേണൽ റോഡ്, ഡ്രെയിൻ, ജനറേറ്റർ ഷെഡ്, ഇ.റ്റി.പി ഷെഡ്, റീ സർക്കുലേഷൻ ഷെഡ് എന്നിവയുടെ നിർമ്മാണം, എയ്റേഷൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നു.

(സി) വിനോദസഞ്ചാര കേന്ദ്രം കൂടിയായ കക്കയത്ത് അതിനുള്ള സാധ്യത കൂടി പ്രസ്തുത പദ്ധതിയിൽ പരിഗണിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

പ്രസ്തുത സ്ഥലത്ത് ഫാം ടൂറിസം നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) അലങ്കാര മത്സ്യ കൃഷി കൂടി പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ?

ഫിഷറീസ് വകുപ്പിന്റെ കൈവശം നിലവിലുള്ള സ്ഥലത്ത് അലങ്കാര മത്സ്യ കൃഷി പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ രജിസ്ട്രേഷൻ

325(3092) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മത്സ്യഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള (മറൈൻ സെക്ടർ) രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യാനാവാത്തതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ;

(ബി) രജിസ്ട്രേഷൻ ചെയ്യാനുള്ള തടസ്സം നീക്കി പ്രസ്തുത മത്സ്യത്തൊഴിലാളികൾക്ക് രജിസ്ട്രേഷന് അവസരം നൽകുമോ;

&

(സി) കായംകുളം സെക്ടറിൽ ഒരു മറൈൻ സെക്ടർ കൂടി അനുവദിക്കുമോ?

മത്സ്യത്തൊഴിലാളികളെ അവരുടെ പ്രവർത്തനമേഖല അടിസ്ഥാനമാക്കി ഉൾനാടൻ (Inland) എന്നും കടലോരം (Marine) എന്നും

രണ്ടായി തിരിച്ചിട്ടുണ്ട്. പ്രവർത്തനമേഖലയുടെ അടിസ്ഥാനത്തിൽ കായംകുളം മത്സ്യഗ്രാമം ഉൾനാടൻ മേഖലയാണ്. കായംകുളം മത്സ്യഗ്രാമത്തിൽനിന്നും ആരെങ്കിലും കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നുണ്ടെങ്കിൽ അവർക്ക് മത്സ്യത്തൊഴിലാളി (Marine) ആയി രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. നിലവിൽ മത്സ്യത്തൊഴിലാളി അംഗത്വത്തിനായി ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുള്ളതിനാൽ അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമില്ല. കടൽ മത്സ്യബന്ധനത്തിനായി മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്നതും മത്സ്യബന്ധനം കഴിഞ്ഞ് തിരികെയെത്തുന്ന തീരപ്രദേശങ്ങളിലേയും പ്രകൃത്യാലുള്ള അതിർത്തി വച്ചാണ് 222 കടൽ മത്സ്യ ഗ്രാമങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്.

## വർക്കല മണ്ഡലത്തിലെ പദ്ധതികൾ

326(3093) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന വർക്കല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വർക്കല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) കോർപ്പറേഷൻ മുഖേന പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പ്രസ്തുത മണ്ഡലത്തിൽ നിലവിൽ പുതുതായി നടപ്പിലാക്കുവാൻ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

മേജർ മത്സ്യബന്ധന ഹാർബറുകൾ

327(3094) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള മേജർ മത്സ്യബന്ധന ഹാർബറുകൾ എത്രയാണെന്ന് അറിയിക്കാമോ?

തീരപ്രദേശത്ത് 25 മേജർ മത്സ്യബന്ധന ഹാർബറുകളാണുള്ളത്. ഇതിൽ 21 എണ്ണം പ്രവൃത്തിച്ചുവരുന്നു. 4 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അവയിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തത് എത്രയെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ?

21 മേജർ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖങ്ങൾ, കൊല്ലം ജില്ലയിലെ തങ്കശ്ശേരി, നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങൾ, ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, കായംകുളം മത്സ്യബന്ധന തുറമുഖങ്ങൾ, എറണാകുളം ജില്ലയിലെ മുനമ്പം, ചെല്ലാനം ഫിഷറി ഹാർബറുകൾ, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷറി ഹാർബർ, മലപ്പുറം ജില്ലയിലെ പൊന്നാനി, താനൂർ ഹാർബറുകൾ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, പുതിയാപ്പ, ചോമ്പാൽ, വെള്ളയിൽ, കൊയിലാണ്ടി മത്സ്യബന്ധന തുറമുഖങ്ങൾ, കണ്ണൂർ ജില്ലയിലെ അഴീക്കൽ, മാപ്പിളബേ, തലായ് മത്സ്യബന്ധന തുറമുഖങ്ങൾ, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖങ്ങൾ.

<u>കോഴിക്കോട് ജില്ലയിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ</u>

328(3095) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ച കൂടത്തുംപാറ മൂഴയിൽ പാലം റോഡിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ അപര്യാപ്തത മൂലം കൂടത്തുംപാറ മൂഴയിൽപാലം റോഡിന് നടപ്പുസാമ്പത്തിക വർഷം ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

<u>തൃക്കുന്നപ്പുഴയിൽ ഫിഷ്‌ലാന്റിംഗ് സെന്റർ</u>

329(3096) <u>ശ്രീ. രമേശ് ചെന്നിത്തല:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഫിഷ്‌ലാന്റിംഗ് സെന്റർ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നബാർഡ് RIDF - 15 പദ്ധതിയിലുൾപ്പെടുത്തി 60 ലക്ഷം രൂപയ്ക്ക് തൃക്കുന്നപ്പുഴയിൽ ഫിഷ് ലാന്റിംഗ് സെന്ററിന് ഭരണാനുമതി നൽകുകയും ലേലഹാൾ, കോൾഡ് സ്റ്റോറേജ് എന്നിവ 19-03-2013-ൽ പൂർത്തിയാക്കി 2018-ൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിരുന്നു. ലേല ഹാളിലേയ്ക്കും കോൾഡ് സ്റ്റോറേജിലേയ്ക്കും ഇലക്ട്രിക് കണക്ഷൻ പഞ്ചായത്തിന്റെ പേരിൽ എടുത്ത് നൽകി പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ടോയ്ലറ്റ് ബ്ലോക്ക്, ഇന്റേണൽ റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം സ്ഥലം ലഭ്യമാകാഞ്ഞതു മൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തിയാക്കിയ പ്രവൃത്തികൾക്കുവേണ്ടി മൊത്തം 37.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതിനാവശ്യമായ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മാതൃകാ പഠനം നടത്തുന്നതിന് CWPRS, പൂനയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. CWPRS മുഖേന മോഡൽ സ്റ്റഡി പൂർത്തിയാക്കുകയും പഞ്ചായത്ത് സ്ഥലം ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>അരൂർമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ</u>

330(3097) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം മുഖേന അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് റോഡുകൾ</u>

331(3098) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച് നിലവിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ള റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) ഈ സർക്കാർ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയാണ്; പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

## തോട്ടപ്പള്ളി ഹാർബർ

332(3099) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ തോട്ടപ്പള്ളി ഹാർബർ തുറന്നുപ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 1802.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 476 മീറ്റർ തെക്കേ പുലിമുട്ട്, 145 മീറ്റർ വടക്കേ പുലിമുട്ട്, വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഘടകങ്ങൾ എന്നിവ പൂർത്തിയാക്കി 28-02-2011-ൽ ഹാർബർ കമ്മീഷൻ ചെയ്യുകയുണ്ടായി. എൻ.എഫ്.ഡി.ബി പദ്ധതിയിലുൾപ്പെടുത്തി 138 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പഴയ ലേലഹാളിന്റേയും റിപ്പയർ ഷെഡിന്റേയും നവീകരണം, ഹാർബർ ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുത്തി നിർമ്മിച്ച ലേലപ്പുരയുടെ പടിഞ്ഞാറ് ഭാഗത്ത് മത്സ്യം കയറ്റുമതി ചെയ്യുന്നതിനുള്ള സൗകര്യം, പാർക്കിംഗ് സെന്ററിന്റേയും ഓടയുടെയും നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്. തോട്ടപ്പള്ളി ഹാർബർ ബേസിനകത്ത് ക്രമാതീതമായി മണ്ണ് അടിയുന്നതിനാൽ ഹാർബർ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാനായിട്ടില്ല. പ്രശ്നപരിഹാരത്തിനായി CWPRS എന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനം മുഖേന പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. റിപ്പോർട്ട് പ്രകാരം തെക്കേ പുലിമുട്ട് 420 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനും വടക്കേ പുലിമുട്ടിൽനിന്നും 300 മീറ്റർ വടക്കോട്ടു മാറി 436 മീറ്റർ നീളത്തിൽ പുതിയ പുലിമുട്ട് നിർമ്മിക്കുന്നതിനും ശിപാർശ ചെയ്യുകയുണ്ടായി. രണ്ടാംഘട്ട വികസനത്തിന്റെ ആദ്യഘട്ടമായി തെക്കേ പുലിമുട്ടിന്റെ നീളം 250 മീറ്റർ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 13.38 കോടി രൂപയുടെ പദ്ധതി ഓഖി പാക്കേജിലുൾപ്പെടുത്തി ഭരണാനുമതി നൽകി,

നിർമ്മാണം പുരോഗമിക്കുന്നു. ബേസിനിൽ അടിഞ്ഞുകൂടിയ മണ്ണ് ഹാർബറിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്ന സാഹചര്യത്തിൽ ഡ്രെഡ്ജ് ചെയ്ത് നീക്കി മിനറൽസ് വേർതിരിച്ചെടുക്കുന്നതിന് IREL-ന് അനുമതി നൽകിയിട്ടുണ്ട്. മണ്ണ് ഡ്രെഡ്ജ് ചെയ്ത് നീക്കുന്നതിനാൽ ഹാർബർ ഭാഗികമായി പ്രവർത്തനക്ഷമമായിട്ടുണ്ട്.

(ബി) ഹാർബറിന്റെ അടുത്ത ഘട്ട വികസനത്തിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഇതിനാവശ്യമായ തുക എപ്രകാരം കണ്ടെത്തുന്നതിനാണുദ്ദേശിക്കുന്നത്; വെളിപ്പെടുത്താമോ?

CWPRS-ന്റെ പഠന റിപ്പോർട്ട് പ്രകാരം രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി തെക്കേ പുലിമുട്ട് 170 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനും 436 മീറ്റർ നീളത്തിൽ വടക്കേ പുലിമുട്ട് നിർമ്മിക്കുന്നതിനും വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെട്ട രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കുള്ള 94.00 കോടി രൂപയുടെ പദ്ധതി രൂപരേഖ NABARD FIDFസ്കീമിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകാരത്തിനായി

സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭ്യമായില്ല. ഇതേ പ്രൊപ്പോസൽ NABARD RIDF, PMMSY എന്നീ സ്കീമുകളിലും അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല. തോട്ടപ്പള്ളി ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനായി തയ്യാറാക്കിയ പദ്ധതി രൂപരേഖ DSR 2018 പ്രകാരം 10520.00 ലക്ഷം രൂപയ്ക്ക് പുതുക്കി FIDF, PMMSY തുടങ്ങിയ ഏതെങ്കിലും പദ്ധതികളിലുൾപ്പെടുത്തി തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

## <u>മത്സ്യബന്ധന ഹാർബറുകളുടെ സുരക്ഷ</u>

333(3100) <u>ശ്രീ. എ. സി. മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന മത്സ്യബന്ധന ഹാർബറുകളും തീരപ്രദേശങ്ങളും സുരക്ഷാ ഭീഷണി നേരിടുന്നത് കണക്കിലെടുത്ത് സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന തുറമുഖങ്ങളിൽ

നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഫിഷറീസ് വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 12-03-2021-ൽ മുനമ്പം ഹാർബറിൽ 36,93,463/- രൂപ ചെലവിൽ കെൽട്രോൺ മുഖാന്തരം സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം Monitoring of KMFR Act at fishing harbour എന്ന പദ്ധതിയിലുൾപ്പെടുത്തി ഹാർബറുകളിൽ നിരീക്ഷണ ക്യാമറയും എൽ.ഇ.ഡി. ബോർഡുകളും സ്ഥാപിക്കുന്ന പദ്ധതിക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി പദ്ധതി പ്രകാരം ബേപ്പൂർ, പുതിയാപ്പ, നീണ്ടകര എന്നീ ഹാർബറുകളിൽ കെൽട്രോൺ മുഖേന നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തു. ഹാർബറുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഇവയുടെ പ്രവർത്തനങ്ങൾ ഹാർബറുകളിലും കൂടാതെ 24 മണിക്കൂറും പ്രവർത്തന സജ്ജമായിട്ടുള്ള ഫിഷറീസ് ആസ്ഥാനത്തെ കൺട്രോൾ റൂം മുഖേനയും നിരീക്ഷിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷം വിഴിഞ്ഞം, പൊന്നാനി, ശക്തികുളങ്ങര എന്നീ ഹാർബറുകളിൽ 135 ലക്ഷം രൂപ ചെലവിൽ കെൽട്രോൺ മുഖേന നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം അഴീക്കൽ, മടക്കര, മാപ്പിള ബേ എന്നിവിടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച്

ഫിഷറീസ് ആസ്ഥാനത്തെ കൺട്രോൾ റൂം വഴി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 211 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ തീരദേശ ജില്ലകളിലും പ്രധാന മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടലോര ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തീരക്കടലിൽ അസാധാരണമായി ശ്രദ്ധയിൽപ്പെടുന്ന വിവരങ്ങൾ ടി കടലോര ജാഗ്രത സമിതികൾ ഫിഷറീസ് വകുപ്പിനും കോസ്റ്റൽ പോലീസിനും കൈമാറുകയും അതുവഴി കോസ്റ്റ് ഗാർഡിനെ വിവരങ്ങൾ അറിയിക്കുകയും ചെയ്തുവരുന്നു.

<u>ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ</u>

334(3101) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ സ്ഥാപിതമായത് എന്നുമുതലാണെന്ന് അറിയിക്കാമോ;

(ബി) ഏത് ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇവ രൂപീകൃതമായത്;

(സി) എങ്കിൽ ആക്ടിന്റെ അടിസ്ഥാനത്തിൽ ഹാർബർ മാനേജ്മെന്റ്

സൊസൈറ്റികൾ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

&

(ഡി) ഈ ആക്ട് പ്രകാരം പ്രസ്തുത സൊസൈറ്റിയിൽ എത്ര അംഗങ്ങളാണ് ഉണ്ടായിരിക്കേണ്ടത്; ആരൊക്കെയാണ് ഇതിൽ അംഗങ്ങളായി ഉണ്ടാകുക; വിശദാംശങ്ങൾ നൽകുമോ?

29-06-2004-ലെ സ.ഉ. (എം.എസ്.) നം.26/2004 എഫ്.ആൻഡ്.പി.ഡി പ്രകാരം 2004-ൽ മുനമ്പം ഹാർബറിലും 13-08-2018 ലെ സ.ഉ (കൈ)നം. 28/2018/മ.തു.വ പ്രകാരം 12 ഫിഷിംഗ് ഹാർബറുകളിലും ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ആക്ട് നിലവിലില്ലായിരുന്നു. “ 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്” വകുപ്പ് 9 ഉപവകുപ്പ് (1) പ്രകാരം ഓരോ മത്സ്യബന്ധന ഹാർബറിന്റെയും ശരിയായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി ഓരോ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സൊസൈറ്റിയുടെ ഘടന അനുബന്ധമായി ചേർക്കുന്നു+. ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതുസംബന്ധിച്ച തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## വർക്കല മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

335 (3102) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വിവിധ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) വർക്കല മണ്ഡലത്തിൽ പ്രസ്തുത വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വർക്കല മണ്ഡലത്തിൽ ചിലക്കൂർ ഭാഗത്ത് ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവൃത്തികൾ, മാതൃകാ പഠനം, പരിസ്ഥിതി ആഘാത വിശകലന പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

## അന്താരാഷ്ട്ര ചലച്ചിത്ര മേള

336(3103) ഡോ. കെ. ടി. ജലീൽ
ശ്രീ. എം. മുകേഷ്
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്രാസ്വാദക ലോകത്ത് ഇതിനകം തന്നെ ഖ്യാതി നേടിയ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐ.എഫ്.എഫ്.കെ) കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പരമാവധി ചലച്ചിത്രാസ്വാദകർക്ക് സിനിമ പ്രദർശനങ്ങൾ ആസ്വദിക്കുവാൻ അവസരം ഒരുക്കുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

26-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള കോവിഡ് നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ട് 2022 മാർച്ച് 18 മുതൽ 25 വരെ തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. 100 ശതമാനം സീറ്റുകളിലും സർക്കാർ പ്രവേശനാനുമതി നൽകിയതിനാൽ 15

തിയേറ്ററുകളിലായി മുഴുവൻ സീറ്റുകളിലും ഡെലിഗേറ്റുകൾക്ക് പ്രവേശനം നൽകും. പതിനായിരത്തോളം ചലച്ചിത്രാസ്വാദകർക്ക് ലോകസിനിമയിലെ ഏറ്റവും പുതിയ ചലനങ്ങൾ ആസ്വദിക്കാൻ ഇത് അവസരം നൽകും. വിദ്യാർത്ഥികൾക്ക് ഇത്തവണ കൂടുതൽ പ്രാതിനിധ്യം നൽകിയിട്ടുണ്ട്. മേള കൂടുതൽ ആകർഷകമാക്കുന്നതിനായി മുഖ്യവേദിയിൽ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ചലച്ചിത്രോത്സവത്തിന്റെ നടത്തിപ്പ്, പ്രദർശന ചിത്രങ്ങളുടെ തെരഞ്ഞെടുപ്പ്, ചലച്ചിത്ര പ്രദർശനങ്ങൾ, അവാർഡുകളുടെ നിർണ്ണയം തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ചലച്ചിത്രോൽസവത്തിന്റെ നടത്തിപ്പിനായി 2022 ഫെബ്രുവരി 24-ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പിയ ഹാളിൽ നടന്ന യോഗത്തിൽ വിപുലമായ സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള വിവിധ സബ് കമ്മിറ്റികൾ യോഗം ചേർന്ന് മേള കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചലച്ചിത്രപ്രദർശനം കാര്യക്ഷമമായി നടത്തുന്നതിന് തിയേറ്റർ കമ്മിറ്റി ഫെസ്റ്റിവൽ തിയേറ്ററുകൾ സന്ദർശിച്ച് സാങ്കേതികത്തികവ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഡെലിഗേറ്റ് കമ്മിറ്റി,

റിസപ്ഷൻ ആൻഡ് ഹോസ്പിറ്റാലിറ്റി, വോളണ്ടിയർ, മീഡിയ കമ്മിറ്റികൾ എന്നിവ മേളയുടെ സുഗമമായ നടത്തിപ്പിന് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) നൂതന ആശയങ്ങളിലൂടെ ചലച്ചിത്രോത്സവം ജനകീയമാക്കുന്നതിനും ലോകോത്തര സിനിമകൾ കൂടുതൽ ആസ്വാദകരിലേയ്ക്ക് എത്തിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്താമോ?

26-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള കോവിഡ് നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ട് 2022 മാർച്ച് 18 മുതൽ 25 വരെ തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. 100 ശതമാനം സീറ്റുകളിലും സർക്കാർ പ്രവേശനാനുമതി നൽകിയതിനാൽ 15 തിയേറ്ററുകളിലായി മുഴുവൻ സീറ്റുകളിലും ഡെലിഗേറ്റുകൾക്ക് പ്രവേശനം നൽകും. പതിനായിരത്തോളം ചലച്ചിത്രാസ്വാദകർക്ക് ലോകസിനിമയിലെ ഏറ്റവും പുതിയ ചലനങ്ങൾ ആസ്വദിക്കാൻ ഇത് അവസരം നൽകും. വിദ്യാർത്ഥികൾക്ക് ഇത്തവണ കൂടുതൽ പ്രാതിനിധ്യം നൽകിയിട്ടുണ്ട്. മേള കൂടുതൽ ആകർഷകമാക്കുന്നതിനായി മുഖ്യവേദിയിൽ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

## പരിയാരത്ത് തീയേറ്റർ സമുച്ചയം

337(3104) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന തിയേറ്റർ നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജിന് സമീപം റവന്യൂ വകുപ്പിൽനിന്ന് 50 സെന്റ് ഭൂമി അനുവദിച്ച സ്ഥലത്ത് തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തെയ്യം കലാകാരൻമാർക്ക് സഹായം

338(3105) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്ത് തെയ്യം കലാകാരന്മാർ നേരിടുന്ന ജീവിത

പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) കോവിഡ് കാലത്ത് ക്ഷേത്രങ്ങളിൽ തെയ്യം അവതരിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തെയ്യം കലാകാരന്മാർക്ക് സാമ്പത്തിക സഹായം അനുവദിക്കുമോ?

കോവിഡ് കാലത്ത് ക്ഷേത്രങ്ങളിൽ തെയ്യം അവതരിപ്പിക്കാൻ സാധിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെയ്യം കലാകാരന്മാരുടെ സംരക്ഷണത്തിനുവേണ്ടി സഹായധനം അനുവദിക്കുന്നതിനായി സർക്കാർ തെയ്യം കലാ അക്കാദമി രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന തെയ്യം കലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷം 25 ലക്ഷം രൂപ പ്രത്യേക ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) തെയ്യം സീസൺ ഉത്സവം ആയതിനാൽ മറ്റ് സീസണിൽ ഇവർക്കുവേണ്ടി എന്തെങ്കിലും ക്ഷേമ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ?

ഫോക് ലോർ അക്കാദമി നിരവധിയായ പദ്ധതികൾ തെയ്യം

കലാകാരന്മാർക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ തെയ്യം കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് അനുവദിച്ച കോവിഡ് സമാശ്വാസമായ ആയിരം രൂപ നൽകിയിട്ടുണ്ട്. അക്കാദമി പുരസ്കാരങ്ങൾ നൽകി കലാകാരന്മാരെ ആദരിക്കാറുണ്ട്. അവശ കലാകാരന്മാരുടെ ചികിത്സയ്ക്കായി ധനസഹായം അനുവദിക്കാറുണ്ട്. തെയ്യം കേന്ദ്രീകൃത പ്രസിദ്ധീകരണങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമി

339(3106) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ കൊണ്ടോട്ടിയിലുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതിന് വേണ്ടി എത്ര രൂപ അനുവദിച്ചുവെന്ന് വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് 2021-22 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി വകയിരുത്തിയ 5 ലക്ഷം രൂപ അറബിമലയാളം ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തിക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) മാപ്പിള കല അക്കാദമിക്ക് മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ബജറ്റ് വിഹിതവും ഗ്രാന്റും കുറഞ്ഞുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ബജറ്റ് വിഹിതവും ഗ്രാന്റും മുൻ കാലങ്ങളിലെ പോലെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2020-21 സാമ്പത്തിക വർഷം മാപ്പിള കലാ അക്കാദമിക്ക് പദ്ധതിയേതര വിഹിതമായി ഒരു കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 52.40 ലക്ഷം രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. അക്കാദമിയുടെ അംഗീകൃത പദ്ധതികൾക്കാവശ്യമായി വരുന്ന തുകകൾ അതാത് സമയം അധികധനാനുമതി പ്രകാരം ലഭ്യമാക്കുന്നത് പരിഗണിക്കുന്നതാണ്. 2021-22 സാമ്പത്തിക വർഷം അധിക പദ്ധതിയേതര വിഹിതമായി 25 ലക്ഷം രൂപ അനുവദിക്കണമെന്ന അക്കാദമി സെക്രട്ടറിയുടെ അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മലബാർ ലിറ്റററി സർക്യൂട്ടിൽ മഹാകവി മോയിൻകുട്ടി വൈദ്യരുടെ ജന്മസ്ഥലം കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലബാർ ലിറ്റററി സർക്യൂട്ടിൽ മഹാകവി മോയിൻകുട്ടി വൈദ്യരുടെ

ജന്മസ്ഥലംകൂടി ഉൾപ്പെടുത്തുന്നത് വിനോദസഞ്ചാര വകുപ്പ് പരിശോധിച്ചുവരുന്നു.

(ഡി) മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ വികസനത്തിനായി 2022-23 സാമ്പത്തിക വർഷം എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് സർക്കാരിന്റെ അനുമതി തേടിയതെന്ന് വ്യക്തമാക്കുമോ?

2022-23 വർഷത്തേയ്ക്ക് മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമി സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | തുക |
|---|---|---|
| 1. | മ്യൂസിയം നവീകരണം | 100 ലക്ഷം |
| 2. | ഗവേഷണ ലൈബ്രറി നവീകരണം | 15 ലക്ഷം |
| 3. | ലൈബ്രറി കെട്ടിടം നവീകരണം | 50 ലക്ഷം |
| 4. | ഓഡിയോ വിഷ്വൽ ആർക്കൈവ് | 25 ലക്ഷം |
| 5. | ഉദ്യാനം, സൗന്ദര്യവത്ക്കരണം | 5 ലക്ഷം |
| 6. | ഇശൽ പൈതൃകം ത്രൈമാസിക | 10 ലക്ഷം |
| 7. | പുസ്തക പ്രസിദ്ധീകരണം | 10 ലക്ഷം |
| 8. | പ്രാചീന അറബിമലയാളം കൃതികളുടെ ലിപ്യന്തരണം | 10 ലക്ഷം |
| 9. | മാപ്പിളകലകൾ ഡോക്യുമെന്ററി | 20 ലക്ഷം |
| 10. | മാപ്പിളകലകളുടെ ഗവേഷണത്തിനായുള്ള ഫെലോഷിപ്പ് | 5 ലക്ഷം |
| 11 | യുവജനങ്ങൾക്കായി കലാപരിശീലനം | 10 ലക്ഷം |
| 12. | പ്രതിഭകളെ അനുസ്മരിക്കൽ, സെമിനാർ | 50 ലക്ഷം |

| | | |
|---|---|---|
| 13. | കലാപ്രതിഭകൾക്ക് വൈദ്യർ പുരസ്കാരം സമർപ്പണം | 2 ലക്ഷം |
| 14. | ഗ്രന്ഥങ്ങൾക്ക് മാപ്പിളകലാ അക്കാദമി അവാർഡ് സമർപ്പണം | 3 ലക്ഷം |
| 15 | മാപ്പിളസാഹിത്യത്തിലെ സ്ത്രീപഠനങ്ങൾ ഗ്രന്ഥങ്ങൾ | 30 ലക്ഷം |
| 16. | സ്കൂൾ ഓഫ് മാപ്പിള ആർട്സ് | 30 ലക്ഷം |
| 17. | ആസാദി കാ അമൃത് മഹോത്സവ് | 15 ലക്ഷം |
| ആകെ | | 3 കോടി 90 ലക്ഷം |

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ</u>

340(3107) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്കാണ് 2016 മുതൽ സാംസ്കാരിക വകുപ്പിന്റെ വിവിധ ഫണ്ടുകൾ അനുവദിച്ചതെന്നും ഓരോ സ്ഥാപനങ്ങൾക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

&

(ബി) ഓരോ സ്ഥാപനങ്ങളും സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ വെള്ളിക്കോത്ത് പ്രവർത്തിക്കുന്ന മഹാകവി പി. കുഞ്ഞിരാമൻ നായർ മെമ്മോറിയൽ ട്രസ്റ്റ് അധികൃതർ പ്രസ്തുത സംഘടനയുടെ നേതൃത്വത്തിൽ മഹാകവി പി. കുഞ്ഞിരാമൻ നായർ അനുസ്മരണം/അവാർഡ് ദാനത്തിനായി 17-03-2017-ൽ സർക്കാരിനോട് ധനസഹായം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ട്രസ്റ്റിന് 2018-19 സാമ്പത്തിക വർഷം ധനസഹായമായി 50,000/- രൂപ അനുവദിക്കുകയുണ്ടായി.

<u>ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയം</u>

341(3108) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിലെ ആശ്രാമം മൈതാനത്തിന് സമീപത്തായി സ്ഥാപിക്കുന്ന ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം പൂർത്തീകരിക്കുന്നതിന്റെ ജോലികൾ പുരോഗമിച്ചുവരികയാണ്. എക്സിബിഷൻ ബ്ലോക്കിന്റേയും കഫ്റ്റീരിയ ബ്ലോക്കിന്റേയും എല്ലാവിധ

സ്ട്രക്ചറൽ ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ ഫിനിഷിംഗ് ജോലികളായ ടൈൽ, ഗ്രാനൈറ്റ്, എ.സി, ജോലികളും നടന്നുവരികയാണ്. ആഡിറ്റോറിയം ബ്ലോക്കിന്റേയും പെർഫോമൻസ് ബ്ലോക്കിന്റേയും മേല്പറഞ്ഞ ജോലികളും അതോടൊപ്പം തന്നെ അക്വാസ്റ്റിക് ജോലികളും നടന്നു വരികയാണ്. ഓപ്പൺ എയർ തിയേറ്ററിന്റെ സ്ട്രക്ചർ വർക്കുകൾ അന്തിമഘട്ടത്തിലാണ്. പൂർത്തികരിച്ച ഭാഗങ്ങളുടെ പ്ലാസ്റ്ററിംഗ് ഗ്രാനൈറ്റ് ജോലികളും നടന്നുവരുന്നു. ഭൂഗർഭ ജല സംഭരണി, വാട്ടർ ടാങ്ക്, മലിനജല ശുദ്ധീകരണ പ്ലാന്റ് എന്നിവയുടെ അവസാനഘട്ട ജോലികൾ നടന്നുവരികയാണ്. ടി ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് ലാന്റ്സ്കേപിംഗ് വർക്കുകളും റോഡിന്റെ പണികളും ആരംഭിക്കുന്നതാണ്. നിലവിലെ ഷെഡ്യൂൾ പ്രകാരം എല്ലാവിധ ജോലികളും 2022 മെയ് മാസത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദ വിവരം ലഭ്യമാക്കുമോ?

നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ ദൈനംദിന

പ്രവർത്തനങ്ങൾക്കും നടത്തിപ്പുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേണ്ട സംവിധാനത്തെക്കുറിച്ചും സർക്കാർതലത്തിൽ ആലോചനകൾ നടന്നുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

കിളിമാനൂർ ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണം

342 (3109) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ സ്ഥാപിക്കുന്ന ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് കാലഘട്ടത്തിൽ ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണത്തിന് കാലതാമസം നേരിട്ടിട്ടുണ്ട്. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

2022 ഏപ്രിൽ അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>കിളിമാനൂരിൽ രാജാ രവിവർമ്മ സ്മാരകം</u>

343 (3110) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശ്വപ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ ജന്മദേശമായ കിളിമാനൂരിൽ സമുചിത സ്മാരകം നിർമ്മിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സ്ഥലം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് അധികൃതരുമായി പ്രാഥമിക ചർച്ച നടന്നുവെങ്കിലും ഉചിതമായ സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കോഴിക്കോട് സ്ഥാപിക്കുന്ന ഇൻഡോ-ഷാർജ കൾച്ചറൽ പ്രോജക്ട്</u>

344(3111) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സ്ഥാപിക്കുന്ന ഇൻഡോ-ഷാർജ കൾച്ചറൽ പ്രോജക്ടിൽ എന്തെല്ലാമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം, അന്താരാഷ്ട്ര നിലവാരമുള്ള ഒരു കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ എന്നിവയാണ് ഈ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത പ്രോജക്ടിനുവേണ്ടി സ്ഥലത്തിന് വില നൽകി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുത്തിട്ടില്ല. കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക് ഒളപ്പമണ്ണ വില്ലേജിൽ 30.40 ഏക്കർ സ്വകാര്യ ഭൂമി നെഗോഷ്യബിൾ/ ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി കിഫ്ബി 35 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ അനുവദനീയമായ തുകയ്ക്ക് ഭൂമി വിട്ടുനൽകാൻ ഭൂഉടമകൾ തയ്യാറാകാത്തതിനാലാണ് സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നത്.

(സി) എത്ര തുകയാണ് സ്ഥലം ഏറ്റെടുക്കാൻ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

35 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി അനുവദിച്ചിട്ടുള്ളത്.

(ഡി) ബാക്കി തുക ലഭിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന്

വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് കിഫ്ബി ധനാനുമതി നൽകിയ തുകയ്ക്ക് പുറമെ അധിക തുക ആവശ്യമെങ്കിൽ അത് അനുവദിക്കുന്നതിനായി ഭരണ വകുപ്പിൽനിന്ന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി ജില്ലാ കളക്ടറേറ്റിൽ നിന്നുള്ള വിശദമായ റിപ്പോർട്ടും റവന്യൂ വകുപ്പിൽ നിന്നുള്ള ഉത്തരവ് സഹിതം കിഫ്ബിയുടെ PFMS പോർട്ടൽ വഴി പുതുക്കിയ ധനാനുമതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് കിഫ്ബി ആവശ്യപ്പെട്ടിരുന്നു. ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ പ്രോജക്ടിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) നോട്ടിഫിക്കേഷൻ തീയതി മുതൽ സ്ഥലമുടമയ്ക്ക് പന്ത്രണ്ട് ശതമാനം പലിശയ്ക്ക് അർഹതയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

RFCT LARR ആക്ട് 4(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 41,38,47,224/- രൂപ ചെലവ് വരുമെന്നും വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ 24-02-2020 മുതൽ അവാർഡ് പാസ്സാകുന്നതുവരെ കമ്പോള വിലയുടെ 12% പലിശയുൾപ്പെടെ 44,68,05,164/- രൂപ മൊത്തം തുക ആവശ്യമാണെന്നും കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

## സാംസ്കാരിക വകുപ്പിന് കീഴിൽ ടെലിവിഷൻ ചാനൽ

345 (3112) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക വകുപ്പിന് കീഴിൽ ടെലിവിഷൻ ചാനൽ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നിയന്ത്രണവും മേൽനോട്ടവും മറ്റ് നടപടികളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ചലച്ചിത്രോത്സവങ്ങൾക്ക് സ്ഥിരം വേദി

346 (3113) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന ചലച്ചിത്രോത്സവങ്ങൾക്ക് ഒരു സ്ഥിരം വേദി രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

ചലച്ചിത്രോത്സവങ്ങൾക്ക് ഒരു സ്ഥിരം വേദി നിർമ്മിക്കുന്നതിനായി

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉചിതമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) ഇത്തരത്തിൽ രൂപീകരിക്കുന്ന ചലച്ചിത്രോത്സവ കോംപ്ലക്സിൽ ചലച്ചിത്ര രംഗത്തെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന യുവപ്രതിഭകൾക്ക് ആവശ്യമായ പരിശീലന-പഠന-സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യം കൂടി നൽകാമോ?

ഫെസ്റ്റിവൽ കോംപ്ലക്സ് യാഥാർത്ഥ്യമായതിനുശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ട്

347 (3114) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുമോ?

സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ, തങ്ങളുടെ സ്വകാര്യ അനുഭവങ്ങൾ/വിവരങ്ങൾ ജസ്റ്റിസ് കെ. ഹേമ സമിതിയോട് വെളിപ്പെടുത്തിയത് സമിതിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ

റിപ്പോർട്ട് കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് കെ. ഹേമ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ ഉൾക്കൊള്ളുന്നതിനാൽ റിപ്പോർട്ട് അതേപടി പൊതുരേഖയായി പ്രസിദ്ധീകരിക്കുവാൻ കഴിയില്ലെന്ന് 22-10-2020-ലെ 236(1)2020/SIC നടപടിക്രമം വഴി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. മാത്രവുമല്ല കമ്മീഷൻ ഓഫ് എൻക്വയറീസിന്റെ പരിധിയിൽ ടി സമിതി വരുന്നില്ല. ആയതിനാൽ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല.

## എല്ലാ പഞ്ചായത്തിലും യുവജന കേന്ദ്രങ്ങൾ

348(3115) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും കുറ്റകൃത്യങ്ങളുടെ വൻതോതിലുള്ള വർദ്ധനവും കണക്കിലെടുത്ത് പഞ്ചായത്തുകൾ തോറും യുവജന ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും കുറ്റകൃത്യങ്ങളുടെ വൻതോതിലുള്ള വർദ്ധനവും കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപന

തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും കുറ്റകൃത്യങ്ങളുടെ വൻതോതിലുള്ള വർദ്ധനവും കുറയ്ക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിച്ച് കോളേജുകളിലും കോളനികളിലും യുവജനങ്ങൾക്ക് പ്രാമുഖ്യമുള്ള മറ്റു സ്ഥലങ്ങളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ നിലവിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ ഒരു യുവജന കൂട്ടായ്മ രൂപീകരിച്ച് സന്നദ്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. പഞ്ചായത്തുകൾ തോറും യുവജന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ യുവജനങ്ങളുടെ സർഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനമൊട്ടാകെ സെമിനാറുകൾ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

(ബി) യുവജനങ്ങളുടെ സർഗവാസനകൾ പരിപോഷിപ്പിക്കാനും സാമൂഹിക തിന്മകൾക്കെതിരെ നിലകൊള്ളാനും പഞ്ചായത്തുകൾ തോറും യുവജന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം

ലഭ്യമാക്കുമോ?

(എ) പിരിവിൽ നൽകിയിട്ടുണ്ട്.

<u>യുവജനക്ഷേമ പദ്ധതികൾ</u>

349 (3116) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പിന് കീഴിൽ യുവജനങ്ങൾക്ക് പ്രയോജനകരമായിട്ടുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങൾക്കായി കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച ആർട്ട് ഡി ടൂർ, ദേശീയ നാടൻ കലാമേള, നാടകോത്സവം, ദേശീയ യുവജനസെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ് ഫെസ്റ്റ്, മ്യൂസിക്കൽ ബാൻഡ് മത്സരം, ചിത്രകലാ ക്യാമ്പ്, വനിതകൾക്ക് കാർട്ടൂൺ ക്യാമ്പ്, സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധനകലോത്സവം, ഇന്റർനാഷണൽ

ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവത്കരണ പരിപാടി, മത്സര പരീക്ഷ പരിശീലന പരിപാടി, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാ മാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജനദിനാചരണം, സാഹിത്യ ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, വനിതാ ശില്പശാല, പി.എസ്.സി പരിശീലനം, പരിസ്ഥിതി ദിനാചരണം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ, യുവതീ ക്ലബ്ബുകൾ, കാർഷിക ക്ലബ്ബുകൾ, ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകൾ, ട്രാൻസ് ജെൻഡേഴ്സ് ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചുവരുന്നു. കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോളേജുകളിലും കോളനികളിലും യുവജന ക്ലബുകളിലും 'മദ്യം-

മയക്കമരുന്ന് ദുരുപയോഗം, റാഗിംങ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ജില്ലകളിൽ 'അദാലത്തുകളും ലോക്കൽ ലെവൽ സിറ്റിംഗും' നടത്തി യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിന്മേലും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. യുവാക്കളിൽ സാമൂഹ്യബോധവും നിയമ അവബോധവും യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിലുള്ള അവബോധവും സൃഷ്ടിക്കുന്നതിനായി രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ സെമിനാറും ജില്ലാതലത്തിൽ സെമിനാർ/സിമ്പോസിയം/ശില്പശാല എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ ജനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ളവരും കല/സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യ സേവനം, വ്യവസായം/സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളവരുമായ

യുവാക്കളെ തെരഞ്ഞെടുത്ത് 'യൂത്ത് ഐക്കൺ' എന്ന ബഹുമതി നൽകി ആദരിക്കുന്നു. ദേശീയ യുവജന ദിനമായ ജനുവരി 12-ന് മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവത്കരണം, റോഡുസുരക്ഷ അവബോധത്തിനായി വാഹനറാലി, യുവാക്കളിൽ നിയമ അവബോധം ഉണ്ടാക്കുന്നതിന് ഇ.എം.എസ് അനുസ്മരണ അന്തർ സർവ്വകലാശാല പ്രസംഗ മത്സരം എന്നിവ സംഘടിപ്പിച്ചുവരുന്നു. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം എന്ന പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്കരണം നൽകുകയും ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം ലഭ്യമാക്കുന്നതിനായി ‘ യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ’ എന്ന പദ്ധതി നടപ്പാക്കുന്നു. സാമ്പത്തികവും സാമൂഹികവുമായി ഏറെ പിന്നാക്കം നിൽക്കുന്ന യുവജനങ്ങളിൽ നിയമ സഹായം ആവശ്യമുള്ളവർക്കായി ഒരു ടോൾഫ്രീ നമ്പറിലൂടെ സേവനം നൽകുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ് ഫോം ഡെവലപ്പ് ചെയ്യുകയും രണ്ട് പേരടങ്ങുന്ന ഒരു നിയമ വിദഗ്ധ പാനൽ രൂപീകരിച്ച് നിയമ സഹായം നൽകുകയും

ചെയ്യുന്നുണ്ട്. യുവജനങ്ങളിൽ പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹ്യബോധം, നിയമ സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ഫെസിലിറ്റേഷൻ പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ‘ ഗ്രീൻ സോൺ’ എന്ന പേരിൽ തരിശുഭൂമികൾ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ ജില്ലകളിൽ പച്ചക്കറിക്കൃഷി/മീൻവളർത്തൽ എന്നിവ നടത്തുന്നുണ്ട്. കൂടാതെ വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായി യുവാക്കൾക്ക് തൊഴിലവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തൊഴിൽ നേടാൻ പറ്റിയ കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാർ, സ്വകാര്യ തൊഴിൽദായകരിൽനിന്നും ലഭ്യമായ തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിനുമായി രൂപീകരിച്ച ജോബ് പോർട്ടൽ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ജോബ് ഫെസ്റ്റുകളും സംഘടിപ്പിച്ചുവരുന്നു.

(ബി) യുവജനങ്ങൾക്ക് സ്വയംതൊഴിൽ പ്രോത്സാഹനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവതീ

ശാക്തീകരണത്തിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 'അവളിടം' എന്ന പേരിൽ യുവതീ ക്ലബ്ബുകൾ രൂപീകരിച്ച് അംഗങ്ങൾക്ക് കേക്ക് നിർമ്മാണം, ആഭരണ നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നു. കൂടാതെ ഭിന്നശേഷിക്കാരായവരെ പരിചരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ, കാർഷിക ക്ലബ്ബുകൾ, യുവക്ലബ്ബുകൾ, യൂത്ത് ക്ലബ്ബുകൾ എന്നിവ മുഖേന യുവജനങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനുള്ള ധനസഹായവും ബോർഡ് വഴി നൽകുന്നുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ യുവജനക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് യുവജനക്ഷേമത്തിനായി പ്രത്യേകം പദ്ധതികൾ/പരിപാടികൾ വകുപ്പ് നടപ്പിലാക്കുന്നില്ല.

## വനിതാ സംരംഭകർക്കായുള്ള പദ്ധതികൾ

350(3117) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സംരംഭകർക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ?

യുവതീശാക്തീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഒരെണ്ണം വീതവും കോർപ്പറേഷനിൽ രണ്ട് വീതവും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 'അവളിടം' - voice of young women - എന്ന പേരിൽ 1,040 യുവതീക്ലബ്ബുകൾ രൂപീകരിച്ചുവരുന്നു. നിലവിൽ 704 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകളെ സ്വയംപര്യാപ്തരാക്കുന്നതിനായി തയ്യൽ, ഡി.റ്റി.പി, മൊബൈൽ റിപ്പയറിംഗ്, മാസ്ക് നിർമ്മാണം, സാനിറ്റൈസർ നിർമ്മാണം, കേക്ക് നിർമ്മാണം, ആഭരണനിർമ്മാണം, എംബ്രോയിഡറി എന്നീ പരിശീലനങ്ങൾ യുവതീ ക്ലബ്ബുകൾ മുഖേന നൽകുവാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ 1,294 യുവതികൾക്ക് കേക്ക് നിർമ്മാണത്തിലും 672 യുവതികൾക്ക് ആഭരണ നിർമ്മാണത്തിലും പരിശീലനം നൽകിവരുന്നു.

(ബി) ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ?

(എ) പിരിവിൽ നൽകിയിട്ടുണ്ട്.

<u>അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം</u>

351 (3118) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനായി എന്തെല്ലാം പരിശീലന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് ഇത്തരം പരിശീലനങ്ങൾ നൽകി വരുന്നതെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പരീക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ സാധ്യത ഉപയോഗപ്പെടുത്തി ഓൺലൈൻ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്) പരീക്ഷ, പി.എസ്.സി പരീക്ഷകൾ തുടങ്ങിയവയ്ക്ക് മുൻ വർഷങ്ങളിൽ ഓൺലൈൻ വഴി പരിശീലനം നൽകിയിരുന്നു. കൂടാതെ സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം നൽകുവാനും ഉദ്ദേശിക്കുന്നു. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സ്റ്റുഡിയോയിൽ ക്ലാസ്സുകൾ റെക്കോർഡ് ചെയ്ത് ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ഫെയ്സ് ബുക്ക്

പേജ് വഴിയും ക്ലാസ്സുകൾ സംപ്രേക്ഷണം ചെയ്യുന്നു. യൂട്യൂബ് ചാനൽ വഴി 9,000 പേർക്കും ഫെയ്സ് ബുക്ക് പേജ് വഴി 10,000 പേർക്കും ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി) ഇത്തരം പരിശീലന കേന്ദ്രങ്ങൾ മണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; എം.എൽ.എ.-യുടെ പ്രാദേശിക/ആസ്തി വികസന ഫണ്ടുകൾ ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ഉപയോഗിക്കുവാൻ സാധിക്കുമോ; സാധിക്കുമെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

നിലവിൽ പരിശീലന പരിപാടികൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് സംഘടിപ്പിക്കുന്നത്; മണ്ഡലം അടിസ്ഥാനത്തിൽ പരിശീലന കേന്ദ്രങ്ങളില്ല. എം.എൽ.എ-യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെയും പ്രത്യേക വികസന നിധിയുടെയും നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും അനുവദനീയമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

**10.00 AM]**

(ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ സിൽവർ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ചുനടന്ന പ്രതിപക്ഷ ബഹളത്തെയും ബഹിഷ്കരണത്തേയും തുടർന്ന് രാവിലെ 9.26-ന് നിർത്തിവച്ച സഭ 10.00 മണിക്ക് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ഇന്ന് സഭയിലുണ്ടായ ചില പ്രത്യേക സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നത്തെ ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും ഒഴിവാക്കി മറ്റ് നടപടികളിലേയ്ക്ക് കടക്കുകയാണ്.

## II. പ്രത്യേക പരാമർശം

മി. സ്പീക്കർ: നിയമസഭാ സെക്രട്ടറി ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ മേയ് മാസം 31-ാം തീയതി നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽനിന്നും ജൂഡീഷ്യൽ സർവ്വീസിൽനിന്നും വിരമിക്കുകയാണ്. സെലക്ഷൻ ഗ്രേഡ് ജില്ലാ ജഡ്ജി ആയിരുന്ന അദ്ദേഹം, അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ആയിരിക്കവെയാണ് 2019 ജൂലൈ 30-ാം തീയതി നിയമസഭാ സെക്രട്ടറിയായി നിയമിക്കപ്പെട്ടത്. ഒൻപത് വർഷം അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്തതിനുശേഷം 1995 ആഗസ്റ്റ് മാസത്തിലാണ് അദ്ദേഹം ജൂഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ചത്. തുടർന്ന് മുൻസിഫ്, മജിസ്ട്രേറ്റ്, സബ് ജഡ്ജി, ജില്ലാ ജഡ്ജി എന്നീ

നിലകളിൽ വിവിധ സ്ഥലങ്ങളിലെ കോടതികളിൽ സേവനം അനുഷ്ഠിച്ചിരുന്നു. മികച്ച പ്രഭാഷകനും വാഗ്മിയും കൂടിയായ അദ്ദേഹം കേരളത്തിലുടനീളം നടക്കുന്ന വിവിധ പഠന ക്ലാസ്സുകളിലേയും സെമിനാറുകളിലേയും ശ്രദ്ധേയ സാന്നിദ്ധ്യമാണ്. നിയമസഭ കടലാസുരഹിതമാക്കുന്നതിനുള്ള ഇ-നിയമസഭാ പദ്ധതി സാക്ഷാത്കരിക്കുന്നതിനും ഇന്ത്യയുടെ നിയമസഭാ ചരിത്രത്തിൽ ആദ്യമായി നിയമസഭയ്ക്ക് മാത്രമായി ടി.വി. ചാനൽ എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനും അതിനെ സഭാ ടി.വി.-യായി പരിവർത്തനപ്പെടുത്തുന്നതിനും അദ്ദേഹത്തിന്റെ നേതൃത്വപരമായിട്ടുള്ള പങ്ക് എടുത്തുപറയേണ്ടതാണ്. നിയമസഭാ പരിസരത്തെ വിവിധ സസ്യലതാദികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി Digital Garden തുടങ്ങുന്നതിനും നിയമസഭയിൽ നക്ഷത്രവനം രൂപപ്പെടുത്തുന്നതിനും നിയമസഭാ വെബ്സൈറ്റ് ഡൈനാമിക്കായി പരിഷ്കരിക്കുന്നതിനും അദ്ദേഹം നടപടി സ്വീകരിച്ചു. കേരള നിയമസഭയുടെ ഗവേഷണ വിഭാഗം ഈ കാലയളവിൽ പത്തോളം പുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അറിവോരം, മൊഴി, സാമാജികൻ, ഫോക്കസ് തുടങ്ങിയ മാസികകളുടെ പ്രസിദ്ധീകരണത്തിലും കേരള നിയമസഭയുടെ ചരിത്രം

ആരംഭിച്ച കാലംമുതലുള്ള പുരാതനവും മൂല്യമേറിയതുമായ രേഖകൾ ഡിജിറ്റലാക്കി മാറ്റുന്നതിലും അദ്ദേഹം വഹിച്ച നേതൃത്വപരമായ പങ്ക് നിസ്തുലമാണ്.

നിയമസഭാ സമുച്ചയത്തിലെ പച്ചക്കറിത്തോട്ടം വിപുലീകരിക്കുന്നതിനും സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷന്റെ സഹകരണത്തോടെ സോളാർ പാനലുകൾ സ്ഥാപിച്ച് നിയമസഭയിലെ വൈദ്യുതി ഉപഭോഗത്തിന്റെ ചെലവ് കുറയ്ക്കുന്നതിനും ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിലും അദ്ദേഹത്തിന്റെ പരിശ്രമം നിമിത്തമായി. നിയമസഭാ പ്രവർത്തനങ്ങളിലും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ സേവനം എടുത്ത് പറയേണ്ടതാണ്. 2020-ൽ നിമയസഭാ സമുച്ചയത്തിൽ വച്ച് നടത്തിയ ലോകകേരള സഭയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു.

നിയമസഭയുടെ സ്പെഷ്യൽ സെക്രട്ടറി ശ്രീ. ആർ. കിഷോർ കുമാർ 2022 ഏപ്രിൽ 30-ന് സർവ്വീസിൽനിന്നും വിരമിക്കുകയാണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റായി 1992 ഫെബ്രുവരിയിൽ നിയമസഭാ സർവ്വീസിൽ പ്രവേശിച്ച ശ്രീ. ആർ. കിഷോർ കുമാർ വിവിധ തസ്തികകളിലായി നീണ്ട 30 വർഷക്കാലത്തെ സമർപ്പിതമായ

സേവനത്തിനുശേഷമാണ് അടുത്ത മാസം സർവ്വീസിൽ നിന്നും വിരമിക്കുന്നത്. കാര്യക്ഷമമായ നിയമസഭാ പ്രവർത്തനങ്ങൾക്കായി രണ്ടുപേരും കാഴ്ചവച്ച സ്തുത്യർഹവും മാതൃകാപരവുമായ സേവനങ്ങളുടെ പേരിൽ സെക്രട്ടറി ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർക്കും സ്പെഷ്യൽ സെക്രട്ടറി ശ്രീ. ആർ. കിഷോർ കുമാറിനും കേരള നിയമസഭയുടെ പേരിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

## III. മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 68/2022 | ജി.ഒ.(പി)നം. 2/2022/ഹോം | 15-01-2022 | അല്ല |
| 2 | 74/2022 | ജി.ഒ.(പി)നം. 3/2022/ഹോം | 19-01-2022 | അല്ല |
| 3 | 150/2022 | ജി.ഒ.(ആർ.ടി.)നം.405/2022/ഹോം | 15-02-2022 | അല്ല |
| 4 | 151/2022 | ജി.ഒ.(ആർ.ടി)നം. 416/2022/ഹോം | 16-02-2022 | അല്ല |
| 5 | 152/2022 | ജി.ഒ.(പി) നം.5/2022/ഹോം | 15-02-2022 | അല്ല |
| 6 | 153/2022 | ഹോം-എസ്.എസ്.എ.5/231/2021-ഹോം | 17-02-2022 | അല്ല |
| 7 | 169/2022 | ജി.ഒ.(ആർ.ടി.)നം.310/2022/ഹോം | 07-02-2022 | അല്ല |
| 8 | 170/2022 | ജി.ഒ.(പി)നം. 6/2022/ഹോം | 23-02-2022 | അല്ല |
| 9 | 176/2022 | ജി.ഒ.(പി) നം. 10/2022/ഹോം | 26-02-2022 | അല്ല |

| | | | | |
|---|---|---|---|---|
| 10 | 217/2022 | ജി.ഒ.(ആർ.ടി)നം. 590/2022/ഹോം | 03-03-2022 | അല്ല |
| 11 | 244/2022 | ജി.ഒ.(എം.എസ്.)നം. 49/2022/ഹോം | 15-03-2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള സംസ്ഥാന വിമുക്തഭട വികസന പുനരിധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) | 2014-15<br>2015-16 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2019-20 | വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | സംസ്ഥാന വിവരാവകാശ കമ്മീഷൻ | 2018-19<br>2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | 2018-19 | വാർഷിക റിപ്പോർട്ടും മെമ്മോറാണ്ടവും | അതെ |

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 114/2022 | ജി.ഒ.(പി) നം. 13/2022/റ്റി.ഡി. | 22-01-2022 | അല്ല |
| 2 | 128/2022 | ജി.ഒ.(പി) നം.9/2022/എൽഎസ്ജിഡി | 02-02-2022 | അല്ല |
| 3 | 133/2022 | ജി.ഒ.(പി) നം.12/2022/എൽഎസ്ജിഡി | 09-02-2022 | അല്ല |
| 4 | 147/2022 | ജി.ഒ.(പി) നം.16/2022/റ്റി.ഡി. | 09-02-2022 | അല്ല |
| 5 | 175/2022 | സ.ഉ. (അച്ചടി)നം.21/2022/തസ്വഭവ | 24-02-2022 | അല്ല |
| 6 | 200/2022 | സ.ഉ.(അച്ചടി)നം.23/2022/ത.സ്വ.ഭ.വ. | 26-02-2022 | അല്ല |

| | | | | |
|---|---|---|---|---|
| 7 | 207/2022 | ജി.ഒ.പി)നം.26/2022/എൽ.എസ്.ജി.ഡി. | 03-03-2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് (ബെവ്കോ) | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 43/2022 | ജി.ഒ.(പി)നം.19/2022/ആർഡി. | 11-01-2022 | അല്ല |
| 2 | 46/2022 | ജി.ഒ.(പി)നം.20/2022/ആർഡി | 12-01-2022 | അല്ല |
| 3 | 63/2022 | ജി.ഒ.(പി) നം.30/2022/ആർഡി | 15-01-2022 | അല്ല |
| 4 | 69/2022 | ജി.ഒ.(പി)നം.32/2022/ആർഡി | 17-01-2022 | അല്ല |
| 5 | 86/2022 | ജി.ഒ.(പി) നം.40/2022/ആർഡി | 22-01-2022 | അല്ല |
| 6 | 102/2022 | ജി.ഒ.(പി)നം.43/2022/ആർഡി | 25-01-2022 | അല്ല |
| 7 | 103/2022 | ജി.ഒ.(പി)നം.42/2022/ആർഡി | 25-01-2022 | അല്ല |
| 8 | 104/2022 | ജി.ഒ.(പി)നം.45/2022/ആർഡി | 25-01-2022 | അല്ല |
| 9 | 179/2022 | ജി.ഒ. (എം.എസ്)നം.4/2022/എച്ച്.എസ്.ജി. | 26-02-2022 | അല്ല |
| 10 | 190/2022 | ജി.ഒ.(പി)നം.1/2022/എച്ച്.എസ്.ജി. | 26-02-2022 | അല്ല |

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | --- | 1234/സിഒഎൻഇ.എൻ. ജി.ജി./ 2021/കെ.എസ്.ഇ.ആർ.സി. | 16-11-2021 | അതെ |
| 2 | -- | 416/ഡി(റ്റി)/2021/കെ.എസ്.ഇ.ആർ.സി. | 27-05-2021 | അതെ |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 115/2022 | ജി.ഒ.(പി)നം.5/2022/എഫ്&ഡബ്ല്യുഎൽഡി | 02-02-2022 | അല്ല |
| 2 | 131/2022 | ജി.ഒ.(പി) നം. 1/2022/എഫ്&ഡബ്ല്യുഎൽഡി | 07-01-2022 | അല്ല |
| 3 | 136/2022 | ജി.ഒ.(പി) നം.6/2022/എഫ്ഡബ്ല്യുഎൽഡി | 07-02-2022 | അല്ല |

| | | | | |
|---|---|---|---|---|
| 4 | 219/2022 | ജി.ഒ.(പി)നം. 7/2022/എഫ്ഡബ്ല്യുഎൽഡി | 07-03-2022 | അല്ല |

VI. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2020-21 | കേരള സർക്കാരിന്റെ ഫിനാൻസ് അക്കൗണ്ട്സും (വാല്യം I&II) അപ്രോപ്രിയേഷൻ അക്കൗണ്ട്സ് | ബാധകമല്ല |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2017-18 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള കാർഷിക സർവ്വകലാശാല | 2016-17<br>2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 44/2022 | ജി.ഒ.(പി)നം.138/2021/കോ-ഓപ്പ് | 21-09-2021 | അല്ല |

| | | | | |
|---|---|---|---|---|
| 2 | 98/2022 | ജി.ഒ.(പി)നം.140/2021/കോ-ഓപ്പ് | 21-09-2021 | അല്ല |
| 3 | 125/2022 | ജി.ഒ.(പി) നം.181/2021/കോ-ഓപ്പ് | 29-11-2021 | അല്ല |
| 4 | 126/2022 | ജി.ഒ.(പി) നം.199/2021/കോ-ഓപ്പ് | 30-12-2021 | അല്ല |
| 5 | 140/2022 | ജി.ഒ.(പി)നം.18/2022/കോ-ഓപ്പ് | 14-02-2022 | അല്ല |
| 6 | 141/2022 | ജി.ഒ.(പി) നം. 14/2022/കോ-ഓപ്പ് | 09-02-2022 | അല്ല |
| 7 | 145/2022 | ജി.ഒ.(പി) നം. 16/2022/കോ-ഓപ്പ് | 11-02-2022 | അല്ല |
| 8 | 154/2022 | ജി.ഒ.(പി) നം.19/2022/കോ-ഓപ്പ് | 15-02-2022 | അല്ല |
| 9 | 155/2022 | ജി.ഒ.(പി) നം.20/2022/കോ-ഓപ്പ് | 15-02-2022 | അല്ല |
| 10 | 159/2022 | ജി.ഒ.(പി) നം.21/2022/കോ-ഓപ്പ് | 19-02-2022 | അല്ല |
| 11 | 164/2022 | ജി.ഒ.(പി)നം. 17/2022/ടാക്സസ് | 22-02-2022 | അല്ല |
| 12 | 165/2022 | ജി.ഒ.(പി) നം.18/2022/ടാക്സസ് | 22-02-2022 | അല്ല |
| 13 | 167/2022 | ജി.ഒ.(പി)നം.22/2022/കോ-ഓപ്പ് | 22-02-2022 | അല്ല |
| 14 | 216/2022 | ജി.ഒ.(പി)നം.25/2022/കോ-ഓപ്പ് | 05-03-2022 | അല്ല |
| 15 | 232/2022 | ജി.ഒ.(പി)നം.26/2022/കോ-ഓപ്പ് | 10-03-2022 | അല്ല |

മൽസ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 447/2020 | സ.ഉ.(പി)നം. 18/2020/മ.ഉ.വ. | 25-06-2020 | അതെ |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2014-15<br>2015-16<br>2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | 2018-19<br>2019-20<br>2020-21 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 41/2022 | സ.ഉ.(അച്ചടി)നം. 1/2022/തൊഴിൽ | 02-01-2021 | അല്ല |
| 2 | 117/2022 | ജി.ഒ.(പി) നം.5/2022/എൽബിആർ | 05-02-2022 | അല്ല |
| 3 | 137/2022 | ജി.ഒ.(പി)നം.6/2022/എൽബിആർ | 10-02-2022 | അല്ല |
| 4 | 163/2022 | സ.ഉ.(അച്ചടി)നം.8/2022/തൊഴിൽ | 21-02-2022 | അല്ല |
| 5 | 168/2022 | ജി.ഒ.(പി)നം.10/2022/എൽ.ബി.ആർ | 22-02-2022 | അല്ല |
| 6 | 180/2022 | സ.ഉ.(അച്ചടി)നം.12/2022/തൊഴിൽ | 24-02-2022 | അല്ല |
| 7 | 191/2022 | ജി.ഒ.(പി)നം.13/2022/എൽ.ബി.ആർ | 24-02-2022 | അല്ല |
| 8 | 196/2022 | സ.ഉ.(അച്ചടി) നമ്പർ 14/2022/തൊഴിൽ | 24-02-2022 | അല്ല |
| 9 | 211/2022 | ജി.ഒ.(എം.എസ്)നം. 7/2022/എൽ.ബി.ആർ | 02-03-2022 | അല്ല |
| 10 | 213/2022 | സ.ഉ.(അച്ചടി)നം.18/2022/തൊഴിൽ | 02-03-2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-20 | ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-21 | ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) | 2018-19 | ആഡിറ്റ് റിപ്പോർട്ട് | അതെ |

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 138/2022 | ജി.ഒ.(പി) നം.4/2022/ഡിഡി | 11-02-2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 87/2022 | ജി.ഒ(പി) നം.1/2022/ട്രാൻസ്. | 22-01-2022 | അല്ല |
| 2 | 132/2022 | ജി.ഒ.(പി)നം.2/2022/ട്രാൻസ്. | 07-02-2022 | അല്ല |
| 3 | 144/2022 | ജി.ഒ.(പി) നം.3/2022/ട്രാൻസ് | 15-02-2022 | അല്ല |
| 4 | 166/2022 | ജി.ഒ.(പി) നം.5/2022/ട്രാൻസ് | 22-02-2022 | അല്ല |
| 5 | 171/2022 | ജി.ഒ.(പി)നം.7/2022/ട്രാൻസ് | 24-02-2022 | അല്ല |

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 6/2022 | ജി.ഒ.(പി) നം.1/2022/ എച്ച്&എഫ്ഡബ്ല്യുഡി | 01-01-2022 | അല്ല |
| 2 | 26/2022 | ജി.ഒ. (പി)നം.58/2021/എച്ച്&എഫ്ഡബ്ല്യുഡി | 23-12-2021 | അല്ല |
| 3 | 27/2022 | ജി.ഒ.(പി) നം.3/2022/ എച്ച്&എഫ്ഡബ്ല്യുഡി | 04-01-2022 | അല്ല |

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1009/2021 | ജി.ഒ.(പി)നം.21/21/എഫ്&സിഎസ്ഡി | 30-12-2021 | അല്ല |

കായികം, വഖഫ്-ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വാഭാവം | |
| 1 | കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ആക്ടിന്റെ പേര് |
|---|---|
| 1 | 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റിന്മേലുള്ള തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 755/2021 |

ലിസ്റ്റ് 2 പ്രകാരം (ചട്ടം 47(2) അനുസരിച്ചുള്ളത്)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ

ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3696 പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3714 ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 1968 പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 67 രണ്ടാം സമ്മേളനത്തിലെ 1459 മൂന്നാം സമ്മേളനത്തിലെ 2, 5348 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 849-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 4144 പതിനാലാം സമ്മേളനത്തിലെ 441, 2290 പതിനഞ്ചാം സമ്മേളനത്തിലെ 5300

പതിനാറാം സമ്മേളനത്തിലെ 2348, 4072, 5785, 5788 പത്തൊമ്പതാം സമ്മേളനത്തിലെ 2051, 2059 ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 466, 2331 പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 323 രണ്ടാം സമ്മേളനത്തിലെ 12, 15, 113, 1810, 5186 മൂന്നാം സമ്മേളനത്തിലെ 396, 434, 436, 466, 2307, 2309, 2311, 2321, 2349, 2356, 2385, 2395, 2433, 5667, 5670, 5671, 5674, 5680, 5717, 5731 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 210-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 343-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

കായികം, വഖഫ്, ഹജ്ജ്, തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 5313-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## IV. റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടേയും കുട്ടികളുടേയും ഭിന്നശേഷിക്കാരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീമതി യു. പ്രതിഭ: സർ, സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ

ശ്രീ. ഇ. കെ. വിജയൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## V. ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "ഈ

ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ക്രമ നമ്പർ | ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | | |
|---|---|---|---|---|---|
| | | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | | റവന്യൂ ₹ | മൂലധനം ₹ | ആകെ ₹ |
| (1) | (2) | (3) | (4) | | |
| 1 | I | സംസ്ഥാന നിയമസഭ | 43,31,75,000 | ... | 43,31,75,000 |
| 2 | II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 228,72,63,000 | ... | 228,72,63,000 |
| 3 | III | നീതിന്യായ നിർവ്വഹണം | 337,02,33,000 | ... | 337,02,33,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | 11,20,64,000 | ... | 11,20,64,000 |
| 5 | V | ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 136,75,37,000 | ... | 136,75,37,000 |
| 6 | VI | ഭൂ നികുതി | 271,39,25,000 | ... | 271,39,25,000 |
| 7 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 94,76,21,000 | ... | 94,76,21,000 |
| 8 | VIII | എക്സൈസ് | 125,05,07,000 | ... | 125,05,07,000 |
| 9 | IX | വാഹന നികുതികൾ | 72,57,81,000 | ... | 72,57,81,000 |
| 10 | X | ട്രഷറികളും | 126,94,76,000 | ... | 126,94,76,000 |

| | | | | | |
|---|---|---|---|---|---|
| | | അക്കൗണ്ടുകളും | | | |
| 11 | XI | ജില്ലാ ഭരണവും പലവകയും | 285,20,70,000 | ... | 285,20,70,000 |
| 12 | XII | പോലീസ് | 1545,27,01,000 | 18,08,36,000 | 1563,35,37,000 |
| 13 | XIII | ജയിലുകൾ | 61,40,52,000 | ... | 61,40,52,000 |
| 14 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 215,01,58,000 | 3,08,67,000 | 218,10,25,000 |
| 15 | XV | പൊതുമരാമത്ത് | 1257,43,94,000 | 831,30,39,000 | 2088,74,33,000 |
| 16 | XVI | പെൻഷനും പലവകയും | 11802,78,69,000 | ... | 11802,78,69,000 |
| 17 | XVII | വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്കാരം | 8406,76,12,000 | 145,23,02,000 | 8551,99,14,000 |
| 18 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 3054,19,13,000 | 87,53,62,000 | 3141,72,75,000 |
| 19 | XIX | കുടുംബക്ഷേമം | 183,86,50,000 | ... | 183,86,50,000 |
| 20 | XX | ശുദ്ധജല വിതരണവും ശുചീകരണവും | 146,69,62,000 | 621,02,00,000 | 767,71,62,000 |
| 21 | XXI | ഭവന നിർമ്മാണം | 29,94,73,000 | 17,71,00,000 | 47,65,73,000 |
| 22 | XXII | നഗരവികസനം | 568,92,50,000 | 66,00,00,000 | 634,92,50,000 |
| 23 | XXIII | വാർത്താ വിതരണവും പ്രചരണവും | 35,11,63,000 | 1,08,33,000 | 36,19,96,000 |
| 24 | XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 411,28,23,000 | 62,66,67,000 | 473,94,90,000 |
| 25 | XXV | പട്ടികജാതി /പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 1023,98,48,000 | 87,19,14,000 | 1111,17,62,000 |
| 26 | XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 423,34,75,000 | ... | 423,34,75,000 |
| 27 | XXVII | സഹകരണം | 149,43,74,000 | 34,69,30,000 | 184,13,04,000 |
| 28 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 85,64,16,000 | 1507,00,19,000 | 1592,64,35,000 |

| | | | | | |
|---|---|---|---|---|---|
| 29 | XXIX | കൃഷി | 1069,02,08,000 | 97,44,90,000 | 1166,46,98,000 |
| 30 | XXX | ഭക്ഷ്യം | 643,40,34,000 | 44,47,56,000 | 687,87,90,000 |
| 31 | XXXI | മൃഗസംരക്ഷണം | 278,90,55,000 | 15,84,34,000 | 294,74,89,000 |
| 32 | XXXII | ക്ഷീരവികസനം | 54,55,55,000 | 17,63,35,000 | 72,18,90,000 |
| 33 | XXXIII | മത്സ്യബന്ധനം | 139,14,81,000 | 69,49,00,000 | 208,63,81,000 |
| 34 | XXXIV | വനം | 242,85,20,000 | 29,33,34,000 | 272,18,54,000 |
| 35 | XXXV | പഞ്ചായത്ത് | 305,15,99,000 | 106,66,67,000 | 411,82,66,000 |
| 36 | XXXVI | ഗ്രാമവികസനം | 1442,00,45,000 | 480,80,00,000 | 1922,80,45,000 |
| 37 | XXXVII | വ്യവസായങ്ങൾ | 220,47,11,000 | 417,24,01,000 | 637,71,12,000 |
| 38 | XXXVIII | ജലസേചനം | 145,21,89,000 | 127,33,34,000 | 272,55,23,000 |
| 39 | XXXIX | വൈദ്യുത പദ്ധതികൾ | 142,61,82,000 | 7,48,33,000 | 150,10,15,000 |
| 40 | XL | തുറമുഖങ്ങൾ | 20,49,84,000 | 23,07,66,000 | 43,57,50,000 |
| 41 | XLI | ഗതാഗതം | 28,89,46,000 | 494,94,98,000 | 523,84,44,000 |
| 42 | XLII | വിനോദസഞ്ചാരം | 81,05,26,000 | 61,89,33,000 | 142,94,59,000 |
| 43 | XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 3684,55,43,000 | ... | 3684,55,43,000 |
| 44 | XLV | പലവക വായ്പകളും മുൻകൂറുകളും | 5,48,16,000 | ... | 5,48,16,000 |
| 45 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 4384,82,12,000 | 21,21,50,000 | 4406,03,62,000 |
| | | ആകെ | 44022,73,91,000 | 5497,49,00,000 | 49520,22,91,000 |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സഭയിൽ ഇല്ലാത്തതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനുള്ള ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം പാസ്സായിരിക്കുന്നു, വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

## VI. നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനകാര്യ ബില്ലും 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

(2) 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഡ്ജറ്റിനെ സംബന്ധിച്ച ചർച്ചകൾ കഴിഞ്ഞതാണ്. അടുത്ത സമ്മേളനത്തിലാണ് ഇത് വിശദമായി ചർച്ച ചെയ്ത് പാസ്സാക്കുന്നത്. അടുത്ത നാല് മാസക്കാലത്തേയ്ക്കുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ തുക സഭ വോട്ട് ചെയ്ത് അംഗീകരിക്കണമെന്നതാണ് ഈ പ്രമേയവും ബില്ലും.

മി.സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

<u>രണ്ടും മൂന്നും വകുപ്പുകൾ</u>

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## VII. അവകാശ ലംഘന പ്രശ്നങ്ങളും പെരുമാറ്റച്ചട്ട ലംഘന പ്രശ്നങ്ങളും

### I. ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശ ലംഘന പ്രശ്നങ്ങൾ

1. 26-12-2021-ന് റിപ്പോർട്ടർ ചാനൽ നടത്തിയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കിറ്റെക്സ് കമ്പനി ചെയർമാൻ ശ്രീ. സാബു എം. ജേക്കബ് സ്ഥലം എം.എൽ.എ. ആയ തനിക്കെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്നും ആയത് ഒരു നിയമസഭാംഗമെന്ന നിലയിലുള്ള തന്റെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും കാണിച്ചുകൊണ്ട് ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ്.

2. കേരള നിയമസഭ പാസ്സാക്കിയ ലോകായുക്ത നിയമം ഭരണഘടനാ വിരുദ്ധമാണെന്ന രീതിയിൽ ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി മാധ്യമങ്ങളോട് പൊതുപ്രസ്താവന നടത്തിയതും സമാന വാദഗതി ഉന്നയിച്ചുകൊണ്ട് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ദേശാഭിമാനി ദിനപത്രത്തിൽ ലേഖനം എഴുതിയതും നിയമസഭയോടുള്ള കടുത്ത അവഹേളനമാകയാൽ പ്രസ്തുത വ്യക്തികൾക്കെതിരെ അവകാശലംഘനത്തിനുള്ള നടപടി

സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ്.

## II. അനുമതി നിഷേധിച്ച അവകാശലംഘന പ്രശ്നം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 07-10-2021-ലെ ചോദ്യോത്തരവേളയിൽ ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ. ഉന്നയിച്ച ഉപചോദ്യത്തിന് മറുപടി പറയവേ ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടി നിയമസഭാ സാമാജികരെ അവഹേളിക്കുന്നതാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ പ്രതികരണം ആരായുകയുണ്ടായി. നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും ചെയർ പരിശോധിച്ചു. തെറ്റായ പ്രവണതകൾക്കെതിരെ പൊതുവേ ഉണ്ടാകേണ്ട ജാഗ്രതയാണ് ബഹുമാനപ്പെട്ട മന്ത്രി പ്രസംഗത്തിലൂടെ നടത്തിയതെന്നും അംഗത്തിന്റെ

അവകാശങ്ങളൊന്നും ലംഘിക്കപ്പെട്ടിട്ടില്ലെന്നും മറുപടിയിൽനിന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

III. അനുമതി നിഷേധിച്ച പെരുമാറ്റ ചട്ടലംഘന പ്രശ്നം

എറണാകുളം ജില്ലയിലെ പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ 473 ക്രൈം നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പോക്സോ കേസിലെ രണ്ടാം പ്രതിയെ സംരക്ഷിക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിച്ച ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ പൊതുവായ സദാചാരതത്വങ്ങൾ ലംഘിച്ചിരിക്കുകയാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട അംഗത്തിനെതിരെ പെരുമാറ്റചട്ട ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. വിജിൻ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രതികരണം തേടുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും ബഹുമാനപ്പെട്ട അംഗത്തിന്റെ ഇതുസംബന്ധിച്ച മറുപടിയും ചെയർ പരിശോധിച്ചു. നോട്ടീസിൽ പരാമർശിച്ച കേസുമായി ബന്ധപ്പെട്ട് നിയമവിധേയമല്ലാത്ത യാതൊരു നടപടിയും ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന്

മറുപടിയിൽനിന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പെരുമാറ്റ ചട്ടലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

## VIII. പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് ' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## IX. അവലോകനം

മി. സ്പീക്കർ: 2022 ഫെബ്രുവരി 18-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ആരംഭിച്ച നാലാം സമ്മേളനം ആകെ 11 ദിവസം സമ്മേളിച്ച് നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്. ഇതിനിടയിൽ ഫെബ്രുവരി 25 മുതൽ മാർച്ച് 10 വരെ സഭ സമ്മേളിച്ചിരുന്നില്ല. 15-ാം കേരള നിയമസഭാംഗമായിരുന്ന

പി. ടി. തോമസിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ് ഫെബ്രുവരി 21-ാം തീയതിയും ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച ഫെബ്രുവരി 22, 23, 24 എന്നീ തീയതികളിലും നടന്നു. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് മാർച്ച് 11-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിക്കുകയും മാർച്ച് 14, 15, 16 എന്നീ തീയതികളിലായി ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച പൂർത്തീകരിക്കുകയും ചെയ്തു. 2021-22 വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധാനാഭ്യർത്ഥനകളേയും മുൻവർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും മാർച്ച് 17-ാം തീയതിയും വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും മാർച്ച് 18-ാം തീയതിയും പൂർത്തീകരിച്ചു. അതുമായി ബന്ധപ്പെട്ട ആറ് ധനവിനിയോഗ ബില്ലുകളും ഇന്ന് സഭ പാസ്സാക്കുകയുണ്ടായി. ഈ സമ്മേളനകാലത്ത് ചട്ടം 50 പ്രകാരമുള്ള 5 നോട്ടീസുകളാണ് സഭ മുമ്പാകെ വന്നത്. അതിൽ മാർച്ച് 14-ാം തീയതി സഭ മുമ്പാകെ വന്ന സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട നോട്ടീസ് സഭ പരിഗണിക്കുകയും അതിന്മേൽ 2 മണിക്കൂർ ചർച്ച നടത്തുകയും ചെയ്തു. വിവിധ ജനകീയ പ്രശ്നങ്ങളിന്മേലുള്ള 13 ശ്രദ്ധക്ഷണിക്കലുകളും 66

സബ്മിഷനുകളും ഈ സമ്മേളനകാലത്ത് സഭാനടപടികളെ സജീവമാക്കി.

നാലാം സമ്മേളനത്തിൽ 2022 ഫെബ്രുവരി 22 മുതൽ മാർച്ച് 18 വരെയുള്ള കാലത്ത് 8 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 3416 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 34 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 24 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 240 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 3118 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 3358 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 240 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2804 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. ചോദ്യോത്തരവേളകളിൽ 23 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 180 അവസരങ്ങളിലായി 202 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു.

പതിമൂന്നാം കേരള നിയമസഭയുടെയും പതിനാലാം കേരള നിയമസഭയുടെയും വിവിധ സമ്മേളനങ്ങളിലേയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന് മുതൽ മൂന്ന് വരെയുള്ള സമ്മേളനങ്ങളിലെയും

മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാത്ത ചോദ്യങ്ങളിൽ 210 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളനകാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി. വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 4 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവനകൾ ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിലെ ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. എന്നിരുന്നാലും ഇനിയും ഏതാനും മറുപടികൾ കൂടി ലഭ്യമാക്കാനുണ്ടെന്നാണ് കാണുന്നത്. മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടികൂടി ചട്ടം അനുശാസിക്കുന്നവിധം യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു.

നാലാം സമ്മേളനകാലത്ത് 894 രേഖകളും വിവിധ നിയമസഭാ സമിതികളുടെ 44 റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്തുവച്ചു. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഓഹരികൾ വിറ്റഴിക്കുന്നതിൽനിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നാവശ്യപ്പെടുന്ന ഗവണ്മെന്റ് പ്രമേയം ചട്ടം 118 പ്രകാരം മാർച്ച് 16-ാം തീയതി ബഹുമാനപ്പെട്ട

മുഖ്യമന്ത്രി സഭയിൽ അവതരിപ്പിക്കുകയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നീക്കിവച്ചിട്ടുള്ള വെള്ളിയാഴ്ചകൾ ഫലപ്രദമായി ഉപയോഗിക്കുന്ന കാര്യത്തിൽ ഈ സമ്മേളനകാലത്തും വേണ്ടത്ര മുന്നേറാൻ കഴിഞ്ഞില്ലെന്നത് ഒരു പോരായ്മയായി കാണുകയാണ്. സഭയുടെ ഇനിവരുന്ന സമ്മേളന കാലത്തെങ്കിലും അക്കാര്യത്തിൽ ഗുണപരമായ മാറ്റം അനിവാര്യമാണെന്നാണ് കാണുന്നത്.

കേരള നിയമസഭാ ലൈബ്രറിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെയും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള 'ആസാദി കാ അമൃത് മഹോത്സവ'-ത്തിന്റെയും ഭാഗമായി നിയമസഭാ മന്ദിര പരിസരത്ത് ഈ വർഷം ഒരു അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ വിവിധ ജില്ലാ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യ സമരാനുഭവങ്ങളുടെ ഭാഗമായിട്ടുള്ള ഓഡിയോ-വീഡിയോ പ്രദർശനവും സെമിനാറുകളും സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യാ രാജ്യം ഒരു സ്വതന്ത്ര

റിപ്പബ്ലിക്കായിട്ട് 2025 ജനുവരിയിൽ 75 വർഷം പൂർത്തിയാവുകയാണ്. അതിന്റെ ഭാഗമായി ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണസഭയുടെ ഡിബേറ്റുകൾ (Constituent Assembly Debates) പൂർണ്ണമായും മലയാളത്തിൽ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിയമ വകുപ്പിന്റെ സഹകരണത്തോടെയാണ് പ്രസ്തുത യജ്ഞം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

നിയമസഭാംഗങ്ങൾക്ക് സൗകര്യപ്രദമായ താമസസൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിയമസഭാ ഹോസ്റ്റലിൽ നിലവിലുള്ള പമ്പാ ബ്ലോക്ക് പൊളിച്ചുമാറ്റി ഒരു പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. വിവിധ നിയമസഭാ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സമിതി അദ്ധ്യക്ഷന്മാരുടെ യോഗം ഉടൻതന്നെ ചേരാൻ ഉദ്ദേശിക്കുകയാണ്.

സഭയുടെ നാലാം സമ്മേളന പരിപാടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ മറ്റ് സഭാംഗങ്ങൾ എന്നിവരുടെ സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു; അതിന്റെ പേരിൽ

എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാൻ ആവശ്യമായ സഹായ സഹകരണം നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലേയും ഉദ്യോഗസ്ഥർ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു. എല്ലാപേർക്കും സന്തോഷകരമായ ഈസ്റ്റർ, വിഷു, റമദാൻ ആശംസകൾ നേരുന്നു.

ഓർഡർ.....ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ രാവിലെ 10.23-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

**********

# SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

No.2462/Table-1/2022/Leg. Thiruvananthapuram, 18th March,2022.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fourth Session of the Fifteenth Kerala Legislative Assembly with effect from March 18, 2022 at the conclusion of its sitting

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനം 2022 മാർച്ച് 18-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു.

By Order of the Governor,

S.V. UNNIKRISHNAN NAIR,
Secretary, Legislative Assembly.